
കേരള നിയമസഭ



കേരള നിയമസഭാ
സെക്രട്ടേറിയറ്റ്


# കെ.എം.മാണി
# ധന്യസ്മൃതി





# കെ.എം.മാണി

# ധന്യസ്മൃതി



കേരള നിയമസഭ

# കെ.എം.മാണി ധന്യസ്മൃതി

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
ലൈബ്രറി വിഭാഗം
2021

പ്രസാധകൻ:
സെക്രട്ടറി,
കേരള നിയമസഭ,
തിരുവനന്തപുരം - 33,
കേരളം

വെബ്സൈറ്റ് : www.niyamasabha.org
ഇ-മെയിൽ : library@niyamasabha.nic.in
ഒന്നാം പതിപ്പ് : മാർച്ച് 2021

©കേരള നിയമസഭാ സെക്രട്ടേറിയറ്റ്
ISBN : 978-81-953822-1-7
വില : ₹ 550/-
പേജ് രൂപകൽപ്പന: അനിൽരാജ്

അച്ചടി: സെന്റ് ജോസഫ്സ് പ്രസ്
തിരുവനന്തപുരം.




എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
സ്പീക്കർ, കേരള നിയമസഭ

എക്സിക്യൂട്ടീവ് എഡിറ്റർ
ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ
സെക്രട്ടറി, കേരള നിയമസഭ

അംഗങ്ങൾ
ശ്രീ. ആർ. കിഷോർ കുമാർ
സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി ജി. മേരിലീല
ചീഫ് ലൈബ്രേറിയൻ

ശ്രീമതി വി. ലേഖ
ലൈബ്രേറിയൻ

ശ്രീ. ജി. ഹരിലാൽ
ലൈബ്രേറിയൻ

ശ്രീ. ബി.കെ. പത്മകുമാർ
ലൈബ്രേറിയൻ

ശ്രീമതി എസ്.എൽ. ലാലി
ഡെപ്യൂട്ടി ലൈബ്രേറിയൻ

ശ്രീ. ജി. ഓമനശീലൻ
ഡെപ്യൂട്ടി ലൈബ്രേറിയൻ

ശ്രീ. എസ്. ഷൈനുറേ
ഡെപ്യൂട്ടി ലൈബ്രേറിയൻ

സമാഹരണം

ശ്രീ. ഇ. മേരി ജോസഫ്
ഡെപ്യൂട്ടി ലൈബ്രേറിയൻ

ശ്രീ. ആർ. സന്തോഷ് കുമാർ
അസിസ്റ്റന്റ് ലൈബ്രേറിയൻ

ശ്രീമതി പ്രശാന്തി പി എൻ
അസിസ്റ്റന്റ് ലൈബ്രേറിയൻ

ഡോ. സൗമ്യാറാണി ജി.എൽ.
അസിസ്റ്റന്റ് ലൈബ്രേറിയൻ

ശ്രീമതി ഷെമീന എസ്
അസിസ്റ്റന്റ് ലൈബ്രേറിയൻ

ശ്രീമതി സൗമ്യ ചന്ദ്രൻ
കാറ്റലോഗ് അസിസ്റ്റന്റ്

ശ്രീമതി അംബിക കെ
കാറ്റലോഗ് അസിസ്റ്റന്റ്

ശ്രീമതി സുരിത എസ്.എ.നായർ
സീനിയർ ഗ്രേഡ് അസിസ്റ്റന്റ്

ശ്രീ. പത്മലാൽ ആർ
കമ്പ്യൂട്ടർ അസിസ്റ്റന്റ്

ശ്രീമതി സിന്ധു ബി
കമ്പ്യൂട്ടർ അസിസ്റ്റന്റ്

ശ്രീമതി സുനിത എസ്.എസ്
കമ്പ്യൂട്ടർ അസിസ്റ്റന്റ്



കേരള നിയമസഭ
കെ.എം.മാണി ധന്യസ്മൃതി





# ആമുഖം

നിയമസഭയിൽ അമ്പതു വർഷം പൂർത്തിയാക്കിയിരുന്ന കെ.എം. മാണിയുടെ അനുസ്മരണാർത്ഥം അദ്ദേഹത്തിന്റെ നിയമസഭാ പ്രവർത്തനങ്ങളും രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ ഇടപെടലുകളും അപഗ്രഥിക്കുന്നതാണ് ഈ ഗ്രന്ഥം. കെ.എം. മാണിയുടെ നിയമസഭാപ്രവർത്തനങ്ങളെ ആഴത്തിൽ സംഗ്രഹിച്ച് അപഗ്രഥിക്കുന്ന ഈ ഗ്രന്ഥം കേരള നിയമസഭയുടെ ഒരു വഴിയടയാളമെന്ന നിലയ്ക്ക് കൂടി പ്രസക്തമാണ്. കെ.എം. മാണിയേയും അദ്ദേഹത്തിന്റെ സഭാ പ്രവർത്തനങ്ങളേയും മനസ്സിലാക്കാനും പഠിക്കാനും ആഗ്രഹിക്കുന്ന ഗവേഷകർക്ക് ഈ ഗ്രന്ഥം നല്ലൊരു സ്രോതസ്സായിരിക്കും. സഭാംഗങ്ങളായി എത്തുന്ന പുതു തലമുറയ്ക്ക് ഇതൊരു നല്ല ഉപാദാനമാണെന്നതിലും സംശയമില്ല. ഈ ഗ്രന്ഥത്തിൽ കഴിയുന്നത്ര ചിത്രങ്ങളും വിവരങ്ങളും ഉൾപ്പെടുത്താൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്.

ഈ ഗ്രന്ഥം തയ്യാറാക്കുന്നതിന് മുൻകൈ എടുത്ത കേരള നിയമസഭാ സെക്രട്ടേറിയറ്റ്, ലൈബ്രറി വിഭാഗത്തിന് അഭിനന്ദനങ്ങൾ. ഇതിനു വേണ്ടി യത്നിക്കുകയും ലേഖനങ്ങളും ചിത്രങ്ങളും മറ്റും നല്കി ഈ ഗ്രന്ഥം സാക്ഷാത്കരിക്കുകയും ചെയ്ത എല്ലാവർക്കും ആശംസകൾ.

**പി. ശ്രീരാമകൃഷ്ണൻ**
സ്പീക്കർ, കേരള നിയമസഭ





## പ്രസാധക കുറിപ്പ്

ലോക ജനാധിപത്യ ചരിത്രത്തിൽ തന്നെ സവിശേഷമായ നേട്ടമാണ് ശ്രീ. കെ.എം. മാണിയുടേത്. ഒരേ മണ്ഡലത്തിൽ നിന്നും അമ്പതുവർഷത്തിലേറെ തുടർച്ചയായി കേരള നിയമസഭയിൽ അംഗമായിരുന്നു. അതിൽ 24 വർഷത്തിലേറെ കാലം മന്ത്രിയായി വിവിധ വകുപ്പുകളുടെ ചുമതല വഹിച്ചു. ആ വകുപ്പുകളിലെല്ലാം തന്റേതായ വ്യക്തി മുദ്ര പതിപ്പിക്കുകയും ചെയ്തു. ധനമന്ത്രി എന്ന നിലയിൽ 13 ബജറ്റുകളിലൂടെ ഒട്ടേറെ ജനക്ഷേമ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. നിയമസഭാംഗമെന്ന നിലയിൽ വിഷയങ്ങൾ പഠിച്ച് സഭയിൽ അവതരിപ്പിക്കുന്നതിന് എപ്പോഴും ശ്രദ്ധാലുവായിരുന്നു അദ്ദേഹം. നിയമനിർമ്മാണ പ്രക്രിയയിലെ സജീവ പങ്കാളിത്തം കൊണ്ടും, സഭാനടപടികളിലെ ക്രിയാത്മകമായ ഇടപെടലുകളിലൂടെയും മികച്ച പാർലമെന്ററി പ്രവർത്തനമാണ് അദ്ദേഹം നിർവ്വഹിച്ചത്.

ആ സവിശേഷ വ്യക്തിത്വത്തിന്റെ ഉടമയായി നിയമസഭാ സാമാജികത്വത്തിന്റെ 52 വർഷം പൂർത്തീകരിച്ച മുൻമന്ത്രി പരേതനായ ശ്രീ.കെ.എം. മാണിയുടെ നിയമസഭാ പ്രവർത്തനങ്ങളും, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക രംഗത്തെ സംഭാവനകളും പ്രതിപാദിക്കുന്ന **"കെ.എം.മാണി ധന്യസ്മൃതി"** എന്ന സമഗ്ര സചിത്ര ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നതിൽ നിയമസഭാ സെക്രട്ടേറിയറ്റിന് അതിയായ ചാരിതാർത്ഥ്യമുണ്ട്.

ഈ ഗ്രന്ഥത്തിൽ അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് ചരിത്രം, അവതരിപ്പിച്ച നിയമങ്ങൾ എഴുതിയ ലേഖനങ്ങൾ, നിയമസഭാ പ്രസംഗങ്ങൾ, അദ്ദേഹത്തിന്റെ സംഭാവനകൾ വിലയിരുത്തി, പ്രമുഖ രാഷ്ട്രീയ നേതാക്കളും മാധ്യമ പ്രവർത്തകരും കുടുംബാംഗങ്ങളും എഴുതിയ ലേഖനങ്ങൾ എന്നിവയും അദ്ദേഹത്തിന്റെ ജീവിതത്തിലെ സവിശേഷ മുഹൂർത്തങ്ങളുടെ ഫോട്ടോകളും ഉൾക്കൊള്ളിച്ചിരിക്കുന്നു. ഈ ഗ്രന്ഥം വിദ്യാർത്ഥികൾക്കും ഗവേഷകർക്കും, ഭാവി തലമുറയ്ക്കും ശ്രീ. കെ.എം. മാണിയെ അടുത്തറിയാൻ സഹായകരമാകും എന്നതിൽ തർക്കമില്ല.

ഈ ഗ്രന്ഥം തയ്യാറാക്കുവാൻ ലേഖനങ്ങളും ഫോട്ടോകളും നൽകി സഹായിച്ച പ്രമുഖ രാഷ്ട്രീയ നേതാക്കൾക്കും, മാധ്യമ പ്രവർത്തകർക്കും ശ്രീ.കെ.എം.മാണിയുടെ കുടുംബാംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. ഈ ഗ്രന്ഥം പൂർത്തീകരിക്കുന്നതിന് നേതൃത്വം വഹിച്ച ബഹു. സ്പീക്കർക്കും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹായിച്ച നിയമസഭാ സെക്രട്ടേറിയറ്റ് ജീവനക്കാർക്കും നന്ദി അറിയിക്കുന്നു. ഈ ഗ്രന്ഥം ജനസമക്ഷം സമർപ്പിക്കുന്നു.

**എസ്. വി. ഉണ്ണികൃഷ്ണൻ നായർ**
സെക്രട്ടറി, കേരള നിയമസഭ



# അകത്താളുകളിൽ...

കെ.എം.മാണി - വ്യക്തിചിത്രം 20
കെ.എം.മാണി: തെരഞ്ഞെടുപ്പ് ചരിത്രം 24
മന്ത്രിസഭകളിലെ കെ.എം.മാണി 26
അവതരിപ്പിച്ച പ്രധാന നിയമങ്ങൾ 28

**കെ.എം.മാണി എഴുതിയ ലേഖനങ്ങൾ**

- നിയമസഭ: രാഷ്ട്രീയ ജീവിതത്തിലെ പാഠശാല 32
- നിയമസഭയിലെ അൻപത് വർഷങ്ങൾ 40
- കേരളത്തിനൊരു മിച്ച ബജറ്റോ? 44
- സംതൃപ്തമായ കേന്ദ്രവും അസംതൃപ്തമായ സംസ്ഥാനങ്ങളും 48

**കെ.എം. മാണിയെക്കുറിച്ചുള്ള ലേഖനങ്ങൾ**

കെ.എം. മാണി എന്ന ജനകീയ നേതാവ് — പി. ശ്രീരാമകൃഷ്ണൻ 52
കെ.എം. മാണി — പിണറായി വിജയൻ 54
മാണി സാർ അപൂർവ്വ പ്രതിഭാസം — രമേശ് ചെന്നിത്തല 58
അമ്പതാണ്ടിന്റെ സൗഹൃദം — ഉമ്മൻ ചാണ്ടി 62
കെ.എം. മാണി: രാഷ്ട്രീയ ഭൂമിക സ്വയം കണ്ടെത്തിയ നേതാവ് — ഇ. ചന്ദ്രശേഖരൻ 66
പാലായുടെ മാണിക്യം — രാമചന്ദ്രൻ കടന്നപ്പള്ളി 68
മാണിസാറിന്റെ ജീവിതം: വായിക്കുന്തോറും വലിപ്പം കൂട്ടുന്ന പാഠപുസ്തകം — ഡോ. തോമസ് ഐസക് 70
കെ.എം. മാണി ഒരപരിചിതന്റെ ചില പരാമർശങ്ങൾ — ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ 74
എല്ലാവരുടെയും മാണിസാർ — പി.ജെ. ജോസഫ് 80
മാണിസാർ: റെക്കാർഡുകളുടെ രാജകുമാരൻ — ഡോ. എം.കെ. മുനീർ 86
രാഷ്ട്രീയ അയിത്താചാരണം അവസാനിപ്പിക്കാൻ മുൻകൈ എടുത്ത നേതാവ് — ഒ. രാജഗോപാൽ, 90
മാണിസാർ, ഓർമ്മകളുടെ പൂമരം — ഡോ.എൻ.ജയരാജ് 94
കെ.എം. മാണി എന്ന രാഷ്ട്രീയ ദാർശനികൻ — അനൂപ് ജേക്കബ് 98
പൊതുധനകാര്യ രംഗത്തെ മഹദ്വ്യക്തിത്വം — ഡോ. വി.പി. ജോയ് ഐ.എ.എസ്. 100
വെളിച്ചം കണ്ടെത്തിയ വിളക്ക് — ഡോ. ഡി. ബാബുപോൾ 102
അധികാരത്തിന്റെ മാണി ഭാവങ്ങൾ — കെ. ഗോവിന്ദൻകുട്ടി 108
ഭാവന - കെ.എം.മാണിയുടെ അധിക ധനം — ജോണി ലൂക്കോസ് 116
ഒരു ജനതയുടെ ഹൃദയത്തുടിപ്പായ നേതാവ് — ടി. ദേവപ്രസാദ് 122
Mani: Mass Leader and Visionary — Girish Menon 132
ഹൃദയത്തിലിടം നേടിയ ഇതിഹാസം — പി.എം. ബിനുകുമാർ 136
പ്രിയങ്കരം ആ വഴികൾ — ജോസ് കെ. മാണി 142
Achachen — Nisha Jose K Mani 150

**കവിത**

ക്ഷീരപുരിക്ക് നാകസുകൃതം — മഹാകവി പാലാ നാരായണൻ നായർ 158

**ബജറ്റ് അവലോകനം**

ജി.ഓമനശീലൻ 160

**നിയമസഭാ പ്രസംഗങ്ങൾ (തെരഞ്ഞെടുത്തവ)**

- സുപ്രീം കോടതി വിധിയും പാർലമെന്റിന്റെ പരമാധികാരവും 171
- കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ 175
- കേരള താൽക്കാലിക നികുതി പിരിക്കൽ ബിൽ (ഫിനാൻസ് ബിൽ 1983) 178
- ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ നാൽപതാം വാർഷികം 180
- ഒന്നാം കേരള നിയമസഭയുടെ ആദ്യസമ്മേളനത്തിന്റെ അറുപതാം വാർഷികം 186
- വെളിച്ചെണ്ണ ഇറക്കുമതി സംബന്ധിച്ച അടിയന്തര പ്രമേയം 188

**നിയമസഭയിലെ അനുശോചന പ്രസംഗങ്ങൾ**

- സി.എച്ച് മുഹമ്മദ് കോയ (25.11.1983) 192
- സി. അച്യുതമേനോൻ (28.8.1991) 193
- ഇ.കെ. നായനാർ (25.6.2004) 194
- കെ.ആർ. നാരായണൻ (21.11.2005) 196
- കെ. കരുണാകരൻ (27.12.2010) 198

**ആലുവ സാമ്പത്തിക പ്രമേയം** 200
**കാർഷിക രേഖ** 202
**കെ.എം. മാണി രചിച്ച പുസ്തകങ്ങൾ** 208
**നിയമസഭയിൽ അൻപത് വർഷം പ്രത്യേക അനുമോദനം** 212

**കെ.എം. മാണിയുടെ നിര്യാണം:**

മുഖപ്രസംഗങ്ങൾ
- ഒരു രാഷ്ട്രീയ കാലം കടന്നുപോകുന്നു- മലയാള മനോരമ 220
- ജനപ്രിയ ജനനായകൻ - മാതൃഭൂമി 222
- ഒരു യുഗാന്ത്യം- കേരള കൗമുദി 224

നിയമസഭയുടെ ചരമോപചാരം 230

**ഓർമ്മകളിൽ മാണി സാർ**

ജി. ഹരിലാൽ 236

**കാർട്ടൂണുകളിലെ കെ.എം മാണി** 242

**ഫോട്ടോ സെക്ഷൻ** 246









ARIF MOHAMMED KHAN

GOVERNOR OF KERALA
RAJ BHAVAN
THIRUVANANTHAPURAM
03 March 2021

सत्यमेव जयते

## Message




I am happy to know that Kerala Legislature Secretariat intends to publish a comprehensive volume on the legislative contributions of the late Shri K.M. Mani, who holds the record for the longest continuous service as legislator.

It is commendable that the book will include details about the positions he held, the budgets he presented, the legislations he piloted and the numerous issues he raised as a legislator. I am sure that this book would be a useful resource for future reference.

I compliment everyone behind this venture and wish the publication all success.

Arif Mohammed Khan

കേരള നിയമസഭ
കെ.എം.മാണി ധന്യസ്മൃതി



കേരള സർക്കാർ



## സന്ദേശം

ലോകത്തെ നിയമനിർമ്മാണസഭകളുടെയാകെ ചരിത്രമെടുത്താൽ തുടർച്ചയായി അരന്ത്യറ്റാണ്ട് ഒരേ സഭയിൽ ഒരേ മണ്ഡലത്തിൽ നിന്നു വിജയിച്ചെത്തിയവർ വിരലിലെണ്ണാനുള്ളതേ ഉണ്ടാവൂ എന്നു മനസ്സിലാവും. ആ അപൂർവ്വം ചിലരിൽ പ്രമുഖനായി ഉയർന്നുനിൽക്കുകയാണ് ശ്രീ.കെ.എം.മാണി. ഈ റെക്കോഡ് ഇന്ത്യയ്ക്കാകെയും കേരളത്തിനു പ്രത്യേകിച്ചും അഭിമാനകരമായ ഒന്നാണ്. കേരള നിയമസഭയിൽ 50 വർഷങ്ങൾ പൂർത്തീകരിച്ച ശ്രീ. കെ.എം.മാണി ധനകാര്യമന്ത്രി എന്ന നിലയ്ക്കുള്ള ബജറ്റ് അവതരണത്തിന്റെ എണ്ണം കൊണ്ടും ഉയർന്ന നിലവാരത്തിലുള്ള സഭാതലത്തിലെ ഇടപെടലുകൾ കൊണ്ടും, പ്രസംഗങ്ങളുടെ ഉൾക്കാമ്പുകൾ കൊണ്ടും എന്നു വേണ്ട, പല സവിശേഷതകൾ കൊണ്ടും വേറിട്ട വ്യക്തിത്വത്തിനുടമയായി ശ്രദ്ധേയനായി നിൽക്കുന്നു.

ഭരണ നിപുണത, നിയമനിർമ്മാണം, ധനകാര്യ മാനേജ്മെന്റ്, കർഷക ജനസാമാന്യത്തിന്റെ പ്രശ്നങ്ങളുടെ അവതരണം, പുസ്തക രചന, പ്രഭാഷണം തുടങ്ങിയ വിവിധങ്ങളായ തലങ്ങളിലെ അദ്ദേഹത്തിന്റെ മികവാർന്ന സംഭാവനകൾ സമഗ്രമായി പ്രതിഫലിക്കുന്നതാവട്ടെ കേരള നിയമസഭ അദ്ദേഹത്തിന്റെ സ്മരണ മുൻനിർത്തി പുറത്തിറക്കുന്ന ഗ്രന്ഥം.

എന്റെ ആശംസകൾ

**പിണറായി വിജയൻ**
**മുഖ്യമന്ത്രി**





കേരള നിയമസഭ
കെ.എം.മാണി
ധന്യസ്മൃതി

കേരള സർക്കാർ



## ആശംസ

നിയമസഭയിൽ അഞ്ച് ദശാബ്ദക്കാലം പൂർത്തീകരിച്ച് രാഷ്ട്രീയ - സാമൂഹ്യ - സാംസ്കാരിക മണ്ഡലങ്ങളിൽ നിറഞ്ഞുനിന്നിരുന്ന ശ്രേഷ്ഠ വ്യക്തിത്വത്തിനുടമയായ പരേതനായ മുൻമന്ത്രി കെ.എം. മാണിയെ കുറിച്ച് നിയമസഭാ സെക്രട്ടേറിയറ്റ് ഒരു സചിത്ര ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ അത്യധികം സന്തോഷിക്കുന്നു.

ലോക പാർലമെന്ററി ചരിത്രത്തിൽ ശ്രദ്ധേയമായ സ്ഥാനം നേടിയ നിയമസഭാ സാമാജികനും ധനകാര്യമന്ത്രിയും ആയിരുന്ന അദ്ദേഹത്തിന്റെ സമഗ്ര സംഭാവനകളെ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ ഈ ഗ്രന്ഥം ഭാവി തലമുറയ്ക്ക് പ്രചോദനമാകട്ടെ എന്ന് ആശംസിക്കുന്നു. സർവ്വവിധ ഭാവുകങ്ങളും..

**വി. ശശി**
**ഡെപ്യൂട്ടി സ്പീക്കർ**



കേരള നിയമസഭ
കെ.എം.മാണി
ധന്യസ്മൃതി

കേരള സർക്കാർ



## സന്ദേശം

ഇന്ത്യൻ പാർലമെന്ററി ചരിത്രത്തിലെ അദ്ഭുത പ്രതിഭാസമായിരുന്നു കെ.എം. മാണിസാർ. 1965 മുതൽ 2019 വരെ തുടർച്ചയായി ഒരേ മണ്ഡലത്തെ കേരള നിയമസഭയിൽ പ്രതിനിധീകരിച്ച അദ്ദേഹം സ്ഥാപിച്ച റിക്കോർഡ് മറികടക്കുവാൻ ഇതുവരെ മറ്റാർക്കും കഴിഞ്ഞിട്ടില്ല. പുതുതലമുറകൾക്ക് വലിയൊരു പ്രചോദനമാണ് മാണിസാറിന്റെ രാഷ്ട്രീയ ജീവിതം. അദ്ദേഹത്തിന്റെ പേരിൽ പ്രസിദ്ധീകരിക്കുന്ന പുസ്തകത്തിന് എല്ലാ ആശംസകളും നേരുന്നു.

**രമേശ് ചെന്നിത്തല**
പ്രതിപക്ഷ നേതാവ്

കേരള നിയമസഭ
കെ.എം.മാണി
ധന്യസ്മൃതി



# കെ.എം.മാണി

## (1933- 2019)

കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിൽ മരങ്ങാട്ടുപിള്ളിയിൽ ഒരു സാധാരണ കർഷക കുടുംബത്തിൽ കരിങ്ങോഴയ്ക്കൽ തോമസ് മാണിയുടെയും ഏലിയാമ്മയുടെയും മകനായി 1933 ജനുവരി 30ന് കെ.എം.മാണി ജനിച്ചു.

മരങ്ങാട്ടുപിള്ളി സെന്റ് തോമസ് എൽ.പി.സ്കൂളിലും കടപ്ലാമറ്റം സെന്റ് ആന്റണി യു.പി.സ്കൂളിലുമായി പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം ഹൈസ്കൂൾ പഠനം പൂർത്തീകരിച്ചത് കുറവിലങ്ങാട് സെന്റ് മേരീസ് ഹൈസ്കൂളിലും പാലാ സെന്റ് തോമസ് ഹൈസ്കൂളിലുമായിട്ടാണ് .

തൃശ്ശിനാപ്പള്ളി സെന്റ് ജോസഫ് കോളേജ്, തേവര സേക്രട്ട് ഹാർട്ട് കോളേജ് എന്നിവിടങ്ങളിലായി മാണി ബിരുദ പഠനം പൂർത്തിയാക്കി. മദ്രാസ് ലോ കോളേജിൽ നിന്ന് 1955-ൽ നിയമ ബിരുദം നേടിയ അദ്ദേഹം 1956-ൽ അഭിഭാഷകനായി മദ്രാസ് ഹൈക്കോടതിയിൽ എൻറോൾ ചെയ്തു. തുടർന്ന് കോഴിക്കോട് ജില്ലാ കോടതി, കോട്ടയം ജില്ലാ കോടതി, പാലാ സബ് കോടതി എന്നിവിടങ്ങളിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്തു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് പ്രവർത്തകനായി രാഷ്ട്രീയത്തിൽ പ്രവേശിച്ച കെ.എം.മാണി ആദ്യം കോൺഗ്രസിന്റെ ഇലയ്ക്കാട് മണ്ഡലം കമ്മിറ്റി പ്രസിഡന്റായി. 1959-ൽ കെ.പി.സി.സി അംഗവും 1964 ൽ കോട്ടയം ഡി.സി.സി സെക്രട്ടറിയുമായി. 1964 ൽ കേരള കോൺഗ്രസ്സ് പാർട്ടി രൂപീകരിച്ചപ്പോൾ കെ.എം. മാണി പ്രസ്തുത പാർട്ടിയുടെ സ്ഥാപക നേതാക്കളിലൊരാളായി. പിന്നീട് കേരള കോൺഗ്രസ്സിന്റെ നേതൃത്വ നിരയിലേയ്ക്കുയർന്ന കെ.എം.മാണി 1979 -ൽ പാർട്ടിയിലുണ്ടായ ചേരിതിരിവിനെ തുടർന്ന് കേരള കോൺഗ്രസ് (എം) രൂപീകരിക്കുകയും അന്നുമുതൽ മരണം വരെ പാർട്ടിയുടെ ചെയർമാനായി പ്രവർത്തിയ്ക്കുകയും ചെയ്തു.

1965-ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ കെ.എം.മാണി പാലാ നിയോജകമണ്ഡലത്തിൽ കേരള കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി വിജയിച്ചു. എന്നാൽ ഒരു കക്ഷിയ്ക്കും വ്യക്തമായ ഭൂരിപക്ഷം ഇല്ലാത്തതിനാൽ നിയമസഭ വിളിച്ചു ചേർത്തില്ല. ആയതിനാൽ മാണിയടക്കമുള്ള എം.എൽ.എ മാർക്ക് സത്യപ്രതിജ്ഞ ചെയ്യാനുമായില്ല. 1967-ൽ വീണ്ടും തെരഞ്ഞെടുപ്പുണ്ടായപ്പോൾ മാണി പാലായിലെ കേരള കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി വിജയിച്ചു. തുടർന്ന് 2016 വരെയുള്ള എല്ലാ നിയമസഭാ തെരഞ്ഞെടുപ്പുകളിലും പാലാ നിയോജകമണ്ഡലത്തിൽ നിന്നും അദ്ദേഹം നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.





1975 ഡിസംബർ 24 നാണ് സി.അച്യുതമേനോൻ മന്ത്രിസഭയിൽ കെ.എം.മാണി ആദ്യമായി മന്ത്രിയാകുന്നത്. തുടർന്ന് അദ്ദേഹം കെ.കരുണാകരൻ, എ.കെ. ആന്റണി, പി.കെ. വാസുദേവൻനായർ, ഇ.കെ. നായനാർ, ഉമ്മൻചാണ്ടി തുടങ്ങിയവരുടെ മന്ത്രിസഭകളിൽ അംഗമായി. ധനകാര്യം, ആഭ്യന്തരം, നിയമം, വൈദ്യുതി, ജലസേചനം, റവന്യൂ, ഭവനനിർമ്മാണം തുടങ്ങിയ വകുപ്പുകളാണ് അദ്ദേഹം വിവിധ മന്ത്രിസഭകളിൽ വഹിച്ചിരുന്നത്.

സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കാലം (24 വർഷം 5 മാസം 22 ദിവസം) മന്ത്രിയായിരുന്ന അദ്ദേഹം, ധനമന്ത്രി എന്ന നിലയിൽ 13 ബജറ്റുകൾ അവതരിപ്പിച്ചു. ഒരു മണ്ഡലത്തെ ഏറ്റവുമധികകാലം പ്രതിനിധാനം ചെയ്ത ജനപ്രതിനിധി (പാലാ-13 തവണ) എന്നതും നിലവിൽ കെ.എം. മാണിക്ക് സ്വന്തം.

2014-15 ൽ ചരക്കുസേവന നികുതി നടപ്പാക്കുന്നതിനുള്ള സംസ്ഥാന ധനകാര്യ മന്ത്രിമാരുടെ ജി.എസ്.ടി കൗൺസിൽ എംപവേർഡ് കമ്മിറ്റി ചെയർമാനായി പ്രവർത്തിച്ചു. സംസ്ഥാന പ്ലാനിംഗ് ബോർഡ് അംഗം, സംസ്ഥാന നിയമ പരിഷ്കാരക്കമ്മിറ്റി ചെയർമാൻ എന്നീ നിലകളിലും കെ.എം. മാണി സേവനമനുഷ്ഠിച്ചിട്ടുണ്ട്.

പൊതുപ്രവർത്തകനുള്ള വി.പി.മേനോൻ അവാർഡ്. ഇന്റർനാഷണൽ ഫ്രണ്ട്ഷിപ്പ് സൊസൈറ്റി ഓഫ് ഇൻഡ്യ അവാർഡ്, ജർമ്മൻ മലയാളി അസോസിയേഷൻ അവാർഡ് തുടങ്ങിയ പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

1. മാർക്സിസ്റ്റ സംസ്കാരിക തകർച്ചയും ജനാധിപത്യ പുനഃസംഘടനയും
2. ആഗോളവത്കരണം:ഇന്ത്യൻ സമ്പദ് വ്യവസ്ഥയും നൂതന ഏഷ്യൻ സമൂഹവും
3. കേരളത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ
4. അധ്വാന വർഗ സിദ്ധാന്തവും രാഷ്ട്രീയ സാമ്പത്തിക പഠനങ്ങളും

എന്നിവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്.

അന്നാമ്മ (കുട്ടിയമ്മ) ഭാര്യയും, എൽസ, സാലി, ആനി, ജോസ് കെ മാണി, ടെസ്സി, സ്മിത എന്നിവർ മക്കളും, ഡോ. തോംസൺ ജേക്കബ്ബ്, എം.ബി. ജോസഫ്, ഡോ. സേവ്യർ മാത്യു, നിഷ ജോസ് കെ മാണി, ഡോ. സുനിൽ ജോർജ്ജ്, രാജേഷ് കുരുവിത്തടം എന്നിവർ മരുമക്കളുമാണ്.

14-ാം നിയമസഭയിൽ അംഗമായിരിക്കെ 2019 ഏപ്രിൽ മാസം ഒൻപതാം തീയതി അദ്ദേഹം അന്തരിച്ചു.

# തെരഞ്ഞെടുപ്പ് ചരിത്രം

### 1) 1965 – Palai – 88 - Electorate: 62,346 *

| No. | Name | Party | Votes |
|---|---|---|---|
| 1 | K.M. Mani | KC | 25,833 |
| 2 | V.T. Thomas | Ind | 16,248 |
| 3 | Aleykutty Thomas (W) | INC | 8,072 |
| **Margin** | | | **9,585** |

### 2) 1967 – Palai – 88 - Electorate: 62,004

| No. | Name | Party | Votes |
|---|---|---|---|
| 1 | K.M. Mani | KC | 19,118 |
| 2 | V.T. Thomas | Ind | 16,407 |
| 3 | M.M. Jacob | INC | 13,503 |
| **Margin** | | | **2,711** |

### 3) 1970 – Palai – 88 - Electorate: 71,174

| No. | Name | Party | Votes |
|---|---|---|---|
| 1 | K.M. Mani | KC | 23,350 |
| 2 | M.M. Jacob | INC | 22,986 |
| 3 | T.P. Ulahanan | Ind (Opp) | 9,092 |
| 4 | Independent | | 1,041 |
| **Margin** | | | **364** |

* 1965 ലെ തെരഞ്ഞെടുപ്പിൽ ഒരു പാർട്ടിക്കും ഭൂരിപക്ഷമില്ലാതിരുന്നതിനാൽ നിയമസഭ സമ്മേളിച്ചില്ല. തെരഞ്ഞെടുക്കപ്പെട്ടവർ സത്യപ്രതിജ്ഞ ചെയ്തില്ല

### 4) 1977 – Palai – 94 - Electorate: 80,757

| No. | Name | Party | Votes |
|---|---|---|---|
| 1 | K.M. Mani | KC | 39,664 |
| 2 | N.C. Joseph | IND (Opp) | 24,807 |
| 3 | Independent | | 521 |
| **Margin** | | | **14,857** |

### 5) 1980 – Palai – 94 - Electorate: 89,758

| No. | Name | Party | Votes |
|---|---|---|---|
| 1 | K.M. Mani | KC (M) | 38,739 |
| 2 | M.M. Jacob | Con (I) | 34,173 |
| 3 | Independents (3) | | 583 |
| **Margin** | | | **4,566** |

### 6) 1982 – Palai – 94 - Mid – Term Election - Electorate: 90,615

| No. | Name | Party | Votes |
|---|---|---|---|
| 1 | K.M. Mani | KC (M) | 39,323 |
| 2 | J.A. Chacko | Ind. (LDF) | 26,713 |
| 3 | Independents (4) | | 1,180 |
| **Margin** | | | **12,610** |





### 7) 1987– Palai – 94 - Electorate: 1,04,019

| No. | Name | Party | Votes |
|---|---|---|---|
| 1 | K.M. Mani | KC(M) | 46,483 |
| 2 | K.S. Sebastian | IC (S) | 35,938 |
| 3 | Independent (9) | | 2,174 |
| **Margin** | | | **10,545** |

### 8) 1991– Palai – 94 - Electorate: 1,25,708

| No. | Name | Party | Votes |
|---|---|---|---|
| 1 | K.M. Mani | KC(M) | 52,310 |
| 2 | Adv. George C Kappen | Ind.(LDF) | 35,021 |
| 3 | Adv. Narayanan Namboodiri | BJP | 4,429 |
| 4 | K.T. Ayyappan | BSP | 98 |
| 5 | Independent (2) | | 193 |
| **Margin** | | | **17,289** |

### 9) 1996– Palai – 94 - Electorate: 1,28,479

| No. | Name | Party | Votes |
|---|---|---|---|
| 1 | K.M. Mani | KC(M) | 52,550 |
| 2 | C.K. Jeevan | Ind. (LDF) | 28,760 |
| 3 | P.R. Muraleedharan | BJP | 3,489 |
| 4 | Others (7) | | 1,193 |
| **Margin** | | | **23,790** |

### 10) 2001– Palai–94 - Electorate: 1,30,305

| No. | Name | Party | Votes |
|---|---|---|---|
| 1 | K.M. Mani | KC(M) | 52,838 |
| 2 | Uzhavoor Vijayan | NCP | 30537 |
| **Margin** | | | **22,301** |

### 11) 2006– Palai – 94 - Electorate: 1,28,184

| No. | Name | Party | Votes |
|---|---|---|---|
| 1 | K.M. Mani | KC(M) | 46,608 |
| 2 | ManiC Kappen | NCP | 38,849 |
| 3 | Shri. Jay Sooryan | BJP | 3566 |
| **Margin** | | | **7,759** |


### 12) 2011– Palai – 94 - Electorate: 1,69,192

| No. | Name | Party | Votes |
|---|---|---|---|
| 1 | K.M. Mani | KC(M) | 61,239 |
| 2 | ManiC Kappen | NCP | 55,980 |
| 3 | Prof. Vijayakumar | BJP | 6359 |
| **Margin** | | | **5,259** |

### 13) 2016– Palai – 94 - Electorate: 1,79,829

| No. | Name | Party | Votes |
|---|---|---|---|
| 1 | K.M. Mani | KC(M) | 58,884 |
| 2 | ManiC Kappen | NCP | 54,181 |
| 3 | Shri. N. Hari | BJP | 24,821 |
| **Margin** | | | **4,703** |

(വോട്ടുചരിതം: കേരളനിയമസഭ തെരഞ്ഞെടുപ്പ് ചരിത്രം 1957-2011. 2016 & www.eci.gov.in)



കെ.എം.മാണി




# മന്ത്രിസഭാ കാലയളവും കെ.എം. മാണി വഹിച്ച ചുമതലകളും സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | നിയമസഭ | മന്ത്രിസഭ | വകുപ്പ് | കാലയളവ് |
|---|---|---|---|---|
| 1 | 4 | സി. അച്യുതമേനോൻ<br>04.10.1970-25.03.1977 | ധനകാര്യം | 26.12.1975 - 25.03.1977 |
| 2 | 5 | കെ. കരുണാകരൻ<br>25.03.1977-25.04.1977 | ആഭ്യന്തരം | 11.04.1977 - 25.04.1977 |
| 3 | 5 | എ.കെ. ആന്റണി<br>27.04.1977-27.10.1978 | ആഭ്യന്തരം | 27.04.1977 - 21.12.1977<br>16.09.1978 - 27.10.1978 |
| 4 | 5 | പി.കെ.വാസുദേവൻനായർ<br>29.10.1978-07.10.1979 | ആഭ്യന്തരം | 29.10.1978 - 26.07.1979 |
| 5 | 6 | ഇ.കെ. നായനാർ<br>25.01.1980-20.10.1981 | ധനകാര്യം, നിയമം | 25.01.1980 - 20.10.1981 |
| 6 | 6 | കെ. കരുണാകരൻ<br>28.12.1981-17.03.1982 | ധനകാര്യം, നിയമം | 28.12.1981 - 17.03.1982 |
| 7 | 7 | കെ. കരുണാകരൻ<br>24.05.1982-25-03-1987 | ധനകാര്യം, നിയമം | 24.05.1982 - 15.05.1986 |
| | | | വൈദ്യുതി,<br>ജിയോളജി,<br>മൃഗശാല, മ്യൂസിയം | 05.06.1985 - 25.05.1986 |
| | | | ജലസേചനം, നിയമം | 16.05.1986 - 25.03.1987 |
| 8 | 9 | കെ. കരുണാകരൻ<br>24.06.1991-16.03.1995 | റവന്യൂ, നിയമം | 24.06.1991 - 16.03.1995 |
| 9 | 9 | എ.കെ. ആന്റണി<br>22.03.1995-09.05.1996 | റവന്യൂ, നിയമം | 22.03.1995 - 09.05.1996 |
| 10 | 11 | എ.കെ. ആന്റണി<br>17.05.2001-29.08.2004 | റവന്യൂ, നിയമം | 17.05.2001 - 29.08.2004 |
| 11 | 11 | ഉമ്മൻ ചാണ്ടി<br>31.08.2004-12.05.2006 | റവന്യൂ, നിയമം | 31.08.2004 - 12.05.2006 |
| 12 | 13 | ഉമ്മൻ ചാണ്ടി<br>18.05.2011-20.05.2016 | ധനകാര്യം,<br>നിയമം, ഭവനം | 18.05.2011 - 10.11.2015 |

അവലംബം : നിയമസഭാ രേഖകൾ

# കെ.എം.മാണി അവതരിപ്പിച്ച പ്രധാനപ്പെട്ട നിയമങ്ങൾ







| ക്രമ നമ്പർ | ബില്ലിന്റെ പേര് | ബിൽ സഭയിൽ അവതരിപ്പിച്ച തീയതി | ബിൽ പാസ്സാക്കിയ തീയതി |
|---|---|---|---|
| 01 | 1976-ലെ കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട്സ് വാല്വേഷൻ (അമെന്റ്മെന്റ്) ആക്ട് (1976-ലെ 38-ാമത് നിയമം) | 1976 ഒക്ടോബർ 14 | 1976 ഒക്ടോബർ 14 |
| 02 | 1976ലെ കേരള ടാക്സ് ഓൺ എംപ്ലോയ്മെന്റ് ആക്ട് (1976-ലെ 14-ാമത് നിയമം) The Kerala Tax on Employment Act, 1976 (Act 14 of 1976) | 1976 മാർച്ച് 4 | 1976 മാർച്ച് 9 |
| 03 | 1976ലെ കേരള ടാക്സ് ഓൺ ലക്ഷ്വറീസ് ഇൻ ഹോട്ടൽസ് ആന്റ് ലോഡ്ജിങ്ങ് ഹൗസസ് ആക്ട് (1976-ലെ 32-ാമത് നിയമം) The Kerala Tax on Luxuries in Hotels and Lodging Houses Act, 1976 (Act 32 of 1976) | 1976 ഒക്ടോബർ 12 | 1976 ഒക്ടോബർ 12 |
| 04 | 1976-ലെ അഗ്രികൾച്ചറൽ ഇൻകംടാക്സ് (അമെന്റ്മെന്റ്) ആക്ട് (1976-ലെ 13-ാമത് നിയമം) | 1976 മാർച്ച് 3 | 1976 മാർച്ച് 4 |
| 05 | 1976-ലെ അഗ്രികൾച്ചറൽ ഇൻകംടാക്സ് (സെക്കന്റ് അമെന്റ്മെന്റ്) ആക്ട് (1976-ലെ 41-ാമത് നിയമം) | 1976 ഒക്ടോബർ 12 | 1976 ഒക്ടോബർ 13 |
| 06 | 1976-ലെ കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട്സ് വാല്വേഷൻ (സെക്കന്റ് അമെന്റ്മെന്റ്) ആക്ട് (1976-ലെ 39-ാമത് നിയമം) | 1976 ഒക്ടോബർ 14 | 1976 ഒക്ടോബർ 14 |
| 07 | 1976-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെന്റ്മെന്റ്) നിയമം (1976-ലെ 11-ാമത് നിയമം) | 1976 മാർച്ച് 3 | 1976 മാർച്ച് 3 |
| 08 | 1976-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (തേർഡ് അമെന്റ്മെന്റ്) ആക്ട് (1976-ലെ 45-ാമത് നിയമം) | 1976 ഒക്ടോബർ 19 | 1976 ഒക്ടോബർ 19 |
| 09 | 1976-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (സെക്കന്റ് അമെന്റ്മെന്റ്) ആക്ട് (1976-ലെ 12-ാമത് നിയമം) | 1976 മാർച്ച് 3 | 1976 മാർച്ച് 3 |
| 10 | 1976-ലെ കേരള സർച്ചാർജ് ഓൺ ടാക്സസ് (അമെന്റ്മെന്റ്) ആക്ട് (1976-ലെ 40-ാമത് നിയമം) | 1976 ഒക്ടോബർ 12 | 1976 ഒക്ടോബർ 12 |
| 11 | 1980-ലെ അഗ്രികൾച്ചറൽ ഇൻകംടാക്സ് (അമെന്റ്മെന്റ്) ആക്ട് (1980-ലെ 17-ാമത് നിയമം) | 1980 ജൂലൈ 28 | 1980 ജൂലൈ 30 |
| 12 | 1980-ലെ കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ആക്ട് (1980-ലെ 21-ാമത് നിയമം) The Kerala Advocates Welfare Fund Act, 1980 (Act 21 of 1980) | 1980 ജൂലൈ 28 | 1980 ജൂലൈ 31 |
| 13 | 1980-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെന്റ്മെന്റ്) ആക്ട് (1980-ലെ 19-ാമത് നിയമം) | 1980 ജൂലൈ 29 | 1980 ജൂലൈ 31 |
| 14 | 1980-ലെ കേരള ബിൽഡിംഗ് ടാക്സ് (അമെന്റ്മെന്റ്) ആക്ട് (1981-ലെ 6-ാമത് നിയമം) | 1980 ജൂലൈ 29 | 1980 ഡിസംബർ 22 |
| 15 | 1981-ലെ അഗ്രികൾച്ചറൽ ഇൻകംടാക്സ് (അമെന്റ്മെന്റ്) ആക്ട് (1981-ലെ 26-ാമത് നിയമം) | 1981 ആഗസ്റ്റ് 18 | 1981 ആഗസ്റ്റ് 21 |
| 16 | 1981-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെന്റ്മെന്റ്) ആക്ട് (1981-ലെ 23-ാമത് നിയമം) | 1981 ആഗസ്റ്റ് 17 | 1981 ആഗസ്റ്റ് 20 |
| 17 | 1983 ലെ കേരള ജനറൽ സെയിൽ ടാക്സ് (അമെന്റ്മെന്റ്) ആക്ട് (1983-ലെ 3-ാമത് നിയമം) | 1983 മാർച്ച് 28 | 1983 മാർച്ച് 30 |
| 18 | 1983-ലെ അഗ്രികൾച്ചറൽ ഇൻകംടാക്സ് (അമെന്റ്മെന്റ്) ആക്ട് (1983-ലെ 4-ാമത് നിയമം) | 1983 മാർച്ച് 28 | 1983 മാർച്ച് 30 |
| 19 | 1983-ലെ കേരള കണ്ടിജൻസി ഫണ്ട് (അമെന്റ്മെന്റ്) ആക്ട് (1983-ലെ 18-ാമത് നിയമം) | 1983ആഗസ്റ്റ് 1 | 1983ആഗസ്റ്റ് 3 |

| | | | |
|---|---|---|---|
| 20 | 1985-ലെ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ട് (1985-ലെ 10-ാമത് നിയമം) The Kerala Provisional Collection of Revenues Act, 1985 (Act 10 of 1985) | 1983 ഡിസംബർ 7 | 1985 മാർച്ച് 28 |
| 21 | 1986-ലെ കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ആക്ട് (1986-ലെ 32-ാമത് നിയമം) | 1986 നവംബർ 3 | 1986 നവംബർ 25 |
| 22 | 1986-ലെ കേരള കമാന്റ് ഏരിയ വികസന ആക്ട് (1986-ലെ 37-ാമത് നിയമം) The Kerala Command Area Development Act, 1986 (Act 37 of 1986) | 1986 ഒക്ടോബർ 20 | 1986 നവംബർ 24 |
| 23 | 1986-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻസ് (അമെന്റ്മെന്റ്) ആക്ട് (1987-ലെ 4-ാമത് നിയമം) | 1986 നവംബർ 26 | 1986 ഡിസംബർ 30 |
| 24 | 1986-ലെ കേരള മുനിസിപ്പാലിറ്റീസ് (അമെന്റ്മെന്റ്) ആക്ട് (1987-ലെ 2-ാമത് നിയമം) | 1986 നവംബർ 26 | 1986 ഡിസംബർ 30 |
| 25 | 1986-ലെ കേരള മുനിസിപ്പാലിറ്റീസ് (സെക്കന്റ് അമെന്റ്മെന്റ്) ആക്ട് (1987-ലെ 5-ാമത് നിയമം) | 1986 നവംബർ 26 | 1986 ഡിസംബർ 30 |
| 26 | 1986-ലെ ടൗൺ പ്ലാനിംഗ് ലോസ് (അമെന്റ്മെന്റ്) ആക്ട് (1987-ലെ 3-ാമത് നിയമം) | 1986 നവംബർ 27 | 1986 ഡിസംബർ 31 |
| 27 | 1991-ലെ കേരള പഞ്ചായത്ത് (അമെന്റ്മെന്റ്) ആക്ട് (1991-ലെ 22-ാമത് നിയമം) | 1991 സെപ്റ്റംബർ 24 | 1991 ഒക്ടോബർ 7 |
| 28 | 1991-ലെ കേരളാ ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ (അമെന്റ്മെന്റ് ) ആക്ട് (1991-ലെ 21-ാമത് നിയമം) | 1991 സെപ്റ്റംബർ 24 | 1991 ഒക്ടോബർ 7 |
| 29 | 1993- ലെ കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ആക്ട് (1993-ലെ 8-ാമത് നിയമം) | 1993 ഫെബ്രുവരി 9 | 1993 ഫെബ്രുവരി 11 |
| 30 | 1994-ലെ കേരള സർവ്വേ ആന്റ് ബൗണ്ടറീസ് (അമെന്റ്മെന്റ്) ആക്ട് (1994 ലെ 22-ാമത് നിയമം) | 1994 ആഗസ്റ്റ് 8 | 1994 ആഗസ്റ്റ് 11 |
| 31 | 1995-ലെ കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് (അമെന്റ്മെന്റ്) ആക്ട് (1995-ലെ 15-ാമത് നിയമം) | 1995 ആഗസ്റ്റ് 7 | 1995 ആഗസ്റ്റ് 8 |
| 32 | 1995-ലെ കേരള സ്റ്റേറ്റ് ബാക്‌വേർഡ് ക്ലാസ്സസ് (റിസർവേഷൻ ഓഫ് അപ്പോയിന്റ്മെന്റ്സ് ഓർ പോസ്റ്റ്സ് ഇൻ ദി സർവ്വീസസ് അണ്ടർ ദി സ്റ്റേറ്റ്) ആക്ട് (1995-ലെ 16-ാമത് നിയമം) The Kerala State Backward Classes (Reservation of Appointments or Posts in the Services under the State) Act, 1995 (Act 16 of 1995) | 1995 ആഗസ്റ്റ് 30 | 1995 ആഗസ്റ്റ് 31 |
| 33 | 1996-ലെ ഇൻഡ്യൻ സക്സഷൻ (കേരള അമെന്റ്മെന്റ്) ആക്ട് (1997-ലെ 1-ാമത് നിയമം) The Indian Succession (Kerala Amendment) Act, 1996 (Act 1 of 1997) | 1996 മാർച്ച് 19 | 1996 മാർച്ച് 19 |
| 34 | 2001 ലെ കേരള കാർഷിക കടക്കാർ (താല്ക്കാലിക ആശ്വാസ) ആക്ട് (2001-ലെ 19-ാമത് നിയമം) The Kerala Agriculture Debtors (Temporary Relief) Act, 2001 (Act 19 of 2001) | 2001 നവംബർ 13 | 2001 ഡിസംബർ 4 |
| 35 | 2001 ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ട് (2001-ലെ 18-ാമത് നിയമം) The Kerala Protection of River Banks and Regulation of Removal of Sand Act, 2001 (Act 18 of 2001) | 2001 നവംബർ 28 | 2001 ഡിസംബർ 6 |
| 36 | 2001- ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ആക്ട് (2001-ലെ 11-ാമത് നിയമം) The Kerala Stay of Eviction Proceedings Act, 2001 (Act 11 of 2001) | 2001 ഒക്ടോബർ 15 | 2001 നവംബർ 20 |
| 37 | 2001-ലെ കേരള അഡ്വക്കേറ്റ്സ് വെൽഫെയർ ഫണ്ട് ) (അമെന്റ്മെന്റ്) ആക്ട് (2001-ലെ 8-ാമത് നിയമം) | 2001 ഒക്ടോബർ 15 | 2001 നവംബർ 20 |



കേരള നിയമസഭ
കെ.എം.മാണി ധന്യസ്മൃതി

| | | | |
|---|---|---|---|
| 38 | 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി നിയമം (2003-ലെ 27-ാമത് നിയമം) The Kerala Advocate-ClerksWelfare Fund Act, 2002 (Act 27of 2003) | 2002 ജൂലൈ 31 | 2003 ജൂലൈ 23 |
| 39 | 2003- ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ ആക്ട് (2006-ലെ 25-ാമത് നിയമം) | 2004 ജൂലൈ 28 | 2005 ഫെബ്രുവരി 7 |
| 40 | 2003- ലെ കേരള ഒഴിപ്പിക്കൽ നടപടികൾ നിർത്തിവയ്ക്കൽ (ഭേദഗതി) ആക്ട് (2003-ലെ 8-ാമത് നിയമം) | 2003 ജൂൺ 16 | 2003 ജൂൺ 19 |
| 41 | 2003-ലെ കേരള കോർട്ട് ഫീസ് ആന്റ് സ്യൂട്ട്സ് വാല്വേഷൻ (അമെന്റ്മെന്റ്) ആക്ട് (2003-ലെ 2-ാമത് നിയമം) | 2002 ജൂലൈ 31 | 2005 ഫെബ്രുവരി 13 |
| 42 | 2003-ലെ കേരള പ്രിസർവേഷൻ ഓഫ് ട്രീസ് (അമെന്റ്മെന്റ്) ആക്ട് (2003-ലെ 28-ാമത് നിയമം | 2003 ജൂലൈ 30 | 2003 ആഗസ്റ്റ് 12 |
| 43 | 2005-ലെ കേരള കണ്ടിജൻസി ഫണ്ട് (അമെന്റ്മെന്റ്) ആക്ട് (2005-ലെ 7-ാമത് നിയമം) | 2005 ഫെബ്രുവരി 7 | 2005 മാർച്ച് 1 |
| 44 | 2005-ലെ കേരള കിസ്സാൻ പാസ് ബുക്ക് ആക്ട് (2005-ലെ 47-ാമത് നിയമം) The Kerala Kissan Pass Book Act, 2005 (Act 47 of 2005) | 2005 ജൂലൈ 11 | 2005 ജൂലൈ 27 |
| 45 | 2005-ലെ കേരള പ്രൊമോഷൻ ഓഫ് ട്രീ ഗ്രോത്ത് ഇൻ നോൺ ഫോറസ്റ്റ് ഏരിയാസ് ആക്ട് (2005-ലെ 46-ാമത് നിയമം) The Kerala Promotion of Tree Growth in Non-Forest Areas, Act 2005 (Act 46 of 2005) | 2005 ജൂലൈ 5 | 2005 ജൂലൈ 21 |
| 46 | 2005-ലെ കേരള ലാന്റ് റിഫോംസ് (തേർഡ് അമെന്റ്മെന്റ്) ആക്ട് (2006-ലെ 1-ാമത് നിയമം) | 2005 ജൂലൈ 11 | 2005 ആഗസ്റ്റ് 12 |
| 47 | 2005-ലെ കേരള ലാന്റ് റിഫോംസ് (തേർഡ് അമെന്റ്മെന്റ്) ആക്ട് (2006-ലെ 21-ാമത് നിയമം) | 2004 ജൂലൈ 28 | 2005 ഫെബ്രുവരി 7 |
| 48 | 2011-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി)ആക്റ്റ് 2011-ലെ 17-ാമത് നിയമം Kerala Fiscal Responsibility (Amendment)Act, 2011 Act 17of 2011 | 2011 ഒക്ടോബർ 27 | 2011 നവംബർ 4 |
| 49 | 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ആക്റ്റ് 2011-ലെ 12-ാമത് നിയമം Kerala Tax on Paper Lotteries (Amendment)Act, 2011 Act 12 of 2011 | 2011 ജൂൺ 30 | 2011 ജൂലൈ 11 |
| 50 | 2012-ലെ കേരള അമിത പലിശ ഈടാക്കൽ നിരോധന ആക്റ്റ് 2013-ലെ 2-ാമത് നിയമം Kerala Prohibition of Charging Exorbitant Interest Act, 2012 Act 2 of 2013 | 2012 ഡിസംബർ 11 | 2012 ഡിസംബർ 17 |
| 51 | 2012-ലെ കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് (ഭേദഗതി) ആക്റ്റ് 2012-ലെ 10-ാമത് നിയമം Kerala State Housing Board (Amendment) Act, 2012 Act 10of 2012 | 2012 ജൂൺ 11 | 2012 ജൂൺ 14 |
| 52 | 2013-ലെ കേരള അഡ്വക്കേറ്റ് ക്ളാർക്ക്സ് ക്ഷേമിധി (ഭേദഗതി) ആക്റ്റ് 2013-ലെ 10-ാമത് നിയമം The Kerala Advocates Clerks Welfare Fund (Amendment) Act 2013 Act 10 of 2013 | 2013 ഫെബ്രുവരി 13 | 2013 ഫെബ്രുവരി 18 |
| 53 | 2013-ലെ കേരള ധനകാര്യ സ്ഥാപനങ്ങളിലെ നിക്ഷേപകരുടെ താല്പര്യ സംരക്ഷണ ആക്റ്റ് 2015-ലെ 7-ാമത് നിയമം Kerala Protection of Interests of Depositors in Financial Establishments Act, 2013 Act 7 of 2015 | 2013 ഫെബ്രുവരി 14 | 2013 ഫെബ്രുവരി 19 |
| 54 | 2014-ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ആക്റ്റ് 2015-ലെ 1-ാമത് നിയമം The Kerala Taxation Laws (Amendment) Bill, 2014 Act 1 of 2015 | 2014 ഡിസംബർ 4 | 2014 ഡിസംബർ 15 |
| 55 | 2015-ലെ കേരള ഗവൺമെന്റ് ഗാരണ്ടികളുടെ പരമാവധി പരിധി (ഭേദഗതി) ആക്റ്റ് 2015-ലെ 15-ാമത് നിയമം Kerala Ceiling on Government Guarantees (Amendment) Act, 2015 Act 15of 2015 | 2015 ജൂൺ 8 | 2015 ജൂലൈ 30 |

അവലംബം : നിയമസഭാ രേഖകൾ

# നിയമസഭ: രാഷ്ട്രീയ ജീവിതത്തിലെ പാഠശാല

**കെ.എം. മാണി**

നിയമസഭാ സുവർണ്ണ ജൂബിലി സുവനിക (2008) യിൽ എഴുതിയ ലേഖനം.

**നിയമ പുസ്തകങ്ങളും ഫയലുകളുടെയും തെളിവു രേഖകളുടെയും ഫോട്ടോസ്റ്റാറ്റുകളുമടങ്ങുന്ന ബ്രീഫ്കേസുമായാണ് ഞാൻ നിയമസഭയിൽ പോയിരുന്നത്. അന്നത്തെ എന്റെ ബ്രീഫ്കേസ് ഭരണകക്ഷിക്ക് തലവേദനയുണ്ടാക്കിയിരുന്നതായി മാധ്യമങ്ങൾ വിശേഷിപ്പിച്ചിരുന്നത് ഓർമ്മയിൽ വരുന്നു.**

കാലം ആയിരത്തി തൊള്ളായിരത്തി അറുപത്തിയേഴ്. എന്റെ രാഷ്ട്രീയ ജീവിതത്തിലെ ഏറ്റവും തിളക്കമുള്ള കാലഘട്ടമായിരുന്നു അത്. ഓർമ്മകൾ പിന്നിലേക്ക് മാറുമ്പോൾ എന്റെ മനസ്സിൽ തെളിഞ്ഞു വരുന്ന ഒട്ടനവധി സംഭവങ്ങളുണ്ട്. ഓർമ്മകളെ പുളകം കൊള്ളിക്കുകയും സഭ ഒന്നാകെ ഇളകി മറിയുകയും ചെയ്ത എത്രയെത്ര സംഭവങ്ങൾ.

1967 മാർച്ച് ഇരുപതിനായിരുന്നു നിയമസഭയിലെ എന്റെ കന്നിപ്രസംഗം. ഗവർണ്ണറുടെ നയപ്രഖ്യാപനത്തോട് അനുബന്ധിച്ച് നടന്ന നന്ദിപ്രമേയ ചർച്ചയിൽ പ്രസ്തുത പ്രമേയത്തെ എതിർത്തു കൊണ്ടാണ് ഞാൻ സംസാരിച്ചത്. വിലക്കയറ്റത്തിന്റെ ദുരിതങ്ങൾ അനുഭവിക്കുന്ന സാധാരണക്കാരന്റെ ജീവിതത്തിലേക്ക് സാന്ത്വനത്തിന്റെ ഒരു ചെറിയ കണികയെങ്കിലും നൽകാത്ത ഒരു ഭരണം എന്തിനാണെന്ന് ചോദിച്ച ഞാൻ ജനകീയ പദ്ധതികൾക്ക് മുൻതൂക്കം നൽകാത്ത ഒരു ഭരണം ജനങ്ങൾക്ക് ഭാരമാണെന്ന് തുറന്നടിക്കുകയുണ്ടായി.

ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ 117 പേരുടെ പിന്തുണയുള്ള സപ്തകക്ഷി മന്ത്രിസഭയുടെ




ഭരണകാലത്തായിരുന്നു ഞാൻ നിയമസഭയിലെത്തിയത്. ഇ.എം.എസ്സ്, എം.എൻ ഗോവിന്ദൻ നായർ, ടി.വി. തോമസ്, കെ.ആർ,ഗൗരിയമ്മ, ടി.കെ.ദിവാകരൻ, ബേബി ജോൺ തുടങ്ങിയ അതികായർ അണിനിരന്നിരുന്ന ഭരണകക്ഷിക്ക് മുമ്പിൽ പ്രതിപക്ഷത്തിരുന്ന ഞങ്ങൾ ദുർബലരാണെന്ന് എല്ലാവരും കരുതി. കെ.കരുണാകരന്റെ നേതൃത്വത്തിൽ ഒൻപത് അംഗങ്ങളുള്ള കോൺഗ്രസ്സും കെ.എം. ജോർജ്ജിന്റെ നേതൃത്വത്തിൽ ഞാനുൾപ്പെടെയുള്ള അഞ്ച് പേരടങ്ങുന്ന കേരള കോൺഗ്രസ്സും ഉൾപ്പെടെ പതിനാല് പേർ മാത്രമുള്ള പ്രതിപക്ഷം.

എന്നാൽ അതികായന്മാരായ ഭരണകക്ഷി നേതാക്കളെ സഭയുടെ നടുത്തളത്തിൽ വിറപ്പിക്കുകയും അവരുടെ അധികാരക്കസേരകളെ പോരാട്ട വീര്യത്തിന്റെ കരുത്തുകൊണ്ട് നിർഭയമായി നേരിടുകയും ചെയ്തു കടുകുമണിയോളം മാത്രം വലിപ്പമുള്ള പ്രതിപക്ഷം. ഞങ്ങൾ നടത്തിയ അതിശക്തമായ പോരാട്ടം ജനങ്ങളുടെയും മാധ്യമങ്ങളുടെയും സവിശേഷമായ ശ്രദ്ധ പിടിച്ചുപറ്റി. നിയമസഭയിലെ ഓരോ ദിവസവും ഉദ്വേഗജനകമായിരുന്നു. ഉത്കണ്ഠാകുലമായ മനസ്സുകളുമായാണ് ഭരണകക്ഷി നേതാക്കൾ നിയമസഭയെ അഭിമുഖീകരിച്ചിരുന്നത്. ഇതിൽ എന്റെ ഓർമ്മകളെ എന്നെന്നും ത്രസിപ്പിക്കുന്ന സംഭവങ്ങളിലൊന്ന് സി.സി.കുഞ്ഞൻ കേസാണ്.

ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാടുമായി കുഞ്ഞൻ കേസിൽ ഞാൻ അക്ഷരാർത്ഥത്തിൽ കൊമ്പു കോർത്തു. അഴിമതിക്കുറ്റം ആരോപിച്ച് ഡിസ്മിസ് ചെയ്ത പട്ടികജാതി പട്ടികവർഗ ഡയറക്ടറായ കുഞ്ഞനെ തിരികെ സർവീസിൽ പ്രവേശിപ്പിച്ച ഇ.എം. എസിന്റെ നടപടിക്കെതിരെയാണ് ഞാൻ നിയമസഭയിൽ ആക്ഷേപം ഉന്നയിച്ചത്. എന്നാൽ സി.സി.കുഞ്ഞനെ അപ്രകാരം ഡിസ്മിസ് ചെയ്തിട്ടില്ലെന്ന് നിയമസഭയിൽ ഇ.എം.എസ്സ് പ്രഖ്യാപിക്കുകയുണ്ടായി. എന്നാൽ മുഖ്യമന്ത്രിയുടെ നിലപാട് ശരിയല്ലെന്ന് ഞാൻ ആവർത്തിച്ചു. ഇതു സംബന്ധിച്ച് നിയമസഭയിൽ നടന്ന ചൂടേറിയ ചർച്ചയിൽ 'കുഞ്ഞൻ ഫയൽ' മേശപ്പുറത്ത് വയ്ക്കാമോ എന്ന എന്റെ ചോദ്യത്തിന് മുഖ്യമന്ത്രി വഴങ്ങുകയും ഫയൽ മേശപ്പുറത്തു വയ്ക്കുകയും ചെയ്തു. ഇത് നിയമസഭയിലെ എന്റെ ആദ്യത്തെ വിജയമായിരുന്നു. പ്രസ്തുത ഫയൽ പരിശോധിച്ചപ്പോൾ ഞാൻ പറഞ്ഞത് മുഴുവൻ ശരിയാണെന്ന് സ്ഥാപിക്കപ്പെട്ടു. ഈ സാഹചര്യത്തിൽ ഞാൻ ഇ.എം.എസിനെതിരെ അവകാശലംഘനത്തിന് നോട്ടീസ് നൽകി. പക്ഷേ ഇ.എം.എസിന്റെ പ്രസ്താവന മനഃപൂർവ്വമല്ലെന്ന് പറഞ്ഞ് സ്പീക്കർ അവകാശലംഘനമില്ലെന്ന് റൂൾ ചെയ്തു.

അടിസ്ഥാനരഹിതമായ കാര്യങ്ങളൊന്നും ഞാൻ നിയമസഭയിൽ പറഞ്ഞിട്ടില്ല. ഇത് അന്നുമിന്നുമുള്ള ശൈലിയാണ്. തെളിവുകളുടെ പിൻബലത്തിൽ മാത്രമാണ് ഞാൻ സംസാരിക്കാറുള്ളത്. നിയമ പുസ്തകങ്ങളും ഫയലുകളുടെയും തെളിവു രേഖകളുടെയും ഫോട്ടോസ്റ്റാറ്റുകളുമടങ്ങുന്ന ബ്രീഫ്കേസുമായാണ് ഞാൻ നിയമസഭയിൽ പോയിരുന്നത്. അന്നത്തെ എന്റെ ബ്രീഫ്കേസ് ഭരണകക്ഷിക്ക് തലവേദനയുണ്ടാക്കിയിരുന്നതായി മാധ്യമങ്ങൾ വിശേഷിപ്പിച്ചിരുന്നത് ഓർമ്മയിൽ വരുന്നു.

നിയമസഭയിൽ കോളിളക്കമുണ്ടാക്കിയ മറ്റൊരു സംഭവമായിരുന്നു എം.എൻ. ഗോവിന്ദൻ നായരും വക്കം പുരുഷോത്തമനും സ്വന്തം വീട്ടിൽ

താമസിച്ചുകൊണ്ട് മന്ത്രിമാർക്ക് അനുവദിക്കുന്ന വീട്ടുവാടക അലവൻസ് വാങ്ങിയതുമായി ബന്ധപ്പെട്ടുണ്ടായ വിവാദം. നിയമസഭയിൽ ഇതു സംബന്ധിച്ച് ഞാൻ കൊണ്ടുവന്ന ആക്ഷേപത്തെ തുടർന്ന് അവർ പ്രസ്തുത ആനുകൂല്യം വേണ്ടെന്ന് വച്ചു.

ഉദ്വേഗജനകമായ മറ്റൊരു സംഭവമായിരുന്നു ഡോക്ടർമാരുടെ സ്ഥലമാറ്റം സംബന്ധിച്ച് ബി.വെല്ലിംഗ്ടണിനെതിരെയും മൂപ്പിൽ നായരുടെ സ്വകാര്യ വനഭൂമിയിലെ മരം മുറിക്കാൻ അനുമതി നൽകിയതിനെപ്പറ്റി വനം മന്ത്രി എം.കെ. കൃഷ്ണനെതിരെയും ഞാൻ ഉന്നയിച്ച അഴിമതി ആരോപണങ്ങൾ. ഇ.എം.എസ് സർക്കാരിന്റെ ഭരണകാലയളവിലെ അവസാന നാളുകളിൽ മൃഗീയമായ ഭൂരിപക്ഷമുണ്ടായിരുന്ന ഇ.എം. എസ് മന്ത്രിസഭ ഘടക കക്ഷികളിലെ അഭിപ്രായ ഭിന്നതമൂലം ആടിഉലഞ്ഞു. പ്രതിപക്ഷത്തിന്റെ ശക്തമായ ആക്രമണത്തിൽ എട്ട് മന്ത്രിമാർക്കെതിരെയുള്ള ആരോപണങ്ങളിൽ അന്വേഷണം ഏർപ്പെടുത്തുവാൻ മുഖ്യമന്ത്രി നിർബന്ധിതനായി. ഈ ആരോപണങ്ങളെക്കുറിച്ച് അന്വേഷിക്കുവാൻ റിട്ട.ജഡ്ജി വേലു പിള്ളയെയും ജസ്റ്റിസ് എ.എം മുള്ളയെയും നിയോഗിച്ചു. തുടർന്ന് ആരംഭിച്ചു എന്റെ രണ്ടാം അങ്കം. ഇവർക്ക് മുമ്പിൽ ഒരഭിഭാഷകൻ എന്ന നിലയിൽ ഞാൻ ഹാജരായി സാക്ഷികളെ വിസ്തരിച്ച് തെളിവ് നൽകി വാദം നടത്തി. രണ്ട് കേസുകളിലും അനുകൂലമായ കോടതിവിധി സമ്പാദിക്കാൻ എനിക്ക് കഴിഞ്ഞു. ജെ.വേലു പിള്ള കമ്മീഷൻ അതിന്റെ റിപ്പോർട്ടിൽ നിയമസഭയിൽ ഉന്നയിച്ച ആരോപണങ്ങൾ തെളിയിക്കുന്നതിന് ഞാൻ പ്രകടിപ്പിച്ച പ്രതിബദ്ധതയെ അഭിനന്ദിച്ചുവെന്നത് ചാരിതാർത്ഥ്യജനകമായ കാര്യമാണ്.

എന്റെ ഓർമ്മകളിൽ അഭിമാനപൂർവ്വം നിറഞ്ഞു നിൽക്കുന്നത് ഞാൻ അവതരിപ്പിച്ച ബജറ്റുകളാണ്.



അച്യുതമേനോൻ മന്ത്രിസഭയിൽ അംഗമായിരിക്കെ 1976-77 വർഷത്തിലാണ് ആദ്യബജറ്റ് ഞാനവതരിപ്പിക്കുന്നത്. ഇതിന് ലഭിച്ച സാർവത്രികമായ അംഗീകാരം എനിക്ക് നൽകിയ പ്രചോദനം വർണ്ണനാതീതമാണ്. ഇതുമായി ബന്ധപ്പെട്ട് ഒരു പ്രാധാനകാര്യം പറയാനുണ്ട്. പ്ലാന്റേഷൻ ടാക്സിൽ നിന്നുളള ഒഴിവുപരിധി 1 ഹെക്ടറിൽ നിന്നും ഞാൻ 2 ഹെക്ടറാക്കി. ഇത്തരമൊരു നിർദ്ദേശത്തിന് കർഷകർക്കിടയിൽ വലിയ സ്വീകരണമാണ് ലഭിച്ചത്. ബജറ്റ് അവതരണത്തിന് തലേന്ന് പ്രസംഗത്തിന്റെ കരട് മുഖ്യമന്ത്രിയെ വായിച്ച് കേൾപ്പിച്ചപ്പോൾ ഒഴിവുപരിധി 2 ഹെക്ടറിൽ നിന്നും 1 ഹെക്ടറായി കുറവു ചെയ്തത് മുമ്പ് ധനകാര്യമന്ത്രിയായിരിക്കെ താനായിരുന്നുവെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഞാൻകൊണ്ടുവന്ന പുതിയ നിർദ്ദേശം അദ്ദേഹത്തിന്റെ മുൻനടപടിയെ നിരാകരിക്കുന്നതാണെന്നും പക്ഷേ അത് ധമന്ത്രിയുടെ പ്രിറോഗേറ്റീവ് ആയതിനാൽ താൻ അതിനോട് യോജിക്കുകയാണെന്നും അച്യുതമേനോൻ പറഞ്ഞത് എനിക്ക് മറക്കാനാവില്ല. ആ മഹാമനസ്കത ഇന്നും ഞാൻ ഓർക്കുന്നു.

ഞാൻ അവതരിപ്പിച്ച 1980-81 ബഡ്ജറ്റിലൂടെയാണ് ഇന്ത്യയിൽ ആദ്യമായി കർഷക തൊഴിലാളി പെൻഷൻ കൊണ്ടുവന്നത്. പതിവുപോലെ തലേന്ന് രാത്രി കരട് വായിച്ച് കേൾപ്പിക്കുമ്പോൾ മുഖ്യമന്ത്രിയായിരുന്ന ഇ.കെ.നായനാർ ഈ നിർദ്ദേശത്തെ മുക്തകണ്ഠം പ്രശംസിക്കുകയുണ്ടായി. പശ്ചിമബംഗാളിൽ പോലും ആലോചിക്കാത്ത ഒരു പദ്ധതിയാണ് ഇതെന്നും ഇത്തരത്തിലൊരു പദ്ധതി ആവിഷ്കരിക്കാൻ ഞാൻ കാണിച്ച താല്പര്യത്തെ അനുമോദിക്കുകയും ചെയ്തു അദ്ദേഹം.

ബജറ്റുമായി ബന്ധപ്പെട്ട് ഉണ്ടായ മറ്റൊരു സംഭവവും ഓർമ്മയിലെത്തുന്നു. 1986-87 ൽ ഞാൻ അവതരിപ്പിച്ചത് മിച്ച ബജറ്റ് ആയിരുന്നു. പക്ഷേ പാർലമെന്റിൽ ധനകാര്യസഹമന്ത്രി ശ്രീ.ജനാർദ്ദൻ പൂജാരി ഒരു ചോദ്യത്തിന് ഉത്തരമായി

**ബജറ്റിലെ നികുതി നിർദ്ദേശങ്ങളെല്ലാം നിർദ്ദിഷ്ട തീയതിയിൽ ഒരുമിച്ച് പ്രാബല്യത്തിൽ കൊണ്ടു വരുന്നതിന് ഫിനാൻസ് ബിൽ അവതരിപ്പിക്കുന്ന സമ്പ്രദായം കേരളത്തിൽ ആദ്യമായി കൊണ്ടു വന്നത് ഞാൻ ധനകാര്യമന്ത്രി യായിരിക്കുമ്പോഴാണ്. 1985-ൽ പാസ്സാക്കിയ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂ ആക്ട് മുഖേനയാണ് പ്രസ്തുത നടപടിക്ക് നിയമ പ്രാബല്യം നൽകപ്പെട്ടത്.**



കേരളത്തിന്റെ വർഷാവസാന കണക്ക് കമ്മിയാണെന്ന് പറയുകയുണ്ടായി. ഇപ്രകാരം തെറ്റായ ഒരു പ്രസ്താവന പാർലമെന്റിൽ ഉണ്ടായതിൽ എനിക്കു വേദന തോന്നി. ഇതേപ്പറ്റി പത്രപ്രവർത്തകർ എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ച് മാണിയുടെ ബജറ്റ് കമ്മിയാണോ മിച്ചമാണോ എന്ന് ചോദിച്ചപ്പോൾ കമ്മിയുമാകാം മിച്ചവുമാകാം എന്ന് അന്നത്തെ മുഖ്യമന്ത്രി കരുണാകരൻ മറുപടി പറഞ്ഞത് എന്നെ കൂടുതൽ വിഷമത്തിലാക്കി. ഉടൻ തന്നെ ഞാൻ റിസർവ് ബാങ്ക് ഗവർണർക്ക് ടെലക്സ് മെസ്സേജ് വഴി 31.03.1986 ൽ നിലവിലുള്ള കേരളത്തിന്റെ സാമ്പത്തിക സ്ഥിതി എത്രയെന്ന് ചോദിച്ച് മറുപടി വാങ്ങുകയുണ്ടായി. എല്ലാ സംസ്ഥാനങ്ങളുടെയും ട്രഷറി കണക്കുകൾ റിസർവ് ബാങ്കാണ് സൂക്ഷിക്കുന്നത്. 31.03.1986-ൽ കേരളത്തിനു നീക്കിയിരിപ്പ് 168 കോടി രൂപയാണെന്ന് 1986 മേയ് 15-ാം തീയതി റിസർവ് ബാങ്കിൽ നിന്ന് 55 (1) പി.എഫ്.ഐ/86-ാം നമ്പരായി അയച്ച കത്തിൽ വ്യക്തമാക്കി. ഇത് നിയമസഭയുടെ മേശപ്പുറത്തു വച്ചതോടെ എന്റെ ബഡ്ജറ്റിന്റെ ക്രെഡിബിലിറ്റി വർദ്ധിച്ചു.

ബജറ്റിലെ നികുതി നിർദ്ദേശങ്ങളെല്ലാം നിർദ്ദിഷ്ട തീയതിയിൽ ഒരുമിച്ച് പ്രാബല്യത്തിൽ കൊണ്ടു വരുന്നതിന് ഫിനാൻസ് ബിൽ അവതരിപ്പിക്കുന്ന സമ്പ്രദായം കേരളത്തിൽ ആദ്യമായി കൊണ്ടു വന്നത് ഞാൻ ധനകാര്യമന്ത്രിയാ യിരിക്കുമ്പോഴാണ്. 1985-ൽ പാസ്സാക്കിയ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ട് മുഖേനയാണ് പ്രസ്തുത നടപടിക്ക് നിയമ പ്രാബല്യം നൽകപ്പെട്ടത്.

ഇതുപോലെതന്നെ മറ്റൊരു സംഭവം എന്റെ ഓർമ്മയിൽ വരുന്നു. മലയോര കർഷകരുടെ കാര്യമാണത്. 1.1.1977 നു മുമ്പുള്ള മലയോര കർഷകർക്കെല്ലാം പട്ടയം നൽകുകയെന്നത് ഗവൺമെന്റിന്റെ പ്രഖ്യാപിത നയമായിരുന്നു. കുടിയേറ്റകർഷകരുടെ കൈവശഭൂമിക്ക് കേന്ദ്ര വനസംരക്ഷണ നിയമം 2-ാം വകുപ്പിൻ പ്രകാരം കേന്ദ്രാനുമതി ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ അപേക്ഷിച്ചു. തുടർന്ന് വനം-പരിസ്ഥിതി വകുപ്പുമന്ത്രി കമൽനാഥ് നെടുംകണ്ടം ടിബിയിൽ വന്നു. മുഖ്യമന്ത്രി കരുണാകരന്റെയും റവന്യൂമന്ത്രിയായിരുന്ന എന്റെയും റവന്യൂ-വനം ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ ഫയലിൽ ഒപ്പിട്ട് നിർദ്ദിഷ്ട അനുമതി നൽകുകയും പത്രക്കാരോട് ഇക്കാര്യം പ്രഖ്യാപിക്കുകയും ചെയ്യുകയുണ്ടായി. എല്ലാവരും സന്തോഷിച്ചു. പക്ഷേ അദ്ദേഹം ഡൽഹിയിൽ മടങ്ങിയെത്തി അടുത്ത ദിവസം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ നിന്ന് വിചിത്രമായ ഒരു കത്ത് സംസ്ഥാനത്തിനു ലഭിച്ചു. നിയമപരമായ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടുള്ള അനുമതി ഉത്തരവ് ഉണ്ടായിട്ടില്ലെന്നും അതിനുവിരുദ്ധമായി പട്ടയം നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ പ്രോസിക്യൂഷൻ നടപടി എടുക്കുമെന്നുമായിരുന്നു അറിയിപ്പ്. ഇത് സർക്കാരിന് ആക്ഷേപം വരുത്തിവച്ചു. സി.പി.ഐ മെമ്പർ ശ്രീ.സി.കെ.ചന്ദ്രപ്പൻ ഈ വാർത്ത നിയമസഭയിൽ ഉന്നയിച്ചപ്പോൾ സർക്കാർ യഥാർത്ഥത്തിൽ വെട്ടിലായി. കമൽനാഥ് നൽകിയതു കള്ളപട്ടയ അനുമതിയാണെന്നും വ്യാജ പ്രസ്താവന നടത്തിയതിനെതിരെ നടപടിയെടുക്കണമെന്നും വരെ അദ്ദേഹം വിമർശിച്ചു. തുടർന്ന് ഞാൻ ഡൽഹിയിൽ പോയി ഏതാനും ദിവസങ്ങൾ ക്യാമ്പു ചെയ്യുകയും കേന്ദ്ര മന്ത്രിയേയും ഉദ്യോഗസ്ഥരെയും കണ്ട് കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തിയും നടപടിക്രമങ്ങൾ പൂർത്തീകരിച്ച് യഥാർത്ഥ ഉത്തരവ് സമ്പാദിക്കുകയും പ്രസ്തുത രേഖ നിയമസഭയുടെ മേശപ്പുറത്തുവയ്ക്കുകയും ചെയ്തതോടെ വിവാദം കെട്ടടങ്ങി. ഗവൺമെന്റിന്റെ ക്രഡിബിലിറ്റി വീണ്ടെടുക്കുകയും ചെയ്തു.

ഒരഭിഭാഷകനായി പൊതുജീവിതം ആരംഭിച്ച എന്നെ അഭിഭാഷകവൃത്തി നിയമനിർമ്മാണത്തിൽ ഒരുപാട് സഹായിച്ചിട്ടുണ്ടെന്ന് പറയാതിരിക്കാനാവില്ല. ആഭ്യന്തരവും ധനകാര്യവും മുതൽ ഭവന നിർമ്മാണം വരെയുള്ള മിക്കവാറും വകുപ്പുകളിൽ മന്ത്രിയായിരിക്കുവാൻ അവസരം ലഭിച്ചത് ധാരാളം അനുഭവങ്ങൾ സമ്മാനിച്ചു. ആഭ്യന്തരമന്ത്രിയായിരിക്കെ രാജൻ കേസിൽ ഉന്നതരായ ഏതാനും പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യേണ്ട ദു:ഖകരമായ സാഹചര്യവും എനിക്കുണ്ടായി. എന്റെ ഓർമ്മയിൽ നിന്ന് മാഞ്ഞുപോകാത്ത ഒരു സംഭവമാണ് അഭിഭാഷക ക്ഷേമനിധിയുടെ പ്രഖ്യാപനം. കേരള നിയമസഭ പുരോഗമനപരമായ ഒട്ടനവധി നിയമനിർമ്മാണങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുണ്ട്. കയർ, കശുവണ്ടി, കൈത്തറി തൊഴിലാളികൾക്ക് ക്ഷേമനിധിയും മറ്റാനുകൂല്യങ്ങളും പ്രഖ്യാപിച്ച നിയമസഭയിൽ അഭിഭാഷകർക്കും ഒരു ക്ഷേമനിധി രൂപീകരിക്കുവാനുള്ള നിയമവുമായി കടന്നുവന്ന എന്റെ നേരെ പലരും പുരികമുയർത്തി. പക്ഷെ ഒരു അഭിഭാഷകനായിരുന്ന എനിക്ക് അഭിഭാഷക വർഗ്ഗത്തിന്റെ പ്രശ്നങ്ങൾ ബോദ്ധ്യമായിരുന്നു. എന്തുംവരട്ടെ എന്ന് കരുതി അതിലേയ്ക്കു ധീരമായ നടപടി സ്വീകരിച്ചത് ഈ വിഭാഗത്തിന് വലിയൊരനുഗ്രഹമായി. തുടർന്ന് വക്കീൽ ക്ലാർക്കുമാർക്കും ഒരു ക്ഷേമനിധി ഏർപ്പെടുത്തുവാൻ കഴിഞ്ഞത് എനിക്ക് വളരെയേറെ ചാരിതാർത്ഥ്യജനകമായി.

ഭരണരംഗത്ത് ഞാൻ കൊണ്ടുവന്ന തിളക്കമേറിയ ഒരു പരിപാടിയായിരുന്നു വെളിച്ച വിപ്ലവം.വൈദ്യുതി വകുപ്പിന്റെ ചുമതല ഇടവേളയിൽ എനിക്ക് ലഭിച്ചപ്പോൾ പ്രഖ്യാപിച്ചതാണ് വൈദ്യുതി ചെന്നെത്താത്ത വീടുകളിലും പ്രദേശങ്ങളിലും വെളിച്ചമെത്തിക്കുക എന്ന ഈ പരിപാടി. ഉദ്യോഗസ്ഥരെയും ഗുണഭോക്താക്കളെയും അണിനിരത്തി ഒരു വലിയ ജനകീയ പരിപാടിക്ക് രൂപംകൊടുത്ത് സംസ്ഥാന വ്യാപകമായി നടപ്പിലാക്കിയ വെളിച്ച വിപ്ലവപരിപാടിയുടെ ഫലമായി പതിനായിരക്കണക്കിന് ചെറ്റക്കുടിലുകളിൽ സൗജന്യമായി പ്രകാശമെത്തി. വളരെയേറെ ഗ്രാമങ്ങളിലും, മലയോരങ്ങളിലും വൈദ്യുത ലൈൻ സ്ഥാപിക്കപ്പെട്ടു.

കേരളത്തിന്റെ പതിനാല് ജില്ലകളിലുമായി നടത്തപ്പെട്ട റവന്യൂ സർവ്വേ അദാലത്തുകളും താലൂക്ക്, വില്ലേജ് സഭകളും സാധാരണക്കാർക്ക് ആശ്വാസം പകർന്ന ജനകീയ പരിപാടികളായിരുന്നു. നിയമപരിഷ്കരണ കമ്മിറ്റിയുടെ ചെയർമാനെന്ന നിലയിൽ നിരവധി നിയമനിർമ്മാണങ്ങൾ നടത്താനും കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദ് ചെയ്യാനും കഴിഞ്ഞു. മന്ത്രിയായി ദീർഘകാലം പ്രവർത്തിച്ചതിനിടയിൽ വളരെയേറെ ബില്ലുകൾ പൈലറ്റ് ചെയ്യുവാൻ എനിക്ക് അവസരം ലഭക്കുകയുണ്ടായി. നിയമ, റവന്യൂ വകുപ്പുകൾ സമ്പൂർണ്ണമായി കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും ആധുനീകരിക്കുന്നതിനും ഞാൻ നടപടിയെടുക്കുകയുണ്ടായി.

എന്നാൽ എന്റെ മനസ്സിനെ വിഷമിപ്പിച്ച ചില സംഭവങ്ങളും 41 വർഷം നീണ്ടുനിൽക്കുന്ന എന്റെ നിയമസഭാ ജീവിതത്തിലുണ്ടായിട്ടുണ്ട്. മതികെട്ടാൻ, ഗ്രാഫൈറ്റ് തുടങ്ങിയ വിവാദങ്ങളായിരുന്നു അവ. വൈദ്യുതി മന്ത്രിയായിരുന്ന

**ആരെയും ദ്രോഹിച്ചിട്ടില്ല. ആരോടും പകയുമില്ല. പരാതിയുമില്ല. എല്ലാവരോടും സൗഹൃദം പുലർത്തുകയും എല്ലാവരുടെയും നന്മയും സന്തോഷവും ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു വ്യക്തിമാത്രമാണ് ഞാൻ. തിരിഞ്ഞു നോക്കുമ്പോൾ സംതൃപ്തി മാത്രം.**

ആർ. ബാലകൃഷ്ണപിള്ള രാജിവയ്ക്കേണ്ടിവന്ന ഒഴിവിൽ ചുരുങ്ങിയ കാലം പ്രസ്തുത വകുപ്പിന്റെ ചുമതല എനിക്ക് വഹിക്കേണ്ടിവന്നു. അതുകൊണ്ട് ആർ.ബാലകൃഷ്ണപിള്ള പ്രതിയായ ചാർജ്ജ് ചെയ്യപ്പെട്ടിരുന്ന കേസ്സിൽ എന്നെക്കൂടി പ്രതി ചേർക്കുന്നതിനുള്ള ശ്രമം സർക്കാർ നടത്തുകയുണ്ടായി. തൽഫലമായി എന്നെക്കൂടി പ്രതിവർഗ്ഗത്തിൽ ഉൾപ്പെടുത്തുവാൻ കേസ്സ് പുനരന്വേഷണത്തിന് വിടണമെന്ന് കാണിച്ചുകൊണ്ട് പ്രോസിക്യൂഷൻ മുഖേന വിജിലൻസ് കോടതിയിൽ അപേക്ഷ നൽകുകയും പ്രസ്തുത കോടതി അതിന് അനുമതി നൽകുകയുമുണ്ടായി. വിജിലൻസ് ഉദ്യോഗസ്ഥർ നടത്തിയ പുനരന്വേഷണത്തിൽ ഞാൻ കുറ്റക്കാരനല്ലായെന്നും എനിക്ക് അതിൽ യാതൊരു ബന്ധവുമില്ലെന്ന് കാണുകയും അതനുസരിച്ച് റിപ്പോർട്ട് കോടതിയിൽ ഫയൽ ചെയ്യുകയുമുണ്ടായി. എന്നിട്ടും എന്നെ പ്രതിസ്ഥാനത്ത് ചേർക്കണമെന്ന് പ്രോസിക്യൂട്ടർ ശഠിച്ചു. കോടതി അതനുവദിച്ചു. ഞാൻ ഹൈക്കോടതിയെ സമീപിച്ചു. ഹൈക്കോടതി ഞാൻ കുറ്റക്കാരനല്ലെന്ന് കണ്ടു. ഇത് സുപ്രീം കോടതിയും ശരിവെച്ചു.

പക്ഷേ ഇതിനിടയിൽ എന്റെ മനസ്സിൽ മുറിപ്പാടുകളുണ്ടാക്കിയ ഒരു സംഭവമുണ്ടായി. ഞാൻ എന്റെ മകനെപ്പോലെ കരുതി രാഷ്ട്രീയ രംഗത്ത് വളർത്തിയെടുത്ത ഒരു വ്യക്തി നാടകീയമായി എറണാകുളത്ത് ഒരു പത്രസമ്മേളനം വിളിച്ചുകൂട്ടി അഴിമതി കേസ്സിലെ പ്രതിയായ ഞാൻ മന്ത്രിസ്ഥാനം രാജിവയ്ക്കണമെന്ന് പരസ്യമായി ആവശ്യപ്പെട്ടു. തന്നെ താനാക്കിയ രാഷ്ട്രീയകക്ഷിയെ ഉപേക്ഷിച്ച് പുതിയ മേച്ചിൽ സ്ഥലങ്ങൾ കണ്ടെത്തി സ്ഥാനമാനങ്ങൾ ഉറപ്പിക്കുവാനുള്ള വ്യഗ്രതയിൽ ബോധപൂർവ്വം നടത്തിയ ഒരു പ്രസ്താവനയായിരുന്നു അത്. പക്ഷേ അത് പ്രസിദ്ധീകരിക്കപ്പെട്ട ദിവസം തന്നെ ഗ്രാഫൈറ്റ് ഇടപാടുമായി എനിക്ക് യാതൊരു ബന്ധവുമില്ലെന്ന് പ്രഖ്യാപിച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധി പുറത്തുവന്നത് ഒരു ദൈവനിയോഗമായി ഞാൻ കരുതുന്നു.

ഇതുപോലെയായിരുന്നു മതികെട്ടാൻ സംഭവമുണ്ടായത്. മതികെട്ടാനിൽ കൈയ്യേറ്റം നടക്കുന്നു എന്ന വിവരം എന്റെ ശ്രദ്ധയിൽപ്പെട്ടയുടനെ തന്നെ ഞാൻ സ്ഥലം സന്ദർശിക്കുകയും മുഴുവൻ ആളുകളെയും ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തു. മതികെട്ടാനിൽ കൈയ്യേറ്റം നടത്തിയത് എന്റെ ബന്ധുക്കളും പാർട്ടിക്കാരുമാണെന്ന് വരുത്തിത്തീർക്കുവാൻ പ്രതിപക്ഷം കൊണ്ടുപിടിച്ച ശ്രമങ്ങൾ നടത്തി. സീസറിന്റെ ഭാര്യ സംശയത്തിന് അതീതയായിരിക്കണം. കാര്യങ്ങളെല്ലാം സുതാര്യമാകട്ടെയെന്നു കരുതി ഞാൻ ഒരു തീരുമാനം എടുത്തു. മതികെട്ടാൻ ഭൂമി റവന്യൂവകുപ്പിലിരിക്കണ്ട. എനിക്ക് നിക്ഷിപ്ത താല്പര്യങ്ങളൊന്നുമില്ല. അത് വനംവകുപ്പിന് കൈമാറാം. അപ്പോൾ ആർക്കും പരിശോധിക്കാം. വസ്തുതയും സത്യവും മനസ്സിലാക്കാം. തീരുമാനം ഞാൻ നിയമസഭയിൽ പ്രസ്താവിച്ചു. വെള്ളിടിപോലെ എല്ലാവരും ശ്രവിച്ചു. തുടർന്ന് ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടും വന്നു. കൈവശക്കാരുടെ ലിസ്റ്റ് പുറത്തിറങ്ങി. അതിൽ ബന്ധുക്കളോ പാർട്ടിക്കാരോ ആരുമില്ല. അങ്ങനെ ആ നാടകത്തിന്റെ യവനിക വീണു. കൈയേറിയവരിൽ എന്റെ ബന്ധുക്കളുണ്ടെന്ന് ആരോപണം ഉന്നയിച്ചവർക്ക് പിന്നീട് കോടതിയുടെ ശിക്ഷവരെ ഏറ്റുവാങ്ങേണ്ടി വന്ന കാര്യം രസകരമാണ്.

സുനാമിയെ സംബന്ധിച്ച് പറയുമ്പോൾ അന്നത്തെ സർക്കാർ സ്തുത്യർഹമായ പ്രവർത്തനങ്ങളാണ് കാഴ്ച വച്ചത്. സുനാമിക്ക് കേന്ദ്രത്തിൽ നിന്നും ലഭിച്ച സഹായം ബജറ്റ് വഴി അതാത് ജില്ലാ കളക്ടർമാർക്ക് വീതിച്ചു നൽകുകയാണുണ്ടായത്. അവരുടെ നടപടി ആഡിറ്റ് ചെയ്തതിൽ സി&എ. ജി പോലും യാതൊരു അപാകതയും കണ്ടില്ല. അന്ന് ഞങ്ങളുടെ സർക്കാർ








ആവിഷ്കരിച്ച 1441 കോടിയുടെ സുനാമി പുനരുദ്ധാരണപദ്ധതി തുടർന്നു വന്ന സർക്കാരിന് നാളിതുവരെ നടപ്പിലാക്കാൻ പോലും കഴിഞ്ഞിട്ടില്ല.

കഴിഞ്ഞ പതിനൊന്ന് തിരഞ്ഞെടുപ്പിൽ തുടർച്ചയായി വിജയിക്കുകയും നാല് പതിറ്റാണ്ടിലേറെയായി നിയമസഭാ സാമാജികനായി പ്രവർത്തിക്കുകയും ദീർഘകാലം മന്ത്രിയായിരിക്കുകയും ചെയ്ത ഒരു വ്യക്തിയെന്ന നിലയിൽ വളരെയേറെ അനുഭവങ്ങൾ പങ്കുവയ്ക്കുവാൻ എനിക്കുണ്ടെങ്കിലും അതെല്ലാം വിസ്തരിക്കുവാൻ സ്ഥല പരിമിതി കൊണ്ട് സാധിക്കുന്നില്ല. ഏതാനും കാര്യങ്ങൾ ഓർത്തുവെന്നുമാത്രം.

ഇതിലേറെ എനിക്ക് കരുത്തും ആത്മവിശ്വാസംവും പകർന്നു തന്നത് കഴിഞ്ഞ നാല് പതിറ്റാണ്ടു കാലത്തെ കേരള കോൺഗ്രസ്സിന്റെ സംഭവബഹുലമായ ചരിത്രത്തിൽ അടിപതറാതെയും തളർന്നു വീഴാതെയും ഒരു സംസ്ഥാന പാർട്ടിയെ നിലനിർത്തുകയും വളർത്തിയെടുക്കുകയും ചെയ്ത മഹായജ്ഞത്തിൽ നിർണായകമായ പങ്കും നേതൃത്വവും നൽകുവാൻ കഴിഞ്ഞു എന്നതാണ്. ആരെയും ദ്രോഹിച്ചിട്ടില്ല. ആരോടും പകയുമില്ല. പരാതിയുമില്ല. എല്ലാവരോടും സൗഹൃദം പുലർത്തുകയും എല്ലാവരുടെയും നന്മയും സന്തോഷവും ആഗ്രഹിക്കുകയും ചെയ്യുന്ന ഒരു വ്യക്തിമാത്രമാണ് ഞാൻ. തിരിഞ്ഞു നോക്കുമ്പോൾ സംതൃപ്തി മാത്രം.

ഇന്നും നിയമസഭ എനിക്ക് പാഠശാലയാണ്. നിയമസഭയിലെ ഓരോ ദിവസവും എനിക്ക് പുതിയ ദിവസമാണ്. പുതുമയുള്ള മനസ്സുമായാണ് ഞാൻ ഓരോ ദിവസവും സഭയിലെത്തുന്നത്. അതുകൊണ്ടുതന്നെ കേരള നിയമസഭയിലെ ഓരോ നിമിഷവും എനിക്ക് സന്തോഷകരമായ ഒരു അനുഭൂതിയാണ്.

കേരള നിയമസഭ
കെ.എം.മാണി
ധന്യസ്മൃതി



# നിയമസഭയിൽ അമ്പതു വർഷങ്ങൾ

**കെ.എം. മാണി**

നിയമസഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരണമായ 'സാമാജികനിൽ' (2018) പ്രസിദ്ധീകരിച്ച ലേഖനം

ഇഎം.എസിന്റെ നേതൃത്വത്തിൽ 117 പേരുടെ പിന്തുണയുള്ള സർവ്വകക്ഷി മന്ത്രിസഭയുടെ കാലത്താണ് ഞാൻ നിയമസഭയിലെത്തിയത്. ഇ.എം.എസ്, എം.എൻ.ഗോവിന്ദൻ നായർ, ടി.വി. തോമസ്, കെ.ആർ ഗൗരിയമ്മ, ടി.കെ. ദിവാകരൻ, ബേബി ജോൺ തുടങ്ങിയ അതികായൻമാർ നിറഞ്ഞിരുന്ന സഭ. കെ.കരുണാകരന്റെ നേതൃത്വത്തിൽ ഒൻപത് പേരും കെ.എം.ജോർജിന്റെ നേതൃത്വത്തിൽ ഞാനുൾപ്പെടെ അഞ്ചുപേരും മാത്രം പ്രതിപക്ഷത്ത്. എന്നാൽ അതികായൻമാരായ ഭരണകക്ഷിയംഗങ്ങളെ പൊതുവെ ദുർബലരെന്നു തോന്നിച്ച പ്രതിപക്ഷം സഭയുടെ അകത്തളത്തിൽ മുട്ടുകുത്തിച്ചു.

1967 മാർച്ച് 20 നായിരുന്നു നിയമസഭയിലെ എന്റെ കന്നിപ്രസംഗം. നന്ദിപ്രമേയ ചർച്ചയിൽ എതിർത്തുകൊണ്ടാണ് ഞാൻ സംസാരിച്ചത്.

സി.സി.കുഞ്ഞൻ കേസ് ഓർമയിൽ ഒളിമങ്ങാതെ നിൽക്കുന്നു. അഴിമതിക്കുറ്റം ആരോപിച്ചാണ് സി.സി.കുഞ്ഞനെ സർവ്വീസിൽ നിന്നും സർക്കാർ ഡിസ്മിസ് ചെയ്തത്. കുഞ്ഞനെ സർവ്വീസിൽ തിരിച്ചെടുത്തതിനെയാണ് ഞാൻ നിയമസഭയിൽ ചോദ്യം ചെയ്തത്. എന്നാൽ മുഖ്യമന്ത്രി ഇ.എം.എസ് കുഞ്ഞനെ ഡിസ്മിസ് ചെയ്തിട്ടില്ലെന്ന് വാദിച്ചു. ഒടുവിൽ എന്റെ ആവശ്യം അംഗീകരിച്ച് ബന്ധപ്പെട്ട ഫയൽ മേശപ്പുറത്ത് വച്ചു. ഫയൽ പരിശോധിച്ചപ്പോൾ കുഞ്ഞനെ ഡിസ്മിസ് ചെയ്തതാണെന്ന് മനസിലാക്കി. ഇ.എം.എസിനെതിരെ അവകാശലംഘനത്തിന് നോട്ടീസ് നൽകിയെങ്കിലും മുഖ്യമന്ത്രിയുടെ പ്രസ്താവന മനഃപൂർവ്വമല്ലെന്ന് കണ്ട് സ്പീക്കർ നിരാകരിച്ചു.

നിയമസഭയിൽ കോളിളക്കമുണ്ടാക്കിയ മറ്റൊരു സംഭവമായിരുന്നു മന്ത്രിമാരായ വക്കം പുരുഷോത്തമനും എം.എൻ. ഗോവിന്ദൻനായരും സ്വന്തം വീട്ടിൽ താമസിച്ച് മന്ത്രി മന്ദിരങ്ങൾക്ക് ലഭിക്കുന്ന വീട്ടുവാടക ഈടാക്കിയ സംഭവം. നിയമസഭയിൽ ഇത് സംബന്ധിച്ച് ഞാൻ കൊണ്ടുവന്ന ആക്ഷേപത്തെ തുടർന്ന് ഇവർ ആനുകൂല്യങ്ങൾ വേണ്ടെന്നുവച്ചു. ഡോക്ടർമാരുടെ സ്ഥലംമാറ്റം സംബന്ധിച്ച് മന്ത്രി ബി.വെല്ലിംഗ്ടണിനെതിരെയും മൂപ്പീൽനായരുടെ സ്വകാര്യവനഭൂമിയിലുള്ള മരംമുറിക്കൽ അനുമതി നൽകിയതിനെതിരെ മന്ത്രി എം.കെ.കൃഷ്ണനെതിരെയും ഉന്നയിച്ച അഴിമതി ആരോപണങ്ങളും ശ്രദ്ധേയമായിരുന്നു.

കേരള നിയമസഭ എന്നെ സംബന്ധിച്ചിടത്തോളം ഒരു പാഠശാലയാണ്. നന്നായി വർക്കൗട്ട് ചെയ്യാതെ ഞാൻ സഭയിലെത്താറില്ല. തെളിവുസഹിതം മാത്രമേ സഭയിൽ സംസാരിക്കുകയുള്ളൂ. സഭാപ്രസംഗം ഗൗരവമേറിയതായിരിക്കണമെന്നും പഠിച്ചുമാത്രം പറയേണ്ട സ്ഥലമാണ് സഭയുടെ അകത്തളമെന്നും ഞാൻ കരുതുന്നു. ഓരോ തവണ പാലായിൽ നിന്നും ജയിക്കുമ്പോഴും എന്റെ ഉത്തരവാദിത്വം വർദ്ധിക്കുന്നു. സഭ ജനാധിപത്യത്തിന്റെ ശ്രീകോവിലാണ്. അവിടെ നടത്തുന്ന ഓരോ ഇടപെടലും അക്കൗണ്ടബിളാണ്.

സംസ്ഥാന ബജറ്റ് എന്നെ സംബന്ധിച്ചിടത്തോളം

**കർഷകത്തൊഴിലാളി പെൻഷൻ നടപ്പിലാക്കിയതാണ് ഏറ്റവും പ്രധാനം. കർഷകത്തൊഴിലാളികൾക്ക് പ്രതിമാസം 45 രൂപ നിരക്കിൽ പെൻഷൻ അനുവദിച്ചു. ഇതിനായി 7.5 കോടി രൂപ വകയിരുത്തി. മൂന്നാമത്തെ ബജറ്റിലാണ് സംസ്ഥാന ജീവനക്കാർക്ക് ഫുൾപെൻഷൻ ലഭിക്കുന്നതിനുള്ള സർവീസ് കാലാവധിയുടെ ദൈർഘ്യം കുറച്ചത്.**

സംസ്ഥാനത്തിന്റെ വരവ്-ചെലവ് കണക്ക് മാത്രമല്ല. ധനകാര്യ മന്ത്രിയായി പ്രവർത്തിക്കാൻ അവസരം ലഭിച്ചപ്പോഴൊക്കെ എന്നെ ഞാനാക്കിയ കേരളത്തിലെ ജനങ്ങളെ എങ്ങനെയെല്ലാം സഹായിക്കാം എന്നാണ് ചിന്തിച്ചിട്ടുള്ളത്. അശരണരായ ഒരു വലിയ വിഭാഗം ജനങ്ങൾക്ക് ആശയുടെ കൈത്തിരി പകർന്നു നൽകാനുള്ള ഉദ്യമമായിരുന്നു എന്റെ ബജറ്റുകൾ. 1976-77 ലാണ് ഞാനാദ്യമായി ബജറ്റ് അവതരിപ്പിച്ചത്. അതിൽ പത്തിലധികം ധനസഹായ-പെൻഷൻ പദ്ധതികൾ ഉൾപ്പെടുത്തിയിരുന്നു. സ്വന്തമായി വരുമാനമില്ലാത്ത അഗതികൾക്കുള്ള ധനസഹായം പ്രതിമാസം 20 രൂപയിൽ നിന്നും 40 രൂപയാക്കി ഉയർത്തിയത് പ്രസ്തുത ബജറ്റിലാണ്. സർക്കാർ ജീവനക്കാർക്ക് നിർബന്ധിത ഇൻഷ്വറൻസ്, അഭിഭാഷകർക്ക് ക്ഷേമനിധി, കുഷ്ഠരോഗികൾക്കും കാൻസർ രോഗികൾക്കും ധനസഹായം തുടങ്ങിയ പദ്ധതികൾക്കും രൂപം കൊടുത്തു.

പാവപ്പെട്ടവർ താമസിക്കുന്ന കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ തീരുമാനിച്ചത് രണ്ടാമത്തെ ബജറ്റിലാണ്. സംയോജിത ഗ്രാമവികസന പദ്ധതികൾ സംസ്ഥാനത്തുടനീളം നടപ്പിലാക്കി.

കർഷകത്തൊഴിലാളി പെൻഷൻ നടപ്പിലാക്കിയതാണ് ഏറ്റവും പ്രധാനം. കർഷകത്തൊഴിലാളികൾക്ക് പ്രതിമാസം 45 രൂപ നിരക്കിൽ പെൻഷൻ അനുവദിച്ചു. ഇതിനായി 7.5 കോടി രൂപ വകയിരുത്തി. മൂന്നാമത്തെ ബജറ്റിലാണ് സംസ്ഥാന ജീവനക്കാർക്ക് ഫുൾപെൻഷൻ ലഭിക്കുന്നതിനുള്ള സർവീസ് കാലാവധിയുടെ ദൈർഘ്യം കുറച്ചത്. അഞ്ചേക്കറിൽ താഴെ കൃഷിഭൂമിയുള്ള കർഷകരുടെ കാർഷിക വായ്പയിൽ പലിശ തുകയുടെ 75 ശതമാനം ഇളവ് നൽകി. പരമ്പരാഗത കയർ-കൈത്തറി-കശുവണ്ടി തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിച്ചു.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് വായ്പാസബ്സിഡി നൽകിയത് ഓർമ്മയിലെത്തുന്നു. വിവിധ ക്ഷേമപെൻഷനുകൾ കാലാകാലങ്ങളിൽ വർദ്ധിപ്പിച്ചു. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുന്ന സ്ത്രീകളുടെ കുട്ടികൾക്ക് വിദ്യാലയവർഷാരംഭം യൂണിഫോമും പുസ്തകങ്ങളും നൽകി. അംഗനവാടി പ്രവർത്തകരുടെയും സാക്ഷരതാ മിഷൻ പ്രവർത്തകരുടെയും വേതനം പരിഷ്കരിച്ചു. ഭർത്താവ് മരിച്ച സ്ത്രീകളുടെ മക്കൾക്കായി മംഗല്യനിധി എന്ന പദ്ധതി പ്രഖ്യാപിക്കാൻ കഴിഞ്ഞു.

കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയാണ് ബജറ്റിലെ ചാരിതാർത്ഥ്യജനകമായ പ്രഖ്യാപനം. അഗതികൾക്ക് പെൻഷൻ, രോഗികൾക്ക് ധനസഹായം, പാവപ്പെട്ടവർക്ക് നിയമസഹായം, അഭിഭാഷക ക്ഷേമനിധി, സർക്കാർ ജീവനക്കാർക്ക് നിർബന്ധിത ഇൻഷ്വറൻസ്, കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം, ചെറുകിട കർഷകർക്ക് കടാശ്വാസം, യുവജനങ്ങൾക്ക് സ്വയംതൊഴിൽ നൽകാൻ പലിശരഹിത വായ്പ, വക്കീൽ ഗുമസ്തന്മാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിങ്ങനെ നിരവധി ക്ഷേമപദ്ധതികൾ ബജറ്റുകളിൽ അവതരിപ്പിക്കാൻ കഴിഞ്ഞു. സംസ്ഥാനത്തിന്റെ മുഖഛായ മാറ്റിയ കൊച്ചി മെട്രോ, സ്മാർട്ട്സിറ്റി, വിഴിഞ്ഞം തുറമുഖം, കണ്ണൂർ വിമാനത്താവളം തുടങ്ങിയ പദ്ധതിക്ക് പിൻബലമേകാൻ കഴിഞ്ഞതും ബജറ്റിലെ കരുതൽ തന്നെയാണ്.


അച്യുതമേനോൻ മന്ത്രിസഭയിൽ അംഗമായിരിക്കെയാണ് ആദ്യത്തെ ബജറ്റ് അവതരിപ്പിച്ചത്. 1976-77 ലായിരുന്നു ഇത്. 1986-87-ൽ ഞാൻ അവതരിപ്പിച്ചത് മിച്ച ബജറ്റായിരുന്നു. പക്ഷേ പാർലമെന്റിൽ ധനകാര്യ




സഹമന്ത്രിയായിരുന്ന ജനാർദ്ദനൻ പൂജാരി ഒരു ചോദ്യത്തിന് ഉത്തരമായി കേരളത്തിന്റെ വർഷാവസാന കണക്ക് കമ്മിയാണെന്ന് പറഞ്ഞത് എന്നിൽ ദു:ഖമുളവാക്കി. എറണാകുളം ഗസ്റ്റ്ഹൗസിൽ മാധ്യമങ്ങളെ കണ്ടപ്പോൾ മുഖ്യമന്ത്രി കെ.കരുണാകരൻ, മാണിയുടെ ബജറ്റ് കമ്മിയുമാകാം, മിച്ചവുമാകാം എന്ന് പറഞ്ഞത് കൂടുതൽ ദു:ഖത്തിനിടയാക്കി. ഞാൻ റിസർവ് ബാങ്ക് ഗവർണർക്ക് 31.03.1986 ൽ നിലവിലുള്ള സാമ്പത്തിക സ്ഥിതി എത്രയാണെന്ന് ചോദിച്ച് കത്തയച്ച് മറുപടി വാങ്ങി. എല്ലാ സംസ്ഥാനങ്ങളുടെയും ട്രഷറി കണക്കുകൾ റിസർവ് ബാങ്കാണ് സൂക്ഷിക്കുന്നത്. 31.03.1986 ൽ കേരളത്തിന്റെ നീക്കിയിരുപ്പ് 168 കോടി രൂപയാണെന്ന് 1986 മേയ് 15 ന് 55 (1) പി.എഫ്.ഐ 86-ാം നമ്പരായി റിസർവ് ബാങ്ക് അറിയിച്ചു. ഇത് നിയമസഭയിൽ സമർപ്പിച്ചതോടെ ബജറ്റിന്റെ ക്രെഡിബിലിറ്റി വർദ്ധിച്ചു.

ബജറ്റിലെ നികുതി നിർദ്ദേശങ്ങൾ നിർദ്ദിഷ്ട തീയതിയിൽ ഒരുമിച്ച് പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് ഫിനാൻസ് ബിൽ സമ്പ്രദായം കേരളത്തിലാദ്യമായി കൊണ്ടുവന്നത് ഞാൻ ധനമന്ത്രിയായിരിക്കെയാണ്. 1985 ൽ പാസാക്കിയ കേരള പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ട് മുഖേനയാണ് പ്രസ്തുത നടപടിക്ക് തുടക്കം കുറിച്ചത്.

അഭിഭാഷകനായി പൊതുജീവിതം ആരംഭിച്ച എന്നെ സംബന്ധിച്ചിടത്തോളം നിയമനിർമ്മാണങ്ങൾ നിർവ്വഹിക്കാൻ അഭിഭാഷകവൃത്തി ഏറെ സഹായിച്ചിട്ടുണ്ട്. കേരളനിയമസഭയിൽ പുരോഗമനപരമായ ഒട്ടനവധി നിയമനിർമ്മാണങ്ങൾക്ക് തുടക്കം കുറിക്കാൻ കഴിഞ്ഞു. ഇക്കാര്യത്തിൽ മറ്റ് നിയമസഭകൾക്കൊക്കെ കേരളനിയമസഭ മാതൃകയായി തീർന്നിട്ടുണ്ട്.





# കേരളത്തിനൊരു മിച്ച ബജറ്റോ ?

കെ.എം. മാണി

നിയമസഭാ സെക്രട്ടേറിയറ്റ് പ്രസിദ്ധീകരണമായ 'സാമാജികനിൽ'(2015) പ്രസിദ്ധീകരിച്ച ലേഖനം

1986-87. അക്കൊല്ലമാണ് ഒരു പക്ഷേ കേരള ചരിത്രത്തിലാദ്യമായി നിയമസഭയിൽ ഒരു മിച്ച ബജറ്റ് അവതരിപ്പിച്ചത്. ഇന്ത്യയിൽ തന്നെ ആദ്യമാകാം. 166 കോടി രൂപയുടെ മിച്ച ബജറ്റാണ് ഞാൻ സഭയിൽ അവതരിപ്പിച്ചത്. അന്ന് ജനാർദ്ദൻ പൂജാരി ആയിരുന്നു കേന്ദ്ര ധനമന്ത്രി. അദ്ദേഹത്തിന് മിച്ച ബജറ്റ് എന്ന് കേട്ടപ്പോൾ അത്ഭുതവും സംശയവും.

അദ്ദേഹത്തിന്റെ സംശയപ്രകടനം പത്രങ്ങളിൽ സ്ഥാനം പിടിച്ചു. ഈ സമയം മുഖ്യമന്ത്രി കരുണാകരൻ കൊച്ചിയിൽ വിമാനമിറങ്ങി. അപ്പോൾ ബജറ്റ് മിച്ചത്തെക്കുറിച്ച് കരുണാകരനോട് പത്രക്കാർ അഭിപ്രായം ചോദിച്ചു. കരുണാകരൻ പറഞ്ഞു: 'മിച്ചവുമാകാം കമ്മിയുമാകാം'.

നിയമസഭയിൽ ബഹളമായി. ഒരു ദിവസം കൊണ്ട് മീഡിയ മിച്ചബജറ്റ് കമ്മിയാക്കി. വസ്തുതയുടെ തെളിവിലേക്ക് ഞാൻ റിസർവ്വ് ബാങ്ക് ഗവർണ്ണർ, കേന്ദ്ര ധനമന്ത്രി എന്നിവർക്ക് കത്തെഴുതി. സംസ്ഥാനത്തെ ട്രഷറി സേവിങ്ങ്സിനെപ്പറ്റി ആധികാരികമായ വിവരങ്ങൾ റിസർവ്വ് ബാങ്കിലുണ്ട്. കത്തിനു മറുപടിയായി ആർ.ബി.ഐ. ഗവർണ്ണർ എന്റേത് മിച്ചബജറ്റാണെന്ന് അസന്ദിഗ്ധമായി വ്യക്തമാക്കുന്ന മറുപടി നൽകുകയും ചെയ്തു.

അതുമായി ഞാൻ നിയമസഭയിലേക്ക് കടന്നുചെല്ലുമ്പോൾ ചന്ദ്രപ്പൻ പ്രസംഗിക്കുകയാണ് - മാണിയുടേത് കള്ളബജറ്റ് എന്നാണ് അദ്ദേഹം പറഞ്ഞുതുടങ്ങിയത്. എന്നെ കണ്ടപ്പോൾ എല്ലാവരും ഒന്ന് ഊറിച്ചിരിച്ചു. ചന്ദ്രപ്പൻ പ്രസംഗിച്ച് അവസാനിപ്പിച്ചപ്പോൾ ഞാൻ എണീറ്റു. ആർ.ബി.ഐ. ഗവർണ്ണറുടെ കത്ത് നാടകീയമായി മേശപ്പുറത്തുവച്ചു. ഞാൻ അവതരിപ്പിച്ചത് 166 കോടി രൂപയുടെ മിച്ചബജറ്റാണെന്ന വസ്തുത അതോടെ സ്ഥാപിക്കാനായി.

പതിമൂന്നാം ബജറ്റിന്റെ പണിപ്പുരയിലിരുന്നപ്പോൾ എന്റെ ഓർമയിൽ ആദ്യം തെളിഞ്ഞുവരുന്നത് ഞാൻ ധനമന്ത്രിയായിരിക്കെ നടന്ന ഈ സംഭവമാണ്.

കേരള സർക്കാരിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം ധനമന്ത്രിയായി പ്രവർത്തിക്കാനും 12 തവണ ബജറ്റ് അവതരിപ്പിക്കാനും കഴിഞ്ഞ എന്നെ സംബന്ധിച്ചിടത്തോളം അതൊരു അഭിമാന മുഹൂർത്തമാണ്.

ഭരണഘടനയുടെ 202-ാം അനുച്ഛേദപ്രകാരം ഒരു സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ വരവ് ചെലവുകൾ ഉൾപ്പെട്ട 'സാമ്പത്തിക രൂപരേഖ' യാണ് ബജറ്റ്. അത്ഓരോ വർഷവും സർക്കാർ സംസ്ഥാന നിയമസഭയിൽ അവതരിപ്പിച്ച് പാസാക്കണം. അനുച്ഛേദം 112 അനുസരിച്ച് ഇതേ വ്യവസ്ഥ ഇന്ത്യൻ പാർലമെന്റിനും ബാധകമാണ്. ഭരണഘടനാനുസൃതമായി തയ്യാറാക്കുന്ന സാമ്പത്തിക രൂപരേഖയാണ് 'വാർഷിക ധനവിഭവപത്രിക' അഥവാ 'ബജറ്റ്'.

ഭരണഘടനയുടെ 202, 203, 204, 205, 206, 207, 265, 266 അനുച്ഛേദങ്ങളിലാണ് ബജറ്റിനെ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ ഉള്ളത്.

എല്ലാ മേഖലകളിലെയും സർക്കാർ നയവും പ്രവർത്തനപരിപാടികളും വ്യക്തമാക്കുന്ന രേഖയാണ് ബജറ്റ്. സർക്കാരിന്റെ പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് ബജറ്റിന്റെ രൂപത്തിലും ഭാവത്തിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്.

ആദ്യകാലത്ത് സർക്കാരിന്റെ പ്രവർത്തനം പരിമിതവും വരവ് ചെലവുകൾ അതനുസരിച്ച് ചെറുതുമായിരുന്നു. എന്നാൽ വികസനാസൂത്രണം, സാമൂഹികക്ഷേമം മുതലായവ ഗവൺമെന്റിന്റെ കർത്തവ്യമായി മാറുകയും വികസനക്ഷേമ പരിപാടികളുടെ നിർവ്വഹണം സർക്കാരിൽ നിക്ഷിപ്തമാകുയും ചെയ്തതോടെ ബജറ്റ് ബൃഹത്തായ രേഖയായി മാറി. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണചുമതല സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായതോടെ അതൊന്നു കൂടി ബൃഹത്തായി.

ബജറ്റ് ഒരു സംസ്ഥാനത്തിന്റെ വരവ് ചെലവ് കണക്കുകൾ മാത്രമല്ല, അത് ഒരു നാടിന്റെ സമഗ്രമായ വികസനരേഖയാണ്. സാമ്പത്തിക സാമൂഹിക മണ്ഡലങ്ങളിൽ പരിവർത്തനത്തിനുള്ള സാമ്പത്തിക ഉപകരണം കൂടിയാണിത്. ദർശനം, പരിപ്രേക്ഷ്യം, സമീപനം എന്നിവയെല്ലാം ഇതിൽ വ്യക്തമാക്കുന്നു.

ഇക്കണോമിക്സിലെ പ്രധാന ശാഖകളിലൊന്നാണ് Public Finance. സർക്കാരിന്റെ നയങ്ങൾ – പ്രത്യേകിച്ച് ഫിസ്കൽ പോളിസി (Fiscal Policy) നികുതി (tax-വരവ്) നയവും, ചെലവ് (expenditure) നയവും സമ്പദ്ഘടനയേയും (വളർച്ച, വികസനം) ജനക്ഷേമത്തേയും എങ്ങനെ ബാധിക്കുന്നു എന്ന് പ്രതിപാദിക്കുന്നതാണത്.

Modern Public Finance Theory യുടെ അടിസ്ഥാനം റിച്ചാർഡ് എ മസ്ഗ്രേവ്(Richard A Musgrave) ന്റെ The Theory of Public Finance (1959) എന്ന പഠന ഗ്രന്ഥമാണ്.

സർക്കാരിന്റെ fiscal policy (taxation and expenditure) സമ്പദ്ഘടനയിൽ മൂന്ന് തരം മാറ്റങ്ങൾ വരുത്തുന്നു എന്ന് Musgrave Theory സമർഥിക്കുന്നു.

1. Allocation of resources:

വിഭവങ്ങൾ എന്തിനുവേണ്ടി ചെലവാക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും സമ്പദ്ഘടനയുടെ സുസ്ഥിതി. ഉദാഹരണത്തിന് വിഭവങ്ങളുടെ സിംഹഭാഗം യുദ്ധോപകരണങ്ങൾക്കാണ് ചെലവാക്കുന്നതെങ്കിൽ ജനക്ഷേമവികസനപദ്ധതികൾ അവതാളത്തിലാവും.

2. Distribution Impact.


നയം മൂലം ആർക്ക് ഗുണം കിട്ടി, ആർക്കൊക്കെ ദോഷം വന്നു? ബഹുഭൂരിപക്ഷം പേർക്ക് പ്രയോജനം ലഭിക്കുന്ന പോളിസിയാണോ? ഉദാ: സാമൂഹികക്ഷേമ പരിപാടികൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ. (ഉദാ: കാരുണ്യ, ക്ഷേമ പെൻഷനുകൾ)

3. Stabilisation (സാമ്പത്തിക സുസ്ഥിരത)

വലിയ ചാഞ്ചാട്ടങ്ങളും കയറ്റിറക്കങ്ങളുമില്ലാത്ത അവസ്ഥ-അതിനു വേണ്ടത് പ്രധാനമായും തൊഴിലവസരസൃഷ്ടി. ഉൽപ്പാദനവർധന, വിലനിയന്ത്രണം എന്നിവയാണ്.

ഈ മൂന്ന് ഘടകങ്ങൾ പരിഗണിച്ചുള്ള പൊതു ധനനയം (Public Finance Policy) ആണ് ഓരോ ബജറ്റും തയ്യാറാക്കുമ്പോൾ എന്റെ തീരുമാനങ്ങളെ ഏറ്റവുമധികം സ്വാധീനിച്ചിട്ടുള്ളത്. ഒരു ജനതയുടെ ആഗ്രഹാഭിലാഷങ്ങളുടേയും നാടിന്റെ വികസനാവശ്യങ്ങളുടേയും പ്രതിഫലനമാവണം സർക്കാരിന്റെ ബജറ്റ്. അത് വികസനോൻമുഖവും ജനക്ഷേമകരവുമായിരിക്കണം. അതാണ് ഞാൻ അവതരിപ്പിച്ച എല്ലാ ബജറ്റുകളുടേയും മുഖമുദ്ര.





ഒരു ജനതയുടെ ആഗ്രഹാഭിലാഷങ്ങളുടേയും നാടിന്റെ വികസനാവശ്യങ്ങളുടേയും പ്രതിഫലനമാവണം സർക്കാരിന്റെ ബജറ്റ്. അത് വികസനോൻമുഖവും ജനക്ഷേമകരവുമായിരിക്കണം. അതാണ് ഞാൻ അവതരിപ്പിച്ച എല്ലാ ബജറ്റുകളുടേയും മുഖമുദ്ര



കേരള നിയമസഭ
കെ.എം.മാണി ധന്യസ്മൃതി

# സംതൃപ്തമായ കേന്ദ്രവും അസംതൃപ്തമായ സംസ്ഥാനങ്ങളും

**എ.കെ.ജി. പഠനഗവേഷണകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ സംബന്ധിച്ച് 2017 ഏപ്രിൽ 20 തിരുവനന്തപുരത്തു വച്ച് നടത്തിയ ഏകദിന സെമിനാറിൽ കെ.എം.മാണി അവതരിപ്പിച്ച പ്രബന്ധം**

സ്വാതന്ത്ര്യം നേടി ഇന്ത്യ ജനാധിപത്യത്തിലേക്ക് നീങ്ങിയപ്പോൾ രാഷ്ട്രീയ നേതൃത്വം സ്വന്തമായി ഭരണഘടനയെക്കുറിച്ച് ചർച്ചകൾ ആരംഭിച്ചു. അധികാരം പങ്കുവയ്ക്കലിൽ അധികപങ്കം നൽകുന്ന സംസ്ഥാനങ്ങളും സംസ്ഥാനങ്ങളെ കൂട്ടി ചേർത്ത് ദേശീയ താത്പര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്ന കേന്ദ്ര സർക്കാരും എന്ന സങ്കൽപമായിരുന്നു ഭരണഘടന ശില്പികൾക്ക് ആദ്യം ഉണ്ടായിരുന്നത്. 1949 നവംബർ 26 ന് ഇന്ത്യൻ ഭരണഘടന അംഗീകരിക്കപ്പെട്ടപ്പോൾ ചിത്രം കീഴ്മേൽ മറിഞ്ഞു. സംസ്ഥാനങ്ങളുടെ അധികാരത്തിന് ഊന്നൽ നൽകുന്ന ഒരു ലക്ഷണയുക്ത ഫെഡറൽ വ്യവസ്ഥ എന്ന വാഗ്ദാനത്തിൽ നിന്നും ജവഹർലാൽ നെഹ്റു ഉൾപ്പെടെയുള്ള ആദ്യകാല നേതൃത്വത്തിനും ഭരണഘടനാ നിർമ്മാണ സഭയ്ക്കും പിന്നാക്കം പോകേണ്ടി വന്നു.

സ്വതന്ത്ര ഇന്ത്യയുടെ ജനാധിപത്യ ശൈശവ ഘട്ടത്തിൽ രാഷ്ട്രീയ ഐക്യം നിലനിർത്തുന്നത് ദുഷ്കരമായിരുന്നു. അന്നത്തെ പ്രത്യേക സാഹചര്യത്തിൽ ശക്തമായി പ്രാദേശിക അധികാരങ്ങൾ രാഷ്ട്രത്തിന്റെ നിലനിൽപ്പിനുവേണ്ടി അടിയറ വയ്ക്കാൻ എല്ലാവരും തയ്യാറായി. അങ്ങനെ അധികാരം പങ്കുവയ്ക്കലിൽ ഏറിയപങ്കം കേന്ദ്രത്തിനായി മാറ്റിവയ്ക്കപ്പെട്ടു.

സംസ്ഥാനങ്ങളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന അമേരിക്കൻ സെനറ്റ് എല്ലാ സംസ്ഥാനങ്ങൾക്കും തുല്യ പ്രാധാന്യം നൽകുമ്പോൾ, ഇന്ത്യയിൽ സംസ്ഥാന താൽപര്യങ്ങൾ സംരക്ഷിക്കേണ്ട രാജ്യസഭയിൽ 6 സംസ്ഥാനങ്ങൾ ചേർന്ന് ഭൂരിപക്ഷ അംഗത്വം കൈയടക്കുന്നു.


ചുരുക്കത്തിൽ ഇന്ത്യൻ ലോക്സഭയും രാജ്യസഭയും വലിയ സംസ്ഥാനങ്ങളിൽ വേരോട്ടമുള്ള പാർട്ടികളുടെ കുത്തകയാണ്. പാർലമെന്റിൽ കൂടുതൽ അംഗബലമുള്ള സംസ്ഥാനങ്ങളെ പ്രീണിപ്പിക്കാൻ കേന്ദ്ര സർക്കാർ നിർബന്ധിതരാകും. അംഗബലത്തിന്റെ സ്വാധീനത്തിൽ സംസ്ഥാനങ്ങൾ അനർഹമായ നേട്ടങ്ങൾ കൈയിലൊതുക്കും. ഇന്ത്യൻ ഭരണഘടന ഫെഡറൽ ആണെങ്കിലും കേന്ദ്രീകൃത സ്വഭാവമാണ് അതിനുള്ളത്.വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യസേവനം തുടങ്ങിയ ചെലവേറിയതും ഭാരമേറിയതുമായ ചുമതലകൾ സംസ്ഥാനത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും, അതേസമയം അവയുടെ നിർവഹണത്തിന് ആവശ്യമായ ധനാഗമ മാർഗങ്ങൾ സംസ്ഥാനത്തിന് നൽകാതിരിക്കുകയും ചെയ്തു. നിയമനിർമാണപരം , ഭരണപരം, സാമ്പത്തികം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിൽ കേന്ദ്രസംസ്ഥാന ബന്ധങ്ങളെ പറ്റിയുള്ള വ്യവസ്ഥകൾ ഉൾപ്പെടുന്നു. നിയമനിർമ്മാണ വിഷയത്തിൽ പാർലമെന്റിനുള്ള മേൽക്കൈ വ്യക്തമാണ്. യൂണിയൻ ലിസ്റ്റിൽ 97 വിഷയങ്ങൾ ഉള്ളപ്പോൾ സംസ്ഥാന ലിസ്റ്റിൽ 66 വിഷയങ്ങളാണ് ഉണ്ടായിരുന്നത്. സംസ്ഥാന ലിസ്റ്റിലുൾപ്പെട്ട പലതും ഇപ്പോൾ സമവർത്തി ലിസ്റ്റിലുൾപ്പെടുത്തി പാർലമെന്റിൽ നിയമം കൊണ്ടുവന്നതിനാൽ സംസ്ഥാനങ്ങൾ അത് പ്രാവർത്തികമാക്കാൻ നിർബന്ധിതരായിരിക്കുകയാണ്. അതുകൂടാതെ അന്താരാഷ്ട്ര കരാറുകളുടെയും മറ്റും പേര് പറഞ്ഞു സംസ്ഥാന ലിസ്റ്റിലുള്ള പല കാര്യങ്ങൾക്കും കേന്ദ്ര നിയമങ്ങൾ പാലിക്കേണ്ടിയും വരുന്നു. നിയമങ്ങൾ ഉണ്ടാക്കാനുള്ള ശിഷ്ടാധികാരവും പാർലമെന്റിനാണുള്ളത് . ഭരണഘടന വിഭാവനം ചെയ്തപ്പോൾ ഉണ്ടാകാത്ത പുതിയ വിഷയങ്ങളെ കുറിച്ച് ആലോചിക്കുമ്പോൾ, ശിഷ്ടാധികാരം സംസ്ഥാനത്തിനു ലഭിക്കുന്നില്ലെങ്കിൽ, കേന്ദ്രത്തിൽ വർധിച്ച അധികാര കേന്ദ്രീകരണം ഉണ്ടായിരിക്കുകയാണ്. ഇവയെല്ലാം സംസ്ഥാനങ്ങളുടെ വ്യക്തിത്വത്തിന് ക്ഷതം വരുത്തിയിരിക്കുകയാണ്.

ഇന്ത്യൻ ഭരണഘടനയ്ക്ക് ഫെഡറൽ സ്വഭാവത്തെക്കാൾ കേന്ദ്രീകൃത സ്വഭാവമാണ് കൂടുതലുള്ളത് . കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ ഡോ. അംബേദ്കർ സമർപ്പിച്ച ആദ്യ ഡ്രാഫ്റ്റ് സംസ്ഥാന വ്യക്തിത്വം പ്രതിഫലിക്കുന്നതായിരുന്നു. എന്നാൽ ഇന്ത്യാ വിഭജനത്തെ തുടർന്ന് ഉണ്ടായ ശിഥിലീകരണ വാസന തടയുന്നതിന് കേന്ദ്രത്തിൽ കൂടുതൽ അധികാരങ്ങൾ നിക്ഷിപ്തമാക്കണമെന്ന വാദഗതിക്ക് പ്രാബല്യമുണ്ടായി. അങ്ങനെ ആർട്ടിക്കിൾ 256, 257, 352, 356, 365 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സംസ്ഥാനങ്ങളെ കേന്ദ്രത്തിന്റെ അധീശത്വത്തിൽ തളച്ചിട്ടു.

ഭരണഘടന വിഭാവനം ചെയ്യുന്ന ഇന്റർ സ്റ്റേറ്റ് കൗൺസിൽ നിലവിലുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം ഇപ്പോൾ നിർജ്ജീവമാണ്.

73,74 ഭരണഘടനാ ഭേദഗതി പ്രകാരം അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയപ്പോൾ സംസ്ഥാന ലിസ്റ്റിലുള്ള 36 വിഷയങ്ങൾ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും നൽകുകയുണ്ടായി. എന്നാൽ കേന്ദ്ര ലിസ്റ്റിലുള്ളതോ സമവർത്തി ലിസ്റ്റിലുള്ളതോ ആയ വിഷയങ്ങളോ അധികാരങ്ങളോ സംസ്ഥാനങ്ങൾക്ക് പ്രത്യേകമായി നൽകിയിരുന്നില്ല. കേന്ദ്ര നിർദ്ദേശങ്ങളെയും നിയമങ്ങളെയും സുപ്രീം കോടതിയിൽ ചോദ്യം ചെയ്യുന്നതിനുള്ള സംസ്ഥാനങ്ങളുടെ അധികാരം ഭരണഘടനാ ഭേദഗതി വഴി എടുത്തു കളഞ്ഞു.

ധനവിനിയോഗ ബില്ലുകൾ ഒഴികെ നിയമസഭ പാസാക്കുന്ന ഏതൊരു നിയമവും പ്രസിഡന്റിന്റെ അംഗീകാരത്തിന് റിസർവ് ചെയ്യുന്നതിന് ആർട്ടിക്കിൾ 200പ്രകാരം ഗവർണർക്ക് നൽകിയിരിക്കുന്ന അധികാരങ്ങൾ സംസ്ഥാനത്തിന്റെ നിയമനിർമ്മാണ അവകാശത്തിനു മേൽ കടന്നു കയറുന്നതിന് കേന്ദ്രത്തിനു അവസരം നൽകിയിരിക്കുന്നു.




ഇതിനാവശ്യമായ മാറ്റങ്ങൾ ഭരണഘടനയിൽ എഴുതി ചേർക്കണം.

അഖിലേന്ത്യ സർവീസ്, ഗവർണർ നിയമനം തുടങ്ങിയ വിഷയങ്ങളിലും കേന്ദ്ര സംസ്ഥാന സർക്കാരുകൾ തമ്മിൽ അഭിപ്രായ ഭിന്നത ഉണ്ടായിട്ടുണ്ട്.

ആർട്ടിക്കിൾ 356 ന്റെ വിവേചനരഹിതമായ പ്രയോഗം സംസ്ഥാനങ്ങളുടെ സ്വയംഭരണ അവകാശത്തിനു മേലുള്ള പ്രകടമായ കൈകടത്തലാണ്. 1951 ൽ പഞ്ചാബിൽ 356 പ്രയോഗിച്ചപ്പോൾ ഭരണഘടനയെ മാനഭംഗപ്പെടുത്തി എന്നാണ് ഡോ. അംബേദ്കർ അഭിപ്രായപ്പെട്ടത്. പിന്നീട് ചില ഭേദഗതികൾ വരുത്തിയെങ്കിലും നിലവിലെ വ്യവസ്ഥയിൽ സംസ്ഥാനങ്ങളുടെ സ്വയംഭരണാവകാശത്തിന്മേലുള്ള കൈകടത്തൽ ഇപ്പോഴും തുടരുന്നു.

സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നികുതി കേന്ദ്രം പിടിച്ചെടുക്കുന്ന പ്രവണത ഇവിടെ ഓർക്കേണ്ടതുണ്ട്. നികുതിയേതര വരുമാനത്തിന്റെ കാര്യത്തിലും കേന്ദ്രത്തിന് മേൽക്കൈയുണ്ട്. നികുതി വിഭജന കാര്യത്തിലും കേന്ദ്രവും സംസ്ഥാനവും തമ്മിൽ അസന്തുലിതാവസ്ഥ നിലനിൽക്കുന്നുണ്ട് . ഒരു ഫെഡറൽ സംവിധാനത്തിൽ ധന മാനേജ്മെന്റിന് സംസ്ഥാനങ്ങൾക്ക് പൂർണമായ സ്വാതന്ത്ര്യം ലഭിക്കേണ്ടതുണ്ട്. സംസ്ഥാനങ്ങൾക്ക് സ്വന്തമായി കടം എടുക്കുന്നതിനുള്ള അധികാരം പോലും ഇപ്പോൾ കേന്ദ്രത്തിന്റെ കൈയിലാണ്. സംസ്ഥാനങ്ങളുടെ സാമ്പത്തിക മാനേജ്മെന്റ് കേന്ദ്ര നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ക്രമീകരിക്കാൻ സംസ്ഥാനങ്ങൾ തന്നെ സമ്മതം നൽകിയിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനങ്ങളുടെ സാമ്പത്തിക മാനേജ്മെന്റിൽ കേന്ദ്ര കടന്നുകയറ്റത്തിനു വാതിൽ തുറക്കും.

സംസ്ഥാന സർക്കാരുകൾക്ക് ഏഴാം പട്ടിക പ്രകാരം നൽകുന്ന അധികാരങ്ങൾ വികേന്ദ്രീകരിച്ച് പഞ്ചായത്ത് നഗരപാലിക സ്ഥാപനങ്ങൾക്ക് നൽകുകവഴി സംസ്ഥാന സർക്കാരിന്റെ അധികാരങ്ങൾ ശോഷിച്ചു. എന്നാൽ കേന്ദ്രത്തിന്റെ അധികാരങ്ങളോ ധനാഗമ മാർഗ്ഗങ്ങളോ വികേന്ദ്രീകരിക്കാനുള്ള ഒരു നടപടിയും ഉണ്ടായില്ല എന്നത് നിർഭാഗ്യകരമാണ്. ചുരുക്കത്തിൽ ശക്തമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനങ്ങളും എന്ന ആശയം ഇന്നും സ്വപ്നമായി തന്നെ തുടരുന്നു.

വരുമാനം ലഭിക്കുന്ന മാർഗങ്ങൾ കേന്ദ്രത്തിനും അവശേഷിക്കുന്നവ സംസ്ഥാനത്തിനും വിട്ടുകൊടുക്കുന്നു. യഥാർത്ഥമായ അധികാരം കേന്ദ്രത്തിനാണുള്ളത്. ഇതിനു മാറ്റം ഉണ്ടാകണമെങ്കിൽ ഭരണഘടനാ പരിഷ്കാരങ്ങൾ കൂടിയേ തീരൂ. ഇന്ത്യൻ ഭരണഘടനയിലെ ഈ പിഴവ് പരിഹരിക്കാൻ ഭരണഘടനാ പരിഷ്കാരത്തിന് എല്ലാ പാർട്ടികളും മുന്നിട്ടിറങ്ങണം. ശക്തമായ കേന്ദ്രവും സംതൃപ്തമായ സംസ്ഥാനവുമാകണം ലക്ഷ്യം.


കേരള നിയമസഭ
കെ.എം.മാണി ധന്യസ്മൃതി



സി.എഫ് തോമസ്, കെ എം മാണി

# കെ.എം. മാണി

## എന്ന ജനകീയ നേതാവ്








**പി. ശ്രീരാമകൃഷ്ണൻ**
സ്പീക്കർ, കേരള നിയമസഭ

ഒരു നാട്ടിലെ ജനങ്ങൾ തുടർച്ചയായി അവരുടെ നേതാവായി ഒരാളെ തന്നെ തിരഞ്ഞെടുക്കുമ്പോൾ, ജനങ്ങൾക്ക് അദ്ദേഹത്തിലുള്ള വിശ്വാസമാണ് അത് പ്രകടമാക്കുന്നത്. ഒരു പ്രദേശത്തെ വലിയ വിഭാഗം ജനങ്ങളുടെ വിശ്വാസം നേടിയെടുക്കുക എന്നത് അത്ര എളുപ്പമല്ല. എത്ര തന്നെ ചാണക്യതന്ത്രങ്ങൾ പയറ്റിയാലും ജനാധിപത്യത്തിൽ ഒരു ഘട്ടത്തിൽ പ്രവർത്തനങ്ങൾ ജനവിധി നേരിടുക തന്നെ ചെയ്യും. അതുതന്നെയാണ് കേരള രാഷ്ട്രീയത്തിൽ ശ്രീ. കെ.എം.മാണിയെ അദ്വിതീയനാക്കുന്നത്. പാലാ എന്ന നാടിനോടൊപ്പം എന്നും ചേർത്തുവയ്ക്കപ്പെടുന്ന ഒരു പേരായി കെ.എം.മാണി എന്ന വ്യക്തി വളർന്നതെങ്ങനെയെന്ന് ആശ്ചര്യത്തോടു കൂടിയേ നോക്കികാണാനാകൂ. മാറിവരുന്ന രാഷ്ട്രീയസ്ഥിതിഗതികളിലെല്ലാം അചഞ്ചലനായി നേതൃനിരയിൽ ഒരേ വ്യക്തിപ്രഭാവത്തോടെ തുടരാനാവുക, ഒരു വിവാദത്തിലും കുലുങ്ങാതെ മനസ്ഥൈര്യത്തോടെയിരിക്കുക, മരണം വരെയും ഒരേ ഊർജ്ജസ്വലതയോടെ പൊതുപ്രവർത്തനരംഗത്ത് സജീവമായിരിക്കുക - മാണി സർ അങ്ങനെ പല നിലയ്ക്കും എല്ലാവർക്കും മാതൃകയാണ്. അദ്ദേഹത്തിന്റെ ഈ വ്യക്തിപ്രഭാവവും ജനപ്രിയതയും അത്ഭുതാദരങ്ങൾ ജനിപ്പിക്കുന്നതു തന്നെയാണ്. ഒരിക്കലും അദ്ദേഹത്തെ മുഷിഞ്ഞ മുഖവുമായോ വസ്ത്രങ്ങളുമായോ കണ്ടിട്ടില്ല. ഏത് പ്രതിസന്ധി നിറഞ്ഞ നിമിഷത്തിലും അക്ഷോഭ്യനായി, ചിരിച്ച മുഖത്തോടും ചുളിവൊന്നും വീഴാത്ത വസ്ത്രങ്ങളോടും കൂടി പ്രസന്നനായിട്ടേ അദ്ദേഹത്തെ കാണാനാകൂ.

1964-ൽ പാലാ നിയോജക മണ്ഡലം രൂപീകൃതമായതിനു ശേഷം, 1965 മുതൽ അതേ നിയമസഭയിൽ നിന്ന് 13 തവണ നിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെടുക, അതും 1965-ൽ കേരള കോൺഗ്രസ്സ് എന്ന പാർട്ടി പാലാ നിയമസഭാ സീറ്റിലേക്ക് മത്സരിക്കാൻ ക്ഷണിച്ചുവരുത്തിയ അന്നു മുതൽ ആ സീറ്റിലേക്ക് മറ്റൊരു സ്ഥാനാർത്ഥിയില്ലാതിരിക്കുക- ഇതൊക്കെ കേരള രാഷ്ട്രീയത്തിന്റെ ചരിത്രത്തിൽ ആവർത്തിക്കപ്പെടാൻ ബുദ്ധിമുട്ടുള്ള കാര്യങ്ങളാണ്. ഒരു പ്രസ്ഥാനത്തിന്റെ ഭാഗമെന്നതിലുപരി, സ്വയം ഒരു പ്രസ്ഥാനമായി വളർന്ന രാഷ്ട്രീയവ്യക്തിത്വമായിരുന്നു അദ്ദേഹം. അത്തരത്തിലൊരാൾ ഇനി സംഭവിക്കുക ദുഷ്കരമാണ്.

ഓരോ കാര്യങ്ങളേയും കീറിമുറിച്ച് പരിശോധിക്കുന്ന ഒരു അഭിഭാഷകനെന്ന നിലയിൽ നിയമസഭയിലെ ചർച്ചകളേയും ഇഴപിരിച്ച് പരിശോധിക്കുന്ന സാമാജികനായിരുന്നു അദ്ദേഹം. 2020 ജൂണിലെ നിയമസഭയുടെ ന്യൂസ് ലെറ്ററായ അറിവോരത്തിൽ 1971 ഓഗസ്റ്റ് 26നു ശ്രീ കെ.എം മാണി നടത്തിയ ഒരു സഭാപ്രസംഗം എടുത്ത് ചേർത്തിരുന്നു. ഇരുപത്തിനാലാം ഭരണഘടനാ ഭേദഗതി ബില്ല് സംബന്ധിച്ച ആ പ്രസംഗത്തിൽ എത്ര സൂക്ഷ്മതയോടെയാണ് അദ്ദേഹം സുപ്രീംകോടതി വിധിയേയും പാർലമെന്റിന്റെ പരമാധികാരത്തേയും കുറിച്ച് വിശദീകരിച്ചിരിക്കുന്നത് എന്ന് ശ്രദ്ധിക്കുകയായിരുന്നു. കാര്യങ്ങൾ മനസ്സിലാക്കുന്നതിലും അവലോകനം ചെയ്യുന്നതിലും അവതരിപ്പിക്കുന്നതിലും അദ്ദേഹം സൂക്ഷിക്കുന്ന ഗവേഷണബുദ്ധിയും പരിശ്രമവും സാമാജികർക്ക് നല്ലൊരു മാതൃകയാണ്.

ഏറ്റവും കൂടുതൽ ബജറ്റവതരിപ്പിച്ച ധനമന്ത്രി എന്നതിനോടൊപ്പം തന്നെ പ്രധാനമാണ് കേരളത്തിന്റെ ധനകാര്യമേഖലകളെയും അധ്വാനവർഗ്ഗത്തെയും സൂക്ഷ്മമായി പഠിച്ചവതരിപ്പിക്കാൻ അദ്ദേഹം കാണിച്ചിട്ടുള്ള ശ്രദ്ധ. ആഭ്യന്തരവും ധനകാര്യവും ജലവിഭവവുമടക്കം പല വകുപ്പുകൾ കൈകാര്യം ചെയ്ത അനുഭവസമ്പത്ത് അദ്ദേഹത്തെ, കേരളരാഷ്ട്രീയചരിത്രത്തിലെ അനിഷേധ്യനേതാവാക്കി മാറ്റി. തോൽവി എന്തെന്നറിയാത്ത, വിവാദങ്ങളിൽ രാജി വെച്ച് പുറത്തുപോയിട്ടും പൂർവാധികം ശക്തിയോടെ തിരിച്ചുവന്ന രാഷ്ട്രീയനേതാവ് എന്ന നിലയിൽ ശ്രീ.കെ. എം മാണിയിൽ നിന്ന് മനസ്സിലാക്കാൻ ഏറെ പാഠങ്ങളുണ്ട്.

അതുകൊണ്ട് തന്നെ നിയമസഭയിൽ അമ്പതു വർഷം പൂർത്തിയാക്കിയിരുന്ന ശ്രീ.കെ.എം.മാണിയുടെ അനുസ്മരണാർത്ഥം അദ്ദേഹത്തിന്റെ നിയമസഭാ പ്രവർത്തനങ്ങളും രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ ഇടപെടലുകളും അപഗ്രഥിക്കുന്ന ഈ ഗ്രന്ഥം നിയമസഭാചരിത്രത്തേയും കേരള രാഷ്ട്രീയ ചരിത്രത്തേയും കൂടി അടയാളപ്പെടുത്തുന്ന ഒന്നായിരിക്കും. കേരള രാഷ്ട്രീയചരിത്രം അപഗ്രഥിക്കാനും പഠിക്കാനും നല്ല ഒരു ഉപദാനമായും ഇതു മാറുമെന്നതിൽ സംശയമില്ല. കേരള നിയമസഭാ സെക്രട്ടേറിയറ്റ്, ലൈബ്രറി വിഭാഗത്തിന്റെ ഉദ്യമം ആ നിലയ്ക്കും ശ്ലാഘനീയമാണ്.



# കെ.എം.മാണി



**പിണറായി വിജയൻ**
മുഖ്യമന്ത്രി

ലോക പാർലമെന്ററി ചരിത്രത്തിൽ തന്നെ സ്ഥാനം നേടുന്ന അത്യപൂർവം സാമാജികന്മാരിൽ ഒരാളായിരുന്നു കെ. എം. മാണി. അത്രമേൽ സംഭവബഹുലമായ ഒരു പൊതുജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. നിയമസഭാ സാമാജികൻ , മന്ത്രി, പൊതുപ്രവർത്തകൻ തുടങ്ങി പല നിലകളിലും തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കാൻ കെ.എം.മാണിക്ക് കഴിഞ്ഞു.

അരനൂറ്റാണ്ടിലേറെ കാലം കേരള നിയമസഭയിലെ സജീവ സാന്നിദ്ധ്യമായിരുന്നു കെ.എം. മാണി. 1965-ലാണ് അദ്ദേഹം ആദ്യമായി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. എന്നാൽ അന്ന് സഭ ചേർന്നിരുന്നില്ല ഈ സാങ്കേതികത്വം കൊണ്ടാണ് കെ.എം. മാണിയുടെ സാമാജികത്വത്തിന്റെ അടിസ്ഥാന വർഷം 1967ആയി കണക്കാക്കുന്നത്. 52 വർഷമാണ് അദ്ദേഹം നിയമസഭാംഗമായി തുടർന്നത്. നിസ്സാരകാര്യമല്ലായിത് .

നിയമനിർമാണസഭയിൽ അമ്പത്തിനാലു വർഷം തുടർച്ചയായി അംഗമായിരിക്കുകയെന്നത് കേരള നിയമസഭയുടെ ചരിത്രത്തിൽ മറ്റൊരാൾക്കും അവകാശപ്പെടാനാകാത്ത റെക്കാഡാണ്. ലോക് സഭയിൽ പോലും ഇതിനു സമാനമായി മറ്റൊരു റെക്കാഡില്ല. ലോക് സഭാംഗമായി ദീർഘകാലമിരുന്നിട്ടുള്ള എ.ബി. വാജ്പേയി, എൻ.ജി. രങ്ക, ഇന്ദ്രജിത് ഗുപ്ത, സോമനാഥ് ചാറ്റർജി, പി. എം. സെയ്ദ് തുടങ്ങിയവർക്കാർക്കും ഇങ്ങനെയൊരു റെക്കാഡ് അവകാശപ്പെടാനാകില്ല. ഇന്ദ്രജിത് ഗുപ്ത 2 മുതൽ 13 വരെയുള്ള സഭകളിലായിരുന്നു. എന്നാൽ, ആറാം സഭയിലില്ലായിരുന്നു. 41 വർഷമാണ് അദ്ദേഹത്തിന്റെ കാലാവധി. സോമനാഥ് ചാറ്റർജി അഞ്ചു മുതൽ 14 വരെ ലോക്സഭകളിലായിരുന്നു. 38 വർഷമാണ് അദ്ദേഹത്തിന്റെ കാലാവധി. ഈ പശ്ചാത്തലത്തിൽ നോക്കുമ്പോഴാണ് കെ.എം. മാണി കൈവരിച്ചത് സമാനതയില്ലാത്ത നേട്ടമാണെന്ന് പറയേണ്ടി വരുന്നത്.

കെ.എം. മാണി 54 വർഷം നിയമസഭയിലുണ്ടായി എന്നതുമാത്രമല്ല, ഇടതടവില്ലാതെ തുടർച്ചയായി തന്നെയുമായി. ഇതിനിടയിൽ നടന്ന എല്ലാ നിയമസഭാ തെരഞ്ഞെടുപ്പുകളിലും അദ്ദേഹം മത്സരിച്ചു. എല്ലാത്തിലും ജയിച്ചു. അതും ഒരേ മണ്ഡലത്തിൽ നിന്നുതന്നെ. മുന്നണികൾ മാറി മത്സരിച്ചിട്ടുപോലും കെ.എം.മാണി ജയിച്ചു. തലമുറകൾ പലതും മാറി വന്നു, രാഷ്ട്രീയാഭിരുചി മാറിവന്നു, സഖ്യങ്ങൾ മാറിവന്നു, അപ്പോഴും മാറാത്ത സാന്നിദ്ധ്യമായി നിയമസഭയിൽ കെ.എം.മാണി ഉണ്ടായിരുന്നു. അതിനാലാകണം മഹാകവി പാലാ നാരായണൻ നായർ കെ.എം.മാണിയെ 'മാണിപ്രമാണി' എന്ന് വിശേഷിപ്പിച്ചത്.

തെരഞ്ഞെടുപ്പ് വിജയത്തിന്റെ പേരിൽ മാത്രമല്ല കെ.എം.മാണിക്ക് റെക്കാഡുള്ളത്. ഏറ്റവും കൂടുതൽ കാലം മന്ത്രിയായിരുന്നയാൾ, ഏറ്റവും കൂടുതൽ ബജറ്റ് അവതരിപ്പിച്ചയാൾ, ഒരേ മണ്ഡലത്തെ തന്നെ ഏറ്റവും കൂടുതൽ പ്രതിനിധാനം ചെയ്ത ആൾ. അങ്ങനെ നീളുന്നു ആ പട്ടിക. വരുംകാലത്ത് ഏതെങ്കിലും ഒരു ഘട്ടത്തിൽ ആർക്കെങ്കിലും ഈ റെക്കാഡുകൾ തകർക്കാനാവുമെന്നു കരുതാനും വയ്യ.



**സഭയിൽ ചിലവഴിക്കുന്ന ഓരോ നിമിഷത്തിൽ നിന്നും തനിക്ക് ഇനിയും ഒട്ടേറെ കാര്യങ്ങൾ പഠിക്കാനുണ്ട് എന്നതായിരുന്നു അദ്ദേഹത്തിന്റെ മനോഭാവം. ഭരണഘടനാ വ്യവസ്ഥകളും സഭാ നടപടി ചട്ടങ്ങളും നിയമവകുപ്പുകളും എല്ലാം കൃത്യമായി മനസ്സിലാക്കാനും സമയോചിതമായി അവ ഉപയോഗിക്കാനും അദ്ദേഹത്തിന് കഴിഞ്ഞത് ഇതിന്റെയൊക്കെ ഫലമായാണെന്ന് പുതിയ തലമുറ തിരിച്ചറിയണം.**

അതിനാലാണ് 'റെക്കാഡുകളുടെ തോഴൻ' എന്നദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നത്.

അഭിഭാഷകനും നിയമപണ്ഡിതനുമായിരുന്നു കെ.എം.മാണി. ഈ പാണ്ഡിത്യം മൂലമാണ് ധനം, നിയമം, റവന്യൂ തുടങ്ങി തന്റെ ചുമതലയിലുണ്ടായിരുന്ന വകുപ്പുകൾ പ്രശംസനീയമായി കൈകാര്യം ചെയ്യാൻ അദ്ദേഹത്തിന് സാധിച്ചത് ആ വൈദഗ്ധ്യം പല തരത്തിലുള്ള ഇടപെടലുകളിലൂടെ കേരള നിയമസഭയെ സമ്പന്നമാക്കുകയും ചെയ്തു. ബജറ്റ് അവതരണത്തിലെ വിരസതയെ സരസതയിലേക്കു മാറ്റിയെടുക്കാനുള്ള വിദ്യ കേരള നിയമസഭയിൽ ആദ്യം പരീക്ഷിച്ചത് കെ.എം. മാണിയാണ്. ബജറ്റിനിടയിൽ സംസ്കൃതശ്ലോകങ്ങൾ വരെ അദ്ദേഹം ഉദ്ധരിച്ചു. ആ പ്രവണത പിന്നീട് വന്ന പലരും മാതൃകയാക്കി.

കെ.എം.മാണിയിൽ നിന്നും പുതിയ തലമുറ സാമാജികർ പഠിക്കേണ്ട നിരവധി കാര്യങ്ങളുണ്ട് . സഭയിൽ ഹാജരാവുന്നതിൽ അദ്ദേഹം പുലർത്തുന്ന കൃത്യനിഷ്ഠയാണ് അതിൽ പ്രധാനം. തീർത്തും ഒഴിവാക്കാനാവാത്ത കാര്യങ്ങളുണ്ടായാലേ അദ്ദേഹം സഭയിൽ നിന്നും വിട്ടുനിൽക്കാറുണ്ടായിരുന്നുള്ളു. സഭയിൽ എത്തിയാലാകട്ടെ ഒപ്പിട്ടിട്ടു പോകുന്ന പതിവുമുണ്ടായിരുന്നില്ല. കഴിയുന്നത്ര സമയം അദ്ദേഹം സഭയിലിരിക്കുകയും കഴിയാവുന്ന ഘട്ടങ്ങളിലൊക്കെ ഇടപെടുകയും ചെയ്തു. നിയമനിർമ്മാണ വേളകളിൽ ആ ഇടപെടൽ കൂടുതൽ ശ്രദ്ധേയമായി. സഭയിൽ ചിലവഴിക്കുന്ന ഓരോ നിമിഷത്തിൽ നിന്നും തനിക്ക് ഇനിയും ഒട്ടേറെ കാര്യങ്ങൾ പഠിക്കാനുണ്ട് എന്നതായിരുന്നു അദ്ദേഹത്തിന്റെ മനോഭാവം. ഭരണഘടനാ വ്യവസ്ഥകളും സഭാ നടപടി ചട്ടങ്ങളും നിയമവകുപ്പുകളും എല്ലാം കൃത്യമായി മനസ്സിലാക്കാനും സമയോചിതമായി അവ ഉപയോഗിക്കാനും അദ്ദേഹത്തിന് കഴിഞ്ഞത് ഇതിന്റെയൊക്കെ ഫലമായാണെന്ന് പുതിയ തലമുറ തിരിച്ചറിയണം.

കേരളത്തിന്റെ താൽപര്യങ്ങൾക്കുവേണ്ടി ഉറച്ചുനിന്ന അദ്ദേഹം മലയോര പ്രദേശങ്ങളുടെയും കർഷക





ജനസാമാന്യത്തിന്റെയും പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിലും അവ സഭയിൽ ഉയർത്തുന്നതിലും ശ്രദ്ധേയമായ പങ്കാണ് വഹിച്ചത്. ഭരണപക്ഷത്താകുമ്പോഴും പ്രതിപക്ഷത്താകുമ്പോഴും ഒരേപോലെ ശ്രദ്ധിക്കപ്പെട്ട ശബ്ദമായിരുന്നു 'മാണിസാർ ' എന്ന് എല്ലാവരും ആദരവോടെ വിളിച്ചിരുന്ന കെ. എം. മാണിയുടേത്. സഭയിലും പുറത്തും എല്ലാ വിഭാഗം ആളുകളുടെയും സ്നേഹാദരങ്ങൾ ആർജ്ജിക്കുന്ന വിധത്തിലുള്ള പ്രാഗത്ഭ്യം ചേർന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്.


കേരളത്തിനു പൊതുവിലും കേരള നിയമസഭയ്ക്ക് വിശേഷിച്ചും അപരിഹാര്യമായ നഷ്ടമാണ് കെ.എം. മാണിയുടെ നിര്യാണംമൂലം ഉണ്ടായിട്ടുള്ളത്.





# മാണി സാർ

## അപൂർവ്വ പ്രതിഭാസം



**രമേശ് ചെന്നിത്തല**

പ്രതിപക്ഷ നേതാവ്

കെ.എം. മാണി സാർ എനിക്കെന്നും ഒരു അത്ഭുതമായിരുന്നു. 1986-ലെ കരുണാകരൻ മന്ത്രിസഭയിലും, 2014-ലെ ഉമ്മൻചാണ്ടി മന്ത്രിസഭയിലും ഞങ്ങൾ സഹപ്രവർത്തകരായിരുന്നു. കെ.എസ്.യു. ക്കാലം മുതൽക്കെ എനിക്കദ്ദേഹത്തെ അറിയാമായിരുന്നുവെങ്കിലും 1982 ൽ ആദ്യമായി നിയമസഭയിലെത്തിയ ശേഷമാണ് മാണി സാറുമായി ഏറെ അടുത്തത്. അന്ന് മുതൽ രോഗാതുരനായി നമ്മളിൽ നിന്ന് വിട വാങ്ങുന്നത് വരെ അദ്ദേഹവുമായി ആത്മബന്ധം പുലർത്താൻ എനിക്ക് കഴിഞ്ഞിരുന്നു. ഒരു പ്രാദേശിക കക്ഷിയുടെ സമുന്നതനായ നേതാവായിരിക്കുമ്പോഴും നമ്മെ അത്ഭുതപ്പെടുത്തും വിധമുള്ള ദേശീയ അന്തർദേശീയ കാഴ്ചപ്പാടുകൾ അദ്ദേഹം ഒരോ വിഷയത്തിലും പുലർത്തിപ്പോന്നിരുന്നു. കേരളീയ സമൂഹം വളരെക്കാലം ചർച്ച ചെയ്ത അധ്വാനവർഗ്ഗ സിദ്ധാന്തം പോലുള്ള വിചാരധാരകൾ മുന്നോട്ട് വച്ചതിലൂടെ താൻ ഒരു politician മാത്രമല്ല മികച്ചൊരു Statesman കൂടിയാണെന്ന് മാണി സാർ തെളിയിച്ചു. അദ്ദേഹം അഭിഭാഷകവൃത്തി വിട്ട് രാഷ്ട്രീയത്തിലേക്ക് വന്നില്ലായിരുന്നെങ്കിൽ ഇന്ത്യ കണ്ട മികച്ച അഭിഭാഷകരിൽ ഒരാളായി മാറുമായിരുന്നെന്ന് എനിക്കെപ്പോഴും തോന്നിയിട്ടുണ്ട്. രാഷ്ട്രീയത്തിലായാലും ഭരണരംഗത്തായാലും വിഷയങ്ങളെ ഇഴകീറി അപഗ്രഥിക്കുന്നതിലും വിശകലനം ചെയ്യുന്നതിലും മാണി സാർ അഗ്രഗണ്യനായിരുന്നു. അത് കൊണ്ടായിരിക്കണം അഭിഭാഷകനായിരുന്ന കാലത്ത് അദ്ദേഹം വാദിച്ച ഒരു കേസും തോറ്റിട്ടില്ലായിരുന്നുവെന്ന് പറയുന്നത്. ഏത് രാഷ്ട്രീയ പ്രതിസന്ധിയെയും അതിജീവിക്കാൻ സ്വതസിദ്ധമായ ഒരു കഴിവ് മാണി സാറിനുണ്ടായിരുന്നു. പലതവണ ഞാൻ അത് അടുത്ത് നിന്നുകണ്ടിട്ടുണ്ട്. വിൻസ്റ്റൺ ചർച്ചിൽ പറയാറുണ്ട് 'kites rise highest against the wind, not with it' (കാറ്റിനെതിരെ പറക്കുമ്പോഴാണ് പട്ടം കൂടുതൽ ഉയരങ്ങളിലേക്ക് പോകുന്നത്, അല്ലാതെ കാറ്റിനൊപ്പം പറക്കുമ്പോഴല്ല) ഏത് രാഷ്ട്രീയ കൊടുങ്കാറ്റിനും എതിരെ ഉയർന്ന് പറക്കാനുള്ള മാണിസാറിന്റെ ആരെയും അത്ഭുതപ്പെടുത്തുന്ന കഴിവാണ് അദ്ദേഹത്തെ കേരള രാഷ്ട്രീയത്തിലെ അതുല്യപ്രഭാവനായ നേതാവാക്കി മാറ്റിയത്. എന്റെ കുടുംബത്തിന് ഒരു കാരണവരെപോലെയായിരുന്നു. മാണി സാർ. എന്റെ വിവാഹത്തിനും എന്റെ മകന്റെ വിവാഹത്തിനുമെല്ലാം അദ്ദേഹം പങ്കെടുത്തത് ഞങ്ങളുടെ കുടുംബത്തിലെ ഒരു മുതിർന്ന അംഗത്തെപ്പോലെ യായിരുന്നു. എന്റെ വിവാഹ ശേഷം ഞാനും ഭാര്യയും തൊടുപുഴയിലെ വീട്ടിലേക്ക് പോകുമ്പോഴൊക്കെ പാലായിൽ മാണി സാറിന്റെ വീട്ടിലെത്തുമായിരുന്നു. എത്രയോ തവണ മാണിസാറിന്റെ ഭാര്യ കുട്ടിയമ്മച്ചേച്ചി ഞങ്ങൾക്ക് രണ്ട് പേർക്കും രുചികരമായ ആഹാരം വച്ച് വിളമ്പിയിരുന്നു. 1986-ൽ ഞാനാദ്യമായി മന്ത്രിയായപ്പോൾ നന്തൻകോടുള്ള ഉഷസിലാണ് താമസിച്ചിരുന്നത്. അന്ന്





കേരള നിയമസഭ
കെ.എം.മാണി
ധന്യസ്മൃതി

എന്റെ തൊട്ടയൽപക്കത്ത് മാണിസാറായിരുന്നു താമസം. ഞങ്ങൾക്ക് സ്വന്തം വീട് പോലെയായിരുന്നു അദ്ദേഹത്തിന്റെ വസതിയും. ഞാൻ നാല് തവണ കോട്ടയത്ത് നിന്ന് ലോക് സഭയിലേക്ക് മൽസരിച്ചപ്പോഴും എന്റെ തെരഞ്ഞെടുപ്പ് കമ്മറ്റി ഓഫീസ് ഉദ്ഘാടനം ചെയ്തത് മാണി സാറായിരുന്നു. അത്രയേറെ പിന്തുണയാണ് അദ്ദേഹം എനിക്ക് അക്കാലങ്ങളിലെല്ലാം തന്നിട്ടുള്ളത്. പൊതു പ്രവർത്തകർക്കും ഭരണകർത്താക്കൾക്കും എന്നും മാണി സാർ മികച്ചൊരു മാതൃകയായിരുന്നു. പാലായിൽ ചെന്നാൽ ഇരുപത് വയസുള്ള ചെറുപ്പക്കാരനും, എൺപതുവയസ്സുള്ള വൃദ്ധനും അദ്ദേഹത്തെ വിളിക്കുന്നത് മാണി സാർ എന്നാണ്. താൻ പ്രതിനിധാനം ചെയ്യുന്ന മനുഷ്യരുമായുള്ള ആത്മബന്ധമാണ് തന്റെ രാഷ്ട്രീയത്തെ മുന്നോട്ട് ചലിപ്പിക്കുന്നതെന്ന് മനസിലാക്കിയ നേതാവായിരുന്നു മാണി സാർ. അത് കൊണ്ടാണ് അദ്ദേഹത്തിന് ഒരിക്കൽപോലും പാലായിൽ കാലിടറാതിരുന്നതും. ഏത് പൊതു പ്രവർത്തകനും അദ്ദേഹം ഒരു പാഠ പുസ്തകമായിരുന്നു. ഏറ്റവും കൂടുതൽ ബഡ്ജറ്റ് അവതരിപ്പിച്ച മന്ത്രി, ഏറ്റവും കൂടുതൽ തവണ മന്ത്രിയും എം.എൽ.എ. യും ആയ നേതാവ് എന്ന വിശേഷണങ്ങൾ അദ്ദേഹത്തിന് ചാർത്തി കിട്ടുമ്പോഴും അദ്ദേഹം പറയാറുള്ളത് ഒന്ന് മാത്രമായിരുന്നു. ജനങ്ങളിൽ നിന്ന് പഠിക്കുകയും, അവരെ ഉൾക്കൊള്ളുകയും ചെയ്യുമ്പോഴാണ് ഒരു നേതാവ് ജനകീയനാവുന്നത്. മാണി സാർ കേരളത്തിലെ എക്കാലത്തെയും ജനസമ്മതനായ നേതാക്കളിൽ ഒരാളായിത്തിർന്നതും അത് കൊണ്ടാണ്. 2015-ൽ ഉമ്മൻചാണ്ടി മന്ത്രിസഭയിൽ ഞാൻ ആഭ്യന്തരമന്ത്രിയും മാണി സാർ ധനമന്ത്രിയും ആയിരുന്ന സമയത്ത് അന്നത്തെ പ്രതിപക്ഷം അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിച്ച് കൊണ്ട് അദ്ദേഹത്തിന്റെ ബഡ്ജറ്റ് അവതരണം തടസപ്പെടുത്താൻ നോക്കിയത്. നിയമസഭ സംഘർഷഭൂമിയായി മാറുമ്പോഴും മാണി സാർ അക്ഷോഭ്യനായിരുന്നു. കൊടുങ്കാറ്റിന് മലയോട് എന്ത് ചെയ്യാനാവും എന്ന ഭാവത്തിലാണ് മാണി സാർ നിന്നത്. അന്നത്തെ പ്രതിപക്ഷം അദ്ദേഹത്തെ ശാരീരികമായി ആക്രമിക്കാൻ പോലും മുതിർന്നു, പക്ഷെ അക്ഷോഭ്യനായി നിന്ന് കൊണ്ട് തന്റെ കർത്തവ്യനിർവ്വഹണം കഴിഞ്ഞതിന് ശേഷമേ അദ്ദേഹം മടങ്ങിയുള്ളു. ഏത് വലിയ പ്രതിസന്ധിയെയും തന്റെ ചെറു ചിരിയാൽ മാണി സാർ നിഷ്പ്രഭമാക്കുമായിരുന്നു. ചെറിയ ഒരു ഇടവേളയിൽ അദ്ദേഹം യു.ഡി.എഫിൽ നിന്ന് മാറി നിന്നെങ്കിലും ഇത് എന്റെ വീടാണെന്ന് പറഞ്ഞാണ് അദ്ദേഹം തിരിച്ചുവന്നത് എന്ന് ഞാനോർക്കുന്നു.

2006 ലെ ഇടതു ഭരണകാലത്ത് അന്നത്തെ വിദ്യാഭ്യാസ മന്ത്രി എം.എ. ബേബി തന്റെ സ്വാശ്രയ വിദ്യാഭ്യാസ ബിൽ നിയമസഭയിൽ അവതരിപ്പിച്ചപ്പോൾ അതിന്റെ താലനാരിഴ കീറി പരിശോധിച്ച് കൊണ്ട് അദ്ദേഹം പറഞ്ഞു, 'ഈ ബിൽ കോടതിയുടെ വരാന്തയിൽ പോലും നിലനിൽക്കില്ല.'കൃത്യമായി അതു പോലെ സംഭവിച്ചു. എല്ലാ കോടതികളും ആ ബിൽ നിലനിൽക്കില്ല എന്ന വാദം ശരിവച്ചു.


പാലക്കാട് നടന്ന സി.പി.എമ്മിന്റെ പ്ലീനത്തിൽ മുഖ്യ പ്രഭാഷകനായി മാണി സാർ പോയപ്പോഴും അദ്ദേഹം സംസാരിച്ചത് തന്റെ അധ്വാനവർഗ സിദ്ധാന്തത്തെക്കുറിച്ചായിരുന്നു. മാണി സാർ ചരിത്രത്തിന്റെ ഭാഗമായിട്ട് ഒരു വർഷം കടന്നുപോയിരിക്കുന്നു. പല രാഷ്ട്രീയ പ്രതിസന്ധികളെയും നേരിടുമ്പോൾ ഞാനോർക്കും അദ്ദേഹം കൂടെയുണ്ടായിരുന്നെങ്കിൽ എന്ന്. അദ്ദേഹത്തിന്റെ ഭൗതിക സാന്നിധ്യം ഇല്ലാതായെങ്കിലും ആത്മീയമായ സാന്നിധ്യം ഏത് പ്രതിസന്ധിയിലും എനിക്ക് താങ്ങാണ് എന്ന് ഞാൻ തിരിച്ചറിയുന്നു. അദ്ദേഹത്തിന്റെ ഓർമ്മകൾക്ക് മുന്നിൽ കോടി പ്രണാമങ്ങൾ.

**മാണി സാർ ചരിത്രത്തിന്റെ ഭാഗമായിട്ട് ഒരു വർഷം കടന്നുപോയിരിക്കുന്നു. പല രാഷ്ട്രീയ പ്രതിസന്ധികളെയും നേരിടുമ്പോൾ ഞാനോർക്കും അദ്ദേഹം കൂടെയുണ്ടായിരുന്നെങ്കിൽ എന്ന്. അദ്ദേഹത്തിന്റെ ഭൗതിക സാന്നിധ്യം ഇല്ലാതായെങ്കിലും ആത്മീയമായ സാന്നിധ്യം ഏത് പ്രതിസന്ധിയിലും എനിക്ക് താങ്ങാണ് എന്ന് ഞാൻ തിരിച്ചറിയുന്നു.**





# അമ്പതാണ്ടിന്റെ സൗഹൃദം



**ഉമ്മൻ ചാണ്ടി**

മുൻ മുഖ്യമന്ത്രി

കോട്ടയത്ത് എന്റെ സീനിയർ നേതാവായിരുന്നു കെ.എം. മാണി സാർ. അന്ന് അദ്ദേഹം ഡിസിസി സെക്രട്ടറിയായിരുന്നു. ഞാൻ കെഎസ്‌യുക്കാരനും. കോട്ടയം ഡിസിസി ഓഫീസിനു മുന്നിലൂടെയാണ് ഞാൻ അന്ന് സിഎംഎസ് കോളജിൽ പോയിരുന്നത്. ഡിസിസി സെക്രട്ടറിയായിരുന്ന കെ.എം മാണിയെ അതു വഴി പോകുമ്പോൾ, പലവട്ടം കണ്ടിട്ടുണ്ട്. കെഎസ്‌യു പ്രവർത്തകനെന്ന നിലയിൽ ഓഫീസിനകത്തു വച്ചും കണ്ടിട്ടുണ്ട്. അന്നും കാണാൻ നല്ല ഗാംഭീര്യമാണ്.

1977ൽ എന്റെ രണ്ടാമത്തെ നിയമസഭാ തെരഞ്ഞെടുപ്പ് കടുകട്ടിയായിരുന്നു. പുതുപ്പള്ളി നിയോജകമണ്ഡലത്തിന്റെ ഘടന അന്ന് ആകെ മാറിയിരുന്നു. അകലക്കുന്നം, പള്ളിക്കത്തോട്, അയർക്കുന്നം, കൂരോപ്പട തുടങ്ങിയ പഞ്ചായത്തുകൾ പുതുപ്പള്ളിയിൽ പുതുതായെത്തി. എനിക്ക് അന്ന് ഈ പ്രദേശങ്ങളുമായി കാര്യമായ ബന്ധമില്ല. തെരഞ്ഞെടുപ്പ് പ്രചാരണം ചൂടുപിടിച്ചപ്പോൾ പാലാ കെ.എം മാത്യു സാർ വലിയ സഹായമായി കൂടെ നിന്നു. അപ്പോഴും നാലു പഞ്ചായത്തുകൾ പേടി സ്വപ്നമായി നില കൊണ്ടു. തുടർന്നാണ് ഞാൻ മാണി സാറിന്റെ സഹായം തേടിയത്. തുടർന്ന് അദ്ദേഹം ഈ പ്രദേശത്തെ തെരഞ്ഞെടുപ്പിന്റെ ചുക്കാൻ ഏറ്റെടുത്തു. അഞ്ചു യോഗങ്ങളിൽ പ്രസംഗിച്ചു. അതോടെ കളംമാറി. മിന്നുന്ന ജയം നേടുകയും ചെയ്തു.

കോൺഗ്രസിൽ ഒന്നിച്ചുണ്ടായിരുന്ന ഞങ്ങൾ പിന്നീട് പാർട്ടിപരമായി രണ്ടു വഴികളിലൂടെ യാത്ര ചെയ്തു. ചുരുങ്ങിയ കാലഘട്ടത്തിൽ മുന്നണി മാറിയും സഞ്ചരിച്ചിട്ടുണ്ട്. എന്നാൽ ഊഷ്മളമായ സൗഹൃദത്തിന് ഒരിക്കൽപ്പോലും ഇടിവു തട്ടിയിട്ടില്ല. ഞാൻ മുഖ്യമന്ത്രിയായ രണ്ടു മന്ത്രിസഭകളിൽ അദ്ദേഹം ധനം ഉൾപ്പെടെയുള്ള സുപ്രധാന വകുപ്പുകളുടെ ചുമതല വഹിച്ചു. 50 വർഷം ഞാൻ നിയമസഭയിൽ ഉണ്ടായിരുന്നപ്പോൾ അദ്ദേഹം കൂടെ ഉണ്ടായിരുന്നു. നിയമസഭയിലും മന്ത്രിസഭയിലും പൊതുപ്രവർത്തനരംഗത്തുമൊക്കെ അദ്ദേഹം എന്നെ പലപ്പോഴും വിസ്മയിപ്പിച്ചിട്ടുണ്ട്.

ഏതാണ്ട് 24 മണിക്കൂറും ജനങ്ങളുടെ ഇടയിൽ കഴിയുന്ന ആൾ. ആർക്കും എപ്പോൾ വേണമെങ്കിലും കടന്നുവരാം. ഔപചാരികത എന്ന ഒരു മതിൽക്കെട്ട് സൂക്ഷിക്കാറില്ല. മാണി സാറിന് ജനങ്ങളെ ആകർഷിക്കാനുള്ള



തിരുവഞ്ചൂർ രാധാകൃഷ്ണൻ, അബ്ദുറബ്ബ്, റോഷി അഗസ്റ്റിൻ, ഉമ്മൻ ചാണ്ടി, പി കെ കുഞ്ഞാലിക്കുട്ടി

കാന്തശക്തിയുണ്ട്. എപ്പോഴും ആളുകൾ അദ്ദേഹത്തിന്റെ ചുറ്റുമുണ്ട്.

മണ്ഡലം കാത്തുസൂക്ഷിക്കുന്നതിലും അതിലെ ആൾക്കാരുമായി ബന്ധം നിലനിർത്തുന്നതിലും ഒരുപക്ഷേ കെഎം മാണി എനിക്കു ഗുരുവായി വരും. പാലായിലെ ഓരോ വോട്ടറെയും അദ്ദേഹം പേരെടുത്തു വിളിക്കുന്നതു കേൾക്കാം. എല്ലാവരുമായും നല്ല വ്യക്തിബന്ധമാണ്. പാലാക്കാരുടെ ചങ്കൂറ്റത്തിനു പിന്നിൽ മാണിസാറുണ്ട്. സാറുണ്ടെങ്കിൽ പിന്നൊന്നും പേടിക്കാനില്ലെന്നാണ് അവർ പറയാറുള്ളത്.

ചരമം, വിവാഹം തുടങ്ങി വ്യക്തിയുടെ ജീവിതത്തിലെ സുപ്രധാന സമയങ്ങളിലെല്ലാം അദ്ദേഹം ഓടിയെത്തിയിരിക്കും. തിരക്കിനിടയിൽ ചിലപ്പോൾ വൈകിയായിരിക്കും വരിക. പക്ഷേ, വന്നിരിക്കും എന്നുറപ്പ്. പാലായുമായുള്ള ഹൃദയബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം പറഞ്ഞത് പാലാ എന്റെ രണ്ടാം ഭാര്യയാണ് എന്ന്. അങ്ങനെ പറയാൻ ധൈര്യമുള്ള മറ്റൊരു ജനപ്രതിനിധി ഉണ്ടോ എന്നെനിക്കു സംശയമാണ്.

കെഎം മാണി ഉണ്ടാക്കിയ പൊതുപ്രവർത്തന ശൈലി കേരളത്തിലെ എല്ലാ പൊതുപ്രവർത്തകരും പിന്നീട് ഏറ്റെടുക്കുകയോ ഏറ്റെടുക്കാൻ നിർബന്ധിതരാകുകയോ ചെയ്തു. മണ്ഡലം ശ്രദ്ധിക്കാത്ത ആർക്കും രണ്ടാമത് ജയിക്കാൻ പറ്റില്ലാത്ത അവസ്ഥ സംജാതമായി. പാലായുടെ മുക്കിലും മൂലയിലും അദ്ദേഹം വികസനമെത്തിച്ചു. ജനപ്രതിനിധികൾ വികസനത്തിന്റെ പതാകവാഹകരായത് കെഎം മാണി കാണിച്ച മാതൃകയിലൂടെയാണ്. അതു കേരളത്തിൽ വലിയ മാറ്റങ്ങൾക്കു വഴിയൊരുക്കി.

നിരവധി റിക്കാർഡുകളുടെ ഉടമയാണ് അദ്ദേഹം. ഇനിയാർക്കും അതു തകർക്കാനാവില്ല. ഒപ്പമെത്താനുമാകില്ല. പാലാ മണ്ഡലത്തിൽ നിന്ന് തുടർച്ചയായി 13 തവണ ജയിച്ചു. തെരഞ്ഞെടുപ്പിൽ തോൽവി എന്തെന്ന് അറിഞ്ഞിട്ടില്ല. ഏറ്റവും കൂടുതൽ കാലം മന്ത്രി. ഏറ്റവും കൂടുതൽ തവണ മന്ത്രി. ഏഴ് നിയമസഭകളിൽ മന്ത്രിയായി. ഏറ്റവും കൂടുതൽ തവണ ബജറ്റ് അവതരിപ്പിച്ചു.

## ബജറ്റുകളുടെ തോഴൻ

ഓരോ ബജറ്റും മാണിസാറിന് പുതിയ അനുഭവങ്ങളായിരുന്നു. ഓരോന്നിലും പുതിയ ആശയങ്ങൾ അദ്ദേഹം അവതരിപ്പിച്ചു. സാമ്പത്തിക ശാസ്ത്രത്തിൽ ബിരുദമോ, ഡോക്ടറേറ്റോ ഒന്നും അദ്ദേഹത്തിനില്ല. എങ്കിലും കേരളം കണ്ടിട്ടുള്ള ഏറ്റവും ഭാവനാപൂർണമായ ചില പദ്ധതികൾ അദ്ദേഹം അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ ബജറ്റ് പ്രസംഗം കേട്ടിരിക്കേണ്ട അനുഭവമാണ്. രണ്ടു രണ്ടര മണിക്കൂർ ഇടതടവില്ലാതെ, ഒരു കുത്തൊഴുക്കു പോലെയാണ് അദ്ദേഹത്തിന്റെ അവതരണം. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ചയിൽ ഈ ബജറ്റുകൾ നിർണായക പങ്കുവഹിച്ചു.

വരവുചെലവു കണക്കിലൊതുങ്ങി നിന്ന ബജറ്റിനെ അദ്ദേഹം സാമൂഹിക പരിവർത്തനോപാധിയാക്കി. ബജറ്റ് നിർദേശങ്ങൾ പൊതുജനങ്ങളിൽ നിന്ന് പരസ്യമായി സ്വീകരിച്ചു. അതിൽ സംവാദം നടത്തി. 1976- 77ൽ കന്നിബജറ്റ് അമ്പരപ്പിച്ചു. കമ്മി ബജറ്റുകളുടെ കാലത്ത് 1986 ൽ മിച്ച ബജറ്റ് അവതരിപ്പിച്ച് കയ്യടിയും വിവാദവും ഉണ്ടാക്കി. കെ.എൻ. രാജിനെപ്പോലൊരു സാമ്പത്തിക സൈദ്ധാന്തികനുമായി കൊമ്പുകോർത്തു. എങ്കിലും മാണി സാറിന് തന്റെ ഭാഗം വാദിച്ച് വിജയിപ്പിക്കാനായി.

രാജ്യത്ത് ആദ്യമായി കർഷകത്തൊഴിലാളി പെൻഷൻ നടപ്പാക്കിയത് ഈ ബജറ്റിലാണ്. 2011 ൽ ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നല്കാനും തീരുമാനിച്ചു. പ്രതിമാസം 10 യൂണിറ്റ് വരെ വീട്ടാവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതി സൗജന്യമായി നല്കി. പട്ടയ വിപ്ലവം, വെളിച്ചവിപ്ലവം തുടങ്ങിയ നൂതന ആശയങ്ങൾ അദ്ദേഹത്തിന്റേതാണ്.

## കാരുണ്യയും വിലസ്ഥിരതാ പദ്ധതിയും

യുഡിഎഫ് സർക്കാരിന്റെ ഏറ്റവും ജനസമ്മതി നേടിയ പദ്ധതി കാരുണ്യ ചികിത്സാ പദ്ധതിയായിരുന്നു. അഞ്ചുവർഷം കൊണ്ട് 1200 കോടി രൂപ മാരകരോഗം ബാധിച്ച 1.42 ലക്ഷം പേർക്ക് നല്കി. സാന്റിയാഗോ മാർട്ടിന്റെ പേരിൽ കുപ്രസിദ്ധി നേടിയ കേരള ലോട്ടറി യുഡിഎഫ് സർക്കാരിന്റെ സമയത്ത് കാരുണ്യത്തിന്റെയും സാന്ത്വനത്തിന്റെയും കൈയ്യൊപ്പായി മാറുകയാണു ചെയ്തത്. ഈ പദ്ധതി വിജയകരമാക്കിയത് മാണിസാറാണ്. കാരുണ്യ പദ്ധതി തന്നെ ഇപ്പോൾ ഇല്ലാതായിരിക്കുന്നു. രോഗശയ്യയിൽ കിടന്നുകൊണ്ടും മാണിസാർ കാരുണ്യയ്ക്കുവേണ്ടി പോരാടി. അദ്ദേഹത്തിന്റെ അവസാനത്തെ പ്രസ്താവന കാരുണ്യ നിർത്തലാക്കരുത് എന്നായിരുന്നു.

ഒരു കിലോ റബറിന് 150 രൂപ വില ഉറപ്പാക്കുന്ന വില സ്ഥിരതാഫണ്ട് റബർ കർഷകർക്ക് വലിയൊരു നേട്ടമായി. റബർ വില കുത്തനേ ഇടിഞ്ഞപ്പോഴാണ് യുഡിഎഫ് സർക്കാർ ഈ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയത്.

മാണി സാറിന്റെ വിയോഗം പലർക്കും പല രീതിയിലാണ് ബാധിക്കുക. എനിക്ക് അദ്ദേഹം അടുത്ത സുഹൃത്തായിരുന്നു. നല്ല സഹപ്രവർത്തകനായിരുന്നു. എല്ലാത്തിലും ഉപരി ഏതു കാര്യത്തിലും ഉപദേശം തേടാൻ പറ്റിയ വ്യക്തിയായിരുന്നു. എനിക്ക് അതു പലപ്പോഴും വലിയ ആത്മവിശ്വാസം പകർന്നു തന്നിട്ടുണ്ട്.

**മണ്ഡലം കാത്തുസൂക്ഷിക്കുന്നതിലും അതിലെ ആൾക്കാരുമായി ബന്ധം നിലനിർത്തുന്നതിലും ഒരുപക്ഷേ കെഎം മാണി എനിക്കു ഗുരുവായി വരും. പാലായിലെ ഓരോ വോട്ടറെയും അദ്ദേഹം പേരെടുത്തു വിളിക്കുന്നതു കേൾക്കാം. എല്ലാവരുമായും നല്ല വ്യക്തിബന്ധമാണ്. പാലാക്കാരുടെ ചങ്കൂറ്റത്തിനു പിന്നിൽ മാണിസാറുണ്ട്.**



പൊതുജനസേവനമെന്നാൽ പാർലമെന്ററി പ്രവർത്തനങ്ങളും പ്രായോഗിക ജനസേവനവും മാത്രമല്ല, പഠനവും ഗവേഷണവും ഉത്ബോധനവും അധികാരഘടനകളുടെ സിദ്ധാന്തവൽക്കരണവും നയരൂപീകരണവും ഭരണ നിർവ്വഹണവും എല്ലാം ചേർന്നതാണെന്നും മാണിസാറിന്റെ രാഷ്ട്രീയജീവിതം എപ്പോഴും നമ്മെ ഓർമ്മപ്പെടുത്തുന്നു. കെ.എം. മാണി തന്റെ രാഷ്ട്രീയ ഭൂമിക സ്വയം തേടി കണ്ടെത്തിയതാണ്.





# കെ.എം. മാണി
## രാഷ്ട്രീയ ഭൂമിക സ്വയം കണ്ടെത്തിയ നേതാവ്



**ഇ. ചന്ദ്രശേഖരൻ**
റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി


എട്ട് പതിറ്റാണ്ടുകൾ നീണ്ട തന്റെ ജീവിതത്തിനിടയിൽ തന്റെ നാടിനും ജനതയ്ക്കും നിരവധി സംഭാവനകൾ നൽകിയ നേതാവാണ് ശ്രീ.കെ.എം. മാണി. 1965 മുതൽ 2016 വരെ 13 തവണ പാലാ നിയോജക മണ്ഡലത്തിൽ നിന്നും തുടർച്ചയായി നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട മാണിസാർ ഒരു തെരഞ്ഞെടുപ്പിലും പരാജയപ്പെട്ടിട്ടില്ല എന്നത് വിസ്മയകരമാണ്. അര നൂറ്റാണ്ടു കാലത്തോളം കേരള രാഷ്ട്രീയത്തിന്റെ ഗതിവിഗതികളെ നിർണ്ണായകമായി സ്വാധീനിച്ച നേതാവായിരുന്നു കെ.എം. മാണി. കൃഷിഭൂമിയുടെ രാഷ്ട്രീയത്തിനൊപ്പം കർഷകരുടെ മനസ്സും അദ്ദേഹം വ്യക്തമായി മനസ്സിലാക്കിയിരുന്നു. അദ്ദേഹം പ്രതിനിധാനം ചെയ്തിരുന്ന നാടിനോടും സമൂഹത്തോടും സവിശേഷമായ വാൽസല്യം പുലർത്താൻ മാണിസാർ എന്നും ശ്രമിച്ചിരുന്നു. ഒരു രാഷ്ട്രീയ നേതാവ് എന്നതിലുപരി ഒരു പൊതുപ്രവർത്തകനായിരിക്കാനാണ് അദ്ദേഹം എപ്പോഴും ശ്രമിച്ചിട്ടുള്ളത്. അധികാരം കയ്യാളിക്കൊണ്ടുള്ള പൊതുപ്രവർത്തനമാണ് രാഷ്ട്രീയമെന്ന് പറയാറുണ്ട്. എന്നാൽ, അധികാര സ്ഥാനങ്ങളിൽ ഇരിക്കുമ്പോഴും രാഷ്ട്രീയ പക്ഷഭേദമന്യേ ഒരു പൊതുപ്രവർത്തകന്റെ ആർജ്ജവത്തോടെ ജനസേവനം നടത്താൻ സ്വാഭാവികമായി അദ്ദേഹത്തിന് കഴിഞ്ഞിരുന്നു എന്നത് അദ്ദേഹത്തിന്റെ ജീവിതത്തിൽ നിന്ന് നമുക്ക് വായിച്ചറിയാൻ സാധിക്കും.

പൊതുജനസേവനമെന്നാൽ പാർലമെന്ററി പ്രവർത്തനങ്ങളും പ്രായോഗിക ജനസേവനവും മാത്രമല്ല, പഠനവും ഗവേഷണവും ഉത്ബോധനവും അധികാരഘടനകളുടെ സിദ്ധാന്തവൽക്കരണവും നയരൂപീകരണവും ഭരണ നിർവ്വഹണവും എല്ലാം ചേർന്നതാണെന്നും മാണിസാറിന്റെ രാഷ്ട്രീയജീവിതം എപ്പോഴും നമ്മെ ഓർമ്മപ്പെടുത്തുന്നു. കെ.എം. മാണി തന്റെ രാഷ്ട്രീയ ഭൂമിക സ്വയം തേടി കണ്ടെത്തിയതാണ്. ജനങ്ങളുടെ അഭിവൃദ്ധിക്കുതകുന്ന രാഷ്ട്രീയ സംഹിത തേടിയുള്ള അദ്ദേഹത്തിന്റെ അന്വേഷണം അവസാനം വരെ തുടർന്നിരുന്നു. 19-ാം നൂറ്റാണ്ടിലെ ജർമ്മൻ രാഷ്ട്രതന്ത്രജ്ഞനായിരുന്ന ബിസ്മാർക്ക് രാഷ്ട്രീയത്തെ നിർവചിച്ചത് "സാധ്യതകളുടെ കല" എന്നാണ്. രാഷ്ട്രീയ ലക്ഷ്യപ്രാപ്തിക്കായി കാർക്കശ്യമില്ലാതെ വിവിധ ജീവിതമാർഗ്ഗങ്ങളുടെ മുഴുവൻ സാധ്യതകളും തേടിയ മാണിസാർ മുന്നണി രാഷ്ട്രീയത്തിനും പ്രായോഗിക പൊതുപ്രവർത്തനത്തിനും പുതിയ മാനങ്ങൾ നൽകിയ വലിയ രാഷ്ട്രീയ വ്യക്തിത്വമായിരുന്നു. കെ.എം. മാണി എന്ന രാഷ്ട്രീയ നേതാവിനോട് വിയോജിക്കുന്നവർ പോലും മാണിസാർ എന്ന പൊതുപ്രവർത്തകനോട് യോജിക്കുന്ന കാഴ്ചയാണ് നാം എന്നും കണ്ടിട്ടുള്ളത്. മാത്രമല്ല, രാഷ്ട്രീയമായ വിയോജിപ്പുകളുടെ സൗന്ദര്യം കാണുവാനും അവയോട് സഹവർത്തിത്വം പുലർത്തുവാനും അദ്ദേഹത്തിന് അനായാസം കഴിഞ്ഞിരുന്നു എന്നതും നാം കണ്ടുകഴിഞ്ഞ കാര്യമാണ്. അറിവും അനുഭവവും തുളുമ്പുന്ന കെ.എം. മാണിയുടെ വാക്കുകൾ കേരള നിയമസഭ അമ്പതിലധികം വർഷങ്ങൾ സശ്രദ്ധം കേട്ടു. ഇനി അദ്ദേഹത്തിന്റെ അഭാവത്തിലും മാണിസാർ ഉയർത്തിയ ചിന്തയും വാദങ്ങളും കേരളത്തിലെ പൊതുപ്രവർത്തകരേയും നിയമസഭാ സാമാജികരെയും പ്രചോദിപ്പിക്കും എന്ന് കരുതാം.





# പാലായുടെ മാണിക്യം



**രാമചന്ദ്രൻ കടന്നപ്പള്ളി**
തുറമുഖവും മ്യൂസിയവും
പുരാവസ്തുവും വകുപ്പുമന്ത്രി

കെ. എം.മാണി രാഷ്ട്രീയ രംഗത്ത് ശ്രദ്ധേയമായ ബഹുമുഖ വ്യക്തിത്വം, ഒപ്പം ഭരണരംഗത്തും സവിശേഷതയാർന്ന കർമ്മമുഖം. കക്ഷി രാഷ്ട്രീയ ബന്ധങ്ങൾക്കപ്പുറത്ത്, സാമുദായിക-മത വിശ്വാസങ്ങളുടെ മതിലുകൾക്കപ്പുറത്ത് മാണിസാറിനെ സ്നേഹിക്കുന്ന, ബഹുമാനിക്കുന്ന വിവിധ വിഭാഗം ജനങ്ങൾ- അതായിരുന്നു അദ്ദേഹത്തിന്റെ കരുത്ത്. ധനകാര്യവകുപ്പ് മന്ത്രിയെന്ന നിലയ്ക്ക് നിറഞ്ഞു നിന്നപ്പോഴാണ് ഒരു വാക്പ്രയോഗം കൗതുകമുണർത്തിയത്. അദ്ദേഹം തന്നെ അവതരിപ്പിച്ച ബജറ്റിനെക്കുറിച്ച് ഇതാണ് പ്രയോഗം. "ബജറ്റ് മിച്ചമാണോ എന്ന് ചോദിച്ചാൽ മിച്ചമാണ് ", "കമ്മിയാണോ എന്ന് ചോദിച്ചാൽ കമ്മിയാണ് " . എല്ലാവരെയും ചിരിപ്പിച്ച് ചിന്തിപ്പിച്ച വാക്ചാതുരി ഒപ്പം അധീഷണാലിറ്റി പ്രയോഗവും.

കേരള കോൺഗ്രസ് പാർട്ടിക്കുള്ളിൽ പിളർപ്പുകൾ ഉണ്ടാകുമ്പോൾ മാണിസാറിന്റെ പ്രയോഗം 'പിളരുന്തോറും വളരും വളരുന്തോറും പിളരും' - അതാണ് ഞങ്ങളുടെ പാർട്ടി. ഞങ്ങൾ പരിചയപ്പെട്ടതിന് ശേഷമുള്ള കാലങ്ങളിൽ വ്യക്തിപരമായ സൗഹൃദത്തിന് ഒരു ഗതി മാറ്റവും ഉണ്ടായിട്ടില്ല.

വർഷങ്ങൾക്ക് മുമ്പ് അദ്ദേഹം കേരള കോൺഗ്രസ്സിന്റെ ജില്ലാതല പരിപാടിയിൽ പങ്കെടുക്കാൻ കണ്ണൂരിൽ എത്തിയതും താമസിക്കാൻ കെ.എസ്. ആർ.ടി.സി ബസ് സ്റ്റാൻഡിനടുത്തുള്ള ഹോട്ടൽ അദ്ദേഹത്തിന്റെ പാർട്ടി നേതാക്കൾ ഒരുക്കിയതും ആ ഹോട്ടലിലേക്ക് മാണിസാറിനോടൊപ്പം വഴി കാണിച്ചുകൊടുത്തുകൊണ്ട് നടന്നുപോയതും ഞാൻ ഓർക്കുകയാണ്. ബസ്സിന് പോകാൻ കാത്തിരിക്കുമ്പോഴാണ് മാണി സാറിന്റെ കാർ കണ്ടതും ഞാൻ അടുത്തു ചെല്ലുന്നതും. ഹോട്ടൽ മുറിയിൽ എത്തിയ എന്നെ ചായ കഴിപ്പിച്ചേ മാണി സാർ പോകാൻ അനുവദിച്ചുള്ളു. ഇതുപോലെ ഓർക്കാനും ഓമനിക്കാനും കഴിയുന്ന അനുഭവങ്ങളുണ്ട് രാഷ്ട്രീയ കേരളത്തിന്.

മാണിസാറിന്റെ പ്രസംഗശൈലി- ശബ്ദഘോഷം - അവതരണഭംഗി, അതെല്ലാം പ്രത്യേകതകൾ നിറഞ്ഞതായിരുന്നു. അനുയായികളെക്കൊണ്ട് കരഘോഷം ചെയ്യിക്കാനുള്ള എല്ലാ വിഭവങ്ങളും അതിൽ ഉൾക്കൊണ്ടിരിക്കും. എതിരാളികളും അനുയായികളും ഒരു പോലെ മാണിസാറെന്ന് വിശേഷിപ്പിക്കുന്ന ഒരു വ്യക്തിത്വം. ജന മനസ്സുകളിൽ രാഷ്ട്രീയം-മുന്നണി രാഷ്ട്രീയം-തന്റേതായ വർഗ്ഗ ബന്ധിത താല്പര്യങ്ങൾ, ഇവയെല്ലാം ഒളിഞ്ഞും തെളിഞ്ഞും കാണാൻ കഴിയുമായിരുന്നു.

കേരള രാഷ്ട്രീയത്തിൽ-മുന്നണി രാഷ്ട്രീയത്തിൽ ശ്രദ്ധേയമായ പല സംഭവങ്ങളും സൃഷ്ടിച്ച ഒരുജ്ജ്വല വ്യക്തിത്വം, അതാണ് നമുക്ക് നഷ്ടമായത്. ആ നഷ്ടം കേരള രാഷ്ട്രീയ മനസ്സിൽ ഘനീഭിച്ചു നിൽക്കുന്നു. ദീപ്തമായ ആ ഓർമ്മകൾക്ക് മുന്നിൽ സ്നേഹാഞ്ജലികൾ.



കേരള നിയമസഭ
കെ.എം.മാണി
ധന്യസ്മൃതി

# മാണിസാറിന്റെ ജീവിതം

# വായിക്കുന്തോറും വലിപ്പം കൂടുന്ന പാഠപുസ്തകം



**ഡോ. ടി. എം. തോമസ് ഐസക്**

ധനകാര്യവും കയറും വകുപ്പ് മന്ത്രി

ഇടതു വലതു മുന്നണികളുടെ മന്ത്രിസഭകൾക്കു വേണ്ടി 13 ബജറ്റ്. ഏറ്റവും കൂടുതൽ വകുപ്പുകൾ കൈകാര്യം ചെയ്ത മന്ത്രി. ആൾക്കൂട്ടത്തെ കൈയിലെടുക്കാൻ അപാരസിദ്ധിയുള്ള നേതാവ്. ഒരു പ്രാദേശിക രാഷ്ട്രീയ കക്ഷിയെ മുന്നണിയുടെ നട്ടെല്ലായി നിലനിർത്തിയ തന്ത്രശാലി... വിശേഷണങ്ങളിലൊതുങ്ങാത്ത വിസ്മയമാണ് മാണി സാർ.

നിശിതവിമർശനങ്ങൾ ഏറ്റുവാങ്ങുമ്പോഴും തൊടുത്തുവിടുമ്പോഴും അദ്ദേഹത്തിനാരോടും ശത്രുതയോ വിദ്വേഷമോ ഉണ്ടായിരുന്നില്ല. എല്ലാവരുടെയും മാണി സാറായി സർവാദരണീയനായി അദ്ദേഹം വിരാജിച്ചു. കാന്തികശേഷിയുള്ള വ്യക്തിത്വം എന്ന് നിസ്സംശയം പറയാവുന്ന തലയെടുപ്പ്. കേരളാ കോൺഗ്രസിലെ പിളർപ്പുകളും തുടർന്നുണ്ടാകുന്ന രൂക്ഷവിമർശനങ്ങളുമെല്ലാം നമ്മുടെ രാഷ്ട്രീയ ചരിത്രത്തിന്റെ ഭാഗമാണ്. തന്റെ സഹപ്രവർത്തകരിൽ നിന്നു തന്നെ രൂക്ഷമായ വിമർശനം അദ്ദേഹം ഏറ്റുവാങ്ങിയിരുന്നു. എത്ര രൂക്ഷമായ വിമർശകനുപോലും ഏതു നിമിഷവും കയറിച്ചെല്ലാവുന്ന ഒരിടമായി തന്റെ കക്ഷിയെ എപ്പോഴും അദ്ദേഹം സജ്ജമാക്കി നിർത്തിയിരുന്നു. എല്ലാ കാലുഷ്യങ്ങളും ഒരു പൊട്ടിച്ചിരിയിലും ആശ്ലേഷത്തിലും അലിയിച്ചു കളയാനുള്ള ഹൃദയവിശാലത അദ്ദേഹത്തിനുണ്ടായിരുന്നു. മാണി സാർ എന്നു വിളിക്കില്ലെന്ന് പരസ്യമായി പ്രതിജ്ഞ ചെയ്തവരെക്കൊണ്ടുപോലും അങ്ങനെ വിളിപ്പിച്ച സന്ദർഭങ്ങളുടെ കൂടി ചരിത്രമുണ്ട്, കേരളാ കോൺഗ്രസ് രാഷ്ട്രീയത്തിൽ.

നിയമസഭയിൽ ഞങ്ങൾ എത്രയോ തവണ പോരുകോഴികളെപ്പോലെ പരസ്പരം കൊത്തിക്കീറിയിട്ടുണ്ട്. പക്ഷേ, ഒന്നും പരസ്പരബഹുമാനത്തിന്റെ പരിധി വിട്ടിട്ടില്ല. എന്റെ എല്ലാ ബജറ്റുകളെയും അദ്ദേഹം നഖശിഖാന്തം വിമർശിച്ചിട്ടുണ്ട്. പ്രസംഗത്തിന്റെ പോയിന്റുകളെല്ലാം സ്വന്തം കൈപ്പടയിൽ കുറിച്ചുകൊണ്ടായിരിക്കും അദ്ദേഹം വരിക. പ്രസംഗം കഴിയുമ്പോൾ ഞാനദ്ദേഹത്തിന്റെ സീറ്റിൽ ചെന്ന് കുറിപ്പുകൾ ചോദിക്കും. മറുപടി പ്രസംഗം തയ്യാറാക്കാനാണ്. ഒരു വൈമനസ്യവുമില്ലാതെ അദ്ദേഹം ആ കുറിപ്പുകൾ എനിക്കു കൈമാറിയിരുന്നു. തികഞ്ഞ സ്പോർട്സ്മാൻ സ്പിരിട്ടോടെയാണ് അദ്ദേഹം കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നത്.

**രാഷ്ട്രീയമായ വിയോജിപ്പുകൾ ത്രുക്ഷമായി നിലനിർത്തുമ്പോഴും ആ മനസിലെ നന്മയും നൈർമല്യവും ആരെയും ആകർഷിക്കും. ഇതുപോലെ നിയമസഭയെ സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയ അനേകം പേരില്ല. അങ്ങനെയുള്ളവരുടെ മുൻനിരയിലാണ് മാണി സാറിന്റെ സ്ഥാനം. ഒരു വഴിവിളക്കായി അതങ്ങനെ ജ്വലിച്ച നിൽക്കും.**



സുദീർഘമായ പാർലമെന്ററി ജീവിതത്തിലൂടെ ആർജിച്ചെടുത്ത പ്രായോഗിക ജ്ഞാനമായിരുന്നു അദ്ദേഹത്തിന്റെ തുറുപ്പു ചീട്ട്. നിയമസഭാ നടപടിക്രമങ്ങളും ചട്ടങ്ങളും മനപ്പാഠം. പരിണിതപ്രജ്ഞനായ ഒരു തറവാട്ടു കാരണവരുടെ പ്രായോഗികബുദ്ധി അദ്ദേഹം മുറുകെപ്പിടിച്ചിരുന്നു.

കേരളത്തിലെ കർഷകസമൂഹത്തിന്റെ താൽപര്യങ്ങൾ എന്നും അദ്ദേഹം ഉയർത്തിപ്പിടിച്ചിരുന്നു. ആസിയാൻ കരാറിന്റെ കാര്യത്തിൽ കേരളത്തിന്റെ താൽപര്യം സംരക്ഷിക്കണമെന്ന ശക്തമായ നിലപാട് അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ ഈ എതിർപ്പ് അവഗണിക്കാനാണ് കോൺഗ്രസ് ശ്രമിച്ചത്. അദ്ദേഹത്തിന്റെ എതിർപ്പിന് ഒരു വിലയും കോൺഗ്രസ് കൽപ്പിച്ചില്ല. ഇന്നത്തെ റബ്ബർ വിലത്തകർച്ചയടക്കം അതിന്റെ പ്രത്യാഘാതമാണ്.


മാണി സാർ ചൂണ്ടിക്കാട്ടിയ പ്രത്യാഘാതങ്ങളെ അന്ന് കേന്ദ്രത്തിലെ കോൺഗ്രസ് സർക്കാർ അവഗണിച്ചതിന്റെ ദുര്യോഗം ഇന്നും കേരളം അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. റബ്ബറിന്റെ വിലത്തകർച്ച ഉദാഹരണം. റബ്ബറിന് തറവില പ്രഖ്യാപിച്ചപ്പോൾ ആ ഭാരത്തിൽ ഒരു പങ്ക് കേന്ദ്രസർക്കാരും വഹിക്കും എന്നാണ് അദ്ദേഹം പ്രതീക്ഷിച്ചിരുന്നത്. എന്നാൽ കേരളത്തോടുള്ള കേന്ദ്ര അവഗണന ഇക്കാര്യത്തിലും തുടർന്നു.

രാഷ്ട്രീയമായ വിയോജിപ്പുകൾ ത്രുക്ഷമായി നിലനിർത്തുമ്പോഴും ആ മനസിലെ നന്മയും നൈർമല്യവും ആരെയും ആകർഷിക്കും. ഇതുപോലെ നിയമസഭയെ സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയ അനേകം പേരില്ല. അങ്ങനെയുള്ളവരുടെ മുൻനിരയിലാണ് മാണി സാറിന്റെ സ്ഥാനം. ഒരു വഴിവിളക്കായി അതങ്ങനെ ജ്വലിച്ച നിൽക്കും.













## ശ്രീ.കെ.എം.മാണി

# ഒരപരിചിതന്റെ ചില പരാമർശങ്ങൾ




**ജസ്റ്റീസ് വി.ആർ.കൃഷ്ണയ്യർ**

**മുൻ മന്ത്രിയും പിൽക്കാലത്ത് സുപ്രീം കോടതി ജഡ്ജിയുമായിരുന്ന അന്തരിച്ച ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ, 'കെ.എം. മാണി ജൂബിലി സ്മരണകൾ'എന്ന ഗ്രന്ഥത്തിൽ (1993) എഴുതിയ ലേഖനം.**

ഒരു മാന്യവ്യക്തിയെ, പൊതുജീവിതത്തിൽ പ്രശോഭിക്കുന്ന, ജീവിച്ചിരുപ്പുള്ള ഒരു പൗരനെ പരാമർശിക്കുകയോ വിലയിരുത്തുകയോ പ്രകീർത്തിക്കുകയോ ചെയ്യുവാൻ മുതിരുന്നവൻ സൂക്ഷിക്കേണ്ട ചില കാര്യങ്ങളുണ്ട്. അതിസ്തുതി ഒഴിവാക്കണം. "ഇന്ദിര ഇന്ത്യയാണ് "എന്ന സ്തുതിപാടിയ പ്രസിദ്ധനെ പരിഹസിക്കുവാൻ പോലും എവിടെയെന്ന് കണ്ടുപിടിക്കുവാൻ സാദ്ധ്യമല്ലാത്ത വിധത്തിൽ സമകാലിക ചരിത്രം അദ്ദേഹത്തെ വിസ്മരിച്ചിരിക്കുകയാണ്. ഇല്ലാത്ത ഗുണങ്ങളോ ദോഷങ്ങളോ ആരുടെ മേലും അടിച്ചേല്പിക്കരുത്. അത്തരം സാഹിത്യം വീരോചിതമായ അപദാനങ്ങളെ കെട്ടിച്ചമച്ച് സൃഷ്ടിച്ചതാണെന്ന് കരുതി വിവേകികൾ അവഗണനയുടെ ആഴത്തിലേക്ക് എറിഞ്ഞുകളയും. പറയുവാനുള്ളത് കുറച്ചാണെങ്കിലും വീരസ്തുതി അല്ലെങ്കിലും, സത്യസന്ധമായി അവതരിപ്പിക്കുന്നതായിരിക്കും സാധാരണക്കാരനായ എന്നെപ്പോലെയുള്ളവൻ അംഗീകരിക്കേണ്ട മാർഗ്ഗനിർദ്ദേശമെന്ന് ഗണിച്ചുകൊണ്ടാണ് അതിസൗഹൃദം സമ്പാദിക്കാത്ത, വ്യക്തിപൂജയോട് വിയോജിപ്പുള്ളതെങ്കിലും മതിപ്പോടെ മാനിക്കുന്ന എന്റെ സ്നേഹിതൻ മാണിയെക്കുറിച്ച് ഈ ചെറുലേഖനം എഴുതുന്നത്.

ദീർഘകാല ബന്ധം ഞങ്ങൾ തമ്മിലില്ല. രാഷ്ട്രീയബന്ധം ഒട്ടുമില്ല. നിയമസമാജമണ്ഡലത്തിൽ ഒന്നായി പ്രവർത്തിച്ചിട്ടില്ല. നിയമ നിർമ്മാണ സഭയിൽ നിന്ന് ഞാൻ വിരമിച്ചതിനു ശേഷമാണ് അദ്ദേഹം സഭയിൽ പ്രവേശിച്ചത്. പക്ഷേ ഞങ്ങൾ സ്നേഹിതരാണ്. പരസ്പരം



കെ കരുണാകരൻ, കെ എം മാണി, എ കെ ആന്റണി

**തുടർച്ചയായി അധികാരത്തിലിരിക്കുമ്പോൾ വ്യതിയാനങ്ങൾ വരാതിരിക്കില്ല. ഇന്നത്തെ രാഷ്ട്രീയാധികാരികളിൽ, വിരളമല്ലാത്ത ഗുണമാണ് പ്രമത്തതയും ധൃഷ്ടതയും ജനങ്ങളോട് പെരുമാറുമ്പോഴുള്ള അഹങ്കാരവും. അതാണല്ലോ ഇന്നത്തെ കക്ഷി രാഷ്ട്രീയം. മാണിയാവട്ടെ ഇതിൽ നിന്ന് വ്യത്യസ്തമായ പെരുമാറ്റശൈലി സ്വായത്തമാക്കിയിരുന്നു.**

ബഹുമാനിക്കുന്നവരാണ്. ഞങ്ങൾ തമ്മിൽ അന്യോന്യം ഇടപാടുകളില്ല. ഇടയ്ക്കിടയ്ക്ക് കാണാറുണ്ട്, സംസാരിക്കാറുണ്ട്. ഹൃദയംഗമമായ മതിപ്പുകല്പിച്ചുകൊണ്ട് കളങ്കമില്ലാതെ ചിരകാലമായി സൗഹൃദം പുലർത്തിവരുന്നുണ്ട്. അവാച്യമായ പരസ്പര ബന്ധമുണ്ടെന്നു മാത്രമാണ് എനിക്ക് ബഹു.മന്ത്രി കെ.എം. മാണിയെക്കുറിച്ച് എഴുതുവാനുള്ള അധികാരപത്രം. നല്ലൊരു മനുഷ്യനെന്ന് ഞാൻ കരുതുന്ന ഒരു രാഷ്ട്രതന്ത്രജ്ഞനെക്കുറിച്ച്, വിശിഷ്യാ മന്ത്രിയെക്കുറിച്ച്, അതിലുമുപരി ഒരു രാഷ്ട്രീയ നേതാവിനെക്കുറിച്ച് ഒരു ലേഖനം ഒരു സ്മരണികയിലേക്ക് എഴുതുന്നത് എന്നെ സംബന്ധിച്ച് പുതുമയാണ്. വാസ്തവങ്ങൾ പറയേണ്ട ഘട്ടങ്ങളിൽ പറയുന്നത് ശരിയാണെന്ന് വിശ്വസിക്കുന്നതുകൊണ്ട് സ്വീകാര്യവുമാണ്. ഇനി എനിക്കു പറയാനുള്ള ചില കാര്യങ്ങൾ മേല്പറഞ്ഞ ആമുഖത്തിന് വിധേയമായി കുറിക്കട്ടെ.

ശ്രീ.കെ.എം.മാണി രജതജൂബിലികാലം നിയമസഭാ സാമാജികനായി തിളങ്ങി. അക്കാലമെല്ലാം എനിക്കദ്ദേഹവുമായി പരിചയമുണ്ടായിരുന്നു. ബഹുമാനപുരസ്സരം തമ്മിൽ പെരുമാറിയിരുന്നു. തെരഞ്ഞെടുപ്പു രാഷ്ട്രീയത്തിൽനിന്നകന്ന് നീതിപീഠമാർഗ്ഗമംഗീകരിച്ച എനിക്ക് വ്യക്തമായ രാഷ്ട്രീയ അഭിപ്രായങ്ങളുണ്ടായിരുന്നു.

അഭിഭാഷക വൃത്തിയിൽ നിന്ന് രാഷ്ട്രീയത്തിലേക്ക് പ്രവേശിച്ച ശ്രീ മാണി ആ കാലത്ത് പാർട്ടിരഹിതനും ഇടതുപക്ഷ ചിന്താഗതിക്കാരനുമായ എന്നെക്കുറിച്ചറിഞ്ഞിരിക്കുവാനിടയുണ്ട്. അഭിഭാഷകവൃത്തിയും രാഷ്ട്രീയവും മന്ത്രിസഭാംഗത്വവും ഞങ്ങളെ സമാനപരിചയക്കാരാക്കിയെന്നത് ഒരു പ്രത്യേകതയാണ്. ഭാഗ്യവശാൽ, തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ട ഞാൻ അഭിഭാഷകവൃത്തിയിലേക്ക് തിരിച്ചു വന്നു. ന്യായാധിപ ജോലിയിൽ യാദൃശ്ചികമായെത്തി. ജോലിയിൽ നിന്ന് പിരിഞ്ഞ ശേഷം വീണ്ടും പൊതു ജീവിതത്തിൽ വ്യാപൃതനായി കക്ഷിരാഷ്ട്രീയത്തിനതീതമായി മാനവതാല്പര്യ രാഷ്ട്രീയ മണ്ഡലത്തിൽ വ്യാപൃതനയി അലഞ്ഞുകൊണ്ടിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി മാണിയാവട്ടെ അന്തരമുൾക്കൊള്ളുന്ന മറ്റൊരു ചിത്രമായി അതികായനായ പാർട്ടി നേതാവായി രാഷ്ട്രീയമീമാംസാപടുവായി, പലതവണ മന്ത്രിയായി വാഴുന്നു.

ഒരു യുവപ്രതിഭ, നിയമ സമ്പന്നൻ, നല്ലൊരഭിഭാഷകൻ, വാഗ്മി എന്നീ നിലകളിൽ ജീവിതപ്രയാണമാരംഭിച്ച ശ്രീ.മാണി തന്റെ സർവ്വകഴിവുകളും പൊതുകാര്യ പ്രവർത്തനങ്ങൾക്കു വേണ്ടി സമർപ്പിച്ചു. വിശേഷിച്ചും രാഷ്ട്രീയ കാര്യങ്ങൾക്കുവേണ്ടി. ഞാനറിഞ്ഞ കാലം മുതൽ അദ്ദേഹം കേരളാകോൺഗ്രസ്സിലെ ഒരു നേതാവാണ്. അദ്ദേഹത്തിന് പ്രസംഗപാടവം സ്വതസിദ്ധമായിരുന്നു. സമൂഹസ്നേഹം, സമൂഹക്ഷേമകാംക്ഷ എന്നിവയും അദ്ദേഹത്തിന്റെ പ്രധാനഗുണങ്ങളാണ്. നിശ്ചയദാർഢ്യം, ദേശസ്നേഹം, ജനമദ്ധ്യത്തിൽ അദ്ധ്വാനിക്കുവാനുള്ള വാഞ്ഛ , കർഷകരോടുള്ള പ്രതിപത്തി, ലളിത ജീവിതം, വ്യക്തമായി ചിന്തിക്കുവാനും ആശയങ്ങൾ പ്രകാശിപ്പിക്കുവാനുമുള്ള അപാരമായ കഴിവ്-ഇവയാണല്ലോ ഒരു നേതാവാകുവാനുള്ള പ്രധാന ഗുണങ്ങൾ. ഇവയെല്ലാം മാണിയിൽ തെളിഞ്ഞു വിളങ്ങി. അദ്ദേഹം ഒരു രാഷ്ട്രീയ നേതാവായതിൽ അതിശയമില്ല. ദീർഘകാലം നേതൃത്വം നിലനിർത്തിപ്പോന്നതിനും, തുടർച്ചയായി രണ്ടര ദശകം നിയമസഭാസാമാജികനായി തെരഞ്ഞെടുക്കപ്പെട്ടതിലും ഒരു കലാവല്ലഭന് ജനസമ്മതിയും പൊതു അംഗീകാരവും ലഭിച്ചുവെന്നേ കരുതുവാനുള്ളൂ.

പ്രഭാവവത്തുക്കൾക്കുള്ള ഒരു വിഷമം ശ്രീ മാണിയേയും അല്പം ബാധിച്ചിട്ടുണ്ടെന്ന് ഞാൻ സംശയിക്കുന്നു. ഭിന്നാഭിപ്രായക്കാരുമായി പിണങ്ങാതെ ഇണങ്ങിപ്പോകുവാനുള്ള പ്രത്യേക വിനയം ചിലപ്പോൾ കാണിക്കാൻ സാധിച്ചില്ലെന്നു വരാം. തുടർച്ചയായി അധികാരത്തിലിരിക്കുമ്പോൾ വ്യതിയാനങ്ങൾ വരാതിരിക്കില്ല. ഇന്നത്തെ രാഷ്ട്രീയാധികാരികളിൽ, വിരളമല്ലാത്ത ഗുണമാണ് പ്രമത്തതയും ധൃഷ്ടതയും ജനങ്ങളോട് പെരുമാറുമ്പോഴുള്ള അഹങ്കാരവും. അതാണല്ലോ ഇന്നത്തെ കക്ഷി രാഷ്ട്രീയം. മാണിയാവട്ടെ ഇതിൽ നിന്ന് വ്യത്യസ്തമായ പെരുമാറ്റശൈലി സ്വായത്തമാക്കിയിരുന്നു. എങ്കിലും പാർട്ടിയിൽ പിളർപ്പുണ്ടായി. പിളർപ്പിന് ഹേതു ആരുടെയും തെറ്റുകൊണ്ടാവണമെന്നില്ല. ഇന്ത്യൻ രാഷ്ട്രീയത്തിലെ അന്തർജാതമായ പ്രത്യേകത, അഥവാ ആധുനിക ധർമ്മമാണല്ലോ ഭിന്നത. സംയോജനം, വിയോജിപ്പ്, പ്രതിപക്ഷത്ത് ചേരൽ, പുതിയ മുന്നണി സൃഷ്ടിക്കൽ, അധികാര വിലപേശൽ തുടങ്ങിയവ. അവസരവാദപരമായ അധഃപതനം രാഷ്ട്രീയ ധർമ്മമായി മാറിയ ഭാരതത്തിൽ ഒരേ പാർട്ടിയിൽ ഇരുപത്തഞ്ചു കൊല്ലങ്ങളോളം നിയമസഭാ സാമാജികനായി, നേതാവായി, ഭാവിയെ സേവനനിർഭരമായി വീക്ഷിക്കുക എളുപ്പമല്ല. കെ.എം.മാണി എന്ന രാഷ്ട്രീയ കലാവല്ലഭന്റെ ഒരു നേട്ടം അതാണ്.

ഇതൊന്നും യാദൃശ്ചികമല്ല. അദ്ധ്വാനശീലത്തിന്റെയും സ്വഭാവഗുണത്തിന്റെയും, വിജ്ഞാനം നേടുവാനുള്ള സ്ഥായിയായ പരിശ്രമത്തിന്റെയും ജനസേവനത്തെ തപസ്സാക്കി മാറ്റിയ സവിശേഷതയുടെയും ഫലമാണ്. കേരള രാഷ്ട്രീയത്തിലെ ഒരു നേതാവായ, പാലാ ജനങ്ങളുടെ പടത്തലവനായ മാണി, പരേതനായ ജഡ്ജി ശ്രീ ഗോവിന്ദമേനവന്റെ അപ്രന്റീസ്സായിട്ടാണ് കോഴിക്കോട്ട് അഭിഭാഷവൃത്തി ആരംഭിച്ചത്. പീന്നീട് പാലായിൽ വക്കീലായി മിന്നിത്തിളങ്ങി- അവിടന്നു തന്നെ സജീവ രാഷ്ട്രീയത്തിൽ പ്രവേശിച്ചു. ഒരേ നിയോജകമണ്ഡലത്തിൽ നിന്ന് തുടർച്ചയായി എട്ടുതവണ തെരഞ്ഞെടുക്കപ്പെടുക എന്ന അത്ഭുതനേട്ടം തോമസ്സ് മാണിയുടെ മകൻ കുഞ്ഞുമാണിക്ക് സാധിച്ചു എന്നോർക്കുമ്പോൾ അദ്ദേഹത്തിന്റെ മുമ്പിൽ തല കുനിക്കേണ്ടിയിരിക്കുന്നു. പാലാക്കാരുടെ നിത്യജീവിതത്തിന്റെ ഭാഗമാണ് കെ.എം.മാണി എന്ന് വിശേഷിപ്പിക്കുമ്പോൾ അതിനു തെളിവ് ഈ തെരഞ്ഞെടുപ്പ് പരമ്പര തന്നെയാണ്. വളരും തോറും പിളരുകയും, പിളരും തോറും വളരുകയും ചിലപ്പോൾ പുതിയ പേരുകളിൽ ഉദിക്കുകയും പഴയ പേരുകൾ അസ്തമിക്കുകയും ചെയ്യുക എന്നത് ഭാരത രാഷ്ട്രീയത്തിന്റെ ഒരു പ്രതിഭാസമാണല്ലോ. ഏത് സാഹചര്യത്തിലും കേരളാ കോൺഗ്രസ്സിന്റെ അദ്വിതീയ നേതാവായി ജനകീയ പ്രതിഭയായി, ഊർജ്ജസ്വലനായി ജീവിക്കുവാൻ ശ്രീ മാണിക്ക് സാധിക്കും എന്നുള്ളതിൽ സംശയമില്ല.

ഒരു ചെറിയ കാര്യം-അല്ല വലിയ കാര്യം തന്നെ. മന്ത്രി മാണി പുകവലി നിർത്തി എന്നാണ് അറിയുന്നത്. ആത്മരക്ഷയ്ക്ക് മാത്രമല്ല ഇതരരുടെ ജീവൻ രക്ഷിക്കുവാനും പുകവലി നിർത്തേണ്ടതാണ്. പുകയില സംബന്ധിയായ ഉപയോഗം ഇന്ത്യയിൽ ഒരു വർഷത്തിൽ എട്ടു ലക്ഷം ജീവാപായങ്ങൾ ഉണ്ടാക്കുന്നുണ്ടത്രേ. പുകവലിക്കുന്നവനു പുറമെ അടുത്തിരിക്കുന്നവനും രോഗം ബാധിക്കും. പുകവലി നിർത്തിയ മാണിയെ മനുഷ്യസ്നേഹിയായി ഞാൻ ഗണിക്കുന്നു.

എന്നെ ആകർഷിച്ചത് അദ്ദേഹത്തിന്റെ മനുഷ്യസ്നേഹപരമായ

വീക്ഷണമാണ്. കണ്ണുകാണാത്തതായ ഒരു നിയമബിരുദധാരിയെ നിയമ ഡിപ്പാർട്ടുമെന്റിൽ ജോലി കൊടുത്ത് ജീവിക്കുവാൻ സഹായിക്കണമെന്ന് ഞാൻ അദ്ദേഹത്തോട് അപേക്ഷിച്ചു. ചട്ടങ്ങൾ മാറ്റിവെച്ചുകൊണ്ട് ഈ എൽ.എൽ.എം ബിരുദധാരിയായ അന്ധനെ യോഗ്യതയുള്ള ഉദ്യോഗത്തിൽ നിയമിച്ചു എന്നുള്ളതോർക്കുമ്പോൾ അദ്ദേഹത്തിന്റെ കരുണാശീലം വ്യക്തമാകുന്നു.

അതുപോലെ തന്നെ ദരിദ്രർക്ക് സൗജന്യനിയമ സഹായം നല്കുന്ന ഒരു പദ്ധതി കേരളാ ഗവൺമെന്റ് ആവിഷ്കരിക്കണമെന്ന് കുറെകൊല്ലങ്ങൾക്ക് മുമ്പ് ഞാൻ ആവശ്യപ്പെടുകയുണ്ടായി. ആ പരിപാടി അദ്ദേഹം അംഗീകരിച്ചു. ദരിദ്രരോടുള്ള അധികാരികളുടെ കടപ്പാട് ഇത്തരം ചെയ്തികളിൽ കൂടിയാണല്ലോ തെളിഞ്ഞുകാണുക. പിന്നീട് നിയമ മന്ത്രിയായി വന്ന ശ്രീ.കെ.ചന്ദ്രശേഖരനെയും ഇത്തരുണത്തിൽ ഞാൻ സ്മരിക്കുന്നു. അഭിഭാഷകവൃത്തിയിൽ ശോഭിച്ച ശ്രീ മാണി മന്ത്രിയായപ്പോൾ വക്കീൽ സമൂഹത്തിന്റെ വിഷമതകൾ മനസ്സിലാക്കിക്കൊണ്ട് അവർക്കു വേണ്ടി ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിൽ വരുത്തി. ഞാൻ നിയമമന്ത്രിയായിരുന്ന കാലത്ത് ഇത്തരം ഒരു പദ്ധതിക്ക് അടിത്തറ ഇട്ടിരുന്നുവെങ്കിലും പൂർണ്ണരൂപത്തിൽ വാർദ്ധക്യ അഭിഭാഷക ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ചത് മന്ത്രി ശ്രീ.കെ.എം.മാണിയാണ്.

കേരള യൂത്ത് ഫ്രണ്ട് (എം) ശ്രീ മാണിയെക്കുറിച്ച് ഒരു ഉപഹാരഗ്രന്ഥം (FEST-SCHRIFT) തയ്യാറാക്കുന്നതിൽ പ്രത്യേക ഔചത്യമുണ്ട്. ചെറുപ്പക്കാരനായി ചെറിയ നിലയിൽ നിന്ന് ഉയർന്നു വന്ന മാണി അദ്ധ്വാനത്തിന്റെയും ആദർശത്തിന്റെയും നേട്ടങ്ങൾക്ക് വിശിഷ്ട മാതൃകയാണ്. തെരഞ്ഞെടുപ്പുകളിൽ പരാജയപ്പെടാതെ തുടർച്ചയായി ജനപിന്തുണ, പ്രത്യേകിച്ചും യുവപിൻതുണ നേടിയ മാന്യനാണല്ലോ മാണി. മന്ത്രിയായപ്പോൾ വകുപ്പ് ഏതായാലും പ്രതിഭയുള്ളതുകൊണ്ട് പ്രശോഭിക്കുവാൻ സാധിച്ചതായ കഴിവുറ്റ മാണി യുവാക്കൾക്ക് ഒരു പ്രേരണാശക്തിയാണല്ലോ. എട്ടു മന്ത്രിസഭകൾ, പല വകുപ്പുകൾ, എട്ടു ബജറ്റുകളുടെ അവതരണം എന്നിവ അഭിമാനിക്കാവുന്ന നേട്ടങ്ങളാണല്ലോ.


വിദ്യുച്ഛക്തി മുതൽ ഭവന നിർമ്മാണരംഗത്തെ പുതിയ ദർശനം വരെ തൊട്ടതെല്ലാം പൊന്നാക്കുവാൻ കഴിവുള്ള സർവകലാവല്ലഭനാണെന്ന് മാണി പ്രവർത്തനം കൊണ്ട് തെളിയിച്ചിരിക്കുന്നു. കുറ്റങ്ങളും കുറവുകളും ഇല്ലെന്നല്ല, ആക്ഷേപാർഹമായ വശങ്ങൾ ഇല്ലെന്നല്ല. ഏത് മഹാനും അത്തരം കുറവുകൾ ഉണ്ടാകും. പക്ഷെ നേട്ടങ്ങളുടെ മുന്നിൽ അവ നിഷ്പ്ര ഭമാവും, സമക്ഷവീക്ഷണത്തിൽ കൂടി വിലയിരുത്തിയാൽ മാണിയെ നല്ലൊരു മന്ത്രി, നല്ലൊരു വാഗ്മി എന്ന് വിധി എഴുതാവുന്നതാണ്.

ആവേശം കൊള്ളിക്കുന്ന തരത്തിൽ പ്രസംഗിക്കുന്ന ഒരു രാഷ്ട്രീയാഭ്യാസി എന്നതിൽ കവിഞ്ഞ് നിയമങ്ങളെ അനായാസേന വിശേഷ വൈദഗ്ദ്ധ്യത്തോടുകൂടി പ്രസംഗരൂപത്തിൽ അവതരിപ്പിക്കുവാൻ സാധിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി മാണിയേയാണ് ഞാൻ ഈയിടെ ഒരു യോഗത്തിൽ കണ്ടത്. അതിസുന്ദരവും ലളിതവുമായ ഭാഷയിൽ സാങ്കേതികമായ നൂലാമാലകൾ ബാധിക്കാത്ത വിധത്തിൽ, എളുപ്പത്തിൽ മനസ്സിലാക്കാവുന്ന തരത്തിൽ പദങ്ങൾ തെരഞ്ഞെടുത്ത് വ്യക്തത പാലിച്ചുകൊണ്ടുള്ള, ഒരു പ്രത്യേകശൈലി ഞാൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കണ്ടു. ആശയങ്ങൾ കുഴപ്പം പിടിച്ചവ, വ്യാഖ്യാനം വിഷമം പിടിച്ചത്; പാർലമെന്ററി പ്രൊസീഡിയർ സാധാരണക്കാരന് ദുർഗ്രാഹ്യം. എന്നാൽ മാണിയുടെ വാക്സരണി, സംസാരരീതി, ഏവരേയും ധരിപ്പിക്കുവാൻ കഴിയുന്ന പാടവം ഇവയെല്ലാം തന്നെ എന്നെ ആശ്ചര്യപ്പെടുത്തി. ഈ മാണി മാഹാത്മ്യം ഞാൻ മനസ്സിലാക്കിയിരുന്നില്ല.

എന്നെ ആകർഷിച്ചത് അദ്ദേഹത്തിന്റെ മനുഷ്യസ്നേഹപരമായ വീക്ഷണമാണ്. കണ്ണുകാണാത്തതായ ഒരു നിയമബിരുദധാരിയെ നിയമ ഡിപ്പാർട്ടുമെന്റിൽ ജോലി കൊടുത്ത് ജീവിക്കുവാൻ സഹായിക്കണമെന്ന് ഞാൻ അദ്ദേഹത്തോട് അപേക്ഷിച്ചു. ചട്ടങ്ങൾ മാറ്റിവെച്ചുകൊണ്ട് ഈ എൽ.എൽ.എം ബിരുദധാരിയായ അന്ധനെ യോഗ്യതയുള്ള ഉദ്യോഗത്തിൽ നിയമിച്ചു എന്നുള്ളതോർക്കുമ്പോൾ അദ്ദേഹത്തിന്റെ കരുണാശീലം വ്യക്തമാകുന്നു.







ശുദ്ധഗതിയിൽ ജീവിക്കുന്ന ഈ മനുഷ്യൻ, ഗാന്ധിയൻ വസ്ത്രം ധരിക്കുന്ന ഈ പൗരൻ, സാധാരണക്കാരുടെ ആവശ്യങ്ങൾക്ക്, പാർപ്പിട സൗകര്യം തുടങ്ങിയ നിരവധി ആവശ്യങ്ങൾക്ക് മന്ത്രി പദം ഉപയോഗിക്കുവാൻ സന്നദ്ധനായ സാമാന്യം അറുപതുകാരനായ യുവാവാണ്.

ഒരു കാര്യത്തിൽ അദ്ദേഹത്തിന്റെ പരിപാടികളോട് പൂർണ്ണമായും യോജിക്കുവാൻ എനിക്ക് കഴിഞ്ഞിട്ടില്ല- പ്രകൃതി സംരക്ഷണത്തിന് അത്യാവശ്യമായ വനസംരക്ഷണം തള്ളിപ്പറഞ്ഞുകൊണ്ട് മരങ്ങൾ വെട്ടി മുറിച്ച് കാടുകൾ നാടുകളാക്കി, ദാരിദ്ര്യത്തിന്റെ മൂടുപടം ധരിച്ച് വനം കയ്യേറി കൈവശം വച്ചിരിക്കുന്നവർക്ക് പട്ടയദാനം നൽകുക എന്നുള്ളത് മര മൗലികവാദിയും നരമൗലികവാദിയും ആയ എനിക്ക് ദഹിക്കുന്നില്ല- പ്രത്യേകിച്ച് ഹിന്ദു മൗലിക വാദികൾ ഇത്തരം പദ്ധതികളിൽ ക്രിസ്തീയ പക്ഷപാത നയം ദർശിക്കുന്നുണ്ടെങ്കിൽ അത് അകറ്റേണ്ടതായ ബാദ്ധ്യത അദ്ദേഹത്തിനും എനിക്കും ഉണ്ട്. പാർപ്പിട സൗകര്യം എല്ലാവർക്കും നൽകേണ്ടതാണ്. അതൊരു മൗലികാവകാശമാണ്. കുടിപ്പാർപ്പുകാരെ കുറ്റക്കാരായി ഞാൻ കാണുന്നില്ല. എങ്കിലും ഇന്നത്തെ കാലഘട്ടത്തിൽ മരത്തിനും മണ്ണിനും വർഗീയതയുണ്ട്. അത്തരം കാര്യങ്ങൾ ശ്രദ്ധിച്ചുകൊണ്ടായിരിക്കണം പട്ടയദാനം തുടങ്ങിയ നയങ്ങൾ രൂപീകരിക്കൽ. മാണിയുടെ രക്തത്തിൽ സെക്കുലറിസമുണ്ടെന്ന് എനിക്കറിയാം. ഗൃഹരഹിതർക്ക്, നിർധനർക്ക് അവർ ഏതു മതസ്ഥരായാലും ശരി അവർക്കെല്ലാം പാർപ്പിട സൗകര്യം ഉണ്ടാക്കിക്കൊടുക്കണമെന്നുള്ള നിർബന്ധം അദ്ദേഹത്തിനുണ്ട്. നീതിയും ന്യായവും നിഷേധിക്കപ്പെട്ടിരുന്ന ഒരു ജനവിഭാഗം, ആവലാതികളും നിവേദനങ്ങളുമായി തന്നെ സമീപിക്കുമ്പോൾ അവർക്കെല്ലാം ആശ്വാസം നല്കുവാൻ ആത്മാർത്ഥമായി ശ്രമിക്കുന്ന ശ്രീ മാണിയെ ഞാൻ അഭിനന്ദിക്കുന്നു. നിരന്തരം പുത്തൻ ജനക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുകയും ചൈതന്യവത്തായി നടപ്പിൽ വരുത്തുവാൻ പരിശ്രമിക്കുകയും സദാ അദ്ധ്വാനിക്കുകയും ചെയ്യുന്ന എന്റെ സുഹൃത്ത് ശ്രീ.കെ.എം.മാണിക്ക് എല്ലാ തുറകളിലും ആത്മീയ ശക്തിയോടുകൂടി മുന്നേറുവാൻ സാധിക്കുമാറാകട്ടെ എന്ന് ഹൃദയംഗമമായി ആശംസിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

കേരള നിയമസഭ
കെ.എം.മാണി ധന്യസ്മൃതി


# എല്ലാവരുടെയും മാണിസാർ



പി. ജെ. ജോസഫ്, മുൻമന്ത്രി

മാണിസാറിനെ നോക്കുമ്പോൾ അദ്ദേഹം എപ്പോഴും മുറിയിലിരുന്ന് എന്തെങ്കിലും എഴുതിക്കൊണ്ടിരിക്കുകയായിരിക്കും. അത് പിറ്റേദിവസത്തെ നിയമസഭയിലേയ്ക്കുള്ള തയ്യാറെടുപ്പാണ് കഠിനാദ്ധ്വാനം ചെയ്യുന്ന ഒരു നിയമസഭാ സാമാജികനാണ് അദ്ദേഹം. അന്ന് അദ്ദേഹത്തിന് 35-36 വയസ്സ് പ്രായമേയുള്ളൂ. അന്നും ഞങ്ങൾ അദ്ദേഹത്തെ മാണിസാർ എന്നുതന്നെയാണ് വിളിച്ചിരുന്നത്.

എന്റെ ഓർമ്മ 1970-കളിലേയ്ക്ക് പോകുകയാണ്. മാണിസാറിനെ ആദ്യമായി പരിചയപ്പെടുന്നത് ഞാൻ നിയമസഭയിൽ വന്നതിനുശേഷമാണ്. അന്നത്തെ നിയമസഭയിൽ ഉണ്ടായിരുന്നവരിൽ ഇപ്പോഴത്തെ മുഖ്യമന്ത്രി, മുൻ മുഖ്യമന്ത്രിമാരായ ശ്രീ. വി.എസ്. അച്ചുതാനന്ദൻ, ശ്രീ. ഉമ്മൻ ചാണ്ടി, ഞാൻ, ഇത്രയും പേരാണ് നിലവിലുള്ള 14-ാം സഭയിലുള്ളതെന്നാണ് ഞാൻ കരുതുന്നത്. 1970-ൽ പഴയ എം.എൽ.എ. ക്വാർട്ടേഴ്സിന്റെ മൂന്നാമത്തെ നിലയിലെ അങ്ങേയറ്റത്തെ മുറിയിൽ കെ. എം. ജോർജും തൊട്ടടുത്ത മുറിയിൽ ഞാനും അതിനടുത്ത മുറിയിൽ കെ.എം. മാണിയുമായിരുന്നു താമസിച്ചിരുന്നത്. മാണിസാറിനെ നോക്കുമ്പോൾ അദ്ദേഹം എപ്പോഴും മുറിയിലിരുന്ന് എന്തെങ്കിലും എഴുതിക്കൊണ്ടിരിക്കുകയായിരിക്കും. അത് പിറ്റേദിവസത്തെ നിയമസഭയിലേയ്ക്കുള്ള തയ്യാറെടുപ്പാണ് കഠിനാദ്ധ്വാനം ചെയ്യുന്ന ഒരു നിയമസഭാ സാമാജികനാണ് അദ്ദേഹം. അന്ന് അദ്ദേഹത്തിന് 35-36 വയസ്സ് പ്രായമേയുള്ളൂ. അന്നും ഞങ്ങൾ അദ്ദേഹത്തെ മാണിസാർ എന്നുതന്നെയാണ് വിളിച്ചിരുന്നത്. 1967-ലെ നിയമസഭയിൽ കേരളാ കോൺഗ്രസിന് അഞ്ച് എം.എൽ.എ.മാരാണുണ്ടായിരുന്നത്. കെ. എം. ജോർജ്, കെ.എം.മാണി, ഇ. ജോൺ ജേക്കബ്, ചാഴിക്കാടൻ. അന്ന് അതിശക്തമായ ഭാഷയിൽ ഇ.എം.എസ്. ഗവൺമെന്റിനെ വിമർശിച്ചത് ഞാൻ പത്രങ്ങളിൽ വായിച്ചിട്ടുണ്ട്. 1970-ലാണ് കേരളാ കോൺഗ്രസ് യഥാർത്ഥത്തിൽ കർഷകരുടെ പാർട്ടിയായി മാറിയത്. കേരളാ കോൺഗ്രസിനെ സ്റ്റേറ്റ് പാർട്ടിയാക്കി മാറ്റണമെന്ന വലിയ



കെ എം മാണി, പി ജെ ജോസഫ്

> **കർഷകത്തൊഴിലാളി പെൻഷൻ എന്ന ആശയം കൊണ്ടുവന്ന കെ. എം. മാണിയെപ്പറ്റി ഓർക്കുമ്പോൾ 'ഒരു പൊതുപ്രവർത്തകൻ ഏത് കാര്യം ചെയ്യുമ്പോഴും സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവന്റെ മുഖം നിങ്ങളുടെ മുന്നിലുണ്ടായിരിക്കണം, അതനുസരിച്ച് നയങ്ങൾ രൂപവത്കരിക്കണം' എന്ന് മഹാത്മാ ഗാന്ധി പറഞ്ഞ കാര്യം ഞാൻ ഓർക്കുകയാണ്. കെ. എം. മാണിയുടെ എല്ലാ ബഡ്ജറ്റിലും അത് കാണാമായിരുന്നു.**

ആഗ്രഹം കെ.എം. ജോർജിനും കെ.എം. മാണിക്കും ഉണ്ടായിരുന്നു. അന്നത്തെ ഒരു പ്രധാന പ്രമേയം കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ പൊളിച്ചെഴുത്ത് നടത്തണമെന്നതായിരുന്നു. അധികാരങ്ങളും വരുമാനവും മുഴുവൻ കേന്ദ്രത്തിനും ചുമതലകൾ മുഴുവൻ സംസ്ഥാനത്തിനുമാണ്. ആ പ്രമേയം നിയമസഭയിൽ അവതരിപ്പിച്ചത് കെ.എം. മാണിയാണ്. എനിക്ക് തോന്നുന്നത് അന്ന് കേരളാ കോൺഗ്രസ് ഒറ്റയ്ക്കാണ്; കോൺഗ്രസ് ഇൻഡിപെൻഡന്റായുണ്ട്; ഇടതുപക്ഷ മുന്നണിയുമുണ്ട്; എല്ലാവരും അതിനോട് യോജിച്ചു. ആയിടയ്ക്കാണ് സർക്കാരിയ കമ്മീഷൻ വരുന്നത്. കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ പൊളിച്ചെഴുത്ത് നടത്തണമെന്ന ആശയംതന്നെ സർക്കാരിയ കമ്മീഷൻ ശക്തമായി ഉന്നയിച്ചു. ഇന്ത്യ സ്വാതന്ത്ര്യം പ്രാപിച്ച കാലഘട്ടത്തിൽ പല സംസ്ഥാനങ്ങളും വിട്ടുപോകുന്ന ഭീഷണിയിലാണ് ഫെഡറൽ സംവിധാനത്തിൽ കേന്ദ്രത്തിന് ഇത്രയും അധികാരങ്ങളും വരുമാനവും കൊടുത്തത്. അത് ഡയല്യൂട്ട് ചെയ്യണമെന്ന് പലപ്പോഴും ആഗ്രഹിച്ചുവെങ്കിലും നടന്നില്ല. കേരളാ കോൺഗ്രസാണ് ഈ വിഷയം സജീവമാക്കിയത്. സർക്കാരിയ കമ്മീഷൻ അത് ശക്തമായി ഉന്നയിച്ചു. ഇപ്പോഴും പ്രസക്തമായി നിൽക്കുന്നു. എല്ലാവരും യോജിക്കേണ്ട വിഷയമാണിത്.

കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ പൊളിച്ചെഴുത്ത് നടത്തണം. അതോടൊപ്പം ഞങ്ങൾ കേരളത്തിലെ റബ്ബർ, നാളികേരം തുടങ്ങിയ നാണ്യവിളകളെപ്പറ്റി നിരന്തരം പറഞ്ഞുകൊണ്ടിരുന്നു. കയറ്റിറക്കുമതി നയം നിർണ്ണായകമാണ്. പല വിളകളുടെയും വില കയറ്റിറക്കുമതി നയത്തെ ആശ്രയിച്ചാണിരിക്കുന്നത്. അതിലും മാറ്റം വരുത്തണം. ആലുവയിൽ ഞങ്ങൾ യോഗം കൂടി ചർച്ച ചെയ്തു. അന്നാണ് കർഷകരും കർഷകത്തൊഴിലാളികളും ഒരു നാണയത്തിന്റെ ഇരുവശങ്ങളാണ്, അവർ യോജിച്ച് പ്രവർത്തിക്കേണ്ടവരാണെന്ന സുപ്രധാനമായ പ്രമേയം കൊണ്ടുവന്നത്. ആ പ്രമേയത്തെത്തുടർന്ന്



കെ. എം. മാണി, പി. ജെ. ജോസഫ്, മോൻസ് ജോസഫ്, ജോസ് കെ. മാണി, റോഷി അഗസ്റ്റിൻ

ഇടതുപക്ഷവുമായി, സി.പി.ഐ. (എം.)-ഉം ആയി പല രംഗങ്ങളിലും സഹകരിച്ച് പ്രവർത്തിച്ചു. ഇ. ജോൺ ജേക്കബ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഏറ്റവും വലിയ എതിരാളിയായിരുന്നു. അദ്ദേഹം കർഷകരുടെ ആവശ്യങ്ങൾക്കുവേണ്ടി നിയമസഭയിൽ ഷർട്ടിടാതെ തോർത്ത് പുതച്ചുകൊണ്ടുവന്നത് ഞാൻ ഓർക്കുകയാണ്. നാണ്യവിളകൾക്കും കർഷകർക്കും വേണ്ടി പോരാടുന്ന ഒരു പാർട്ടി രൂപീകൃതമായപ്പോൾ ഇ. ജോൺ ജേക്കബിന് സന്തോഷമായി; സി.പി.ഐ.(എം)ഉം ആയുള്ള സംഘട്ടനം അവസാനിപ്പിക്കുകയും സഹകരിച്ച് ഒട്ടേറെ കാര്യങ്ങളിൽ മുന്നോട്ടുപോവുകയും ചെയ്തു. പിന്നീട് അടിയന്തരാവസ്ഥ വന്നു. ഇന്ദിരാഗാന്ധിയുടെ കാലത്ത് കേരളാ കോൺഗ്രസും കോൺഗ്രസുമായുള്ള അഭിപ്രായ വ്യത്യാസങ്ങളിലെ വിഷയങ്ങൾ ചർച്ച ചെയ്തു. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. 1975-ൽ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് ഒരു വർഷത്തിനുള്ളിൽ കേരളാ കോൺഗ്രസ് പാർട്ടി അന്നത്തെ അച്യുതമേനോൻ മന്ത്രിസഭയിൽ വന്നു. ധനകാര്യ വകുപ്പിന്റെ ചാർജാണ് കെ. എം. മാണിക്കുണ്ടായിരുന്നത്. ആദ്യത്തെ ബഡ്ജറ്റ് അന്നാണ് അവതരിപ്പിക്കുന്നത്. 1980-ൽ നായനാർ മന്ത്രിസഭയിലും അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയായിരുന്നു.

കർഷകത്തൊഴിലാളി പെൻഷൻ എന്ന ആശയം കൊണ്ടുവന്ന കെ. എം. മാണിയെപ്പറ്റി ഓർക്കുമ്പോൾ 'ഒരു പൊതുപ്രവർത്തകൻ ഏത് കാര്യം ചെയ്യുമ്പോഴും സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവന്റെ മുഖം നിങ്ങളുടെ മുന്നിലുണ്ടായിരിക്കണം, അതനുസരിച്ച് നയങ്ങൾ രൂപവത്കരിക്കണം' എന്ന് മഹാത്മാഗാന്ധി പറഞ്ഞ കാര്യം ഞാൻ ഓർക്കുകയാണ്. കെ. എം. മാണിയുടെ എല്ലാ ബഡ്ജറ്റിലും അത് കാണാമായിരുന്നു. കേരളാ കോൺഗ്രസ് കായൽ രാജാക്കൻമാരുടെയും തോട്ടം

ചെറുപ്പക്കാർക്ക് ഏറ്റവും നല്ല മാതൃകയാണ് അദ്ദേഹം. കഠിനാദ്ധ്വാനം ചെയ്യുന്നയാളാണ്. ചിറ്റ് ബുക്കില്ലാതെ ഒന്നുമില്ല. ഒടുവിൽ പാർട്ടി മീറ്റിംഗിൽ പങ്കെടുക്കുമ്പോഴും ചിറ്റ് ബുക്ക് കരുതിയിരുന്നു. ഒന്നും വിട്ടുപോകാതെ എല്ലാ കാര്യങ്ങൾക്കും മറുപടി പറയും. അങ്ങനെ ശ്രദ്ധയോടുകൂടി രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന സാധാരണക്കാർക്കുവേണ്ടി അദ്ധ്വാനിക്കുന്ന മുഴുവൻ സമയ പൊതുപ്രവർത്തകനായിരുന്ന അദ്ദേഹം

ഉടമകളുടെയും പാർട്ടിയാണെന്ന് പറഞ്ഞതിൽനിന്ന് ചെറുകിട കർഷകന്റെ പാർട്ടിയാണെന്ന് സ്ഥാപിച്ചെടുക്കാൻ കഴിഞ്ഞു. റബ്ബർ കർഷകരിൽ 95%-വും ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള ചെറുകിട കർഷകരാണ്. അതുപോലെതന്നെ നാളികേരത്തിന്റെ വിലയിടിവും കയറ്റിറക്കുമതി നയവും കർഷക പെൻഷനും അദ്ദേഹം ഇൻട്രൊഡ്യൂസ് ചെയ്തു. കാരുണ്യ ബെനവലന്റ് സ്കീം കൊണ്ടുവന്നു. കാരുണ്യ പദ്ധതിയെക്കുറിച്ച് തിരുവനന്തപുരത്ത് നടന്ന ഒരു യോഗത്തിൽ ശ്രീ. അരുൺ ജെയ്റ്റ്ലി പങ്കെടുത്തുകൊണ്ട് പറഞ്ഞത് ഇന്ത്യയ്ക്കാകെ മാതൃകയാകേണ്ടതാണ് ഈ പദ്ധതിയെന്നാണ്. മറ്റേതെങ്കിലും ഇൻഷ്വറൻസ് പദ്ധതിയുമായി ചേർക്കാതെ കാരുണ്യ പദ്ധതി അതേപടി തുടർന്നാൽ ഏറ്റവും ഭംഗിയായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. പാവപ്പെട്ടവന് ഏറ്റവും വലിയ ആശ്വാസമാകുന്നതും ആരുടെയും ശിപാർശയില്ലാതെ ചികിത്സാ റിക്കാർഡ് അനുസരിച്ച് സഹായം നൽകാൻ കഴിയുന്നതുമായ പദ്ധതിയാണിത്. അത് തുടരുന്നത് അദ്ദേഹത്തിനുവേണ്ടി ചെയ്യാവുന്ന ഏറ്റവും നല്ല കാര്യമാണ്. മാണിസാറും ഞാനുമായി ഇണങ്ങിയും പിണങ്ങിയും 20 വർഷം.

എന്റെ പാർട്ടി 2009 വരെ ഇടതുമുന്നണിയിലായിരുന്നു. ഇടതുമുന്നണിയിൽനിന്നും ഞാൻ എന്തുകൊണ്ട് വിട്ടുപോയിയെന്ന് ചോദിച്ചാൽ ഒറ്റ കാര്യമേ പറയാനുള്ളൂ, മാണിസാറുമായി യോജിച്ചുപോകാമെന്ന് അദ്ദേഹം എന്നെ വിളിച്ചുപറഞ്ഞതിന്റെ അടിസ്ഥാനത്തിലാണത്. അന്ന് ഞാൻ മന്ത്രിസഭയിലുണ്ട്. വിഷയം ചർച്ച ചെയ്തപ്പോൾ ചെയർമാൻ സ്ഥാനം ഞങ്ങൾക്ക് വിട്ടുതന്നാലേ യോജിച്ചുപോകൂ എന്ന് ഞാൻ പറഞ്ഞു. അപ്പോൾ മാണിസാർ സ്നേഹപൂർവ്വം വിളിച്ചുപറഞ്ഞു, 'ഔസേപ്പച്ചാ, ഞാനല്ലേ സീനിയർ; അതുകൊണ്ട് എന്നെ ചെയർമാനായി അംഗീകരിക്കുക; ഔസേപ്പച്ചൻ വർക്കിംഗ് ചെയർമാനായിരിക്കുക' എന്ന്. അങ്ങനെ ഞാൻ പ്രവർത്തിച്ചു. ഈ കാലയളവിൽ അഭിപ്രായവ്യത്യാസമുണ്ടായിട്ടുണ്ട്. എന്നെ വിളിച്ച് അദ്ദേഹം സംസാരിക്കും. ഞങ്ങൾ യോജിച്ചാണ് മുന്നോട്ടുപോയിരുന്നത്.

13 തവണ തുടർച്ചയായി ഒരു മണ്ഡലത്തിൽ നിന്നു തന്നെ നിയമസഭാംഗമാകണമെങ്കിൽ ഒരു ആത്മബന്ധം അവിടത്തെ ജനങ്ങളുമായുണ്ടാകണം. അത് അദ്ദേഹം പുലർത്തിയിരുന്നു. എന്ത് പറയുമ്പോഴും പാലാ നിയോജകമണ്ഡലത്തെക്കുറിച്ച് പറയും; അതിന്റെ അംഗീകാരം അദ്ദേഹത്തിന് കിട്ടി. കേരള ജനതയും ഇന്ത്യയും അദ്ദേഹത്തെ അംഗീകരിക്കുന്നു. ചെറുപ്പക്കാർക്ക് ഏറ്റവും നല്ല മാതൃകയാണ് അദ്ദേഹം. കഠിനാദ്ധ്വാനം ചെയ്യുന്നയാളാണ്. ചിറ്റ് ബുക്കില്ലാതെ ഒന്നുമില്ല. ഒടുവിൽ പാർട്ടി മീറ്റിംഗിൽ പങ്കെടുക്കുമ്പോഴും ചിറ്റ് ബുക്ക് കരുതിയിരുന്നു. ഒന്നും വിട്ടുപോകാതെ എല്ലാ കാര്യങ്ങൾക്കും മറുപടി പറയും. അങ്ങനെ ശ്രദ്ധയോടുകൂടി രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന സാധാരണക്കാർക്കുവേണ്ടി അദ്ധ്വാനിക്കുന്ന മുഴുവൻ സമയ പൊതുപ്രവർത്തകനായിരുന്നു അദ്ദേഹം.

സംസ്ഥാന പാർട്ടികൾക്ക് ദേശീയ കാഴ്ചപ്പാടുണ്ടാകണമെന്നത് അദ്ദേഹം പറഞ്ഞ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. പല സ്ഥലത്തും സംസ്ഥാന പാർട്ടികൾ ശക്തിപ്പെടുന്നത് ദേശീയ കാഴ്ചപ്പാടോടു കൂടിയാണെങ്കിൽ ഒരപകടവുമില്ല. തമിഴ്നാട്ടിലും ആന്ധ്രാപ്രദേശിലും പശ്ചിമബംഗാളിലും ഒഡീഷയിലും വരുന്ന കാര്യങ്ങൾ നോക്കുമ്പോൾ, confederation of State parties രൂപീകരണത്തിന് ഔസേപ്പച്ചൻ മുൻകയ്യെടുക്കണമെന്നാണ് അദ്ദേഹം ഒരിക്കൽ എന്നോട് പറഞ്ഞത്. "നമുക്കത്രയും ശക്തിയില്ല; എങ്കിലും അങ്ങനെയൊരു ആശയം നല്ലതാണ്; എന്നിട്ട് ഇന്ത്യയുടെ വികസനത്തിനായി ചർച്ച ചെയ്യാം." അങ്ങനെ ദേശീയ കാഴ്ചപ്പാടുള്ള സംസ്ഥാന പാർട്ടിയുടെ അജയ്യ നേതാവായിരുന്നു മാണിസാർ.


സി എഫ് തോമസ്, റോഷി അഗസ്റ്റിൻ, ജോയ് എബ്രഹാം എന്നിവരോടൊപ്പം





# മാണിസാർ
## റെക്കോർഡുകളുടെ രാജകുമാരൻ



ഡോ. എം.കെ. മുനീർ എംഎൽഎ

ഇന്ത്യൻ രാഷ്ട്രീയത്തിൽ തന്നെ ഊർജ്ജസ്വലനായിട്ടുള്ള പാർലമെന്റേറിയൻ ആയിരുന്നു മാണി സാർ.

ഏറ്റവുമധികം സംസ്ഥാന ബജറ്റ് അവതരിപ്പിച്ച, ഒരേ മണ്ഡലത്തിൽ നിന്ന് അനേകം തവണ തെരഞ്ഞെടുക്കപ്പെട്ട, അനേകം മന്ത്രിസഭയിൽ അംഗമായിട്ടുള്ള റെക്കോർഡുകളുടെ പെരുമഴ സൃഷ്ടിച്ച പ്രതിഭാശാലിയായിരുന്ന ശ്രീ.കെ.എം. മാണി. അദ്ദേഹം എല്ലാവർക്കും 'മാണിസാർ 'ആയിരുന്നു.

രാഷ്ട്രപതിയായി തിരഞ്ഞെടുക്കപ്പെട്ട ശ്രീ. കെ. ആർ നാരായണൻ ഒരു യോഗത്തിൽ വച്ച് അദ്ദേഹത്തെ മാണി സാർ എന്ന് അഭിസംബോധന ചെയ്യുകയുണ്ടായി. ഒരു അധ്യാപകൻ ആയതുകൊണ്ടല്ല അദ്ദേഹത്തിന് മാണിസാർ എന്ന പേരുവന്നത്.എല്ലാറ്റിലും അദ്ദേഹം കാണിക്കുന്ന സൂക്ഷ്മതയാണ് അദ്ദേഹത്തിന് സാർ എന്ന പേര് ലഭ്യമാക്കിയത്. ഒരു പത്രസമ്മേളനം നടത്തുകയാണെങ്കിൽ പോലും പത്രക്കാർക്ക് അത് വ്യക്തമായി മനസ്സിലാകണം എന്ന ഉദ്ദേശ്യത്തോടെ താൻ പറയുന്ന വാചകങ്ങൾ കൃത്യമായി ഒന്നോരണ്ടോ തവണ ആവർത്തിച്ച് കൃത്യമായിത്തന്നെ രേഖപ്പെടുത്തിയെന്ന് ബോധ്യപ്പെട്ട ശേഷം  മാത്രമാണ് അദ്ദേഹം പത്രസമ്മേളനങ്ങൾ അവസാനിപ്പിക്കുന്നത്.

എന്റെ പിതാവും അദ്ദേഹവും തമ്മിലുള്ള ആത്മബന്ധം ഞാൻ ഇന്നും ഓർക്കുന്നു.ആ കാലഘട്ടത്തിൽ പലപ്പോഴും മാണി എന്ന് പറയുമ്പോൾ അതിന്റെ കൂടെ കൂട്ടി പറയുന്ന പേരാണ് കോയ.ആ സമയത്ത് ഒരു സിനിമ പോലും ഇറങ്ങിയിരുന്നു. 'മാണി കോയ കുറുപ്പ്' എന്നായിരുന്നു സിനിമയുടെ പേര്. അത്ര മാത്രം പത്രത്താളുകളിൽ മാണി കോയ എന്ന കോമ്പിനേഷൻ ആ  കാലഘട്ടത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്.

ഹൃദയത്തിൽ ദൈവത്തിന്റെ കയ്യൊപ്പുള്ള വ്യക്തിയായിരുന്നു അദ്ദേഹം. അത്രമാത്രം കാരുണ്യമാണ് അദ്ദേഹത്തിന് മനസ്സിലുണ്ടായിരുന്നത്. അദ്ദേഹത്തിന്റെ സ്ഥായിയായ ഭാവം കാരുണ്യം ആയിരുന്നു. കാരുണ്യവും കരുതലും ആയി ബന്ധപ്പെട്ട  മന്ത്രിസഭയിൽ എന്തെങ്കിലും ചർച്ച വന്നാൽ അതിന് യാതൊന്നും നോക്കാതെ സഹായിക്കുക എന്നത് അദ്ദേഹത്തിന്റെ സ്വഭാവമായിരുന്നു.

മൂകരും  ബധിരരുമായ കുട്ടികൾക്ക് കേൾവിശക്തിയും സംസാരശേഷിയും വീണ്ടെടുക്കുന്നതിന് ഉമ്മൻചാണ്ടി സർക്കാർ നടപ്പിലാക്കിയ Cochlear Implantation Surgery (ശ്രുതിതരംഗം) ക്കു  കുറച്ചു പണം മാറ്റിവയ്ക്കണമെന്ന് അദ്ദേഹത്തോട് സാമൂഹ്യനീതി വകുപ്പ്



മന്ത്രി എന്ന നിലയിൽ ആവശ്യപ്പെട്ടപ്പോൾ യാതൊന്നും നോക്കാതെ അതിന് പണം അനുവദിച്ചു എന്നത് മാത്രമല്ല നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി കൊണ്ട് ആ പദ്ധതി യാഥാർത്ഥ്യമാക്കാൻ സഹായിച്ചു. ആ കാലഘട്ടത്തിൽ 600 ൽ പരം കുഞ്ഞുങ്ങൾക്ക് സംസാരശേഷിയും  കേൾവിശക്തിയും തിരിച്ചു കിട്ടിയിട്ടുണ്ടെങ്കിൽ അത്രയും കുടുംബങ്ങളുടെ സന്തോഷത്തിലും പ്രാർത്ഥനയിലും മാണിസാറും ഉണ്ടായിരുന്നു.

ഒരു ലോട്ടറി ടിക്കറ്റ് എങ്ങനെ കാരുണ്യ പ്രവർത്തനത്തിന് വേണ്ടി ഉപയോഗപ്പെടുത്താം എന്ന് തെളിയിച്ചിട്ടുള്ള വ്യക്തിയാണ് മാണിസാർ. കാരുണ്യ ബെനവലന്റ് സ്കീം എന്ന പദ്ധതിയിലൂടെ ലക്ഷങ്ങൾക്ക് ആണ് ചികിത്സാ സഹായം ഒരുക്കിയത്.

അദ്ദേഹം എനിക്ക് നൽകിയിരുന്നത് സഹ സാമാജികൻ എന്ന സ്വാതന്ത്ര്യം അല്ല മറിച്ച് അദ്ദേഹം പകർന്നുനൽകിയ പുത്രവാത്സല്യം ഏറെ അനുഭവിച്ച ആളാണ് ഞാൻ. ചിലപ്പോൾ തോളിൽ കൈയിട്ട് പഴയ മലയാള ചലച്ചിത്ര ഗാനങ്ങൾ അദ്ദേഹത്തിന്റെ ശബ്ദത്തിൽ പാടി കേൾപ്പിക്കുമായിരുന്നു. എങ്ങനെയുണ്ട് എന്റെ സ്വരം? എന്ന് പലപ്പോഴും ചോദിച്ചു പൊട്ടിച്ചിരിക്കുന്ന മാണിസാറിനെ ആണ് ഇപ്പോഴും ഓർമ്മ വരുന്നത്.കേരളത്തിലെ ആബാലവൃദ്ധം ജനങ്ങളുടെയും 'മാണിസാർ 'എന്റെ മനസ്സിൽ എന്നും ജ്വലിക്കുന്ന ഓർമ്മകളാണ്.






കേരള നിയമസഭ
കെ.എം.മാണി
ധന്യസ്മൃതി



# രാഷ്ട്രീയ അയിത്താചരണം അവസാനിപ്പിക്കാൻ മുൻകൈ എടുത്ത നേതാവ്



ഒ. രാജഗോപാൽ എംഎൽഎ

രാജ്യസഭയിൽ 12 വർഷം പ്രവർത്തിച്ച പരിചയം ഉണ്ടെങ്കിലും നിയമസഭയിൽ ഞാൻ നവാഗതനായിരുന്നു. വ്യവസ്ഥകളൊന്നും അറിയില്ല. മാതൃകാപരമായി ഒരു എംഎൽഎ എങ്ങനെ പ്രവർത്തിക്കണം എന്ന് മനസ്സിലാക്കാൻ എന്റെ അടുത്തിരുന്ന കെ എം മാണിയുടെ സാന്നിധ്യം കൊണ്ട് സാധിച്ചു. അതൊരു വലിയ ഭാഗ്യമായി തോന്നുന്നു. നിയമസഭയിൽ എപ്പോഴും അദ്ദേഹം റൂൾസ് ഓഫ് ബിസിനസ്സ് എന്ന പുസ്തകം കൊണ്ടു വരുമായിരുന്നു. എങ്ങനെ കാര്യങ്ങൾ നടക്കണം എന്നതിനെകുറിച്ച് വ്യക്തമായ അറിവുണ്ടായിരുന്ന ആളാണ് കെ എം മാണി. ഒരോന്നും നോട്ടു ചെയ്ത് അതാത് സമയത്ത് എടുത്തുപറയുമ്പോൾ അതിനെ മറികടക്കാൻ ആർക്കും കഴിയുമായിരുന്നില്ല. അരനൂറ്റാണ്ടി ലേറെക്കാലം എംഎൽഎയും വിവിധ വകുപ്പുകളിൽ മന്ത്രിയുമായിരുന്ന കെ.എം.മാണിയുടെ വിയോഗം കേരള രാഷ്ട്രീയത്തിന് തീരാനഷ്ടമാണ്. വ്യത്യസ്ത രാഷ്ട്രീയ ആശയമാണ് ഞങ്ങൾ പിന്തുടർന്നിരുന്നതെങ്കിലും വ്യക്തിപരമായ സൗഹൃദത്തിന് അത് തടസ്സമായിരുന്നില്ല.


കേരള രാഷ്ട്രീയത്തിൽ ഏറെക്കാലം നിലനിന്നിരുന്ന രാഷ്ട്രീയ അയിത്താചരണം അവസാനിപ്പിക്കാൻ ആദ്യമായി മുൻകൈ എടുത്തത് കെ എം മാണിയാണ്. മുതലാളി വർഗ്ഗം തൊഴിലാളി വർഗ്ഗം എന്നീ രണ്ടു വർഗ്ഗങ്ങളേ ലോകത്ത് ഉള്ളൂ എന്ന പ്രബലമായ ചിന്താഗതിയുണ്ടായിരുന്നു. അതിനോട് യോജിക്കാത്ത പലരും ഉണ്ട്. അധ്വാന വർഗ്ഗവും തൊഴിലാളി വർഗ്ഗവും മാത്രമല്ല, ഒരേ ആൾ തന്നെ മുതലാളിയും തൊഴിലാളിയും ആയിട്ടുള്ള ധാരാളം ഉദാഹരണങ്ങളുണ്ട്. ആ നിലയ്ക്ക് അധ്വാന വർഗ്ഗമെന്ന തിയറിക്ക് രൂപം കൊടുത്തത് കെ എം മാണിയാണ്. അത് അദ്ദേഹത്തിന്റെ മികച്ച സംഭാവനയാണ്. കേന്ദ്ര ധനമന്ത്രിയായിരുന്ന അരുൺ ജയ്റ്റ്ലി ഉൾപ്പെടെ പ്രമുഖരുടെ അംഗീകാരം ലഭിച്ച സിദ്ധാന്തമായിരുന്നു അത്. ആരോഗ്യ രംഗത്ത പാവപ്പെട്ടവരെ സഹായിക്കാനായി കൊണ്ടു വന്ന കാരുണ്യ പദ്ധതിയും ഏറെ ജനോപകാരപ്രദവും മനുഷ്യത്വപരവുമായിരുന്നു.

രാഷ്ട്രീയത്തിലും ഭരണനിർവഹണത്തിലും പ്രായോഗിക ബുദ്ധിയോടെ പ്രവർത്തിച്ചിരുന്ന നേതാവായിരുന്നു കെ എം മാണി. എനിക്ക് നേരിട്ടുള്ള അനുഭവം ഉണ്ട്. കേന്ദ്രത്തിൽ എനിക്ക് നഗര വികസന വകുപ്പിന്റെ ചുമതലയുണ്ടായിരുന്നപ്പോൾ കേരളത്തിൽ ഹഡ്കോ മുഖേന എന്തെങ്കിലും ചെയ്യാൻ അവസരം കിട്ടുമോ എന്ന് അന്വേഷിച്ചു. അപ്പോഴാണ് അറിയുന്നത് കേരളത്തെ കരിമ്പട്ടികയിൽ പെടുത്തിയിരിക്കുകകയാണെന്ന്. വാങ്ങിയ പണം ചെലവഴിച്ചതിന്റെ കണക്ക് കൊടുക്കുകയോ തിരിച്ചടവ് നടത്തുകയോ ചെയ്യാത്തതിനാലാണ്

**മുതലാളി വർഗ്ഗം തൊഴിലാളി വർഗ്ഗം എന്നീ രണ്ടു വർഗ്ഗങ്ങളേ ലോകത്ത് ഉള്ളൂ എന്ന പ്രബലമായ ചിന്താഗതിയുണ്ടായിരുന്നു. അതിനോട് യോജിക്കാത്ത പലരും ഉണ്ട്. അധ്വാന വർഗ്ഗവും തൊഴിലാളി വർഗ്ഗവും മാത്രമല്ല, ഒരേ ആൾ തന്നെ മുതലാളിയും തൊഴിലാളിയും ആയിട്ടുള്ള ധാരാളം ഉദാഹരണങ്ങളുണ്ട്. ആ നിലയക്ക് അധ്വാന വർഗ്ഗമെന്ന തിയറിക്ക് രൂപം കൊടുത്തത് കെ എം മാണിയാണ്.**

കരിമ്പട്ടികയിൽ പെടുത്തിയിരിക്കുന്നത്. കേരളത്തെ സഹായിക്കൻ കഴിയാത്ത സ്ഥിതിയായി. ഇത് എങ്ങനെ മറികടക്കാം എന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. അന്ന് കേരളത്തിൽ ഒരു ലക്ഷത്തോളം പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കാൻ ഒരു പദ്ധതിയുണ്ടാക്കിയിരുന്നു. കേന്ദ്രത്തിന്റെ സഹായവും പദ്ധതിക്കുണ്ടായിരുന്നു. പദ്ധതിയിൽ ഉൾപ്പെട്ടവർ പണം കിട്ടുമെന്ന പ്രതീക്ഷയിൽ വീടുകൾക്കായി തറ ഒക്കെ പണിത് നിൽക്കുമ്പോളാണ് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാത്തതിനാൽ കരിമ്പട്ടികയിലെന്നത് മനസ്സിലായത്. അത് മറികടക്കാൻ മാർഗ്ഗമെന്താണെന്ന് കെ എം മാണിയും അന്നത്തെ ധന മന്ത്രിയായിരുന്ന കെ ശങ്കര നാരായണനും ദൽഹിയിലെത്തി ചർച്ച ചെയ്തു. പ്രായോഗിക ബുദ്ധിയോടെയുള്ള ഒരു പോംവഴി കണ്ടെത്താൻ സാധിച്ചു. ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ അദ്ദേഹത്തിന്റെ നിയമ ബോധമുള്ള സൂക്ഷ്മബുദ്ധി എങ്ങനെ പ്രവർത്തിച്ചു എന്ന് കാണാൻ കഴിഞ്ഞു. പഴയ വായ്പകളെല്ലാം വെട്ടിക്കുറച്ച്, ബാക്കി കൊടുക്കാനുള്ളതിനെ ഇൻസ്റ്റാൾമെന്റായി തിരിച്ച് കൊടുക്കാൻ പുതിയ കരാർ ഉണ്ടാക്കി. അതനുസരിച്ച് വരുന്ന തുക പഴയ രീതിയിൽ വകമാറ്റി ചെലവഴിക്കാതിരിക്കാൻ എസ്ക്രോ അക്കൗണ്ട് എന്നൊരു സംവിധാനം ഉണ്ടാക്കി. ആ പണം അതിലേക്ക് തന്നെ അയയ്ക്കാനുള്ള കരാർ ഉണ്ടാക്കി.


അതിന്റെ ഫലമായി പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കാനുള്ള സാഹചര്യം ഒരുക്കിയത് മാണിയുടെ കാഴ്ചപ്പാടും വീക്ഷണവുമാണ്. പ്രായോഗികമായ രീതിയിൽ എങ്ങനെ ജനങ്ങളെ സഹായിക്കാമെന്ന് തെളിയിച്ച മാതൃകാ നേതാവായിരുന്നു കെ എം മാണി. അദ്ദേഹത്തിന്റെ വേർപാട് എനിക്ക് നഷ്ടമാക്കിയത് ആത്മസുഹൃത്തിനെ കൂടിയാണ്.







# മാണിസാർ
## ഓർമ്മകളുടെ പൂമരം



**ഡോ.എൻ. ജയരാജ്** എംഎൽഎ

കെ.എം.മാണിസാർ വിട്ടുപിരിഞ്ഞിട്ട് രണ്ട് വർഷം കഴിഞ്ഞു. ചില വേർപാടുകൾക്ക് സമയഗണനയില്ല. അതിന്റെ ഓർമ്മകളുടെ സുഗന്ധം ഒരിക്കലും അവസാനിക്കുന്നില്ല. മാണിസാറിനെക്കുറിച്ചുള്ള അനുഭവങ്ങളും അതുപോലെയാണ്. സർവതലസ്പർശിയായ ഒരുപാട് ചിത്രങ്ങൾ മനസിലൂടെ കടന്നുപോകുന്നു. ഒരുപാട് ഓർമ്മകൾ ബാക്കിവച്ചിട്ട് കടന്നുപോയ അപൂർവ വ്യക്തിത്വമാണ് ഞങ്ങൾക്കെന്നും മാണിസാർ.

തലസ്ഥാനത്തെ പ്രശസ്തമായ കോളേജിൽ വിദ്യാർത്ഥിയായിരിക്കുന്ന കാലത്ത് കോളേജ് ഹോസ്റ്റലിൽ നിന്ന് എംഎൽഎ ഹോസ്റ്റലിൽ അച്ഛന്റെ മുറിയിൽ ഇടക്കിടയ്ക്ക് അന്തേവാസിയായി കടന്നുവന്ന കാലം. കേരളാ കോൺഗ്രസിന്റെ വസന്തകാലത്തെ ഓർമ്മിപ്പിക്കുന്ന കാലഘട്ടം. മാണിസാറിനെ അടുത്തു കാണുന്നത് അന്ന് മുതലാണ്. പ്രതിപക്ഷ അംഗമെന്ന നിലയിൽ സഭയിൽ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ പത്രങ്ങളിൽ തലക്കെട്ടുകളാണ്. അഴിമതി ആരോപണങ്ങൾ മുതൽ കാർഷിക പ്രശ്നങ്ങൾ വരെ. മന്ത്രിമാരെ മുൾമുനയിൽ നിർത്തി തന്റെ വാദഗതികൾ അക്കമിട്ട് നിരത്തി സഭാതലത്തിലെ പ്രസംഗങ്ങൾ. പിന്നീട് സാമാജികനായി കടന്നു ചെന്നപ്പോൾ നിയമസഭാ ലൈബ്രറിയിൽ നിന്ന് പഴയ സഭാപ്രസംഗങ്ങൾ മറിച്ച് നോക്കുമ്പോൾ സർവതലസ്പർശിയായ ഒരു സാമാജികന്റെ അടയാളപ്പെടുത്തലുകൾ അത്ഭുതാദരങ്ങളോടെയാണ് കണ്ടത്.

അധ്യാപകനായി പ്രവർത്തിക്കുകയും അധ്യാപനത്തെ മാത്രം ഹൃദയത്തോട് ചേർത്ത് വച്ചും കടന്നുപോയ എന്റെ ജീവിതത്തെ പൊതുപ്രവർത്തനത്തിലേക്ക് കൈപിടിച്ച് കയറ്റിയത് മാണിസാറായിരുന്നു. രാഷ്ട്രീയരംഗത്തോ മത്സരരംഗത്തോ ഞാൻ കടന്നുവരുന്നതിൽ അച്ഛനു താത്പര്യം കുറവായിരുന്നു. കോഴിക്കോട് സർവ്വകലാശാലയിൽ നിന്ന് മഹാത്മാഗാന്ധി സർവ്വകലാശാലയിലേക്ക് സ്ഥലംമാറി വന്നപ്പോൾ കോട്ടയം ജില്ലാപഞ്ചായത്തിലെ കങ്ങഴ ഡിവിഷനിലുണ്ടായ ഉപതെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയാകാൻ എന്നോട് ആവശ്യപ്പെട്ടത് മാണിസാറായിരുന്നു. ഒരു രാഷ്ട്രീയ മത്സരത്തെ നേരിടാനുള്ള ആത്മധൈര്യക്കുറവുകൊണ്ടു ഞാൻ താത്പര്യം കാണിച്ചില്ല. ഒരുദിവസം രാവിലെ എന്റെ മുറിയിലെ ഫോൺ ബെല്ലടിച്ചപ്പോൾ അങ്ങേത്തലയ്ക്കൽ മാണിസാർ. "ജയരാജാ, ജില്ലാപഞ്ചായത്തിൽ മത്സരിക്കണം. രാവിലെ കൊണ്ടോടി വരും നോമിനേഷൻ കൊടുക്കണം". മറിച്ചുപറയാനുള്ള ശേഷിയില്ലായിരുന്നു. മനസില്ലാമനസ്സോടെ സ്ഥാനാർത്ഥിയായി, മത്സരിച്ചു, ജയിച്ചു. പിന്നീട് 3 തവണ എംഎൽഎ ആയി മാണിസാർ എന്ന മഹാവൃക്ഷത്തിന്റെ തണലിൽ. അകലെനിന്നും



കുട്ടിയമ്മ, കെ എം മാണി, ഡോ. എൻ ജയരാജ്

അടുത്തുനിന്നും ആ മഹാപ്രതിഭയുടെ ഒരുപാട് സ്നേഹവാത്സല്യങ്ങൾ അനുഭവിക്കാൻ കഴിഞ്ഞത് ഒരു ജന്മസുകൃതമായി ഞാനിന്ന് കരുതുന്നു.

മാണിസാർ ഒരുപാഠപുസ്തകമായിരുന്നു. വായിക്കുന്തോറും പുനർവായനയ്ക്ക് പ്രേരിപ്പിക്കുന്ന പാഠപുസ്തകം. പ്രത്യേകിച്ച് രാഷ്ട്രീയ വിദ്യാർത്ഥികൾക്ക്. തന്റെ കോളേജിലെ വിദ്യാർത്ഥികളുമായുള്ള സംവാദത്തിൽ സത്യസായിബാബ നടത്തിയ ഒരുനിരീക്ഷണം വായിച്ചതോർക്കുന്നു. മാണിസാറിനെ ഓർക്കുമ്പോൾ ആ നിരീക്ഷണം എനിക്കെന്നും ഓർമ്മവരും. ചോദ്യമിതായിരുന്നു. വാട്ട് ഈസ് ദി ഡിഫറൻസ് ബിറ്റ്വീൻ എ ഗ്രേറ്റ് ലീഡർ ആന്റ് എ ഗുഡ് ലീഡർ. അദ്ദേഹത്തിന്റെ മറുപടി അർത്ഥവത്തായിരുന്നു. എ ഗ്രേറ്റ് ലീഡർ ഈസ് ഫോർ ഹിംസെൽഫ്, ബട്ട് എ ഗുഡ് ലീഡർ ഈസ് ഫോർ അദേഴ്സ്. മാണിസാർ രണ്ടാമത്തെ വിഭാഗത്തെ പ്രതിനിധികരിക്കുന്നുവെന്ന് നിസംശയം പറയാം.

അധ്വാനവർഗ സിദ്ധാന്തമെന്ന സാമ്പത്തിക പ്രത്യയശാസ്ത്രത്തെ അനുകൂലിക്കുന്നവരും പ്രതികൂലിക്കുന്നവരുമുണ്ടാകും, എന്നാൽ മുഖ്യരാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കുപോലും യാതൊരു പ്രത്യയശാസ്ത്രത്തിന്റെയും പിൻബലമില്ലാത്ത രാജ്യത്ത് ഒരു പ്രാദേശിക രാഷ്ട്രീയ പ്രസ്ഥാനത്തെ അതിന്റെ വൈകാരിക മനോഭാവങ്ങളിൽ നിന്ന് മോചിപ്പിച്ച് പ്രത്യയശാസ്ത്രപരമായ അടിത്തറയിലൂടെ രൂപപ്പെടുത്തിയെടുക്കാൻ ശ്രമിച്ചത്, രാഷ്ട്രീയത്തിന്റെ ഉപരിപ്ലവ വിഹ്വലതകൾക്കപ്പുറത്ത് അത് പ്രതിനിധാനം ചെയുന്ന സമൂഹത്തിന്റെ ആഴങ്ങളിലേക്കിറങ്ങിചെല്ലുകയെന്ന ബാധ്യതയുണ്ടെന്ന ആത്യന്തികമായ രാഷ്ട്രീയ ബോധ്യത്തിൽ നിന്നാണ്. കെ.എം.മാണിസാർ വിദേശത്താണ് ജനിച്ചതെങ്കിൽ അധ്വാനവർഗസിദ്ധാന്തം ഇംഗ്ലീഷ് ഭാഷയിലായിരുന്നുവെങ്കിൽ സാമ്പത്തിക ശാസ്ത്ര സംവാദങ്ങളിൽ അത് ഏറെ ചർച്ചചെയ്യപ്പെട്ടേനെയെന്ന് ഞാനിന്നും വിശ്വസിക്കുന്നു. മധ്യവർഗ വിമോചനത്തിന്റെ സാധ്യതകളെയും അതിന്റെ സാമൂഹ്യ പ്രത്യാഘാതങ്ങളെയും അതിന്റെ വർത്തമാനകാല സാഹചര്യത്തിൽ വിശകലനം ചെയ്യുകയും അസംഘടിതരായ നാമമാത്ര ചെറുകിട കർഷക താത്പര്യങ്ങളുടെ സാന്നിധ്യത്തെ പൊതുസമൂഹത്തെക്കൊണ്ട് ചർച്ചചെയ്യിപ്പിക്കുകയും താൻ അധികാരത്തിലെത്തിപ്പോഴൊക്കെ അത്തരം സാധ്യതകളെ ക്രിയാത്മകമായി നടപ്പാക്കാൻ ശ്രമിക്കുകയും ചെയ്തുവെന്നത് ചരിത്രസത്യം. ഒരു ഭരണാധികാരിയെന്ന നിലയിൽ തന്റെ ആശയങ്ങളെ പ്രാവർത്തിക തലത്തിലെത്തിച്ചുവെന്നതാണ് അദ്ദേഹത്തിന്റെ ചരിത്രനിയോഗം.

എന്റെ ഗവേഷണം കേരളത്തിന്റെ റവന്യൂ-ചെലവുകളെ സംബന്ധിച്ചായിരുന്നു. പഠനഭാഗമായി മാണിസാറിന്റെ ബഡ്ജറ്റുകൾ അടുത്തറിഞ്ഞപ്പോഴാണ് ബഡ്ജറ്റുകൾ കേവലം കണക്കുകൾക്കപ്പുറത്ത് അവയ്ക്ക് സർഗാത്മകമായ മറ്റൊരു







മുൻ മന്ത്രി കെ. നാരായണക്കുറുപ്പ്, കെ എം മാണി


തലം കൂടിയുണ്ടെന്ന് തിരിച്ചറിഞ്ഞത്. കവിതകളും ഉദ്ധരണികളും ബജറ്റിന്റെ ഭാഗമാക്കിയെന്നതല്ല, സാധാരണ മനുഷ്യന്റെ ജീവിത പ്രശ്നങ്ങളെയും സംത്രാസങ്ങളെയും മാനവികതലത്തിലേക്കുയർത്തി കാരുണ്യത്തിന്റെ കരസ്പർശം നൽകിയ സർഗാത്മകതയുടെ രാഷ്ട്രീയം കൂടിയാണ് ആ ബഡ്ജറ്റുകളിൽ കുട്ടിവായിക്കേണ്ടത്.

അൻപത്തിനാല് വർഷത്തെ നീണ്ട നിയമസഭാ സാമാജികത്വത്തിൽ സഭയിലൊരു പ്രസംഗത്തിന് മാണിസാറിനെന്തിന് തയാറെടുപ്പ് എന്ന് തോന്നിയിട്ടുണ്ട്. എന്നാൽ പരീക്ഷയെഴുതുന്ന വിദ്യാർത്ഥിയുടെ മനസോടെ ഓരോ പ്രസംഗത്തിന് മുൻപും തന്റെ ഫ്ളാറ്റിലിരുന്ന് പ്രസംഗം തയാറാക്കുന്നത് ഞാനെത്രയോ തവണ കണ്ടിരിക്കുന്നു.

വിമർശനത്തെ അതിന്റെ പൂർണ അർത്ഥത്തിൽ പ്രതിപക്ഷ ബഹുമാനത്തോടെ കണ്ട വ്യക്തിയായിരുന്നു അദ്ദേഹം. തന്റെ ബഡ്ജറ്റിനെ അതിനിശിതമായി വിമർശിച്ച പ്രൊഫ.സി.രവീന്ദ്രനാഥിന്റെ പ്രസംഗം അവസാനിപ്പിച്ചതും, സഭയിൽ നിന്നും എന്നെ വിളിച്ച് ഒരു തുണ്ട് പേപ്പർ കൈയ്യിൽ തന്നു. അത് മറ്റൊന്നുമായിരുന്നില്ല, പ്രൊഫസർക്കുള്ള അനുമോദനക്കുറിപ്പായിരുന്നു. നിയോ കൺസർവേറ്റിവ് എന്ന് സഭയിൽ പ്രയോഗിച്ചപ്പോൾ അത്തരമൊരു പ്രയോഗമില്ലെന്ന് വാദമുയർന്നു. അത് തെളിയിക്കാൻ എന്നോട് സഭാ ലൈബ്രറിയിൽ അത് സംബന്ധിച്ച പുസ്തകം ഉണ്ട്, എടുത്തു കൊണ്ടുവരാൻ ആവശ്യപ്പെട്ടു. ഞാൻ പുസ്തകം തേടിയെത്തിയപ്പോൾ അത്ഭുതപ്പെട്ടുപോയി. ഈ തിരക്കിനിടയിൽ ഇതെങ്ങനെ ഓർത്തിരിക്കുന്നു.

ഒരിക്കൽ മാത്രമേ എനിക്കദ്ദേഹത്തിന്റെ ശകാരം കേൾക്കേണ്ടിവന്നിട്ടുള്ളു. അതും കഠിനമായ ഭാഷയിൽ. എന്റെ സ്വകാര്യമായ ഒരു പ്രശ്നത്തിന്റെ പേരിൽ. ഒരു മേജർ ശസ്ത്രക്രിയയ്ക്ക് എന്റെ ഭാര്യ ആശുപത്രിയിലാണെന്നറിഞ്ഞ് അദ്ദേഹത്തിന്റെ ഭാര്യാ മാതാവിന്റെ സംസ്കാരത്തിനിടയിൽ നിന്ന് ആശുപത്രിയിലെത്തിയപ്പോൾ ചികിത്സ നടക്കുന്നത് ആധുനിക സംവിധാനങ്ങൾ കുറഞ്ഞ ഒരു ആശുപത്രിയിലാണെന്നറിഞ്ഞ് അദ്ദേഹം എന്നോട് പൊട്ടിത്തെറിച്ചു. ഒരു എംഎൽഎ ആയിട്ടുകൂടി കുറെക്കൂടി ഉത്തരവാദിത്തം കാണിക്കേണ്ടേ, മികച്ച ചികിത്സാ സൗകര്യങ്ങൾ എന്നോട് പറഞ്ഞാൽ ഞാൻ തരപ്പെടുത്തുമായിരുന്നല്ലോ. വ്യക്തിപരമായ ഞങ്ങളുടെ കാര്യത്തിൽ ഒരു പിതാവിന്റെ സ്ഥാനത്തുനിന്നുള്ള ശാസന ഞാൻ നിശബ്ദനായി നിന്ന് കേട്ടു.

അതായിരുന്നു മാണി സാർ, എത്ര തിരക്കിനിടയിലും കൈപിടിച്ച് പേരുചൊല്ലി അരികിൽ നിർത്തുന്ന ആത്മവിശ്വാസം. അരനൂറ്റാണ്ടിന്റെ അനുഭവപാഠങ്ങൾക്കുപോലും ഞാനിന്നുമൊരു രാഷ്ട്രീയ വിദ്യാർത്ഥിയെന്ന മനോഭാവം. നിയമസഭാരേഖകളിൽ അഞ്ച് പതിറ്റാണ്ടിനിടയിൽ സഭാരേഖയിൽ നിന്ന് നീക്കം ചെയ്യാത്ത വാക്കുകളുടെ ഉടമ. കാരുണ്യം വാക്കിലല്ല, പ്രവർത്തിയിലാണെന്ന് കണ്ടിരുന്ന സർഗപ്രതിഭ.



കെ.എം. മാണി, ടി.എം. ജേക്കബ്



# കെഎം മാണി
## എന്ന രാഷ്ട്രീയ ദാർശനികൻ



**അനൂപ് ജേക്കബ്** എംഎൽഎ

1965 മുതൽ 2015 വരെ കേരള സംസ്ഥാനത്തിന്റെ ഭരണ, രാഷ്ട്രീയ, സാമൂഹ്യ മണ്ഡലങ്ങളിൽ നിറഞ്ഞുനിന്ന സവിശേഷ വ്യക്തിത്വത്തിനുടമയായിരുന്ന കെഎംമാണി. അദ്ദേഹവുമായി എന്റെ പിതാവിന് വർഷങ്ങൾ നീണ്ടുനിന്ന ആത്മബന്ധം ഉണ്ടായിരുന്നു. ഇതിനർത്ഥം, അവർ തമ്മിൽ അഭിപ്രായവ്യത്യാസം ഇല്ലായിരുന്നു എന്നല്ല . ആശയപരമായി വിയോജിക്കുമ്പോഴും വ്യക്തി ബന്ധം തകരാതെ ഇരുവരും സൂക്ഷിച്ചതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്.

നിയമസഭയിലെ അദ്ദേഹത്തിന്റെ പ്രസംഗങ്ങളും ഇടപെടലുകളും, നിയമങ്ങളിലും ചട്ടങ്ങളിലുമുള്ള അദ്ദേഹത്തിന്റെ അഗാധപാണ്ഡിത്യം വിളിച്ചറിയിക്കുന്നവയായിരുന്നു. പുതിയ അംഗങ്ങൾക്ക് അവ പ്രചോദനവും പ്രോത്സാഹനവും നൽകിയിട്ടുണ്ട് എന്ന് നിസ്സംശയം പറയാൻ കഴിയും. ഏതു കാര്യത്തെക്കുറിച്ച് സംസാരിക്കുമ്പോഴും വ്യക്തമായും കൃത്യമായും വിഷയങ്ങൾ മനസ്സിലാക്കി സംസാരിച്ചിരുന്ന അദ്ദേഹം ഒരു അനുകരണീയ പാർലമെന്ററി മാതൃകയായിരുന്നു എന്നതിന് യാതൊരു സംശയവുമില്ല.

സംസ്ഥാനത്തെ യുഡിഎഫ് സംവിധാനത്തിന്റെ സ്ഥാപക നേതാക്കളിലൊരാളായ അദ്ദേഹം കർഷകർക്കും സാധാരണക്കാർക്കും വേണ്ടി നിരന്തരം പ്രവർത്തിക്കാൻ താല്പര്യമുള്ള വലിയ മനസ്സിന് ഉടമയായിരുന്നു. ഒരു പക്ഷേ അതാകാം അധ്വാന വർഗ്ഗ സിദ്ധാന്തവുമായി മുന്നോട്ടുവരാൻ അദ്ദേഹത്തെ പ്രചോദിപ്പിച്ചത്. 2011-16 ലെ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് അദ്ദേഹം ധനകാര്യ വകുപ്പ് കൈകാര്യം ചെയ്ത കാലയളവിലാണ് പാവപ്പെട്ടവർക്ക് ചികിത്സാകാര്യങ്ങളിൽ കൈത്താങ്ങായി മാറിയ കാരുണ്യ ചികിത്സാഫണ്ട് രൂപീകരിച്ച് പതിനായിരക്കണക്കിന് ആളുകൾക്ക് ആശ്വാസമെത്തിക്കാൻ കഴിഞ്ഞത്. അക്കാലയളവിൽ, സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി എന്ന നിലയിൽ അദ്ദേഹവുമായി അടുത്ത് പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിക്കുകയുണ്ടായി. ഭരണരംഗത്തെ പരിചയവും പാടവവും സമൂഹത്തിലെ താഴെക്കിടയിലുള്ളവരുടെ ഉന്നമനത്തിനായി വിനിയോഗിക്കാൻ കഴിഞ്ഞു എന്നുള്ളതാണ് കെ.എം. മാണി എന്ന രാഷ്ട്രീയ നേതാവ് കേരള സമൂഹത്തിന് നൽകിയ ഏറ്റവും പ്രധാന സംഭാവന.



# പൊതുധനകാര്യ രംഗത്തെ മഹത് വ്യക്തിത്വം



ഡോ. വി. പി. ജോയ്
ചീഫ് സെക്രട്ടറി

കേരളത്തിന്റെ പ്രഗത്ഭനായ ധനകാര്യ മന്ത്രിയായി നിരവധി വികസനോന്മുഖ ബഡ്ജറ്റുകൾക്ക് രൂപംകൊടുക്കുകയും അരനൂറ്റാണ്ടിലേറെ പാലാമണ്ഡലത്തെ നിയമസഭയിൽ പ്രതിനിധീകരിക്കുകയും ചെയ്ത അപൂർവ്വ വ്യക്തിത്വമാണ് ശ്രീ. കെ.എം. മാണി.

1990-ൽ പാലാ സബ്കളക്ടറായി നിയോഗിക്കപ്പെട്ടപ്പോഴാണ് ഞാൻ മാണിസാറിനെ ആദ്യമായി പരിചയപ്പെടുന്നത്. പൊതുജനങ്ങളുടെ ഏത് പ്രശ്നങ്ങളിലും ഇടപെടുന്നതിനും അതിന് പരിഹാരം കാണുന്നതിനുമുള്ള ആർജ്ജവമാണ് ഞാൻ അദ്ദേഹത്തിൽ ആദ്യമായി ശ്രദ്ധിച്ചത്. എത്രമാത്രം ദീർഘിച്ച ജോലികൾക്കിടയിലും പ്രസന്നഭാവവും ഊർജ്ജസ്വലതയും കൈവിടാത്ത അദ്ദേഹത്തിന്റെ പ്രവർത്തനരീതി അനന്യസാധാരണമായിരുന്നു. പാലായിൽവച്ചും തുടർന്ന് തിരുവനന്തപുരത്ത് ധനകാര്യവകുപ്പിൽ അദ്ദേഹത്തിന്റെ കൂടെ പ്രവർത്തിച്ച വർഷങ്ങളിലും ഒരിക്കൽപോലും പ്രസന്നഭാവത്തിലല്ലാതെ അദ്ദേഹത്തെ കാണുവാൻ കഴിഞ്ഞിട്ടില്ല. വികസനപദ്ധതികളുടെ നടത്തിപ്പിൽ അദ്ദേഹം എപ്പോഴും ഉത്സുകനായിരുന്നു.

വികസനപദ്ധതികളെ സംബന്ധിച്ച ആശയങ്ങൾ മനസ്സിൽ വച്ച് ചിന്തിക്കുകയും അതിന്റെ പ്രായോഗികവശങ്ങൾ കണക്കിലെടുത്ത് നല്ല പദ്ധതികളാക്കി ആവിഷ്കരിക്കുകയും ചെയ്യുന്നതിനുള്ള കഴിവ്  അദ്ദേഹത്തിന് സ്വാഭാവികമായി ഉണ്ടായിരുന്നു. ഞാൻ ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന കാലയളവിൽ കാരുണ്യസാന്ത്വന പദ്ധതിയെന്ന ആശയം അദ്ദേഹം മുന്നോട്ടുവയ്ക്കുകയും, ലോട്ടറിമുഖേനയുള്ള വരുമാനത്തിൽ നിന്ന് അതീവരോഗക്ലേശിതരായ പാവപ്പെട്ട ജനങ്ങളെ സഹായിക്കുവാനുള്ള പ്രസ്തുതപദ്ധതി ബഡ്ജറ്റിൽ ഉൾപ്പെടുത്തി നടപ്പിലാക്കുകയും ചെയ്തു.

മാണിസാറിന്റെ മറ്റൊരു പ്രധാനപ്പെട്ട സവിശേഷത പൊതുജനങ്ങളോടൊപ്പം തന്നെ കൂടെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരോടും സൗഹാർദ്ദപരമായ സമീപനം അദ്ദേഹം സ്വീകരിച്ചുവെന്നതാണ്. ജനങ്ങളുടെ ആവശ്യങ്ങളോടും, പ്രശ്നങ്ങളോടും അനുഭാവപൂർവ്വം പ്രതികരിക്കുന്ന മനസ്സിനുടമയായിരുന്നു അദ്ദേഹം. അതുപോലെ സഹപ്രവർത്തകരുടെ ദുഃഖത്തിൽ പങ്കുചേരുന്ന വലിയ മനസ്സായിരുന്നു അദ്ദേഹത്തിന്റേത്. അഞ്ച് പതിറ്റാണ്ടുകാലം ഒരേ മണ്ഡലത്തിലെ ജനപ്രതിനിധിയായി തിരഞ്ഞെടുക്കപ്പെടുകയെന്നത് എളുപ്പമായ കാര്യമല്ല. മാണിസാറിന്റെ ജീവിതകാലംമുഴുവൻ അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ജനങ്ങൾക്ക് മറ്റൊരാളെ തങ്ങളുടെ ജനപ്രതിനിധിയായി ചിന്തിക്കാൻ കഴിഞ്ഞില്ല എന്നതാണ് അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തിന്റെ ഏറ്റവും വലിയ തെളിവ്.

നൂതനമായ ചിന്തകളും സിദ്ധാന്തങ്ങളും ആവിഷ്കരിക്കുയും ചർച്ചചെയ്യുകയും ചെയ്യുന്നതിൽ അദ്ദേഹം പ്രത്യേക താൽപര്യമെടുത്തിരുന്നു. ജി.എസ്.ടി നടപ്പിലാക്കുന്നതിന് അദ്ദേഹം ആശയപരമായി നേതൃത്വം നല്കി. കാർഷിക പദ്ധതികളുമായി ബന്ധപ്പെട്ട് കൈക്കൊണ്ട നയങ്ങൾ അദ്ദേഹത്തിന്റെ അടിയുറച്ച നിലപാടുകളെ സൂചിപ്പിക്കുന്നു.

ബഡ്ജറ്റ് തയ്യാറാക്കുമ്പോഴാണ് മാണിസാറിനെ അദ്ദേഹത്തിന്റെ പൂർണ്ണപ്രഭാവത്തിൽ ഞാൻ കണ്ടിട്ടുള്ളത്. ബഡ്ജറ്റ് മാസം മുഴുവൻ അദ്ദേഹം വിശ്രമമില്ലാതെ അതിൽതന്നെ പൂർണ്ണശ്രദ്ധ പതിപ്പിച്ചിരുന്നു. ബഡ്ജറ്റിൽ ഉൾപ്പെടുത്തുവാനുള്ള പദ്ധതികളെ സംബന്ധിച്ച നൂതന ആശയങ്ങൾ അദ്ദേഹത്തിന് പ്രത്യേക സന്തോഷം തന്നെ നൽകിയിരുന്നു. അതിൽ നല്ലനല്ല ആശയങ്ങൾ പദ്ധതികളായി ഉൾപ്പെടുത്തുന്നതിലും അദ്ദേഹം പ്രത്യേക താൽപര്യം എടുത്തിരുന്നു. 2012, 2013 എന്നീ വർഷങ്ങളിലെ അദ്ദേഹത്തിന്റെ കേരള ബഡ്ജറ്റ് വളരെയധികം സ്വാഗതം ചെയ്യപ്പെട്ടതും കേരളവികസനത്തിന് ദിശാബോധം നൽകിയതുമാണ്. ആ ബഡ്ജറ്റുകൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കാൻ ലഭിച്ച അവസരം ഞാൻ അഭിമാനപൂർവ്വം ഓർക്കുന്നു.





# വെളിച്ചം കണ്ടെത്തിയ വിളക്ക്



**ഡോ. ഡി. ബാബുപോൾ**

അന്തരിച്ച മുൻ അഡീഷണൽ ചീഫ് സെക്രട്ടറി ഡോ.ഡി. ബാബുപോൾ, ഐ.എ.എസ്, 'കെ.എം. മാണി ജൂബിലി സ്മരണകൾ'എന്ന ഗ്രന്ഥത്തിൽ (1993) എഴുതിയ ലേഖനം

കാലത്തിന്റെ ത്വരിതഗതിക്കിടയിൽ കുറിക്കുന്ന സംഭവങ്ങൾ പിന്നീട് പലപ്പോഴും കാലംതന്നെ ഒരുൾപ്രേരണയെന്നോണം മറിച്ചുനോക്കുന്നു; അവ ചരിത്രത്തിന്റെ മുത്തുകളും പവിഴങ്ങളുമായി മാറുന്നു. വർഷങ്ങൾക്കു മുൻപ് കേരള രാഷ്ട്രീയത്തിൽ നടന്ന ഒരനിവാര്യതയുടെ സൃഷ്ടി അത്തരമൊന്നാണ്. ജനാധിപത്യ വ്യവസ്ഥിതിക്കുള്ളിൽ ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതി എന്ന കാഴ്ചപ്പാടുമായി ഉദയം ചെയ്ത കേരള കോൺഗ്രസ്സ് വർഗസമരവും രക്തരൂക്ഷിത വിപ്ലവും ഇല്ലാതെ വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽക്കൂടിത്തന്നെ പുത്തൻ സോഷ്യലിസ്റ്റ് സാമൂഹ്യക്രമം കൈവരിക്കുവാൻ അക്ഷീണം പ്രവർത്തിക്കുവാനാണ് ലക്ഷ്യമിട്ടത്. ശൈശവ ദശ പിന്നിട്ട പാർട്ടി കരുത്തനും ബുദ്ധിമാനും ധിഷണാശാലിയുമായ ഒരു നേതാവിനെ തിരഞ്ഞു. ആ തിരച്ചിൽ സംതൃപ്തിയോടെ പര്യവസാനിച്ചത് ശ്രീ. കെ.എം. മാണിയിലാണ്.

മറ്റൊരനിവാര്യതയായി മാത്രമേ ഈ കണ്ടെത്തലിനെ വിശേഷിപ്പിക്കാനാവൂ. പാർട്ടിയും പൊതുജനവും തന്നിലർപ്പിച്ച വിശ്വാസം തികച്ചും ശരിയാണെന്ന് കഴിഞ്ഞ ദശാബ്ദങ്ങളിലൂടെ അദ്ദേഹം തെളിയിച്ചുവെന്ന് രാഷ്ട്രീയമോ പാർട്ടി ബന്ധമോ ഇല്ലാത്ത അസ്മാദൃശന്മാർക്കുപോലും പറയാൻ കഴിയും. വളരും തോറും പിളരുകയും പിളരും തോറും വളരുകയും ചെയ്യുന്ന പാർട്ടിയെന്ന് അദ്ദേഹം സ്വന്തം പാർട്ടിയെ വിശേഷിപ്പിച്ചപ്പോൾ ആശയ സംവാദത്തിലൂടെ സ്ഫുടം ചെയ്യപ്പെടുന്ന ഒരു രാഷ്ട്രീയ പാർട്ടിയാണ് താൻ പ്രതിനിധാനം ചെയ്യുന്ന പാർട്ടിയെന്ന് അദ്ദേഹം വ്യക്തമാക്കുകയായിരുന്നു. പുത്തനാശയങ്ങൾ (നല്ലതായാലും ചീത്തയായാലും) ഏതൊരു പ്രസ്ഥാനത്തിലും സംവാദത്തിന്റെ വാതിൽ തുറക്കും. അങ്ങനെ മലർക്കെ തുറക്കപ്പെടുന്ന വാതിലിലൂടെ ദൂഷ്യാംശങ്ങൾ വിസർജ്ജിക്കപ്പെടുകയും പ്രസ്ഥാനം കൂടുതൽ പരിശുദ്ധിയും തിളക്കവും ഊർജ്ജസ്വലതയും നേടുകയും അതിലൂടെ വളരുകയും ചെയ്യും. കേരള കോൺഗ്രസ്സിന്റെ ചരിത്രം ഇതിനൊരു മകുടോദാഹരണമാണെന്ന് പലരും പറയാറുണ്ട്. എക്കാലവും കാലികമായ മാറ്റങ്ങൾ ഉൾക്കൊള്ളാനും കാലപ്പഴക്കം ചെന്ന നയങ്ങളെ തള്ളാനും കേരളാ കോൺഗ്രസ് ശ്രമിച്ചിട്ടുണ്ട്. ഇത്തരമൊരു മനോഭാവമാണ് പാർട്ടിയുടെ ശക്തമായ നിലനിൽപ്പിന്റെ അടിസ്ഥാന രഹസ്യം. നയിക്കുന്നവന്റെ എല്ലാ നല്ല ആശയങ്ങളും ഉൾക്കൊള്ളാനുള്ള ഹൃദയ വിശാലത നയിക്കപ്പെടുന്ന പാർട്ടിയിൽ ഒരു രജതരേഖ പോലെ തെളിഞ്ഞു കാണാം.

പാർട്ടി നേതൃത്വവും ഭരണസാരഥ്യവും കൈയാളുന്ന ഒരാൾക്ക് രണ്ടിനും തുല്യമായ ശ്രദ്ധ നൽകാനോ തുല്യ

സാമർത്ഥ്യത്തോടെ കടമ നിറവേറ്റാനോ കഴിയുകയെന്നുള്ളത് അതീവ ദുഷ്ക്കരമാണെങ്കിലും ശ്രീ.കെ.എം. മാണിയെ സംബന്ധിച്ചിടത്തോളം സ്ഥിതി തികച്ചും വ്യത്യസ്തമാണ്. പാർട്ടി നയിക്കുന്നതിൽ കാണിക്കുന്ന അതേ മികവ് ഭരണരംഗത്തും പ്രകടിപ്പിക്കുന്ന ചുരുക്കം ചിലരിൽ ഒരാളാണ് അദ്ദേഹം. ഏതു വകുപ്പ് ഭരിച്ചാലും തന്റേതായ പാടവവും പരിചയ സമ്പന്നതയും പ്രസ്തുത വകുപ്പിന്റെ ഊർജ്ജസ്വലവും സുഗമവുമായ പ്രവർത്തനത്തിന് നിദാനമാക്കാൻ അദ്ദേഹം ജാഗരൂകനാണ്. താരതമ്യേന അപ്രധാനമായ വകുപ്പിൽ പോലും മാണിയുടെ കീഴിലാകുമ്പോൾ അവയ്ക്ക് പ്രത്യേക ഉണർവും പ്രാധാന്യവും ലഭിക്കുന്നതിന്റെ കാരണവും മറ്റൊന്നല്ല. ഒരു കലാകാരന്റെ സർഗപ്രതിഭാപാടവത്തോടെ വകുപ്പിന് പുതിയ മുഖം നൽകുന്നു. ഒരു വകുപ്പിന്റെ ചുമതല ഏറ്റെടുക്കുന്നതു മുതൽ ഒരു വിദ്യാർത്ഥിയെപ്പോലെ ആ വകുപ്പിന്റെ പ്രവർത്തനം പഠിക്കുന്നതിൽ കാണിക്കുന്ന ശുഷ്ക്കാന്തി വളരെയധികം ഭരണകർത്താക്കളിൽ കാണാനാവില്ല. പഠനത്തിലൂടെ ഉരുത്തിരിയുന്ന വസ്തുതകൾ ഉൾക്കൊണ്ട് ജനക്ഷേമകരമായ പ്രവർത്തനത്തിനു മാത്രം ഊന്നൽ നൽകുന്നതു മൂലം അദ്ദേഹം എന്നൊക്കെ ഏതൊക്കെ വകുപ്പുകൾ ഭരിച്ചിരുന്നോ അപ്പോഴൊക്കെ സാധാരണക്കാർക്ക് ആ വകുപ്പുകൾ മൂലമുള്ള ഗുണമേറെ ലഭിച്ചുവെന്നത് ശ്രീ.മാണിയുടെ ശത്രുക്കൾ പോലും സമ്മതിക്കുന്ന കാര്യമാണ്.

ഏറ്റവും കൂടുതൽ കാലം കേരളത്തിലെ ധനമന്ത്രിസ്ഥാനം വഹിച്ചിരുന്ന ശ്രീ.കെ.എം.മാണിയോളം കേരളത്തിലെ സാമ്പത്തിക രംഗത്തെ സങ്കീർണ്ണ പ്രശ്നങ്ങളെ അറിയാനും വ്യക്തമായ പരിഹാരങ്ങൾ നിർദ്ദേശിക്കാനും മറ്റാർക്കും കഴിഞ്ഞിട്ടില്ലെന്ന കാര്യം നിസ്തർക്കമാണ്. റവന്യൂ മിച്ചമുണ്ടായിരുന്ന തിരുക്കൊച്ചിയും റവന്യൂ കമ്മി നിലനിന്നിരുന്ന മലബാർ പ്രദേശവും കൂട്ടിച്ചേർന്നുണ്ടായ കേരളത്തിന് തുടക്കത്തിൽ തന്നെ ഒരു സന്തുലിത റവന്യൂ ബജറ്റ് ഇല്ലായിരുന്നു. വികസന രംഗത്തു മുതൽ മുടക്കാനുള്ള കഴിവുകൾക്കു



പരിമിതിയുണ്ടായിരുന്നെങ്കിലും എഴുപതുകൾക്കു മുൻപു വിഭവശേഷിയെ തകർക്കുന്ന പ്രവണതകൾ കണ്ടിരുന്നില്ല. എന്നാൽ എഴുപതുകളിൽ പണപ്പെരുപ്പവും വിലക്കയറ്റവും നിർമ്മാണച്ചെലവിന്റെ വർദ്ധനയും സാമ്പത്തിക ഭദ്രതയ്ക്കു ഭീഷണിയായി. അതിനുശേഷം സാമ്പത്തിക പരാധീനതയിൽ പെട്ടുഴലുന്ന കേരളത്തിന്റെ യഥാർത്ഥ പ്രശ്നങ്ങൾ കണ്ടെത്താനും അവയ്ക്കു ശാശ്വത പരിഹാരം നിർദ്ദേശിക്കാനും ശ്രീ.മാണിക്കു കഴിഞ്ഞുവെന്നത് സാമ്പത്തിക ശാസ്ത്രത്തിലുള്ള അദ്ദേഹത്തിന്റെ അഗാധമായ അറിവും കേരള ജനതയുടെ നാഡിമിടിപ്പ് അറിയാനുള്ള കഴിവുമാണ് തെളിയിക്കുന്നത്.

ധനകാര്യ കമ്മീഷന്റെ ശിപാർശകൾക്കും കേന്ദ്രത്തിൽ നിന്നു കിട്ടുന്ന പദ്ധതി സഹായങ്ങൾക്കും ഉപരി സ്വന്തം പരിശ്രമം കൊണ്ട് ബുദ്ധിമുട്ടി കാര്യങ്ങൾ നീക്കുന്ന

**ഒരു വകുപ്പിന്റെ ചുമതല ഏറ്റെടുക്കുന്നതു മുതൽ ഒരു വിദ്യാർത്ഥിയെപ്പോലെ ആ വകുപ്പിന്റെ പ്രവർത്തനം പഠിക്കുന്നതിൽ കാണിക്കുന്ന ശുഷ്ക്കാന്തി വളരെയധികം ഭരണകർത്താക്കളിൽ കാണാനാവില്ല.**

കേരളത്തിന് മറ്റു സംസ്ഥാനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്കുപരി ചില പ്രത്യേക പ്രശ്നങ്ങൾ ഉണ്ടെന്ന വസ്തുത ശ്രീ.മാണി ചൂണ്ടിക്കാട്ടി. വിദ്യാഭ്യാസത്തിനും ആരോഗ്യപരിപാലനത്തിനുമായി റവന്യൂ വരുമാനത്തിന്റെ സിംഹഭാഗം നീക്കിവച്ച കേരളം കൃഷി, വ്യവസായം തുടങ്ങിയ വികസന മേഖലകളിൽ തത്തുല്യമായ ശ്രദ്ധ പതിപ്പിക്കാത്തതുമൂലം വികസന രംഗത്തു പുരോഗതി കൈവരുത്തുവാൻ കൂടുതൽ മുതൽ മുടക്കേണ്ടി വരികയെന്നത് കേരളത്തിന്റെ മാത്രം പ്രത്യേകമായ ആവശ്യമാണ്. ഇതിലേക്കായി, സംസ്ഥാനങ്ങൾക്കു വേണ്ടി നടത്തുന്ന വിഭവ കൈമാറ്റത്തിന്റെയും കേന്ദ്ര സഹായത്തിന്റെയും മാനദണ്ഡങ്ങൾ കേന്ദ്രം നിശ്ചയിക്കുമ്പോൾ സാമൂഹ്യസേവന രംഗത്തുള്ള നേട്ടം മുൻപിൽ കണ്ട് വൻപിച്ച മുതൽമുടക്കിന് പ്രത്യേക പരിഗണനയും മുൻതൂക്കവും ധനകാര്യകമ്മീഷനുകൾ നൽകേണ്ടതാണെന്ന് ശ്രീ.മാണി വ്യക്തമാക്കിയിട്ടുണ്ട്.

കേന്ദ്രം സംസ്ഥാനങ്ങൾക്ക് നൽകേണ്ട പങ്കിനെക്കുറിച്ച് വളരെ വ്യക്തമായ ധാരണയുള്ള ശ്രീ.മാണി അക്കാര്യം മുഖം നോക്കാതെ തുറന്നു പറഞ്ഞിട്ടുമുണ്ട്. യൂണിയൻ എക്സൈസ് ഡ്യൂട്ടിയുടെ കാര്യത്തിൽ കേന്ദ്രം അനുവർത്തിച്ചു വരുന്ന ഇരട്ടത്താപ്പുനയത്തെ നിശിതമായി ശ്രീ. മാണി വിമർശിച്ചിട്ടുണ്ട്. സിംഹഭാഗവും കേന്ദ്രത്തിനുലഭിക്കുന്ന അടിസ്ഥാന യൂണിയൻ എക്സൈസ് ഡ്യൂട്ടി നിരക്കുകൾ വർഷംതോറും വർദ്ധിപ്പിച്ചുപോരുകയും സംസ്ഥാനത്തിന്റെ പങ്കു നൽകേണ്ട അവസ്ഥ സംജാതമാകുമ്പോൾ പുതിയ നികുതികൾ നടപ്പാക്കിയും കേന്ദ്രം സ്വന്തം സാമ്പത്തിക നില ഭദ്രമാക്കുകയും ചെയ്യും. ഇത്തരം നടപടികൾ മൂലമാണ് സംസ്ഥാനത്തിന്റെ വിഭവശേഷി പരിമിതപ്പെട്ടതെന്ന സത്യം മറച്ചു വയ്ക്കാൻ ശ്രീ.മാണി തുനിഞ്ഞില്ല. മുഖം നോക്കാതെ സത്യം മാത്രം പറയുന്ന സ്വഭാവവൈശിഷ്ട്യത്തിന്റെ ഭാഗമാണിത്. കേരളത്തിലെ കർഷകരുടെ സ്വരമെന്ന് ശ്രീ.മാണിയെ വിശേഷിപ്പിച്ചാൽ അതിൽ ഒട്ടും അതിശയോക്തിയില്ല. കർഷകരുടെ ജീവിതത്തിൽ നിഴൽ വിരിക്കുന്ന ഏതു പ്രശ്നവും തന്റെ സ്വന്തം പ്രശ്നം മാത്രമായി കാണുന്ന ഈ കർഷകരുടെ സുഹൃത്ത് കർഷകർക്ക് വേണ്ടി ഏതവസരത്തിലും ആത്മാർത്ഥമായി വാദിച്ചു. അവരുടെ അവകാശങ്ങൾ പിടിച്ചു വാങ്ങുന്നതിന് നേതൃത്വം നൽകി. കർഷകരുടെ കടത്തിന്റെ ഒന്നു പകുതിയും കടവും റദ്ദാക്കൽ, നെല്ല്, കപ്പ, ഇഞ്ചി, വാഴ തുടങ്ങിയ കൃഷികളെ ആദായ നികുതിയിൽ നിന്നും ഒഴിവാക്കൽ, നെൽകൃഷിക്കാർക്ക് രാസവളത്തിന്റെ വിലയിൽ ഇളവ് അനുവദിക്കൽ, പ്രകൃതിക്ഷോഭത്തിന്റെ ഫലമായി നഷ്ടം ഉണ്ടാകുമ്പോൾ സഹായം നൽകുന്നതിലേക്കുള്ള റിവോൾവിംഗ് ഫണ്ടിന്റെ രൂപീകരണം തുടങ്ങിയ അനവധി കാര്യങ്ങൾ അദ്ദേഹം കർഷകർക്കു വേണ്ടി നേടിയെടുത്തു. കർഷകന് നൽകുന്ന ആശ്വാസ നടപടികളും ആനുകൂല്യങ്ങളും സർക്കാരിന്റെ സാമ്പത്തിക വൈഷമ്യങ്ങൾക്കു കാരണമാകുന്നുവെന്ന വാദത്തെ അദ്ദേഹം എക്കാലവും വസ്തുതകൾ നിരത്തി ഖണ്ഡിച്ചിട്ടേയുള്ളൂ. കർഷകത്തൊഴിലാളി പെൻഷനും വാർദ്ധക്യകാല പെൻഷനും തൊഴിലില്ലായ്മ വേതനവും ആശ്വാസ നടപടികളാണെന്നും വൃദ്ധരെയും തൊഴിൽരഹിതരെയും സംരക്ഷിക്കേണ്ട കടമ സർക്കാരിനുണ്ടെന്നും ശ്രീ. മാണി വിശ്വസിക്കുന്നു. അശരണർക്ക് ആശ്വാസം പകരാനല്ലെങ്കിൽ അവരെ ഭരിക്കാനുള്ള അവകാശം പോലും ഭരണകർത്താക്കൾക്കില്ലെന്നുള്ളതാണ് ശ്രീ.മാണിയുടെ തത്വശാസ്ത്രം.

പ്രസ്തുത തത്വശാസ്ത്രമാണ് ഒരേ നിയോജക മണ്ഡലത്തിൽ നിന്നും എട്ടു തവണ തെരഞ്ഞെടുക്കപ്പെടാനുള്ള അവസരം അദ്ദേഹത്തിന് നൽകിയതും-മറ്റാർക്കും അവകാശപ്പെടാനില്ലാത്ത നേട്ടം-ആത്മാർത്ഥ സേവനത്തിന്റെ പാരിതോഷികം. കോളേജു പഠന കാലത്തുതന്നെ പ്രസംഗ ചാതുര്യം പ്രകടിപ്പിച്ചിരുന്ന ശ്രീ.മാണിയുടെ പ്രസംഗം വെള്ളച്ചാട്ടത്തിന്റെ ശക്തിയും അതിലൊഴുകിയെത്തുന്ന സ്ഫടിക ജലത്തിന്റെ വ്യക്തതയും ഉൾക്കൊള്ളുന്നതും കേൾവിക്കാരന്റെ മനസ്സിനെ വ്യഞ്ജിപ്പിക്കുകയും ആശയങ്ങൾ മനസ്സിനുള്ളിൽ രൂഢമൂലമായി ഉറപ്പിക്കപ്പെടുകയും ചെയ്യുന്നതുമാണ്. 1967 മുതൽ കേരള അസംബ്ലിയിൽ മുഴങ്ങിക്കേൾക്കുന്ന ഈ മികച്ച പാർലമെന്റേറിയന്റെ ശബ്ദം കേരള അസംബ്ലിയുടെ ഒരനിവാര്യതയായി മാറിക്കഴിഞ്ഞതിൽ ഒട്ടും അത്ഭുതമില്ല. മാണിയെന്ന മന്ത്രി ഉദ്യോഗസ്ഥന്മാരോട് ഏറ്റവും മാന്യമായി പെരുമാറുന്ന ആളാണ്. ഉദ്യോഗസ്ഥന്മാരുടെ പുറത്ത് കുതിര കയറാനുള്ളതല്ല മന്ത്രിപ്പണി എന്ന് ആഗ്രഹിച്ച കുശാഗ്രബുദ്ധിയാണ് അദ്ദേഹത്തിന്.

എഴുതിയാലും എഴുതിയാലും തീരാത്ത ഈ പ്രബന്ധം നിർത്തട്ടെ ദീർഘായുഷ്മോ ഭവ.



## നിയമ പരിഷ്ക്കരണ കമ്മിറ്റി ചെയർമാൻ

(2001-2002)

8.10.2001 ലെ പ്ലാനിംഗ് ബോർഡ് യോഗ തീരുമാനപ്രകാരം, 26.11.2001 ൽ സംസ്ഥാന സർക്കാർ, നിയമവകുപ്പ് മന്ത്രി കെ.എം. മാണി ചെയർമാനായി നിയമ പരിഷ്ക്കരണ കമ്മിറ്റി രൂപീകരിച്ചു. വി. രാമചന്ദ്രൻ (പ്ലാനിംഗ് ബോർഡ് വൈസ് ചെയർമാൻ), വി.രാംകുമാർ (നിയമ സെക്രട്ടറി) എന്നിവർ അംഗങ്ങളായിരുന്നു. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന കാലഹരണപ്പെട്ട നിയമങ്ങളും പരിഷ്ക്കരണം ആവശ്യമുള്ള നിയമങ്ങളും കണ്ടെത്തുകയും, ആവശ്യമായ പരിഷ്ക്കരണങ്ങൾ നിർദ്ദേശിക്കുകയും ആയിരുന്നു പ്രധാന ചുമതലകൾ. 2002 നവംബർ 30 ന് സമിതി റിപ്പോർട്ട് സമർപ്പിച്ചു.

റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് അന്ന് നിലവിലുണ്ടായിരുന്ന 1020 നിയമങ്ങളിൽ, കാലഹരണപ്പെട്ട 697 നിയമങ്ങൾ റദ്ദ് ചെയ്യുകയുണ്ടായി. പുതിയതായി 26 ബില്ലുകൾ പ്രസിദ്ധീകരിക്കുകയും അതിൽ 7 ബില്ലുകൾ നിയമസഭ പാസാക്കുകയും ചെയ്തു. നിയമ പരിഷ്ക്കരണ കമ്മിറ്റി ചെയർമാൻ എന്ന നിലയിലും നിയമമന്ത്രി എന്ന നിലയിലും കെ.എം. മാണിയുടെ നേതൃത്വപാടവം ഇക്കാര്യത്തിൽ പ്രകടമായി.

## ചെയർമാൻമാരുടെ പാനൽ

ഓരോ നിയമസഭാ സമ്മേളനത്തിലും സ്പീക്കറുടെയും ഡെപ്യൂട്ടി സ്പീക്കറുടെയും അഭാവത്തിൽ സഭയിൽ അദ്ധ്യക്ഷ്യം വഹിക്കുവാൻ സ്പീക്കർ നിയോഗിക്കുന്ന 'ചെയർമാൻമാരുടെ പാനലിൽ' അംഗമായി മൂന്നാം നിയമസഭയിലെ 2-ാം സെഷനിൽ (19.6.67 to 4.8.1967) കെ.എം.മാണി പ്രവർത്തിച്ചിട്ടുണ്ട്.





### MOTIONS UNDER RULE 130* moved by KM Mani

ചട്ടം 130 ഉപക്ഷേപങ്ങൾ: പൊതു താൽപര്യമുള്ള ഒരു സംഗതിയിൻമേലുള്ള ചർച്ച
MOTION UNDER RULE 130* moved by K M Mani

| Date of Discussion | Subject |
|---|---|
| 01-08-1991 | കാലവർഷക്കെടുതികൾ മൂലം സംസ്ഥാനത്ത് ഉണ്ടായ നാശനഷ്ടങ്ങളെ സംബന്ധിച്ച് |
| 04-02-1999 | ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പൊതുവേയും ഒറീസ, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ പ്രത്യേകിച്ചും ക്രിസ്ത്യാനികളടക്കമുള്ള മതന്യൂനപക്ഷങ്ങൾക്ക് നേരേ നടക്കുന്ന അതിക്രമങ്ങൾ തടയുന്നതിന് ആവശ്യമായ നടപടികൾ കേന്ദ്ര ഗവണ്മെന്റ് കൈക്കൊള്ളേണ്ടതിന്റെ ആവശ്യകത. |
| 03-02-2005 | 2004 ഡിസംബർ 26-ാം തീയതി കേരളത്തിന്റെ തീരപ്രദേശങ്ങളിൽ സുനാമി തിരമാലകൾ ആഞ്ഞടിച്ചതിന്റെ ഫലമായി സംസ്ഥാനത്തെ 9 ജില്ലകളിൽപ്പെട്ട 219 വില്ലേജുകളിൽ വ്യാപകമായ നാശനഷ്ടങ്ങളും ജീവഹാനിയും സംഭവിക്കുകയുണ്ടായി. കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിലുണ്ടായ നഷ്ടങ്ങൾ ബൃഹത്താണ്. ഈ സുനാമി ദുരന്തത്തെ നേരിടുന്നതിന് സർക്കാർ സ്വീകരിച്ച ദുരിതാശ്വാസ പ്രവർത്തനങ്ങളേയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുനരധിവാസ പ്രവർത്തനങ്ങളേയും ഭാവി പ്രതിരോധ നടപടികളേയും കുറിച്ച് ചർച്ച ചെയ്യണം. |

Rule No.127 till 4-8-60& No.128 till 1-11-73

### ചട്ടം 58. അടിയന്തിര പൊതു പ്രാധാന്യമുള്ള സംഗതികൾ സംബന്ധിച്ച ചർച്ച
DISCUSSION UNDER RULE 58*raised by K M Mani

| Date of Discussion | Subject |
|---|---|
| 22-06-1967 | The attack by the Chinese on the Indian Diplomates at peking |
| 02-11-1973 | Working of the Kerala State Transport Corporation. |
| 25-04-1988 | Report of the Sarkaria Commission |
| 02-01-1991 | Regarding the necessity for fixing higher support price for natural rubber |

Former rules 57& 62



# അധികാരത്തിന്റെ മാണിഭാവങ്ങൾ



**കെ ഗോവിന്ദൻ കുട്ടി**

ഇന്ത്യൻ എക്സ്പ്രസ്സ്, ഇന്ത്യ ടുഡേ
എന്നീ പ്രസിദ്ധീകരണങ്ങളുടെ
മുൻ സീനിയർ എഡിറ്റർ

ഹീബ്രുവിൽ ഇമ്മാനുവൽ എന്നാൽ ദൈവത്തോടു ചേർന്നിരിക്കുന്നവൻ എന്ന് അർഥം പറയും. ഇമ്മാനുവൽ എന്നാൽ മാണി. കരിങ്ങോഴക്കൽ മാണി. മാണിയുടെയും അദ്ദേഹം നയിക്കുന്ന പ്രസ്ഥാനത്തിന്റെയും പ്രമാണമാകുന്നു ദൈവഭയം. ഊരും പേരും ചിട്ടപ്പെടുത്തിയതല്ല അദ്ദേഹത്തിന്റെ ദൈവസങ്കൽപം. പാലായിലെ സെന്റ് തോമസ് കത്തീഡ്രലിൽ എന്ന പോലെ കടപ്പാട്ടൂർ ക്ഷേത്രത്തിലും ഒരു നൂറ്റാണ്ടു പഴക്കം ചെന്ന രാമകൃഷ്ണാശ്രമത്തിലും തരം പോലെ അദ്ദേഹം കയറിയിറങ്ങും. മുതിർന്ന സ്വാമി വാമദേവാനന്ദയും യുവസന്യാസി പരിമളാനന്ദയും ഒരേ സ്വരത്തിൽ പറയുന്നു, 'ഞങ്ങൾക്ക് എന്ത് ആവശ്യമുണ്ടായാലും മാണിസാർ വരും.'

നിവൃത്തിയുണ്ടെങ്കിൽ ഞായറാഴ്ച രണ്ടു ചടങ്ങുകൾ മാണി മുടക്കില്ല. പള്ളിയിൽ പ്രാർഥനയും വീട്ടിൽ നാട്ടുകൂട്ടവും. പ്രാർഥന കഴിഞ്ഞ് വീട്ടിലെത്തുമ്പോൾ നാട് അവിടെ കുടിയിറങ്ങിയിരിക്കും. ആവശ്യക്കാർ, പരാതിക്കാർ, ചങ്ങാതിമാർ. കസാലയിൽ ഇരുന്നോ മുറ്റത്ത് കറങ്ങിയോ ആയിരിക്കും പരാതി കേൾക്കുക. ഓരോ ഹർജിയും പലകപ്പുറത്തോ തിണ്ണയിലോ ഹർജിക്കാരന്റെ പുറത്തോ വെച്ച് അതിൽ നടപടി രേഖപ്പെടുത്തും. മാറ്റിവെക്കുന്നത് മാണിയുടെ ശീലമല്ല.

ചിലപ്പോൾ ചിലർ എന്തെങ്കിലും സഹായമായിരിക്കും പ്രതീക്ഷിക്കുക. അവർക്കുവേണ്ടി ഒരു തുക കരുതിവെച്ചിരിക്കും. ഒരു ദിവസം ഭാര്യയും ഞാനും കാണാൻ ചെന്നപ്പോൾ അദ്ദേഹം നാട്ടുകാരിൽനിന്ന് ഊർജ്ജം വലിച്ചെടുക്കുകയായിരുന്നു. അവർക്കിടയിൽ എന്റെ ഭാര്യയെ ആരോ പിടിച്ചുനിർത്തി. അടുത്തെത്തിയപ്പോൾ പാവ് ലോവിന്റെ പ്രതികരണം പോലെ, സംഭാവന കൊടുക്കാൻ കൈ മടക്കിക്കൊണ്ട് മാണി ചോദിച്ചു: "എന്നാ വേണം?" 'ഒന്നും വേണ്ട' എന്ന് മറുപടി കേൾക്കും മുമ്പ്, ആളെ തിരിച്ചറിഞ്ഞ ആവേശത്തിൽ അദ്ദേഹം പൊട്ടിച്ചിരിക്ക് വഴിമരുന്നിട്ടു.

ദൈവത്തോടു ചേർന്നിരിക്കുമ്പോഴും ഒരിക്കൽ മാണി പാലായിലെ മെത്രാനെ വെട്ടിലാക്കി. പാലാക്കാരനായ സെബാസ്റ്റ്യൻ വയലിൽ അവിടെ ജനിച്ചുവളർന്നവനും ദൈവത്തിന്റെ ജോലി ഏതും ചെയ്യുന്നവനും (തിമോത്തി 3.17), വിശിഷ്യ, കോൺഗ്രസ്സുകാരനുമായിരുന്നു. കോൺഗ്രസ്സിനെ തള്ളി, 1967ൽ കമ്യൂണിസ്റ്റുകാരുമായി കൂട്ടുകൂടിയ കേരള കോൺഗ്രസ്സിന്റെ സ്ഥാനാർഥിയെ മെത്രാൻ എങ്ങനെ അനുഗ്രഹിക്കും?

രാഷ്ട്രീയത്തിന്റെയും വിശ്വാസത്തിന്റെയും കുരുക്കിൽ മെത്രാന്റെ മനസ്സ് പെട്ടിരിക്കേ, ഒരു ദിവസം മുൻകൂർ അറിയിക്കാതെ മാണി അരമനയിൽ ഇരച്ചുകയറി. വളച്ചുകെട്ടില്ലാതെ, തല പതിവിലും രണ്ടിഞ്ച് കുനിച്ച്, മാണി നിവേദിച്ചു: 'തിരുമേനി എന്നെ അനുഗ്രഹിച്ചാലും!'



1965ലെ രാഷ്ട്രീയവന്ധ്യതക്കുശേഷം കേരള കോൺഗ്രസ്സിന്റെ വിശ്വാസവും പ്രമാണവും ആവിഷ്കരിക്കുകയും അനാവരണം ചെയ്യുകയുമായിരുന്നു മാണി-ജോർജ്ജ് ജോടിയുടെ താന്ത്രികദൗത്യം ചേരി മാറിയും സ്വരം കടുപ്പിച്ചും ആ ദൗത്യം'അധികാരം കൊയ്യുണമാദ്യം നാം' എന്ന വീറോടെ മുന്നിട്ടു നിന്നു, ജോർജ്ജിന്റെ മരണം വരെ.

വിശ്വാസിയല്ലാത്ത ഒരാളെ താൻ എങ്ങനെ അനുഗ്രഹിക്കുമെന്നായി ദൈവത്തിന്റെ പ്രതിപുരുഷൻ. മാണിക്ക് വാഗ്വാദത്തിലല്ല, വോട്ടിലേ താൽപര്യമുണ്ടായിരുന്നുള്ളു. 'അനുഗ്രഹിച്ചാലും പിതാവേ' ദൈവത്തിൻ മനമാരറിഞ്ഞു? ഫലം വന്നപ്പോൾ നാട്ടുകാർ മാണിയെ അനുഗ്രഹിച്ചിരുന്നു.

ഒരേയൊരു പാലാക്കാരന്റെ വോട്ടും കൂട്ടും മാണി വർജ്ജിച്ചു. അദ്ദേഹവും ഉദാരനായ മദ്യപ്രഭുവും കോൺഗ്രസ്സ് സിൽബന്തിയുമായിരുന്ന മണർകാട് പാപ്പൻ എന്ന ജോസഫ് മൈക്കേലുമായി കാരണമറിയാത്ത ഒരു ശത്രുത നില നിന്നു. പാപ്പന്റെ വീടു മാത്രമേ പാലായിൽ തനിക്ക് കേറിച്ചെല്ലാൻ വയ്യാത്തതായി മാണി കരുതിയുള്ളു. ഒരു ആയുഷ്കാലത്തെ വൈരാഗ്യം വെടിഞ്ഞ് ഒരിക്കൽ പാപ്പൻ മാണിയെ കാണാൻ ചെല്ലുകയുണ്ടായി. ഒരിക്കൽ മാത്രം. ശേഷം ചിന്ത്യം.

അഞ്ചു പതിറ്റാണ്ടിലേറെ നിലനിന്ന ആത്മബന്ധമായിരുന്നു മാണിയും പാലായും തമ്മിൽ. സംസ്കൃതത്തിൽ പാലായെ ആരോ ക്ഷീരപുരി എന്നു പേരിട്ടു. മാണിയുടെ കൂട്ടക്കാർ തോമാശ്ലീഹ കപ്പലിറങ്ങിയ പാലയൂരിൽനിന്ന് കുടിയേറി വന്നവരാണെന്ന ഐതിഹ്യം ക്ഷീരപുരിയുടെ സ്വത്വത്തിനു മാറ്റു കൂട്ടുന്നു. നൂറ്റാണ്ടുകൾ മീനച്ചിൽ കർത്താക്കന്മാരുടെ സംരക്ഷണയിൽ കഴിഞ്ഞ പാലായിൽ നാരാമംഗലം നമ്പൂതിരിമാർ ജാതിഭേദമെന്യേ പൊതുജനത്തെ സംസ്കൃതം പഠിപ്പിച്ചു.

ഇരുപതാം നൂറ്റാണ്ടിൽ പാലായിലെ ജനം മാണിയെ ഏറ്റുവാങ്ങുകയായിരുന്നു. 'കുഞ്ഞു മാണി' ഉള്ളിടത്തോളം അവർ വേറെ ഒരാളെ തിരക്കിയില്ല. രാഷ്ട്രീയഋതു വേനലായാലും വസന്തമായാലും വർഷമായാലും, ജയിക്കാനുള്ള സ്ഥാനാർഥി മാണി ആയിരുന്നു. ജന്മാന്തരങ്ങളിലൂടെ ഭാവസ്ഥിരങ്ങളായ സൗഹൃദങ്ങൾ എന്നു കാളിദാസൻ പറയും പോലെ, 13 തിരഞ്ഞെടുപ്പുകളിൽ ആ ബാന്ധവം വിളംബരം ചെയ്യപ്പെട്ടു. മാറി വരുന്ന തലമുറകളും വിശ്വാസവിഭാഗങ്ങളും ഒരേ ആളെ വീണ്ടും വീണ്ടും അരിയിട്ടുവാഴ്ച നടത്തിയത് ചരിത്രം. അത്രയേറെ സർക്കാരുകളുടെ വർഷാന്ത ധനകാര്യപ്രസ്താവന അവതരിപ്പിച്ച ആളെന്ന ഖ്യാതി അതിനു താഴെയേ വരൂ.

ഒരു കാലമുണ്ടായിരുന്നു, ജോടികളുടെ. ഒരുമിച്ച് നടക്കും, ഒരുമിച്ച് മീഡിയയുമായി ഇടപഴകും, ഒരുമിച്ച് വൈരികളെ വക വരുത്താൻ വഴി ആലോചിക്കും. ചോർന്നുപോകുന്ന അണികളെ തടഞ്ഞുനിർത്താൻ ഒരുമിച്ച് തന്ത്രങ്ങൾ മെനയും.

കാലിന്നടിയിലെ മണ്ണിളകുമ്പോൾ പുത്തൻ കരുത്തുകൾ കണ്ടെത്തുന്നതിൽ എന്നും ശ്രദ്ധാലുവായിരുന്ന കെ. കരുണാകരനും അധ്യാപനം മതിയാക്കി രാഷ്ട്രീയത്തിലേക്കും പിന്നെ രാജ് ഭവനിലേക്കും ചേക്കേറിയ പാലാക്കാരൻ കെ. എം. ചാണ്ടിയുമായിരുന്നു ഏറെ അറിയപ്പെട്ട ഒരു ജോടി. പുഷ്കലമല്ലാത്ത ഹാസ്യഭാവനയുള്ള ആരോ അവരെ 'ബോബനും മോളിയും' എന്നു വിളിച്ചു. ഇംഗ്ലീഷ് പഠിപ്പിച്ചിരുന്ന ചാണ്ടി ഭോപാലിലെ ഗവർണർ മന്ദിരത്തിൽ അവരോധിക്കപ്പെടും വരെ ആ ജോടി നിലവിലുണ്ടായിരുന്നു.

മറ്റൊരു പാലാക്കാരൻ ഒരു മുവാറ്റുപുഴക്കാരനുമായി കൂട്ടുകൂടിയപ്പോൾ അധികാരത്തിന്റെ പുതിയൊരു അങ്കഗണിതം രൂപപ്പെട്ടുവെന്നു പറയാം. കെ എം മാണിയുടെ ഊണവും മൂർച്ചയുമുള്ള ശബ്ദവും കെ.എം. ജോർജ്ജിന്റെ പഞ്ചമം പോലെ മൃദുവായ സ്വരവും ഒത്തിണങ്ങിയപ്പോൾ 'ഞാനും നീയും' ഒന്നാകുന്നതുപോലെ, ആത്മാവും പരമാത്മാവും ലയിക്കുന്നതുപോലെ ഒരു താത്വികസാധ്യത സംഭവിച്ചു. 1965ലെ രാഷ്ട്രീയവന്ധ്യതക്കുശേഷം കേരള കോൺഗ്രസ്സിന്റെ വിശ്വാസവും പ്രമാണവും ആവിഷ്കരിക്കുകയും അനാവരണം ചെയ്യുകയുമായിരുന്നു മാണി-ജോർജ്ജ് ജോടിയുടെ താന്ത്രികദൗത്യം ചേരി മാറിയും സ്വരം കടുപ്പിച്ചും ആ ദൗത്യം'അധികാരം കൊയ്യുണമാദ്യം നാം' എന്ന വീറോടെ മുന്നിട്ടു നിന്നു, ജോർജ്ജിന്റെ മരണം വരെ.

ജോർജ്ജിന്റെ മരണമായിരുന്നു മാണിയുടെ ജീവിതത്തിലെ ഓർത്താൽ വിറയ്ക്കുന്ന ആഘാതം. രണ്ടില പോലെ തഴച്ചുപോന്നിരുന്ന ആ ജോടിയിലും മനുഷ്യബന്ധങ്ങളിൽ അനിവാര്യമായ ഒരു ശ്ലഥപർവം ഉണ്ടായി. ജോർജ്ജിനെ വെട്ടി ഒന്നാം സ്ഥാനം കവരാൻ മാണി കച്ച കെട്ടുന്നുവെന്ന കിംവദന്തിക്ക് കേൾവിക്കാർ ഏറെയായിരുന്നു.

പത്തു കൊല്ലം മുമ്പ് കോൺഗ്രസ്സിൽനിന്നു പിരിഞ്ഞുപോന്നവർ മാതൃസംഘടന യുമായി എങ്ങനെ കൂടിക്കഴിയും? കോൺഗ്രസ്സുമായുള്ള സമീപനമായിരുന്നു പ്രാചീന കമ്യൂണിസത്തിലെ പ്രഥമപ്രശ്നം. അതിൽ തീർപ്പുകൽപിക്കലായി കേരളകോൺഗ്രസ്സിന്റെയും ആദ്യനിയോഗം. കോൺഗ്രസ്സ് വിരുദ്ധമുന്നണിയിൽ ചേർന്നതിന്റെ രാപ്പനി മാറിയിരുന്നില്ല. ആ ഘട്ടത്തിൽ പാർട്ടി വളർത്താനും നിൽപാടുതറ ഉറപ്പിക്കാനും ജോർജ് -മാണി ജോടി പത്രങ്ങളിലൂടെ ഓടി നടന്നു. എവിടെ ഇരിക്കാൻ ഒരു കസാല കാണുമോ അവിടെ പുരോഗതി ദർശിക്കുകയും അങ്ങനെ

**വാസ്തവത്തിൽ പി ടി ചാക്കോ പോലും, മാണിയെ സംബന്ധിച്ചിടത്തോളം, 'സ്നേഹിതൻ താത്വികൻ മാർഗദർശി': എന്ന വിഭാഗത്തിൽ പെടുന്നില്ല. തന്റെ മരണത്തിനുശേഷം കേരള കോൺഗ്രസ്സിനു രൂപം നൽകാൻ ആത്മീയശക്തി പകർന്ന പി ടി ചാക്കോയുമായുള്ള ബന്ധത്തെ വിലയിരുത്തുമ്പോൾ ഒരിക്കൽ മാണി പറഞ്ഞു: 'ചാക്കോച്ചൻ എന്റെ ഗുരുവും രക്ഷകനുമൊന്നും ആയിരുന്നില്ല. മുതിർന്ന നേതാവായേ കാണേണ്ടൂ'**

ഇരുചേരികളിലും പാർപ്പുറപ്പിക്കാൻ ശ്രമിക്കുകയും ചെയ്തുവെന്ന് ആ നിലപാടിനെ വ്യാഖ്യാനിക്കുന്നവർ വിശേഷിപ്പിക്കായ്കയല്ല. ഏതായാലും കേരള കോൺഗ്രസ് കോൺഗ്രസ്സിന്റെ സഖ്യകക്ഷിയായി, മാണിയും മന്ത്രിയായി. സഖ്യം ലയനത്തിൽ കലാശിക്കാഞ്ഞത് അടിയന്തരത്തിന്റെ സമ്മർദ്ദം മാത്രം.

ജോർജ്ജിനെ തന്നെക്കാൾ ഏറെ മുതിർന്ന നേതാവായി മാണി കണ്ടിരുന്നില്ല. വാസ്തവത്തിൽ പി.ടി. ചാക്കോ പോലും, മാണിയെ സംബന്ധിച്ചിടത്തോളം, 'സ്നേഹിതൻ താത്വികൻ മാർഗദർശി': എന്ന വിഭാഗത്തിൽ പെടുന്നില്ല. തന്റെ മരണത്തിനുശേഷം കേരള കോൺഗ്രസ്സിനു രൂപം നൽകാൻ ആത്മീയശക്തി പകർന്ന പി. ടി. ചാക്കോയുമായുള്ള ബന്ധത്തെ വിലയിരുത്തുമ്പോൾ ഒരിക്കൽ മാണി പറഞ്ഞു: 'ചാക്കോച്ചൻ എന്റെ ഗുരുവും രക്ഷകനുമൊന്നും ആയിരുന്നില്ല. മുതിർന്ന നേതാവായേ കാണേണ്ടൂ'

ഗ്രഹപ്പിഴയുടെ തുടക്കം തൃശ്ശൂരിനടുത്ത കുരിയച്ചിറയിൽ നിന്നായിരുന്നു. ആഭ്യന്തരമന്ത്രിയായിരുന്ന ചാക്കോയുടെ വെളുത്ത അംബാസഡർ ഒരു കട്ടവണ്ടിയിൽ മുട്ടി. ആർക്കും പരിക്കോ വലിയ നാശമോ ഉണ്ടായില്ല. പക്ഷേ കറുത്ത കണ്ണട വെച്ച ഒരു സ്ത്രീയും യാത്രക്കാരിയായിരുന്നു. അപകടത്തെപ്പറ്റി ചോദിച്ചപ്പോൾ കളക്ടർ പി എം അബ്രഹാം പറഞ്ഞു: 'ചക്രം പിടിച്ചിരുന്നയാൾക്കെതിരെ നടപടി ഉണ്ടാവും.' പിന്നെ ആ പ്രയോഗം ഭേദപ്പെടുത്തി 'ഡ്രൈവർ' എന്നാക്കി. ചക്രം പിടിച്ചിരുന്നത് മന്ത്രിയായിരുന്നു, ഡ്രൈവർ മന്ത്രിയാവില്ലല്ലോ. ആ വാഗ്വിലാസം കൊണ്ടൊന്നും ഗ്രഹപ്പിഴ ഒഴിയുമായിരുന്നില്ല. ചാക്കോയുടെ പദവിയും മാനവും, മരണം കൊണ്ടേ ഒതുങ്ങിയുള്ളൂ.

ഖിന്നനും ക്രുദ്ധനുമായി മാറിയിരുന്നു ഗ്രഹപ്പിഴ പിടിപെട്ട ചാക്കോ. പ്രതിപക്ഷനേതാവായും ആഭ്യന്തരമന്ത്രിയായും ശോഭിച്ചിരുന്ന ചാക്കോ വിഷാദത്തിലേക്കു വീഴുന്നതു പോലെയായി. അദ്ദേഹവും മാണിയും അതിഥി മന്ദിരത്തിൽ ഒരു ദിവസം എത്തിയത് ഒരുമിച്ചായിരുന്നു. മാണി നീലഗിരിയിലെ കോടഗിരിയിൽ ധ്യാനം കൂടാൻ ഒരുങ്ങുകയായിരുന്നു. താനും പോരുന്നുവെന്നായി ചാക്കോ.

ഒരിക്കലും താപനില ഇരുപതിലധികം സെൽഷ്യസ് ആകാത്ത കോടഗിരിയിൽ രാപകൽ ശാന്തിയുടെ സ്പന്ദനം അനുഭവപ്പെട്ടു. ആ പ്രദേശം ആവാസഭൂമിയാക്കിയ കോടർ എന്ന ആദിമ ജനതയുടെ എണ്ണം തീരെ കുറഞ്ഞിരിക്കുന്നു. രാമായണവും ഋഗ്വേദവും മൊഴിമാറ്റിയെഴുതിയ റാൾഫ് ഗ്രിഫിത് ഏറെക്കാലം കോടഗിരിയിൽ ഭാരതപഠനത്തിൽ മുഴുകി. കോടഗിരിയുടെ കുളിർമയും സമാധാനവും ഒരാഴ്ചകൊണ്ട് ചാക്കോയിൽ ആവേശിച്ചു.

മനസ്സമാധാനം വീണ്ടെടുത്തപ്പോൾ ചാക്കോ മാണിയോട് പറഞ്ഞു: 'നമുക്ക് മാധവൻ നായരെ കാണാം.' കേരളത്തിൽ കോൺഗ്രസ്സ് അധ്യക്ഷനായ കെ പി മാധവൻ നായർ കുന്നൂരിൽ തന്റെ ബംഗ്ലാവിൽ താമസമായിരുന്നു. ചാക്കോയുടെ പേരിൽ കേരളമാകെ പ്രതിഷേധം എരിയുമ്പോൾ തെല്ലിട സമാധാനം തേടിയെത്തിയതായിരുന്നു മാധവൻ നായർ. കോൺഗ്രസ്സിലെ കൊടുംകാറ്റ് എന്തൊക്കെ നാശനഷ്ടം വരുത്തുമെന്ന് അദ്ദേഹം നേരത്തേ കണ്ടറിഞ്ഞു. കണ്ടുമുട്ടിയ ഉടനേ, കെ പി സി സി അധ്യക്ഷൻ ചാക്കോയോട് ചോദിച്ചു: 'ഇനി ഇതൊന്നു നിർത്തിക്കൂടേ?' ചാക്കോയുടെ പേരിൽ നാടു നീളേ നടക്കുന്ന പ്രതിഷേധയോഗങ്ങളായിരുന്നു സൂചന. ചാക്കോ ആണ് അതിന്റെയൊക്കെ ആസൂത്രകനും സംഘാടകനും എന്നായിരുന്നു ധ്വനി. ധ്വനി സിദ്ധാന്തം ചാക്കോയെ അലോസരപ്പെടുത്തി. നേർവഴി വിട്ടു നടക്കാൻ മടിയുള്ള അദ്ദേഹം പറഞ്ഞു: 'അങ്ങനെയാവട്ടെ.'

അങ്ങനെയായില്ല. പ്രതിഷേധം വളർന്നതേയുള്ളൂ. പിന്നെ മാനം വീണ്ടെടുക്കാൻ പാർട്ടി അധ്യക്ഷസ്ഥാനത്തേക്ക് മത്സരിച്ച് ചാക്കോ തോറ്റതും മരിച്ചതും കേരള കോൺഗ്രസ്സ് രൂപം കൊണ്ടതും അടുത്തടുത്ത ചരിത്രസംഭവങ്ങൾ. കാലാന്തരത്തിൽ ചാക്കോയുടെയും ജോർജ്ജിന്റെയും മാണിയുടെയും മക്കൾ വോട്ട് തേടിയിറങ്ങി, സഖ്യകക്ഷികൾക്ക് അത്ര പിടിച്ചില്ലെങ്കിലും...

'കട്ടവണ്ടിയിൽ കാർ മുട്ടിയപ്പോൾ ഉണ്ടായ പാർട്ടി' എന്ന് കേരള കോൺഗ്രസ്സിനെ വരിഷ്ഠ പത്രലേഖകനായ കെ ആർ ചുമ്മാർ പരിഹസിച്ചിരുന്നു. ഓരോരുത്തരുടെയും ഭാവന പോലെ ഓരോരോ അംശാവതാരത്തിൽ കേറിപ്പിടിച്ച് മാറി മാറി നാമകരണം ചെയ്യാം. മാണി വിളക്കിയെടുത്ത സ്വത്വം ഇങ്ങനെ: 'പിളരുന്തോറും വളരുകയും വളരുന്തോറും പിളരുകയും ചെയ്യുന്ന പാർട്ടി'. കാര്യം നേടാൻ കലഹിക്കുകയും, നേടിയാൽ പൂർവ്വസ്ഥിതി പ്രാപിക്കുകയും ചെയ്യുന്ന സംഘടനാസ്വഭാവം കണ്ടറിഞ്ഞ നേതാവായിരുന്നു മാണി. അപ്പപ്പോൾ അതു പ്രയോജനപ്പെടുത്താൻ അദ്ദേഹം അറച്ചില്ല.

മറ്റുള്ളവർ സ്ഥാനം പിടിച്ചടക്കാനും വിഴുപ്പലക്കാനും തിരക്കിട്ടപ്പോൾ കേരള കോൺഗ്രസ്സിന് ഒരു രാഷ്ട്രീയസ്വത്വം ഉറപ്പിച്ചെടുക്കണമെന്ന് അദ്ദേഹത്തിനു തോന്നി. പിളർന്നുപോകുന്ന പീക്കിരികൾക്കെല്ലാം പാരമ്പര്യമായി ഏറ്റെടുക്കാവുന്ന വിശ്വാസപ്രമാണങ്ങളെക്കൊണ്ട് അദ്ദേഹം പാർട്ടിയെ ബന്ധിപ്പിക്കാൻ ശ്രമിച്ചു. അറുപതുകളുടെ മധ്യമായപ്പോഴേക്കും ഫെഡറൽ ഇന്ത്യയിൽ പ്രാദേശികത്വം വ്യാപകമായി തല പൊക്കി. തമിഴ് നാട്ടിൽ ദ്രാവിഡപ്രസ്ഥാനം സ്വയംഭൂവായി മുളച്ചെങ്കിൽ, കേരളത്തിലും ബംഗാളിലും ഒഡിഷയിലും മറ്റും ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അവാന്തരവിഭാഗമായി പ്രാദേശികത്വം നിലവിൽ വന്നു. അതിൽ ഊന്നിയായിരുന്നു മാണിയുടെ രാഷ്ട്രീയസിദ്ധാന്തം രൂപപ്പെടുത്തിയത്.

കമ്യൂണിസ്റ്റുകാർ കുളക് എന്നോ ഭൂപ്രഭുവെന്നോ വിളിക്കുന്ന വർഗത്തിൽപെടുത്താവുന്നവരുടെ കൈപ്പിടിയിലാണ് പാർട്ടിയെങ്കിലും പാവപ്പെട്ട കർഷകന്റെ പാർട്ടി തന്നെ കേരള കോൺഗ്രസ്സ് എന്നു സ്ഥാപിക്കാനായിരുന്നു മാണിയുടെ ശ്രമം. അതിനുവേണ്ടി പുതിയൊരു വർഗവിശകലനവുമുണ്ടായി. കമ്യൂണിസവുമായി സമാന്തരത്വം അവകാശപ്പെടുന്ന 'അധ്വാനവർഗ്ഗസിദ്ധാന്ത' ത്തിന്റെ ഉപജ്ഞാതാവായി പ്രതിഷ്ഠ നേടുകയായിരുന്നു മാണി.



ആർ. ബാലകൃഷ്ണപിള്ള, ടി. എം. ജേക്കബ്, പി. ജെ. ജോസഫ്, കെ.എം. മാണി

വികൃതികൾ കേരള കോൺഗ്രസ്സിന്റെ ഗതിവിഗതികളിൽ ഒരു തരം വിപരീത നീതിയും കണ്ടേക്കും. ജോർജ്ജിന് മാണി പാരയായി. മാണിയുടെ നെമസിസ് പി ജെ ജോസഫ്. ജോസഫിനെ കുരങ്ങുകളിപ്പിച്ച

**ഓരോ സന്ദർഭം വരുമ്പോഴും ഓരോരുത്തർ അദ്ദേഹത്തിന് ഓരോരോ മുദ്ര ചാർത്തിക്കൊടുത്തു, പദവി പതിച്ചു നൽകി. മാണി മുഖ്യമന്ത്രിയാകും എന്ന ശ്രുതി പൊങ്ങിയും താഴ്ന്നും എപ്പോഴും നിലവിലുണ്ടായിരുന്നു, ഒരു പഴകിയ രാഷ്ട്രീയവിനോദം പോലെ. അദ്ദേഹത്തിന് ആ സ്ഥാനം കിട്ടാൻ വയ്യാത്തതാണെന്നു കരുതുന്നവർ ആരും ഉണ്ടാവില്ല.**

ടി എം ജേക്കബ്. കെ കരുണാകരന്റെ മന്ത്രിസഭ പൊളിക്കാൻ ജോസഫ് ഒരുങ്ങുമ്പോൾ ജേക്കബ് ജോസഫിന്റെ കാലു വാരുന്ന ഹാസ്യചിത്രങ്ങൾ രാഷ്ട്രീയ കുതുകികൾ മറക്കില്ല.

കുട്ടിയമ്മയെ കല്യാണം കഴിക്കുമ്പോൾ പോലും ഒരു മദനന്റെ മുഖം അദ്ദേഹത്തിനുണ്ടായിരുന്നില്ല. :അപ്പൻ കണ്ടെത്തി, മകൻ കെട്ടി: അതായിരുന്നു വിവാഹത്തിന്റെ ചരിത്രം. തൃശ്ശിനാപ്പള്ളിയിൽ പഠിക്കുമ്പോൾ കണ്ണെറിയാനും കരൾ പിടക്കാനും അവസരമുണ്ടായില്ലേ? 'ഏയ്.' അങ്ങനെയൊരു ഹ്രസ്വനിഷേധമായിരുന്നു അതിനു മറുപടി. പിന്നെ കേൾക്കുന്നവർക്ക് ഭാവന പോലെ അർഥം ചമയ്ക്കാവുന്ന ഒരു പൊട്ടിച്ചിരിയും.

മരങ്ങാട്ടുപിള്ളി സ്കൂളിന്റെ മുറ്റത്തൊരു മാവുണ്ടായിരുന്നു. മാവിനൊരു കവരമുണ്ടായിരുന്നു. കവരത്തിൽ ഒരു കുട്ടി നോട്ടുപുസ്തകവുമായി കേറിയിരുന്നു. കീഴെ ഉദ്വേഗം നിറഞ്ഞ കൂട്ടുകാർ കാതോർത്തുനിന്നു

'അണയൂ ദീപമേ അണയൂ!

ചലിക്കും നിഴലല്ലോ ജീവിതം

പാവം നടൻ

ഊഴം വരുമ്പോൾ വേവലാതിയുമായലയുന്നു

പിന്നെയില്ല കേൾപ്പാനൊന്നും.

അതൊരു മടയൻ പറഞ്ഞ കഥ,

വീറും വചനവും നിറയേ,

പൊരുളശേഷമെഴാതെ.'

ദുഃഖവും ദർശനവും ഇടകലർന്ന ആ ആംഗലവാണി മാവിൻ കവരത്തിൽനിന്ന് ഉറക്കെ കേൾക്കായി. അധികാരത്തിനുവേണ്ടി പരക്കം പായുകയും പാപത്തിൽ വീഴുകയും ചെയ്ത സൈന്യാധിപന്റെ ആത്മാലാപം മാണി ആവിഷ്കരിച്ചു, തന്റെ തന്നെ തൃപ്തിക്കുവേണ്ടി. കൂട്ടുകാർ താഴെനിന്ന് കയ്യടിച്ച് പാസാക്കി.

അതൊരു പരിശീലനമായിരുന്നു. ശബ്ദത്തിൽ ഏറ്റക്കുറച്ചിൽ വരുത്തിയും ഭാവഹാവങ്ങൾ ക്രമീകരിച്ചും കാണികളുടെ ഉള്ളിൽ കേറും വിധം വാക്കുകൾ വാരിവിതറുന്ന പ്രഭാഷകനാകണമെന്നായിരുന്നു മാണിയുടെ ആഗ്രഹം. അധികാരത്തിനുവേണ്ടിയുള്ള ഭ്രമവും വിഭ്രമവും നിത്യവിഷയമാക്കിയ ഷേക്സ്പിയറുടെ വരികൾ തന്നെ പരിശീലനത്തിനു പ്രയോജനപ്പെടുത്തിയത് യാദൃച്ഛികം മാത്രം.

മുറ്റത്തെ മുതുമാവിൻ ചോട്ടിൽ അധികാരനാടകത്തിന്റെ വരികൾ





കേരള നിയമസഭ

കെ.എം.മാണി
ധന്യസ്മൃതി

ഉരുവിട്ടുശീലിക്കുമ്പോൾ അതിന്റെ അർഥവും സംബന്ധവും മാണി മനസ്സിരുത്തി പഠിച്ചിരുന്നില്ല. . നാടകം വേറെ, ജീവിതം വേറെ, രണ്ടിന്റെയും ഏകീഭാവം തിരിച്ചറിയാറാവുമ്പോഴേക്കും താൻ തന്നെ അതിലെ 'പാവം നടൻ' ആയിക്കഴിഞ്ഞിരുന്നു. പക്ഷേ അധികാരനാടകത്തെ 'അർഥമെഴാത്ത'തായി അദ്ദേഹം ഒരിക്കലും കണക്കാക്കിയില്ല. അവസാനം വരെ അതിന്റെ ഹരം ഏറിയും കുറഞ്ഞും നീണ്ടുനിന്നു.

മാണിയുടെ ശബ്ദത്തിന്റെ ഈണവും മൂർച്ചയും ആദ്യം കണ്ടറിഞ്ഞതും ഉപയോഗപ്പെടുത്തിയതും കോഴിക്കോട്ടുകാരായിരുന്നു. അവിടെ കോടതിയിൽ ഗോവിന്ദ മേനോന്റെ ജൂനിയർ ആയിട്ടായിരുന്നു മാണിയുടെ അഭിഭാഷകവൃത്തിയുടെ തുടക്കം. മധ്യതിരുവിതാംകൂറിന്റെ ഈണവും മാണിയുടെ ഒച്ചയും ചേർന്നപ്പോൾ മലബാറിലെ ജനാവലിക്ക് രസം കേറി.

മലയോരകർഷകന്റെയും ക്രൈസ്തവന്റെയും വക്കാലത്തെടുത്ത മാണിക്ക് പലപ്പോഴും പ്രാദേശികത്വം മൂപ്പിക്കുന്നതിന്റെ പേരിലും പരിസ്ഥിതി കെടുത്തുന്നതിന്റെ പേരിലും പുലഭ്യം കേൾക്കേണ്ടിവന്നു. മറ്റുള്ളവർ ആരോപണമായി എടുത്തെറിഞ്ഞത് ആഭരണമായി, 'കണ്ടില്ലേ മാണി' എന്ന സംശയം. ഉപജീവനത്തിനും ഉണ്ണാനുള്ള 'വഹ' കൂടുതൽ കൂടുതൽ കൊയ്തെടുക്കാനും വേണ്ടി മാണിയുടെ ഗൃഹഭൂമിയിൽ നിന്ന് കുടിയേറി വന്നവരാണ് അവർ. ധാന്യോൽപാദനം വർദ്ധിപ്പിക്കാനുള്ള ആ സാഹസത്തെ സർക്കാർ തന്നെ പ്രോത്സാഹിപ്പിച്ചിരുന്നു. അവർ അനുഷ്ഠിച്ച യാതനയും വേദനയും എസ് കെ പൊറ്റേക്കാടിന്റെ 'വിഷകന്യക' എന്ന നോവലിന്റെ ഇതിവൃത്തമായി. കാലക്രമത്തിൽ അവർ കുടിയേറ്റക്കാരും കയ്യേറ്റക്കാരും കാട്ടുകള്ളന്മാരും ആയി താറടിക്കപ്പെട്ടു. അവരിൽ പേരറിയാത്ത പാവങ്ങളെ കയ്യൊഴിഞ്ഞൊരു രാഷ്ട്രീയം മാണിക്കുണ്ടായിരുന്നില്ല. പരിസ്ഥിതിക്കുവേണ്ടി മുക്രയിടാതിരിക്കുമ്പോഴും അതിന്റെ തകർച്ചയുടെ പേരിൽ ആക്ഷേപിക്കപ്പെടുന്നവരുടെ പക്ഷത്ത് എന്നും മാണി ഉണ്ടായിരുന്നു.

കേരളത്തിന്റെ സ്വത്വം പൊക്കിപ്പിടിച്ചും കേന്ദ്രത്തിന്റെ അവഗണന അപലപിച്ചും കേരള കോൺഗ്രസ്സ് നടത്തിപ്പോന്ന സമരം ഒരിക്കൽ ഒരു വിറളി ആയി മാറി. സ്ഥിരമായ കമ്മിയുടെ കഥ പറയുന്ന സംസ്ഥാന ബജറ്റുകളുടെ പാപഭാരം കേന്ദ്രത്തിന്റെ ചുമലിൽ കെട്ടിവെക്കാൻ പറ്റുമോ എന്നായി നോട്ടം. ഒടുവിൽ സഹികെട്ട് കോൺഗ്രസ്സ് ഒരു മറുമരുന്ന് പ്രയോഗിച്ചു. സംഖ്യയും സാഹിത്യവും ഉദ്ധരിച്ച് ആസൂത്രണ ബോർഡ് അംഗമായ പി കെ ഗോപാലകൃഷ്ണൻ ധനമന്ത്രി മാണിയുടെ വാദത്തെയും വസ്തുതയെയും ചോദ്യം ചെയ്തു. ഈ പോക്ക് പോയാൽ കേരളം ഖാലിസ്ഥാൻ ആകുമെന്നു പോലും ആശങ്ക ഉയർന്നു. പഞ്ചാബിന്റെ വിഘടനവാദം മാതൃകയാക്കാമെന്ന ബാലകൃഷ്ണപിള്ളയുടെ പൊട്ടിത്തെറി നേരത്തേ തന്നെ ചൂടേറിയ ചർച്ചക്ക് വിഷയമായിരുന്നു. അധികം കാലം വേണ്ടിവന്നില്ല മാണി തന്റെ പ്രത്യുൽപന്നമതിത്വം വെളിവാക്കാൻ. അന്നേ വരെ കമ്മിയായിരുന്ന ബജറ്റിനെ അദ്ദേഹം, ചെപ്പും പന്തും കളിക്കുന്ന വാഴക്കുന്നത്തിന്റെ പ്രാഗൽഭ്യത്തോടെ, കൊള്ളാവുന്ന നീക്കിയിരിപ് ഉള്ളതാക്കി മാറ്റി. സന്ദർഭം പോലെ വഴങ്ങുകയും സന്ദർഭത്തെ വഴക്കുകയും ചെയ്യുന്ന അധികാരത്തിന്റെ ജാലവിദ്യ നന്നായറിയാവുന്ന ആളായിരുന്നു കെ എം മാണി.

ഓരോ സന്ദർഭം വരുമ്പോഴും ഓരോരുത്തർ അദ്ദേഹത്തിന് ഓരോരോ മുദ്ര ചാർത്തിക്കൊടുത്തു, പദവി പതിച്ചു നൽകി. മാണി മുഖ്യമന്ത്രിയാകും എന്ന ശ്രുതി പൊങ്ങിയും താഴ്ന്നും എപ്പോഴും നിലവിലുണ്ടായിരുന്നു, ഒരു പഴകിയ രാഷ്ട്രീയവിനോദം പോലെ. അദ്ദേഹത്തിന് ആ സ്ഥാനം കിട്ടാൻ വയ്യാത്തതാണെന്നു കരുതുന്നവർ ആരും ഉണ്ടാവില്ല.

സി എച്ച് മുഹമ്മദ് കോയയുടെ മന്ത്രിസഭ രണ്ടു മാസം തികയും മുമ്പ് തകർന്നു. ആരും പ്രതീക്ഷിക്കാത്തതായിരുന്നില്ല ആ തകർച്ച. കോയയുടെ സർക്കാർ തന്നെ കരുണാകരന്റെ മാനസമുശയിൽ രൂപം കൊണ്ട മറ്റൊരു ദുർബലവെങ്കലം ആയിരുന്നു. അതും പുലർന്നുകാണില്ലെന്നായപ്പോൾ ഇനി തിരഞ്ഞെടുപ്പു തന്നെ ഗത്യന്തരം എന്നു കരുതിയവർക്കു തെറ്റി. ആകാശകുസുമം പോലെ മാർക്സിസ്റ്റ് സഹായപത്രവുമായി, ഇതാ വരുന്നു കെ എം മാണി.

എണ്ണം പറഞ്ഞ എണ്ണം. മാണിയുടെ പ്രതിഭയും മാർക്സിസ്റ്റ് പാർട്ടിയുടെ പ്രഹരശേഷിയുമായാൽ പുതിയൊരു മന്ത്രിസഭക്ക് കുറച്ചിട പിടിച്ചുനിൽക്കാൻ കഴിയുമെന്നായിരുന്നു അന്നത്തെ കേരളത്തിലെ ലളിതഗണിതം. ആ വാദമൊന്നും ഗവർണർ ജ്യോതി വെങ്കടാചലത്തിന്റെ മുന്നിൽ ചെലവായില്ല. അവർ തിരഞ്ഞെടുപ്പിനുള്ള തിരശ്ശീല നീക്കി. മാണിയുടെ ആ നീക്കത്തെയും അതിന്റെ സാധ്യതയെയും പറ്റി ചോദിച്ചപ്പോൾ സി എച്ച് പറഞ്ഞു: മാണി നമ്മുടെ നിത്യ 'നിയുക്ത മുഖ്യമന്ത്രി'യായിരിക്കും.

ആരിലും കുണ്ഠിതമുളവാക്കുന്നതാണ് മോഹിപ്പിക്കുന്ന പദവി വരുതിയിൽ വരാതെ പോകുന്ന ദുരന്തം. താൻ എന്തിനു യോഗ്യനെന്ന് എല്ലാവരും കരുതുന്നുവോ ആ പദവി കിട്ടാതെ പോകുമ്പോൾ ദാർശനിക ഭാവത്തെക്കാൾ യാഥാർഥ്യബോധം കൂടുതലുള്ള മാണി മനസ്സിൽ ഉറക്കെ പറയും: 'മുഖ്യധാരാ കക്ഷികളിൽ പെടാത്ത ഒരു വിരുതൻ മുഖ്യനായാൽ നിഴൽ നാടകത്തിലെ പാവ പോലിരിക്കും.'

അതൊന്നും വേണ്ട മാണിയുടെ യാത്ര സഫലമാക്കാൻ. . രോഗവും ദാരിദ്ര്യവും ഒരുമിച്ച് അനുഭവിക്കുന്ന ആളുകളുടെ ചികിത്സാച്ചെലവ് വഹിക്കാൻ ഭാഗ്യക്കുറിയിലൂടെയുള്ള വരുമാനം ഉപയോഗപ്പെടുത്തുന്ന 'കാരുണ്യ' പോലെ ഒരു പദ്ധതി തന്നെ സാഫല്യത്തിലേക്കുള്ള വഴി. അത്തരം സംരംഭങ്ങളെ അനുസ്മരിച്ചുകൊണ്ടുള്ള ഒരു സമ്മേളനത്തിൽ, വളരുന്ന കേരളത്തിന്റെ ചരിത്രഗാഥ എഴുതിയ മറ്റൊരു പാലാക്കാരൻ, വയോധികനായ കവി പാലാ നാരായണൻ നായർ, മംഗളാശംസ ഇങ്ങനെ ഉപസംഹരിച്ചു: "വിജയവിഭവനാവട്ടെ മാണി പ്രമാണി!"



കേരള നിയമസഭ
കെ.എം.മാണി ധന്യസ്മൃതി

# ഭാവന- കെ.എം.മാണിയുടെ അധികധനം



**ജോണി ലൂക്കോസ്**
(ഡയറക്ടർ, ന്യൂസ്, മനോരമ ന്യൂസ് ചാനൽ)

നിയമസഭാംഗമായി കെ.എം.മാണി 50 വർഷം തികച്ചതിന്റെ ആഘോഷവേളയിൽ മുഖ്യമന്ത്രി പിണറായി വിജയൻ മാണിക്ക് അമേരിക്കയിൽനിന്നൊരു അപരനെ കണ്ടുപിടിച്ചു. അവിടെ വിസ്കോൺസിൻ സംസ്ഥാനത്തെ സെനറ്റിൽ 1962 മുതൽ തുടർച്ചയായി അംഗമായിരിക്കുന്ന ഒരാളുണ്ട് – ഫ്രെഡ് റിസ്സർ..

നിയമസഭാംഗത്വത്തിന്റെ രജതജൂബിലി ആഘോഷവേളയിൽ മാണിസാറിനെക്കുറിച്ചു മഹാകവി പാലാ നാരായണൻനായർ എഴുതിയ 'ക്ഷീരപുരിക്കു നാകസുകൃതം' എന്ന കവിതയിൽനിന്ന് 'മാണിപ്രമാണി' എന്ന പ്രയോഗമെടുത്ത് പിണറായി ഉൾപ്പെടെ പലരും അന്ന് മാണിയെ വാഴ്ത്തി. കേരള കോൺഗ്രസ് (എം) യു.ഡി.എഫിൽനിന്നു വിട്ട് നിയമസഭയിൽ പ്രത്യേക ബ്ലോക്കായി ഇരിക്കുന്ന കാലമായിരുന്നു. അതുകൊണ്ട് പ്രശംസയ്ക്ക് എങ്ങുനിന്നും ബ്ലോക്ക് ഉണ്ടായില്ല. വിരസമായ ബജറ്റിനെ സരസമാക്കിയ സാമ്പത്തിക സാഹിത്യകാരൻ, 'അഡീഷണാലിറ്റി' പോലത്തെ വാക്കുകൾ സംഭാവന ചെയ്ത ഭാഷാപ്രവീണൻ, നിയമസഭാ പ്രവർത്തനത്തിന്റെ മാതൃകാ സർവകലാശാല, അധ്വാനവർഗ പ്രത്യയശാസ്ത്രത്തിന്റെ സ്രഷ്ടാവ് തുടങ്ങിയ എത്രയെത്ര വിശേഷണങ്ങളാണ് പിണറായി മുതലുള്ള നേതാക്കൾ മാണിക്കു ചാർത്തിയത്. നർമരസത്തിന്റെ അകമ്പടി അവർ പറഞ്ഞതിലും, ഇത് എഴുതുന്നതിലും ഉണ്ടെങ്കിലും ഈ വിശേഷണങ്ങൾക്ക് കേവലം മംഗളപത്രത്തിനപ്പുറത്തും നിലനിൽപ്പുണ്ട്.

നിയമസഭാ സാമാജികർ അന്ന് വീണ്ടും പറഞ്ഞുറപ്പിച്ച ഒരു കാര്യമുണ്ട് – രാഷ്ട്രീയശത്രുക്കൾക്കുപോലും വെറുക്കാനാവില്ല കെ.എം.മാണിയെ. പി.സി.ജോർജിനുപോലും അതിനു കഴിഞ്ഞിട്ടില്ല. മാണിക്കാണെങ്കിൽ ആരും അന്യരല്ല. ഒരു കാര്യം അന്ന് മാണി സഭയിൽ പറഞ്ഞു – താൻ ആരെയും തൊട്ടുനോവിച്ചില്ല.. പതിമൂന്നാം ബജറ്റ് അവതരണവേളയിൽ തന്നെ തൊട്ടുനോവിക്കാൻ എത്തിയവർക്കുള്ള മറുപടിയായിരുന്നോ അത് ? എന്തായാലും അവർക്കും ഇപ്പോൾ മാണി അന്യനല്ല. അദ്ദേഹത്തിന്റെ പാർട്ടി ഇപ്പോൾ ഇടതുമുന്നണിയുടെ ഭാഗമാണല്ലോ.

മാർക്സിസത്തിനു ബദലായി അധ്വാനവർഗസിദ്ധാന്തം ആവിഷ്ക്കരിച്ച മാണി മാർക്സായി എന്നൊക്കെ പലരും ആക്ഷേപിക്കുമെങ്കിലും മാണിക്ക് അതിലൊക്കെ അഭിമാനമായിരുന്നു. അധ്വാനവർഗസിദ്ധാന്തം മാത്രമല്ല മറ്റു പലതും സ്വന്തം സംഭാവനയായി മാണി ഗണിച്ചു. അമേരിക്കൻ സാമ്പത്തിക സാമ്രാജ്യത്തിന് എതിരെ ഏഷ്യൻ രാജ്യങ്ങൾ ഒന്നിച്ചുനിൽക്കണം എന്ന ആശയം ആദ്യമായി മുന്നോട്ടുവച്ചത് താനാണെന്ന് മാണി അവകാശപ്പെട്ടിട്ടുണ്ട്. 1999ൽ ആയിരുന്നു ഇത്. വർഷങ്ങൾക്കുശേഷം ചൈനീസ് പ്രധാനമന്ത്രിയും മലേഷ്യൻ മന്ത്രിയും ഇന്ത്യാ സന്ദർശനവേളയിൽ ഇതേ ആശയം പ്രകടിപ്പിച്ചപ്പോൾ അതു ചർച്ചയായെന്നും വർഷങ്ങൾക്കുമുമ്പേ താൻ പറഞ്ഞപ്പോൾ വേണ്ടപ്പെട്ടവർ ശ്രദ്ധിച്ചില്ലെന്നും പരാതിയുണ്ടായിരുന്നു അദ്ദേഹത്തിന്. ലോകവ്യാപാരസംഘടന ഉണ്ടായപ്പോഴും ഗാട്ടുകരാർ ആഗോളസമ്പത്തികമേഖലയിലെ നിർണായക നിയമമായപ്പോഴും കേരളാ കോൺഗ്രസാണ് ജനങ്ങളെ ബോധവൽക്കരിച്ചത്. എന്നാൽ അതിനും ക്രെഡിറ്റു കിട്ടിയില്ല. പിന്നെ കർഷകർക്കു പെൻഷൻ, താലൂക്ക്സഭ, ഗ്രാമസഭ, വെളിച്ചവിപ്ലവം, സാമൂഹ്യജലസേചനം, കാരുണ്യ ലോട്ടറി തുടങ്ങി എത്രയോ പരിഷ്ക്കാരങ്ങൾ.

ഏതു വകുപ്പ് ഭരിച്ചാലും മാണിയുടെ പൊടിക്കൈകൾ ആ വകുപ്പിലെ കമ്മികളെയൊക്കെ മിച്ചമാക്കും. ഭാവന മാണിയുടെ അധികധനമായിരുന്നു. ആശയങ്ങളെ മാണി വശത്താക്കുന്നത്



പി. കെ. കുഞ്ഞാലിക്കുട്ടി , കെ.എം. മാണി, ആർ ബാലകൃഷ്ണപിള്ള എന്നിവർ കെ കരുണാകരനോടൊപ്പം

**2018 പ്രളയകാലത്ത് ദുരിതാശ്വാസത്തിനു യുഎഇ വാഗ്ദാനം ചെയ്ത 700 കോടി രൂപ സാങ്കേതിക കാരണങ്ങളാൽ കേന്ദ്രസർക്കാർ നിരസിച്ചപ്പോൾ എന്തുകൊണ്ട് ആ സഹായം വാങ്ങണം എന്നു സ്ഥാപിക്കാൻ കെ.എം.മാണി അവലംബിച്ചത് കണക്കുകളെയല്ല, ജീവിതദർശനം, സ്നേഹം തുടങ്ങിയ തത്വചിന്തകളെയായിരുന്നു.**

എങ്ങനെയെന്ന് ഡോ.ഡി.ബാബുപോൾ എഴുതിയിട്ടുണ്ട്. "അക്കാലത്ത് (1982ൽ) ഒരു ബജറ്റിൽ നവീനാശയങ്ങളുടെ വറ്റാത്ത ഉറവ ആയ മാണിയൻ മസ്തിഷ്കത്തിൽ യുറേക്കായുടെ സൈറൺ മുഴങ്ങി: ഓരോ നിയമസഭാമണ്ഡലത്തിലും ഈരണ്ട് എം.എൽ.എ റോഡുകൾ. സിറ്റിയിലെ എം.എൽ.എക്ക് തന്റെ വിഹിതം ദാനം ചെയ്യാം. ഞാൻ എതിർത്തു. ഏത് റോഡാണ് ആദ്യം നേരെയാക്കേണ്ടത് എന്ന മുൻഗണന രാഷ്ട്രീയപരിഗണനയോ ജനകീയതയോ വച്ച് നിശ്ചയിക്കേണ്ടതല്ല എന്ന് എൻജിനീയർ കൂടിയായ ഞാൻ വാദിച്ചു. മന്ത്രിസഭായോഗത്തിലും ഇത് സംബന്ധിച്ച് തർക്കിച്ചു നോക്കി. ആര് കേൾക്കാൻ? എല്ലാ മന്ത്രിമാരും എം.എൽ.എമാർകൂടി ആണല്ലോ. പിൽക്കാലത്ത് റോഡിന് പകരം അഞ്ച് ലക്ഷം രൂപ എന്നോ മറ്റോ ആയി. അത് നരസിംഹറാവുവിന്റെ ശ്രദ്ധയിൽപെട്ടു. അങ്ങനെ 'എം.പി ലാഡ്' പദ്ധതിയുണ്ടായി. മാണി ഗോർബച്ചോവിന് ടൃഷനെടുത്തു എന്നത് കേ.കോ.മാ.വിഭാഗം മാത്രം പുലർത്തുന്ന അന്ധവിശ്വാസമാണെങ്കിലും നരസിംഹറാവുവിന് ഈ ബുദ്ധി കൊടുത്തത് മാണി തന്നെയാണ്. സൃഗാലബുദ്ധിയിൽ അഗ്രഗണ്യനാണ് റാവു എങ്കിൽ ആ റാവുവിന് ബുദ്ധി കൊടുക്കാൻ പോന്ന ഗുരുവാണ് മാണി."

2018 പ്രളയകാലത്ത് ദുരിതാശ്വാസത്തിനു യുഎഇ വാഗ്ദാനം ചെയ്ത 700കോടിരൂപ സാങ്കേതിക കാരണങ്ങളാൽ കേന്ദ്രസർക്കാർ നിരസിച്ചപ്പോൾ എന്തുകൊണ്ട് ആ സഹായം വാങ്ങണം എന്നു സ്ഥാപിക്കാൻ കെ.എം.മാണി അവലംബിച്ചത് കണക്കുകളെയല്ല, ജീവിതദർശനം, സ്നേഹം തുടങ്ങിയ തത്വചിന്തകളെയായിരുന്നു. അതിനു നിരത്തിയ ഉദാഹരണങ്ങളും രസകരം.

1950 കൾ മുതൽ 60 കൾ വരെ ഇന്ത്യ പി.എൽ- 480 പദ്ധതിപ്രകാരം അമേരിക്കയിൽനിന്ന് ഗോതമ്പ്, ചോളം, പാൽപ്പൊടി, പാമൊലിൻ തുടങ്ങിയ ഭക്ഷ്യസാധനങ്ങൾ സ്വീകരിച്ചിരുന്നു. അതുകൊണ്ട് അമേരിക്കയോട് നമുക്ക് വിധേയത്വം ഉണ്ടായോ? സ്വാതന്ത്ര്യത്തിനു ഭംഗം നേരിട്ടോ? – മാണിയുടെ ചോദ്യം.

1962 ൽ ചൈനീസ് ആക്രമണകാലത്ത് ഇന്ത്യ ലോകരാജ്യങ്ങളുടെ സഹായം അഭ്യർത്ഥിച്ചു. ഇനി ഇന്ത്യയെ ആക്രമിച്ചാൽ അമേരിക്കയെ ആക്രമിച്ചതുപോലെ കരുതും എന്ന് അമേരിക്കൻ പ്രസിഡന്റ് കെന്നഡി നൽകിയ മുന്നറിയിപ്പിന്റെ ഫലമായാണ് യുദ്ധം അവസാനിച്ചത് എന്നു വാദിച്ചിട്ട് മാണിയുടെ അടുത്ത ചോദ്യം – 'ഇതുകൊണ്ടു പക്ഷേ അമേരിക്കയോട് സ്നേഹം ഉണ്ടായി എന്നല്ലാതെ വിധേയത്വം ഉണ്ടായോ?' എന്തു വിദേശസഹായം നേടിയാലും സ്വാതന്ത്ര്യവും പരമാധികാരവും








കാത്തുസൂക്ഷിക്കാനുള്ള പ്രാപ്തി ഇന്ത്യയ്ക്കുണ്ട് എന്നായിരുന്നു മാണിയുടെ വാദം. അതിന് ആഗോളവൽകരണത്തെ ഭാരതത്തിന്റെ 'ലോകമേ തറവാട്' എന്ന ജീവിതദർശനത്തോട് കൂട്ടിക്കെട്ടുകയും ചെയ്തു. മഹത്വം എന്തെന്ന് താൻ മനസിലാക്കിയത് സി.അച്യുതമേനോനിൽ നിന്നാണ് എന്ന് മാണി പറയുമായിരുന്നു. അതിന്റെ പിന്നിൽ ഒരു സംഭവം ഉണ്ട്. മുഖ്യമന്ത്രി അച്യുതമേനോന്റെ കീഴിൽ മാണി ധനകാര്യമന്ത്രിയായിരുന്ന സമയം. മാണിയുടെ ബജറ്റിൽ പ്ലാന്റേഷൻ ടാക്സിന്റെ ഒഴിവു പരിധി ഒരു ഹെക്ടർ എന്നുള്ളത് രണ്ടു ഹെക്ടറാക്കി വർദ്ധിപ്പിച്ചു. കൃഷിക്കാരെ കയ്യിലെടുക്കാനുള്ള തന്ത്രം. ബജറ്റ് അവതരണത്തിനു തലേന്ന് അതു മുഖ്യമന്ത്രിയെ വായിച്ചു കേൾപ്പിക്കുക എന്നൊരു പതിവുണ്ട്. ബജറ്റ് വായിച്ചു കേട്ട അച്യുതമേനോൻ പറഞ്ഞു : 'മിസ്റ്റർ മാണി, ഞാൻ ചെയ്ത കാര്യം റദ്ദു ചെയ്തിട്ടാണ് ഈ പരിധി രണ്ടു ഹെക്ടറാക്കി ഉയർത്തിയിരിക്കുന്നത്' അപ്പോഴാണ് മാണി ഓർത്തത് പ്ലാന്റേഷൻ ടാക്സിന്റെ ഒഴിവു പരിധി രണ്ടു ഹെക്ടർ ആയിരുന്നത് ഒരു ഹെക്ടറാക്കി വെട്ടിക്കുറച്ചത് അച്യുതമേനോൻ ധനമന്ത്രി ആയിരുന്നപ്പോഴാണ് എന്ന്. മാണി ഒന്നു പരുങ്ങി. അച്യുതമേനോൻ തുടർന്നു : 'എനിക്കു പക്ഷേ ഒരു വിഷമവുമില്ല. താങ്കളുടെ നിർദ്ദേശത്തോട് ഞാൻ യോജിക്കുന്നു'. മാണി പറഞ്ഞു 'അപ്പോഴാണ് ഞാൻ അദ്ദേഹത്തിന്റെ മഹത്വം മനസിലാക്കിയത്'.

ബജറ്റ് എഴുതുമ്പോൾ അതിലെ കണക്കു പിഴയ്ക്കരുതെന്ന കരുതൽ ധനമന്ത്രിമാർക്ക് ഉണ്ടാവും. എന്നാൽ ബജറ്റ് പ്രസംഗത്തിലെ ഭാഷാപ്രയോഗങ്ങളിലും കൃത്യത വേണം എന്ന വാശി കെ.എം.മാണിക്കേയുണ്ടായിരുന്നുള്ളുവെന്ന് ധനവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ പറഞ്ഞിട്ടുണ്ട്. തൃപ്തിയാവോളം ഭാഷയിൽ തിരുത്തലുകൾ വരുത്തും. പ്രസംഗമോ പത്രസമ്മേളനമോ ടി.വി ബൈറ്റോ എന്തുമായിക്കോട്ടെ കൃത്യതയ്ക്ക് അദ്ദേഹം ശ്രമിക്കും. അറുപതാണ്ടു നീണ്ട രാഷ്ട്രീയജീവിതത്തിനിടെ അന്തസ്സുകെട്ട പരാമർശങ്ങളോ അസഭ്യവാക്കുകളോ ദുസ്സൂചനകളോ കെ.എം.മാണിയിൽനിന്ന് ഉണ്ടായിട്ടില്ല. ആടുതോമ, സ്ഫടികം എന്നീ രണ്ടുപേരുകളിൽ ഉടക്കിനിന്ന പാലാക്കാരൻ സംവിധായകൻ ഭദ്രന് തന്റെ ഇഷ്ടസിനിമയ്ക്ക് 'സ്ഫടികം' എന്ന ഇഷ്ടപ്പെട്ട പേര് നൽകാൻ ധൈര്യം പകർന്നത് കെ.എം.മാണിയാണ്.

**രാഷ്ട്രീയ നേതാക്കളിൽ കൂടുതൽ ആലോചിക്കുന്നതുകൊണ്ട് കുറച്ചു സംസാരിക്കുന്നയാൾ എ.കെ. ആന്റണിയാണ്. ആന്റണിക്ക് ആലോചിക്കാൻ ഏകാന്തത വേണ്ടുവോളം കിട്ടും. എന്നാൽ ആളുകളുടെ മധ്യത്തിൽ നിന്ന് അവരറിയാതെ പലതും ആലോചിക്കാൻ കഴിവുണ്ട് കെ.എം. മാണിക്ക്. വാസ്തവത്തിൽ എ.കെ. ആന്റണിയോളം 'സെൻസിറ്റീവ്' ആണ് കെ.എം.മാണിയും.**


രാഷ്ട്രീയ നേതാക്കളിൽ കൂടുതൽ ആലോചിക്കുന്നതുകൊണ്ട് കുറച്ചു സംസാരിക്കുന്നയാൾ എ.കെ. ആന്റണിയാണ്. ആന്റണിക്ക് ആലോചിക്കാൻ ഏകാന്തത വേണ്ടുവോളം കിട്ടും. എന്നാൽ ആളുകളുടെ മധ്യത്തിൽ നിന്ന് അവരറിയാതെ പലതും ആലോചിക്കാൻ കഴിവുണ്ട് കെ.എം. മാണിക്ക്. വാസ്തവത്തിൽ എ.കെ. ആന്റണിയോളം 'സെൻസിറ്റീവ്' ആണ് കെ.എം.മാണിയും. ആന്റണി മനസ്സിലുള്ളത് അങ്ങനെയങ്ങ് വെളിയിൽ വിടില്ല. മാണി പക്ഷേ അങ്ങനെയല്ല. ആലോചനയുടെ ഫലങ്ങൾ അപ്പപ്പോൾ പുറത്തു വരും. ഒരു വാർത്താസമ്മേളനത്തിൽ, അഭിമുഖത്തിൽ, പ്രസംഗത്തിൽ ഉദ്ദേശിക്കാത്ത വ്യാഖ്യാനങ്ങൾക്ക് ഇടയാക്കാവുന്നതോ, രാഷ്ട്രീയപ്രയോജനം നഷ്ടപ്പെടുത്തുന്നതോ ആയ ഒരു പരാമർശം തന്നിൽ നിന്ന് ഉണ്ടായെങ്കിൽ മാണി ആലോചിക്കും. അത് എങ്ങനെയാണ് തിരുത്തേണ്ടത് എന്ന് സുഹൃത്തുക്കളായ മാധ്യമപ്രവർത്തകരെ ഭംഗ്യന്തരേണ അറിയിക്കുന്നതിൽ അദ്ദേഹത്തിനുള്ള വിരുത് അപാരമാണ്. ഇപ്പോൾ മൊബൈൽ ഫോൺ ഉള്ളതുകൊണ്ട് വാചകത്തിന്റെ ശരിയായ ഘടന (തിരുത്തലുകളോടെ) അതിലൂടെ വരും. മുമ്പ് മൊബൈൽ ഫോൺ ഇല്ലാത്ത കാലത്ത് യാത്രക്കിടെ വിവിധ ടിബികളിൽ നിന്നാവും വിളി വരുക. കെ.എം.മാണിക്ക് വലിയ തൊലിക്കട്ടിയാണെന്നൊക്കെ പറയുന്നവരുണ്ട്. പക്ഷേ ഒരു കാർട്ടൂണിൽ മോശമായി ചിത്രീകരിക്കപ്പെടുന്ന ദിവസം ഉറക്കം കുറയുന്നത്ര തൊട്ടാവാടിയും ആയിരുന്നു ഉള്ളിൽ അദ്ദേഹം.

രാഷ്ട്രീയപിരിമുറുക്കമുള്ള സന്ദർഭങ്ങളിൽ മാണി ഒരു ഉറുമ്പിൻകൂടുപോലെയാണ്. നല്ല പിരുപിരുപ്പ്. ചില നേതാക്കൾ പാട്ടുപാടി സമാധാനമായി ഉറങ്ങുമ്പോൾ മാണി ഉണർന്നിരുന്ന് പാടുപെടുകയാവും. ചുറ്റുമുള്ളവരെയും വെറുതെയിരുത്തില്ല. പ്രശ്നമുണ്ടെങ്കിൽ അതു പരിഹരിക്കാൻ എല്ലാ വഴികളും തേടും. സൗഹൃദങ്ങൾ, പരിചയങ്ങൾ - എല്ലാം ഉപയോഗിക്കും. അതിനിടെ കയ്യിൽ ഒരു പാഡ് എടുത്ത് അതിൽ നെടുകയും കുറുകെയും വരകളിടും. കടലാസ്സിലാകെ കൊച്ചുകുട്ടികളെപ്പോലെ കുത്തിവരയ്ക്കും. ആ രേഖകൾ മാണിയുടെ ആ സമയത്തെ മാനസികാവസ്ഥയുടെ നേർസാക്ഷ്യങ്ങളായിരുന്നു. വരകളേറ്റ് മൃതപ്രായമായ കടലാസ് മാണിതന്നെ വലിച്ചുകീറി പൊടിച്ചുകളയും. എന്നാൽ ആളുകളെ ഇങ്ങനെ വലിച്ചുകീറുന്നതിലോ പൊടിച്ചുകളയുന്നതിലോ താൽപര്യമില്ലാത്തതാണ് അദ്ദേഹത്തെ ഇത്ര ജനപ്രിയനാക്കിയത്. നിറഞ്ഞ ചിരിയും, തികഞ്ഞ രസികത്തവും ഉള്ളതുകൊണ്ട് വിരോധമുള്ളവർക്കുപോലും അദ്ദേഹത്തോട് പിണങ്ങാൻ വിഷമമായിരുന്നു. അവസാനകാലത്താണ് ചെറിയ കാര്യങ്ങൾക്ക് അൽപം ദേഷ്യം വരുന്നത് കണ്ടത്. 2009ലെ നിയമസഭാ തിരഞ്ഞെടുപ്പിനുമുമ്പ് ജോസഫ് ഗ്രൂപ്പിനെ കേരള കോൺഗ്രസിൽ ലയിപ്പിക്കുന്നതു സംബന്ധിച്ച് കോൺഗ്രസുമായി ഉണ്ടായ ഉരസലിനെത്തുടർന്ന് മാധ്യമങ്ങൾ അനാവശ്യമായി പ്രശ്നങ്ങൾ ഉണ്ടാക്കുന്നു എന്നൊരു തോന്നൽ അദ്ദേഹത്തിന് ഉണ്ടായിരുന്നു. പിന്നീട് ബാർകോഴ വിവാദത്തിലും. കോൺഗ്രസുകാരും ബാലകൃഷ്ണപിള്ളയെപോലെയുള്ള കേരള കോൺഗ്രസുകാരും ഉണ്ടാക്കുന്ന പ്രശ്നങ്ങൾ വേറെ. ഇതിനിടയിലും ഒറ്റയ്ക്കുനിന്ന് യുദ്ധം നയിച്ച കെ.എം.മാണിയിൽ നിസ്സഹായതയിൽ വേരിടുന്ന ഒരുതരം രോഷമാണ് കണ്ടത്. അതിനുമുമ്പ് അതു കണ്ടിട്ടില്ല. എന്തു ദേഷ്യം ഉണ്ടായാലും അടുത്തനിമിഷം അദ്ദേഹം പക്ഷേ പഴയ കെ.എം.മാണിയാവുമായിരുന്നു.

കെ.എം.മാണിയുടെ രാഷ്ട്രീയഗുരുവായ പി.ടി.ചാക്കോയെ പോലൊരു കരുത്തൻപോലും പൊതുജീവിതത്തിൽ തളർന്ന സന്ദർഭങ്ങൾ ഉണ്ടായെങ്കിലും മാണി ഒരിക്കലും തളർന്നില്ലെന്ന് മലയാള മനോരമ റസിഡന്റ് എഡിറ്ററും രാഷ്ട്രീയനിരീക്ഷകനുമായ കെ.ആർ.ചുമ്മാർ മുപ്പതാണ്ടു മുമ്പ് എഴുതിയതോർക്കുന്നു. പ്രതിസന്ധിയിൽ രാഷ്ട്രീയരംഗത്തുനിന്നു വിട്ടുനിൽക്കുകപോലും ചെയ്ത പി.ടി.ചാക്കോയെക്കാൾ ഏതു ദശാസന്ധിയിലും പിടിച്ചുനിൽക്കുന്ന കെ.കരുണാകരനോടാണ് മാണിക്കു സാമ്യം എന്ന് കെ.ആർ.ചുമ്മാർ നിരീക്ഷിച്ചു. 'തടശിലപോലെ തരംഗലീലയിൽ' എന്ന് അദ്ദേഹം പ്രയോഗിച്ചത് ഞാനോർക്കുന്നു. പാർട്ടി പിളർന്ന് തളർച്ചയുണ്ടായപ്പോൾ അതിനെ സിദ്ധാന്തം കൊണ്ടു മറച്ചുപിടിക്കാനുള്ള മാണിയുടെ സാമർത്ഥ്യത്തെ ഉദാഹരിക്കാൻ ചുമ്മാർ നാലപ്പാടന്റെ ശ്ലോകം ഉദ്ധരിച്ചു.

'കടപ്പുറത്തെ പൊടിമണ്ണടിച്ചു
കൂട്ടുന്നു തട്ടിക്കളയുന്നിതൊപ്പം
സനാതനം മാരുതനീശ്വരന്റെ
സർഗക്രമം കണ്ടു കുറിക്കയാമോ?'





ജി. കാർത്തികേയൻ, കെ.എം. മാണി, വയലാർ രവി

ബന്ധങ്ങൾ അദ്ദേഹത്തിന് പാലം പോലെയായിരുന്നു, അങ്ങോട്ടും ഇങ്ങോട്ടും. മാണി മന്ത്രിയായിരിക്കെ ഒരു ദിവസം ഭാര്യ കുട്ടിയമ്മയും പേഴ്സണൽ സെക്രട്ടറി തങ്കച്ചനും കൂടി സ്വകാര്യ കാറിൽ പാലായിൽ നിന്ന് തിരുവനന്തപുരത്തേക്ക് തിരിച്ചു. ചെങ്ങന്നൂരെത്തിയപ്പോൾ ഒരു സർക്കിൾ ഇൻസ്പെക്ടർ പൊലിസ് വണ്ടി കാറിനു മുന്നിൽ കയറ്റി നിർത്തിയിട്ട് വണ്ടി സ്റ്റേഷനിലേക്ക് വിടാൻ ഡ്രൈവറോട് ആജ്ഞാപിച്ചു. സർക്കിൾ ഇൻസ്പെക്ടറുടെ വണ്ടിക്ക് സൈഡ് കൊടുത്തില്ല എന്നതായിരുന്നു പ്രശ്നം. ഡ്രൈവർ നേരെ വണ്ടി പോലിസ് സ്റ്റേഷനിലേക്ക് കയറ്റി ഇട്ടു. തങ്കച്ചൻ ചെന്ന് സർക്കിൾ ഇൻസ്പെക്ടറോട് പറഞ്ഞു, കാറിനുള്ളിൽ മാണി സാറിന്റെ ഭാര്യയാണെന്ന്. അബദ്ധം മനസിലായ സർക്കിൾ ഇൻസ്പെക്ടർ ആകെ വിറളി പൂണ്ടു.

തങ്കച്ചൻ മാണിസാറിനെ വിളിച്ചു വിവരം പറഞ്ഞു. മാണിസാർ ഐ.ജിയെയും. ഐ.ജി. സർക്കിൾ ഇൻസ്പെക്ടറെ പിടിക്കും എന്ന നിലയിലേക്ക് കാര്യങ്ങൾ നീങ്ങവേ പിറ്റേന്ന് അതാ വരുന്നു കഥാപുരുഷനായ സർക്കിൾ ഇൻസ്പെക്ടർ മാണിസാറിന്റെ തിരുവനന്തപുരത്തെ വീട്ടിൽ. കൂട്ടിന് പാലാ സർക്കിൾ ഇൻസ്പെക്ടറും ഉണ്ട്. പാലാ സി.ഐ. ചെങ്ങന്നൂർ സി.ഐക്കു വേണ്ടി ഹാജരായപ്പോൾ മാണി എല്ലാം മറന്നു. ഒരന്വേഷണവും വേണ്ട എന്ന് ഐ.ജിയെ വിളിച്ചറിയിച്ചു.

ഈ സംഭവം എന്നോട് വിവരിച്ചപ്പോൾ കെ.എം.മാണി ഒരനുബന്ധം ചേർത്തു 'മറ്റാരെങ്കിലും ആയിരുന്നെങ്കിൽ സർക്കിൾ ഇൻസ്പെക്ടർ വിവരം അറിഞ്ഞേനെ'.

മാണി ഒരിക്കലും മറ്റാരെയെങ്കിലുംപോലെ ആയിരുന്നില്ല. ആകാരംകൊണ്ടും ശബ്ദംകൊണ്ടും വാദമുഖങ്ങൾ കൊണ്ടും അവതരണശൈലികൊണ്ടും തന്ത്രജ്ഞതകൊണ്ടും ജനകീയതകൊണ്ടും അദ്ദേഹം വേറിട്ടുനിന്നു. നാലു പതിറ്റാണ്ടോളം നീളുന്ന എന്റെ മാധ്യമപ്രവർത്തന ജീവിതത്തിൽ ഇത്രയും രസികനായ ഒരു ഉന്നതനേതാവിനെ കണ്ടിട്ടില്ല. കേരളനിയമസഭയുടെ ചരിത്രത്തിൽ എക്കാലത്തെയും ഏറ്റവും മികച്ച സാമാജികരുടെ മുൻനിരയിലാണ് അദ്ദേഹത്തിന്റെ സ്ഥാനം.





# ഒരു ജനതയുടെ ഹൃദയത്തുടിപ്പായ നേതാവ്



ടി. ദേവപ്രസാദ്
മുൻ എക്സിക്യൂട്ടീവ് എഡിറ്റർ, ദീപിക

ഒരു നേതാവിന് ഒരു ജനതയുടെ ഹൃദയതാളമായി എങ്ങനെ പരിണമിക്കാം എന്നതിന്റെ ജീവിത സാക്ഷ്യമായിരുന്നു മാണി സാർ. സ്നേഹം കൊടുത്ത് സ്നേഹം വാങ്ങിയ നേതാവ്. അദ്ദേഹം ഒരു ജനതയുടെ ജീവിതത്തിന്റെ അവിഭാജ്യഘടകമായി എപ്പോഴും കൂടെ ഉണ്ടാകുമെന്ന് ഉറപ്പുള്ള സഹായിയും വഴി കാട്ടിയുമായി. ഏതു പാതിരാത്രിക്കും മുട്ടിവിളിക്കാമെന്ന് ഉറപ്പുള്ള ഒരു അഭയകേന്ദ്രം. അദ്ദേഹത്തിനെതിരെ ആരു പറയുന്നതും അവർ വിശ്വസിച്ചില്ല. ഞങ്ങളുടെ മാണിസാറിനെ ഞങ്ങൾക്കറിയാം എന്ന മട്ട്. അദ്ദേഹത്തിന് നാട്ടു നൽകിയ അന്തിമോപചാരച്ചടങ്ങുകൾ വിളിച്ചു പറഞ്ഞ ഏറ്റവും വലിയ സത്യം അതായിരുന്നു. മാണിസാർ അവരുടെ നെഞ്ചിടിപ്പായിരുന്നു.

മാണിസാറിന് അന്തിമോപചാരം അർപ്പിക്കുന്നതിന് എറണാകുളം മുതൽ കത്തുന്ന വേനൽച്ചൂടിനെ കൂസാതെയും കോട്ടയം മുതൽ പാലാ വരെ രാത്രി പകലാക്കിയും അവർ കാത്തു നിന്നത് അതുകൊണ്ടാണ്. പുലർച്ചെ മൂന്നു മണിക്കും നാലുമണിക്കും അന്ത്യയാത്രയായി കടന്നു വരുന്ന മാണിസാറിനെ കാണാൻ ഇമപൂട്ടാതെ അവർ കാത്തിരുന്നു. കുട്ടപ്പായി.. ഔസേപ്പച്ചാ.. തങ്കച്ചാ.. രാജു. എന്നൊക്കെ ഒന്നു കൂടി വിളിച്ചെങ്കിൽ എന്ന പ്രാർത്ഥനയോടെ. പിറ്റേന്ന് എല്ലാ വഴികളും പാലായിലേക്കാണല്ലോ ഒഴുകിയത്. പാലാ ജനസാഗരമാവുകയായിരുന്നല്ലോ.

ആ ജനം പലരുടെയും എത്രയോ ധാരണകൾ മാറ്റിയെഴുതി. അദ്ദേഹം വിളിച്ചു കൂട്ടുന്ന സമ്മേളനങ്ങൾക്ക് ഒഴുകിയെത്തിയവർ മറ്റുപലരുടെയും ജനക്കൂട്ടത്തെപ്പോലെ കൂലിക്കിറക്കിയവരാണെന്ന് ചിന്തിച്ചവരുണ്ട്. കേരളാ കോൺഗ്രസിൽ യുവാക്കളില്ല എന്ന് തെറ്റിദ്ധരിച്ചവരുണ്ട്. അവരെല്ലാം അമ്പരപ്പോടെ നോക്കി നിൽക്കുകയായിരുന്നു. ഒഴുകിയെത്തിയ ജനക്കൂട്ടത്തിന്റെ ഘടനയെ, യുവാക്കളുടെ നിരകളെ, അവർ ഹൃദയത്തിൽ നിന്നും ചങ്കുപൊട്ടി വിളിച്ചു പറഞ്ഞ മുദ്രാവാക്യങ്ങളുടെ തൊട്ടെടുക്കാവുന്ന നേരിനെ.

അദ്ദേഹത്തിന്റെ രീതികളെക്കുറിച്ചും ഇടപെടലുകളെക്കുറിച്ചും സംഭാവനകളെക്കുറിച്ചും വ്യത്യസ്ത അഭിപ്രായങ്ങൾ ഉണ്ടാവാം. എന്നാൽ അമ്പതുവർഷം മുമ്പത്തെ പാലായുടെ ചിത്രം അറിയാവുന്നവർക്കറിയാം മാണിയുടെ മാന്ത്രിക ശക്തി. എന്നെ വളർത്തിയില്ല പെരുവഴിയിലാക്കി എന്നെ സഹായിക്കാവുന്നതുപോലെ സഹായിച്ചില്ല. എന്നെക്കാൾ അനർഹർ പലതും തട്ടിക്കൊണ്ടുപോകാൻ കൂട്ടുനിന്നു എന്ന് വിലപിക്കുന്നവരും കാണാം. എന്നാൽ അത്തരം സങ്കടങ്ങൾ ഒന്നുമില്ലാതെ അദ്ദേഹം തങ്ങളെ സ്നേഹിച്ചിരുന്നു എന്ന് വിശ്വസിക്കുകയും അനുഭവിക്കുകയും ചെയ്തവരാണ് അവിടെ ഒഴുകി എത്തിയവരിൽ ഭൂരിപക്ഷവും.

ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന പദത്തിന്റെ



മലയാള രൂപമാണ് മാണി. അവർക്ക് ദൈവം കൂടെയുള്ള അനുഭവമായിരുന്നു അദ്ദേഹം. സങ്കടങ്ങളുമായി വരുന്നവർ അദ്ദേഹത്തിന് ഒരു ഭാരമായില്ല, സാധ്യതയായിരുന്നു. ഒരാളെക്കൂടി സഹായിക്കാനും സ്നേഹിക്കാനും കൈവന്ന സാധ്യത കിട്ടിയ അവസരങ്ങൾ ശരിക്കും പ്രയോജനപ്പെടുത്തി ഒപ്പമുള്ളവരുടെ ഹൃദയങ്ങളിൽ ഇടം ഉണ്ടാക്കാനായവൻ. എത്രപേർക്ക് മാണിസാറിനെപ്പോലെ താൻ എപ്പോഴും തന്റെ ജനത്തിന്റെ കൂടെ ഉണ്ടാകുമെന്ന് സാധാരണക്കാരെ ബോധ്യമാക്കാനായിട്ടുണ്ട്. അവരുടെ ആവശ്യങ്ങൾ കേട്ടറിഞ്ഞും ഓടിച്ചെല്ലാനായിട്ടുണ്ട്. മാണിസാർ മരിക്കില്ലെന്ന് അവർ വിളിച്ചു പറഞ്ഞ മുദ്രാവാക്യം അവരുടെ മനസിന്റെ മോഹമോ ഉറപ്പോ ആവണം കാരണം. സ്നേഹത്തിനു മരണമില്ലല്ലോ.

പി.ടി.ചാക്കോ എന്ന നേതാവിനോടുള്ള സ്നേഹം എന്ന വികാരം മാത്രം കൈമുതലായി ആരംഭിച്ച കേരളാ കോൺഗ്രസിന് ദാർശനിക അടിത്തറയും സംഘടനാസംവിധാനവും എല്ലാം ഉണ്ടാക്കിക്കൊടുത്തതു കൊണ്ടല്ല മാണി ഈ ഔന്നത്യം ആർജ്ജിച്ചത്. പിന്നെയോ ജനഹൃദയങ്ങളിൽ ഇടം നേടിയതു കൊണ്ടാണ്. ഇടതും വലതും മുന്നണികളിലെ വല്യേട്ടന്മാരോടെല്ലാം പോരാടി അദ്ദേഹം കേരളാ കോൺഗ്രസിനെ പിടിച്ചു നിർത്തിയത് ഈ സ്നേഹത്തറയിലായാരുന്നു.

വഴക്കുകൂടി പിരിയുന്നവർക്കു പോലും ആ ഹൃദയത്തിൽ എന്നും ഇടമുണ്ടായിരുന്നു. ഒരു വീട്ടിൽ വഴക്കിട്ട് ജീവിക്കുന്നതിലും നല്ലത് രണ്ടു വീട്ടിൽ സന്തോഷത്തോടെ കഴിയുന്നതാണ് നല്ലത് എന്ന് ആ കാരണവർ കരുതി. വിട്ടുപോയി ഉണ്ടാക്കിയ വീട്ടിൽ ഗതിയില്ലാതെ വന്നാൽ ആർക്കും മടങ്ങി വരാൻ അദ്ദേഹം ആ തറവാട് ഭംഗിയായി കാത്തു സൂക്ഷിച്ചു.

എല്ലാ പ്രതിസന്ധിയിലും കൂടെ നിന്നവരെയും കടന്നു പോയി തിരിച്ചു വന്നവരെയും തൃപ്തിപ്പെടുത്തി തീരുമാനം എടുക്കേണ്ടിവരുമ്പോൾ അദ്ദേഹത്തിന് എല്ലാവരുടെയും എല്ലാ ആഗ്രഹങ്ങളും സാധിച്ചു കൊടുക്കാനാവാതെ വന്നിട്ടുണ്ട്. കേരള കോൺഗ്രസുകളുടെ ഏറ്റവും അവസാനത്തെ ലയനത്തെ അതിന്റെ ഗുണവും ദോഷവും എല്ലാം മാണി തന്നെ അനുഭവിക്കണം എന്ന് പറഞ്ഞ് കൈയൊഴിഞ്ഞ കോൺഗ്രസുകാരിൽ നിന്നും പുതുതായി വന്നവർക്കായി സീറ്റുകൾ ഉറപ്പാക്കുന്നതിന് സീറ്റ് വിഭജന ചർച്ചാ വേളയിലും മറ്റും മാണിപുലർത്തിയ വൈഭവവും അതിന് അനുഭവിക്കേണ്ടി വന്ന ത്യാഗവും മനസിലാക്കാനാവാതെ പോയവരുണ്ട്.

## പോരാടി പിടിച്ച നേട്ടങ്ങൾ


1933 ജനുവരി 30 ന് മീനച്ചിൽ താലൂക്കിലെ ഒരു കർഷക കുടുംബമായ കരിങ്ങോഴക്കൽ തറവാട്ടിൽ തോമസ് മാണിയുടെയും ഏലിയാമ്മയുടെയും മകനായി ജനിച്ച് നിയമബിരുദം നേടി അഭിഭാഷകനായി കോൺഗ്രസ് നേതാവായി പ്രവർത്തിച്ച ജീവിതാനുഭവങ്ങളുമായാണ് അദ്ദേഹം 1964-ൽ കേരള കോൺഗ്രസ് രൂപം കൊള്ളുമ്പോൾ പാർട്ടിയുടെ നേതൃനിരയിലെത്തുന്നത്. ഒരു വികാരമായി പിറന്ന പാർട്ടിയുടെ ആർക്കും കെടുത്താനാവാത്ത വികാരമായി മാറാൻ സാധിച്ച മഹാനേതാവാണ് കെ.എം.മാണി. ഒന്നും ആരും ഒരു സ്വർണ്ണത്തളികയിലാക്കി അദ്ദേഹത്തിന് സമ്മാനിച്ചതല്ല. ഓരോ ഇഞ്ചും അദ്ദേഹം വെട്ടിപ്പിടിച്ചതാണ്.

ഒന്നുമില്ലായ്മയിൽ പിറന്നു വീണ ഒരു പ്രസ്ഥാനത്തിന് ദാർശനിക അടിത്തറ മുതൽ സംഘടനാ സംവിധാനം വരെ അദ്ദേഹം ഉണ്ടാക്കി. അത് തനിക്ക് ഗുണകരമായ വിധത്തിൽ ചിട്ടപ്പെടുത്തി. ആറു പതിറ്റാണ്ട് ദീർഘിച്ച പ്രയാണത്തിൽ ഏറെപ്പേരിലൂടെയാണ് അദ്ദേഹം ഈ നേട്ടങ്ങൾ കൈവരിച്ചത്. അവരിൽ പലരും വഴിയിൽ കൂട്ടുവിട്ടു പുതിയ താവളങ്ങൾ തേടി. അവരിൽ പലർക്കും തിരിച്ചു വരേണ്ടി വന്നു. തിരിച്ചു വന്നവരിൽ പലരും വീണ്ടും മടങ്ങി. എല്ലാവർക്കും സങ്കടം മാണിയോടായിരുന്നു. അദ്ദേഹത്തെ വെല്ലുവിളിച്ചവരിൽ പലർക്കും നേട്ടങ്ങളെക്കാൾ സങ്കടങ്ങളാണുണ്ടായത്. മറ്റു പലരുടെ കൂടെ നിന്നും വന്നവർ അദ്ദേഹത്തിൽ ഒരിക്കലും പിരിയരുതാത്ത നേതാവിനെ കണ്ട അനുഭവങ്ങളും ഉണ്ട്.

പി.ടി.ചാക്കോ എന്ന വികാരമല്ലാതെ അന്ന് കേരളാകോൺഗ്രസിന് ഒന്നും ഇല്ലായിരുന്നു. പാർട്ടി പ്രവർത്തനങ്ങൾക്ക് പത്തു പൈസയില്ല. ജനങ്ങളുടെ ആവേശം മാത്രമായിരുന്നു കൈമുതൽ. ആ സാഹചര്യത്തിലാണ് 1965 ൽ മാണി പാലായിൽ മത്സരിക്കുന്നത്. അന്ന് മാണി ഒരു യുവാവ്. പാലാ നിയോജകമണ്ഡലത്തിലെ ഏഴ് പഞ്ചായത്തിലും കേരളാ കോൺഗ്രസാണ് ഭരണം. അവിടുത്തെ മിക്ക പ്രസിഡന്റ്മാരെയും അന്ന് മാണി വിളിക്കുന്നത് സാറെ എന്നായിരുന്നു. മൂന്ന് സ്ഥാനാർത്ഥികളാണ് പ്രധാനമായും ഉണ്ടായിരുന്നത്. മാണി, ഇടതുപക്ഷ സ്വതന്ത്രനായ വി.ടി. തോമസ്, കോൺഗ്രസിലെ ഏലിക്കുട്ടി തോമസ്. യശഃശരീരനായ ആർ.വി. തോമസിന്റെ ഭാര്യയായിരുന്ന ഏലിക്കുട്ടി. നാട്ടുകാർ പിരിച്ചാണ് തെരഞ്ഞെടുപ്പു ചെലവ് നടത്തിയത്. മാർച്ച് നാലിന് നടന്ന തെരഞ്ഞെടുപ്പിൽ മാണി വൻ ഭൂരിപക്ഷത്തോടെ ജയിച്ചു. മാണിയ്ക്ക് 25,833 ഉം വി.ടി.തോമസിന് 16,248 ഉം കോൺഗ്രസിലെ എലിക്കുട്ടി തോമസിന് 8,072 ഉം വോട്ട് കിട്ടി. രണ്ടാം സ്ഥാനത്ത് ഇടതുപക്ഷമായിരുന്നെങ്കിലും മത്സരം കോൺഗ്രസും മാണിയും തമ്മിലായിരുന്നു. തെരഞ്ഞെടുപ്പിൽ നിയമസഭ കൂടാതെ പിരിഞ്ഞു എങ്കിലും മാണി നിയോജക മണ്ഡലത്തിൽ സജീവമായി പാർട്ടി സംഘടിപ്പിച്ചു. നാട്ടുകാരുടെ പ്രശ്നങ്ങളിൽ ഇടപെട്ടു. അവരുടെ മനസിൽ കൂടു കൂട്ടി തുടങ്ങി.

അടുത്ത തെരഞ്ഞെടുപ്പ് 1967 ലായിരുന്നു. ഇക്കുറി കോൺഗ്രസ് പ്രഗത്ഭനായ എം.എം. ജേക്കബിനെ ഇറക്കി. മത്സരം കടുത്തു. എങ്കിലും മാണി തന്നെ ജയിച്ചു. മാണിയ്ക്ക് 19,118 ഉം വി.ടി. തോമസിന് 16,407 ഉം എം.എം. ജേക്കബിന് 13,503 വോട്ടും ലഭിച്ചു. ഇക്കുറി മാണി നിയമസഭാംഗമായി. 1970 ൽ അടുത്ത തെരഞ്ഞെടുപ്പായപ്പോഴേക്കും മൂന്നു വർഷം കൊണ്ട് മികച്ച പാർലമെന്റേറിയൻ എന്ന് മാണി പേരെടുത്തു. 1970 ലെ തെരഞ്ഞെടുപ്പിൽ പക്ഷേ മാണി വല്ലാതെ വിയർത്തു. പാലാ മെത്രാൻ മാർ സെബാസ്റ്റ്യൻ വയലിൽ പരസ്യമായി കോൺഗ്രസിനെ പിന്താങ്ങി. നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനു മുമ്പ് പിതാവിന്റെ അനുഗ്രഹം തേടാൻ ചെന്ന മാണിയോട് മത്സരിക്കരുത് എന്നു

**സങ്കടങ്ങളുമായി വരുന്നവർ അദ്ദേഹത്തിന് ഒരു ഭാരമായില്ല സാധ്യതയായിരുന്നു. ഒരാളെക്കൂടി സഹായിക്കാനും സ്നേഹിക്കാനും കൈവന്ന സാധ്യത കിട്ടിയ അവസരങ്ങൾ ശരിക്കും പ്രയോജനപ്പെടുത്തി ഒപ്പമുള്ളവരുടെ ഹൃദയങ്ങളിൽ ഇടം ഉണ്ടാക്കാനായവൻ. എത്രപേർക്ക്. മാണിസാറിനെപ്പോലെ താൻ എപ്പോഴും തന്റെ ജനത്തിന്റെ കൂടെ ഉണ്ടാകുമെന്ന് സാധാരണക്കാരെ ബോധ്യമാക്കാനായിട്ടുണ്ട്.**



കേരള ചരിത്രത്തിൽ ആർക്കും സാധിക്കാത്ത പല നിയമസഭാ റിക്കാർഡുകളും സ്വന്തം പേരിൽ കുറിച്ചവനാണ് മാണി. അതിൽ ഏറ്റവും തിളക്കമാർന്നത് ഒരു മണ്ഡലത്തിൽ നിന്നും തന്നെ തുടർച്ചയായി അമ്പതു വർഷം നിയമസഭാംഗമായി പ്രവർത്തിച്ചതാണ്.

പോലും പിതാവ് പറഞ്ഞു. എം.എം. ജേക്കബ് ജയിക്കാനുള്ള എല്ലാ അടവും പയറ്റി. ഇടതുപക്ഷവും കോൺഗ്രസിനെ സഹായിക്കുന്ന നില വന്നു. പാലാ പോയേക്കും എന്ന ഭയം പടർന്നു എങ്കിലും ജയം മാണിക്കൊപ്പമായിരുന്നു. മാണിക്ക് 23,350 വോട്ടു ലഭിച്ചപ്പോൾ എം.എം. ജേക്കബിന് 22,986 ഭൂരിപക്ഷം വെറും 364 വോട്ട്. അതിനു ശേഷം 2019 ഏപ്രിൽ ഒൻപതിന് നിത്യസമ്മാനത്തിനായി പുറപ്പെടും വരെ പാലാ മാണിക്കൊപ്പം തന്നെ നിന്നു. 1970 ലും 1977ലും 1980ലും 1982 ലും 1987ലും 1991ലും1996 ലും 2001ലും 2006ലും 2011ലും 2016ലും പാലാ മാണിക്കൊപ്പം നിന്നു.

### നിയമസഭകളിലെ നിറസാന്നിധ്യം

1965-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ ജയിച്ച മാണിക്ക് സഭയിൽ കടക്കാനായില്ല. ഒരു പാർട്ടിക്കും ഭൂരിപക്ഷം കിട്ടാത്തതുകൊണ്ട് നിയമസഭ സമ്മേളിക്കാതെ പിരിച്ചുവിട്ടു. 1967 ലെ തെരഞ്ഞെടുപ്പിൽ അത്ഭുത വിജയം നേടി നിയമസഭയിലെത്തിയ മാണി മാർച്ച് 20 ന് നിയമസഭയിൽ നടത്തിയ കന്നിപ്രസംഗം ഏറെ ശ്രദ്ധിക്കപ്പെട്ടു. ഇ.എം.എസ്. സർക്കാരാണ് ഭരണം. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദി പ്രമേയത്തെ എതിർത്തു കൊണ്ട് യുവ നേതാവായ മാണി നടത്തിയ കന്നി പ്രസംഗം പുതിയ ഒരു താരത്തിന്റെ വരവ് അറിയിക്കുന്നതായി.

കേരള ചരിത്രത്തിൽ ആർക്കും സാധിക്കാത്ത പല നിയമസഭാ റിക്കാർഡുകളും സ്വന്തം പേരിൽ കുറിച്ചവനാണ് മാണി. അതിൽ ഏറ്റവും തിളക്കമാർന്നത് ഒരു മണ്ഡലത്തിൽ നിന്നും തന്നെ തുടർച്ചയായി അമ്പതു വർഷം നിയമസഭാംഗമായി പ്രവർത്തിച്ചതാണ്. മാണിയുടെ ഈ നേട്ടത്തെ ആദരിക്കുന്നതിന് 2017 മാർച്ച് 15ന് കേരള നിയമസഭ പ്രത്യേക സമ്മേളനം സംഘടിപ്പിച്ചു. മുന്നണി രാഷ്ട്രീയം മാത്രം കണ്ട് വളർന്ന കേരളത്തിൽ ഒരു മുന്നണിയിലും ഇല്ലാതെ മാണിയും പാർട്ടിയും കഴിയുന്ന കാലത്തായിരുന്നു ആ ചടങ്ങ്. മുഖ്യമന്ത്രി പിണറായി വിജയനും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും അടക്കം എല്ലാ കക്ഷി നേതാക്കളും മാണിയെ പ്രശംസിച്ച് പ്രസംഗിച്ചു.

മൂന്നാം കേരള നിയമസഭയിൽ കന്നിയംഗമായി എത്തിയ മാണി ഏഴുവർഷം ദീർഘിച്ച നാലാം നിയമസഭയുടെ കാലമായപ്പോഴേക്കും ട്രഷറി ബഞ്ചിലെത്തി. 1967 മുതൽ 1975 ൽ ധനമന്ത്രിയാകുന്ന കാലം വരെ അതി പ്രഗത്ഭനായ നിയമസഭാംഗം എന്ന് പേരെടുക്കാൻ മാണിക്കായി. ഇപ്പോഴത്തെ 14-ാം നിയമസഭയിലും സമാനതകളില്ലാത്ത താരമായിരുന്നു മാണി സാർ. കർക്കശമായ ഒരുക്കത്തോടെയാണ് പോരാട്ടം. എം.എ. ബേബി വിദ്യാഭ്യാസമന്ത്രിയായിരുന്ന കാലം. പാഠപുസ്തകത്തിലെ മതമില്ലാത്ത ജീവനെതിരെ സഭയിൽ സാറിന്റെ പ്രമേയം വരുന്നു. ആ പാഠപുസ്തകം തന്നെ വേണം എന്ന് നിർബന്ധം. എന്നെയും വിളിച്ചു, ഏതെങ്കിലും സ്കൂളിൽ നിന്നും ഒരെണ്ണം രാത്രി തന്നെ കിട്ടണം. ഒരു കാര്യം ഏൽപ്പിച്ചാൽ അരമണിക്കൂർ ഇടവിട്ട് വിളിച്ചു ചോദിക്കും. അവസാനം അന്ന് നാലു പുസ്തകമോ മറ്റോ സാറിനു കിട്ടി. പലരോടാണ് ആവശ്യം പറഞ്ഞത്. നിയമസഭാ സമ്മേളനഹാളിലേക്ക് പുസ്തകങ്ങളുടെയും രേഖകളുടെയും വലിയ ഭാണ്ഡവുമായി മാണി നീങ്ങുന്നത് ഏതാണ്ട് പതിവ് കാഴ്ചയായിരുന്നു.

നിയമനിർമ്മാണത്തിലായാലും ബജറ്റ് ചർച്ചകളിലായാലും സർക്കാരിനെ വിലയിരുത്തുന്ന രാഷ്ട്രീയ വിശകലനങ്ങളിലായാലും ബുദ്ധിശാലിയായ നിയമസഭാംഗമായി മാണി ശ്രദ്ധിക്കപ്പെട്ടു. കേരള നിയമസഭയിൽ ബദൽ ബജറ്റ് അവതരിപ്പിച്ച പ്രതിപക്ഷാംഗമാണ് മാണി. ഇന്ന് മാണി എന്താവും ചെയ്യുക, ആർക്കെതിരെയാവും ബോംബു പൊട്ടിക്കുക എന്ന് എല്ലാവരും ആകാംക്ഷപ്പെട്ടിട്ടുണ്ട്. എതിരാളികളുടെ വാദങ്ങളെ നിഷ്ക്കരുണം അരിഞ്ഞു വീഴ്ത്താൻ മാണിക്കുള്ള വൈഭവം സഭ എത്രയോ വട്ടം കണ്ടു ത്രസിച്ചിരിക്കുന്നു.

എതിരാളി ശക്തമായ തടസ്സവാദങ്ങൾ ഉന്നയിക്കുമ്പോൾ മുണ്ട് അഴിച്ചുടുത്ത് മാണി സ്വയം ഫോമെടുക്കുന്നത് ആവേശകരമായ കാഴ്ചയായിരുന്നു. ബേബി ജോൺ ജൂബ്ബായുടെ കൈ സാവകാശം വലിച്ചിറക്കി ഫോമെടുക്കുന്നതു പോലെ നിയമമന്ത്രി എന്ന നിലയിൽ സർക്കാരിനെ സംരക്ഷിക്കാൻ എക്കാലവും മാണി മികച്ച വൈഭവം കാട്ടി.

നിയമസഭയുടെ അകത്തളങ്ങളിൽ നിയമ നിർമ്മാണത്തെക്കുറിച്ച് മാത്രമല്ല സഭയുടെ നടപടിക്രമങ്ങളെക്കുറിച്ചും ചൂടുപിടിച്ച ചർച്ചകൾക്കു മാണി എന്നും നേതൃത്വം കൊടുത്തു. ഇക്കാര്യത്തിൽ പ്രശസ്ത ചട്ട വ്യാഖ്യാതാക്കളായ ശക്തരും കൗളുമായിട്ടാവും മാണി മിക്കവാറും നിയമസഭയിൽ എത്തുക. എതിരാളികൾ മാണിയുടെ ഓരോ വാക്കിനെയും അതീവ ജാഗ്രതയോടെ കേട്ടിരിക്കും പ്രത്യേകിച്ചും നിയമ വിദഗ്ധനായ ജനതാ പാർട്ടിയുടെ ചന്ദ്രശേഖരൻ, ആർ.എസ്.പി.യുടെ അതീവ തന്ത്രശാലിയായ ബേബി ജോൺ, സി.പി.ഐയിലെ ഇ. ചന്ദ്രശേഖരൻനായർ തുടങ്ങിയവർ. മാണി വാദം തുടങ്ങുമ്പോൾ തന്നെ ജൂബ്ബയുടെ കൈ തിരുമ്മി ഉയർത്തികൊണ്ട് ബേബിജോൺ തല വട്ടം പിടിച്ച് ശ്രദ്ധിക്കുന്നതു തന്നെ കൗതുകകരമായ കാഴ്ചയായിരുന്നു.

സഭയിലെ വിവാദങ്ങളിൽ എതിരാളികൾക്കു പിടികൊടുക്കാതെ രക്ഷപ്പെടുന്ന മാണി സാറിന്റെ വൈഭവത്തെക്കുറിച്ച് ഒരിക്കൽ കാനം രാജേന്ദ്രൻ നിയമസഭയിൽ പറഞ്ഞു. ചില പെണ്ണുങ്ങളോട് പ്രായം ചോദിക്കുന്നതു പോലെയാണ് മാണി സാറിനോട് ബജറ്റിനെക്കുറിച്ച് ചോദിക്കുന്നത്. എത്രവയസുണ്ട് എന്ന് ചോദിച്ചാൽ അവർ പറയും സൗദാമിനിയെക്കാൾ രണ്ടു കുറവ് ഏലിയാമ്മയെക്കാൾ ഒന്നും കൂടുതൽ അല്ലാതെ പ്രായം പറയില്ല. അതുപോലാണ് മാണി സാറും ഒന്നും കൃത്യമായി പറയില്ല. ബംഗാളിലെക്കാൾ മിച്ചം തമിഴ്നാട്ടിലെക്കാൾ കുറവ് ഇങ്ങനെയാവും മറുപടി. സാർ ഉദ്ദേശിക്കുന്നതു മാത്രം പറയും.

### 13 ബജറ്റുകൾ

കേരള നിയമസഭയിൽ പതിമൂന്ന് ബജറ്റുകൾ അവതരിപ്പിച്ച ഏക ധനമന്ത്രിയാണ് മാണി. മാണിയുടെ ബജറ്റ് പ്രസംഗങ്ങൾ വെറും വരവ് ചെലവ് കണക്കുകളുടെ വിവരണമായ സാങ്കേതിക രേഖയായിരുന്നില്ല. കേരളത്തിന്റെ സാമൂഹിക സാമ്പത്തിക സാംസ്കാരിക മേഖലകളിൽ വിപുലമായ പരിവർത്തനത്തിനുള്ള ശംഖനാദം കൂടിയായിരുന്നു അവ - കർഷകന്റെ മാഗ്നാക്കാർട്ടുകൾ.

### ഫിനാൻസ് ബിൽ

ബജറ്റിലെ ഓരോ നികുതി നിർദ്ദേശത്തിനും പ്രത്യേകം പ്രത്യേകം ബില്ലുകൾ അവതരിപ്പിച്ചിരുന്ന രീതി കേരളത്തിൽ മാറ്റിയത് മാണിയാണ്. ബജറ്റിലെ എല്ലാ നിർദ്ദേശങ്ങളും ഒന്നിച്ച് മണി ബില്ലായി ബജറ്റിനൊപ്പം അവതരിപ്പിക്കുന്ന രീതിക്ക് അദ്ദേഹം തുടക്കം കുറിച്ചു. അതിലൂടെ പുതിയ നികുതി നിർദ്ദേശങ്ങൾ ബജറ്റിനൊടൊപ്പം പ്രാബല്യത്തിൽ വരികയുമായി.

ധന വകുപ്പിനു പുറമെ ആഭ്യന്തരം, റവന്യൂ, നിയമം, ഭവന നിർമ്മാണം, വൈദ്യുതി, വിദ്യാഭ്യാസം, ശുദ്ധജലവിതരണം, ഇൻഫർമേഷൻ, പ്ലാനിംഗ്, മുനിസിപ്പാലിറ്റി തുടങ്ങിയ വകുപ്പുകളിലും മാണിയുടെ കൈയൊപ്പ് വീണിട്ടുണ്ട്. ഇ-ഫയൽ സംവിധാനം ആരംഭിച്ചതും മാണിയാണ്. വിസ്മയകരമായിരുന്നു ഈ മന്ത്രിയുടെ നാളുകൾ. തൊട്ടിടത്തെല്ലാം കൈമുദ്ര വീഴ്ത്തി, അവിടെല്ലാം മനുഷ്യന് അത്ഭുതകരമായ സഹായവും കിട്ടി.

### മാണി സാർ


ഒരിക്കൽ എല്ലാവരുടെയും കുഞ്ഞുമാണിയായിരുന്ന കെ.എം. മാണി അവസാനകാലമായപ്പോഴേക്കും കേരളത്തിൽ എല്ലാവർക്കും മാണി സാറായിരുന്നു. നിയമസഭയിൽ മിക്കവാറും നേതാക്കൾ അദ്ദേഹത്തെ സാറെന്ന്

വിളിച്ചു. സാക്ഷാൽ എ.കെ. ആന്റണിയും പിണറായി വിജയനും അദ്ദേഹത്തെ മാണിസാർ എന്ന് പരാമർശിച്ചു കേട്ടിട്ടുണ്ട്. വിമർശിക്കുമ്പോഴും ആക്ഷേപം ഉന്നയിക്കുമ്പോഴും മാത്രമാണ് കെ.എം. മാണി എന്ന് പരാമർശിക്കപ്പെടുക. ഇന്ത്യയുടെ രാഷ്ട്രപതിയായിരുന്ന കെ.ആർ. നാരായണനും അദ്ദേഹം മാണി സാറായിരുന്നു. എതിരാളികൾ പോലും ആദരിച്ച വിദഗ്ധൻ, മാർക്സിസ്റ്റ് പാർട്ടി സംഘടിപ്പിക്കുന്ന സെമിനാറുകളിൽ പോലും പ്രബന്ധം അവതരിപ്പിച്ചിട്ടുണ്ട്. അത് പാർട്ടിക്ക് കിട്ടിയ, മാണിക്കു കിട്ടിയ അംഗീകാരം ആയിരുന്നു.

## മുഖ്യമന്ത്രിക്കസേര

മൂന്നു വട്ടം മുഖ്യമന്ത്രിക്കസേര തൊട്ടടുത്തെത്തിയിട്ടും തെന്നി അകന്നു പോയ നേതാവാണ് കെ.എം. മാണി. 1979 ലായിരുന്നു ആദ്യത്തെ നീക്കം. 140 അംഗനിയമസഭയിൽ കേരളാ കോൺഗ്രസിന് 20 അംഗങ്ങളുണ്ടായിരുന്നു. 38 അംഗങ്ങളുള്ള കോൺഗ്രസിലെ കെ. കരുണാകരൻ മുഖ്യമന്ത്രിയായി. പാർട്ടി പിളർന്നു കരുണാകരൻ രാജിവച്ചു. ആന്റണി മുഖ്യമന്ത്രിയായി. കരുണാകരൻ നേതൃത്വം കൊടുത്ത ഇന്ദിരാ കോൺഗ്രസിലേക്ക് നേതാക്കളും പ്രവർത്തകരും ഒഴുകി. ആന്റണി രാജിവച്ചു. 23 അംഗങ്ങളുള്ള സി.പി.ഐ. ക്കായി അടുത്ത ഊഴം. 20 അംഗങ്ങളുള്ള കേരളാ കോൺഗ്രസ് ഉണർന്നു കളിച്ചു. എൻ.ഡി.പി. യിലെ രണ്ടംഗങ്ങളെ ചാക്കിട്ടു പിടിച്ചു. കേരളാ കോൺഗ്രസ് മുഖ്യമന്ത്രിസ്ഥാനത്തിന് അവകാശം ഉന്നയിക്കുന്ന സ്ഥിതിയായി. അപ്പോഴേക്കും സി.പി.ഐ. മുഖ്യമന്ത്രി പി.കെ. വാസുദേവൻ നായർ രാജി വച്ചു. കേരളാ കോൺഗ്രസ് പിളർന്നു മാണിയുടെ മുഖ്യമന്ത്രിക്കസേരയും വെള്ളത്തിലായി.

1979-ൽ തന്നെ രണ്ടാമത്തെ അവസരം വന്നു. 1979 ഒക്ടോബർ 12ന് അധികാരമേറ്റ സി.എച്ച്. മുഹമ്മദ്കോയ സർക്കാരിന്റെ കാലത്ത് ആന്റണി കോൺഗ്രസും മാണിയും ചേർന്ന മുന്നണി രൂപം കൊണ്ടു.



ആ മുന്നണിക്കായി നിയമസഭയിൽ ഭൂരിപക്ഷം. അവർ മാണിയെ മുഖ്യമന്ത്രി ആക്കണം എന്ന് ആവശ്യപ്പെട്ട് ഗവർണർ ജ്യോതി വെങ്കിടാചലത്തിന് കത്തു നൽകി. സാക്ഷാൽ എ.കെ. ആന്റണി, പി.കെ. വാസുദേവൻ നായർ, ടി.കെ. രാമകൃഷ്ണൻ, ബേബി ജോൺ, തുടങ്ങിയ അതികായരാണ് കത്തിൽ ഒപ്പിട്ടിരുന്നത്. സി.എച്ച്. മുഹമ്മദ് കോയ ഡിസംബർ ഒന്നിന് രാജിവച്ചു. നിയമസഭ പിരിച്ചു വിട്ട് തെരഞ്ഞെടുപ്പ് നടത്തണം എന്ന് നിർദ്ദേശിച്ചു. നിയമസഭയിൽ ഭൂരിപക്ഷം ഉണ്ടായിട്ടും മന്ത്രിസഭ ഉണ്ടാക്കുവാൻ മാണിയെ വിളിക്കുവാൻ ഗവർണ്ണർ കൂട്ടാക്കിയില്ല. കേന്ദ്രത്തിൽ അധികാരത്തിൽ വന്ന ഇന്ദിരയുടെ ആളായ കരുണാകരന്റെയും ജ്യോതി വെങ്കിടാചലത്തെ ഗവർണ്ണറാക്കിയ ജനതാ പാർട്ടിയുടെയും സമ്മർദ്ദത്തിന് അവർ വഴങ്ങി. മാണിയുടെ മുഖ്യമന്ത്രി സ്ഥാനം വെള്ളത്തിലായി.



2015-ൽ ഉമ്മൻ ചാണ്ടി മന്ത്രിസഭയിൽ ധനമന്ത്രിയായിരുന്ന മാണിയെ മുഖ്യമന്ത്രി ആക്കാൻ ഇടതുപക്ഷം തയ്യാറാവുകയും നീക്കങ്ങൾ നടത്തുകയും ചെയ്തതാണ്. എന്നാൽ രാഷ്ട്രീയ തന്ത്രങ്ങളിലൂടെ മാണിയെ നിഗ്രഹിക്കുവാൻ ചിലർ നടത്തിയ നീക്കം മാണിയുടെ മാത്രമല്ല മുന്നണിയുടെയും നാശത്തിൽ കലാശിച്ചു.

1990 നവംബർ 10 ന് കേന്ദ്രത്തിൽ സമാജ്‌വാദി ജനതാ പാർട്ടിയുടെ എസ്. ചന്ദ്രശേഖർ പ്രധാനമന്ത്രിയായി. കോൺഗ്രസ് പിന്തുണയോടെ ആയിരുന്നു അത്. ലോക്സഭയിലും രാജ്യസഭയിലും ഓരോ അംഗമുള്ള മാണിയുടെ പാർട്ടിക്ക് ഒരു കേന്ദ്രമന്ത്രി സ്ഥാനം ഉറപ്പായിരുന്നു. മാണിയുടെ പേര് പാർട്ടി നൽകുകയും രാഷ്ട്രപതി ഭവനിലേക്ക് അയക്കുകയും ചെയ്തതാണ്. എന്നാൽ കേരളത്തിൽ നിന്നുള്ള ഒരു ഉന്നതനേതാവിന്റെ ഇടപെടൽ മൂലമത്രേ നവംബർ 19 ന് രാത്രി അറിയിപ്പു കിട്ടി 'എം.പി. അല്ലാത്ത ആരെയും മന്ത്രിയാക്കുവാൻ ആവില്ലെന്ന്.' ഡൽഹി ദുരന്തത്തെ തുടർന്ന് മൂവാറ്റുപുഴയിൽ നടന്ന പാർട്ടി സമ്മേളനത്തിൽ മാണി തന്നെ ഈ ചതിയുടെ കാര്യം പ്രവർത്തകരോട് വെളിപ്പെടുത്തി.

## അധ്വാന വർഗ സിദ്ധാന്തം

കേരള കോൺഗ്രസിന് ഒരു സാമ്പത്തിക നയം ഉണ്ടാക്കിയത് മാണി സാറാണ്. 'അധ്വാനവർഗ സിദ്ധാന്തം' എന്നാണതിന്റെ പേര്. കേരളാ കോൺഗ്രസിന് 'അധ്വാനവർഗത്തിന്റെ പടവാൾ; എന്നൊരു പേരും ഉണ്ടായിരുന്നു.

ഉത്പാദന ഉപകരണങ്ങളുടെ ഉടമയല്ലാത്തവരും വേതനത്തിനുവേണ്ടി മറ്റൊരാളുടെ കീഴിൽ ജോലി ചെയ്യുന്നവരുമായ ആളുകളെ മാത്രമാണ് മാർക്സിയൻ സിദ്ധാന്തത്തിൽ തൊഴിലാളികളായി അധ്വാന വർഗമായി ചിത്രികരിക്കുന്നത്. അപ്രകാരം അല്ലാത്തവരെല്ലാം ആ സിദ്ധാന്തം അനുസരിച്ച് മുതലാളിമാരായി. കനത്ത ശമ്പളവും ആനുകൂല്യങ്ങളും പറ്റുന്നവർ പോലും തൊഴിലാളികളായി കണക്കാക്കപ്പെട്ടു. കടുത്ത സാമ്പത്തിക ക്ലേശം അനുഭവിക്കുന്നവർ പോലും ഇത്തിരി സ്വകാര്യ സ്വത്തുണ്ടായാൽ തങ്ങളുടെ കീഴിൽ ആരെങ്കിലും ജോലി ചെയ്യുകയോ ചെയ്താൽ മുതലാളിമാരാവും, തൊഴിലാളി വർഗത്തിൽ വളർന്നു വരുന്ന മുതലാളിമാരെയും മുതലാളിമാരിലെ തൊഴിലാളികളെയും തിരിച്ചറിയാൻ കമ്മ്യൂണിസം പരാജയപ്പെട്ടു. ഇതിനു ബദലായാണ് മാണി അധ്വാന വർഗ്ഗ സിദ്ധാന്തം അവതരിപ്പിച്ചത്. സമൂഹത്തിന്റെ താഴെക്കിടയിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള തൊഴിലാളികളും ചെറുകിട കർഷകരും വ്യാപാരികളും വ്യവസായികളും ചെറിയ വരുമാനക്കാരായ ഉദ്യോഗസ്ഥരും തൊഴിൽ രഹിതരായ യുവജനങ്ങളുമാണ് അധ്വാന വർഗം.

1973 ഡിസംബർ 29ന് ആലുവായിൽ ചേർന്ന പാർട്ടിയുടെ സമ്പൂർണ്ണ സമ്മേളനത്തിലാണ് മാണി ഈ സിദ്ധാന്തം അവതരിപ്പിച്ചത്. അതോടെ കേരളാ കോൺഗ്രസിന് ഒരു പ്രത്യയശാസ്ത്രമായി. 1978 ൽ ജനകീയ സോഷ്യലിസം മാർഗരേഖയായി പ്രഖ്യാപിച്ചു. പാർട്ടിയുടെ ചരൽക്കുന്നു സമ്മേളനത്തിൽ വച്ചായിരുന്നു ഈ പ്രഖ്യാപനം. 1980 ഒക്ടോബറിൽ ചേർന്ന എറണാകുളം സമ്മേളനം അംഗികരിച്ച പ്രത്യയശാസ്ത്രപരമായ രേഖ മറ്റൊരു കാൽവെയ്പായിരുന്നു.

## കർഷകതൊഴിലാളികൾക്കും കർഷകർക്കും പെൻഷൻ

കേരളത്തിലെ സാമൂഹിക സുരക്ഷാ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ച ധനമന്ത്രിയായിരുന്നു കെ.എം.മാണി. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാറിനു വേണ്ടി അവതരിപ്പിച്ച ആദ്യ ബജറ്റിൽ തന്നെ അദ്ദേഹം 60 വയസു കഴിഞ്ഞ എല്ലാ കർഷകത്തൊഴിലാളികൾക്കും പെൻഷൻ പ്രഖ്യാപിച്ചു.

പാവപ്പെട്ട കർഷകതൊഴിലാളിക്കു പെൻഷൻ ഏർപ്പെടുത്തിയതിനെ വിമർശിച്ചവരോട് പദ്ധതിയിൽ രാഷ്ട്രീയം കലർത്തരുത് എന്ന് മാണി അഭ്യർത്ഥിച്ചു. 'കേരളത്തിൽ 20 ലക്ഷം കർഷകതൊഴിലാളികൾ ഉണ്ടാകുമെന്നാണ് ഏകദേശ കണക്ക്. അവരിൽ 60 വയസ്സുകഴിഞ്ഞവർ ഒന്നരലക്ഷത്തോളം വരും. അവർക്ക് മാസം 45 രൂപ വച്ചു കൊടുക്കണം എന്നതാണ് പരിപാടി.



വി.കെ. ഇബ്രഹിം കഞ്ഞ്, പി. ജെ ജോസഫ്, രമേശ് ചെന്നിത്തല, കെ പി മോഹനൻ, ഉമ്മൻ ചാണ്ടി, പി. കെ കഞ്ഞാലിക്കട്ടി എന്നിവരോടൊപ്പം

ഇത് ഭാരതത്തിലെ വിപ്ലവകരമായ ഒരു പദ്ധതിയാണ്. ഏഴരക്കോടി രൂപയാണ് നീക്കി വച്ചിരിക്കുന്നത്.'

അന്നു മുതൽ ഇന്നു വരെ കർഷകതൊഴിലാളികൾക്കു പെൻഷൻ കിട്ടുന്നു. കർഷകരും കർഷകതൊഴിലാളികളും ഒരു നാണയത്തിന്റെ രണ്ടു വശം എന്നതാണല്ലോ നമ്മുടെ അധ്വാന വർഗ സിദ്ധാന്തത്തിന്റെ കാതൽ. കർഷകർക്കും പെൻഷൻ കൊടുക്കാനുള്ള ആഗ്രഹത്തിന്റെ തുടക്കമായിരുന്നു കർഷകത്തൊഴിലാളി പെൻഷൻ. 2011 ൽ ഉമ്മൻ ചാണ്ടി സർക്കാരിൽ മാണി ധനമന്ത്രിയാകുന്നതുവരെ അതു വൈകി. ഇപ്പോൾ വൃദ്ധനായ കർഷകനും കിട്ടും മാസം 1000 രൂപ. വലിയ സഹായമാണ്, മാണി നിർവൃതിയോടെ പറഞ്ഞു.

### വെളിച്ച വിപ്ലവം

കരുണാകരൻ മുഖ്യമന്ത്രിയായിരുന്ന കാലത്ത് പഞ്ചാബ് മോഡൽ പ്രസംഗത്തെ തുടർന്ന് ബാലകൃഷ്ണപിള്ള രാജിവയ്ക്കേണ്ടി വന്നപ്പോഴാണ് മാണി വൈദ്യുതി മന്ത്രി ആകുന്നത്. ആ കാലത്ത് മാണിസാർ ആരംഭിച്ച സൗജന്യ വൈദ്യുതി വിതരണ പദ്ധതിയാണ് വെളിച്ച വിപ്ലവം. ബോർഡിന്റെ ചെലവിൽ വീടുകളിൽ വൈദ്യുതി എത്തിക്കുക. മനുഷ്യാധ്വാനം നാട്ടുകാരുടെ ശ്രമദാനം. ജനം ആകെ ഉണർന്ന പരിപാടിയായിരുന്നു അത് മാണിസാർ ഓർമ്മിച്ചു. അമ്പൂരിയിലാണ് വെളിച്ച വിപ്ലവം ഉത്ഘാടനം ചെയ്തത്. നാട്ടുകാർ തന്നെ പോസ്റ്റ് നാട്ടാനും കമ്പി വലിക്കാനും എല്ലാം സഹായിച്ചു. നാട്ടിൽ വലിയ ഉത്സവം പോലെയായിരുന്നു.

അക്കാലത്ത് നമുക്ക് സുലഭമായി വൈദ്യുതി ഉണ്ട്. പക്ഷേ വീടുകളിൽ കണക്ഷൻ കൊടുക്കുന്നില്ല. അതിനു കെട്ടിവയ്ക്കേണ്ടി വരുന്ന പണവും ചെലവും വലുതായിരുന്നു. വൈദ്യുതിയില്ലാത്ത വീടുകൾ എന്റെ മണ്ഡലത്തിലും ധാരാളം ഉണ്ടായിരുന്നു. ഇങ്ങനെ ഒരു പദ്ധതിയെക്കുറിച്ച് തോന്നിയത് നാട്ടുകാർ ആവേശത്തോടെ ഏറ്റെടുത്തു നാട്ടിലാകെ വൈദ്യുതി കണക്ഷൻ കൊടുത്തു.

### സാമൂഹിക ജലസേചന പദ്ധതി

1986 ലാണ് ജലസേചന മന്ത്രി ആവുന്നത്. തെരഞ്ഞെടുപ്പ് വരാറായി കുടിവെള്ള ക്ഷാമം പോലെ കുളിക്കാനുള്ള വെള്ളവും ഇല്ലാതായി. അപ്പോഴാണ് നാട്ടിൻ പുറങ്ങളിലൊക്കെ മറന്നുകിടക്കുന്ന ഉള്ള കുളങ്ങളെക്കുറിച്ച് ഓർക്കുന്നത്. അവ നന്നാക്കി എടുത്താൽ നാട്ടുകാർക്കു സഹായമാകും, വെള്ള പ്രശ്നം ഒരളവ് വരെ പരിഹരിക്കുകയും ചെയ്യാം. അതും ജനകീയ സഹകരണത്തോടെ ആരംഭിച്ചു. സർക്കാർ കുളം നന്നാക്കാനുള്ള പണം കൊടുക്കും മനുഷ്യാധ്വാനം നാട്ടിലുണ്ടാകണം. ഒരു ജനകീയ കമ്മറ്റിക്കാവും ചുമതല. നാട്ടുണർന്നു. ആയിരക്കണക്കിനു കുളങ്ങളോട് അനുബന്ധിച്ച് പദ്ധതി നടപ്പാക്കി. നല്ല സ്രോതസ് ഉണ്ടായിരുന്നിടത്ത് കുടിവെള്ള പദ്ധതിയും ആരംഭിച്ചു. സർക്കാർ സഹായത്തോടെ നാട്ടുകാരുടെ പദ്ധതി വൻ വിജയമായിരുന്നു.

### കാരുണ്യ പദ്ധതി

എന്നെ വീട്ടിൽ കാണാൻ വന്നിരുന്നവരിൽ ചികിത്സക്കു സഹായം ചോദിച്ചവർ ഏറെയായിരുന്നു. നമുക്ക് എത്ര കൊടുക്കാനാവും? അവരെക്കുറിച്ചുള്ള ആകുലതയിൽ നിന്നുണ്ടായതാണ് കാരുണ്യ പദ്ധതി. അതിലേക്ക് വരുമാനം ഉണ്ടാക്കുവാൻ കാരുണ്യ ലോട്ടറി ആരംഭിച്ചു. പദ്ധതി ഉദ്ഘാടനം ചെയ്തുകൊണ്ട് കേന്ദ്രമന്ത്രി ആന്റണി പറഞ്ഞു, പള്ളിയിലോ അമ്പലത്തിലോ നേർച്ച ഇടുന്നതിനെക്കാൾ പുണ്യം ഉണ്ടാവും ഈ ലോട്ടറിയിൽ ഒന്നെടുത്താൽ. ജനം സഹകരിച്ചു രണ്ടു ലക്ഷം രൂപ വരെ ഒരു രോഗിക്ക് കൊടുക്കുന്ന പദ്ധതിയായിരുന്നു. ഞങ്ങളുടെ കാലത്ത് 1500 കോടി രൂപ വിതരണം ചെയ്തു. ഒന്നരക്കോടി ജനങ്ങൾക്ക് സഹായം കിട്ടി. മാണി സാർ ചാരിതാർത്ഥ്യത്തോടെ പറഞ്ഞു.

നിയമ മന്ത്രിയായിരിക്കുമ്പോൾ സൗജന്യ നിയമസഹായ പദ്ധതി ആരംഭിച്ചു. അഭിഭാഷകർക്കു ക്ഷേമനിധി ഏർപ്പെടുത്തി. റവന്യൂ മന്ത്രി ആയിരുന്നപ്പോൾ വിഭാവനം ചെയ്തതാണ് റവന്യൂ ടവറുകൾ. ഗ്രാമസഭകൾ, താലൂക്ക് സഭകൾ, ടെറൻസ് സിസ്റ്റം എല്ലാം. ഭവന നിർമ്മാണ വകുപ്പിലൂടെ ദശലക്ഷ പാർപ്പിട പദ്ധതി നടപ്പാക്കി.

### കലാപത്തിനിടയിലും റബ്ബർ കർഷകൻ

മാണിയുടെ 13-ാമത് ബജറ്റ് 2015 മാർച്ച് 13ന് അവതരിപ്പിച്ചു. വിവാദമായ ആ ബജറ്റിലും മാണി കർഷകനെ മറന്നില്ല റബ്ബറിന് കിലോക്ക് 150 രൂപ വച്ചു റബ്ബർ വാങ്ങാനുള്ള ഏർപ്പാടുണ്ടാക്കി. അതിനായി 300 കോടി രൂപയും പ്രഖ്യാപിച്ചു അതായിരുന്നു മാണിയുടെ അവസാന ബജറ്റ്. അതിലും കുഞ്ഞുമാണിച്ചൻ കർഷകരെ ഹൃദയത്തോട് ചേർത്തു പിടിച്ചു.

### ഇനി ഇങ്ങനെ ഒരാൾ എന്ന്?

ബൈബിളിലെ വാക്കുകൾ കടമെടുത്താൽ "വിദഗ്ധമായി ചേർത്തൊരുക്കിയ സുഗന്ധക്കൂട്ടുപോലെ പരിമള പൂരിതമാണ് മാണിയുടെ സ്മരണ. നാവിന് തേൻ പോലെയും വീഞ്ഞു സത്ക്കാരത്തിൽ സംഗീതം പോലെയും ആണ് അത്... "

ഭാരതത്തിൽ ന്യൂനപക്ഷാവകാശങ്ങൾ മാത്രമല്ല പൗരന്റെ അടിസ്ഥാന മൗലികാവകാശം പോലും ഭീഷണി നേരിടുന്ന, ഭരണഘടന തന്നെ ഇല്ലാതാകുമോ എന്ന് ഭയപ്പെടുന്ന, സംരക്ഷണകവചങ്ങളായി ഭരണഘടന വിഭാവനം ചെയ്ത സംവിധാനങ്ങളെല്ലാം മാപ്പു സാക്ഷികളായി മാറുന്നു എന്ന് ഭയപ്പെടുന്ന ഒരു കാലത്ത് അതിനൊക്കെ വേണ്ടിയുള്ള പോരാട്ടങ്ങൾക്കും തന്ത്രവും മാനവും ചാർത്തുവാൻ ഏറെ കോപ്പുള്ളവനാണ് കടന്നു പോയത്.

നിശ്ചയമായും സമൂഹം കൂടുതൽ ദരിദ്രമാവുകയാണ്. കാതുകുത്തിയവൻ പോയാൽ കടുക്കനിട്ടവൻ വരും എന്നാണ് ചൊല്ല്. എന്നാൽ കെ.എം. മാണിയെപ്പോലെ ഒരാൾ ഇനി എന്ന്?

**ഭാരതത്തിൽ ന്യൂനപക്ഷാവകാശങ്ങൾ മാത്രമല്ല പൗരന്റെ അടിസ്ഥാന മൗലികവകാശം പോലും ഭീഷണി നേരിടുന്ന, ഭരണഘടന തന്നെ ഇല്ലാതാകുമോ എന്ന് ഭയപ്പെടുന്ന, സംരക്ഷണകവചങ്ങളായി ഭരണഘടന വിഭാവനം ചെയ്ത സംവിധാനങ്ങളെല്ലാം മാപ്പു സാക്ഷികളായി മാറുന്നു എന്ന് ഭയപ്പെടുന്ന ഒരു കാലത്ത് അതിനൊക്കെ വേണ്ടിയുള്ള പോരാട്ടങ്ങൾക്കും തന്ത്രവും മാനവും ചാർത്തുവാൻ ഏറെ കോപ്പുള്ളവനാണ് കടന്നു പോയത്.**








# Mani: Mass leader and visionary



Girish Menon
Former Deputy Editor, The Hindu

The late K.M. Mani was a mass leader and a visionary who left his mark in Kerala politics. He belonged to that unique breed of leaders who dominated public life with a rare mix of political astuteness, administrative capability and compassion.

One will have to delve deeper into records to assess Mani's contributions that in a way shape contemporary Kerala history. A lot has been written about him and about his various records as a legislator and Minister. Indeed, there is a long list of achievements in his name. To my mind, there are two qualities which stood him in good stead in the murky world of coalition politics—his rare ability to read the political undercurrents with clarity and his staunch loyalty to the United Democratic Front that provided stability to the State's bipolar coalition system.

He clearly understood the core sentiments of his constituents comprising mostly the thrifty and hardworking farming community of Central Travancore. It was but natural that he should have tied his Kerala Congress to the anti-Marxist platform that emerged in the mid-1970s. He sank his differences with the Congress party and joined forces with it to build a political vote bank that provided rich dividends. Except for a brief two-year interlude, when he teamed up with a section of Congress leaders to join the Leftist Ministry of E.K. Nayanar in 1980, Mr. Mani had always been an opponent of the CPI(M).

Mani preferred to stay with the UDF even when he had to suffer the ignominy of seeing his Kerala Congress splitting several times over the decades. He practised a kind of accommodative politics that made it easy for him to work with leaders who



Mani will be remembered for the Karunya Benevolent Fund that aimed at providing financial assistance to the weaker sections of society for their medical treatment.

had parted ways with him at various points of time, be it be P. J. Joseph, T.M. Jacob or R. Balakrishna Pillai.

Unlike them, he never thought of joining the Left platform. If at all he did, it was only after he left the UDF in 2017 when he quit that coalition for a brief period. There were speculations that Mr. Mani would take his Kerala Congress into the LDF, but Mani preferred to correct his course and return to the UDF fold without much political damage.

He promoted the Kerala Congress as a farmers' party, appealing to the thrifty Christian community that drew their sustenance from the rubber economy of the area. He also sought to give an ideological basis for his positions by coming out with the "Theory of Toiling Masses" to justify his slant towards the farming community.

Even though Mani had the privilege of handling a plethora of portfolios, Finance and Law were perhaps the ones he loved. He is credited to have conceived a welfare scheme for agriculture workers, pension for farmers, price stabilisation fund and incentive scheme for rubber cultivators to help them overcome fluctuations in prices. He trapped the gust of modern agriculture farming by making








budgetary provisions for high tech farming.

Mani will be remembered for the Karunya Benevolent Fund that aimed at providing financial assistance to the weaker sections of society for their medical treatment. The method of using lotteries for medical treatment for weaker sections was a new funding model. There were several development schemes he formulated while holding other portfolios, including revenue and housing.

The meticulousness with which he handled knotty issues could be seen by the all round discussions he held with a cross section of people before taking important decisions, whether it was related to politics or the subjects he handled as a Minister. He was an intense listener, gathering information and trying to understand new developments. I had the privilege of being part of his consultation process on several occasions.

The quality of nurturing relationships beyond the political firmament was another of Mani's unique quality.

Despite the bitter experiences he had to face, including allegations of corruption during the last leg of his assignment as Minister, Mr. Mani did not harbour any grudge against any of his opponents. When asked about this, he used to say forgiveness was part of his upbringing. It was perhaps this rare accommodative quality that must have contributed to long innings in politics.

After his death, the Kerala Congress (M) led by his son, Jose K Mani, has embarked on a different political voyage, experimenting with an alliance with the LDF. It is apparent that the result of this experiment will prove or disprove Mani's legacy.

കേരള നിയമസഭ
കെ.എം.മാണി
ധന്യസ്മൃതി



# ഹൃദയത്തിലിടം നേടിയ ഇതിഹാസം



പി.എം. ബിനുകുമാർ

കഠിനാദ്ധ്വാനം എന്ന പദത്തിന് ഒരു പര്യായമുണ്ടെങ്കിൽ അതിന്റെ പേര് കെ.എം. മാണി എന്നായിരിക്കുമെന്നാണ് ഞാൻ മനസിലാക്കിയിട്ടുള്ളത്. ഇരുപത് വർഷത്തോളം നീണ്ട ആ ഹൃദയ ബന്ധത്തിൽ നിന്നും അദ്ദേഹം പഠിപ്പിച്ച ഏറ്റവും വലിയ പാഠവും ഇതു തന്നെയാണ്.

എന്താണ് അങ്ങയുടെ വിജയ രഹസ്യമെന്ന് നിരവധിയാളുകൾ അദ്ദേഹത്തോട് ചോദിച്ചിട്ടുണ്ട്. അപ്പോഴെല്ലാം ആകാശത്തേക്ക് നോക്കി രണ്ടും കൈയും മലർത്തി പൊട്ടിച്ചിരിക്കുകയാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. നിർമ്മലമായ ആ ചിരിയിൽ എല്ലാമുണ്ടായിരുന്നു.

ഇന്ത്യൻ നാഷണൽ കോൺഗ്രസ് പ്രവർത്തകനായി രാഷ്ട്രീയജീവിതം തുടങ്ങിയ ഒരാളാണ് അദ്ദേഹമെന്ന് നമുക്കറിയാം. പിന്നീട് പി.ടി. ചാക്കോയോടുള്ള ഭ്രാന്തമായ ആരാധന അദ്ദേഹത്തെ കേരള കോൺഗ്രസിന്റെ രൂപീകരണത്തിൽ കൊണ്ടെത്തിച്ചു. ഏറ്റവും കൂടുതൽ കാലം കേരളം ഭരിച്ച മന്ത്രിയായതും ഒരേ മണ്ഡലത്തിൽനിന്നും ഏറ്റവും കൂടുതൽ കാലം നിയമസഭാംഗമായതും ഒരിക്കലും ഒരു മാജിക്കോ ഭാഗ്യത്തിന്റെ സമ്മാനമോ ആയിരുന്നില്ല .

ഗിന്നസ് ബുക്കും ലിംക ബുക്ക് ഓഫ് വേൾഡ് റെക്കോർഡ്സും അറിയാതെ പോയതു കൊണ്ട് മാത്രമാണ് അദ്ദേഹത്തിന്റെ നേട്ടങ്ങൾ ഗിന്നസിൽ ഇടം നേടാതെ പോയത്. കാരണം ലോകത്ത് ഈ റെക്കോർഡ് മറ്റാരും ഇതുവരെ ഭേദിച്ചിട്ടില്ല.

കേരളത്തിൽ കെ.ആർ. ഗൗരിയമ്മ നേടിയ നിയമസഭാ റെക്കോർഡ് കെ.എം. മാണി മറികടന്നത് 2010 ജൂലൈ 24 നാണ്. 15,544 ദിവസം നിയമസഭയിലെത്തിയ റെക്കോർഡ് അന്നദ്ദേഹം കരസ്ഥമാക്കി. വീണ്ടും ഒൻപത് വർഷങ്ങൾ. അങ്ങനെ തോൽവിയറിയാത്ത തുടർച്ചയുള്ള 54 വർഷങ്ങൾ . 24 വർഷം മന്ത്രിസ്ഥാനത്തിരുന്ന റെക്കോർഡിന് പുറമേയായിരുന്നു ഇത് . 12 മന്ത്രിസഭകളിൽ അംഗമാകുകവഴി ഏറ്റവുമധികം മന്ത്രിസഭകളിൽ പ്രവർത്തിച്ചിട്ടുള്ള റെക്കോർഡ് വേറെ. ഏറ്റവും കൂടുതൽ തവണ മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത റെക്കോർഡും അദ്ദേഹത്തിന് തന്നെ; 13 തവണ. പതിമൂന്ന് ബജറ്റുകളിലൂടെ നേടി മറ്റൊരു റെക്കോർഡും. ഏറ്റവും കൂടുതൽ കാലം ധന വകുപ്പും (12 വർഷം) നിയമവകുപ്പും (21 വർഷം) ഭരിച്ച മന്ത്രിയും മറ്റാരുമല്ല. സി. അച്യുതമേനോൻ, പി കെ വി , കെ. കരുണാകരൻ, ഇ.കെ. നായനാർ, എ.കെ. ആന്റണി, ഉമ്മൻ ചാണ്ടി എന്നിവരുടെ മന്ത്രിസഭകളിൽ മന്ത്രിയായിരുന്നു എന്ന അംഗീകാരവും മാണി സാറിന് മാത്രം സ്വന്തം.

തോൽക്കാതെ ജയിച്ച് അമ്പത്തിനാല് കൊല്ലം ഒരേ മണ്ഡലത്തെ പ്രതിനിധീകരിക്കുക. തലമുറകളിലേക്ക് തന്റെ വ്യക്തിപ്രഭാവം പകർന്നു നൽകുക. എതിരാളികൾക്കുപോലും പ്രിയങ്കരനാവുക. ശത്രുക്കൾ പോലും സ്നേഹിക്കുക. പാണ്ഡിത്യത്തിൽ പണ്ഡിതശ്രേഷ്ഠരെപോലും കവച്ചുവയ്ക്കുക. ഇപ്രകാരം കേരളത്തിന്റെ രാഷ്ട്രീയഭൂപടത്തിൽ പകരം വയ്ക്കാനാവാത്ത വ്യക്തിത്വമാണ് കെ.എം. മാണി.

ഒരു പ്രസംഗം തയ്യാറാക്കാൻപോലും മണിക്കൂറുകളെടുത്ത് പഠിക്കുന്ന മാണിസാറിനെ പലവട്ടം കണ്ടിട്ടുണ്ട്.

ഉദ്യോഗസ്ഥരോടുള്ള ഇടപെടലിൽ മാണിസാർ മാലോകർക്കെല്ലാം മാതൃകയാണ്. ഭരണാധികാരിയെന്ന നിലയിൽ കൈക്കൊള്ളേണ്ടിവരുന്ന കടുത്ത തീരുമാനങ്ങളിൽപോലും ഒരു ആർദ്രത മാണിസാറിനെ സ്വാധീനിച്ചിരുന്നു. കെ.എം. മാണിയുടെ പേനത്തുമ്പിൽ മഷിയുടെ നിർജീവതയല്ലയുള്ളത്; സ്നേഹത്തിന്റെ സാന്ത്വനമാണ്.

ജഡ്ജി ഇരിക്കുന്നിടം കോടതി എന്നതു പോലെ മാണിസാർ ഇരിക്കുന്നിടം അദ്ദേഹത്തിന്റെ പാഠശാലയായിരുന്നു. പത്രവും പുസ്തകവും സമൂഹത്തിൽ നിന്ന് അന്യം നിൽക്കുമ്പോൾ മാണിസാർ പുസ്തകപ്പുഴുവായിരുന്നു. ചിന്തയുടെ  കാര്യത്തിൽ അദ്ദേഹത്തിന് രാഷ്ട്രീയമില്ലായിരുന്നു.എന്നാൽ തന്റെ നിലപാടുകൾ അദ്ദേഹം ആർക്കുമുന്നിലും വ്യക്തമാക്കിയിരുന്നു.

തന്റെ സംശയങ്ങൾ തീർക്കാൻ ഇരുപതുകാരനെപോലും സമീപിക്കാൻ അദ്ദേഹം മടിച്ചിരുന്നില്ല . അപാരമായ അറിവുള്ളപ്പോഴും അദ്ദേഹം അതൊരിക്കലും പ്രകടിപ്പിച്ചിരുന്നില്ല. ധനമന്ത്രിയായിരിക്കെ ബജറ്റ് അവതരണത്തിന് ശേഷം നടക്കുന്ന ചാനൽ ചർച്ചകളാണ് ഓർമ്മ വരുന്നത്. ചർച്ചകളിൽ അദ്ദേഹത്തിന് പ്രതിയോഗിയായി എത്താറുള്ളത് ധനമന്ത്രി ഡോ. തോമസ് ഐസക്കായിരുന്നു. ഡോ. ഐസക്കിനെ കാണുമ്പോൾ കണ്ണിറുക്കി ചിരിക്കും. അത് അദ്ദേഹത്തിന്റെ ഹാർദ്ദമായ ഒരു അഭിസംബോധനയാണ്. എന്നും പ്രായോഗികതക്ക് ഒപ്പമായിരുന്നു മാണിസാർ. ഡോ. തോമസ് ഐസക്കിന്റെ ഇക്കണോമിക്സിനോട്  ആദരപൂർവം വിയോജിച്ചുകൊണ്ട് നാട്ടിൻ പുറത്തുകാരനായ ഒരു കാരണവരായി മാണി സാർ മാറുമായിരുന്നു. പക്ഷേ അപ്പോഴും തലകുനിച്ചാണ് അദ്ദേഹം വിയോജിക്കാറുണ്ടായിരുന്നത്.

മാണി സാറിനെ പോലെ  പ്രതിപക്ഷ ബഹുമാനമുള്ള  നേതാക്കൾ കേരളത്തിൽ കുറവാണ്. തലകുനിച്ചുള്ള വിയോജിക്കൽ എന്നാണ് മാണിസാറിന്റെ ശൈലിയെ വിശേഷിപ്പിക്കേണ്ടത്. ആരെയും വ്യക്തിപരമായ തേജോവധം ചെയ്യാൻ അദ്ദേഹം ഒരിക്കലും തയ്യാറായിരുന്നില്ല. ക്ഷമിച്ച് ക്ഷമിച്ചാണ് അദ്ദേഹം ജീവിച്ചത്. തന്റെ മനസ്സിനെ നോവിക്കുന്ന സന്ദർഭങ്ങളിൽ പോലും അദ്ദേഹം പെട്ടിത്തെറിച്ചില്ല. അതായിരുന്നു അദ്ദേഹത്തിന്റെ ആത്മവിശ്വാസം. പക്ഷേ അദ്ദേഹം അതൊക്കെ ആലോചിച്ച് വേദനിച്ചിരുന്നു.

താൻ ആർക്കും മുകളിലാണെന്ന് അദ്ദേഹം കരുതിയിട്ടില്ല.  ഒരിക്കൽ ഒരു പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനിൽ നിന്നും മാണി സാറിന്  ഒരു വിവരം അറിയണം. സമയം രാത്രി വൈകിയിരുന്നു. സാമ്പത്തിക ശാസ്ത്രജ്ഞനെ ഫോണിൽ വിളിക്കാമെന്നു പറഞ്ഞപ്പോൾ സമ്മതിച്ചില്ല. രാത്രി അദ്ദേഹത്തെ നേരിട്ട് കാണണം. സാമ്പത്തിക ശാസ്ത്രജ്ഞന്റെ വീട്ടിൽ കാർ കയറില്ലെന്ന് പറഞ്ഞപ്പോഴാണ് അദ്ദേഹത്തിന് സമാധാനമായത്.


ആകാശത്തോളം ഉയരുമ്പോഴും താൻ ഭൂമിയോളം താഴെയാണെന്ന തിരിച്ചറിവാണ് ഈ മനുഷ്യനെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തനാക്കിയത്. ഫലസമൃദ്ധിയിൽ കൊമ്പുചായ്ച്ച് വിനയാന്വിതമാവുന്ന മരങ്ങളെപോലെ....

സത്യസന്ധമായ ജീവിതമായിരുന്നു മാണി സാറിന്റേത്. തന്റെ തൂവെള്ള ജുബയിൽ തെറ്റിന്റെ കറ വീഴരുതെന്ന നിർബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. ഇതര സംസ്ഥാന ഭാഗ്യക്കുറി മാഫിയയെ സംസ്ഥാനത്ത് നിന്നോടിക്കാൻ അദ്ദേഹം നടത്തിയ നിയമയുദ്ധം ചരിത്രത്തിന്റെ ഭാഗമാണ്.

ഉദ്യോഗസ്ഥരോടുള്ള ഇടപെടലിൽ മാണിസാർ മാലോകർക്കെല്ലാം മാതൃകയാണ്. ഭരണാധികാരിയെന്ന നിലയിൽ കൈക്കൊള്ളേണ്ടിവരുന്ന കടുത്ത തീരുമാനങ്ങളിൽപോലും ഒരു ആർദ്രത മാണിസാറിനെ സ്വാധീനിച്ചിരുന്നു. കെ.എം. മാണിയുടെ പേനത്തുമ്പിൽ മഷിയുടെ നിർജീവതയല്ലയുള്ളത്; സ്നേഹത്തിന്റെ സാന്ത്വനമാണ്.

മന്ത്രിയായപ്പോഴും അല്ലാത്തപ്പോഴും അദ്ദേഹത്തിന്റെ മാധ്യമ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ എനിക്ക് ഭാഗ്യം കിട്ടിയിരുന്നു. വെറും 27 വയസുണ്ടായിരുന്നപ്പോഴാണ് റവന്യൂ-നിയമ മന്ത്രിയായിരുന്ന മാണി സാറിന്റെ അടുത്തെത്തിയത്. അന്ന് ഹൗസിംഗ് കമ്മീഷണറായിരുന്ന ശ്രീ. പി.എം ജോൺ ആണ് അദ്ദേഹത്തിന്റെ അടുക്കൽ എത്തിച്ചത്. ഔദ്യോഗിക വസതിയായ





പ്രശാന്തിന്റെ ഓഫീസ് മുറിയിൽ അദ്ദേഹം എന്റെ വലതു ചുമലിൽ കൈയമർത്തി ചോദിച്ച ഒരു ചോദ്യമുണ്ട്. നീ ലെഫ്റ്റാണോ റൈറ്റാണോ? മനസിലൂടെ ഓടി മറിഞ്ഞത് കോളേജ് കാലത്തെ രാഷ്ട്രീയമായിരുന്നു. അന്തം വിട്ട് കണ്ണ് മിഴിച്ച് നിൽക്കുമ്പോൾ അതാ  വരുന്നു, സാന്ത്വനത്തിന്റെ യമണ്ടൻ ഡയലോഗ്. ലെഫ്റ്റായാലും റൈറ്റായാലും എന്നോട് കമ്മിറ്റഡ് ആയിരിക്കണം. 2019 ഏപ്രിൽ 9 ന് ആ ഇതിഹാസം വിട പറയും വരെയും അത് തുടർന്നു. ആത്മാർത്ഥതക്ക് ഒരു കോട്ടവും തട്ടാതെ.

ഞങ്ങൾ അദ്ദേഹത്തിന് ജീവനക്കാരായിരുന്നില്ല. ഞങ്ങളുടെ കുടുംബകാര്യങ്ങൾ അദ്ദേഹത്തിന്റെയും കുടുംബകാര്യമായിരുന്നു. ഞങ്ങളുടെ സന്തോഷങ്ങൾ അദ്ദേഹത്തിന്റെയും സന്തോഷമായിരുന്നു.ഞങ്ങളുടെ ദുഃഖങ്ങൾ അദ്ദേഹത്തിന്റെയും ദുഃഖങ്ങളായിരുന്നു. എല്ലാറ്റിലും മീതെയായിരുന്നു സ്നേഹത്തിന്റെ ആ കൈയൊപ്പ്.

നിർമ്മമനായ അദ്ദേഹം സന്തോഷംവരുമ്പോൾ തുള്ളിച്ചാടാനും ദുഃഖം വരുമ്പോൾ പൊട്ടിക്കരയാനും തയ്യാറായിരുന്നില്ല. കരിങ്ങോഴക്കൽ വീടിന്റെ പൂമുഖത്തുള്ള ക്രൂശിതരൂപത്തിന് മുമ്പിൽ മുട്ടുകുത്തി എഴുന്നേല്ക്കുമ്പോൾ ആ മുഖത്ത് സമാധാനത്തിന്റെ കാറ്റ് വീശുന്നത് എത്രയോ തവണ കണ്ടിരിക്കുന്നു

കെ.എം. മാണി ഒരു ബ്രാന്റ് നെയിമായിരുന്നു . ബുദ്ധിക്കും വൃത്തിക്കും പര്യായം. നാലുനേരത്തെ കുളിയും മുടിയിലെ ഡൈയും റോസാപ്പൂവുപോലുള്ള മുഖവും തലയിലെ ജെല്ലുമൊക്കെ കുഞ്ഞുങ്ങൾക്കുപോലും ഹൃദിസ്ഥം. വളരുമ്പോൾ പിളരുകയും പിളരുമ്പോൾ വളരുകയും ചെയ്യുന്ന പാർട്ടിയാണ് കേരള കോൺഗ്രസ് എന്ന മാണിയൻ ഡയലോഗ് ഒരു മാസ്  സിനിമയിലേത് പോലെ കൈയടി നേടിയിരുന്നു. മാണിസാറിന്റെ സ്കൂളിൽ നിന്നും രാഷ്ട്രീയം പഠിച്ചവരാരും ജീവിതത്തിൽ തോറ്റിട്ടുമില്ല.

എന്നിട്ടും എന്തുകൊണ്ട് കെ.എം. മാണി മുഖ്യമന്ത്രിയായില്ല എന്നതാണ് ചോദ്യം. 2001 ലെ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് 'കേരളകൗമുദി' ദിനപത്രം രണ്ടുവട്ടം കെ.എം. മാണിയെ മുഖ്യമന്ത്രിയാക്കണമെന്ന് മുഖപ്രസംഗത്തിലൂടെ ആവശ്യപ്പെട്ടു. ഒരു ഇടതുപത്രം ഒരാളെ മുഖ്യമന്ത്രിയാക്കണമെന്ന് പറയുമ്പോൾ ആ വ്യക്തിത്വത്തിന്റെ ഗരിമ നാം തിരിച്ചറിയേണ്ടതല്ലേ. മാണിസാർ മുഖ്യമന്ത്രിയാവാത്തത് ചരിത്രത്തിന്റെ ഒരു കുസൃതിയായി കാണാം. സ്കൂളിൽ പഠിക്കുന്ന കാലത്ത് കോട്ടയം തിരുനക്കരയിൽനിന്ന് താൻ മാണിസാറിന്റെ പ്രസംഗം കേട്ട് കൈയടിച്ചിട്ടുണ്ടെന്ന് പറഞ്ഞ എ.കെ. ആന്റണിയുടെ മന്ത്രിസഭയിലും മാണിസാർ പലവട്ടം മന്ത്രിയായി.

1979 ൽ മുഖ്യമന്ത്രിപദം കപ്പിനും ചുണ്ടിനുമിടയിൽ നഷ്ടപ്പെട്ടു. 2009 ഒക്ടോബറിൽ പാലാ രാമപുരത്ത് നടന്ന ഒരു യോഗത്തിൽ പിന്നീട് മേഘാലയ ഗവർണറായ എം.എം. ജേക്കബ് പറഞ്ഞ ഒരു വാചകം പ്രശസ്ത ഇന്റർനെറ്റ് സൈറ്റായ വിക്കിപീഡിയ രേഖപ്പെടുത്തിയതിങ്ങനെ:"1965 ൽ കെ.എം. മാണി ഇലക്ഷനിൽ മത്സരിക്കുമ്പോൾ അത് കോൺഗ്രസ് ടിക്കറ്റിലാവണമെന്ന് ഞാൻ ഉപദേശിച്ചിരുന്നു. അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ കെ.എം. മാണി എന്നേ കേരള മുഖ്യമന്ത്രിയായേനെ."

1979 ൽ പി.കെ. വാസുദേവൻ നായർ രാജിവച്ചപ്പോൾ കെ.എം. മാണിക്ക് മുഖ്യന്ത്രിപദം കരഗതമാകുമായിരുന്നു. പക്ഷേ സി.എച്ച്. മുഹമ്മദ്കോയ മുഖ്യമന്ത്രിയായി. രണ്ടുമാസത്തിന് ശേഷം സർക്കാരിനുള്ള പിന്തുണ കെ.എം മാണി

വെളിച്ച വിപ്ലവവും സാമൂഹിക ജലസേചന പദ്ധതിയും കർഷക തൊഴിലാളിപെൻഷനും കാരുണ്യയും തുടങ്ങി മലയാളത്തിന്റെ ഹൃത്തടത്തിൽ ഓർത്തുവയ്ക്കാനാവുന്ന ഒരു കൂട്ടം പദ്ധതികളുടെ ഉപജ്ഞാതാവിനെ കേരളം മനസിന്റെ കൂട്ടിലിട്ട് പൂട്ടിയതാണ് പണ്ടേക്ക പണ്ടേ....



കെ.എം. മാണി മന്ത്രിയായിരുന്നപ്പോൾ

പിൻവലിച്ചു. തുടർന്ന് സി.എച്ച്. രാജിവെച്ചു. ഇതിനുശേഷവും മുഖ്യമന്ത്രിയാവാൻ അവസരം ലഭിച്ചെങ്കിലും കോൺഗ്രസ് പാർട്ടിയുടെ ഇടപെടൽ കാരണം സാധിക്കാതെ പോയി. 2014 ൽ ബാർക്കോഴ ആരോപണം ഉണ്ടായില്ലായിരുന്നെങ്കിൽ കെ.എം മാണി ഇടത് പിന്തുണയോടെ കേരളത്തിന്റെ മുഖ്യമന്ത്രിയാവുമായിരുന്നു എന്ന് വിശ്വസിക്കുന്നവർ നിരവധിയുണ്ട്.

2009 ൽ കെ.എം. മാണിക്ക് ലഭിച്ച പി.ആർ. ഫ്രാൻസിസ് അവാർഡ് സമ്മാനിച്ച് ഉമ്മൻചാണ്ടി നടത്തിയ പ്രസംഗത്തിൽ കെ.എം. മാണിയെ കോൺഗ്രസിലേക്ക് ക്ഷണിച്ചെങ്കിലും അദ്ദേഹം ക്ഷണം നിരാകരിച്ചു.

ഒരാൽമരംപോലെ ഉയർന്നുനിന്ന കെ.എം. മാണിക്ക് വൈരനിര്യാതന ബുദ്ധിയില്ല. സ്ഥായിയായ പകയും ദേഷ്യവുമില്ല. തന്നെ എത്രയോ പതിറ്റാണ്ടുകളായി എതിർത്തിരുന്ന പി.സി. ജോർജ്ജും പി.ജെ. ജോസഫും തനിക്കൊപ്പം വന്നപ്പോഴും കെ.എം. മാണി നിർമ്മമനായി നിന്നു. ഇത്തരമൊരു നിസ്സംഗത ഒരു സ്ഥിതപ്രജ്ഞന് മാത്രം സാധിക്കുന്നതാണ്.

എല്ലാ മതങ്ങൾക്കും ഒരേപോലെ സ്വീകാര്യനാണ് അദ്ദേഹം. പരിശുദ്ധ പിതാക്കന്മാർക്കും ഇമാമുകൾക്കും എൻ.എസ്.എസിനും എസ്. എൻ . ഡി പിക്കും എന്നുവേണ്ട എല്ലാവർക്കും സുസ്സമ്മതൻ.

മീനച്ചിലാറിന് വ്യത്യസ്ത ജാതിമതങ്ങളെ വാരിപുണരാനാവുമെന്നാണ് മാണി വിശ്വസിച്ചത്. വ്യക്തിജീവിതത്തിൽ കെ.എം. മാണിക്ക് കർക്കശമായ ജീവിതചര്യകളുണ്ടായിരുന്നില്ല. ജീവിതചര്യകൾ സൂക്ഷിക്കാൻ സമയമില്ലെന്നതായിരുന്നു സത്യം. പക്ഷേ കടുത്ത ഈശ്വരവിശ്വാസിയായിരുന്നു. തന്നെ ദൈവം നടത്തിക്കുന്നു എന്ന് ഈ സത്യക്രിസ്ത്യാനി വിശ്വസിച്ചു. അതിലുപരി പത്താളെ സഹായിച്ചാൽ പതിനൊന്നാമൻ തന്നെ സഹായിക്കുമെന്ന കഠിനവിശ്വാസവും മാണി സാറിന് തുണയായിരുന്നു. അതുകൊണ്ടുതന്നെ ലോകമെമ്പാടും കെ.എം. മാണിക്ക് ലക്ഷക്കണക്കിന് ആരാധകരുണ്ട്. അവർ മാണിക്കാരൻ പിള്ളേര് എന്ന പേരിൽ മാണിക്ക് പിന്നാലെ നടന്നു.

എപ്പോഴും പ്രസന്നനായിരിക്കാൻ ഇഷ്ടപ്പെട്ടിരുന്ന കെ.എം. മാണി നല്ലൊരു സംഗീതാസ്വാദകനായിരുന്നു. പാട്ടു കേട്ടുറങ്ങാനായിരുന്നു ഇഷ്ടം. പാട്ടിൽ മെലഡിയോടാണ് പ്രിയം. സിനിമ കാണാറുണ്ടായിരുന്നു. സിനിമ കാണുമ്പോൾ നായനാരെ പോലെയായിരുന്നു. ഇഷ്ടപ്പെടുന്ന സീനുകൾ കാണുമ്പോൾ പൊട്ടിപ്പൊട്ടി ചിരിക്കും. നിരവധി സിനിമാക്കാരുമായി സൗഹൃദവുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിയോഗ വാർത്തയറിഞ്ഞ് ഒരു നോക്ക് കാണാൻ മമ്മൂട്ടി ഓടിയെത്തിയതും ബന്ധത്തിന്റെ തീവ്രത കൊണ്ടായിരുന്നു.

ഇമേജിൽ കടുത്ത ശ്രദ്ധാലുവായിരുന്നു അദ്ദേഹം. 2015 ന്റെ അന്ത്യ പാദത്തിൽ മന്ത്രി സ്ഥാനം വിട്ടിറങ്ങിയതോടെ അദ്ദേഹം മാനസികമായി തളർന്നു. താൻ കൈവരിച്ച എല്ലാ നേട്ടങ്ങളും ഒരു വ്യാജ മിഠായിയിൽ അലിഞ്ഞില്ലാതാകുന്നത് അദ്ദേഹം അറിയുന്നുണ്ടായിരുന്നു. കാവിലുംപാറയിലെ കടത്തിണ്ണയിൽ ഹൃദയം പൊട്ടി വീണ് മരിച്ച പി ടി ചാക്കോയെ പോലെ കെ.എം. മാണിയും പോയി. അത് പി ടി ചാക്കോയുടെ ജന്മദിനത്തിലായത് തീർത്തും യാദൃശ്ചികമല്ല.

മകൻ, ജോസ് കെ.മാണി രാഷ്ട്രീയത്തിന്റെ വഴി തെരഞ്ഞെടുത്ത പ്പോൾ കെ.എം. മാണി വിയോജിച്ചില്ല. പുതിയ ചെറുപ്പക്കാർ രാഷ്ട്രീയത്തിലേക്ക് വരണമെന്നതായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം.

കാരുണ്യ എന്ന പേരിൽ ഒരു ഭാഗ്യക്കുറി തുടങ്ങണമെന്ന ആഗ്രഹം അദ്ദേഹം ഒരു പാടുകാലം കൊണ്ടു നടന്നതാണ്. മാരക രോഗങ്ങളുണ്ടാകുമ്പോൾ പണമില്ലാത്തതിന്റെ പേരിൽ ആരും മരിക്കരുത് എന്ന ആഗ്രഹത്തിൽ നിന്നാണ് അദ്ദേഹം കാരുണ്യ എന്ന പേരിൽ ഭാഗ്യക്കുറി തുടങ്ങിയത്.. ഭാഗ്യക്കുറി പ്രഖ്യാപനത്തിന് ആഴ്ചകൾക്ക് മുമ്പേ മാണിസാർ മണിക്കൂറുകളോളം ആലോചനയിലാണ്ടു .

ക്രിസ്തുവിനോട് ചേർന്നു നിൽക്കുന്ന 'കാരുണ്യ പദ്ധതി' രാജ്യചരിത്രത്തിലെ ആദ്യ ചുവടുവയ്പായിരുന്നു. അർബുദവും ഹൃദ്രോഗവും വന്നവർ പണം മുടക്കാതെ സുഖപ്പെട്ട് നിന്ന് പൊന്നുതമ്പുരാനോട് പ്രാർത്ഥിച്ചു, കർത്താവേ ഇത്തരത്തിൽ ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കാൻ കെ.എം മാണിക്ക് ദീർഘായുസ് നൽകേണമേ...

കാരുണ്യ പോലെ മാണിസാർ മനസിൽ കൊണ്ടു നടന്ന രണ്ടു പദ്ധതികളായിരുന്നു സ്വയം സംരംഭക മിഷനും മംഗല്യനിധിയും. തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് 20 ലക്ഷം വരെ പലിശരഹിത വായ്പ നൽകുന്ന പദ്ധതിയായിരുന്നു ആദ്യത്തേത്. പണമില്ലാത്ത പെൺമക്കളുടെ വിവാഹത്തിന് പണമുള്ളവരിൽ നിന്നും പണം കണ്ടെത്തി സഹായിക്കുന്ന പദ്ധതിയായിരുന്നു അടുത്തത്. എന്നാൽ നിയമത്തിന്റെ നൂലാമാലകളിൽ കുരുങ്ങി പദ്ധതി മുടങ്ങിയപ്പോൾ മാണിസാർ വല്ലാതെ വേദനിച്ചു.

നിയമസഭാ സുവർണ ജൂബിലി ആഘോഷിക്കാൻ തയ്യാറെടുക്കുന്നതിനിടയിലാണ് മാണി സാറിനെതിരെ ആരോപണം ഉയർന്നത്. മന്ത്രി സ്ഥാനം ത്യജിച്ച് പാലായിലെത്തിയ മാണിസാർ ശാരീരികമായും മാനസികമായും തകർന്നു. പൊതുവേ അനാരോഗ്യവാനായിരുന്നു അദ്ദേഹം. ഇതോടെ ആരോഗ്യം കൂടുതൽ ശോഷിച്ചു. തുടർച്ചയായ നിയമ യുദ്ധം ആത്മവിശ്വാസം ഇല്ലാതാക്കി. ദിവസങ്ങളും ആഴ്ചകളും അദ്ദേഹം ആശുപത്രിയിൽ കഴിഞ്ഞു. എല്ലാവരും അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിച്ചു. കേരളം കെ.എം. മാണിക്കൊപ്പം നിന്നു. അദ്ദേഹത്തോട് ചേർന്നു നിന്നു.

വെളിച്ച വിപ്ലവവും സാമൂഹിക ജലസേചന പദ്ധതിയും കർഷക തൊഴിലാളിപെൻഷനും കാരുണ്യയും തുടങ്ങി മലയാളത്തിന്റെ ഹൃത്തടത്തിൽ ഓർത്തുവയ്ക്കാനാവുന്ന ഒരു കൂട്ടം പദ്ധതികളുടെ ഉപജ്ഞാതാവിനെ കേരളം മനസിന്റെ കൂട്ടിലിട്ട് പൂട്ടിയതാണ് പണ്ടേക്ക പണ്ടേ....

ഒടുവിൽ അദ്ദേഹം വേദനയോടെ മടങ്ങിപ്പോയി. മുപ്പതു മണിക്കൂർ നീണ്ടു നിന്ന ഒരു യാത്രയയപ്പ് നൽകി കേരളം ആ മനുഷ്യനോട് പ്രായശ്ചിത്തം ചെയ്തു.

**(കെ.എം.മാണി മന്ത്രിയായിരുന്നപ്പോൾ പി.ആർ.ഒ. ആയിരുന്ന ലേഖകൻ)**





# പ്രിയങ്കരം ആ വഴികൾ



**ജോസ് കെ.മാണി**

മുൻ എം.പി.

ഹൃദ്യമായ ഓർമ്മകളാണ് അച്ചാച്ചനെപ്പറ്റി എനിക്കുള്ളത്. ഞാൻ ജനിച്ച് ഒരുവർഷം കഴിഞ്ഞപ്പോൾ അച്ചാച്ചൻ ആദ്യമായി പാലായിൽ നിന്നും ജയിച്ച് നിയമസഭയിലെത്തി. വളരെ തിരക്കുള്ള, ആൾക്കൂട്ടങ്ങൾക്കു നടുവിൽ നില്ക്കുന്ന അച്ചാച്ചന്റെ ചിത്രമാണ് എന്റെ ഓർമ്മയിൽ ഉള്ളത്. വീട്ടിലെപ്പോഴും സന്ദർശകരും തിരക്കും.  ശുഭ്രവസ്ത്രധാരിയായി എപ്പോഴും പ്രസരിപ്പോടെ തനിക്കു ചുറ്റുമുള്ളവരിലേക്ക് ചൈതന്യം പകർന്നു കൊണ്ട് ഓടി നടക്കുന്ന പിതാവിന്റെ സ്മരണക്ക് ഇപ്പോഴും മങ്ങലേറ്റിട്ടില്ല. .

എന്റെ പഠനകാര്യങ്ങളിൽ അച്ചാച്ചൻ നന്നായി ശ്രദ്ധിച്ചിരുന്നു.  എന്നാൽ എന്തെങ്കിലും കാര്യത്തിൽ വഴക്ക് പറഞ്ഞ് വിഷമിപ്പിച്ചിരുന്നില്ല. അതേ സമയം ചില കാര്യങ്ങൾ കൃത്യമായി ഓർമ്മിപ്പിക്കും. നല്ല കാര്യങ്ങൾ കണ്ടാൽ കലവറയില്ലാതെ അഭിനന്ദിക്കും; അത് എന്നോടുമാത്രമല്ല, കുടുംബാംഗങ്ങളോ സ്നേഹിതരോ ആരെന്നില്ല, എത്ര നിസ്സാരമെന്നു തോന്നുന്ന ഒരു കാര്യമാണെങ്കിലും അത് ഭംഗിയായി ചെയ്താൽ അദ്ദേഹം പൂർണ്ണ മനസ്സോടെ അഭിനന്ദിക്കാറുണ്ടായിരുന്നു. നന്നായി വേഷം ധരിച്ചു നില്ക്കുന്നതിന്, ഭക്ഷണത്തിന്റെ രുചി സംബന്ധിച്ച് അമ്മയോട്..... അഭിനന്ദിക്കുവാൻ പിശുക്കുകാണിക്കാത്ത വിശാലമായ മനസ്സായിരുന്നു അച്ചാച്ചന്റേത്.


ഏർക്കാട് സ്കൂളിൽ അച്ചാച്ചൻ പലപ്പോഴും എന്നെ കാണാൻ എത്തുമായിരുന്നു. അപ്രതീക്ഷിതമായിരുന്നു അത്തരം സന്ദർശനങ്ങൾ. ഒന്നു രണ്ടു തവണ സ്കൂളിൽ മുഖ്യാതിഥിയായും അച്ചാച്ചൻ പങ്കെടുക്കുകയുണ്ടായി. ഞാൻ ഹോസ്റ്റലിലാണെങ്കിലും നാട്ടിലെ വിവരങ്ങൾ കൃത്യമായി മനസ്സിലാക്കിയിരിക്കണം എന്ന് അച്ചാച്ചന് നിർബന്ധമുണ്ടായിരുന്നു. എപ്പോഴും വായിക്കാൻ പ്രേരിപ്പിക്കുന്ന ശീലവും അദ്ദേഹത്തിനുണ്ടായിരുന്നു; Reading is to the mind what exercise is to the body എന്ന് അദ്ദേഹം കരുതിയിരുന്നു.

അച്ചാച്ചനോടൊപ്പമുള്ള യാത്രകളിൽ അദ്ദേഹം പലപ്പോഴും ഒന്നാന്തരം ഒരധ്യാപകനായിമാറും. ചുറ്റുമുള്ള ഏതു കാഴ്ചകളെപ്പറ്റിയും മറ്റുള്ളവർക്ക് പ്രയോജനകരമാകും വിധം അദ്ദേഹം വിശദീകരിക്കും;  വിദേശ യാത്രകളിലാണെങ്കിൽ തനിക്കജ്ഞാതമായ ഏതു കാര്യത്തെപ്പറ്റിയും അദ്ദേഹം ചോദിച്ചറിയും. നീണ്ട കാർ യാത്രകളിൽ പാട്ടുകേൾക്കാൻ അദ്ദേഹം താല്പര്യപ്പെട്ടിരുന്നു. അർത്ഥമൂല്യമുള്ള ശോക ഭാവമുള്ള ഹിന്ദി ഗാനങ്ങളായിരുന്നു ഏറെ പ്രിയങ്കരം; ലതാമങ്കേഷ്കർ, റാഫി, യേശുദാസ്.. ഇവരൊക്കെയായിരുന്നു പ്രിയപ്പെട്ട ഗായകർ.  ചെറുപ്പത്തിൽ വേളാങ്കണ്ണിയിലേക്കുള്ള പതിവ് യാത്രകൾ ഓർമ്മയിലെത്താറുണ്ട്. മാതാവിനോടുള്ള ഭക്തി എക്കാലത്തും അച്ചാച്ചന്റെ ശക്തിയായിരുന്നു. വർഷത്തിൽ പലവട്ടം അച്ചാച്ചന്റെ കൂടെ

മറ്റ് കുടുംബാംഗങ്ങൾക്കൊപ്പം ഞാൻ വേളാങ്കണ്ണിയിൽ പോകുമായിരുന്നു. ആദ്യമായി ഞാൻ വേളാങ്കണ്ണിയിൽ പോകുന്നതും അച്ചാച്ചനൊപ്പമായിരുന്നു. ഇപ്പോഴും ആ പതിവ് ഞാൻ മുടക്കിയിട്ടില്ല; വർഷത്തിൽ രണ്ടു തവണയെങ്കിലും. വേളാങ്കണ്ണിയിലേക്കുള്ള യാത്രകളിൽ അച്ചാച്ചൻ പഠിച്ച തൃച്ചി (Trichi) സെന്റ്ജോസഫ്സ് കോളജ് കാലവും കോളജ് വിശേഷങ്ങളുമൊക്കെ പങ്കു വക്കുമായിരുന്നു; മികച്ച അഭിഭാഷകൻ മാത്രമല്ല മികച്ച അധ്യാപകൻ കൂടിയാണ് അച്ചാച്ചൻ എന്നു തോന്നിയിട്ടുണ്ട്. മറ്റുള്ളവരിൽ സ്വാധീനം ചെലുത്താനുള്ള കഴിവ് ഓർത്തുകൊണ്ടാണിങ്ങനെ പറയുന്നത്; Great Teacher inspires...എന്നാണല്ലോ.

ഏതു പ്രതിസന്ധിയേയും മറികടക്കാൻ ദൈവാശ്രയം അദ്ദേഹത്തിനു കരുത്തു നല്കി. വിഷമങ്ങളൊന്നും പ്രകടിപ്പിക്കുന്ന പ്രകൃതമായിരുന്നില്ല അദ്ദേഹത്തിന്റേത്. എല്ലാം ഉള്ളിലൊതുക്കി ആഹ്ലാദവാനായി മറ്റുള്ളവർക്കു മുന്നിൽ പ്രത്യക്ഷപ്പെടാനായിരുന്നു അദ്ദേഹത്തിനിഷ്ടം. , അതേ വിധം, മറ്റൊരു തലത്തിൽ, തന്നോടൊപ്പമുള്ളവരേയും അപരിചിതരേയും സുപരിചിതരേയും അദ്ദേഹം തന്നിലേക്കാകർഷിച്ചു കൊണ്ടിരുന്നു. കാരുണ്യവും സ്നേഹ പ്രകൃതവുമായിരുന്നു ദൈവം അദ്ദേഹത്തിനു നല്കിയ അനുഗ്രഹ പൂർണ്ണമായ പ്രത്യേകതകൾ.

ബന്ധങ്ങളുടെ വില അദ്ദേഹത്തിന്റെ ജീവിത സമീപനങ്ങളിൽ പ്രധാനമായിരുന്നു. കുടുംബാംഗങ്ങളോടുള്ള അടുപ്പത്തിലും പെരുമാറ്റത്തിലും മാത്രം ഒതുങ്ങുന്നതായിരുന്നില്ല അത്. ബന്ധുക്കൾ, പരിചയക്കാർ, അടുപ്പക്കാർ, സാധാരണക്കാർ അങ്ങനെ ഇടപെടുന്ന ആരുടേയും ജീവിതത്തിൽ അവർക്കു സ്വന്തമെന്നു ബോധ്യമാകാൻ പറ്റിയ വിധമുള്ള സ്വാഭാവികമായ പെരുമാറ്റമായിരുന്നു അദ്ദേഹത്തിന്റെ ആകർഷണീയത. വീട്ടിലേക്ക് കയറി വരുമ്പോഴുള്ള രീതി ഞാൻ എപ്പോഴും ഓർക്കാറുണ്ട്; ഏത് സമയത്ത് വീട്ടിലേക്ക്



**ബന്ധങ്ങളുടെ വില അദ്ദേഹത്തിന്റെ ജീവിത സമീപനങ്ങളിൽ പ്രധാനമായിരുന്നു. കുടുംബാംഗങ്ങളോടുള്ള അടുപ്പത്തിലും പെരുമാറ്റത്തിലും മാത്രം ഒതുങ്ങുന്നതായിരുന്നില്ല അത്. ബന്ധുക്കൾ, പരിചയക്കാർ, അടുപ്പക്കാർ, സാധാരണക്കാർ അങ്ങനെ ഇടപെടുന്ന ആരുടേയും ജീവിതത്തിൽ അവർക്കു സ്വന്തമെന്നു ബോധ്യമാകാൻ പറ്റിയ വിധമുള്ള സ്വാഭാവികമായ പെരുമാറ്റമായിരുന്നു അദ്ദേഹത്തിന്റെ ആകർഷണീയത.**


എത്തിയാലും വീട്ടിലുള്ളവരുടെ പേരുവിളിച്ചുകൊണ്ട് ആഹ്ലാദവാനായാണ് അദ്ദേഹം കടന്നു വരിക. അതുവരെ ഉണ്ടായിരുന്ന ഗൃഹാന്തരീക്ഷം, അച്ചാച്ചന്റെ കടന്നുവരവോടെ പെട്ടന്നങ്ങുമാറും. തികച്ചും സ്വാഭാവികമായ സ്നേഹ പ്രകടനങ്ങളാണവ. ബന്ധങ്ങൾ ഉണ്ടാക്കുന്നതിനേക്കാൾ നിലനിർത്തുന്നതാണല്ലോ ശ്രമകരം. അകന്ന ഒരു ബന്ധുവിന്റെ കല്യാണത്തിനു പോലും അദ്ദേഹം കൃത്യമായി പങ്കെടുക്കാൻ ശ്രദ്ധിച്ചിരുന്നു. ബന്ധങ്ങൾ തേച്ചുമിനുക്കുന്നതിലായിരുന്നു മികവ്; ചിലപ്പോൾ ചില ചടങ്ങുകൾക്ക് അദ്ദേഹത്തിന് പങ്കെടുക്കാൻ കഴിഞ്ഞില്ലെന്നിരിക്കട്ടെ, ഫോൺ വിളികളിലൂടെ ആ കുറവ് പരിഹരിക്കാനാകും ശ്രമം; വാത്സല്യം തുളുമ്പുന്ന ആ ഫോൺ വിളിയിൽ ആർക്കെങ്കിലും നേരിയ പരിഭവമുണ്ടെങ്കിൽ പോലും അത് അലിഞ്ഞുതീരുമായിരുന്നു. പിതാവ് എന്ന നിലയിൽ ഉപദേശങ്ങൾ അദ്ദേഹത്തിന്റെ പ്രവൃത്തികൾ തന്നെയായിരുന്നു.



ഏതൊരാൾക്കും ഒരു ദിവസം എന്നാൽ 24 മണിക്കൂർ തന്നെയാണ്. ഈ ഇരുപത്തിനാല് മണിക്കൂറിനെ ഓരോരുത്തരും എങ്ങനെ വിനിയോഗിക്കുന്നുവെന്നതാണല്ലോ പ്രധാനം.സമയം കണ്ടെത്തലും അതിന്റെ വിനിയോഗവും ഫലപ്രദമാക്കാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. മാതൃകാപരമായ ആ സമയ വിനിയോഗം അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന് ചൈതന്യം പകർന്നിരുന്നു. അദ്ദേഹത്തെ കാണാനെത്തുന്ന നൂറുകണക്കിനു പേരിൽ ആരും നിരാശരോ അതൃപ്തരോ ആയി മടങ്ങുന്നതു കണ്ടിട്ടില്ല. ഒരാളിനൊപ്പം എത്ര സമയം ചെലവഴിച്ചു എന്നതല്ല, കിട്ടുന്ന സമയത്തിനുള്ളിൽ ആ വ്യക്തിയുമായുള്ള ഇടപെടൽ, സംഭാഷണം എത്രമാത്രം അർത്ഥവത്താക്കി (meaningful) തീർക്കുന്നുവെന്നതായിരുന്നു അദ്ദേഹത്തിനു പ്രധാനം. സംഘടനാ പ്രവർത്തനം, ജനപ്രതിനിധിയെന്ന നിലയ്ക്കുള്ള ഉത്തരവാദിത്വം, ഭരണകർത്താവ് എന്ന നിലക്കുള്ള തിരക്ക്, കുടുംബനാഥന്റെ ഉത്തരവാദിത്വങ്ങൾ ഇത്തരം യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിച്ചതും കൈകാര്യം ചെയ്തതും കാര്യമായ സമയ വിനിയോഗത്തിലൂടെയായിരുന്നു. മറ്റുള്ളവർക്ക് ഒരു പക്ഷെ തീർത്തും നിസ്സാരമെന്നു തോന്നുന്ന കാര്യങ്ങളിൽ പോലും അദ്ദേഹത്തിന് ശ്രദ്ധചെലുത്താൻ സാധിക്കുമായിരുന്നത് തന്റെ യുക്തിസഹമായ സമയ ക്രമീകരണ മികവുകൊണ്ടായിരുന്നു. സ്വന്തം സമയം പോലെ തന്നെ മറ്റുള്ളവരുടെ സമയത്തിനും വിലയുണ്ടെന്ന തിരിച്ചറിവിലായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ. സമയം സംബന്ധിച്ച മൂല്യബോധം ജീവിത വിജയത്തിൽ വലിയ പങ്കുവഹിച്ചിരുന്നുവെന്ന് നിസ്സംശയം പറയാം.

ഏതു വിഷയത്തെ സമീപിക്കുമ്പോഴും, അത് ചെറുതാകാം വലുതാകാം, അദ്ദേഹം നടത്തുന്ന തയ്യാറെടുപ്പുകൾ താരതമ്യത്തിനും അപ്പുറത്താണ്. നിയമസഭാ സമ്മേളനത്തിൽ, ബില്ലിന്റെ ചർച്ചയിലും പ്രധാന പ്രസംഗത്തിലും, ചോദ്യം ചോദിക്കുവാനുള്ള





ഒരുക്കത്തിലുമൊക്കെ തന്നെ തയ്യാറെടുപ്പുകൾ സമാനമായിരിക്കും. അത്തരം തയ്യാറെടുപ്പുകളെ മൂന്നു തരത്തിൽ നിരീക്ഷിക്കാമെന്ന് തോന്നുന്നു ഇൻഫർമേഷൻ, പ്രസന്റേഷൻ, സാറ്റിസ് ഫാക്ഷൻ...... താൻ എഴുതാനോ പ്രസന്റ് ചെയ്യാനോ ഉദ്ദേശിക്കുന്ന ഒരു വിഷയം സംബന്ധിച്ച ഇൻഫർമേഷൻ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തിക്കൊണ്ട് അദ്ദേഹം സ്വാംശീകരിക്കുന്നു. പത്രവാർത്തകളിൽ തുടങ്ങി ആധികാരിക ഗ്രന്ഥങ്ങളുടേയും വിദഗ്ധരുടേയും പിന്തുണയും അഭിപ്രായവും വിവരങ്ങൾ സമാഹരിക്കുന്ന കാര്യത്തിൽ അദ്ദേഹം സ്വീകരിക്കുമായിരുന്നു. എഴുത്തും പ്രസംഗവും അവതരണവും തികച്ചും പെർഫക്ടായിരിക്കണം, പ്രൊഫഷണൽ ശൈലിയുണ്ടാകണം എന്നാഗ്രഹിച്ചിരുന്നു. യാത്രയിൽ പോലും ഒരു പ്രത്യേക വാക്ക്, ഇൻഫർമേഷൻ, മനസ്സിലുടക്കിയ ഒരു പോയന്റ് അത് അദ്ദേഹം ഉടൻ കുറിച്ചിടും; ഒരു തുണ്ട് കടലാസ്സിലാകാം, ഡയറിയിലാകാം എവിടെയും.ഉത്സാഹിയായ, സമർത്ഥനായ ഒരു വിദ്യാർത്ഥിയെപ്പോലെയായിരുന്നു അദ്ദേഹത്തിന്റെ ജ്ഞാനാഭിമുഖ്യം; ഇത്തരം തയ്യാറെടുപ്പുകൾക്കു വേണ്ടി സമയം കണ്ടെത്താൻ നടത്തിയ പ്ലാനിംഗ് അഥവാ ആസൂത്രണം പലപ്പോഴും അത്ഭുതപ്പെടുത്തിയിട്ടുണ്ട്. മണ്ഡലത്തിലെ തിരക്കിട്ട പരിപാടികളിലാണെങ്കിൽ പോലും അദ്ദേഹം പ്രവർത്തകരെ ഇടയ്ക്കിടെ ഓർമ്മിക്കുന്നുണ്ടാകും; വൈകിപ്പിക്കരുത് നാളെ നിയമസഭയുള്ളതാണ്; പ്രിപ്പെയർ ചെയ്യാനുണ്ട്...

ചിലപ്പോൾ മണ്ഡലത്തിലെ വിവിധ പരിപാടികൾക്ക് സമയം നല്കുമ്പോഴും അദ്ദേഹം പ്രവർത്തകരെയും സംഘാടകരെയും അടുത്ത ദിവസത്തെ നിയമസഭയിലെ ദൗത്യത്തെ ഓർമ്മിപ്പിക്കുന്നുണ്ടാവും. വൈകി, പാലായിൽ നിന്നും തിരുവനന്തപുരത്തേക്ക് യാത്ര തിരിച്ചുവെന്നു കരുതുക, തിരുവനന്തപുരത്ത് എത്തിയാൽ തന്നെ അടുത്ത ദിവസത്തേക്കുള്ള പ്രസംഗത്തിന്റേയോ അവതരണത്തിന്റേയോ തയ്യാറെടുപ്പുകൾ പൂർത്തിയാക്കിയിട്ടേ ഉറങ്ങാൻ കിടക്കുകയുള്ളൂ. അനുനിമിഷം ജാഗ്രതയുള്ള മനസ്സായിരുന്നു.

പലപ്പോഴും വാർത്താക്കുറിപ്പുകൾ തയ്യാറാക്കിയ ശേഷം കാണിക്കുമ്പോൾ പ്രകടമാക്കിയിട്ടുള്ള ശ്രദ്ധ എന്റെ ഓർമ്മയിലുണ്ട്. പ്രത്യക്ഷത്തിൽ ആ പ്രസ്താവനയും വാർത്താക്കുറിപ്പുമൊക്കെ വളരെ കൃത്യമായിരിക്കും. അദ്ദേഹം അത് പരിശോധിക്കും. കുത്തും കോമയും പോലും ശരിയായ വിധമാണോ എന്നുവരെ ഉറപ്പുവരുത്തുമായിരുന്നു. പരിശോധനയ്ക്കു നല്കുന്ന ഒരുകുറിപ്പ് തിരികെ നല്കുമ്പോൾ അത് തീർത്തും പുതിയതായി തോന്നുമായിരുന്നു; ഫോക്കസ്ഡ് ആയ സംക്ഷിപ്തരൂപത്തിലുള്ള ഒന്നായിതീർന്നിരിക്കും അത്. നിയമസഭയിൽ മാത്രമല്ല ചെറുതും വലുതുമായ ഏതു യോഗങ്ങളിലും അദ്ദേഹം പങ്കെടുക്കുന്നത് ആവശ്യമായ ഗൃഹപാഠം ചെയ്തുകൊണ്ടായിരിക്കും. എന്നാൽ അതേ സമയം സാഹചര്യത്തിന് അനുഗുണമായ രീതിയിൽ തന്റെ ശൈലിയിൽ അദ്ദേഹം മാറ്റം വരുത്തുകയും ചെയ്തു പോന്നു. യുവതലമുറയോടൊപ്പം സംവാദിക്കുമ്പോൾ അതിന് അനുയോജ്യമായ വാക്കുകളും പ്രയോഗങ്ങളും അദ്ദേഹത്തിൽ നിന്ന് ഉണ്ടാകുമായിരുന്നു; ഒറ്റ സ്പാർക്കിൽ ചിലപ്പോൾ ഒരു പോയന്റ് അദ്ദേഹത്തിന് കിട്ടും. അടുത്ത ക്ഷണംകൊണ്ട് ആ പോയന്റ് അദ്ദേഹം വികസിപ്പിച്ചെടുക്കും. നിരീക്ഷണവും ഏകാഗ്രതയും കൊണ്ടാണ് ഇതൊക്കെ സാധിച്ചിരുന്നത്. ഒരു കാലത്ത് അദ്ദേഹത്തിന്റെ 'അഡീഷണാലിറ്റി' എന്ന പ്രയോഗം ഏറെ ചർച്ച ചെയ്യപ്പെട്ടത് ഞാനോർക്കുന്നു. നിരന്തരം മാധ്യമങ്ങളിൽ കാർട്ടൂണുകളായി ആ പ്രയോഗത്തിന് തുടർ ചലനങ്ങളുണ്ടായിക്കൊണ്ടിരിക്കുന്നു. Additionality ക്ക് ഇപ്പോൾ കേംബ്രിഡ്ജ് ഡിക്ഷനറിയിലുള്ള അർത്ഥം 'The situation in which a Government or Organisation is able to get money for a project from another Government or Organisation.... എന്നാണ് അന്ന് ഇതു പ്രയോഗിക്കുമ്പോൾ ഈ വാക്ക് നമ്മുടെ ദൈനംദിന വ്യവഹാരങ്ങളിലോ



കെ എം മാണിയും ഭാര്യ കുട്ടിയമ്മയും

**അച്ചാച്ചന്റെ പ്രസിദ്ധമായ മറ്റൊരു പ്രയോഗം കേരളാ കോൺഗ്രസിന്റെ ഒരു നിർവ്വചനമാണ്. 'വളരും തോറും പിളരുകയും പിളരും തോറും വളരുകയും ചെയ്യുന്ന പാർട്ടി' എന്ന വിശേഷണം. മാധ്യമങ്ങൾ മിക്കപ്പേഴും ഈ ഉദ്ധരണി ആവർത്തിക്കുന്നതു കാണാം. എന്നാൽ കേവലമായ ഒരർത്ഥമല്ല ഈ നിർവ്വചനത്തിൽ അവശേഷിപ്പിച്ചിട്ടുള്ളത്. പിളരാൻ സാധ്യതയുള്ളപ്പോൾ കൂടുതൽ ജാഗ്രത പുലർത്തണം എന്നൊരർത്ഥം കൂടി ആ നിർവ്വചനത്തിനു പിന്നിലുണ്ട്. പിളർന്നാൽ ചിലപ്പോൾ വളരുമായിരിക്കും; പിളർപ്പില്ലാത്ത വളർച്ചയാണ് അഭികാമ്യം എന്ന ബോധ്യപ്പെടുത്തൽകൂടി ആ നിർവ്വചനത്തിനു പിന്നിലുണ്ട്.**

നിയമസഭാവേദികളിലോ സുപരിചിതമായിരുന്നില്ല.

അച്ചാച്ചന്റെ പ്രസിദ്ധമായ മറ്റൊരു പ്രയോഗം കേരളാ കോൺഗ്രസിന്റെ ഒരു നിർവ്വചനമാണ്. 'വളരും തോറും പിളരുകയും പിളരും തോറും വളരുകയും ചെയ്യുന്ന പാർട്ടി' എന്ന വിശേഷണം. മാധ്യമങ്ങൾ മിക്കപ്പോഴും ഈ ഉദ്ധരണി ആവർത്തിക്കുന്നതു കാണാം. എന്നാൽ കേവലമായ ഒരർത്ഥമല്ല ഈ നിർവ്വചനത്തിൽ അവശേഷിപ്പിച്ചിട്ടുള്ളത്. പിളരാൻ സാധ്യതയുള്ളപ്പോൾ കൂടുതൽ ജാഗ്രത പുലർത്തണം എന്നൊരർത്ഥം കൂടി ആ നിർവ്വചനത്തിനു പിന്നിലുണ്ട്. പിളർന്നാൽ ചിലപ്പോൾ വളരുമായിരിക്കും; പിളർപ്പില്ലാത്ത വളർച്ചയാണ് അഭികാമ്യം എന്ന ബോധ്യപ്പെടുത്തൽകൂടി ആ നിർവ്വചനത്തിനു പിന്നിലുണ്ട്.

മറ്റൊരിക്കൽ എ.കെ.ആന്റണിക്കൊപ്പം അദ്ദേഹം പങ്കെടുത്ത ഒരു പ്രചരണ ജാഥയിൽ പൊടുന്നനെ ഒരു പ്രയോഗം നടത്തി : either mend it or end it; ശക്തമായ ഒരു മുന്നറിയപ്പുപോലെ പ്രശ്നം ഉടൻ തീർക്കുക എന്ന അർത്ഥത്തിന് കൂടുതൽ ചാരുത നല്കിക്കൊണ്ടുള്ള പ്രയോഗമായിരുന്നു അത്. ഇത്തരം വാക്കുകളും പ്രയോഗങ്ങളും നിരീക്ഷണങ്ങളുമൊക്കെ പലപ്പോഴും സ്വഭാവികമായി അദ്ദേഹത്തിൽ വന്നു ചേരുകയായിരുന്നു പതിവ്.

'വിഷൻ' ആണ് ഏതൊരു വ്യക്തിയുടേയും മികവിന്റെ മാറ്റ് വർദ്ധിപ്പിക്കുന്നത്. അച്ചാച്ചന്റെ കാഴ്ചപ്പാടും ദർശനവും ഒരു പ്രദേശിക കക്ഷിയെ ദേശീയ രാഷ്ട്രീയത്തിന്റെ ഭാഗമാക്കുന്ന തലത്തിലേക്ക് ഉയർന്നു നിന്നു. പ്രാദേശികമായി മാത്രം പരിമിതപ്പെടുന്ന കക്ഷി എന്ന നിലക്കല്ല ദേശീയ തലത്തിൽ പരിഗണിക്കപ്പെട്ട ഒരു കക്ഷിയുടെ പ്രാപ്തിയുള്ള നേതാവ് എന്ന നിലയ്ക്കാണദ്ദേഹം വിലയിരുത്തപ്പെട്ടിട്ടുള്ളത്. അദ്ദേഹത്തിന്റെ ഭരണമികവും ഇത്തരം പ്രസക്തിക്ക് കാരണമായിട്ടുണ്ട്. ഉദാഹരണത്തിന് കാരുണ്യ പദ്ധതി. സഹജീവിയെ സഹായിക്കാനുള്ള ശീലമാണ് ആ പദ്ധതി നല്കിയ പ്രേരണ. കേവലം ലോട്ടറി ടിക്കറ്റ് വാങ്ങുക എന്ന നിലയിൽ പരിമിതപ്പെട്ടിരുന്ന ഒന്നായിരുന്നില്ല അത്. കാരുണ്യ ഒരു ബ്രാൻഡാക്കി മാറ്റുവാൻ അദ്ദേഹത്തിനു സാധിച്ചു. ഇതിനു സമാനമായ മറ്റുചില പദ്ധതികൾക്കും അദ്ദേഹം ചുക്കാൻ പിടിച്ചു. വിദ്യാഭ്യാസ വായ്പ, സ്വയം തൊഴിൽ പദ്ധതി എന്നിവയാണവ. കേന്ദ്രസർക്കാരിന്റെ ചില പദ്ധതി നിർദ്ദേശങ്ങൾക്കുവരെ ഇവ പ്രേരണയായി തീർന്നു. അദ്ദേഹം

വിഭാവനം ചെയ്ത പദ്ധതികൾ കേവലം ഭരണപരമായ നടപടിക്രമങ്ങളിൽ ഒതുങ്ങി നില്ക്കുന്നവയായിരുന്നില്ല. ജീവകാരുണ്യത്തെ ഒരു സംസ്ക്കാരമാക്കി വികസിപ്പിച്ചു, വളർത്തി. പദ്ധതികൾക്ക് മാനുഷിക മുഖം നല്കി. ഒരു ചെറിയ സംസ്ഥാനത്തു നിന്നുകൊണ്ടാണ് ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടും വിധം വ്യത്യസ്ത പദ്ധതികൾ അദ്ദേഹം വിഭാവനം ചെയ്തത്. മാറുന്ന കേരളത്തിന്റെ ആവശ്യങ്ങളും സവിശേഷ സാഹചര്യങ്ങളും അദ്ദേഹം മുൻകൂട്ടിക്കണ്ടു. ഏതുമാറ്റവും താഴെത്തട്ടിൽ പ്രതിഫലിക്കണം എന്ന് അദ്ദേഹം ചിന്തിച്ചിരുന്നു.

അദ്ദേഹം റവന്യൂവകുപ്പ് മന്ത്രിയായിരുന്ന കാലത്ത് ആരംഭിച്ച ജനസമ്പർക്ക പരിപാടിയാണ് കാലക്രമത്തിൽ മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയായി രൂപം മാറിയത്. ജനങ്ങളിൽ നിന്നു നേരിട്ടു ലഭിക്കുന്ന പ്രതികരണങ്ങളും അവർക്കൊപ്പം നിന്നുകൊണ്ടുള്ള തീരുമാനങ്ങളുമായിരുന്നു ആ പരിപാടിയുടെ വിജയ രഹസ്യം. വെളിച്ച വിപ്ലവം, പ്ലാന്റേഷൻ ടാക്സ് പരിഷ്ക്കരണം തുടങ്ങി കേരളീയ ജീവിതത്തെ അനുദിനം സ്വാധീനിച്ച ഒട്ടനവധി നവീനപദ്ധതികൾക്ക് അദ്ദേഹത്തെ പ്രാപ്തനാക്കിയത് ജനങ്ങളുമായുള്ള നിരന്തര ബന്ധവും ദീർഘവീക്ഷണവുമായിരുന്നു.

അച്ചാച്ചന്റെ വായന ശൈലി എന്നെ പലപ്പോഴും അതിശയിപ്പിച്ചിട്ടുണ്ട്. വായനക്ക് തെരഞ്ഞെടുക്കുന്ന പുസ്തകം അദ്ദേഹം ഒറ്റയിരുപ്പിന് തീർക്കുന്നതുകാണാം. പദാനുപദ വായനയായിരുന്നില്ല. ആ പുസ്തകത്തിന്റെ മർമ്മം പെട്ടന്നദ്ദേഹത്തിനു പിടികിട്ടും; പിന്നെ ആ വഴിക്കായിരിക്കും വായനാ സഞ്ചാരം. നമ്മെ അത്ഭുതപ്പെടുത്തുന്ന വിധം ആ പുസ്തകത്തിന്റെ സാരാംശം വളരെ പെട്ടന്നു തന്നെ അദ്ദേഹം കണ്ടെത്തുമായിരുന്നു. പരിചയവും ശീലവും കൊണ്ടുള്ള വായനാ മാതൃകയുടെ പ്രത്യേകതയായി ഇതിനെ കണക്കാക്കാം; തനിക്കു പ്രിയപ്പെട്ടതായി തോന്നുന്ന ഉപകാരപ്രദമായ വസ്തുതകൾ നോട്ട് ചെയ്തുവക്കാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. 'Reading is a conversation; All books talk; but a good book listens, as well..' വായനാ രീതി ഓർക്കുമ്പോൾ ഈ ഉദ്ധരണിയാണ് ഓർമ്മ വരിക; ഒറ്റനോട്ടത്തിൽ പുസ്തകത്തിന്റെ ആത്മാവു കണ്ടെത്തുന്ന വായന രീതി.

കേരള കോൺഗ്രസ്സിന്റെ ആശയാടിത്തറ എന്താണെന്ന ചോദ്യം പലപ്പോഴും ഉയരാറുണ്ട്. പലകാലങ്ങളിലും, കർഷക താല്പര്യം സാധാരണക്കാരുടെ പ്രശ്നങ്ങൾ എന്നൊക്കെയുള്ള രാഷ്ട്രീയ അജണ്ടയിലായിരുന്നു കേരളാ കോൺഗ്രസുകളുടെ ആശയാടിത്തറ രൂപപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ 'അധ്വാനവർഗസിദ്ധാന്തം' പുറത്തുവന്നതോടെ ഇത്തരം പരിമിതികൾക്ക് അർത്ഥമില്ലാതായി.

ഉടുപ്പിലും നടപ്പിലും ആ പ്രസരിപ്പ് പ്രകടമായിരുന്നു. മുഷിഞ്ഞ വേഷത്തിലോ പ്രകൃതത്തിലോ അദ്ദേഹത്തെ ആരും കണ്ടിട്ടില്ല. അതിനുള്ള അവസരം അദ്ദേഹം ഉണ്ടാക്കിയിരുന്നുമില്ല. ഏറെ പ്രസിദ്ധമാണ് ഒരു ദിവസം പല തവണ കുളിച്ച് വേഷം മാറിയിരുന്ന അദ്ദേഹത്തിന്റെ  ശൈലി. മൊത്തത്തിലുള്ള പോസിറ്റിവിറ്റിയുടെ ഭാഗമായിരുന്നു ഈ ശൈലി. അതിന് കാരണവുമുണ്ട്. സന്ദർശകർക്കു മുന്നിൽ പ്രസരിപ്പോടെ ഇരുന്ന് അവരുടെ പ്രശ്നങ്ങൾ കേൾക്കുമ്പോൾ പകരപ്പെടുന്ന ഊർജ്ജം അവരുടെ പകുതി വിഷമങ്ങൾ തീർക്കാൻ പര്യാപ്തമായിരിക്കും.

ഒരു നേതാവിന്റെ പേരിനൊപ്പം നാടിന്റെ പേര് ഇത്രമാത്രം അർത്ഥവത്തായി ചേർത്തു വച്ചിട്ടുള്ള സമാന സവിശേഷതയുണ്ടായിട്ടുണ്ടോ എന്ന് ഞാൻ ആലോചിക്കാറുണ്ട്. തന്റെ രണ്ടാം ഭാര്യയാണ് പാലായെന്ന  രസകരമായ നിരീക്ഷണം മാധ്യമങ്ങൾ പലതവണ ഉദ്ധരിക്കാറുണ്ട്. പാലായിലെ ആരെയും പേരുവിളിച്ച് സ്വീകരിക്കുവാൻ അദ്ദേഹത്തിനു സാധിക്കുമായിരുന്നു. പാലായിലെ ഓരോ കുടുംബവും സ്വന്തം കുടുംബം പോലെ ആയിരുന്ന അവസ്ഥയാണത്. പാലായുടെ വളർച്ച സ്വന്തം കൈകളിലൂടെ യാഥാർത്ഥ്യമാകുന്നത് അഭിമാന പൂർവ്വം അദ്ദേഹം നോക്കിക്കണ്ടു. ഏതുതിരക്കിലും ഏത് ആരോഗ്യാവസ്ഥയിലും പാലായിൽ എത്താനുള്ള അവസരം അദ്ദേഹം മാറ്റിവയ്ക്കുകയില്ല. പാലാ സ്വന്തം ആത്മാവിനു തുല്യമായിരുന്നു. ജനങ്ങൾ നല്കിയ ഊർജ്ജമായിരുന്നു അദ്ദേഹത്തിന്റെ ശക്തി. ഏറ്റവും ഉറപ്പുള്ള കല്ല് അടിത്തറയുടെ ഏറ്റവും താഴത്തേതാണെന്ന് പറയാറുണ്ടല്ലോ; പാലാ എന്ന ഉറപ്പുള്ള കല്ലിൽ ചവുട്ടി നിന്നുകൊണ്ടാണ് അദ്ദേഹം നാടിന്റേയും രാജ്യത്തിന്റേയും മനസ്സ് കീഴടക്കിയത്.

സഹനവും ശക്തിയും പങ്കാളികളാണ്; ഒരേ പാതയിൽ സഞ്ചരിക്കുന്നവർ. പാലായുമായുള്ള അച്ചാച്ചന്റെ ആത്മബന്ധത്തിന് അതിരുകളുണ്ടായിരുന്നില്ല. വിശേഷണങ്ങൾക്കപ്പുറമാണത്. സഹനങ്ങളിലൂടെ ആർജ്ജിച്ച ശക്തിയാണ് അദ്ദേഹത്തിന്റെ മൂലധനം. ഈ മൂലധനമാണ് അദ്ദേഹം പാലായിൽ നിക്ഷേപിച്ചത്. പാലായെ മാതൃകാമണ്ഡലമാക്കി വളർത്തിയെടുത്തു. ഓരോ പാലാക്കാർക്കും 'മാണി സാർ' അഭിമാനമായി തീർന്നു. ആധുനിക കേരളത്തിലെ മാതൃകാ നിയമസഭാമണ്ഡലമാണ് പാലാ. കെ.എം. മാണി എന്ന പേരു കേൾക്കുമ്പോൾ തന്നെ പൊതു സമൂഹത്തിന് ഒരു 'പാലാ ടച്ച്' ഫീൽ ചെയ്യുമായിരുന്നു.

നാടിന്റെ നല്ലനാളുകളെപ്പറ്റി അദ്ദേഹം സ്വപ്നം കണ്ടു. കളങ്കരഹിതമായി ജനങ്ങളെ സ്നേഹിച്ചു. ശത്രുമിത്ര ഭേദമില്ലാതെ പെരുമാറി. ശത്രുക്കളായി സ്വയം പ്രഖ്യാപിച്ചവരേയും സ്നേഹാലിംഗനത്താൽ കീഴടക്കി.


സ്നേഹമായിരുന്നു അദ്ദേഹത്തിന്റെ രാഷ്ട്രീയം. അതുതന്നെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതപാതയും.

(കെ.എം. മാണിയുടെ മകനാണ് ലേഖകൻ)









# "Achachen"



Nisha Jose K Mani

"I vide irikku mole" (Come sit here daughter). These were the magical three words that got Achachen an entry into my heart and my life.On my 'pennukaanal day, October 1993, as I stood in front of Joe, his two sisters, Amma and Achachen, I was tensed. But he was the first to tell me to be seated next to them and made me so comfortable. That moment I knew that this was the house I am going to be part of. His most beautiful quality of making you feel special and easing people around him was what he showed me and it definitely made me feel welcome to be part of the Karingozhackal house. Coming from a business family where the only politics I knew was what I studied in class 9 and10 for Civics. He never did or till his death made me feel that I was sitting next to a political giant, the so called Chanakya of Kerala politics. For me he was a loving father making his daughter-in-law comfortable always.

When I got married and came to Prashanth House (the official house of Achachen) I was a bit shocked to see open displays of love between a husband and wife. Achachen would hold Amma's hand when sitting with her and give her occasional pecks on her cheek. The word "Kuttiyiammay" would be heard every time he entered the house. But after calling out to her he would continue doing what he wanted to do, his phone calls or notes to be read. But I guess that call when he arrived made her feel special. As a bride I first thought this was all a drama and that he was teaching us how to be romantic. It was only later I came to know that this was a daily sight and that was how Achachen was. 'To be romantic all your life till the last breath was a skill that kept any marriage alive' was something he showed us all through his life. G Vijayaraghavan Sir (former Planning Board member) once after a trip with Achachen and Amma to

Achachen would quietly listen to all their loud chatter and he would look at us with a smile and say, “I’m called the roaring lion of the Assembly, who will ever say this when they see me in my house, look at the way my children are roaring at me.” He would then break out into his famous laugh. This was at a time when there was no social media or access to old speeches nor did I watch TV news or see Achachen at his political best.

Japan told me how romantic Achachen was, what a doting husband he was and how much we all have to learn from him.

On all his travels to any part of the world Achachen would keep a diary where he noted all the places he visited, whom he met, the new customs and things he learnt from that place. If there was something that needed to be adopted in Kerala he would even mention that in his small notes. I loved reading these little notes after each trip.

Achachen would come back from work at night and we would gather around him however late it was and Joe and Chechies (whoever was visiting home at that time) would be asking him with questions and advices. while he pretended to be very meek. For me it was all Greek and Latin at that time. Achachen would quietly listen to all their loud chatter and he would look at us with a smile and say, “I’m called the roaring lion of the Assembly, who will ever say this when they see me in my house, look at the way my children are roaring at me.” He would then break out into his famous laugh. This was at a time when there was no social media or access to old speeches nor did I watch TV news or see Achachen at his political best. So for me he was not at all what people described him to be. He was my calm and peaceful Achachen whom we could bully and twist around our fingers. However political decisions he made were his own.

Achachen often stressed on the importance of reading the newspaper to my children too. When Joe was in Yercaud boarding he would get Deepika paper every week and this kept him updated with Kerala and what happened in Kerala. He told me how we could acquire so much knowledge when we read all the papers- different aspects of the same news and also have a broad outlook on life and things in general. Editorials was something he told Kunjumani ( my son ) he should read and added, to improve any language you need to read the paper. Also getting up early with the chirping of birds was something we should all do to start afresh every morning.

Education was of great importance to him. Whenever I was to join a new course ( I did my ICWAI Inter, MBA, MHRM & MCom Finance after marriage) he would ask me two questions. 1. Why? 2. How would it benefit you ?. Once he heard my answers he would encourage me. His first priority was no matter what we do it should not affect our family and children. It was later that I also learnt that only if a student knows the answer to these two questions will that person actually not quit but study hard and attain what he wants with flying colours. In 2015,I had joined St. Thomas College (21 years after marriage) for my MCom. After answering his mandatory two questions I gave him my application form where I wanted him to sign the local guardians column. He wanted to know what was his role as the local guardian. I told him it was to sign my answer sheets after my exams, sign report cards and if at all I misbehaved or there was any complaint against me he would have to report to the HOD. With a very serious face he said, “I am signing this because I know you will not give me a reason to report to your college authorities.” I felt like a real 20-year-old college student even at the age of 42. But I think those words as a parent set the right track for me in







college. He rationalised before taking decisions. From the fun loving father whom we could bully, he suddenly turned into a very serious parent of a college girl (woman actually). So he knew when to be strict. It was during this time that he was the Finance Minister. No matter how busy he was. He was such a concerned father checking with me how my activities went in college. I would represent my college and take part in paper presentation competitions and budget discussions and he would help me with the right inputs. Sharing inputs with me was okay with him but he never made it very easy for me. When you ask him a doubt first he will ask you what you have understood about the topic then he will give you a brief introduction, then he would suggest books to read and refer. He makes you work for it very often. After I did my reading and came back to him with my analysis and doubts he would be noting down things as I tell him what I learnt. Any doubt he would clear. He would ask me about my references. When he had first discarded inputs I took from Google, I teased and saying that’s because he’s from the Old school of thought. He would reply, “information has to be authentic and reliable and books are better than Google.”

When he was the chairman of the empowered committee for GST, everyone was puzzled about GST and he so beautifully explained this to me . I was so sure that this was the reason why the Central Minister Arun Jaitley made him the chairman. Also as he rightly said, “I have been dealing with so many coalitions and splits,I think, they feel that I will be able to balance the demands of various states and convince each state and how it would benefit them. In fact I

quoted him in Marian College where I presented the paper on GST and structural changes. When I visited his room in MLA quarters after his death I saw the collection of books he had in his room, even the last note that he had penned in February 2019 during the last session he attended. But what moved me was the notes he had made on GST when he attended a class or talk on GST. Imagine the chairman of the empowered committee was writing notes like a student. This is something Joe has learnt from him - To go well-prepared before making a speech or to the Parliament or to attend a press conference. The number of books he carried with him for references just to prove a point and leave no stone unturned was amazing. The preparations were more when he was in the Opposition. He would come after the day's Assembly session and talk to my kids when we were staying in Trivandrum. He would be amazed at Kunjumani's mischief and pranks. I would have a big list of complaints about Kunjumani and he would laugh it off saying, "isn't he my namesake? (K M Mani was Kunjumani' official name). He will be a little naughty. And it is natural for children to run the round and make noise. Never kill that natural instinct in them."He would sit on the ground and play kanji-curry with Priyanka and Ritika (my daughters) while Kunjumani would run his toy car all over Achachan's back. He loved playing with his grand children whether it was football in the house or sit with their toys, he would come down to their age and that's what made him fun to play with. What patience he had! After his dinner he would talk to Jose seriously for sometime and then say he had to go back to the MLA quarters as he had a lot of reading to do before the next day. We would drop him off at his







room in MLA quarters and it was nice to watch him reach so intensely (like a "padupist"as today's new gen kids would call him.)

Once a year we would go for a movie. But if you happen to sit next to Achachan you would never hear some of the film dialogues. He would explain so loudly some of the scenes and dialogues that just got over to Amma as if she couldn't understand the language. I realised it was his way of connecting to his wife and showing his love even in a theatre. The movie 'Akashdooth" was one movie he cried so much (engal adichu karanju) like a little child while watching it.

Speaking of crying, he loved listening to songs from old Hindi movies especially the pathetic ones as he called them. He bought these cassettes from Janpath, Delhi. According to him such sad songs (shoka gaanam)would bring tears to his eyes and as these tears rolled down his cheeks it was a healing to his soul, cleansing him and this making him feel light.

The whole world may make fun of him saying that he cried pretentious tears at funerals. But if you listen to what he said and you would also cry with him. I remember him telling me how when he went for a funeral of a party person, he would think of all the things the person had done for him right from sticking posters to coming for meetings. If it was his party workers mother or father or anyone else, he took, walk down memory lane reliving the good work the person has done from simple things like cooking good meals to tapping rubber depending on the person, that brought tears to his eyes. I believe that you can cry at the funeral of a person who is not related to you by doing what Achachen did and it is a kind of thanks giving to the person who spent his time on Earth. A kind of a prayer also I must say. I tried this it's true. He also taught me how attending a funeral and grieving with the loved ones of the deceased was more important than attending weddings and other happy functions. Even after attending 17 weddings in a day, Achachen would return and tell Amma at least one sentence about the bride or groom or the food in each wedding. He knew everyone by name too.

Although he wore white he loved it when his daughters wore bright colours. Also wearing clothes that were fashionable he liked as long as it was modest. But if he did not like something you wore he would ask this question, "this must be the latest fashion, right?" Then we would understand that he did not like it and we would immediately change. He believed in cleanliness and you would never see even a strand of hair in any direction other than the direction he wanted it to be. Even in the last few days of his life he would comb his hair very often. The number of clothes that he changed were at least 5 a day to keep himself fresh along with baths at the same pace.

Every year he would faithfully go to Velankanni at least twice. This is almost like an outing for me more than a pilgrimage trip because we got Achachan all to ourselves. Not just before submitting his nomination papers or on the day of the election before voting, but every day before leaving the house he would stand in front of the picture of the Sacred Heart of Christ and make a prayer with Amma which included the prayer to



For they say he will never come back because he is in a land far away. But I know for sure he will be happy and making others happy in that land far away. He is loving, living and breathing every breadth with us.

Mother Mary (Ethrayum Dayamulla Maathavay). These prayers every day before leaving his house was the oxygen that kept them alive. Like every good Syrian Catholic house we too had our share of novenas and rosaries. This reverence to Christ and Mother Mary and a Catholic Church and of course the reverence to our Bishops who are the heads of authority is what he has passed down to us. Any good news relating to our family would be shared with them and after every election they would host a homely meal for us and it was so nice to chat in a very informal way with the heads of the church.

All my three deliveries were in a small nursing home in Thumboly, Alleppey. This hospital had only two rooms and a general ward. The facilities were basic minimum. As my due date approached, Achachen cancelled all his programmes and came with Amma early to be with me till I was taken to the Labour room. It was a dreaded day for the Doctor because he had so many questions for her, right from what will you do if the baby develops complications during its birth, do you have an Anaethesist ready in case of an emergency operation, do you have an incubator in case the baby is born with issues. After my delivery that day the doctor told me that the next time I come in for delivery I should inform Mani sir only after the baby was born. It was his love care and concern for his children that was unlimited. I had heard that Achachan was a chain smoker. Many a times he had thrown his cigarette packet into the water







promising not to smoke again, but he did again. During Elsamma chechy's (his first daughter) first delivery when there were some complications he quit smoking. His children were his weakness. So was Amma. During her pancreatitis operation and hysterectomy he prayed so hard and was by her side. He was a very devout husband.

He was someone you could go to personal advice. I have always shown him the rough copy of all the books that I have written before it went for publishing. I remember him telling me not to mention names of people if it was not a favourable news about them. Also forgiveness is the best thing to do when people hurt you. ignore is the next best thing to do. I still remember after I ran to him crying when I was attacked severely on Facebook by a group of people repeatedly in a very offensive way, he gave me a book on Cyber laws as a gift. I read it and got some very valid legal points and then told him I had a proper case. He then warned me saying once I file a case the attack is going to be more severe and only if I could handle it I should go ahead with it.

He had this kind of confidence in me which is so encouraging. I still remember the day of my second book release. There was a small controversy lurking in one chapter of my book. There were about 37 members of the press who had attended my book release. I asked Achachan whether he would handle the press questions after my book release . He smiled and told me go ahead. This was one of the most empowering moments of my life and I believe that my Achachan knew the qualities we each had and if at any point of time I could not handle something he would be there for me.

I could actually go on and on. Because there were so many moments that I shared with Achachen that were so special for me, so many qualities that I admired in him. People have wondered how I can share such a deep relation with my father in law, but that was my Achachen, he would make you feel so special.


For they say he will never come back because he is in a land far away. But I know for sure he will be happy and making others happy in that land far away. He is loving, living and breathing every breadth with us.

(The writer is the wife of Jose K.Mani)

കവിത



# ക്ഷീരപുരിക്ക് നാകസുകൃതം



മഹാകവി പാലാ നാരായണൻ നായർ

I

പാലാപ്പട്ടണ പൗരനായ്
വിരുതനാം
വക്കീലുമായ് നാടിനെ
താലോലിച്ചു
ജനാധിപത്യ സചിവ
പ്പട്ടം വരേയ്ക്കെത്തിയോൻ,
കാൽ നൂറ്റാണ്ടു ജനപ്രിയ പ്രതിനിധി-
സ്ഥാനം തികയ്ക്കും മഹാൻ
കെ.എം.മാണി മുഴക്കി ജൈത്രപടഹം
നിദ്രാണകർണ്ണങ്ങളിൽ!

II

പാവപ്പെട്ടവർ, പട്ടിണിപ്പരിഷകൾ,
പാരം പണക്കാർ, കുടും-
ബാവശ്യത്തിനു ജോലിയുള്ളവർ, പണി-
യ്ക്കാരും വിളിക്കാത്തവർ
ഏവം മിശ്രജനങ്ങളോടിടപെടാൻ
വേണ്ടും നയം മസൃണം-
ഭാവം സദ്വിനയം വിശാല ഹൃദയം;
നേതൃത്വമാർന്നു ഭവാൻ!

III

ജന്മം നൽകിയ നാടിനെപ്പരിചരി
ച്ചന്വർത്ഥമാക്കി ഭവൽ-
ക്കർമ്മം ക്ഷീരപുരിക്കു നാകസുകൃതം
കൈവന്നു തേജോമയം!
ധർമ്മോധർമ്മ വിവേചനങ്ങൾ വെടിയും
യുദ്ധക്കൊടുങ്കാറ്റടി-
ച്ചുന്മാദത്തിലമർന്ന ലോകജനത-
യ്ക്കാരോഗ്യനാശം ഫലം!

IV

നാടിന്നസ്വസ്ഥമത്രേ മതകലഹമദം-
പൊട്ടി വർഗ്ഗീയ വൈരം
കാടും മേടും കുലുക്കിക്കൊലവിളിരുധിരം
കൊണ്ടു തർപ്പിച്ചിടുമ്പോൾ,
പേടിക്കേണ്ടെന്നു ചൊല്ലിപ്പലദിശി ജനത
യ്ക്കാത്മ ധൈര്യം പുലർത്തി-
ക്കൂട്ടും മാലാഖയാണീ മഹിത ചരിതനാം
മന്ത്രി തന്ത്രജ്ഞമൗലി

V

അദ്ധ്വാനിക്കുന്ന വർഗ്ഗം സകലമലകളും
താണ്ടി വാഗ്ദത്ത ഭൂമി-
യ്ക്കുർത്ഥിക്കേ പട്ടയത്തിൽ കരണവിതരണം
മന്ത്രി ബോദ്ധ്യപ്പെടുത്തി
ഭദ്രം തൻ നീതിബോധം ഭരണനിപുണമാം
കർമ്മയോഗത്തിലല്ലോ
ഭക്തൻ മന്ത്രീന്ദ്രനെത്തീ; വിജയ വിഭവനാ-
വട്ടെ മാണിപ്രമാണി!

(ഗ്രന്ഥം: കെ.എം.മാണി ജൂബിലിസ്മരണകൾ, 1993
എഡിറ്റർ. വി.ജെ.ജോർജ്ജ് കുളങ്ങര)





# കെ.എം. മാണിയുടെ ബജറ്റ്
# സമഗ്ര വികസനരേഖ




**ജി ഓമനശീലൻ**
ഡെപ്യൂട്ടി ലൈബ്രേറിയൻ
നിയമസഭാ സെക്രട്ടേറിയറ്റ്

കേരളത്തിൽ ക്ഷേമരാഷ്ട്ര സങ്കൽപത്തിന് അസ്ഥിവാരമിട്ട ഭരണകർത്താവും, കേരള കോൺഗ്രസിന് സൈദ്ധാന്തിക അടിത്തറ ഒരുക്കിയ അധ്വാനവർഗ്ഗ സിദ്ധാന്തത്തിന് രൂപം നൽകിയ സൈദ്ധാന്തികനുമായിരുന്ന മുൻമന്ത്രി കെ.എം.മാണി. പാർലമെന്ററി പ്രവർത്തനങ്ങളിൽ തെളിയിച്ച വൈഭവം ഒരു ഭരണാധികാരിയായി മാറിയപ്പോഴും കൈവിടാതെ സൂക്ഷിക്കുവാൻ കഴിഞ്ഞ നേതാവായിരുന്നു അദ്ദേഹം. കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ രംഗങ്ങളിൽ നിറസാന്നിദ്ധ്യമായിരുന്ന അദ്ദേഹം അവതരിപ്പിച്ച പതിമൂന്ന് ബജറ്റുകളും, അവയുടെ ഉൾക്കരുത്തും ഉൾക്കാമ്പും അടുത്തറിയുകയാണ് ഈ ലേഖനത്തിൽ.

## ബജറ്റ്

പൊതുധനകാര്യത്തിൽ ഏറ്റവും ശ്രദ്ധേയമായത് സർക്കാരിന്റെ നികുതി (tax) ഘടനയും, പൊതുചെലവു (public expenditure) മാണ്. സാമ്പത്തിക ശാസ്ത്രത്തിലെ പ്രധാന ശാഖയായ 'Public Finance' ലാണ് ഇത് പ്രതിപാദിക്കുന്നത്. റിച്ചാർഡ് മസ്ഗ്രേവ് (Richard Musgrave) ന്റെ തിയറി ഓഫ് പബ്ലിക് ഫിനാൻസ്  (Theory of Public Finance) എന്ന ഗ്രന്ഥത്തിലാണ് ബജറ്റിന്റെ സൈദ്ധാന്തിക അടിത്തറ വിശകലനം ചെയ്യുന്നത്. ഒരു നാടിന്റെ സമഗ്രമായ വികസന രേഖയും സാമ്പത്തിക, സാമൂഹ്യ മണ്ഡലങ്ങളിലെ പരിവർത്തനത്തിനുള്ള ഒരു ഉപകരണം കൂടിയാണ് ബജറ്റ് എന്നാണ് മസ്ഗ്രേവിന്റെ വിശകലനം.

പൊതുമുതൽ കാര്യക്ഷമമായി ഉപയോഗപ്പെടുത്തണമെങ്കിൽ ശരിയായതും ഉറച്ചതുമായ ധനകാര്യ ഭരണസംവിധാനം അനിവാര്യമാണ്. ഇവിടെയാണ് ബജറ്റിന്റെ പ്രാധാന്യം പ്രസ്താവിക്കപ്പെടുന്നത്. നടപ്പുവർഷത്തെ വരവ്-ചെലവ് കണക്കും അടുത്തവർഷത്തേക്കുള്ള മതിപ്പ് വരവ് ചെലവ് കണക്കും കാണിക്കുന്ന ഒരു ധനകാര്യ പ്രസ്താവനയാണ് ബജറ്റ്. സർക്കാരിന്റെ ധനകാര്യ



കേരള സർക്കാർ

1976-77-ലെ ബഡ്ജറ്റ്

ധനകാര്യമന്ത്രി
ശ്രീ. കെ. എം. മാണി
നിയമസഭയിൽ ചെയ്ത
പ്രസംഗം

മാർച്ച് 19, 1976.

1956 നവംബർ 1 ന് കേരള സംസ്ഥാനം രൂപീകരിച്ചശേഷം ആകെ 71 സംസ്ഥാന ബജറ്റുകൾ അവതരിപ്പിച്ചിട്ടുണ്ട്. അതിൽ 13 ബജറ്റുകൾ കെ.എം.മാണിയുടേതായുണ്ട്. ഭരണഘടനയുടെ നിർദ്ദേശതത്വങ്ങളിലധിഷ്ഠിതമാണ് ബജറ്റ് തയ്യാറാക്കലും, അത് അവതരിപ്പിച്ച് പാസ്സാക്കുന്നതും ബജറ്റുകളിൽ കാണുന്ന സാമൂഹ്യസുരക്ഷാ പദ്ധതികളും. പതിമൂന്ന് ബജറ്റ് അവതരിപ്പിച്ച കെ.എം.മാണി സാമൂഹിക സുരക്ഷാ പദ്ധതികൾ പ്രഖ്യാപിക്കുന്നതിൽ എറ്റവും മുൻനിരയിൽ നിൽക്കുന്നു.

പ്രവർത്തനങ്ങളിൻമേൽ പാർലമെന്റിന്റെ അല്ലെങ്കിൽ നിയമസഭയുടെ നിയന്ത്രണം ബജറ്റിൽ കൂടിയാണ് സാധിക്കുന്നത്. നിയമനിർമ്മാണ സഭയുടെ സമ്മതത്തോടെ മാത്രമേ ഗവൺമെന്റ് വരുമാനം സംഭരിക്കാനും അതിൽ നിന്നും ചെലവഴിക്കാനും പാടുള്ളൂ.

## വാർഷിക ബജറ്റ്

ഇംഗ്ലണ്ടിലെ ധനകാര്യമന്ത്രിമാർ ധനകാര്യപരമായ രേഖകൾ നിയമസഭയിലേക്ക് കൊണ്ടുവരാനുപയോഗിച്ചിരുന്ന ബൗഗ (തോൽപ്പെട്ടി) യിൽ നിന്നാണ് ബജറ്റ് എന്ന വാക്കിന്റെ ഉദ്ഭവം. പക്ഷെ ഇതൊരു വരവ് - ചെലവ് കണക്കുകളുടെ വെറുമൊരു വാർഷിക പ്രസ്താവന മാത്രമല്ല. ധനകാര്യ പ്രവർത്തനങ്ങളിലൂടെ സമ്പദ്ഘടനയിലും, സാമ്പത്തിക ജീവിതത്തിലും സ്വാധീനം ചെലുത്തുവാൻ സാധിക്കുമെന്നതിനാൽ സർക്കാരിന്റെ സാമ്പത്തിക നയത്തിന്റെ ഒരു പ്രധാന ഘടകം കൂടിയാണ് ബജറ്റ്. സർക്കാരിന്റെ പ്രവർത്തനം കാര്യക്ഷമമായ രീതിയിലും സമയപരിധി വച്ചും നടത്തുവാൻ ബജറ്റ് മൂലം സാധിക്കുന്നു. നിയമസഭയോട് സർക്കാരിനുള്ള ഉത്തരവാദിത്വം. സർക്കാരിന്റെ സാമ്പത്തിക നയം, സർക്കാർ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പ് മുതലായവ മുന്നിൽ കണ്ടുകൊണ്ടാണ് ബജറ്റ് തയ്യാറാക്കുന്നത്.

## കേരള ബജറ്റും കെ എം മാണിയും

1956 നവംബർ 1 ന് കേരള സംസ്ഥാനം രൂപീകരിച്ചശേഷം ആകെ 71 സംസ്ഥാന ബജറ്റുകൾ അവതരിപ്പിച്ചിട്ടുണ്ട്. അതിൽ 13 ബജറ്റുകൾ കെ.എം.മാണിയുടേതായുണ്ട്. ഭരണഘടനയുടെ നിർദ്ദേശകതത്വങ്ങളിലധിഷ്ഠിതമാണ് ബജറ്റ് തയ്യാറാക്കലും, അത് അവതരിപ്പിച്ച് പാസ്സാക്കുന്നതും ബജറ്റുകളിൽ കാണുന്ന സാമൂഹ്യസുരക്ഷാ പദ്ധതികളും. പതിമൂന്ന് ബജറ്റുകൾ അവതരിപ്പിച്ച കെ.എം.മാണി സാമൂഹിക സുരക്ഷാ പദ്ധതികൾ പ്രഖ്യാപിക്കുന്നതിൽ എറ്റവും മുൻനിരയിൽ നിൽക്കുന്നു. എങ്കിലും അനാരോഗ്യം, പട്ടിണി, തൊഴിലില്ലായ്മ, വാർദ്ധക്യം എന്നിങ്ങനെ മനുഷ്യൻ നേരിടുന്ന ദൗർഭാഗ്യങ്ങളിൽ നിന്ന് കരകയറാൻ പാകത്തിൽ സാമൂഹ്യ സുരക്ഷ കേരളത്തിൽ പൂർണ്ണതോതിൽ എത്തിയിട്ടില്ലെന്ന് അദ്ദേഹം തിരിച്ചറിയുന്നുണ്ട്. 1948- ലെ ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ അന്തസത്തക്കനുസൃതമായി രൂപപ്പെട്ട ഭരണഘടനാ വ്യവസ്ഥകൾക്കനുസൃതമായിട്ടാണ് നമ്മുടെ സാമൂഹ്യസുരക്ഷാ പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നത്. അസംഘടിത തൊഴിലാളികൾ ഏറെയുള്ള കേരളം പോലുള്ള സംസ്ഥാനങ്ങളിൽ കേവലം താത്വികമായ ഒരവകാശം എന്നതിനുപരി ഉപജീവനത്തിന് സഹായകരങ്ങളായ പദ്ധതികൾ കൂടിയായി ഇവ പരിണമിക്കപ്പെട്ടത് ഇതിന്റെ പൊതു സ്വീകാര്യതയാണ് വ്യക്തമാക്കുന്നത്.

കെ.എം. മാണി അവതരിപ്പിച്ച ബജറ്റിന്റെ തീയതിയും ഏതു മന്ത്രി സഭയിലെ ധനകാര്യ മന്ത്രി എന്ന നിലയിലാണ് ബജറ്റ് അവതരിപ്പിച്ചതെന്നുമുള്ള വിവരം അടുത്ത പേജിൽ കൊടുക്കുന്നു.

## ബജറ്റുകളിലെ വികസന പദ്ധതികൾ

റവന്യൂമിച്ചമുണ്ടായിരുന്ന തിരു-കൊച്ചിയും, റവന്യൂ കമ്മി നിലനിന്നിരുന്ന മലബാർ പ്രദേശവും കൂടിച്ചേർന്നുണ്ടായ കേരളത്തിന് തുടക്കത്തിൽ സംതുലിത ബജറ്റ് ഇല്ലായിരുന്നു. വികസനരംഗത്ത് മുതൽമുടക്കാനുള്ള കഴിവുകളും പരിമിതമായിരുന്നു. ആയിരത്തി തൊള്ളായിരത്തി എഴുപതുകളിൽ ഉണ്ടായ പണപ്പെരുപ്പവും വിലക്കയറ്റവും നിർമ്മാണചെലവിന്റെ വർധനവും സാമ്പത്തികഭദ്രതയ്ക്ക് ഭീഷണിയായി. തുടർന്ന്, സാമ്പത്തിക പരാധീനതയിൽപെട്ടുഴലിയ കേരളത്തിന്റെ യഥാർഥ പ്രശ്നങ്ങൾ കണ്ടെത്താനും അവയ്ക്ക് പരിഹാരം ഉണ്ടാക്കാനുമാണ് തന്റെ ബജറ്റുകളിൽ കെ.എം. മാണി ശ്രമിച്ചത്.


## ഒന്നാമത്തെ ബജറ്റ്

എല്ലാ വിഭാഗം ജനങ്ങൾക്കും ക്ഷേമവും ആശ്വാസവും നൽകുന്ന ഒട്ടേറെ നടപടികൾ പ്രഖ്യാപിച്ചുകൊണ്ടാണ് അച്യുതമേനോൻ ഗവൺമെന്റിൽ 19.3.76 ൽ തന്റെ ആദ്യ ബജറ്റ് കെ.എം.മാണി അവതരിപ്പിച്ചത്. നികുതിഭാരങ്ങളിൽ ധാരാളം ഇളവുകൾ പ്രഖ്യാപിച്ച ബജറ്റായിരുന്നു ഇത്.

സംസ്ഥാനത്തെ ബാധിക്കുന്ന നിരവധി പ്രശ്നങ്ങൾക്കുള്ള പരിഹാര പരിപാടികളായിരുന്നു തന്റെ ഒന്നാം ബജറ്റിൽ ഉൾക്കൊള്ളിച്ചിരുന്നത്. ഭക്ഷ്യദൗർലഭ്യം, കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, കൊള്ളലാഭം നാണയത്തിന്റെ വിലയിടിവ്, കാർഷിക ഉത്പന്നങ്ങളുടെ വിലയിടിവ് എന്നീ അപകടകരമായ അവസ്ഥയിൽ നിന്നും സംസ്ഥാനത്തേയും ജനങ്ങളേയും രക്ഷിക്കുന്നതിന് ദീർഘവീക്ഷണത്തോടുകൂടിയ നടപടികൾ ആവശ്യമായിരുന്ന കാലഘട്ടത്തിലായിരുന്നു ആദ്യ ബജറ്റിലെ വിവിധ ആശ്വാസ പദ്ധതികൾ.

അഗതികൾക്കും, അഗതി മന്ദിരങ്ങൾക്കും കൂടുതൽ ആനുകൂല്യങ്ങൾ, മോട്ടോർ വാഹന അപകടങ്ങളിൽ പെടുന്നവർക്ക് സൗജന്യ നിയമസഹായം, അഭിഭാഷക ക്ഷേമനിധി, പെൻഷൻ വർധന, ജീവനക്കാർക്ക് നിർബന്ധിത ഇൻഷ്വറൻസ്, സ്വകാര്യ കോളേജ് അധ്യാപകർക്ക് പെൻഷൻ, തൊഴിലാളികൾക്ക് കുറഞ്ഞ കൂലി പരിഷ്കരണം, ഇടമലയാർ വൈദ്യുതപദ്ധതി, ശ്രീ ചിത്തിരതിരുനാൾ മെഡിക്കൽ സെന്ററിന്റെ രൂപീകരണം, പട്ടിക വർഗ്ഗവിഭാഗങ്ങൾക്കുള്ള സ്പെഷ്യൽ റിക്രൂട്ട്മെന്റ്, 10000 ചെറുകിട വ്യവസായ സംരംഭങ്ങൾ, മുന്നോക്കക്കാരിലെ പിന്നോക്കക്കാർക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്നിവയായിരുന്നു പ്രധാന പദ്ധതികൾ.


| നിയമസഭ | മന്ത്രിസഭ | അവതരിപ്പിച്ച തീയതി |
|---|---|---|
| 4 | സി. അച്യുതമേനോൻ | 19 മാർച്ച് 1976 |
| 6 | ഇ.കെ. നായനാർ | 21 മാർച്ച് 1980 |
| 6 | ഇ.കെ. നായനാർ | 20 മാർച്ച് 1981 |
| 7 | കെ. കരുണാകരൻ | 2 ജൂലൈ 1982 |
| 7 | കെ. കരുണാകരൻ | 18 മാർച്ച് 1983 |
| 7 | കെ. കരുണാകരൻ | 16മാർച്ച് 1984 |
| 7 | കെ. കരുണാകരൻ | 22 മാർച്ച് 1985 |
| 7 | കെ. കരുണാകരൻ | 21 മാർച്ച് 1986 |
| 13 | ഉമ്മൻ ചാണ്ടി | 8 ജൂലൈ 2011 |
| 13 | ഉമ്മൻ ചാണ്ടി | 19 മാർച്ച് 2012 |
| 13 | ഉമ്മൻ ചാണ്ടി | 15 മാർച്ച് 2013 |
| 13 | ഉമ്മൻ ചാണ്ടി | 24 ജനുവരി 2014 |
| 13 | ഉമ്മൻ ചാണ്ടി | 13 മാർച്ച് 2015 |



## രണ്ടും മൂന്നും ബജറ്റുകൾ

ഇ.കെ. നായനാരുടെ ആദ്യ മന്ത്രിസഭയിലായിരുന്നു കെ.എം. മാണിയുടെ രണ്ടും മൂന്നും ബജറ്റുകൾ അവതരിപ്പിച്ചത്.

രണ്ടാം ബജറ്റിൽ (21.3.1980) ലാണ് രാജ്യത്താദ്യമായി കർഷക തൊഴിലാളികൾക്ക് പ്രതിമാസം 45 രൂപ പെൻഷൻ അനുവദിച്ചത്. ഇതുകൂടാതെ സമഗ്ര ആരോഗ്യനയം സംബന്ധിച്ച Dr.K.N. പൈ ചെയർമാനായി ഹൈപവർ കമ്മിറ്റി, ബീഡി തൊഴിലാളികൾക്ക് ക്ഷേമനിധി,



കന്നുകാലി ഇൻഷ്വറൻസ്, മത്സ്യതൊഴിലാളി ഇൻഷുറൻസ്, ജില്ലാഭരണ നിയമം, സ്കൂൾ കുട്ടികൾക്കായി "ഹെൽത്ത് കാർഡ്", വയനാട് ജില്ലാ രൂപീകരണം, മെഡിക്കൽ കോളേജുകളോടനുബന്ധിച്ച് KHRWS ന്റെ രൂപീകരണം എന്നിവയായിരുന്നു 2-ാം ബജറ്റിലെ പൊതുനിർദ്ദേശങ്ങൾ.

മൂന്നാം ബജറ്റിൽ (20.3.1981) ക്ഷേമപരിപാടികൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനും പ്രാമുഖ്യം നൽകി. പരമ്പരാഗത കയർ, കൈത്തറി, കശുവണ്ടി തൊഴിലാളികൾക്ക് ക്ഷേമനിധി, ക്ലേശമനുഭവിക്കുന്ന മുൻ ജന്മിമാർക്ക് ധനസഹായം, എല്ലാ ജില്ലകളിലും വികസന അതോറിറ്റികൾ, കല്ലട ജലസേചന പദ്ധതിക്ക് ലോക ബാങ്ക് സഹായം, എല്ലാ ജില്ലകളിലും വികസന അതോറിറ്റികൾ എന്നിവയായിരുന്നു പ്രധാനപദ്ധതികൾ.

## നാലു മുതൽ എട്ട് വരെയുള്ള ബജറ്റുകൾ

കെ കരുണാകരന്റെ നേതൃത്വത്തിലുള്ള ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിലെ 5 ബജറ്റുകൾ കെ.എം. മാണിയാണ് അവതരിപ്പിച്ചത്.

നാലാമത്തെ ബജറ്റിൽ (2.7.1982) കാർഷിക വ്യാവസായിക മേഖലയുടെ വികസനത്തിന് ഏറെ പദ്ധതികൾ കൊണ്ടുവരികയുണ്ടായി. ആനന്ദിലെ അമുൽ സൊസൈറ്റിക്ക് തുല്യമായി ക്ഷീരോൽപാദക സഹകരണ സംഘം (milma), സുൽത്താൻ ബത്തേരിയിൽ റോഡ് ട്രാൻസ്പോർട്ട് കമ്പനി, ആദിവാസികൾക്ക് മൊബൈൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പെൻഷൻകാർക്ക് കടാശ്വാസ നടപടികൾ എന്നിവയിയായിരുന്നു ബജറ്റിൽ ഇടംപിടിച്ച പ്രധാന വികസന പദ്ധതികൾ.

അഞ്ചാം ബജറ്റിൽ (18.3.1983) കാർഷിക വായ്പ തിരിച്ചടവിന് സാവകാശം നൽകുമെന്നും എല്ലാ മലയോര കർഷകർക്കും പട്ടയം നൽകുമെന്നും പ്രഖ്യാപിക്കപ്പെട്ടു. തിരുവനന്തപുരത്ത് ശാസ്ത്ര സാങ്കേതിക മ്യൂസിയം, ആഴ്ചയിൽ രണ്ട് ലോട്ടറി, കശുവണ്ടി തൊഴിലാളികൾക്ക് ആശ്വാസപദ്ധതി, ഡയറക്ടേറ്റ് ഓഫ് കൾച്ചറൽ അഫേഴ്സ് രൂപീകരണം എന്നിവയും ബജറ്റിൽ സ്ഥാനം പിടിച്ച പദ്ധതികളാണ്.

ചെറുകിട കർഷകർക്കുള്ള കടാശ്വാസത്തിൽ ചെറിയ മാറ്റങ്ങൾ ചേർത്താണ് തന്റെ ആറാം ബജറ്റ് (16.3.1984) അവതരിപ്പിച്ചത്. ഇതുകൂടാതെ സർക്കാർ ജീവനക്കാരുടെ പെൻഷൻ പരിഷ്കരണം, വിദ്യാഭ്യാസ ആനുകൂല്യത്തിനുള്ള വരുമാനപരിധി ഉയർത്തൽ, ചിൽഡ്രൻസ് എൻസൈക്ലോപീഡിയ പ്രസിദ്ധീകരണം, ഗ്രൂപ്പ് ഇൻഷുറൻസിൽ വരുത്തിയ മാറ്റങ്ങൾ, റീജിയണൽ കോളേജ് ഓഫ് സ്പോർട്ട്സ് & ഫിസിക്കൽ എഡ്യുക്കേഷൻ (തിരുവനന്തപുരം), കേരള ഏവിയേഷൻ ട്രയിനിംഗ് സെന്റർ (എറണാകുളം) തുടങ്ങിയ പദ്ധതികൾ ബജറ്റിന്റെ ഭാഗമായി.

സംസ്ഥാനത്ത് വിട്ടുമാറാതെ നിൽക്കുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ നടുവിലാണ് തന്റെ ഏഴാമത്തെ ബജറ്റ് (22.3.1985) അവതരിപ്പിച്ചത്. തിരുവനന്തപുരത്ത് പ്ലാനറ്റോറിയം, വൊക്കേഷണൽ ഹയർ സെക്കന്ററി ഡയറക്ടേറ്റ്, തിരുവനന്തപുരത്ത് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ,



കേരള നിയമസഭ
കെ.എം.മാണി
ധന്യസ്മൃതി

കായികതാരങ്ങൾക്ക് സർക്കാർ ജോലി, പട്ടികവിഭാഗങ്ങൾക്ക് മത്സരപരീക്ഷാ സെന്ററുകൾ എന്നിവ ബജറ്റ് പ്രസംഗത്തിലുൾപ്പെട്ട പദ്ധതികളാണ്.

ക്ഷേമസഹായങ്ങളിൽ ചില മാറ്റങ്ങൾ വരുത്തിയാണ് കെ.എം.മാണി തന്റെ എട്ടാമത്തെ ബജറ്റ് (21.3.1986) നിയമസഭയിൽ അവതരിപ്പിച്ചത്. ഇതൊരു മിച്ചബജറ്റായിരുന്നു. പൂയംകുട്ടി ജലവൈദ്യുത പദ്ധതി, പ്രീഡിഗ്രി ബോർഡ്, സംസ്കൃത യൂണിവേഴ്സിറ്റി, ഐ.എച്ച്.ആർ.ഡി രൂപീകരണം, നെല്ല് സംഭരണ അതോറിറ്റി, തൊഴിലാളി ക്ഷേമനിധി തുടങ്ങിയവയും ബജറ്റിൽ സ്ഥാനം പിടിച്ച പദ്ധതികളാണ്.

## ഒമ്പതു മുതൽ പതിമൂന്നു വരെയുള്ള ബജറ്റ്

നീണ്ട 26 വർഷങ്ങൾക്കു ശേഷമാണ് കെ.എം. മാണി വീണ്ടും ധനകാര്യമന്ത്രിയായി ഉമ്മൻചാണ്ടി മന്ത്രിസഭയിലെത്തുന്നത്. ഈ ഗവൺമെന്റിൽ ആദ്യത്തെ 5 ബജറ്റുകൾ അദ്ദേഹം അവതരിപ്പിച്ചു. കർഷകർക്ക് പെൻഷൻ, സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ, കണ്ണൂർ എയർപോർട്ട്, മലയോര വികസന അതോറിറ്റി, സീറോ വെയ്സ്റ്റ് ശബരിമല, കിസാൻ പാസ്സ് ബുക്ക്, സമഗ്ര കാർഷിക ഇൻഷുറൻസ്, എഴുത്തച്ഛൻ മലയാളം സർവ്വകലാശാല, കാരുണ്യ ബനിവലന്റ് ഫണ്ട്, കാരുണ്യ ലോട്ടറി, കാസർഗോഡ്, മലപ്പുറം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിൽ നാല് മെഡിക്കൽ കോളേജുകൾ, പെർഫോമൻസ് മോണിറ്ററിംഗ് ഇവാലുവേഷൻ, എമർജിംഗ് കേരള നിക്ഷേപസംഗമം, ശബരിമല മാസ്റ്റർ പ്ലാൻ, കൊല്ലത്ത് നൈപുണ്യ വികസന കേന്ദ്രം, എല്ലാ ദിവസവും ഭാഗ്യക്കുറി, എന്നിവയാണ് 2011 ജൂലൈ 8 ന് അവതരിപ്പിച്ച ഒമ്പതാം ബജറ്റിൽ ഉൾപ്പെട്ട പ്രധാന വികസന പദ്ധതികൾ.

പത്താം ബജറ്റിൽ (19.3.2012) ക്ഷേമ പദ്ധതികൾക്ക് വർധനവ് നടത്തിയും സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം 56 ആയി ഉയർത്തിയും വികസനോന്മുഖ പദ്ധതികൾ അക്കമിട്ട് നിരത്തിയുമാണ് ബജറ്റ് അവതരിപ്പിച്ചത്. നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് രൂപീകരണം, ഹൈടെക് കൃഷി സമ്പ്രദായം കാർഷിക മേഖലയിൽ ഗ്രീൻ ഹൗസ് സ്കീം, കേരള ഇന്നൊവേഷൻ മിഷൻ, പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി, കേരള വെറ്ററിനറി സർവ്വകലാശാല രൂപീകരണം, സ്ത്രീ പീഡനങ്ങൾ തടയാൻ നിർഭയ പദ്ധതി, സ്ത്രീകൾക്കായി "തന്റേടം ജൻഡർ പാർക്ക് " സാമൂഹ്യ സുരക്ഷാ മിഷൻ, കുട്ടികൾക്കായി കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി, ബാലാവകാശ കമ്മീഷൻ രൂപീകരണം, തിരുവനന്തപുരം, "എയ്റോ സ്പേസ് സെന്റർ, ഗ്രീൻ കൺസ്ട്രക്ഷൻ പോളിസി, റെസ്പോൺസിബിൾ ടൂറിസം, ഗ്ലോബൽ എഡ്യുക്കേഷൻ മീറ്റ് എന്നിവയായിരുന്നു ധനമന്ത്രിയുടെ പ്രധാന സ്വപ്നപദ്ധതികൾ.

വിവിധ ആരോഗ്യ സാമൂഹ്യക്ഷേമ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ളതായിരുന്നു തന്റെ പതിനൊന്നാമത്തെ ബജറ്റ്. (15.3.13), ചെറുകിട കർഷകർക്ക് പലിശരഹിത വായ്പ, നീര ഇളനീർ ഉത്പാദനം, കർഷകർക്ക് സംയോജിത ധാന്യ ഇൻഷുറൻസ്, മംഗല്യനിധി, കുടിയേറ്റ തൊഴിലാളികൾക്ക് ഇൻഷുറൻസ്, കായംകുളത്ത് കാർട്ടൂണിസ്റ്റ് ശങ്കറിന്റെ പേരിൽ"കാർട്ടൂൺ മ്യൂസിയം" ഇ-സ്റ്റാമ്പിംഗ്, പ്രവാസി ക്ഷേമപദ്ധതികൾ, പരമ്പരാഗത തൊഴിലാളികൾക്ക് പെൻഷൻ എന്നിവയും പത്താം ബജറ്റിൽ ഉൾപ്പെടുത്തിയ ശ്രദ്ധേയമായ പദ്ധതികളാണ്.

സംസ്ഥാനത്തിന്റെ സാമ്പത്തിക യാഥാർത്ഥ്യങ്ങൾ ഉൾക്കൊണ്ടുള്ള ഒരു സമ്പൂർണ്ണ ബജറ്റായിരുന്നു 24.1.2014 ൽ അവതരിപ്പിച്ച തന്റെ 12-ാം ബജറ്റ്. ഈ ബജറ്റിന്റെ ഭാഗമായി അഗ്രികാർഡ് വിതരണം, ആഗോള കൃഷി സംഗമം, കൃഷിയും, മത്സ്യബന്ധനവും, മൃഗസംരക്ഷണവും സംയോജിപ്പിച്ചുകൊണ്ട് 'വെർട്ടിക്കൽ ഫാമിംഗ്' സീറോ ലാന്റ്ലസ്സ് സ്കീം, വ്യവസായത്തിന് ഗ്രീൻ ഫിനാൻസ് സ്കീം, 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ ചികിൽസ 'ആരോഗ്യകിരണം പദ്ധതി' സംസ്ഥാന യുവജന കമ്മീഷൻ രൂപീകരണം, മംഗല്യനിധി ലോട്ടറി, റബ്ബർ സംഭരണം എന്നീ പദ്ധതികളും സ്ഥാനം പിടിച്ചു.


മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുന്നതിനാണ് 13.3.2015 ലെ 13-ാം ബജറ്റ് മുൻഗണന നൽകിയത്. ഹൈടെക് ഫാമിംഗ്, പ്രവാസി കേരള കൃഷി വികാസ് പദ്ധതി, സ്പോർട്ട്സ് ഡെവലപ്മെന്റ് പദ്ധതി, ഷീബാങ്ക് എന്ന തൊഴിൽ ബാങ്ക്, 'കില' ക്ക് സർവ്വകലാശാല പദവി, ഗോത്രവർഗ്ഗ കുട്ടികൾക്കായി 'ഗുരുകുലം' പദ്ധതി, റബ്ബർ വിലസ്ഥിരതാ ഫണ്ട്, ഡിജിറ്റൽ ഇന്ത്യയുടെ ഭാഗമായി Natural Optic Fibre Network (NOFN), ഇ-ഗവേണൻസിനായി e-governance Innovation Fund, വയോജനസംരക്ഷണ പദ്ധതി, വിദ്യാഭ്യാസ പദ്ധതികൾ, ഡിജിറ്റൽ കേരളയുടെ ഭാഗമായ "ഏകീകൃതവെർച്ച്വൽ ഐ.ടി. പ്ലാറ്റ്ഫോം', പട്ടികജാതി - പട്ടികവിഭാഗ ക്ഷേമം, നാളികേര വികസനം, കൗശൽ കേന്ദ്രങ്ങൾ, എന്നിവയായിരുന്നു പ്രധാന വികസനപദ്ധതികൾ.

ഏഴ് മേഖലകൾക്ക് മുൻഗണന നൽകികൊണ്ട്, ദീർഘവീക്ഷണവും പ്രായോഗികതയുമുള്ള വികസനോന്മുഖ ബജറ്റാണ് ധനമന്ത്രി അവതരിപ്പിച്ചത്. ഉണർവിന്റെ ഊർജ്ജവുമായി കാർഷിക മേഖല, അടിസ്ഥാന സൗകര്യ വികസനം, സമ്പൂർണ്ണ ആരോഗ്യ കേരളം, ഡിജിറ്റൽ കേരള, എല്ലാവർക്കും പാർപ്പിടം, വ്യവസായ തൊഴിൽ സംരംഭകർക്ക് ഉത്തേജനം; വികസനവും കരുതലും മുഖമുദ്രയായുള്ള ക്ഷേമപ്രവർത്തനങ്ങൾ എന്നിവയാണ് പ്രസ്തുത സപ്തതന്ത്രങ്ങൾ.

## ബജറ്റുകളിലെ ഉൾക്കാമ്പും ഉൾക്കരുത്തും.

### 1. കാർഷിക മേഖല:-

കേരള സമ്പദ്ഘടനയുടെ നട്ടെല്ലാണ് കാർഷിക മേഖല. ആദ്യകാലത്ത് ഉത്പാദന രംഗത്ത് പ്രയോജനകരമായി മുടക്കാമായിരുന്ന മൂലധന നിക്ഷേപമാണ് സാമൂഹ്യരംഗത്ത് ചെലവഴിക്കപ്പെട്ടത്. ഇതുമൂലം കാർഷിക മേഖല അവഗണിക്കപ്പെട്ടു. 1957 മുതൽ



> **വ്യവസായ പുരോഗതിക്ക് വിലങ്ങുതടിയായി നിന്നിരുന്ന തടസ്സങ്ങൾ ഒഴിവാക്കി കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിൽ കെ.എം. മാണി വഹിച്ച പങ്ക് നിസ്തുലമാണ്. ഭരണസംവിധാനത്തിന്റെ കാര്യക്ഷമതയും, വിഭവവിനിയോഗം ശരിയായി നടത്തുന്നതിനായി പെർഫോമൻസ് മോണിറ്ററിംഗ് ഇവാല്യൂവേഷൻ സംവിധാനവും, ഇ-സ്റ്റാമ്പിംഗ്, ഇ-ഗവേണൻസ് എന്നീ പദ്ധതികളും സുതാര്യമായ വ്യവസായ പുരോഗതിക്ക് വഴി വെച്ചിട്ടുണ്ടെന്ന് വ്യക്തം.**

കേരളത്തിന്റെ വിഭവശേഷിക്കനുസൃതമായി പഞ്ചവത്സര പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിൽ വീഴ്ച ഉണ്ടായി. ഇത് വിലക്കയറ്റത്തിനും, ഭക്ഷ്യകമ്മിക്കും കാരണമായി. ഹരിതവിപ്ലവത്തിന്റെ ഫലമായുണ്ടായ പുരോഗതി കേരളത്തിൽ ഉണ്ടായതുമില്ല. ജനങ്ങൾക്ക് കൃഷിയിൽ താൽപര്യം കുറഞ്ഞതാണ് കാരണം. ഈ സാഹചര്യങ്ങൾ മനസ്സിലാക്കിയതിന്റെ ഫലമായാണ് തന്റെ ഒന്നാം ബജറ്റിൽ തന്നെ കുടിക്കിടപ്പ്, കുടിയാണ്മ കേസുകൾ പരിഹരിക്കാനും ഭൂപരിഷ്കരണ നടപടികൾ വേഗത്തിലാക്കാനും കർഷക തൊഴിലാളികളുടെ മിനിമം കൂലി പുതുക്കാനും ശ്രമിച്ചത്. കൂടാതെ കാർഷിക കമ്മീഷൻ രൂപീകരണം, മിൽമയുടെ രൂപീകരണം, സമഗ്ര കാർഷിക ഇൻഷുറൻസ്, കർഷകർക്ക് പെൻഷൻ, ഹൈടെക് കൃഷി സമ്പ്രദായം, കർഷകർക്ക് പലിശരഹിതവായ്പ, വായ്പ തിരിച്ചടവിന് റിസ്ക് ഇൻഷുറൻസ്, ഓർഗാനിക് ഫാമിംഗ് കേരള ബ്രാൻഡ്, നീര ഇളനീർ ഉൽപാദനം, കർഷകർക്ക് സംയോജിത ധാന്യ ഇൻഷുറൻസ്, അഗ്രികാർഡ്, 'വെർട്ടിക്കൽ ഫാമിംഗ്', കാർഷികാദായ നികുതി രംഗത്ത് കോമ്പൗണ്ടിംഗ് സമ്പ്രദായം, കാർഷികാദായ നികുതിയുടെ ഒഴിവാക്കൽ പരിധി ഉയർത്തൽ, റബ്ബർ വില സ്ഥിരതാഫണ്ട്, കാർഷിക വായ്പാ ലഭ്യത ഉറപ്പുവരുത്തൽ, കിസാൻ പാസ്ബുക്ക്, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങിയ സംരംഭങ്ങൾ പിൽക്കാല ബജറ്റിൽ സ്ഥാനം പിടിച്ച പദ്ധതികളാണ്. ഈ പദ്ധതികളിലൂടെ കാർഷിക മേഖലയുടെ പ്രാധാന്യവും അത് സമ്പദ്ഘടനയിൽ വരുത്തുന്ന പരിവർത്തനങ്ങളും തിരിച്ചറിയാനും, അതനുസരിച്ച് പദ്ധതികളാവിഷ്കരിക്കാനും ധനമന്ത്രി കെ.എം.മാണിക്ക് കഴിഞ്ഞു. കൃഷിക്കാരുടെ നൊമ്പരവും വേദനകളും സ്വന്തം ആത്മാവിന്റെ ഭാഗമായി സൂക്ഷിക്കുന്ന രാഷ്ട്രീയ പ്രവർത്തകനായിരുന്നു അദ്ദേഹം.

## 2. വ്യാവസായിക രംഗം

തകർന്നുകൊണ്ടിരിക്കുന്ന സമ്പദ്ഘടനയെ, പുരോഗതയിലേക്ക് നയിക്കാൻ കർഷകരെ മാത്രമല്ല, തൊഴിൽ ആഗ്രഹിക്കുന്ന ചെറുപ്പക്കാർക്ക് തൊഴിൽ കൊടുക്കാൻ എന്തൊക്കെ ചെയ്യണം എന്ന ചിന്തയായിരുന്നു അദ്ദേഹത്തിന്. അതിനായി തന്റെ ആദ്യബജറ്റിൽ തന്നെ ഇരുപതിന പരിപാടിക്ക് കൂടുതൽ വിഹിതം നൽകി കേരളത്തിന്റെ സമഗ്ര വികസനത്തിന് അടിത്തറ പാകുകയായിരുന്നു. അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി 10000 ചെറുകിട വ്യവസായ സംരംഭങ്ങൾ, രോഗഗ്രസ്തയിലായ വ്യവസായങ്ങളുടെ പുനരുദ്ധാരണം, കൊച്ചിൻ കപ്പൽ നിർമ്മാണശാലയുടെ നവീകരണം,പരമ്പരാഗത വ്യവസായ വികസനം എന്നിവ ഒന്നാം ബജറ്റിൽ തന്നെ സ്ഥാനം പിടിച്ച പദ്ധതികളാണ്.

സാങ്കേതിക പരിശീലനത്തിനായി 'ഇൻഡസ്ട്രിയൽ അക്കാദമി, ജില്ലകളിൽ വികസന അതോറിറ്റികൾ, ഒരു താലൂക്കിൽ ഒരു വ്യവസായം, എമർജിംഗ് കേരള നിക്ഷേപ സംഗമം, വ്യവസായങ്ങൾക്ക് ഗ്രീൻ ഫിനാൻസ് സ്കീം, ചെറുകിട വ്യവസായ ക്ലസ്റ്റർ രൂപീകരണം, വ്യവസായ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ, കരകൗശല വ്യവസായ വികസനം, വെളിച്ച വിപ്ലവം എന്നിവ തുടർന്നുള്ള ബജറ്റുകളിൽ സ്ഥാനം പിടിച്ച സ്വപ്ന പദ്ധതികളാണ്.

വ്യവസായ പുരോഗതിക്ക് വിലങ്ങുതടിയായി നിന്നിരുന്ന തടസ്സങ്ങൾ ഒഴിവാക്കി കേരളം ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിൽ കെ.എം. മാണി വഹിച്ച പങ്ക് നിസ്തുലമാണ്. ഭരണസംവിധാനത്തിന്റെ കാര്യക്ഷമതയും, വിഭവവിനിയോഗം ശരിയായി നടത്തുന്നതിനായി പെർഫോമൻസ് മോണിറ്ററിംഗ് ഇവാല്യൂവേഷൻ സംവിധാനവും, ഇ-സ്റ്റാമ്പിംഗ്, ഇ-ഗവേണൻസ് എന്നീ പദ്ധതികളും സുതാര്യമായ വ്യവസായ പുരോഗതിക്ക് വഴി വെച്ചിട്ടുണ്ടെന്ന് വ്യക്തം.

## 3. കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ

അധികാര വികേന്ദ്രീകരണം കാലഘട്ടത്തിന്റെ ആവശ്യമാണ്.



ഭരണ സംവിധാനത്തിന്റെയും ആസൂത്രണത്തിന്റെയും സാധ്യമായ എല്ലാ മണ്ഡലങ്ങളിലും അധികാരവും ഉത്തരവാദിത്തവും വികേന്ദ്രീകരിക്കണമെന്ന് ധനമന്ത്രി കേന്ദ്രത്തോട് ആവശ്യപ്പെട്ടു. സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരവും സാമ്പത്തിക വരുമാനവും ലഭ്യമാക്കത്തക്കവിധം കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ സമഗ്രമായി പരിവർത്തനം ചെയ്യണമെന്ന ശക്തമായ അഭിപ്രായമാണ് കേരളത്തിനുള്ളതെന്ന് ധനമന്ത്രി ചൂണ്ടിക്കാട്ടി. ഗാഡ്ഗിൽ, മുഖർജി ഫോർമുലകൾ ആധാരമാക്കിയുള്ള നികുതി വിതരണം കൂടുതൽ യുക്തിസഹമാക്കണമെന്നും, വായ്പകൾക്കുപകരം ഗ്രാന്റുകൾ അവാർഡ് ചെയ്യണമെന്ന ദീർഘകാലത്തെ ആവശ്യവും കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ തന്റെ വിവിധ ബജറ്റുകളിലൂടെ ധനമന്ത്രി ശ്രമിച്ചിട്ടുണ്ട്.

## 4. നികുതി നയവും ധനകാര്യ കമ്മീഷനും

കേരളത്തിലെ സാമ്പത്തിക രംഗത്തെ സങ്കീർണ്ണ പ്രശ്നങ്ങളെ അടുത്തറിയാനും വ്യക്തമായ പരിഹാരങ്ങൾ നിർദ്ദേശിക്കാനും കഴിഞ്ഞ ധനമന്ത്രിയായിരുന്നു കെ.എം. മാണി. ഭരണഘടനയിൽ സ്വീകരിച്ചിരിക്കുന്ന നികുതി വിഭജന തത്വമനുസരിച്ച് രാജ്യത്തിലെ നികുതി വിഭവത്തിൽ 70 ശതമാനം കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിൽ സ്ഥിതി ചെയ്യുന്നു. സംസ്ഥാനങ്ങൾക്കാകട്ടെ പരിമിതമായ വരുമാന മാർഗ്ഗങ്ങളേ ഉള്ളൂ. വിൽപന നികുതി, കാർഷികാദായ നികുതി എന്നിവയാണ് സംസ്ഥാനങ്ങളുടെ നികുതികൾ. ആദായ നികുതി, എക്സൈസ് നികുതി എന്നിവയിൽ നിന്നും ഒരു വിഹിതം കേന്ദ്രം വിവിധ സംസ്ഥാനങ്ങൾക്ക് നൽകി വരുന്നുണ്ട്. എന്നാൽ കോർപറേഷൻ ടാക്സ്, കസ്റ്റംസ് ഡ്യൂട്ടി എന്നിവയിൽ നിന്നു കിട്ടുന്ന വരുമാനങ്ങളിൽ യാതൊരു പങ്കും സംസ്ഥാനങ്ങൾക്ക് നൽകുവാൻ വ്യവസ്ഥയില്ല. ഈ നിലപാടുമാറ്റി എല്ലാ നികുതി വരുമാനവും സംസ്ഥാനങ്ങൾക്ക് വ്യവസ്ഥാപിതമായി വീതിച്ചു കൊടുക്കാൻ പുതിയ നടപടികൾ ആവിഷ്കരിക്കേണ്ടതാണെന്ന് 8-ാം ധനകാര്യകമ്മീഷൻ മുമ്പാകെ അദ്ദേഹം അവതരിപ്പിച്ചിരുന്നു. 14-ാം ധനകാര്യ കമ്മീഷന്റെ അവാർഡിനു ശേഷവും സംസ്ഥാനങ്ങൾക്ക് നൽകുന്ന വിഹിതം 61-62% ൽ സ്ഥിരമായി തന്നെ നിർത്തിയിരുന്നു. സംസ്ഥാനങ്ങളുടെ നികുതി വിഹിതം ആകെയുള്ള കേന്ദ്ര നികുതിയുടെ 32% ൽ നിന്ന് 50% ആയി വർധിപ്പിക്കേണ്ടതാണെന്ന് പറഞ്ഞിരുന്നുവെങ്കിലും മൊത്തനികുതി കൈമാറ്റം 42 % ൽ പരിമിതപ്പെടുത്തിയെന്നും, നമുക്ക് കിട്ടിയത് പരിമിതമായ വർധനവ് മാത്രമാണെന്നും തന്റെ 13-ാം ബജറ്റ് പ്രസംഗത്തിൽ ധനമന്ത്രി ചൂണ്ടിക്കാണിക്കുന്നു.

“നികുതി ആരും ഇഷ്ടമുണ്ടായിട്ട് നൽകുന്നതല്ല" എന്നത് ഒരു പൊതുതത്വമാണ്. എന്നാൽ നികുതി നൽകാൻ കഴിവുള്ള വിഭാഗങ്ങളിൽ നിന്ന് അത് ഈടാക്കി ജനങ്ങളുടെ പൊതു അഭിവൃദ്ധിക്കുവേണ്ടി ചെലവഴിക്കുന്നതിൽ ഒരു കുറ്റബോധവും ഉണ്ടാകേണ്ടതില്ല. നികുതി സംവിധാനം ശാസ്ത്രീയമാക്കുന്നതിലും അത് അടിസ്ഥാന വിഭാഗങ്ങളെ ദോഷകരമായി ബാധിക്കരുതെന്നുള്ള സമീപനമാണ് തന്റെ 13 ബജറ്റുകളിലും കെ.എം.മാണി പൊതുവെ സ്വീകരിച്ചിരുന്നത്.

## 5. ഫിനാൻസ് ബിൽ (പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ട്) നിയമത്തിലൂടെ വരുമാനവർദ്ധന

ബജറ്റിലെ ഓരോ നികുതി നിർദ്ദേശത്തിനും പ്രത്യേകം പ്രത്യേകം ബില്ലുകൾ അവതരിപ്പിക്കുന്ന രീതി കേരളത്തിൽ മാറ്റിയത് ധനമന്ത്രി കെ.എം. മാണിയാണ്. ബജറ്റിനെ തുടർന്ന് നടക്കുന്ന പൊതുചർച്ചക്ക് ശേഷം സഭയിൽ നടത്തുന്ന ധനാഭ്യർത്ഥനകൾ സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്ക് വിടുന്നു. പിന്നീടുള്ള ചർച്ചയും വോട്ടെടുപ്പും പൂർത്തിയാക്കാൻ കൂടുതൽ സമയം അനിവാര്യമാണ്. ഇക്കാരണത്താൽ സമ്പൂർണ്ണ ബജറ്റ് ജൂൺ മാസത്തിനു മുമ്പ് പാസ്സാകാറില്ലായിരുന്നു. ഈ സമയത്ത് നികുതി നിർദ്ദേശങ്ങൾക്ക് നിയമപ്രാബല്യം നൽകുവാനുള്ള ബിൽ അവതരിപ്പിച്ച് പാസ്സാക്കുവാൻ കഴിയുമായിരുന്നില്ല. ഇത് റവന്യൂ വരുമാനത്തിൽ വൻകുറവ് വരുത്തിയിരുന്നു. ഈ വൈതരണി തരണം ചെയ്യാനായി എല്ലാ സാമ്പത്തിക വർഷത്തിലും ബജറ്റിനൊപ്പം ബജറ്റിലെ ധനപരമായ ശുപാർശകൾ പ്രാബല്യത്തിലാക്കാനായി 1931 ലെ പ്രൊവിഷണൽ കളക്ഷൻ ഓഫ് റവന്യൂസ് ആക്ട് ചുവടുപിടിച്ച് രൂപം നൽകിയതാണ് 1985 ലെ ഈ നിയമം.

## 6. ക്ഷേമ പദ്ധതികൾ

ധനമന്ത്രി എന്ന നിലയിൽ അധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ നൽകാൻ അധികം ധനമന്ത്രിമാർ ധൈര്യപ്പെട്ടിട്ടില്ല. 60 വയസ്സ് തികയുന്ന എല്ലാ കർഷക തൊഴിലാളികൾക്കും പ്രതിമാസം 45 രൂപ നിരക്കിൽ പെൻഷൻ നൽകണമെന്ന വ്യവസ്ഥയാണ് കെ. എം മാണിയുടെ ഏറ്റവും വിപ്ലവകരമായ ക്ഷേമപദ്ധതി. സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളോട് കാണിച്ച ഏറ്റവും ഉദാത്തമായ നടപടിയായി ഇത് വ്യാഖ്യാനിക്കപ്പെട്ടു. ഇന്ത്യയ്ക്കാകെ മാതൃകയായ ഈ പദ്ധതി 1980 ലെ നായനാരുടെ ഇടതുപക്ഷ ഗവൺമെന്റിന്റെ തൊഴിലാളി സൗഹൃദ നിലപാടിനുള്ള ദിശാസൂചകമായിരുന്നു. ഒരു ഹെക്ടറിൽ താഴെ മാത്രം കൃഷിഭൂമിയുള്ള കർഷകർക്ക് പെൻഷനും എല്ലാ വിളകൾക്കും കാർഷിക ഇൻഷ്വറൻസും 2011 ലെ ഉമ്മൻചാണ്ടി ഗവൺമെന്റിന്റെ ആദ്യ ബജറ്റിലാണ് പ്രഖ്യാപിച്ചത്.

തന്റെ ഒമ്പതാം ബജറ്റിലാണ് കാരുണ്യ ചികിൽസാ പദ്ധതി പ്രഖ്യാപിച്ചത്. മാരകമായ കാൻസർ, ഹൃദ്രോഗം എന്നിവ ബാധിച്ചവർക്കും, വൃക്ക, തലച്ചോറ്, ശ്വാസകോശം നട്ടെല്ല് തുടങ്ങിയവയുടെ രോഗങ്ങളുമായി ദുരിതമനുഭവിക്കുന്നവർക്കും 2 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നതിനായി സംസ്ഥാന സർക്കാർ കാരുണ്യ ബെനിവലന്റ് ഫണ്ട് രൂപീകരിക്കാൻ 2012 ഫെബ്രുവരി 26-ാം




**വെറും വരവ് ചെലവ് കണക്കുകൾ എന്ന നിലയിൽ ഒതുങ്ങി നിന്നിരുന്ന സംസ്ഥാന ബജറ്റിനെ സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക രംഗത്ത് പരിവർത്തനങ്ങൾ വരുത്തുവാൻ പര്യാപ്തമായ ശക്തമായ ഒരു അസ്ത്രമായി ധനമന്ത്രി കെ.എം. മാണി മാറ്റി. സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവർക്ക് ആനുകൂല്യങ്ങൾ നൽകിയും, നികുതിഘടനകൾ ശാസ്ത്രീയമായി പരിഷ്കരിച്ചും വരവ് വർധിപ്പിച്ചും വികസനേതര ചെലവുകൾ വെട്ടിക്കുറച്ചും സാമ്പത്തിക മാനേജ്മെന്റിലെ തന്റെ വൈഭവം അദ്ദേഹം പ്രകടമാക്കി.**

തീയതി തുടക്കം കുറിച്ചു. ബെനിവലന്റ് ഫണ്ട് ലഭ്യമാക്കുന്നതിനായി കാരുണ്യ ലോട്ടറിയും ആരംഭിച്ചു. ഇത് സംസ്ഥാനത്തെ ഏറ്റവും വലിയ ആരോഗ്യ സുരക്ഷാ പദ്ധതിയായി ഇന്നും നിലകൊള്ളുന്നു. ഒരു ഭരണകർത്താവെന്ന നിലയിൽ അവശവിഭാഗങ്ങളെ, അർഹതപ്പെട്ട വണ്ണം നാടിന്റെ സാമ്പത്തികാവകാശികളാക്കി മുഖ്യധാരയിൽ ഒപ്പം ചേർന്ന് മുന്നോട്ട് പോകുന്ന രീതിയിലുള്ള ധനവിനിയോഗത്തിനാണ് തുടർച്ചയായ ക്ഷേമപദ്ധതികളിലൂടെ അദ്ദേഹം ശ്രമിച്ചത്.

## 7. ബജറ്റിലെ ഉദ്ധരണികൾ

ബജറ്റ് പ്രസംഗങ്ങൾ കണക്കുകളും വിവരങ്ങളും മാത്രമായി വിരസമാവാറായിരുന്നു പതിവ്. ബജറ്റുകളെ ആദ്യമായി കാവ്യാത്മകമാക്കി അദ്ദേഹം ചരിത്രം സൃഷ്ടിച്ചു. കേരളത്തിന് പ്രയാസങ്ങളും, പ്രതിബന്ധങ്ങളും, ഏറെ ഉണ്ടെങ്കിലും അത് നമ്മുടെ ആത്മസത്തയെ ഒരിക്കലും തളർത്തുന്നില്ലെന്നും അതിന്റെ ശക്തിയും, ശുദ്ധിയും വർധിപ്പിക്കുന്നതേയുള്ളൂയെന്നും പറഞ്ഞുകൊണ്ടാണ് അദ്ദേഹം 1985 ലെ ബജറ്റിൽ ഭഗവത്ഗീതയിലെ ശ്ലോകം ഉദ്ധരിച്ചത്.

“നൈനം ഛിന്ദതി ശസ്ത്രാണി
നൈനം ദഹതി പാവക:
ന ചൈനം ക്ലേദയന്ത്യപോ
ന ശോഷയതി മാരുത;

നമ്മുടെ ആത്മസത്തയെ ആയുധം കൊണ്ട് മുറിക്കുന്നതിനോ, അഗ്നി കൊണ്ട് ചുട്ടുന്നതിനോ വെള്ളത്താൽ കുതിർക്കാനോ കാറ്റു കൊണ്ട് ഉണക്കാനോ സാധ്യമല്ല എന്നാണിതിന്റെ അന്വയാർത്ഥം.

ഇടശ്ശേരിയുടെ 'വികസിക്കുക' എന്ന കവിതയിലെ വരികൾ ഉദ്ധരിക്കപ്പെട്ടത് 2012 ലെ ബജറ്റിലാണ്.

"ധീരതയിനിമേൽ സൃഷ്ടിക്കത്രേ
കൊത്തി നുറുക്കാനല്ല, വിസ്തൃത
ഭാരത ഭൂവിനൊരനുബന്ധം മുഴ-
വാനല്ലിവിടെ മെനഞ്ഞീടുന്നു
കേരളമേ, വികസിക്കുക നീ പുതു-
തായൊരു ജീവിത മാധുര്യത്തെ
ഷാരിനു നൽകാൻ........”

ഈ കവിതയിലൂടെ അദ്ദേഹം കേരളഭൂമിയുടെ വികസനത്തിന് വേണ്ടി എല്ലാവരും അഭിപ്രായ വ്യത്യാസങ്ങൾ മറന്നു ഒരുമയോടെ പ്രവർത്തക്കണമെന്ന് ആഹ്വാനം ചെയ്യുന്നു. നമ്മുടെ കഴിവുകൾ വെട്ടിനിരത്താനും, കൊത്തിനുറുക്കാനുമുള്ളതല്ല, പുതിയ കേരള സൃഷ്ടിക്ക് വേണ്ടിയാണ് വിനിയോഗിക്കേണ്ടത് എന്നദ്ദേഹം ഓർമ്മിപ്പിക്കുന്നു. ശരിയായ ലക്ഷ്യബോധത്തോടെ, തളരാതെ, പതറാതെ ആത്മവിശ്വാസത്തോടെ കേരള വികസനം സാധ്യമാക്കാൻ ഒരുമിച്ച് നീങ്ങാമെന്ന് അദ്ദേഹം ബജറ്റിൽ ആഹ്വാനം ചെയ്യുന്നു.

വെറും വരവ് ചെലവ് കണക്കുകൾ എന്ന നിലയിൽ ഒതുങ്ങി നിന്നിരുന്ന സംസ്ഥാന ബജറ്റിനെ സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക രംഗത്ത് പരിവർത്തനങ്ങൾ വരുത്തുവാൻ പര്യാപ്തമായ ശക്തമായ ഒരു അസ്ത്രമായി ധനമന്ത്രി കെ.എം.മാണി മാറ്റി. സാമൂഹ്യമായി പിന്നോക്കം നിൽക്കുന്നവർക്ക് ആനുകൂല്യങ്ങൾ  നൽകിയും, നികുതിഘടനകൾ ശാസ്ത്രീയമായി പരിഷ്കരിച്ചും വരവ് വർധിപ്പിച്ചും വികസനേതര ചെലവുകൾ വെട്ടിക്കുറച്ചും സാമ്പത്തിക മാനേജ്മെന്റിലെ തന്റെ വൈഭവം അദ്ദേഹം പ്രകടമാക്കി. എല്ലാവർക്കും സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്ന ഒരു ജനാധിപത്യ സോഷ്യലിസ്റ്റ് സമൂഹം അനിവാര്യമാണെന്നും കേന്ദ്രവും സംസ്ഥാനങ്ങളും തമ്മിലുള്ള ബന്ധങ്ങളിൽ കൂടുതൽ ഫെഡറൽ സ്വഭാവം വേണമെന്നും, സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വയംഭരണാവകാശങ്ങളും, ധനാഗമമാർഗ്ഗങ്ങളും ഉറപ്പുവരുത്തണമെന്നുമാണ് കെ.എം. മാണി അവതരിപ്പിച്ച ബജറ്റുകളുടെ പ്രധാന അന്തസത്ത.

കർഷക തൊഴിലാളികൾക്കും കർഷകർക്കും പെൻഷൻ ഉൾപ്പെടെയുള്ള പദ്ധതികളിലൂടെ അധ്വാനവർഗത്തെ സംരക്ഷിക്കുവാനും പരിപാലിക്കുവാനുമുള്ള സമർപ്പണമാണ് പ്രതിസന്ധികളിലും പ്രതികൂല സാഹചര്യങ്ങളിലും കരുത്താർജ്ജിക്കുവാനും വളരുവാനും അദ്ദേഹത്തെ സഹായിച്ചത്. നിരാശക്ക് വഴിയൊരുക്കിയേക്കാവുന്ന സംഭവങ്ങളെ പോലും പ്രത്യാശയ്ക്ക് വകയുള്ളതെന്ന് വരുത്തിത്തീർക്കുന്ന വ്യാഖ്യാന വൈദഗ്ധ്യവും, അടവുകൾ അനുഭവ സമ്പത്തിലൂടെ പഠിച്ചുറച്ച അങ്കച്ചേകോന്റെ ഉണർവ്വും ജാഗ്രതയും ഈ മുൻധനകാര്യമന്ത്രിക്ക് സ്വന്തം.

കഠിനാധ്വാനവും, സ്ഥിരോൽസാഹവും, ലക്ഷ്യബോധവും, ജനവികാരങ്ങൾ മനസ്സിലാക്കി പ്രതികരിക്കാനുള്ള അസാധാരണമായ കഴിവുമാണ് മുൻമന്ത്രി കെ.എം. മാണിയെ ഏറ്റവും ശ്രദ്ധേയനായ നിയമസഭാ സാമാജികനും ധനമന്ത്രിയും ആക്കിയത്.

"പൊട്ടി വർഗ്ഗീയ വൈരം
കാട്ടും മേട്ടും കുലുക്കിക്കൊലവിളിരുധിരം
കൊണ്ടു തർപ്പിച്ചിടുമ്പോൾ
പേടിക്കേണ്ടെന്നു ചൊല്ലിപ്പലദിശി ജനത-
യ്ക്കാത്മ ധൈര്യം പുലർത്തി-
ക്കുട്ടും മാലാഖയാണീ മഹിതചരിതനാം
മന്ത്രി തന്ത്രജ്ഞമൗലി."

മഹാകവി പാലാ നാരായണൻ നായർ മുൻമന്ത്രി കെ.എം. മാണിയുടെ നിയമസഭാ സാമാജികത്വത്തിന്റെ രജതജൂബിലി വേളയിൽ എഴുതിയ കവിതയിലെ വരികളാണ് ഇത്. നാട് മതകലഹത്താൽ, വർഗ്ഗീയ വൈരം പൊട്ടി കൊലവിളി നടത്തുമ്പോൾ ജനതയ്ക്കാത്മധൈര്യം പകർന്നു നല്കുന്ന തന്ത്രജ്ഞനാണ് കെ.എം. മാണി എന്നതാണ് കവിപക്ഷം. ഹൃദയംഗമമായ മതിപ്പ് കൽപ്പിച്ചുകൊണ്ട് കളങ്കമില്ലാതെ ചിരകാലമായി സൗഹൃദവും അവാച്യമായ പരസ്പര ബന്ധവും പുലർത്തിയിരുന്ന നേതാവായിരുന്നു കെ.എം.മാണി എന്ന് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ "ശ്രീ. കെ.എം.മാണി - ഒരപരിചിതന്റെ ചില പരാമർശങ്ങൾ" എന്ന ലേഖനത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അധ്വാനശീലത്തിന്റെയും സ്വഭാവ ഗുണത്തിന്റെയും വിജ്ഞാനം നേടാനുള്ള സ്ഥായിയായ പരിശ്രമവും ജനസേവനത്തെ തപസ്സാക്കി മാറ്റിയ സവിശേഷതകളും ഉള്ള ജനകീയനായിരുന്നു കെ.എം.മാണി.

കേരള രാഷ്ട്രീയം ആഗോള രാഷ്ട്രീയത്തിന്റെ വഴികാട്ടിയും പരീക്ഷണശാലയുമാണ്. നയപരവും തന്ത്രപരവുമായ നീക്കങ്ങളുടെയും നീക്കുപോക്കുകളുടെയും വെളിച്ചത്തിൽ വിസ്മയം ജനിപ്പിക്കുന്ന ഒരു വിശ്വവിദ്യാലയമായി കേരളത്തെ മാറ്റിത്തീർത്തതിൽ മുൻ ധനമന്ത്രി കെ.എം. മാണിക്ക് അദ്വിതീയമായ സ്ഥാനമാണ് എന്നും കേരള ചരിത്രത്തിലുള്ളത്. കൂടാതെ കേരളത്തിന്റെ സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക ഭൂമികയിൽ പരിവർത്തനങ്ങൾ സൃഷ്ടിച്ച അദ്ദേഹത്തിന്റെ ബജറ്റുകൾ പ്രോജ്ജ്വലമായ ഒരു നേർരേഖയായി എന്നും നിലനിൽക്കുക തന്നെ ചെയ്യും.





നിയമസഭാ പ്രസംഗം

26-08-1971

# സുപ്രീം കോടതി വിധിയും പാർലമെന്റിന്റെ പരമാധികാരവും

ഇരുപത്തിനാലാം ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട് നിയമസഭയിൽ 1971 ആഗസ്റ്റ് 26 ന് അന്നത്തെ പൊതുമരാമത്തും ടൂറിസവും വകുപ്പ് മന്ത്രി ടി.കെ. ദിവാകരൻ അവതരിപ്പിച്ച സ്റ്റാറ്റ്യൂട്ടറി പ്രമേയത്തിൻ മേൽ **ശ്രീ. കെ.എം. മാണി** നടത്തിയ പ്രസംഗം.


**ഭരണഘടനയുടെ ഭാഗം III ലുള്ള മൗലികാവകാശങ്ങൾ ഉൾപ്പെടെയുള്ള വ്യവസ്ഥകൾ ഭേദഗതി ചെയ്യാൻ പാർലമെന്റിന് അധികാരമുണ്ടെന്ന ആർട്ടിക്കിൾ 368 പ്രകാരമുള്ള വ്യവസ്ഥ ശരിവച്ചു കൊണ്ട് നേരത്തേ പലപ്പോഴായുണ്ടായിട്ടുള്ള വിധികളെ കീഴ്മേൽ മറിച്ചുകൊണ്ടുള്ളതായിരുന്നു ഗോലക്നാഥ് കേസിലെ സുപ്രീംകോടതി വിധി (I.C. Golaknath and others Vs state of Punjab and others (1967 AIR 1643). ഭരണഘടനയുടെ ആഭിമുഖ്യത്തിൽ വ്യക്തമാക്കിയിരിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനായിട്ടോ അല്ലെങ്കിൽ രാഷ്ട്രനയത്തിന്റെ നിർദ്ദേശകതത്വങ്ങൾക്ക് പ്രഭാവം നൽകുന്നതിനായിട്ടോ ആണെങ്കിൽ പോലും മൗലികാവകാശങ്ങളിലേതെങ്കിലും എടുത്തുകളയാനോ വെട്ടിച്ചുരുക്കാനോ പാർലമെന്റിന് അധികാരമില്ലാതായി എന്നതാണ് ഈ വിധി മൂലം ഉണ്ടായ അനന്തരഫലം.. ഭരണഘടനയുടെ ഏത് ഭാഗവും ഭേദഗതി ചെയ്യാൻ പാർലമെന്റിന് അധികാരം നൽകുന്നതിന് വേണ്ടിയാണ് ഇരുപത്തിനാലാം ഭേദഗതി ബിൽ പാർലമെന്റിൽ അവതരിപ്പിച്ച് പാസ്സാക്കി, പകുതിയിൽ കുറയാത്ത സംസ്ഥാനങ്ങൾ പ്രമേയം പാസ്സാക്കി സ്ഥിരീകരിച്ച് രാഷ്ട്രപതിയുടെ അനുമതി നേടി നിയമമാക്കിയത്.'**

സർ, ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അവതരിപ്പിച്ചിട്ടുള്ള ഈ പ്രമേയത്തെ ഞാൻ സമ്പൂർണമായി പിന്താങ്ങുകയാണ്. സർ നമ്മുടെ മൗലികാവകാശങ്ങൾ പ്രതിപാദിക്കുന്ന വ്യവസ്ഥകളെ ചവിട്ടിമെതിക്കുന്നതിനും ഇല്ലായ്മ ചെയ്യാനും വേണ്ടിയല്ല ഈ പ്രമേയത്തെ ഞങ്ങൾ അനുകൂലിക്കുന്നത്. അതുപോലെ തന്നെ ഇൻഡ്യൻ പാർലമെന്റിൽ അവതരിപ്പിച്ചിരിക്കുന്ന 24 ാമത്തെ ഭേദഗതി ബില്ലിൽ ഇതുവരെയില്ലായിരുന്ന എന്തെങ്കിലും നൂതനമായ വിപ്ലവാശയം ഉൾക്കൊള്ളുന്നു എന്നുള്ളതിന്റെ അടിസ്ഥാനത്തിലല്ല ഈ ആശയത്തെ പിന്താങ്ങുന്നത്. ഇൻഡ്യൻ ഭരണഘടന നിലവിൽ വന്ന കാലം മുതൽ ഇൻഡ്യൻ പാർലമെന്റിൽ നിക്ഷിപ്തമായിരുന്നതും ഈ സന്ദർഭത്തിൽ വിവിധ ഭരണഘടനാഭേദഗതികളിൽക്കൂടി ഈ അവകാശം, വിനിയോഗിച്ചുവന്ന ഒരു അവകാശം, 1967 ഫെബ്രുവരി മാസം 27 ാം തീയതി സുപ്രീംകോടതി വിധിച്ച ഗോലക്നാഥ് കേസിൽ മിക്കവാറും നഷ്ടപ്പെട്ടതുകൊണ്ട് ഈ നഷ്ടപ്പെട്ട അവകാശങ്ങൾ വീണ്ടെടുക്കുവാൻ വേണ്ടിയുള്ള ഒരു നിയമനിർമ്മാണത്തിന് അധികാരം നൽകുക എന്ന ചരിത്രപരമായ കടമ നിർവ്വഹിക്കുവാൻവേണ്ടിയാണ് ഞാനും എന്റെ പാർട്ടിയും ഇതിന് പരിപൂർണ്ണമായി പിന്തുണ നൽകുന്നത്. ഇവിടെ പല മെമ്പർമാരും പറഞ്ഞതുപോലെ ഭരണഘടന മാറ്റങ്ങൾക്ക് അതീതമായ ഒന്നല്ല; ഭരണഘടനയ്ക്ക് മാറ്റങ്ങൾ ആവശ്യമാണ്. നമ്മുടെ മാറിവരുന്ന സാഹചര്യങ്ങൾക്ക് അനുസരിച്ച് രാജ്യത്തെ ജനങ്ങളുടെ അഭിനിവേശങ്ങളും, അഭിലാഷങ്ങളും ആവശ്യങ്ങളും അനുസരിച്ച് ഭരണഘടനയ്ക്ക് മാറ്റങ്ങൾ ഉണ്ടാകേണ്ടതാണ്. അങ്ങനെ മാറ്റങ്ങൾ ഉണ്ടാകുന്നതിനെ ആർക്കും എതിർക്കുവാൻ കഴിയുകയില്ല. അതനുസരിച്ച് ഇന്നത്തെ വ്യവസ്ഥിതിയിൽ കേന്ദ്ര സംസ്ഥാന ബന്ധങ്ങളെ സംബന്ധിച്ച്, അവകാശങ്ങളെ സംബന്ധിച്ച്, എല്ലാം ആവശ്യമായ മാറ്റങ്ങൾ ആവശ്യമുള്ള സന്ദർഭങ്ങളിൽ വരുത്തണം. അതിന് ഇൻഡ്യൻ പാർലമെന്റിന്റെ

അവകാശം ഭരണഘടനയുടെ 368ാം ആർട്ടിക്കിളിൽ നിക്ഷിപ്തമായിട്ടുണ്ട്. അങ്ങനെയുള്ള ഒരവകാശം പാർലമെന്റിൽ നിക്ഷിപ്തമായിട്ടില്ലെന്നുള്ള ഗോലക്നാഥ് കേസിലെ ജഡ്ജ്മെന്റിന്റെ വ്യാഖ്യാനത്തോട് യോജിക്കുവാൻ നിർവ്വാഹമില്ല, അതംഗീകരിക്കുവാനും നിർവ്വാഹമില്ല. ഇതിനെ സംബന്ധിച്ചിടത്തോളം സുപ്രീംകോടതിക്ക് ചില തെറ്റുകൾ പറ്റിയിട്ടുണ്ടെന്ന് സൂക്ഷ്മമായി പരിശോധിക്കുമ്പോൾ കാണാവുന്നതാണ്. ആർട്ടിക്കിൾ 13 ൽ ഈ മൗലികാവകാശങ്ങൾക്ക് വിരുദ്ധമായി ഏത് നിയമങ്ങൾ പാർലമെന്റ് നിർമ്മിച്ചാലും അതു ഭരണഘടനാ വിരുദ്ധമാണെന്ന് പ്രസ്താവിച്ചിരിക്കുന്നതുകൊണ്ട് ഭരണഘടനയിലെ 368 ാം ആർട്ടിക്കിളനുസരിച്ചുള്ള ഒരു ഭരണഘടനാ ഭേദഗതി, നിയമമായിരുന്നാൽത്തന്നെയും അത് മൗലികാവകാശങ്ങളെ പരിമിതപ്പെടുത്തുന്നതുകൊണ്ട് ഭരണഘടനാവിരുദ്ധമാണെന്നും നിലനിൽക്കുന്നതല്ലെന്നും അതുകൊണ്ട് പാർലമെന്റിന് അമെന്റിംഗ് അധികാരം ഇല്ലെന്നുമായിരുന്നു സുപ്രീം കോടതിയുടെ വിധി. ഈ വ്യാഖ്യാനത്തിലാണ് തെറ്റുവന്നത്.

പാർലമെന്റിനെ സംബന്ധിച്ചിടത്തോളം രണ്ടുതരത്തിലുള്ള സ്വഭാവവും രണ്ടുതരത്തിലുള്ള അധികാരങ്ങളുമുണ്ട്. ഇൻഡ്യൻ പാർലമെന്റ് ഒരു സോവറിൻ അഥവാ പരമാധികാര സഭയാണ്; അതേയവസരത്തിൽ തന്നെ ഒരു നോൺ സോവറിൻ അഥവാ ഒരു സാധാരണ സഭയാണ്. ഒരു സോവറിൻ സഭയെന്ന നിലയിൽ ഇൻഡ്യൻ പാർലമെന്റിന് ഭരണഘടന നിർമ്മിക്കുവാനുള്ള അവകാശവും ഉണ്ട്. രണ്ടും രണ്ട് അവകാശങ്ങളും രണ്ട് സ്വഭാവങ്ങളുമാണ്. കോൺസ്റ്റിറ്റ്യുവന്റ് പവേഴ്സ് ഉപയോഗിക്കുമ്പോൾ 368 ാം ആർട്ടിക്കിളനുസരിച്ച് വിനിയോഗിക്കാം.

സാധാരണനിലയിലുള്ള നിയമനിർമ്മാണസഭയെന്നുള്ള നിലയിൽ നിയമങ്ങൾ നിർമ്മിക്കുമ്പോൾ 13 ാം ആർട്ടിക്കിളനുസരിച്ച് നിർമ്മിക്കാം. 13 ാം ആർട്ടിക്കിളനുസരിച്ച് നിയമങ്ങൾ നിർമ്മിക്കുമ്പോൾ മാത്രമേ, അതായത് സാധാരണ നിയമങ്ങൾ നിർമ്മിക്കുമ്പോൾ മാത്രമേ അത് മൗലികാവകാശങ്ങൾക്ക് വിരുദ്ധമായിരുന്നാൽ, മൗലികാവകാശ വ്യവസ്ഥകളെ പരിമിതപ്പെടുത്തിയാൽ, ഭരണഘടനാ വിരുദ്ധമായി പ്രഖ്യാപിക്കുവാൻ കഴിയൂ. നേരെമറിച്ച് 368 ാം ആർട്ടിക്കിളിൽ പ്രതിപാദിക്കുന്ന ഭരണഘടനാ ഭേദഗതി നിയമങ്ങളെ സംബന്ധിച്ചിടത്തോളം ആർട്ടിക്കിൾ 13 പ്രസക്തമല്ല.. 368 ാം ആർട്ടിക്കിളിനെ ഭരണഘടനയിലെ ആർട്ടിക്കിൾ 13 നിയന്ത്രിക്കുന്നതല്ല.. യാതൊരു നിയന്ത്രണവുമില്ല. ഈ പൊസിഷൻ വ്യക്തമായി സുപ്രീംകോടതി കാണുകയുണ്ടായില്ലെന്നുള്ളതാണ് ഖേദകരമായ ഒരുകാര്യം. മാത്രവുമല്ല പാർലമെന്റിൽ ഈ അവകാശം നിക്ഷിപ്തമായിട്ടില്ലെന്നുള്ള സുപ്രീംകോടതിയുടെ വ്യാഖ്യാനവും ശരിയല്ല സർ, നമ്മുടെ പാർലമെന്റ് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയുടെ ഒരു പിൻതുടർച്ചാവകാശിയാണ്. കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി ഭരണഘടനയ്ക്ക് രൂപം നൽകിയശേഷം ഒരു പ്രൊവിഷണൽ പാർലമെന്റായി പ്രവർത്തിക്കുകയാണ്. ഒരു പ്രൊവിഷണൽ പാർലമെന്റ് എന്ന നിലയിൽ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലുണ്ടായിരുന്ന ഭരണഘടനാ നിർമ്മാണാവകാശം കുറച്ച് ഈ പാർലമെന്റിനുണ്ട്. ഒരു പ്രൊവിഷണൽ പാർലമെന്റായി പ്രവർത്തിക്കുന്ന കാലഘട്ടത്തിലാണ് ഭരണഘടനയുടെ ഒന്നാമത്തെ ഭേദഗതി നിയമം പാസ്സാക്കിയിട്ടുള്ളത്. പ്രൊവിഷണൽ പാർലമെന്റായി രൂപാന്തരപ്പെട്ടതിനുശേഷം ഒരു ഭരണഘടനാ ഭേദഗതിക്ക് രൂപം നൽകിയെങ്കിൽ, പാർലമെന്റിന് കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയുടെ എല്ലാ





അധികാരങ്ങളും ഉണ്ടെന്നു തെളിയുന്നതും കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിലെ ഭരണഘടനാ നിർമ്മാതാക്കളുടെ ഉദ്ദേശം തന്നെ പാർലമെന്റിന് ഈ അധികാരം നൽകുക എന്നുള്ളതായിരുന്നുവെന്നും വളരെ വ്യക്തമാണ്.

സർ, വേറൊരു പൊസിഷൻ ഞാൻ ഇവിടെ പറയാൻ ആഗ്രഹിക്കുകയാണ്. സുപ്രീകോടതിയുടെ വിധി ശരിയാണെന്ന് വിചാരിക്കുക. സുപ്രീം കോടതിയുടെ വിധി ശരിയായിരുന്നാലും, സുബ്ബറാവുവിന്റെ വിധി ശരിയായിരുന്നാലും, നമ്മുടെ ഭരണഘടനയനുസരിച്ച് പാർലമെന്റിന് അമന്റിംഗ് പവേഴ്സ് നിലവിലിരിക്കുന്നതുകൊണ്ട്, പാർലമെന്റിൽ ഈ അധികാരം നിക്ഷിപ്തമായിരിക്കുന്നതുകൊണ്ട്, മാറിവരുന്ന പാർലമെന്റിന് ഇത്തരം നിയമനിർമ്മാണം കൊണ്ടുവരുന്നതിന് യാതൊരു പ്രയാസവുമില്ല. സർ, പാർലമെന്റിന്റെ അധികാരത്തെ പരിമിതപ്പെടുത്താൻ ലോകത്തിലുള്ള ഒരു ശക്തിക്കും സാധ്യമല്ല. പാർലമെന്റിന് അതിനുമുമ്പുണ്ടായിരുന്ന നിയമത്തിനനുസരിച്ച് പാർലമെന്റിന്റെ അധികാരം പരിമിതപ്പെടുത്തുന്നുണ്ടെങ്കിൽത്തന്നെയും പിന്നീടു വരുന്ന പാർലമെന്റുകൾക്ക് അതിനെ റദ്ദുചെയ്തുകൊണ്ട്, ഒരു പുതിയ നിലപാട് സ്വീകരിച്ചുകൊണ്ട്, പുതിയ അവകാശം സ്ഥാപിക്കുന്നതിൽ യാതൊരു തെറ്റുമില്ലെന്ന് വളരെയധികം വിദഗ്ധന്മാർ പറഞ്ഞിട്ടുണ്ട്. ഞാൻ ഒരു വാചകം വായിക്കുകയാണ്. പ്രസിദ്ധ ഭരണഘടനാ വിദഗ്ധനായ കൗൾ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്.

'Acts against the power of the Parliament subsequent bind not, Parliament is not bound by precedents' അതുപോലെതന്നെ ഭരണഘടനാ വിദഗ്ധൻമാരായ ബ്ലാക്സ്റ്റോണും ഡയസിയും മുൻകാലനിയമങ്ങൾമൂലം എന്തെല്ലാം പരിമിതികൾ ഉണ്ടായിരുന്നാലും പിൽക്കാലത്തുവരുന്ന പാർലമെന്റിന് ആ പരിമിതികൾ തട്ടിനീക്കിക്കൊണ്ട് അവരുടെ അവകാശങ്ങൾ പുനസ്ഥാപിക്കുന്നതിൽ യാതൊരു തെറ്റുമില്ലെന്ന് പറഞ്ഞിട്ടുണ്ട് . അപ്പോൾ ഞാൻ പറയുന്നത്, സുപ്രീംകോടതിയുടെ വിധി ശരിയാണെങ്കിലും പാർലമെന്റിന് ഈ നിയമം കൊണ്ടുവരുന്നതിൽ യാതൊരു തെറ്റുമില്ലായെന്നാണ്. അതിനുവേണ്ടി ഒരു കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി വിളിച്ചുകൂട്ടേണ്ട ആവശ്യമില്ല. കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി വിളിച്ചുകൂട്ടണമെന്ന് നമ്മുടെ ഭരണഘടനയിൽ ഒരു സ്ഥലത്തും പറയുന്നുമില്ല. അതേസമയം അമേരിക്കൻ ഭരണഘടനയുടെ 5 ാമത്തെ വകുപ്പിൽ ഇതു പറഞ്ഞിട്ടുണ്ട്. ഇതുപോലെയുള്ള സന്ദർഭങ്ങളിൽ National Constitution Convention വിളിച്ചുകൂട്ടി അവിടെവച്ചു ഭരണഘടനാ ഭേദഗതി ചെയ്യണമെന്ന് പറഞ്ഞിട്ടുണ്ട് National Constitution Convention വിളിച്ചുകൂട്ടണമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും 1787 ൽ ഫിലാഡൽഫിയായിൽ വിളിച്ചുകൂട്ടിയ കൺവെൻഷനുശേഷം നാളിതുവരെ അവിടെ കൺവെൻഷൻ വിളിച്ചുകൂട്ടിയിട്ടില്ല. ഇതുവരെ 24 ഭേദഗതികൾ പാസ്സാക്കിയിട്ടുണ്ട്. അതുകൊണ്ട് തീർച്ചയായും ഇവിടെയും ഒരു കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി വിളിച്ചുകൂട്ടേണ്ട കാര്യമില്ല.

സർ, ഈ നിലപാടിലാണ് ഈ പ്രമേയത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നത്. പക്ഷേ ഇതോടൊപ്പം ഒരു കാര്യംകൂടി പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഈ അധികാരം ഇൻഡ്യൻ പാർലമെന്റിന് നൽകുന്നതുകൊണ്ട് ഈ അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് പൗരസ്വാതന്ത്ര്യം, പത്രസ്വാതന്ത്ര്യം മുതലായ വ്യക്തിസ്വാതന്ത്ര്യങ്ങളെ ചവിട്ടിമെതിക്കുന്നതിന്, നിഹനിക്കുന്നതിനുള്ള ഒരു പ്രവണത വളർന്നുവന്നാൽ അതിനെ തടയാൻ ഇൻഡ്യൻ ജനത തീർച്ചയായും മുന്നോട്ടുവരുമെന്നും അതിനെ തടയുമെന്നും എനിക്ക് വിശ്വാസമുണ്ട്. സർ, 368 ാം വകുപ്പനുസരിച്ച് പാർലമെന്റിന് ഇപ്പോൾ കിട്ടിയിരിക്കുന്ന അംഗീകാരം ദുർവിനിയോഗം ചെയ്തുകൊണ്ട് വ്യക്തിസ്വാതന്ത്ര്യത്തെ ചവിട്ടിമെതിച്ചാൽ അമേരിക്കൻ ഭരണഘടനയ്ക്ക് രൂപം കൊടുത്ത എബ്രഹാം ലിങ്കൺ സിവിൽ വാറിന്റെ അവസരത്തിൽ മൗലികാവകാശം റദ്ദ് ചെയ്തുകൊണ്ട് ഇങ്ങനെ പറഞ്ഞു. 'There is a higher law than the Constitution' ഭരണഘടനയ്ക്ക് ഉപരിയായ ഒരു ശക്തിയുണ്ട്, ആ ശക്തി ഇങ്ങനെയുള്ള നീക്കങ്ങളെ ചെറുത്തു തോൽപ്പിക്കുമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ് ഒരു വാചകം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളാം.. !

വേണ്ട ഞാൻ അവസാനിപ്പിക്കുകയാണ്., 'I disagree with what you say, but I shall defend till death your right to say so' എന്ന ഫ്രഞ്ചു പഴമൊഴി പോലെ ഇത് ദുരുപയോഗം ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകരുതെന്ന് പറഞ്ഞുകൊണ്ട് 368 ാം വകുപ്പിൽ മൗലികാവകാശത്തെ സംബന്ധിച്ച റൂളിംഗിനെ സംബന്ധിച്ച ഭേദഗതിയായാലും അതിന് ഭൂരിപക്ഷം നിയമസഭകളുടെ റാറ്റിഫിക്കേഷൻ വേണമെന്ന് ഒരു ക്ളോസ്സുകൂടി 368 ാം വകുപ്പിൽ ഉൾപ്പെടുത്തണമെന്ന് നിർദ്ദേശിച്ചുകൊണ്ടും അവസാനിപ്പിക്കുന്നു.

(കേരള നിയമസഭാ നടപടികൾ 26.08.1971)



കേരള നിയമസഭ
കെ.എം.മാണി ധന്യസ്മൃതി

നിയമസഭാ പ്രസംഗം

21-03-1980

## കേന്ദ്ര-സംസ്ഥാന ബന്ധങ്ങൾ സംബന്ധിച്ച് ധനകാര്യവും നിയമവും വകുപ്പ് മന്ത്രി **ശ്രീ. കെ.എം. മാണി** നടത്തിയ പ്രസംഗം

സർ, ഒരു സ്വതന്ത്രപരമാധികാര റിപ്പബ്ലിക് എന്ന പദവി നേടി മൂന്നു ദശകം പിന്നിട്ടശേഷം ഇപ്പോൾ പരിപക്വമായ ഒരു ജനാധിപത്യ സംവിധാനം ഈ രാജ്യത്ത് ദൃശ്യമാണ്. ഇക്കഴിഞ്ഞ ദശകങ്ങൾക്കുള്ളിൽ സമ്മതിദാന പ്രക്രിയ പലതവണ ആവർത്തിച്ചു കഴിഞ്ഞു. ഈ തിരഞ്ഞെടുപ്പുകൾക്കു ശേഷം ഉടലെടുത്തിട്ടുള്ള ഏറ്റവും ശ്രദ്ധേയമായ പ്രതിഭാസം കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും വ്യത്യസ്ത രാഷ്ട്രീയ കക്ഷികൾ അധികാരത്തിലിരിക്കുന്നു അഥവാ ആ സമ്പ്രദായത്തിന് മുൻഗണന ലഭിക്കുന്നു എന്നതാണ്. വിവേകമതികളായ ഇൻഡ്യൻ സമ്മതിദായക സമൂഹത്തിനുള്ളിൽ ഫെഡറലിസം ഒരാശയം എന്ന നിലക്കും ഒരു പ്രായോഗിക ഉപാധി എന്ന നിലക്കും വേരോടിക്കഴിഞ്ഞിരിക്കുന്നു എന്ന വസ്തുത ഇത് സംശയലേശമന്യേ സ്ഥാപിക്കുന്നു. ഇന്നത്തെ കേന്ദ്രഗവൺമെന്റും കേരള ഗവൺമെന്റും തന്നെയാണ് ഇതിന് ഏറ്റവും മികച്ച ദൃഷ്ടാന്തം. വിപുലമായ ജന പിൻതുണയും, സമ്മതിദായകരുടെ അംഗീകാരവും ഇരുഗവൺമെന്റുകൾക്കും ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ തമ്മിൽ സംഘർഷം അപ്രസക്തവും അനാവശ്യവുമാണ്. എന്നുതന്നെയല്ല, ജനക്ഷേമമാണ് ഭരണകൂടങ്ങളുടെ അന്തിമലക്ഷ്യമെങ്കിൽ പരസ്പര വിശ്വാസവും സഹകരണവുമാണ് അതിലേക്കാവശ്യം. കേന്ദ്രത്തിന്റെയും സംസ്ഥാനങ്ങളുടെയും പ്രത്യേകമായ അധികാരപരിധിയും, പ്രവർത്തന മണ്ഡലങ്ങളും നമ്മുടെ ഭരണഘടന നിർണ്ണയിച്ചിട്ടുണ്ട്. ഇരുകൂട്ടർക്കും അവരവരുടേതായ മണ്ഡലങ്ങളിൽ സ്വതന്ത്രമായി പ്രവർത്തിക്കാൻ സഹായകമായ ഭരണഘടനാവ്യവസ്ഥകൾ നിലവിൽ ഉള്ള സ്ഥിതിക്ക് വ്യത്യസ്ത രാഷ്ട്രീയ കക്ഷികൾക്ക് കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും യാതൊരു ഉരസലും കൂടാതെ സുഗമമായി ഭരണം നടത്താൻ കഴിയും.

എല്ലാ തലങ്ങളിലും പ്രവർത്തന പരിധികൾ മാനിക്കാനും അംഗീകരിക്കാനും, കഴിയുമെങ്കിൽ, ആത്മാർത്ഥമായ അഭിപ്രായ ഭിന്നതകൾ നിലനിൽക്കുമ്പോൾ പോലും, പ്രതികൂല മനോഭാവത്തിനോ, നിലപാടിനോ പ്രസക്തിയില്ല. എങ്കിലും ഇത്തരം ഒരു മനോഭാവം കേന്ദ്ര അധികൃതർ പുലർത്തുന്നുണ്ടോ എന്ന് ആശങ്കിക്കാൻ വക നൽകുന്നവയാണ് സമീപ കാലത്ത് ഉടലെടുത്ത ചില സംഭവ വികാസങ്ങൾ. ഒൻപതു സംസ്ഥാന ഗവൺമെന്റുകളെ ജനാധിപത്യ വിരുദ്ധമായ രീതിയിൽ പിരിച്ചുവിട്ടതും, ഭരണഘടന അനുസരിച്ച് സംസ്ഥാന ഗവൺമെന്റുകൾക്ക് ലഭിച്ചിട്ടുള്ള അധികാരങ്ങൾ വെട്ടിക്കുറക്കാനും, അവയിലേക്ക് കടന്നു കയറാനും ശ്രമിക്കുന്നതുമാണ് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുന്നത്. ഉത്തരവാദിത്വമുള്ളവരെന്ന് നാം കരുതേണ്ട ചിലർ സമീപകാലത്ത്, വൈദ്യുതിയുടെ ഉത്പാദനം, വിതരണം, നിയമസമാധാന പരിപാലനം തുടങ്ങിയ വിഷയങ്ങൾ സംസ്ഥാനങ്ങളുടെ അധികാരപരിധിയിൽ നിന്ന് എടുത്തുമാറ്റാൻ വേണ്ടി നടത്തിയ പ്രസ്താവങ്ങൾ ഈ സന്ദർഭത്തിൽ സഭ ഓർക്കുമല്ലോ? അടിയന്തരാവസ്ഥക്കാലത്ത് ഭരണഘടനയിൽ വരുത്തിയ 42-ാം ഭേദഗതിയിൽ ഉൾക്കൊള്ളിച്ചിരുന്നതും പിന്നീട് റദ്ദാക്കിയതുമായ 257-എ വകുപ്പ് പുനഃസ്ഥാപിക്കണമെന്ന നിർദ്ദേശവും ഈ സന്ദർഭത്തിൽ സ്മരണീയമാണ്.

അധികാരവികേന്ദ്രീകരണം കാലഘട്ടത്തിന്റെ ആവശ്യമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന സന്ദർഭത്തിലാണ് ഇത്തരം നിർദ്ദേശങ്ങൾ

ആസൂത്രണം അടിത്തട്ടിൽ നിന്ന് ആരംഭിക്കുന്ന സമ്പ്രദായത്തിനുവേണ്ടി നാം എക്കാലവും വാദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് സംസ്ഥാനങ്ങൾക്ക് മതിയായ പ്രാതിനിധ്യവും, തൻമൂലം സംസ്ഥാനങ്ങളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും അറിഞ്ഞ് പ്രവർത്തിക്കാനുള്ള കഴിവും ഉള്ള നിയമാധിഷ്ഠിതമായ ഒരു ആസൂത്രണക്കമ്മീഷൻ ആവശ്യമാണെന്ന് നാം വാദിക്കുന്നത്.



ആവിർഭവിക്കുന്നതെന്ന് ഓർമ്മിക്കേണ്ടതുണ്ട്. ഭരണ സംവിധാനത്തിന്റെയും, ആസൂത്രണത്തിന്റെയും സാധ്യമായ എല്ലാ മണ്ഡലങ്ങളിലും അധികാരവും ഉത്തരവാദിത്വവും വികേന്ദ്രീകരിക്കണമെന്നാണ് നമ്മുടെ അഭിപ്രായം. പ്രാദേശിക ആവശ്യങ്ങൾ കണക്കിലെടുക്കാതെ വിദൂരതയിൽ വർത്തിക്കുന്ന കേന്ദ്ര ഗവൺമെന്റിൽ നിന്ന് പദ്ധതികളും തുകകളും അനുവദിച്ചു കിട്ടുന്ന ഇന്നത്തെ രീതിക്കു പകരം ആസൂത്രണം അടിത്തട്ടിൽ നിന്ന് ആരംഭിക്കുന്ന സമ്പ്രദായത്തിനുവേണ്ടി നാം എക്കാലവും വാദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് സംസ്ഥാനങ്ങൾക്ക് മതിയായ പ്രാതിനിധ്യവും, തൻമൂലം സംസ്ഥാനങ്ങളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും അറിഞ്ഞ് പ്രവർത്തിക്കാനുള്ള കഴിവും ഉള്ള നിയമാധിഷ്ഠിതമായ ഒരു ആസൂത്രണക്കമ്മീഷൻ ആവശ്യമാണെന്ന് നാം വാദിക്കുന്നത്. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഇതിനു നേരെ വിപരീതമായ നിലപാടാണ് സ്വീകരിച്ചിരിക്കുന്നതെന്നു തോന്നുന്നു. വാർഷിക പദ്ധതികൾ ബന്ധപ്പെട്ട മുഖ്യമന്ത്രിമാരുമായി ചർച്ച ചെയ്യുന്ന സമ്പ്രദായം പോലും ഉപേക്ഷിച്ചതിൽ നിന്ന് ഇക്കാര്യം വ്യക്തമാണ്. സ്വേച്ഛാധിപത്യപരവും, ഏകപക്ഷീയവുമായ ഇത്തരം നടപടികളെക്കുറിച്ച് ഞാൻ കൂടുതൽ വിശദീകരിക്കാൻ മുതിരുന്നില്ല. എന്തെന്നാൽ ഈ വക കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റിനുള്ള അഭിപ്രായം മുഖ്യമന്ത്രി ഇതിനകം വ്യക്തമാക്കിയിട്ടുണ്ട് .





സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരവും സാമ്പത്തികവരുമാനവും ലഭ്യമാകത്തക്കവണ്ണം കേന്ദ്ര-സംസ്ഥാനബന്ധങ്ങൾ സമഗ്രമായി പരിവർത്തനം ചെയ്യണമെന്ന ശക്തമായ അഭിപ്രായമാണ് നമുക്കുള്ളത്.

വികേന്ദ്രീകരണത്തെക്കുറിച്ച് പരാമർശിക്കുമ്പോൾ പുനരാവിഷ്കൃതമായ കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിലൂടെ കേന്ദ്രത്തിൽ നിന്ന് സംസ്ഥാനങ്ങളിലേക്ക് വിഭവങ്ങളും ചുമതലകളും വന്നു ചേരുകമാത്രമല്ല അതേ പ്രക്രിയയിലൂടെ സംസ്ഥാന ഗവൺമെന്റിൽ നിന്ന് പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് അവ പകർന്നു കൊടുക്കുക എന്നും അർത്ഥമാക്കുന്നുണ്ട്. അതിനാൽ ഈ വർഷം തന്നെ ജില്ലാ ഭരണ ബിൽ കഴിയുംവേഗം പൂർണ്ണരൂപത്തിൽ നടപ്പാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ജില്ലാ കൗൺസിലുകളിലേക്കുള്ള തിരഞ്ഞെടുപ്പ് എത്രയും വേഗം നടത്തുന്നതായിരിക്കും. ഇതുവരെ തിരഞ്ഞെടുപ്പു നടക്കാത്ത പഞ്ചായത്തുകളിലേക്കുള്ള തിരഞ്ഞെടുപ്പും താമസിയാതെ നടത്തുന്നതാണ്. ജില്ലാ നിലവാരത്തിൽ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് അധികാരങ്ങളും ചുമതലകളും ആവശ്യമായ ധനാഗമമാർഗ്ഗങ്ങളും കൈമാറ്റം ചെയ്യുന്നതോടുകൂടി ഭരണ സംവിധാനം ഒട്ടാകെ വിപ്ലവാത്മകമായ പരിവർത്തനത്തിന് വിധേയമായിത്തീരാതിരിക്കില്ല.

ഈ സന്ദർഭത്തിൽ ഒരു കാര്യം സഭയെ അനുസ്മരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. സംസ്ഥാനങ്ങൾക്ക് യാതൊരു നിയന്ത്രണവുമില്ലാത്തതും സംസ്ഥാനങ്ങളോട് ആലോചിക്കാതെ ആവിഷ്കരിച്ച് നടപ്പാക്കുന്നതുമായ കേന്ദ്രനയങ്ങൾ, വികസന പരിപാടി ലക്ഷ്യമാക്കിയുള്ള വിഭവ സമാഹരണത്തിനും വ്യയ ന്യൂനീകരണത്തിനും വേണ്ടി നാം നടത്തുന്ന എല്ലാ ശ്രമങ്ങളേയും പലപ്പോഴും തീർത്തും പരാജയപ്പെടുത്തുന്നുണ്ട്. ഉദാഹരണത്തിന്, ഇൻഡ്യൻ സമ്പദ് വ്യവസ്ഥ ഇന്നഭിമുഖീകരിക്കുന്ന ഏറ്റവും രൂക്ഷമായ പ്രശ്നങ്ങളിലൊന്നാണ് വിലക്കയറ്റം. ഇതിലേക്ക് വഴിതെളിയിക്കുന്ന വസ്തുതകൾ പലതുണ്ടെങ്കിലും ഈ ശോചനീയാവസ്ഥക്കുള്ള മുഖ്യകാരണം കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയങ്ങളാണെന്ന കാര്യം നിഷേധിക്കുവാൻ സാദ്ധ്യമല്ല. അത്യാവശ്യ സാധനങ്ങളിൻമേലും, നിത്യോപയോഗ വസ്തുക്കളിന്മേലും ഭാരിച്ച നികുതി ചുമത്തിയ കഴിഞ്ഞ വർഷത്തെ ബഡ്ജറ്റ് വരുത്തിവച്ച ആഘാതത്തിൽ നിന്നും ഇനിയും ഈ രാഷ്ട്രം മോചിതമായിട്ടില്ല. വിലക്കയറ്റത്തിന് വഴിതെളിച്ച സംഭവവികാസങ്ങളിൽ ഒന്നാണിത്. ഇതുമൂലം പണത്തിന്റെ വിതരണം ഗണ്യമായി വർദ്ധിക്കുകയും ആ പണം വ്യാപാരികളുടെയും, ഊഹക്കച്ചവടക്കാരുടെയും കൈകളിൽ എത്തിച്ചേരുകയും ചെയ്യുന്നു.

അത്യാവശ്യ സാധനങ്ങൾ ഫലപ്രദമായ രീതിയിൽ വിതരണം ചെയ്യുന്നതിനുള്ള ക്രിയാത്മകവും ഭാവനാസമ്പന്നവുമായ ഒരു നയം കേന്ദ്രഗവൺമെന്റ് നടപ്പാക്കിയിരുന്നെങ്കിൽ ദുർവഹമായ ഈ വിലക്കയറ്റം നിയന്ത്രിച്ചുനിർത്താൻ അവർക്ക് കഴിയുമായിരുന്നു എന്നുതന്നെയാണ് നമ്മുടെ വിശ്വാസം. വില നിയന്ത്രണത്തിനാവശ്യമായ മുഖ്യ ഉപാധികൾ കേന്ദ്രഗൺമെന്റിന്റെ അധികാര പരിധിക്കുള്ളിൽപ്പെട്ടിരിക്കുന്ന സ്ഥിതിക്ക് അവർ സ്വീകരിക്കുന്ന നടപടികളുടെ കാര്യക്ഷമതയെ ആശ്രയിച്ചാണ് മുഖ്യമായും വിലക്കയറ്റത്തെ നിയന്ത്രിക്കാൻ കഴിയുക. വർദ്ധിച്ചുവരുന്ന വിലക്കയറ്റം തടയുന്നതിന് ധാന്യങ്ങൾ, പയറുവർഗങ്ങൾ, ഉപ്പ്, പഞ്ചസാര, തുണിത്തരങ്ങൾ, ഭക്ഷ്യ എണ്ണകൾ, മണ്ണെണ്ണ, ഡീസൽ എണ്ണ, തീപ്പെട്ടി തുടങ്ങിയ അവശ്യസാധനങ്ങളുടെ സംഭരണത്തിനും വിതരണത്തിനും വേണ്ടി സമഗ്രമായ ഒരു പദ്ധതി കേന്ദ്രഗവൺമെന്റ് ഏർപ്പെടുത്തേണ്ടതാവശ്യമാണ്. മേൽപ്പറഞ്ഞ വിഭവങ്ങൾ ഏറെക്കുറെ ഏകീകൃതമായ വിലനിരക്കുകളോടുകൂടി രാജ്യമൊട്ടാകെ വിതരണം ചെയ്യാവുന്നതാണ്. വിതരണത്തിനു മതിയാകാതെവരുന്ന അത്യാവശ്യ സാധനങ്ങൾ ഇറക്കുമതി ചെയ്യുന്നതിനും ദുർലഭ വസ്തുക്കളുടെ കയറ്റുമതി നിരോധിക്കുന്നതിനും സഹായകമായതും കൂടുതൽ യാഥാർത്ഥ്യ ബോധത്തോടുകൂടിയതുമായ ഒരു വിദേശ വ്യാപാരനയം കേന്ദ്രഗവൺമെന്റ് കൈക്കൊള്ളേണ്ടതാവശ്യമാണ്.

(21.3.1980 ന് നടത്തിയ ബജറ്റ് പ്രസംഗത്തിൽ നിന്ന്)

## നിയമസഭാ പ്രസംഗം

07-12-1983

# 1983- ലെ കേരള താൽക്കാലിക നികുതി പിരിയ്ക്കൽ ബിൽ

## സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയത്തിൻമേൽ ധനകാര്യമന്ത്രി ശ്രീ. കെ.എം. മാണി നടത്തിയ പ്രസംഗം

> ഓരോ വർഷവും ബജറ്റിലൂടെ കൊണ്ടുവരുന്ന സാമ്പത്തിക നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി അവതരിപ്പിക്കുന്നതിന് ധനകാര്യബില്ലിലെ വ്യവസ്ഥകൾക്ക് ധനകാര്യവർഷത്തിന്റെ പ്രാരംഭം മുതൽ പ്രാബല്യം നൽകുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു പൊതു നിയമമാണ് ഇപ്പോൾ ഈ സഭയുടെ മുമ്പാകെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ല്.

സർ, ഓരോ വർഷവും ബജറ്റിലൂടെ കൊണ്ടുവരുന്ന സാമ്പത്തിക നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി അവതരിപ്പിക്കുന്നതിന് - ധനകാര്യബില്ലിലെ വ്യവസ്ഥകൾക്ക് ധനകാര്യവർഷത്തിന്റെ പ്രാരംഭം മുതൽ പ്രാബല്യം നൽകുന്നതിനുവേണ്ടി - കൊണ്ടുവന്നിട്ടുള്ള ഒരു പൊതു നിയമമാണ് ഇപ്പോൾ ഈ സഭയുടെ മുമ്പാകെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ല്. ഇപ്രകാരം ഒരു നിയമം കൊണ്ടുവരുമെന്ന് ബഡ്ജറ്റ് ചർച്ചാവേളയിൽ ഈ സഭയെ അറിയിച്ചിരുന്നതാണ്. നിയമസഭ നടക്കാതിരുന്നതുകൊണ്ട് 1983 സെപ്റ്റംബർ 15-ാം തീയതി ഗവർണ്ണർ ഒരു ഓർഡിനൻസായി ഇതു പുറപ്പെടുവിക്കുകയുണ്ടായി. ആ ഓർഡിനൻസിന് ഇന്ത്യൻ പ്രസിഡന്റിന്റെ അംഗീകാരം കിട്ടി അതിനുശേഷം ഓർഡിനൻസ് റീപ്ലേസ് ചെയ്യുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ബില്ലാണിത്. ഈ ബില്ലിനും ഇന്ത്യൻ പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട് . എന്നാൽ നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ നടന്നുവരുന്ന ഒരു സമ്പ്രദായം പ്ലാൻ ഡിസ്ക്കഷൻ ഫെബ്രുവരി മാസത്തിലാണ് നടക്കുന്നത്. ഡിസംബർ-ജനുവരി മാസത്തിൽ ഉദ്യോഗസ്ഥ തലത്തിലുള്ള ചർച്ചകൾ നടന്നാൽ പ്ലാനിംഗ് കമ്മിഷനും സംസ്ഥാന ഗവൺമെന്റും തമ്മിൽ പ്ലാൻ ഡിസ്ക്കഷൻ നടക്കുന്നത് ജനുവരി ഫെബ്രുവരി മാസങ്ങളിലാണ്. ഫെബ്രുവരി മാസം അവസാനത്തോടുകൂടിയായിരിക്കും പ്രത്യേകിച്ച് നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം പ്ലാനിന്റെ ഡീറ്റൈൽഡായ ഔട്ടലേ ഒക്കെ



മനസ്സിലാക്കാൻ കഴിയുന്നത്. ബജറ്റ് നിയമസഭയിൽ വരുന്നത് സ്വാഭാവികമായും മാർച്ച് 3-ാം വാരത്തിലായിരിക്കും. അങ്ങനെ ബജറ്റ് അവതരിപ്പിച്ചുകഴിഞ്ഞാൽ ഫുൾ ബജറ്റ് ഏപ്രിൽ 1-ാം തീയതിക്കു മുൻപ് പാസ്സാക്കാൻ കഴിയാത്തതുകൊണ്ട് ഏതാനും മാസത്തേക്കുള്ള വോട്ട് ഓൺ അക്കൗണ്ട്സ് പാസ്സാക്കിയതിനു ശേഷം സഭ പിരിയുകയാണ് നമ്മുടെ ഇവിടെ ഉള്ള നടപടി. മാത്രമല്ല ഇവിടെ സബ്ജക്ട് കമ്മിറ്റി സമ്പ്രദായം നിലവിലുള്ളതുകൊണ്ട് ഇങ്ങനെ സഭ പിരിഞ്ഞതിനുശേഷം ഈ ധനാഭ്യർത്ഥനകൾ സബ്ജക്ട് കമ്മിറ്റിയുടെ സ്ക്രൂട്ടിണിക്കുവേണ്ടി വയ്ക്കുന്നു. അതിനു നാലാഴ്ച സമയമെടുക്കും. അതുകഴിഞ്ഞ് സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് വന്നിട്ട് ബജറ്റിന്റെ പൊതുചർച്ചയിലേക്ക് നമ്മൾ കടക്കുന്നത് ജൂൺ മാസത്തിലാണ്. ജൂൺ മാസത്തിൽ ബജറ്റ് പാസാക്കിയതിനുശേഷം അപ്രോപ്രിയേഷൻ ബില്ല് പാസാക്കിയതിനുശേഷം മണിബില്ല് എടുക്കാൻ നിയമപരമായി ബുദ്ധിമുട്ട് ഇല്ലെങ്കിലും നിലവിലുള്ള സമ്പ്രദായമനുസരിച്ച് വളരെക്കാലം നിയമസഭ സമ്മേളിക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് ഫുൾ ബജറ്റ് പാസായതിനുശേഷം നമ്മൾ പിരിയുകയാണ് ചെയ്യുന്നത്. ഇങ്ങനെ ഫുൾ ബജറ്റ് പാസായി പിരിയുന്നതുകൊണ്ട് ബജറ്റിൽ നിർദ്ദേശിക്കപ്പെട്ട ധനകാര്യ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള മണിബില്ല് പാസാക്കാൻ സമയം കിട്ടുന്നില്ല. മിക്കവാറും നവംബർ ഡിസംബർ മാസത്തിൽ നടക്കുന്ന സമ്മേളനത്തിൽ വച്ച് മാത്രമേ മാർച്ച് - ഏപ്രിൽ മാസങ്ങളിൽ അവതരിപ്പിക്കുന്ന ബജറ്റിലൂടെ കൊണ്ടുവരുന്ന ധനകാര്യ നിർദ്ദേശങ്ങൾ നിയമമായി പാസാക്കാൻ ഒക്കുകയുള്ളൂ. അതിന്റെ ഫലമായി മാർച്ച് മാസം വരെ ബഡ്ജറ്റിലുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് വരുമാനമാർഗ്ഗങ്ങൾ ഉണ്ടാക്കാൻ കഴിയുന്നില്ല. വരുമാനങ്ങൾ നഷ്ടപ്പെട്ടുപോകുന്നു. നികുതി ചുമത്താൻ പറ്റുന്നില്ല. അതിനൊരു പ്രതിവിധിയെന്ന നിലയിൽ ഇവിടെ ഒരു എനേബിളിംഗ് ആക്ട് വേണം. ഇന്ന് പാർലമെന്റിൽ ഈ ബുദ്ധിമുട്ട് ഇല്ലാത്തതിന്റെ കാരണം അവരുടെ ധനകാര്യ ബില്ലിലെ നിർദ്ദേശങ്ങൾ ഉടൻതന്നെ നിയമമാകുന്നതു കൊണ്ടാണ്. ഉടൻ തന്നെ നിയമമാകുന്നതിന്റെ കാരണം മറ്റൊരു എനേബിളിംഗ് ആക്ട് ഇവിടെയുള്ളതുകൊണ്ടാണ്. പ്രൊവിഷണൽ കളക്ഷൻ ഓഫ് ടാക്സ് ആക്ട് എന്നു പറഞ്ഞുകൊണ്ട് കേന്ദ്രത്തിൽ നിലവിലുള്ള നിയമത്തിൽ പറഞ്ഞിരിക്കുന്നത് എന്തെന്നാൽ ധനകാര്യമന്ത്രി അവതരിപ്പിക്കുന്ന ധനകാര്യബില്ലിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ അപ്പോൾ തന്നെ പ്രാബല്യത്തിൽ വരുന്നതായിരിക്കുമെന്നാണ്. ഒരു ഡിക്ലറേഷൻ ഉണ്ടായിരുന്നാൽ മതി, സ്റ്റേറ്റ്മെന്റ് ഒഫ് ഓബ്ജക്ട് ആന്റ് റീസൺസ് പോലെ മറ്റൊരു ഡിക്ലറേഷൻ ഉണ്ടായിരുന്നാൽ മതി. അതു വളരെ അത്യാവശ്യമുള്ള കാര്യമാണ്. ഉടനെ തന്നെ ഇതു നടപ്പിൽ വരണം എന്നു പറഞ്ഞ് വിശദീകരിക്കുന്നുവെങ്കിൽ ധനകാര്യബിൽ അവതരിപ്പിക്കുന്നതോടുകൂടി തന്നെ അതിലെ വകുപ്പുകൾ പ്രാബല്യത്തിൽ വരുന്നതാണ് എന്ന് കേന്ദ്രത്തിൽ മറ്റൊരു നിയമം അനുശാസിക്കുന്നുണ്ട്. അതുകൊണ്ട് ഒരു എനേബിളിംഗ് ആക്ട് കേരളത്തെ സംബന്ധിച്ചിടത്തോളം ഇല്ലാതെ പോയതുകൊണ്ട് നമുക്ക് ബുദ്ധിമുട്ടുണ്ട്. അതുകൊണ്ടാണ് കഴിഞ്ഞ നിയമസഭയിൽ ധനകാര്യബില്ല് അവതരിപ്പിച്ച് ചർച്ചചെയ്ത സന്ദർഭത്തിൽ ഇനി മുന്നോട്ടുള്ള കാലഘട്ടത്തിൽ ഈ ബുദ്ധിമുട്ടൊന്നും ഉണ്ടാകുന്നതല്ല, സ്ഥിരമായി കേന്ദ്രത്തിലുള്ളതുപോലെ ഒരു എനേബിളിംഗ് ആക്ട് കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു, അടുത്ത നിയമസഭാ സമ്മേളനത്തിൽ അതുകൊണ്ടുവരുന്നതാണ് എന്നു പറഞ്ഞിരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ബില്ല് കൊണ്ടുവന്നത്.

സർ, ഈ ബില്ലിലെ ക്ളോസ് 3-ഉം 4-ഉം ആണ് പ്രസക്തഭാഗങ്ങൾ, അതിൽ 3-ാമത്തെ ക്ളോസിൽ പറയുന്നത് ഇതിനകത്ത് ഒരു ഡിക്ലറേഷൻ വേണം എന്നാണ്. കേന്ദ്രത്തിലെ ബില്ലിൽ പറയുന്നതും ഈ ബില്ലിൽ പറയുന്നതും തമ്മിൽ അല്പം വ്യത്യാസമുണ്ട്. ഈ ബില്ലിൽ കേന്ദ്രത്തിലുള്ള ബില്ലിൽ പറയുന്നതുപോലെ ധനകാര്യബില്ല് അവതരിപ്പിക്കുമ്പോൾ തന്നെ പ്രാബല്യത്തിൽ വരണമെന്നല്ല ധനകാര്യബില്ല് അവതരിപ്പിച്ചതിനുശേഷം വരുന്ന ഏപ്രിൽ 1-ാം തീയതി മുതൽ (അടുത്ത സാമ്പത്തിക വർഷം ഏപ്രിൽ 1-ാം തീയതി മുതൽ) ഇതു പ്രാബല്യത്തിൽ വരുന്നതാണ് എന്നാണ്. ഉടനെ തന്നെ പ്രാബല്യത്തിൽ വരുന്നതിനു പകരം, പിന്നീടുള്ള ഏപ്രിൽ 1-ാം തീയതി മുതൽ ഈ വകുപ്പുകൾ പ്രാബല്യത്തിൽ വരുന്നതായിരിക്കും. ഇങ്ങനെ വരുന്നതിന് ഒരു ഡിക്ലറേഷൻ ഈ ബില്ലിനകത്ത് ഉണ്ടായിരിക്കണം. ബില്ലിനകത്ത് ഇങ്ങനെയുള്ള ഒരാഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് ഒരു ഡിക്ലറേഷൻ ഉണ്ടായിരുന്നാൽ മതിയെന്നാണ് മൂന്നാം വകുപ്പിൽ പറയുന്നത്.

ഈ ക്ളോസ് അനുസരിച്ച് ധനകാര്യബിൽ അവതരിപ്പിച്ചുകഴിഞ്ഞാൽ ഏപ്രിൽ 1-ാംതീയതി മുതൽ 120 ദിവസത്തിനകം ആ വകുപ്പിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ വരുന്നതാണ്. 120 ദിവസത്തിനകം നിയമം നിർമ്മിച്ചാൽ മതി. അങ്ങനെയൊരു സൗകര്യം ഉണ്ട്. ബജറ്റിനോടനുബന്ധിച്ചോ അതിനുശേഷമോ അവതരിപ്പിക്കുന്ന ധനകാര്യബില്ലിലെ വ്യവസ്ഥകൾ 120 ദിവസത്തിനകം പാസാക്കിയാൽ മതി. 120 ദിവസം വരെ അത് പ്രാബല്യത്തിൽ ഇരിക്കുമെന്നുള്ളതാണ് ഈ എനേബ്ലിംഗ് ആക്ടിന്റെ പ്രത്യേകത. നമ്മുടെ ധനകാര്യവകുപ്പിനെ സംബന്ധിച്ചിടത്തോളം അതെല്ലാം നിയമമാക്കി പോകാൻ സാധിക്കുമെന്നുമാത്രമല്ല ഓരോ വർഷവും ഏപ്രിൽ 1-ാം തീയതി മുതൽ തന്നെ നമുക്ക് നികുതി പിരിക്കാനും സാധിക്കുന്നു എന്നുള്ളതാണ് നമുക്ക് ഇതുകൊണ്ടുണ്ടാകുന്ന പ്രയോജനം. നമ്മുടെ രാജ്യത്തിന്റെ ഉത്തമമായ താല്പര്യങ്ങളെ കരുതി കൊണ്ടുവന്നിരിക്കുന്ന ഈ നിയമം സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് റിപ്പോർട്ട് വരുത്തി സമ്മേളനത്തിൽ വച്ചുതന്നെ പാസ്സാക്കണം. അതിന് എല്ലാവരും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(കേരള നിയമസഭാ നടപടികൾ 07.12.1983)

## നിയമസഭാ പ്രസംഗം

13-08-1987

# ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ നാൽപതാം വാർഷികാഘോഷത്തോടനുബന്ധിച്ച് ശ്രീ. കെ.എം. മാണി നടത്തിയ പ്രസംഗം

**ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തെ നാം അനുസ്മരിക്കുമ്പോൾ അത് ഒരു ഇതിഹാസമാണ്. ലോകത്തിന്റെ ചരിത്രം നാം പരിശോധിക്കുമ്പോൾ രാജവാഴ്ചയ്ക്കെതിരെ, സാമ്രാജ്യ ശക്തികൾക്കെതിരെയുള്ള പോരാട്ടങ്ങൾ പല രാജ്യങ്ങളിലും നടന്നിട്ടുണ്ട് എന്ന് കാണാം. ഫ്രഞ്ചു വിപ്ലവവും സോവിയറ്റ് റഷ്യയിലെ സമരവും അമേരിക്കൻ സ്വാതന്ത്ര്യ സമരവും എല്ലാം സായുധ വിപ്ലവങ്ങളായിരുന്നുവെങ്കിൽ ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിന് കൈത്തോക്കുകളേക്കാൾ, കൈ ബോംബുകളേക്കാൾ, കഴുമരങ്ങളേക്കാൾ ഏറ്റവും ശക്തിയേറിയത് അഹിംസയാണെന്നു തെളിയിക്കാൻ കഴിഞ്ഞു.**

സർ, സ്വാതന്ത്ര്യ സമരത്തെക്കുറിച്ചുള്ള അനുസ്മരണകളുമായി നാം ഒരുമിച്ചു കൂടിയിരിക്കുന്ന ഈ സന്ദർഭം, നമുക്ക് സ്വാതന്ത്ര്യം നേടിത്തരുന്നതിനുവേണ്ടി ജീവാർപ്പണം ചെയ്ത ദേശാഭിമാനികളെയും സ്വാതന്ത്ര്യ സമര ഭടന്മാരെയും അനുസ്മരിക്കാനുള്ള ഒരു അവസരം കൂടിയായി ഞാൻ പരിഗണിക്കുകയാണ് . ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ബലിവേദിയിൽ ജീവാർപ്പണം ചെയ്ത രാഷ്ട്രപിതാവ് മഹാത്മജിയെക്കുറിച്ചുള്ള അനുസ്മരണയ്ക്ക് മുൻപിൽ ഞാൻ നമോവാകം അർപ്പിക്കുകയാണ്. അദ്ദേഹം വെട്ടിത്തെളിച്ച പാതയിലൂടെ ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തെ നയിച്ച് അത് വിജയകരമാക്കിത്തീർത്ത സ്വതന്ത്ര ഭാരതത്തിന്റെ ശില്പികളായ പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെയും മറ്റു ദേശീയ നേതാക്കളെയും ഞാൻ അനുസ്മരിക്കുകയാണ്. അവരെക്കുറിച്ചുള്ള സ്മരണയ്ക്കു മുൻപിൽ ആദരാഞ്ജലികൾ അർപ്പിക്കുകയാണ്. അതൊടൊപ്പം, സർ സി.പി. രാമസ്വാമി അയ്യരുടെ കിരാത ഭരണത്തിനെതിരെ പോരാടിയ, നമ്മുടെ ഉത്തരവാദ ഭരണത്തിനുവേണ്ടി പോരാടിയ പട്ടം താണുപിള്ള, സി.കേശവൻ , ടി.എം. വർഗീസ്, അബ്ദുൾ റഹ്മാൻ സാഹിബ് തുടങ്ങിയ രാജ്യ സ്നേഹികളെയും ദേശാഭിമാനികളെയും അനുസ്മരിക്കാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ് . അതുപോലെ തന്നെ സ്വാതന്ത്ര്യ സമരത്തിൽ രക്തസാക്ഷിത്വം വരിച്ച ആയിരക്കണക്കിന് ആളുകളുണ്ട്. അവരെയും അനുസ്മരിക്കാൻ നമുക്ക് കിട്ടിയിരിക്കുന്ന ഒരു സന്ദർഭമാണ് ഇത്.

സർ, ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തെ നാം അനുസ്മരിക്കുമ്പോൾ അത് ഒരു ഇതിഹാസമാണ്. ലോകത്തിന്റെ ചരിത്രം നാം പരിശോധിക്കുമ്പോൾ രാജവാഴ്ചയ്ക്കെതിരെ, സാമ്രാജ്യ ശക്തികൾക്കെതിരെയുള്ള പോരാട്ടങ്ങൾ പല രാജ്യങ്ങളിലും നടന്നിട്ടുണ്ട് എന്ന് കാണാം. ഫ്രഞ്ചു വിപ്ലവവും സോവിയറ്റ് റഷ്യയിലെ സമരവും അമേരിക്കൻ സ്വാതന്ത്ര്യ സമരവും എല്ലാം സായുധ വിപ്ലവങ്ങളായിരുന്നുവെങ്കിൽ ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിന് കൈത്തോക്കുകളേക്കാൾ, കൈ ബോംബുകളേക്കാൾ,





കഴുമരങ്ങളേക്കാൾ ഏറ്റവും ശക്തിയേറിയത് അഹിംസയാണെന്നു തെളിയിക്കാൻ കഴിഞ്ഞു. അതാണ് നാം ഇന്നു അനുസ്മരിക്കുന്ന ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഏറ്റവും വലിയ ചൈതന്യമെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇൻഡ്യയോടൊപ്പം സ്വാതന്ത്ര്യം നേടിയ നിരവധി രാജ്യങ്ങളിൽ സ്വാതന്ത്ര്യം ഇന്ന് അസ്തമിച്ചിരിക്കുന്നു. അവയൊക്കെ സ്വേച്ഛാധിപത്യ ഭരണത്തിലേക്കു വഴുതി മാറിപ്പോയിരിക്കുന്നു. എന്നാൽ ഇൻഡ്യയിൽ ഇന്നും സ്വാതന്ത്ര്യം നിലനിൽക്കുന്നു. ആ ചൈതന്യമാണ്, ആ ശക്തിയാണ്, ആ അഹിംസയാണ് നമ്മുടെ ആ സാംസ്കാരിക പൈതൃകമാണ് ഇന്ന് നമ്മളെ അവിടെ പിടിച്ചു നിർത്തിയിരിക്കുന്നത് എന്നുള്ളതിന് യാതൊരു സംശയവുമില്ല. ആ അഹിംസ, തത്വങ്ങൾ മുറുകെ പിടിച്ചുകൊണ്ട് മുന്നോട്ടു നീങ്ങാനും ഇന്നു നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെ നേരിടാനും അതു പരിഹരിക്കാനും നമുക്ക് കഴിയുമോ എന്നുള്ള ചോദ്യത്തിനു നമുക്ക് മറുപടി കൊടുക്കേണ്ടതുണ്ട്. സർ, ആ അഹിംസാ തത്വങ്ങൾ കൊണ്ട് ഇന്ത്യയുടെ സ്വാതന്ത്ര്യം നേടിയെടുക്കാൻ കഴിഞ്ഞെങ്കിൽ ഇന്നു നാം അഭിമുഖീകരിക്കുന്ന എല്ലാ പ്രശ്നങ്ങളും പരിഹരിക്കാൻ ആ മഹത്തായ ആശയങ്ങൾ മുറുകെ പിടിച്ചുകൊണ്ട് ലക്ഷ്യബോധത്തോടുകൂടി ദൃഢമായി ഒരുമിച്ചു നീങ്ങിയാൽ നമുക്ക് കഴിയുമെന്നു ഞാൻ ആശിക്കുകയാണ്.

സർ, ഒരോ രാജ്യത്തിനും ഒരോ സംസ്കാരമുണ്ട്. ആ സാംസ്ക്കാരിക പശ്ചാത്തലത്തിൽ നിന്നും മാത്രമെ അവരുടെ ഭാവിക്കു രൂപം കൊടുക്കാൻ കഴിയൂ. നമുക്കു സോവിയറ്റു റഷ്യയുടെ പാതയിലൂടെ സഞ്ചരിക്കാൻ കഴിയുകയില്ല. നമുക്കു അമേരിക്കയുടെ പാതയിലൂടെ സഞ്ചരിക്കാൻ കഴിയുകയില്ല. നമുക്കു ചൈനയുടെ പാതയിലൂടെ സഞ്ചരിക്കാൻ കഴിയുകയില്ല. നമുക്കു നമ്മുടേതായ സംസ്ക്കാരത്തിലൂടെ, നമ്മുടേതായ ചുറ്റുപാടുകളിലൂടെ മാത്രമെ സഞ്ചരിക്കാൻ കഴിയൂ. ജനാധിപത്യമില്ലാത്ത സോഷ്യലിസ്റ്റു വ്യവസ്ഥിതി ഏകാധിപത്യമാണ്. അതുപോലെ സോഷ്യലിസമില്ലാത്ത ജനാധിപത്യം ദുഷ്പ്രഭുത്വവുമാണ്. ജനാധിപത്യ വ്യവസ്ഥിതിക്കകത്ത് സോഷ്യലിസ്റ്റു വ്യവസ്ഥയുണ്ടാക്കാൻ കഴിയുമോ എന്നുള്ളത് വളരെ ശ്രമകരമായ ഒരു ജോലിയാണ്. ആ ശ്രമകരമായ ജോലിയാണ് നമ്മൾ ഏറ്റെടുത്തിരിക്കുന്നത്. സോവിയറ്റു റഷ്യയുടേയും ചൈനയുടേയും നേട്ടങ്ങളെ വിലമതിക്കുമ്പോൾ ഇൻഡ്യയുടെ നേട്ടങ്ങളെ സോവിയറ്റു റഷ്യ പോലും പ്രകീർത്തിക്കുന്നു എന്നുള്ളത് നമുക്കു അഭിമാനത്തിനു വക നൽകുന്ന ഒരു കാര്യമാണ്.



സി.ടി അഹമ്മദലി, കെ ആർ.ഗൗരിയമ്മ,, കോടിയേരി ബാലകൃഷ്ണൻ, കെ.സി.ജോസഫ്, എ.സി ഷണ്മുഖദാസ് എന്നിവർക്കൊപ്പം





സർ, നമ്മെ സംബന്ധിച്ചിടത്തോളം ഇനിയും പല കാര്യങ്ങളും ചെയ്യാനുണ്ട് . ഇന്നു നമ്മൾ ആഘോഷിക്കുന്നത് ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ 40-ാം വർഷവും ക്വിറ്റ് ഇൻഡ്യാ സമരത്തിന്റെ 45-ാം വർഷവുമാണ്. പക്ഷേ നമ്മുടെ സ്വാതന്ത്ര്യ സമരത്തെക്കുറിച്ചുള്ള അനുസ്മരണകൾ വളരെ വളരെ ദീർഘമേറിയതാണ്. ഇവിടെ കക്ഷി നേതാക്കൻമാരിൽ പലരും അനുസ്മരിച്ചതുപോലെ 1857- ൽ മീററ്റിൽ പൊട്ടിപ്പുറപ്പെട്ട പട്ടാളവിപ്ലവത്തെ തുടർന്ന് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ പൊട്ടിപ്പുറപ്പെട്ട ജനമുന്നേറ്റം അല്ലെങ്കിൽ പ്രക്ഷോഭങ്ങളായിരുന്നു ഇൻഡ്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ആദ്യത്തെ മുന്നേറ്റമെന്നു നമുക്കെല്ലാവർക്കും അറിയാം. അതിനെ ബ്രിട്ടീഷുകാർ അടിച്ചമർത്തുകയുണ്ടായി. അങ്ങനെ അടിച്ചമർത്തപ്പെട്ട വികാരങ്ങൾ ഊതിക്കെടുത്താൻ കഴിഞ്ഞില്ല. അത് സാവധാനം നീറിപ്പുകയുകയാണുണ്ടായത്.

1885- ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ ആവിർഭാവത്തോടുകൂടിയാണ് വാസ്തവത്തിൽ ഇൻഡ്യൻ സ്വാതന്ത്ര്യസമരം എന്ന ദേശീയ ചിന്താഗതി വളരാനും, ആ ദേശീയ ചിന്താഗതിക്കു സംഘടിതമായ രൂപം നൽകാനും കഴിഞ്ഞത് എന്നുള്ളതാണ് സത്യം. 1920-ൽ മഹാത്മജി സമരത്തിന്റെ നേതൃത്വം ഏറ്റെടുത്തതോടുകൂടി ആ സമരത്തിന് ഒരു ജനകീയ സ്വഭാവവും ജനപിന്തുണയും കിട്ടി. അങ്ങനെ സമരം വ്യാപിച്ചു. യാതനകൾ നിറഞ്ഞ സമരം നീണ്ടുപോയി. ആ സമരത്തിനു ആക്കം കൂട്ടുംതോറും ആ സമരത്തെ അടിച്ചമർത്താനുള്ള ബ്രിട്ടീഷുകാരുടെ നീച നടപടികൾക്കും ആക്കം കൂടി.

സർ ഇങ്ങനെ സമരം നീണ്ടുപോകുമ്പോഴാണ് രണ്ടാം ലോക മഹായുദ്ധം പൊട്ടിപ്പുറപ്പെട്ടത്. ആ ലോക മഹായുദ്ധത്തിന്റെ കാലയളവ് ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയൊരു വഴിത്തിരിവായിരുന്നു. ഇൻഡ്യൻ സ്വാതന്ത്ര്യത്തിന്റെ ആ വഴിത്തിരിവിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് എ.ഐ.സി.സി. കൂടി പാസ്സാക്കിയ 'ക്വിറ്റ് ഇൻഡ്യ' പ്രമേയമായിരുന്നു. വാസ്തവത്തിൽ ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തിനു തീ കൊളുത്തിയത്, അതിന് വേഗത വർധിപ്പിച്ചത്. അതിനു ചൈതന്യം കൊടുത്തത്, അതിനു ലക്ഷ്യബോധമുണ്ടാക്കിയത് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മഹാത്മജിപറഞ്ഞു. “ We shall be either free or we shall die in that attempt,”. ഒന്നുകിൽ നമ്മൾ സ്വതന്ത്രരാവണം അല്ലെങ്കിൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ നമുക്കു മരിക്കണം.

സർ, സിവിൽ ഡിസ്ഒബീഡിയൻസിനു മഹാത്മജി ആഹ്വാനം ചെയ്തു. നൻമകളുമായി സഹകരിക്കുകയെന്നതും തിന്മകളുമായി നിസ്സഹകരിക്കുകയെന്നതും നമ്മുടെ കടമയാണ് എന്നു പറഞ്ഞുകൊണ്ട് ബ്രിട്ടീഷ് ഗവൺമെന്റിന്റെ തിന്മകൾക്കെതിരെ, സ്വേച്ഛാധിപത്യത്തിനെതിരെ, വൈദേശിക മേധാവിത്ത്വത്തിനെതിരെ, ഇൻഡ്യൻ സ്വാതന്ത്ര്യത്തിനുവേണ്ടി, പൗരാവകാശങ്ങൾക്കുവേണ്ടി മഹാത്മജിയുടെ നേതൃത്വത്തിൽ നടന്ന സിവിൽ ഡിസ്ഒബീഡിയൻസ് മൂവ്മെന്റും, ക്വിറ്റ് ഇൻഡ്യാ സമരവും നമുക്കു നൽകിയ ചൈതന്യം ഞാൻ ഓർക്കുകയാണ്. ബ്രിട്ടീഷ് ഗവൺമെന്റ് അതിനെ അടിച്ചമർത്തി. ലോകചരിത്രത്തിൽ ഇത്രമാത്രം നിഷ്ഠൂരമായ മറ്റൊരു അടിച്ചമർത്തലുണ്ടായിട്ടുണ്ടോ എന്നു സംശയമാണ്.

സർ, രണ്ടുവർഷമായി നടന്ന ക്വിറ്റ് ഇൻഡ്യാ സമരത്തിനിടയിൽ രാജ്യത്തൊട്ടാകെ നടന്ന പ്രക്ഷോഭങ്ങളിൽ 538 സ്ഥലങ്ങളിൽ വെടിവെയ്പുണ്ടായി എന്ന് ബ്രിട്ടീഷ് പാർലമെന്റിൽ ഔദ്യോഗിക സ്റ്റേറ്റ്മെന്റിലൂടെ വ്യക്തമാക്കപ്പെട്ടുവെങ്കിൽ പതിനായിരങ്ങൾ കൊല ചെയ്യപ്പെടുകയുണ്ടായി എന്നതാണ് സത്യം. ഗ്രാമങ്ങളിലെ ദരിദ്ര ജനങ്ങളിൽ നിന്നും, പാവപ്പെട്ട ജനവിഭാഗങ്ങളിൽ നിന്നും കൂട്ടപ്പിഴ ഈടാക്കിക്കൊണ്ട് അവർക്കു ഫൈൻ അടിക്കുകയാണ് ബ്രിട്ടീഷുകാർ ചെയ്തത്. അങ്ങനെ കൂട്ടപ്പിഴ ഈടാക്കി, അവരുടെ ചട്ടി പാത്രങ്ങൾ പെറുക്കി, അവരെ പീഡിപ്പിച്ചു. എന്നിട്ട് ഔദ്യോഗികമായി ബ്രിട്ടീഷ് പാർലമെന്റിൽ പറയുകയുണ്ടായി ഇൻഡ്യയിൽ നിന്നും കൂട്ടപ്പിഴ ലെവി ചെയ്തതിന്റെ ഫലമായി 85 ലക്ഷം രൂപ കിട്ടി എന്ന്, എന്നുപറഞ്ഞാൽ അതു ഞെട്ടിപ്പിക്കുന്ന ഒരു സംഭവമാണ്. പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് എത്രമാത്രം പീഢനങ്ങൾ ആ കാലഘട്ടത്തിൽ ഉണ്ടായി എന്നുള്ളതിന്റെ ഏറ്റവും

1885- ൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസിന്റെ ആവിർഭാവത്തോടുകൂടിയാണ് വാസ്തവത്തിൽ ഇൻഡ്യൻ സ്വാതന്ത്ര്യസമരം എന്ന ദേശീയ ചിന്താഗതി വളരാനും, ആ ദേശീയ ചിന്താഗതിക്കു സംഘടിതമായ രൂപം നൽകാനും കഴിഞ്ഞത് എന്നുള്ളതാണ് സത്യം. 1920-ൽ മഹാത്മജി സമരത്തിന്റെ നേതൃത്വം ഏറ്റെടുത്തതോടുകൂടി ആ സമരത്തിന് ഒരു ജനകീയ സ്വഭാവവും ജനപിന്തുണയും കിട്ടി. അങ്ങനെ സമരം വ്യാപിച്ചു. യാതനകൾ നിറഞ്ഞ സമരം നീണ്ടുപോയി. ആ സമരത്തിനു ആക്കം കൂട്ടുംതോറും ആ സമരത്തെ അടിച്ചമർത്താനുള്ള ബ്രിട്ടീഷുകാരുടെ നീച നടപടികൾക്കും ആക്കം കൂടി.

വലിയൊരു ചരിത്ര സത്യമാണത്. സർ, നിഷ്ഠൂരമായ ആ അടിച്ചമർത്തലിനെതിരെ ലോകമനസാക്ഷി ഉണരുകയുണ്ടായി. ആ വിമർശനങ്ങളെ നേരിട്ട വിൻസ്റ്റൻ ചർച്ചിൽ കോമൺ സഭയിൽചെയ്ത പ്രസംഗം ഇന്ന് ഏറ്റവും വലിയ ചരിത്ര രേഖയാണ്.

"I have not become the King's First Minister to preside over the liquidation of the British Empire" എന്നു പറഞ്ഞുകൊണ്ട് ഇൻഡ്യയിൽ നടന്ന സ്വാതന്ത്ര്യ സമരത്തെ അടിച്ചമർത്തുക തങ്ങളുടെ ലക്ഷ്യമാണെന്നു പറഞ്ഞുകൊണ്ട്, അതിൽ അഭിമാനം കൊണ്ട പ്രൈം മിനിസ്റ്റർ വിൻസ്റ്റൻ ചർച്ചിൽ പിന്നീട് കണ്ടത്.- അദ്ദേഹം ആഗ്രഹിക്കാത്തത് ഈ രാജ്യത്തു നടന്നു. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ തകർച്ച ആരംഭിച്ചത് ഇൻഡ്യയുടെ സ്വാതന്ത്ര്യ പ്രാപ്തിയോടുകൂടിയാണ്. ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങൾ സ്വാതന്ത്ര്യത്തിനു വേണ്ടി മുന്നോട്ടു വരികയാണ്. ഇൻഡ്യൻ സ്വാതന്ത്ര്യ സമരത്തെ സംബന്ധിച്ചിടത്തോളം ക്വിറ്റ് ഇൻഡ്യാ സമരത്തിന്റെ പ്രാധാന്യം ഒരു പക്ഷെ കുറച്ചു കാണുന്നവരുണ്ടായിരിക്കാം. സർ, ക്വിറ്റ് ഇൻഡ്യാ സമരത്തിൽ മഹാത്മജി പറഞ്ഞത് എന്താണ്? രണ്ടാം ലോകമഹായുദ്ധത്തിൽ സഖ്യകക്ഷികളോടുകൂടി ചേർന്ന് ഞങ്ങൾ യുദ്ധം ചെയ്യാം. പക്ഷേ അടിമച്ചങ്ങല ഞങ്ങളുടെ കൈകളിൽ കിടക്കുമ്പോൾ, ആ ചങ്ങല പൊട്ടിച്ചെറിഞ്ഞുകൊണ്ടല്ലാതെ എതിരാളികളെ നേരിടാൻ ഞങ്ങൾക്ക് കഴിയുകയില്ല എന്നാണ് അദ്ദേഹം ആദ്യം പറഞ്ഞത്. ആദ്യം ഞങ്ങൾ സ്വതന്ത്രരാകണം, ഇൻഡ്യ ഒരു സ്വതന്ത്ര രാഷ്ട്രമാകണം, ഒരു ജനാധിപത്യ ഗവൺമെന്റ് ഇവിടെ വരണം, യുണൈറ്റഡ് നേഷൻസിലെ ഒരു അംഗരാജ്യമായി ഇൻഡ്യ ഉയരണം. അതിനുശേഷം സഖ്യകക്ഷികളോടുകൂടി നിന്നുകൊണ്ട്, റഷ്യയോടും ബ്രിട്ടനോടും കൂടി നിന്നുകൊണ്ട് നാസിസത്തിനും ഫാസിസത്തിനും എതിരെ ഞങ്ങൾ സമരം ചെയ്യാൻ തയ്യാറാണ്. അതിനു ഞങ്ങളെ സ്വതന്ത്രരാക്കണ മെന്നതായിരുന്നു വാസ്തവത്തിൽ ക്വിറ്റ് ഇൻഡ്യാ പ്രമേയത്തിന്റെ അന്തഃസത്ത. അതുപോലെ ലോകത്തുള്ള അടിമ രാജ്യങ്ങളെയെല്ലാം സ്വതന്ത്രമാക്കണം. അടിമരാജ്യങ്ങളുടെ ഒരു ഫെഡറേഷൻ ലോകത്ത് ജന്മമെടുക്കുന്നുവെങ്കിൽ അതായിരിക്കും നാസിസത്തിനും ഫാസിസത്തിനും എതിരെയുള്ള ചെറുത്തു നിൽപിന് ഏറ്റവും കൂടുതൽ ശക്തി നൽകുന്നത് അതായിരുന്നു ക്വിറ്റ് ഇൻഡ്യാ പ്രമേയത്തിൽ പറഞ്ഞിട്ടുള്ളത് എന്നു ഞാൻ ഓർക്കുകയാണ്. പലരെ സംബന്ധിച്ചും ഒരുപക്ഷേ ഇതിന്റെ പ്രാധാന്യം കുറഞ്ഞിരിക്കാം. ഇൻഡ്യയുടെ സ്വാതന്ത്ര്യ സമ്പാദനത്തിനുമുൻപ് ജപ്പാനും ജർമ്മനിക്കും എതിരായിട്ടുള്ള ബ്രിട്ടന്റേയും സോവിയറ്റു റഷ്യയുടേയും യുദ്ധം വിജയിപ്പിക്കണം എന്നതിൽ ചിലയാളുകൾ പ്രാധാന്യം കണ്ടുവെങ്കിൽ ആദ്യം ഇൻഡ്യയുടെ സ്വാതന്ത്ര്യം, അതൊടൊപ്പം ബ്രിട്ടന്റേയും സോവിയറ്റ റഷ്യയുടെയും നിലനിൽപ്പും നാസിസത്തിന്റേയും ഫാസിസത്തിന്റേയും പരാജയവും കൈകാര്യം ചെയ്യണമെന്നാണ് നമ്മൾ കണ്ടത്. അങ്ങനെ സ്വാതന്ത്ര്യസമരം വിജയിപ്പിക്കാൻ ഇൻഡ്യൻ ജനത ഒന്നായി മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ മുൻപോട്ടു നീങ്ങിയപ്പോൾ ആ ക്വിറ്റ് ഇൻഡ്യാ സമരത്തിന് വേണ്ടത്ര പിന്തുണ എല്ലാ വിഭാഗങ്ങളിൽ നിന്നും കിട്ടിയിരുന്നോ എന്നതും ഇപ്പോൾ ഓർക്കേണ്ട വിഷയമാണ്.

സർ, ഞാൻ വിവാദപരമായ കാര്യങ്ങളിലേക്ക് കടക്കുന്നില്ല. ഒരൊറ്റ കാര്യം മാത്രം പറയാം ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി 40 വർഷം കഴിഞ്ഞിരിക്കുന്നു. ഇനി ഇന്ത്യയിൽ എന്ത്? ഇനി ഇന്ത്യ എങ്ങോട്ട്? നമ്മുടെ നാഷണലിസം., നമ്മുടെ ദേശീയത്വം അടിയറ വയ്ക്കാൻ നമുക്കു കഴിയുകയില്ല. ശക്തമായ ദേശീയ അടിത്തറയിൽ നിന്നും മാത്രമേ സാർവ്വദേശീയത്വം കെട്ടിപ്പടുക്കാൻ കഴിയുകയുള്ളൂ. ശക്തമായ ദേശീയത്വമുണ്ടെങ്കിൽ മാത്രമേ ഏതു വിപ്ലവ പ്രസ്ഥാനത്തിനും പിടിച്ചു നിൽക്കാനും നിലനിൽക്കുവാനും വളരുവാനും കഴിയുകയുള്ളൂ. എന്നു ലോക ചരിത്രം തന്നെ തെളിയിക്കുന്നുണ്ട്. നമ്മുടെ ദേശീയത്വത്തിനെതിരെ നമ്മുടെ ദേശീയ ഉദ്ഗ്രഥനത്തിനെതിരെ നമ്മുടെ ദേശീയ ഐക്യത്തിനെതിരെ ഉയർന്നു വന്നിരിക്കുന്ന വൻപിച്ച വെല്ലുവിളികളെ എങ്ങനെ നമുക്കു നേരിടാൻ കഴിയും? മതേതരത്വത്തിനു എതിരെ ഉയർന്നു വന്നിരിക്കുന്ന വർഗ്ഗീയ ശക്തികളെ, വിഭാഗീയ ശക്തികളെ, വിഘടിത ശക്തികളെ എപ്രകാരം നമുക്കു നേരിടാൻ കഴിയും? ഇത്തരം കാര്യങ്ങളെ ആശ്രയിച്ചിരിക്കും നമ്മുടെ വിജയം. നമുക്ക് ഇനിയും നടന്നു നീങ്ങാനുണ്ട്. നമുക്കു വളരെയേറെ വിലയേറിയ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവെന്നുള്ളത് ശരിയാണ്. വളരെയധികം കോട്ടങ്ങളും നമുക്കുണ്ടായിട്ടുണ്ട്. ആ കോട്ടങ്ങൾ മനസ്സിലാക്കിക്കൊണ്ട്, ആ കോട്ടങ്ങളിൽ നിന്നു നേട്ടങ്ങൾ ഇനിയും കൂടുതൽ ഉണ്ടാക്കാൻ കഴിയത്തക്കവണ്ണം ഈ രാജ്യം ഒരുമിച്ചു മുൻപോട്ട നീങ്ങണം. സിദ്ധാന്തങ്ങൾകൊണ്ട് മാത്രം ലക്ഷ്യം നേടാൻ കഴിയുകയില്ല. സിദ്ധാന്തങ്ങൾക്കുമാത്രം നമ്മെ ഒരിടത്തും എത്തിക്കാൻ കഴിയുകയില്ല. സിദ്ധാന്തങ്ങൾക്കതീതമായി, പ്രത്യയ ശാസ്ത്രങ്ങൾക്കതീതമായി , രാഷ്ട്രീയ വ്യത്യാസങ്ങൾക്കതീതമായി ഒരുമിച്ചു നീങ്ങാൻ കഴിഞ്ഞാൽ അതായിരിക്കും ഏറ്റവും പ്രധാനപ്പെട്ട കാര്യം.


കെ.പി മോഹനൻ, പി.സി.വിഷ്ണുനാഥ്, ഉമ്മൻചാണ്ടി എന്നിവർക്കൊപ്പം

സർ, ഇൻഡ്യ ഇന്നൊരു സ്വതന്ത്ര രാജ്യമാണ്. ക്വിറ്റ് ഇൻഡ്യാ പ്രമേയത്തിൽ തന്നെ പറഞ്ഞിരിക്കുന്നത് കൂടുതൽ അധികാരങ്ങളുള്ള ഫെഡറൽ സംവിധാനം, സംസ്ഥാനങ്ങൾ ഈ രാജ്യത്ത് ഉണ്ടാകണമെന്നാണ്. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഇൻഡ്യൻ ഭരണഘടനയിൽ കാതലായ മാറ്റങ്ങൾ വരുത്തിക്കൊണ്ട് സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരങ്ങളും വരുമാനമാർഗ്ഗങ്ങളും നൽകിക്കൊണ്ട് , കൂടുതൽ ഫെഡറലിസം പകർന്നുകൊണ്ട് ശക്തമായ ഒരു കേന്ദ്രവും സംതൃപ്തമായ സംസ്ഥാനങ്ങളും എന്ന നില ഉറപ്പുവരുത്തി ഇൻഡ്യയുടെ സാമ്പത്തിക സ്വാതന്ത്ര്യത്തിന് വേണ്ടി നാംമുന്നോട്ട് നീങ്ങേണ്ടിയിരിക്കുന്നു. സർ, "We shall be either free or die in that attempt" എന്ന് മഹാത്മജി പറഞ്ഞ വാക്കുകൾ ഇന്നും പ്രസക്തമാണ്. ഇന്നും നമ്മുടെ അടിമത്തത്തിന് ഒരു അവസാനം ഉണ്ടായിട്ടില്ല. സാമ്പത്തിക അടിമത്തത്തിൽ നിന്ന് സ്വാതന്ത്ര്യം നേടാൻ വേണ്ടിയുള്ള യജ്ഞത്തിൽ ഒരുമിച്ചു നീങ്ങാൻ നമുക്കെല്ലാവർക്കും കഴിയണം. ആ വഴിയാണ് ഒരു പുനരാലോചന, ഒരു തുടക്കം, ഒരു പ്രതിജ്ഞ. അതിനുള്ള നീക്കം ഈ ചർച്ചകൊണ്ട് ഉണ്ടാകട്ടെയെന്ന് പ്രത്യാശിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

(കേരള നിയമസഭാ നടപടികൾ 13.08.1987)

നിയമസഭാ പ്രസംഗം

27-04-2017

# ഒന്നാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിന്റെ 60-ാം വാർഷികാഘോഷത്തോടനുബന്ധിച്ച് **ശ്രീ. കെ.എം. മാണി** നടത്തിയ പ്രസംഗം







സർ, ഈ നിയമസഭാ മന്ദിരത്തിൽ നിൽക്കുമ്പോൾ ധാരാളം വികാരങ്ങൾ എന്റെ മനസ്സിൽക്കൂടി കടന്നുപോകുന്നു. പാർലമെന്ററി പ്രവർത്തനങ്ങളുടെ ഹരിശ്രീ ഞാൻ പഠിച്ചത് ഈ നിയമസഭയിൽ ഇരുന്നാണ്. ഇത് എന്റെ രാഷ്ട്രീയ ശ്രീകോവിലാണ്. എന്റെ ജീവിതത്തിലെ പിള്ളത്തൊട്ടിലാണിത്. സമാരംഭിച്ചിട്ട് 60 വർഷം തികയുന്ന ഈ സന്ദർഭത്തിൽ ഒരു നിമിഷം ആദരവോടുകൂടി ഞാൻ നിങ്ങളുടെ മുമ്പിൽ തലകുനിക്കുകയാണ്. 1956-ൽ ഭാഷാ സംസ്ഥാനങ്ങൾ രൂപീകൃതമായപ്പോൾ വയബിലിറ്റിയുടെ അടിസ്ഥാനത്തിലല്ല സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെട്ടത്. റവന്യൂ മിച്ചമുണ്ടായിരുന്ന തിരുകൊച്ചിയും റവന്യൂ കമ്മിയുണ്ടായിരുന്ന മലബാറും ചേർത്ത് ഐക്യകേരളം രൂപീകരിക്കുകയുണ്ടായി. തന്നെയുമല്ല, മൂന്ന് മേഖലകളിൽ ഒരേ കാര്യത്തിന് വ്യത്യസ്തമായ നിയമങ്ങളാണ് കേരളത്തിലുണ്ടായിരുന്നത്. നിയമങ്ങളെല്ലാം ക്രോഡീകരിക്കേണ്ട ചുമതലയായിരുന്നു ആദ്യ മന്ത്രിസഭയുടേത്. അതുപോലെതന്നെ ഈ മൂന്ന് പ്രദേശങ്ങളിൽപ്പെട്ട സിവിൽ സർവ്വീസ് ഉദ്യോഗസ്ഥന്മാരുടെ സർവ്വീസ് ഇന്റഗ്രേഷന്റെ ചുമതലയും ഈ ഗവൺമെന്റ് നടത്തേണ്ടതായി വന്നു. അവരുടെ സേവന-വേതന ചട്ടങ്ങൾ ക്രോഡീകരിക്കുക എന്നത് വളരെ ശ്രമകരമായിരുന്നു. എന്നാൽ അതെല്ലാം നല്ല രീതിയിൽ നിർവഹിക്കുകയുണ്ടായി എന്നത് ഞാൻ ഓർക്കുകയാണ്. കഴിഞ്ഞ 60 വർഷത്തെ വിവിധ ഭരണഘടനാ ഭേദഗതി നിയമങ്ങൾകൊണ്ട് സ്റ്റേറ്റ് ലിസ്റ്റിലെ പല അധികാരങ്ങളും കൺകറന്റ് ലിസ്റ്റിലേയ്ക്ക് മാറ്റപ്പെട്ടു. അധികാര വികേന്ദ്രീകരണം പഞ്ചായത്ത്/ മുനിസിപ്പാലിറ്റികളിലേയ്ക്ക് കൈമാറ്റം ചെയ്തു. കേന്ദ്രത്തിൽ നിന്നും തത്തുല്യമായ അധികാര കൈമാറ്റം ഉണ്ടായിട്ടില്ല എന്നത് ദുഃഖകരമായ കാര്യമാണ്.

ആദ്യ കർഷകബന്ധ നിയമം ഭരണഘടനാ വിരുദ്ധമായി കോടതി പ്രഖ്യാപിച്ചു. 1963-ലെ നിയമം അന്നത്തെ റവന്യൂ മന്ത്രി പി.ടി.ചാക്കോയാണ് കൊണ്ടുവന്നത്. ആദ്യ സർക്കാർ കൊണ്ടുവന്ന വിദ്യാഭ്യാസ നിയമം യു.ഡി.എഫ്. സർക്കാർ പിന്നീട് ചില ഭേദഗതികളോടുകൂടി നടപ്പിലാക്കുകയുണ്ടായി. 1968-ൽ നിയമങ്ങൾ ക്രോഡീകരിക്കുവാൻ ഒരു കമ്മീഷനെ നിയമിച്ചെങ്കിലും അവർ റിപ്പോർട്ടൊന്നും നൽകിയില്ല. 2002-ൽ ഞാൻ ചെയർമാനായി ഒരു നിയമ പരിഷ്കരണ കമ്മിറ്റി നിയമിതമായത് ഞാൻ ഓർക്കുകയാണ്. അന്ന് നിലവിലുണ്ടായിരുന്ന 1020 നിയമങ്ങളിൽ 697 നിയമങ്ങൾ റദ്ദ് ചെയ്യുവാൻ ശിപാർശ നൽകി. 697 നിയമങ്ങൾ അതനുസരിച്ച് റദ്ദ് ചെയ്തു. 26 പുതിയ ബില്ലുകൾ അന്ന് പബ്ലിഷ് ചെയ്തു. അതിൽ 7 ബില്ലുകൾ സഭ പാസ്സാക്കി. 2006 ൽ നിയമിച്ച ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ കമ്മീഷൻ 550 പുതിയ നിയമങ്ങൾ ശിപാർശ ചെയ്തു. അതിൽ ഒന്നു പോലും നാളിതുവരെ നിയമമാക്കിയിട്ടില്ല. ഇക്കാര്യം വളരെ ഗൗരവത്തോടുകൂടി നമ്മൾ പരിശോധിക്കണം. ആ ശിപാർശകളിൽ പ്രസക്തമായത് ഏതെങ്കിലും നിയമമാക്കി മാറ്റുവാൻ കഴിയുമോ എന്നുള്ളത് ഈ ഗവൺമെന്റ് പരിശോധിക്കേണ്ടതാണെന്നാണ് എന്റെ വിനയപൂർവ്വമായ അഭിപ്രായം. ജസ്റ്റിസ് കെ.ടി. തോമസിനെ ഇപ്പോൾ പുതിയ കമ്മീഷനായി നിയമിച്ചിട്ടുണ്ട് എന്നുള്ളത് ശുഭോതർക്കമാണ്.

കാർഷിക പരിഷ്കരണ രംഗത്ത് 3 നിയമങ്ങൾ സഭ പാസ്സാക്കുകയുണ്ടായി. 1963 ലെ ലാൻഡ് റിഫോംസ് ആക്ട്, 1971 ലെ കണ്ണൻ ദേവൻ ഹിൽ ഏറ്റെടുക്കൽ നിയമം, 1971 ലെ സ്വകാര്യ വനദേശവൽക്കരണ നിയമം, 1961 ലെ ഭൂപരിഷ്കരണനിയമത്തിൽ 1969 ൽ കൊണ്ടുവന്ന ഭേദഗതികൾ കോടതികൾ അസ്ഥിരപ്പെടുത്തുകയുണ്ടായി. പിന്നീട് വന്ന സർക്കാർ പ്രസ്തുത നിയമത്തെ 9-ാം പട്ടികയിൽ ഉൾപ്പെടുത്തി അത് നിയമമാക്കി ശാശ്വതീകരിച്ചു. ചില സവിശേഷതകൾ ഉള്ളത് കുടികിടപ്പുകാർക്ക്, 3,5,10 സെന്റ് സ്ഥലം വീതം നൽകിയ പല ക്രയവിക്രയങ്ങളും പാട്ടമായിട്ടാണ് കരുതുന്നത്. ആ പാട്ടവ്യവസ്ഥയ്ക്ക് സ്ഥിരാവകാശം നൽകിയതും സ്വകാര്യ വനം ദേശവൽക്കരിച്ചതുമെല്ലാം പുരോഗമനപരമായ നടപടികൾക്ക് ഈ സഭ സാക്ഷ്യം വഹിച്ചുവെന്നതിനുള്ള തെളിവാണ്. ദേശവൽക്കരിക്കപ്പെട്ട പ്ലാന്റേഷൻ ഒഴികെയുള്ള ഭൂമി സർക്കാർ ഏറ്റെടുത്തു. സർക്കാർ ദേശവൽക്കരിച്ച ഭൂമിയിൽ പലതും ജന്മികൾക്ക് വിട്ടുകൊടുക്കാൻ കോടതി നിർദ്ദേശിച്ചപ്പോൾ 2000 ൽ 'Ecologically fragile' നിയമം വഴി ഇത് വീണ്ടും റിസർവ്വ് വനമാക്കി. 46 വർഷമായി ജന്മിമാരുമായി കേസ് നടക്കുകയാണ്. കൃഷിക്കാർക്ക് നൽകാനായി മാറ്റി വെച്ച ഭൂമി ഇപ്പോൾ കേന്ദ്ര വനസംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതാകയാൽ ഇതിന്റെ മൂന്നിരട്ടി ഭൂമി വനമാക്കുവാൻ വിട്ടുനൽകിയാലേ ഈ ഭൂമി കർഷകർക്ക് കൊടുക്കുവാൻ സാധിക്കുകയുള്ളൂ. കണ്ണൻ ദേവൻ നിയമമനുസരിച്ച് കൃഷിക്കാർക്ക് നൽകുവാൻ സർക്കാർ ഏറ്റെടുത്ത ഭൂമി പല കാരണങ്ങളാൽ ഇന്നും കൃഷിക്കാർക്ക് നൽകുവാൻ കഴിഞ്ഞിട്ടില്ലായെന്നുള്ള കാര്യം വളരെ ശ്രദ്ധയോടെ നമ്മൾ പരിശോധിക്കേണ്ടതാണ്. 'കാർഡമം ഹിൽ' റിസർവ്വിലെ 28000 ഹെക്ടർ ഭൂമി വനസംരക്ഷണ നിയമമനുസരിച്ച് കേന്ദ്രാനുമതി വാങ്ങി കർഷകർക്ക് പട്ടയം പതിച്ചുനൽകുവാൻ എന്റെ കഠിന പ്രയത്നം കൊണ്ട് സാധിച്ചുവെന്നത് ചാരിതാർത്ഥ്യജനകമായി ഞാൻ അനുസ്മരിക്കുകയാണ്. ഈ നിയമസഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ നമുക്ക് അഭിമാനമുണ്ട്. ഞാനൊരു കാര്യം മാത്രമേ പറയാൻ ആഗ്രഹിക്കുന്നുള്ളൂ നമ്മുടെ നിയമസഭയിൽ രാഷ്ട്രീയ ചർച്ചയ്ക്കാണ് കൂടുതൽ സമയമെടുക്കുന്നതും കൂടുതൽ പ്രാധാന്യം നൽകുന്നതും. എന്നാൽ നിയമനിർമ്മാണസഭ കൊണ്ട് ഉദ്ദേശിക്കുന്നത് കൂടുതലായും നിയമനിർമ്മാണമാണ്. ആ നിയമനിർമ്മാണത്തിൽ കൂടുതൽ ശ്രദ്ധ പതിക്കുകയും പുതിയ നല്ല നിയമങ്ങൾ കൊണ്ടുവരാൻ ഈ നിയമസഭ നേതൃത്വം കൊടുക്കുകയും ചെയ്യേണ്ടത് ആവശ്യമാണ്. അതിനുവേണ്ടി പുതിയ നിയമങ്ങൾ കൊണ്ടുവരാനും മാറ്റങ്ങൾ സൃഷ്ടിക്കാനും നമ്മൾ ശ്രദ്ധിക്കണമെന്ന് മാത്രം ഉദ്ബോധിപ്പിച്ചുകൊണ്ട് ഈ 60-ാം വാർഷികാചരണം നടത്തുന്നതിന് ഒരവസരം തുറന്നു തന്നതിൽ അങ്ങയോടുള്ള നന്ദി പ്രത്യേകിച്ച് രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ ഞാൻ ഉപസംഹരിക്കുന്നു.

(കേരള നിയമസഭാ നടപടികൾ 27.04.2017)

നിയമസഭാ പ്രസംഗം

18-12-1990

# വെളിച്ചെണ്ണ ഇറക്കുമതി പിൻവലിക്കാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടുകൊണ്ട് 1990 ഡിസംബർ 18 ന് അടിയന്തിര പ്രമേയം അവതരിപ്പിച്ച് ശ്രീ. കെ.എം. മാണി നടത്തിയ പ്രസംഗം

## അടിയന്തര പ്രമേയം

മുൻമന്ത്രി കെ.എം.മാണി അനുമതി തേടിയ 2 അടിയന്തിര പ്രമേയങ്ങൾ കേരള നിയമസഭ ചർച്ച ചെയ്തിട്ടുണ്ട്. വെളിച്ചെണ്ണ ഇറക്കുമതി സംബന്ധിച്ച വിഷയം ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് (1990 ഡിസംബർ 18) നും സ്കൂൾ പാഠപരിഷ്കരണത്തിലുള്ള ന്യൂനതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് (2008 ജൂൺ 24) നും അവതരിപ്പിച്ച പ്രമേയങ്ങളാണ് അവ.

സർ, ഇപ്രകാരം ഒരടിയന്തരപ്രമേയ ചർച്ചക്ക് അനുമതി നൽകിയതിന് ഞാൻ അങ്ങയോട് അങ്ങേയറ്റം നന്ദി പ്രകാശിപ്പിക്കുന്നു. ഇവിടെ വെളിച്ചെണ്ണയുടെ ഇറക്കുമതിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഈ എണ്ണ ഇറക്കുമതിയുടെ ഫലമായി കേരളത്തിന്റെ സാമ്പത്തിക രംഗത്ത് കനത്ത പ്രഹരമാണ് ഏറ്റിരിക്കുന്നത്. ഇവിടെ നമുക്ക് ഈ ചർച്ചയ്ക്കുശേഷം എല്ലാവർക്കും കൂടി കക്ഷിഭേദമെന്യേ യോജിച്ച് ഒരു പ്രമേയം വഴി കേന്ദ്രഗവൺമെന്റിനോട് ഈ ഇറക്കുമതി നയം പിൻവലിക്കണമെന്ന് ഒന്നിച്ചാവശ്യപ്പെടാം. ഇത് പിൻവലിക്കപ്പെടാൻ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടത് കേരളത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ ഏറ്റവും പ്രധാനപ്പെട്ട ഒരാവശ്യമാണ്. പ്രത്യേകിച്ചും കേരളത്തിൽ നാളികേരമെന്നു പറയുന്നത് വളരെ പ്രാധാന്യമുള്ള ഒന്നാണ്. നമ്മുടെ സംസ്ഥാനത്തിന്റെ പേരായ കേരളം എന്നതുപോലും കേരവൃക്ഷത്തിനെ ആസ്പദമാക്കിയാണ് നൽകിയിട്ടുള്ളത്. മാത്രമല്ല, നമ്മുടെ കേരളത്തിലെ പ്രധാനപ്പെട്ട കാർഷികവിള എന്നു പറയുന്നത് നാളികേരമാണ്. അതിൽ ചെറുകിട കേരകർഷകരാണ് ബഹുഭൂരിപക്ഷവും വരുന്ന ആളുകൾ. ഞാൻ രാവിലെ സൂചിപ്പിച്ചതുപോലെ സർ, ഒരു നാളികേരത്തിന്റെ വിലയിൽ ഒരു രൂപയുടെ കുറവുണ്ടായാൽ കേരളത്തിന് അതിന്റെ ഫലമായി 400 കോടി രൂപയുടെ നഷ്ടമുണ്ടാവുന്നു എന്നതാണ് വസ്തുത. ഒരു നാളികേരത്തിന് രണ്ടു രൂപ കുറഞ്ഞാൽ ആ ഇനത്തിൽ 800 കോടി രൂപയുടെ നഷ്ടമുണ്ടാവുന്നു എന്നുള്ള കാര്യം കണക്കിലെടുക്കേണ്ടതാണ്. അപ്പോൾ നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ഇതെന്ന് നമുക്ക് വളരെ വ്യക്തമായി കാണാൻ കഴിയും. ഇറക്കുമതിയുടെ കാര്യം പറയുമ്പോൾ ഇന്ത്യാ ഗവൺമെന്റ് കാലാകാലങ്ങളിൽ പ്രഖ്യാപിക്കുന്ന ഇറക്കുമതി നയങ്ങൾ ഏറ്റവും കൂടുതൽ പ്രതികൂലമായി, ദോഷകരമായി ബാധിക്കുന്നത് കേരളംപോലുള്ള പ്ലാന്റേഷൻ രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ള സംസ്ഥാനങ്ങളെയാണ്. ഇപ്പോൾ നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ നമ്മുടെ കൃഷികളിൽ പ്രധാനമായും നാണ്യവിളകൾ ഉൽപാദിപ്പിക്കുന്ന കൃഷിയാണ് നമ്മുടെ സംസ്ഥാനത്ത് കൂടുതലുള്ളത്. അപ്പോൾ കേന്ദ്ര ഗവൺമെന്റിന്റെ കയറ്റിറക്കുമതി നയത്തെ സംബന്ധിച്ചിടത്തോളം പറഞ്ഞാൽ





റബ്ബറിന്റെ കാര്യത്തിലാവട്ടെ, കുരുമുളകിന്റെ കാര്യത്തിലാകട്ടെ, നാളികേരത്തിന്റെ കാര്യത്തിലാകട്ടെ; ഇവയുടെയെല്ലാം കാര്യത്തിൽ ഓരോ കാലഘട്ടങ്ങളിലും ഉണ്ടാകുന്ന പുതിയ ഇറക്കുമതി നയങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം വളരെയധികം ബുദ്ധിമുട്ട് നമ്മുടെ കൃഷിക്കാർക്കും നമ്മുടെ സമ്പദ്ഘടനയ്ക്കും ഉണ്ടാക്കുന്നുവെന്ന കാര്യം നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. ഉദാഹരണത്തിന് റബ്ബറിന്റെ കാര്യം തന്നെ എടുക്കാം. റബ്ബറിന്റെ ഇറക്കുമതിയാണ് ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന റബറിന്റെ വിലയിൽ ഏറ്റക്കുറച്ചിലുകൾക്ക് ഇടയാക്കിയിട്ടുള്ളത്. ഇന്ന് ഒരു കിലോ റബറിന് 18.50 രൂപയാണ് വില. വാസ്തവത്തിൽ ഈ 18.50 രൂപയെന്നത് വളരെ തുച്ഛമായ ഒരു വിലയാണ്. അതിന്റെ ഉൽപാദനച്ചെലവുമായി താരതമ്യം ചെയ്യുമ്പോൾ ഇന്ന് ഉൽപാദനച്ചെലവുകൾ എല്ലാം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. അപ്പോൾ ആ നിലയ്ക്ക് നമ്മൾ നോക്കുമ്പോൾ... നിത്യോപയോഗ സാധനങ്ങളുടെ വിലയെല്ലാം വർദ്ധിച്ചിരിക്കുകയാണ്.

റബർ കൊണ്ട് നിർമ്മിക്കുന്ന ഉൽപന്നങ്ങളുടെ വില വർദ്ധിച്ചു. ടയറിന്റെ വില വർദ്ധിച്ചു. ഇപ്പോൾ സ്വാഭാവിക റബറിന്റെ ഉൽപാദനച്ചെലവും വളരെയേറെ വർദ്ധിച്ചിട്ടുണ്ട്. അപ്പോൾ സ്വാഭാവിക റബറിന്റെ വിലയും ടയറിന്റെ വിലയും ഒക്കെ പരിശോധിക്കുമ്പോൾ ഇപ്പോൾ ഒരു കിലോ റബറിന്റെ വില വെറും 18.50 രൂപയായി താണിരിക്കുകയാണ്. അതിന് പ്രധാനപ്പെട്ട കാരണം എന്താണ് ? അതിന്റെ പ്രധാന കാരണം ഇറക്കുമതിയാണ്. ഈ ഇറക്കുമതിയെ സംബന്ധിച്ചിടത്തോളം ഇവിടത്തെ ടയർ ലോബി, കേരളത്തെ സംബന്ധിച്ചിടത്തോളം സ്വാഭാവിക റബറിന്റെ വില ഇടിക്കത്തക്കവണ്ണം കുറഞ്ഞ വിലയ്ക്ക് അവർക്ക് സ്വാഭാവിക റബർ കിട്ടുന്നതിനുവേണ്ടി അവർ കാലാകാലങ്ങളിൽ വിദേശത്തുനിന്നും അന്താരാഷ്ട്ര മാർക്കറ്റിൽ നിന്നും കുറഞ്ഞ വിലയ്ക്ക് ഇൻഡ്യയിലേക്ക് റബർ ഇറക്കുമതി ചെയ്തുകൊണ്ട് ഇവിടെ കേരളത്തിൽ ഉൽപാദിപ്പിക്കുന്ന റബറിന്റെ വില ഇടിക്കുകയാണ് ചെയ്യുന്നത്. അപ്പോൾ ഡിസ്ട്രസ് സെയിലിനുവേണ്ടി നമ്മൾ വിൽക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ഉദാഹരണമായിട്ട് പറഞ്ഞാൽ 1986 ലാണ് ഇവിടെ റബറിന് റഫറൻസ് പ്രൈസ് നിശ്ചയിച്ചത്. അന്ന് റഫറൻസ് പ്രൈസായി നിശ്ചയിച്ചത് 17.50 രൂപയാണ്. എന്നാൽ വാസ്തവം പറഞ്ഞാൽ എല്ലാ മാനദണ്ഡങ്ങളുംകൂടി എടുത്താൽ ഒരു കിലോ റബറിന് 28 രൂപയെങ്കിലും വില കിട്ടേണ്ടതാണ്. ആ സ്ഥാനത്ത് ഇന്ന് കിട്ടുന്നത് ഇവിടത്തെ മിനിമം പ്രൈസ് അനുസരിച്ച് 17.50 രൂപയാണ്. അപ്പോൾ ആ മിനിമം പ്രൈസ് 17.50 രൂപയെന്നുള്ളത് ഉയർത്തിക്കൊണ്ട് അത് ഒരു 24 രൂപയായിട്ടെങ്കിലും വർദ്ധിപ്പിച്ച് മിനിമം പ്രൈസ് ഫിക്സ് ചെയ്താൽ മാത്രമേ റബറിന്റെ വിലയിടിവിനെ നമുക്ക് പ്രതിരോധിക്കാൻ കഴിയൂ. അപ്പോൾ ഇറക്കുമതിയുടെ ഫലമായി ഇന്ന് റബറിന്റെ വില കുറഞ്ഞുകൊണ്ടിരിക്കുന്നതിന് പൊതുവെ ഒരു പരിഹാരമെന്നുള്ള നിലയ്ക്ക് റബറിന്റെ റഫറൻസ് പ്രൈസ് അല്ലെങ്കിൽ മിനിമം പ്രൈസ് അല്ലെങ്കിൽ സപ്പോർട്ട് പ്രൈസ് 17.50 രൂപയിൽ നിന്ന് ഉയർത്തി അത് 24 രൂപയാക്കി ഫിക്സ് ചെയ്യുകയും ഇവിടത്തെ കൃഷിക്കാർക്ക് ന്യായമായ വില ഉറപ്പുവരുത്തുകയും ചെയ്യേണ്ടത് നമ്മുടെ ന്യായമായ ഒരു ആവശ്യം മാത്രമാണ്. അതിന് ആദ്യമായി ചെയ്യേണ്ടത് റബറിന്റെ ഇറക്കുമതിയും അവസാനിപ്പിക്കണം എന്നതാണ്.

ഒരു വർഷം 50,000 ടൺ റബറാണ് വിദേശത്തുനിന്നും ഇൻഡ്യയിലേക്ക് ഇറക്കുമതി ചെയ്യുന്നത്. ഇങ്ങനെ വർഷംതോറും റബർ ഇവിടേയ്ക്ക് ഇറക്കുമതി ചെയ്യേണ്ട കാര്യമെന്താണ്? നമ്മുടെ കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്ത്യയിൽ ആവശ്യമുള്ള റബറിന്റെ ഏതാണ്ട് ബഹുഭൂരിപക്ഷവും നമ്മളുൽപാദിപ്പിക്കുന്നുണ്ട്. അതുകൊണ്ട് ഇറക്കുമതി അവസാനിപ്പിക്കണം. കാരണം, റബർ കൃഷിക്കാർക്ക് കൂടുതൽ ഇൻസന്റീവ്സ് കൊടുത്തെങ്കിൽ മാത്രമേ ഇവിടെ ഡെഫിസിറ്റ് ഉണ്ടെങ്കിൽപ്പോലും ആ ഡെഫിസിറ്റ് ഇല്ലാതാക്കാൻ കഴിയൂ. ഡെഫിസിറ്റ് ഇല്ലാതാക്കണമെങ്കിൽ ഉൽപാദനം വർദ്ധിപ്പിക്കണം. ഉൽപാദനം വർദ്ധിപ്പിക്കണമെങ്കിൽ റബർ കൃഷിക്കാർക്ക് അതിനുള്ള ഇൻസന്റീവ് കൊടുക്കണം. അപ്പോൾ റബറിന് ന്യായവില ഉറപ്പുവരുത്തിയാൽ മാത്രമേ റബറിന്റെ ഉൽപാദനം വർദ്ധിക്കുകയുള്ളൂ. എങ്കിൽ മാത്രമേ വിടവ് നമുക്ക് ഇല്ലാതാക്കാൻ കഴിയുകയുള്ളൂ. അങ്ങനെ വിടവ് ഇല്ലാതായാൽ നമുക്ക് ഇവിടെ ഇറക്കുമതിയുടെ ആവശ്യമില്ല. അതുകൊണ്ട് സർ, ഈ ഇറക്കുമതിയെ സംബന്ധിച്ച് കേന്ദ്രത്തിന് ഒരു നയം തന്നെ ഉണ്ടാവണം. അത് നാളികേരത്തിന്റെ ഇറക്കുമതിയാവട്ടെ, റബറിന്റെ ഇറക്കുമതിയാകട്ടെ, കൊപ്രയുടെ ഇറക്കുമതിയാകട്ടെ, അല്ലെങ്കിൽ അതുപോലുള്ള ഉൽപന്നങ്ങളുടെ ഇറക്കുമതിയാവട്ടെ, അതു സംബന്ധിച്ച കേന്ദ്രത്തിന്റെ നയമെന്താണ് ? ഇത് സംബന്ധിച്ച് അക്സപ്റ്റഡ് ആയിട്ടുള്ള നയം എന്നു പറയുന്നത് ഏതൊരു ഉൽപന്നം ഇറക്കുമതി ചെയ്യുന്നുവോ ആ ഉൽപന്നം കൂടുതലായി ഉൽപാദിപ്പിക്കുന്ന സംസ്ഥാനങ്ങളുമായി മുൻകൂട്ടി ആലോചിക്കാതെ ഇൻഡ്യാ ഗവൺമെന്റ് ആ നയം രൂപീകരിക്കാൻ പാടില്ല എന്നതാണ്.

ഇപ്പോൾ നാളികേരമാണെങ്കിൽ ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കുന്നത് കേരളത്തിലാണ്. റബറിന്റെ കാര്യത്തിലാണെങ്കിലും ഇൻഡ്യയിൽ ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കുന്നത് കേരളമാണ്. കുരുമുളകിന്റെ കാര്യത്തിലാണെങ്കിലും ഏറ്റവും കൂടുതൽ ഉൽപാദിപ്പിക്കുന്നത് നമ്മുടെ സംസ്ഥാനത്തിലാണ്. അപ്പോൾ ഇങ്ങനെയുള്ള നാണ്യവിളകളെ സംബന്ധിച്ചിടത്തോളം കയറ്റിറക്കുമതി നയങ്ങൾക്ക് രൂപം കൊടുക്കുമ്പോൾ ബന്ധപ്പെട്ട സംസ്ഥാനങ്ങളുമായി ആലോചിക്കുകയെന്നുള്ളത് തികച്ചും ന്യായമായിട്ടുള്ള ഒരു കാര്യമാണ്. അതിവിടെ ചെയ്തിട്ടില്ലായെന്നുള്ളതാണ് വസ്തുത. സർ, എനിക്ക് തോന്നുന്നത് മുൻ ഗവൺമെന്റിന്റെ കാലത്ത് നൽകിയ ഒരുറപ്പ് ഉണ്ടായിരുന്നു. മുൻ ഗവൺമെന്റിന്റെ കാലത്ത് ഉറപ്പ് ഇക്കാര്യത്തിലുണ്ടായത് എങ്ങനെയാണ്? മുൻ ഗവൺമെന്റിന്റെ കാലത്ത് ഉറപ്പുണ്ടായത്, ഇവിടെ ഇറക്കുമതിയുടെ ഫലമായി നമ്മുടെ കാർഷികോൽപന്നങ്ങളുടെ വില ഇടിഞ്ഞപ്പോൾ ഇവിടെനിന്നും സർവ്വകക്ഷി ഡെലിഗേഷൻ ഡൽഹിയിലേക്ക് പോയി. അങ്ങനെ സർവ്വകക്ഷി ഡെലിഗേഷൻ ഡൽഹിയിലേക്ക് പോകുകയും അവിടെ കേന്ദ്രത്തിൽ വളരെയധികം സമ്മർദ്ദം ചെലുത്തുകയും ചെയ്തതിന്റെ ഫലമായിട്ടാണ് മുൻഗവൺമെന്റ് ഒരു തീരുമാനം ഇക്കാര്യത്തിൽ എടുക്കുകയുണ്ടായത്. അതായത് ഇനി ഇറക്കുമതി ചെയ്യുന്നതിനുമുമ്പായി അത് നാളികേരമാവട്ടെ, വെളിച്ചെണ്ണയാകട്ടെ, റബറാകട്ടെ ഇവയൊക്കെ ഇറക്കുമതി ചെയ്യുന്നതിനുമുൻപായി കേരള സംസ്ഥാനവുമായി ആലോചിച്ചിട്ടു മാത്രമേ ഇറക്കുമതി ചെയ്യൂ എന്നുണ്ടായിരുന്ന മുൻ ഗവൺമെന്റിന്റെ ധാരണയെ

ഇവിടെയുണ്ടാക്കുന്ന വെളിച്ചെണ്ണയിൽ 20 ശതമാനം മാത്രമേ നമ്മൾ ഉപയോഗിക്കുന്നുള്ളു. ബാക്കി എൺപതു ശതമാനവും നമ്മൾ കയറ്റുമതി ചെയ്യുകയാണ്. ബാക്കി 80 ശതമാനവും ഓയിൽ മില്ലുകാരാണ് വാങ്ങുന്നത്. ബോംബെയിലെ ഓയിൽ മില്ലുകാരാണ് കേരളത്തിൽ ഉൽപാദിപ്പിക്കുന്ന 80 ശതമാനം എണ്ണയും വാങ്ങുന്നത്. എന്തിനുവേണ്ടിയാണ് ? അവർ എണ്ണവാങ്ങുന്നത് സോപ്പ് നിർമ്മാണത്തിനു വേണ്ടിയാണ്. വനസ്പതിക്കുവേണ്ടി എണ്ണ ഉപയോഗിക്കുകയാണ്. അവർക്ക് അത്യാവശ്യമായതുകൊണ്ട് എണ്ണയുടെ വില കുറയ്ക്കുകയാണ്. കേരളത്തിലെ എണ്ണയുടെ വില കുറച്ചുകൊണ്ട് അവർക്ക് കുറഞ്ഞ വിലയ്ക്ക് എണ്ണകിട്ടുക. വ്യവസായാവശ്യത്തിനുവേണ്ടി കുറഞ്ഞ വിലയ്ക്ക് എണ്ണ കിട്ടുകയെന്നുള്ളതാണ് അവരുടെ ആവശ്യം. അതിനുവേണ്ടിയാണ് ഇപ്പോൾ ഇറക്കുമതിക്കുവേണ്ടി കേന്ദ്രഗവൺമെന്റിനെ സ്വാധീനിച്ചിട്ടുള്ളത്.

കാറ്റിൽപ്പറത്തിക്കൊണ്ടാണ് ഇപ്പോൾ ഇന്ത്യാ ഗവൺമെന്റ് ഈ ഇറക്കുമതി നടത്താനുള്ള തീരുമാനം എടുത്തിരിക്കുന്നത്.

സർ, ഞങ്ങൾക്ക് ഇതിൽ അഭിപ്രായവ്യത്യാസമില്ല. എല്ലാവരും കൂടി ഒരുമിച്ച് ഇത് പിൻവലിക്കാൻ ആവശ്യപ്പെടുകയാണ് വേണ്ടത്. ഇങ്ങനെയുള്ള കാര്യത്തെ സംബന്ധിച്ചിടത്തോളം കേരള ഗവൺമെന്റുമായി ആലോചിക്കണം. ആലോചിക്കാതെ നിർവ്വാഹമില്ല. ഇൻഡ്യയെ സംബന്ധിച്ചിടത്തോളം ഏറ്റവും കൂടുതൽ നാളികേരമുണ്ടാകുന്നത് കേരളത്തിലാണ്. എനിക്ക് തോന്നുന്നത് കേന്ദ്രമന്ത്രിസഭയുടെ വിലനിർണ്ണയക്കമ്മിറ്റി കൂടിയപ്പോൾ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യാൻ അവർ എടുത്തിരിക്കുന്ന തീരുമാനത്തിന് മുഖ്യമായ പ്രേരണ നൽകിയത്, അല്ലെങ്കിൽ ആ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അവർ പറയുന്നത്, ഭക്ഷ്യയെണ്ണയുടെ വിലകുറയ്ക്കാനാണെന്നാണ്. സാധാരണക്കാരെ സഹായിക്കാൻ വേണ്ടിയാണെന്നുള്ള വ്യാജേന ഇപ്പോൾ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുകയാണ്. ഇതിന്റെ സത്യമെന്താണ് സർ? വെളിച്ചെണ്ണ ഒരു ഭക്ഷ്യയെണ്ണയാണോ? അല്ല, വെളിച്ചെണ്ണ ഭക്ഷ്യയെണ്ണയല്ല. ഇവിടെയുണ്ടാക്കുന്ന വെളിച്ചെണ്ണയിൽ 20 ശതമാനം മാത്രമേ നമ്മൾ ഉപയോഗിക്കുന്നുള്ളു. ബാക്കി എൺപതു ശതമാനവും നമ്മൾ കയറ്റുമതി ചെയ്യുകയാണ്. ബാക്കി 80 ശതമാനവും ഓയിൽ മില്ലുകാരാണ് വാങ്ങുന്നത്. ബോംബെയിലെ ഓയിൽ മില്ലുകാരാണ് കേരളത്തിൽ ഉൽപാദിപ്പിക്കുന്ന 80 ശതമാനം എണ്ണയും വാങ്ങുന്നത്. എന്തിനുവേണ്ടിയാണ് ? അവർ എണ്ണവാങ്ങുന്നത് സോപ്പ് നിർമ്മാണത്തിനു വേണ്ടിയാണ്. വനസ്പതിക്കുവേണ്ടി എണ്ണ ഉപയോഗിക്കുകയാണ്. അവർക്ക് അത്യാവശ്യമായതുകൊണ്ട് എണ്ണയുടെ വില കുറയ്ക്കുകയാണ്. കേരളത്തിലെ എണ്ണയുടെ വില കുറച്ചുകൊണ്ട് അവർക്ക് കുറഞ്ഞ വിലയ്ക്ക് എണ്ണകിട്ടുക. വ്യവസായാവശ്യത്തിനുവേണ്ടി കുറഞ്ഞ വിലയ്ക്ക് എണ്ണ കിട്ടുകയെന്നുള്ളതാണ് അവരുടെ ആവശ്യം. അതിനുവേണ്ടിയാണ് ഇപ്പോൾ ഇറക്കുമതിക്കുവേണ്ടി കേന്ദ്രഗവൺമെന്റിനെ സ്വാധീനിച്ചിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിനെ സ്വാധീനിച്ചുകൊണ്ട് ഇപ്രകാരമൊരു തീരുമാനമെടുത്തിട്ടുള്ളത്. പ്രധാനമന്ത്രി ഈ ഇമ്പ്ലിക്കേഷൻ മനസ്സിലാക്കിയിട്ടുണ്ടോയെന്ന് എനിക്ക് സംശയമാണ്. സാധാരണ നടക്കുന്നത് എങ്ങനെയാണ്? ഇതിനൊക്കെ വലിയ ലോബികളുണ്ട്. ഇതിനെ സംബന്ധിച്ചിടത്തോളം ഈ ഫയൽ, ഇതിന്റെ പ്രശ്നങ്ങൾ മുഴുവൻ അവഗാഹമായി അവർ പരിശോധിച്ചിരുന്നുവെങ്കിൽ ഈ ഒരു തെറ്റിലേക്ക് കേന്ദ്ര ഗവൺമെന്റ് പോവുകയില്ലായിരുന്നു. ഇത് ഭക്ഷ്യാവശ്യമാണെന്ന് പറഞ്ഞാൽ അതിൽ യാതൊരു അർത്ഥവുമില്ല. വ്യവസായാവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്ന വെളിച്ചെണ്ണയെ സംബന്ധിച്ചിടത്തോളം ആ വെളിച്ചെണ്ണ ഇറക്കുമതി ചെയ്യുന്നത് പാവപ്പെട്ടവർക്കുവേണ്ടിയാണ്, സാധാരണക്കാരനുവേണ്ടിയാണ്. ഭക്ഷ്യാവശ്യത്തിനു വേണ്ടിയാണെന്നുള്ള ന്യായം തെറ്റാണ്. അത് വെറും ദുർന്യായം മാത്രമാണ്. അതുകൊണ്ട് കേന്ദ്രഗവൺമെന്റ് എടുത്തിരിക്കുന്ന ഈ നടപടിക്ക് യാതൊരു ന്യായീകരണവുമില്ലെന്നുള്ളതാണ് ഇവിടെയുണ്ടായിരിക്കുന്നത്.

സർ, ഞാൻ അവസാനിപ്പിക്കുകയാണ്. ഞാൻ ഈ പ്രമേയം അവതരിപ്പിച്ചപ്പോൾ തന്നെ സംസാരിച്ചതാണ്, ഇപ്പോൾ വില കുറഞ്ഞിരിക്കുന്നു. ഇവിടെ എത്രയോ വർഷങ്ങളായിട്ട് നാളികേരത്തിന് വില കുറഞ്ഞിരിക്കുന്നു. എത്രയോ വർഷങ്ങളായിട്ട് ന്യായവില ഇവിടത്തെ കൃഷിക്കാർക്ക് കിട്ടേണ്ടതായിരുന്നു. എത്രയോ വർഷങ്ങളായിട്ട് ന്യായവില നിഷേധിക്കപ്പെട്ട രാജ്യത്ത് ആകെ വില കിട്ടിയത് ഈ ഓഫ് സീസണിലാണ്. ഓഫ് സീസണെന്നു പറഞ്ഞാൽ ഉൽപാദനമില്ലാത്ത ഈ സീസണിലാണ്. കഴിഞ്ഞ കൊല്ലത്തേക്കാൾ കുറച്ചു വിലയുണ്ടായി. ഇപ്പോൾ അൽപം വില കിട്ടിയ സന്ദർഭത്തിൽ പ്രത്യേകിച്ചും ഉൽപാദന സീസൺ ആരംഭിക്കുകയാണ്. ആ ഉൽപാദന സീസൺ ആരംഭിക്കുമ്പോൾ ഇപ്പോൾ ഇൻഡ്യാ ഗവൺമെന്റ് എടുത്തിരിക്കുന്ന ഈ ഇറക്കുമതി നമ്മുടെ നാളികേര വില തകർക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതിന്റെ ഫലമായി ഇവിടത്തെ പാവപ്പെട്ടവർ, പാവപ്പെട്ട കുടുംബങ്ങൾ തകരും, പാവപ്പെട്ട കർഷകന്റെ നട്ടെല്ല് ഒടിയും, യാതൊരു സംശയവുമില്ല. ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി പറഞ്ഞപ്പോൾ ഇത് ഏറ്റവും വലിയ ഒരു ഇടിത്തീയാണെന്ന് പറഞ്ഞു. അതുകൊണ്ട് ഇതിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് നമുക്കൊരുമിച്ച് നിൽക്കാം. ഇതിൽ രാഷ്ട്രീയമില്ല. ഞാൻ മുൻപ് പറഞ്ഞതുപോലെ ഏത് ഗവൺമെന്റാകട്ടെ, നമുക്കെന്താണ് സർ? ചന്ദ്രശേഖരന്റെ ഗവണ്മെന്റായാലും, വി.പി. സിംഗിന്റെ ഗവണ്മെന്റായാലും ഗവൺമെന്റ് ഏത് എന്നുള്ളതല്ല, ഏത് ഗവൺമെന്റായാൽ എന്താണ്? കേരളത്തെ സംബന്ധിച്ചിടത്തോളം കർഷകന്റെ താൽപര്യമാണ് വലുത്. ആ കൃഷിക്കാരന്റെ താൽപര്യത്തിന് ഗവൺമെന്റിന്റെ നടപടികൾ എതിരായാൽ രാഷ്ട്രീയ പരിഗണനയ്ക്കൊക്കെ അതീതമായി നിന്നുകൊണ്ട് അതിനെ എതിർക്കാനും അതിന് പരിഹാരമുണ്ടാക്കാനുമുള്ള രാഷ്ട്രീയ നിലപാടാണ് ഞങ്ങളുടെതൊക്കെ. അതുകൊണ്ടാണ് ഈ പ്രമേയം കൊണ്ടുവന്നത്. അതുകൊണ്ട് ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം സംസ്ഥാന ഗവൺമെന്റ് ശക്തമായ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് ഈ ഇറക്കുമതി ഉടനെ പിൻവലിപ്പിക്കുകയും കേരളത്തിലെ 80 ലക്ഷത്തോളം വരുന്ന പാവപ്പെട്ട നാളികേര കൃഷിക്കാരെ സംരക്ഷിക്കുകയും കേരളത്തിന്റെ സമ്പദ് വ്യവസ്ഥയെ ഭദ്രമാക്കുകയും ചെയ്യാൻ മുന്നോട്ടുവരണമെന്ന് മാത്രം ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

(കേരള നിയമസഭാ നടപടികൾ 18.12.1990)



കെ.എം മാണി ഗവർണ്ണർ ജ്യോതി വെങ്കിടാചലം മുമ്പാകെ മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നു

നിയമസഭയിൽ കെ.എം.മാണി
നടത്തിയ അനുശോചന പ്രസംഗം
25.11.1983

# സി. എച്ച്. മുഹമ്മദ്കോയ



സർ. സി.എച്ച്. മുഹമ്മദ്കോയയുടെ വേർപാടിന്റെ ദുഃഖസ്മരണ ഇന്നും ഒരു നിഴൽപോലെ നമ്മെ പിൻതുടരുകയാണ്. ആ ദുഃഖത്തിൽ നിന്ന് കരകയറുന്നതിന് ഇതുവരെയും നമുക്ക് സാധിച്ചിട്ടില്ല. ഇദ്ദേഹത്തിന്റെ നിര്യാണം മൂലം വരുത്തിവച്ചിരിക്കുന്ന നഷ്ടത്തെ സംബന്ധിച്ച് സ്പീക്കറും സഭാനേതാവും പ്രതിപക്ഷനേതാവും മറ്റു കക്ഷി നേതാക്കളും പ്രകടിപ്പിച്ച വികാരത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കു ചേരുന്നു.

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ ഇല്ലാത്ത നിയമസഭയെ സംബന്ധിച്ച് നമുക്ക് ചിന്തിക്കുവാൻ പോലും നിർവ്വാഹമില്ല. പാർലമെന്റ് അംഗമായിരുന്ന ഒരു ഇടവേള ഒഴിച്ചാൽ കഴിഞ്ഞ കാൽനൂറ്റാണ്ടുകാലം ഈ നിയമസഭയിൽ, ഇവിടെ ബഹുമാനപ്പെട്ട സുഹൃത്തുക്കൾ പലരും സൂചിപ്പിച്ച പോലെ തിങ്ങിവിളങ്ങി നിന്നിരുന്ന ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. സ്പീക്കറായി, സഭാനേതാവായി, പ്രതിപക്ഷനേതാവായി, മുഖ്യമന്ത്രിയായി, ഉപമുഖ്യമന്ത്രിയായി, ഈ സഭയിലെ ഏതേത് രംഗങ്ങളിൽ അദ്ദേഹം പ്രവർത്തിച്ചുവോ ആ രംഗങ്ങളിലെല്ലാം വ്യക്തിത്വം സ്ഥാപിക്കുകയും കാൽപ്പാടുകൾ പതിപ്പിക്കുകയും ചെയ്യാൻ കഴിഞ്ഞ ഉന്നതനായ, മഹാനായ ഒരു നേതാവായിരുന്നു ശ്രീ. സി. എച്ച്. മുഹമ്മദ് കോയ. അദ്ദേഹം ഏറ്റവും വലിയ വാഗ്മിയായിരുന്നു. ഈ നിയമസഭയെ സംബന്ധിച്ചിടത്തോളം നിയമസഭാ സാമാജികൻമാരായ നമുക്ക്, കേരള നിയമസഭയിലെ അദ്ദേഹത്തിന്റെ പ്രസംഗം എന്നുമെന്നും ഒരു പഠനഗ്രന്ഥമായി അവശേഷിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ ഫലിതങ്ങളും, അദ്ദേഹത്തിന്റെ പരിഹാസങ്ങളും, അദ്ദേഹത്തിന്റെ പ്രസംഗ വൈഭവവുമെല്ലാം നമ്മുടെ സ്മരണയിൽ ഇന്നും നിറഞ്ഞുനിൽക്കുന്നു.

സർ, കഴിഞ്ഞ ബഡ്ജറ്റ് സമ്മേളനത്തിൽ അദ്ദേഹം പ്രസംഗം അവസാനിപ്പിച്ചത് ഞാൻ ഓർക്കുന്നു. മിത്രങ്ങളെ കുടുകുടെ ചിരിപ്പിക്കുകയും എതിരാളികളെ മനം നൊന്തു നോവിപ്പിക്കുകയും ചെയ്ത് പ്രസംഗം നടത്തി ഉപസംഹരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു, 'മദ്വചനങ്ങൾക്ക് മാർദ്ദവമില്ലെങ്കിൽ ഉദ്ദേശശുദ്ധിയാൽ മാപ്പു നൽകു ' എന്ന്. ഇങ്ങനെ പറഞ്ഞിട്ട് അദ്ദേഹം തന്റെ സീറ്റിൽ ഉപവിഷ്ടനായി. സർ, എത്രയോ വികാരങ്ങൾ നമ്മുടെ മനസിൽക്കൂടി കടന്നുപോയി . ആ ശബ്ദം, ആ പ്രസംഗ ശൈലി ഈ നമ്മളിൽ നിന്നകന്നിരിക്കുകയാണ്. ഇനി നമുക്കൊരിക്കലും ആ ശബ്ദം കേൾക്കാൻ കഴിയുകയില്ല. പക്ഷേ അദ്ദേഹത്തിന്റെ ചൈതന്യം നമ്മിൽ എന്നെന്നും നിലകൊള്ളും. എത്ര വലിയ ഒരു വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ശ്രീ. സി. എച്ച്. മുഹമ്മദ്കോയ. വൈവിദ്ധ്യമാർന്ന വ്യക്തിത്വം അദ്ദേഹത്തിൽ വളരെ നല്ല അളവിൽ പ്രശോഭിച്ചിരുന്നു. ഏറ്റവും ഉന്നതനായ ഒരു പാർലമെന്റേറിയനും, സാഹിത്യകാരനും, പത്രപ്രവർത്തകനും, വാഗ്മിയും, സമുദായ നേതാവും, രാഷ്ട്രീയ നേതാവും എല്ലാറ്റിനും ഉപരിയായി ജനങ്ങളുടെ ഏറ്റവും പ്രിയങ്കരനായ ഒരു ജനനേതാവുമായി ശ്രീ. സി.എച്ചിന് ഉയരുവാൻ കഴിഞ്ഞു. അതുകൊണ്ട് മരണത്തിനു ശേഷവും, എന്നും നമ്മുടെ മനസ്സിൽ ജീവിക്കുന്ന ഒരു വ്യക്തിയായിട്ടാണ് ഇന്ന് നാം സി.എച്ചിനെ കാണുന്നത്. ശ്രീ. സി.എച്ചിനെ സംബന്ധിച്ചിടത്തോളം അദ്ദേഹം ഒരു പ്രസ്ഥാനത്തിന്റേയും ഒരു വലിയ ആശയത്തിന്റേയും പ്രതീകമാണ്. ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ് സി. എച്ച്. മുഹമ്മദ് കോയയായും സി. എച്ച്. മുഹമ്മദ് കോയ ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗായും മാറുവാൻ കഴിഞ്ഞു. മാറുവാൻ കഴിഞ്ഞു എങ്കിൽ അത്രമാത്രം വലിയ ഒരു പ്രാഗത്ഭ്യം ശ്രീ. സി. എച്ചിനെ സംബന്ധിച്ചിടത്തോളം ഉണ്ടായിരുന്നു. അത്രയും വലിയ ഒരു മഹാനായിരുന്നു അദ്ദേഹം എന്നതിന് മറ്റു വലിയ തെളിവുകൾ ആവശ്യമില്ല. പിന്നോക്ക വിഭാഗങ്ങളുടേയും ന്യൂനപക്ഷ സമുദായങ്ങളുടേയും പരിരക്ഷകനും ആളുകളുടെ ശബ്ദവുമായിരുന്ന ശ്രീ. സി.എച്ച്-ന് അദ്ദേഹത്തിന്റെ സമുദായത്തിന്റെ അവകാശങ്ങൾക്കുവേണ്ടി വാദിക്കുമ്പോഴും മറ്റു സമുദായങ്ങളുടെ വികാരങ്ങൾ മാനിക്കുവാൻ കഴിഞ്ഞിരുന്നു. എല്ലാ സമുദായങ്ങളുടേയും മിത്രമായിരുന്നു ശ്രീ. സി. എച്ച്. അത്രമാത്രം ഉന്നതനായ ഒരു വ്യക്തിയുടെ അഭാവം നമ്മുടെ പൊതു ജീവിതത്തിൽ എത്രയോ വലിയ കനത്ത നഷ്ടമാണ് വരുത്തിവച്ചിരിക്കുന്നത്. അദ്ദേഹം പ്രകാശിപ്പിച്ച, അദ്ദേഹം ഉയർത്തിപ്പിടിപ്പിച്ച ആ ആശയങ്ങൾ നമ്മെ നയിക്കട്ടെ എന്നു ഞാൻ ആശംസിച്ചുകൊണ്ട് അദ്ദേഹത്തിന്റെ അഭാവത്തിൽ, അദ്ദേഹത്തിന്റെ വേർപാടിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള ദുഃഖം അറിയിച്ചുകൊള്ളട്ടെ.

(കേരള നിയമസഭ നടപടികൾ 25.11.1983)





നിയമസഭയിൽ കെ.എം.മാണി
നടത്തിയ അനുശോചന പ്രസംഗം
28.08.1991

# സി. അച്യുതമേനോൻ

സർ, അര ദശാബ്ദക്കാലം കേരളമാകെ നിറഞ്ഞു നിന്നിരുന്ന പ്രതിഭാശാലിയായ മഹാനായിരുന്നു അന്തരിച്ച മുൻമുഖ്യമന്ത്രി ശ്രീ. സി. അച്യുതമേനോൻ. അദ്ദേഹത്തിന്റെ വ്യക്തിത്വം ബഹുമുഖമായിരുന്നു. അദ്ദേഹം നല്ലൊരു ഭരണകർത്താവും നയകോവിദനും രാജ്യതന്ത്രജ്ഞനും നിരൂപകനും ദാർശനികനും വാഗ്മിയുമായിരുന്നു. അദ്ദേഹം സംസാരിക്കുന്നത് വളരെ സാവധാനത്തിലായിരുന്നു, 'മിതംച സാരംച വചോഹി വാഗ്മിത' എന്നാണ്. മിതമായ സാരവത്തായ വാക്കുകളാണ് അദ്ദേഹത്തിന്റേത്. ഞാൻ ഈ നിയമസഭയിൽ മന്ത്രിസഭയിലെ അംഗമായി ഭരണപക്ഷബെഞ്ചിലും പ്രതിപക്ഷബെഞ്ചിലും ഇരുന്നുകൊണ്ട് അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ശ്രവിച്ചിട്ടുണ്ട്. വളരെ സാവധാനത്തിൽ എഫക്ടീവായ പ്രസംഗങ്ങളായിരുന്നു. പ്രതിപക്ഷത്തു നിന്നും തൊടുത്തുവിടുന്ന ഏത് ആരോപണത്തെയും നേരിടാൻ അദ്ദേഹം സ്വീകരിച്ച ശൈലി എത്രയോ മനോഹരമായിരുന്നുവെന്ന് ഞാൻ ഓർക്കുകയാണ്. ശ്രീ. സി. അച്യുതമേനോനെ കേരളത്തിലെ ജനങ്ങൾ ആദരിച്ചത് പ്രധാനപ്പെട്ട രണ്ട് കാരണങ്ങൾ കൊണ്ടാണ്. അതിലൊന്ന് കേരളത്തിന് ഒരു ഭരണ സ്ഥിരത നൽകിയെന്നുള്ളതുകൊണ്ടാണ്. ആയാറാം ഗയാറാമിന്റെ കാലഘട്ടത്തിൽ ഭരണപക്ഷ ബന്ധങ്ങൾ തകിടം മറിയും. ഗവൺമെന്റ് തകിടം മറിയുമെന്നുള്ള സ്ഥിതി വന്നപ്പോൾ കേരളത്തിലൊരു ഭരണസ്ഥിരത നൽകിയത് ശ്രീ. അച്യുതമേനോനാണ്. അതിലേറെ, വ്യത്യസ്ത രാഷ്ട്രീയാഭിപ്രായങ്ങളുള്ള വിഭിന്ന രാഷ്ട്രീയ കക്ഷികളെ ഒരുമിച്ചുകൊണ്ട് പോകാനുള്ള അദ്ദേഹത്തിന്റെ നയകോവിദത്വം, ഭരണതന്ത്രജ്ഞത, രാജ്യതന്ത്രജ്ഞത ആയിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും തിളക്കമാർന്ന കഴിവെന്ന് ഞാൻ കരുതുകയാണ്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ പറയുകണ്ടായി, അദ്ദേഹം അടിസ്ഥാനപരമായി ഒരു കമ്മ്യൂണിസ്റ്റുകാരനായിരുന്നുവെന്ന് പക്ഷേ ഒരു കമ്മ്യൂണിസ്റ്റുകാരനെക്കാൾ ഈ രാജ്യത്തെ എല്ലാ വിഭാഗം ആളുകളുടെയും നേതാവായിരുന്നു, എല്ലായാളുകളും അദ്ദേഹത്തെ ആദരിച്ചിരുന്നു. എന്നുള്ളതാണ് പ്രത്യേകത, അദ്ദേഹം ഏതെങ്കിലും സിദ്ധാന്തത്തിനടിമയായിരുന്നില്ല.. സിദ്ധാന്തങ്ങളെ പ്രയോഗതലത്തിൽ വിലയിരുത്തിക്കൊണ്ട് പ്രായോഗികമായ സമീപനം സ്വീകരിക്കുന്നതിന് അദ്ദേഹത്തിനുണ്ടായിരുന്ന കഴിവ് അനാദൃശ്യമായിരുന്നു. തിരുവിതാംകൂർ മഹാരാജാവ് മരിച്ചതിനുശേഷം ശ്രീ.



അച്യുതമേനോൻ എഴുതിയ ഒരു ലേഖനത്തിൽ അദ്ദേഹം പറഞ്ഞിരിക്കുന്നു : മഹാരാജാവ് ശ്രീ. അച്യുതമേനോനെയും കുടുംബത്തെയും രാജകൊട്ടാരത്തിലേക്ക് ഒരു ഡിന്നറിന് ക്ഷണിക്കാൻ ആഗ്രഹിച്ചു. ക്ഷണിച്ചാൽ വരുമോയെന്ന് ശങ്കിച്ച് ക്ഷണിക്കുന്നതിനുവേണ്ടി സെക്രട്ടറിയെ പറഞ്ഞയച്ചു. മഹാരാജാവിന് ഇങ്ങനെയൊരു ആഗ്രഹമുണ്ട്, വരാൻ പറ്റുമോയെന്ന് സെക്രട്ടറി ചോദിച്ചു. മഹാരാജാവ് എന്താണ് അങ്ങനെ ചോദിക്കുന്നത്. ഞാനൊരു കമ്മ്യൂണിസ്റ്റുകാരനായതുകൊണ്ടാണോയെന്ന്, അദ്ദേഹം ചോദിച്ചു. 'ഞാൻ തീർച്ചയായിട്ടും ഡിന്നറിന് വരും' എന്നുള്ള മറുപടിയാണ് കൊടുത്തതെന്ന് ആ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് എത്രയോ ശരിയാണ്. അത് നമുക്കെല്ലാം അങ്ങേയറ്റം ആവേശം പകർന്നുതന്ന ഒരു കാര്യമാണ്. അദ്ദേഹത്തിന് ഉയർന്ന രീതിയിൽ പ്രായോഗികമായി ചിന്തിക്കാനും തീരുമാനമെടുക്കാനും കഴിഞ്ഞിരുന്നു. ലോക കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ വരുന്ന മാറ്റങ്ങളെക്കുറിച്ച് മുൻകൂട്ടി കാണാനും വിലയിരുത്താനും അതിനെക്കുറിച്ച് ലേഖനങ്ങളെഴുതാനും കാണിച്ച തന്റേടവും ധീരതയും ഞാൻ ഓർക്കുകയാണ്. ഗ്ലാസ്നോസ്റ്റിന്റെയും പെരിസ്ട്രോയിക്കയുടേയും ആശയങ്ങൾ അദ്ദേഹം സ്വീകരിക്കുകയുണ്ടായി. ശ്രീ. അച്യുതമേനോനെ സംബന്ധിച്ചിടത്തോളം പറയുമ്പോൾ, 1976-77 ൽ അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ ഒരംഗമായിരുന്ന എനിക്ക് അദ്ദേഹത്തിന്റെ വ്യക്തിത്വം ദർശിക്കാൻ കഴിഞ്ഞത്, ഞാൻ ഓർക്കുന്നു. പ്ലാന്റേഷൻ ടാക്സിൽ നിന്നും കൊടുത്തിരുന്ന ഒഴിവുപരിധി ഒരു ഹെക്ടറായിരുന്നു. പക്ഷേ ഞാൻ ധനകാര്യമന്ത്രിയായി ബഡ്ജറ്റ് കൊണ്ടുവന്നപ്പോൾ ഇത് രണ്ട് ഹെക്ടറായി ഉയർത്താൻ വേണ്ടിയുള്ള നിർദ്ദേശവുമായിട്ടാണ് കന്റോൺമെന്റ് ഹൗസിൽ പോയി അദ്ദേഹത്തെ കണ്ടതും ബഡ്ജറ്റ് പ്രസംഗം വായിച്ചു കേൾപ്പിച്ചതും. അപ്പോൾ അദ്ദേഹം പറഞ്ഞു, 'അങ്ങനെ ഒരു ഹെക്ടർ എന്നുള്ളതിനെ രണ്ട് ഹെക്ടറായി ഉയർത്തുന്ന സമീപനത്തോട് എനിക്ക് അഭിപ്രായമില്ല, but that is the Privilege of the Finance Minister, I agree.'എനിക്ക് ഈ സമീപനത്തോട് അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ പോലും ഞാൻ കൂടുതലായിട്ടൊന്നും പറയുന്നില്ല. നമ്മുടെ സംസ്ഥാനത്തിന്റെ സമഗ്രമായ വികസനത്തിന് അടിത്തറപാകിയ മഹാൻമാരിൽ ഒരാളായിരുന്ന ശ്രീ. അച്യുതമേനോൻ എന്ന് വളരെ സത്യസന്ധമായി പറയുകയാണ്. 'അച്യുതൻ' എന്നുള്ള വാക്കിന്റെ അർത്ഥം മരണമില്ലാത്തവൻ എന്നാണ് അച്യുതമേനോന്റെ അനശ്വരമായ വ്യക്തിത്വത്തിന്റെ മുന്നിൽ ഞാൻ നമോവാകം ചെയ്യുന്നു, എന്റെയും എന്റെ പാർട്ടിയുടേയും അനുശോചനം അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളെ അറിയിക്കുന്നു.

(കേരള നിയമസഭ നടപടികൾ 28.08.1991)

നിയമസഭയിൽ കെ.എം.മാണി
നടത്തിയ അനുശോചന പ്രസംഗം

25.06.2004



# ഇ. കെ. നായനാർ

സർ, സഖാവ് ഇ. കെ. നായനാരുടെ നിര്യാണത്തിൽ ഞാൻ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ജനനേതാക്കളെല്ലാവരും ജനകീയർ ആയിരിക്കണമെന്നില്ല, ജനകീയരെല്ലാവരും ജനപ്രിയരായിരിക്കണമെന്നില്ല. സഖാവ് ഇ. കെ. നായനാരെ സംബന്ധിച്ചിടത്തോളം അദ്ദേഹം ജനകീയനായിരുന്നു, ജനപ്രിയനായിരുന്നു. അദ്ദേഹത്തിന്റെ മൃതദേഹവും വഹിച്ചുകൊണ്ട് കണ്ണൂരിലേക്ക് പോയ വിലാപയാത്രയിൽ പങ്കെടുത്ത ജനങ്ങൾ, അവരുടെ നിറഞ്ഞ കണ്ണുകൾ ഇതെല്ലാം അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ സൂചിപ്പിക്കുന്ന കാര്യങ്ങളാണ്. ഈ നിയമസഭയിലുള്ളവർക്കും. കേരളത്തിലെ ആളുകൾക്കും എല്ലാവർക്കുമറിയാം നായനാരെപോലെ വ്യക്തികളെ ഇത്രമാത്രം കടന്നാക്രമിച്ചിട്ടുള്ള, വ്യക്തികളെ ഇത്രമാത്രം പരിഹസിച്ചിട്ടുള്ള. വ്യക്തികളെ ഇത്രമാത്രം ആക്ഷേപിച്ചിട്ടുള്ള ഒരു ജനനേതാവ് ഉണ്ടായിട്ടില്ല. പക്ഷേ പരിഹാസമേറ്റാലും ആക്ഷേപിക്കപ്പെട്ടാലും എതിരാളികൾ ഇത്രമാത്രം സ്നേഹിച്ച മറ്റൊരു ജനനേതാവ് നായനാരെപോലെ ഉണ്ടായിട്ടില്ല. എന്നുള്ളത് വലിയ വിരോധാഭാസമാണ്. നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണത്. കാരണം നായനാർ എന്ത് പറഞ്ഞാലും അതിന്റെ പിന്നിൽ കാപട്യമില്ല, ദുരുദ്ദേശമില്ല. അദ്ദേഹം ഉപയോഗിക്കുന്ന ഒരു വാക്ക് നമ്മൾ ഉപയോഗിച്ചാൽ ജനം നമുക്ക് മാപ്പ് തരില്ല. അദ്ദേഹത്തിന്റെ ആത്മാർത്ഥതയെ, ഉദ്ദേശശുദ്ധിയെ ബഹുമാനിച്ചതുകൊണ്ടാണ്. നായനാർ ഏത് വാക്ക് ഉപയോഗിച്ചാലും എത്ര വാക്കുകൾ കൊണ്ട് അധിക്ഷേപിച്ചാലും, പരിഹസിച്ചാലും നായനാർ ജനങ്ങളെ ആകർഷിക്കുകയാണ്. വാസ്തവത്തിൽ പറഞ്ഞാൽ അത് വലിയൊരു വ്യക്തിത്വമാണ്. ഞാൻ ഒന്നുരണ്ട് അനുഭവങ്ങൾ പറയട്ടെ, നായനാരെ സംബന്ധിച്ചിടത്തോളം ഇത്രമാത്രം ശക്തനായ ഒരു മുഖ്യമന്ത്രി വേറെയുണ്ടോ എന്നെനിക്ക് സംശയമാണ്. ആ ശക്തി എന്നു പറയുന്നത് പാണ്ഡിത്യമല്ല, ശക്തി എന്നു പറയുന്നത് പ്രാഗത്ഭ്യമല്ല. ഞാൻ അദ്ദേഹത്തിന്റെ കൂടെ 1980-ലെ മന്ത്രിസഭയിൽ ധനകാര്യമന്ത്രിയായിരുന്ന കാലഘട്ടത്തിൽ എൻ.ഡി.സി. മീറ്റിംഗിലും ആസൂത്രണ കമ്മീഷന്റെ ചർച്ചാ വേളയിലും പോയിട്ടുണ്ട്. ധനകാര്യമന്ത്രിയും







ഉദ്യോഗസ്ഥന്മാരും വസ്തുതകൾ നിരത്തിവയ്ക്കും. അവസാനം നായനാരുടെ ഊഴമായി. നായനാരുടെ ചർച്ചയായി. നായനാർ വരും, പരുക്കൻ ഭാഷയിൽ , പരുക്കൻ ഭാഷയെന്ന് പറഞ്ഞാൻ നമ്മുടെ മലയാളത്തിലെ പരുക്കൻ ഭാഷയിൽ "നിങ്ങൾക്ക് വല്ലവിവരമുണ്ടോ ; ഇവിടെ ആരെങ്കിലും പള്ളിക്കൂടത്തിൽ പോകുന്നവരുണ്ടോ? കേരളീയർ നൂറു ശതമാനവും സാക്ഷരരാണ്. ഞങ്ങൾക്ക് പണമില്ലാത്തതിനാൽ , പണം തരണം" എന്നിങ്ങനെയുള്ള അദ്ദേഹത്തിന്റേതു മാത്രമായ ശൈലിയിലെ വാക്കുകൾ മറക്കാൻ കഴിയുന്നതല്ല. ഒരു പ്രാവശ്യം കേരളത്തിന് വേണ്ടി സ്പെഷ്യൽ അസിസ്റ്റൻസ് അനുവദിച്ച ആ രംഗം ഞാൻ ഓർക്കുകയാണ്. എൻ.ഡി.സി. മീറ്റിംഗിന് പോയപ്പോൾ എല്ലാവരുടെയും ശ്രദ്ധ അദ്ദേഹം പിടിച്ചുപറ്റി. അച്ചടിച്ച പ്രസംഗം വായിക്കാതെ ഒരു നോട്ടുബുക്കിൽ കുത്തിക്കുറിച്ച, കേന്ദ്രത്തെ ചൊടിപ്പിക്കുന്ന, അദ്ധ്യക്ഷവേദിയിലിരിക്കുന്ന ഇന്ദിരാഗാന്ധിയെപ്പോലും കുറെ പരിഹാസങ്ങൾ വാരി വിതറി. അപ്പോൾ എല്ലാവരും അദ്ദേഹത്തെ ശ്രദ്ധിക്കുകയാണ്. വളരെ ബഹുമാനത്തോടും ആദരവോടുംകൂടി ദേശീയ നേതാക്കളും, ഇന്ദിരാഗാന്ധി പോലും നായനാരെ കാണുന്നു. കാരണം നായനാരെ പോലെ നിഷ്കളങ്കനായ ഒരു വ്യക്തി, മറ്റാരോടും പകയില്ലാത്ത, കാപട്യമില്ലാത്ത ഒരു നേതാവെന്നുള്ള നിലയിൽ കേരളത്തിലെയും ഇൻഡ്യയിലെയും ജനങ്ങൾ ആദരിക്കുന്നയാൾ. ഞാൻ ഓർക്കുന്നു, അദ്ദേഹം ആദ്യം മുഖ്യമന്ത്രിയായിട്ട് സത്യപ്രതിജ്ഞ ചെയ്തിട്ട് ചർച്ചയ്ക്ക് ഡെൽഹിക്ക് പോവുകയാണെന്ന് ചർച്ച കഴിഞ്ഞ് തിരിച്ച് വരുമ്പോൾ എന്നോട് പറഞ്ഞു, "ബോംബെ മലയാളികൾ ഒരു യോഗം ഒരുക്കിയിട്ടുണ്ട്, കുഞ്ഞുമാണിയും കൂടി വരണം" ഞാൻ ചോദിച്ചു, " ഞാൻ വരണോ സഖാവെ ഇത് നിങ്ങളുടെ യോഗമല്ലെ?" വരണം എന്നു പറഞ്ഞു. എന്നെയും കൂട്ടിക്കൊണ്ട് പോയി. അവിടെ പോയപ്പോൾ മലയാളികളുടെ വലിയൊരു സദസ്സാണ്. മലയാളികളോട് അദ്ദേഹം പ്രസംഗിച്ചു, "നിങ്ങൾക്ക് വല്ല വിവരവുമുണ്ടോ എന്താ നടക്കുന്നതെന്ന്, ഞങ്ങളെത്ര വാദിച്ചാണ് വന്നിരിക്കുന്നത്, കേരളത്തിന്റെ അവകാശം ഞങ്ങൾ എത്രമാത്രം നേടിയെടുത്തുവെന്ന് നിങ്ങൾക്കറിയാമോ? എല്ലാവരും കൂടി ചിരിക്കുകയാണ്. അവിടെയിരിക്കുന്ന ജനങ്ങളെ മുഴുവൻ പരുക്കൻ വാചകങ്ങൾകൊണ്ട് നായനാർ ആകർഷിക്കുകയാണ്. എത്ര വലിയ വ്യക്തിത്വമാണെന്ന് ഞാൻ ഒർക്കുകയാണ്. ഞാൻ 1980-ൽ ധനകാര്യമന്ത്രിയായിരുന്ന അവസരത്തിൽ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ പ്രഖ്യാപിച്ചു. അദ്ദേഹത്തിന് വളരെ ഇഷ്ടപ്പെട്ടു. എന്നെ വളരെയേറെ അനുമോദിക്കുകയും ചെയ്തു. ഞങ്ങൾ തമ്മിലുണ്ടായ ആ വിശ്വാസബന്ധം, ആ സ്നേഹത്തിന്റെ ഉറവിടം അവിടുന്നായിരുന്നുവെന്ന് എനിക്ക് തോന്നുന്നു. ചേരി മാറിയെങ്കിലും രാഷ്ട്രീയ വ്യത്യാസങ്ങളുണ്ടായി. എങ്കിലും മരിക്കുന്നതുവരെയും ആ സ്നേഹബന്ധം നിലനിർത്തുവാൻ കഴിഞ്ഞു.

ഞാൻ എന്റെ പാർട്ടി നേതാവിനെ ആദരിച്ചതുപോലെ ആദരിച്ച ഒരു നേതാവായിരുന്നു നായനാർ. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിൽ എനിക്കും എന്റെ പാർട്ടിക്കുമുള്ള ദുഃഖം ഞാൻ രേഖപ്പെടുത്തുകയാണ്.

(കേരള നിയമസഭാ നടപടികൾ 25.06.2004)

നിയമസഭയിൽ കെ.എം.മാണി നടത്തിയ അനുശോചന പ്രസംഗം

21.11.2005

# കെ.ആർ. നാരായണൻ



സർ, മുൻ രാഷ്ട്രപതി കെ.ആർ. നാരായണന്റെ അനുസ്മരണയ്ക്കായി ഇപ്രകാരമൊരു സ്പെഷ്യൽ സമ്മേളനം വിളിച്ചുകൂട്ടാൻ മുൻകൈയെടുത്ത അങ്ങയേയും സഭാ നേതാവിനേയും പ്രത്യേകമായി അഭിനന്ദിച്ചുകൊള്ളട്ടെ. മുൻ രാഷ്ട്രപതി എന്നതിനേക്കാൾ ഉപരി എന്നെ സംബന്ധിച്ചിടത്തോളം എന്റെ സ്വന്തം നാട്ടുകാരൻ എന്നുള്ള നിലയിലും എന്റെ കുടുംബത്തിലെ ഒരംഗം വേർപെട്ട നഷ്ടബോധത്തോടും കൂടിയാണ് ഞാൻ ഇവിടെ നിൽക്കുന്നത്. അദ്ദേഹം രാഷ്ട്രപതിയായിരുന്ന കാലഘട്ടത്തിൽ സ്വന്തം ഗ്രാമവും വീടും സന്ദർശിക്കുന്നതിന് പ്രത്യേകം താൽപര്യമെടുത്തിരുന്നു. വർഷത്തിൽ ഒരിക്കലെങ്കിലും അദ്ദേഹം സ്വന്തം വീട് സന്ദർശിക്കാതിരുന്നിട്ടില്ല . അദ്ദേഹം അവിടെ വരുമ്പോഴൊക്കെ എന്നെ അനൗപചാരികമായി അറിയിക്കുമായിരുന്നു. അപ്പോൾ ആ കൊച്ചു വീട്ടിൽ ഒരുമിച്ച് ചേരാനും അവിടത്തെ ഭക്ഷണം കഴിക്കാനും കഴിഞ്ഞിരുന്നു. അവിടത്തെ ഭക്ഷണം അദ്ദേഹത്തിന് വളരെ ഇഷ്ടമായിരുന്നു. അങ്ങനെ ഒരുമിച്ച് ചേരുന്നതിന് എനിക്ക് കിട്ടിയ അവസരങ്ങൾ വളരെ വിലപ്പെട്ടതായി ഞാൻ കരുതുകയാണ്. അതുപോലെ തന്നെ ഞാൻ ഡൽഹിയിൽ പോയാൽ അദ്ദേഹത്തിന്റെ വസതി സന്ദർശിക്കാതെ അവിടെ നിന്നും പോന്നിട്ടില്ല. ആ നിലയ്ക്കുള്ള ഒരു കുടുംബബന്ധമാണ് ഞങ്ങൾ തമ്മിൽ ഉണ്ടായിരുന്നത്.

ഞാൻ ഓർക്കുകയാണ് അദ്ദേഹം രാഷ്ട്രപതി സ്ഥാനത്തുനിന്ന് വിരമിക്കുന്ന സന്ദർഭത്തിൽ പൊതുവേ എല്ലാ പരിപാടികളും ഏതാനും ദിവസങ്ങൾക്ക് മുൻപുതന്നെ റദ്ദ് ചെയ്തിരുന്നു. അവസാനമായി അദ്ദേഹം നടത്തിയ ചടങ്ങെന്ന്പറയുന്നത് എനിക്ക് നൽകിയ വി.പി. മേനോൻ അവാർഡ് ആയിരുന്നു. ഡൽഹിയിൽ വച്ച് നടന്ന അവാർഡ് ചടങ്ങായിരുന്നു. ഏറ്റവും അവസാനമായി ഞങ്ങൾ തമ്മിൽ കണ്ടുമുട്ടി ഒരുമിച്ച് സമയം ചെലവഴിച്ചത് ഡൽഹിയിലെ ആൾ ഇൻഡ്യ എക്സിബിഷനിലായിരുന്നു. അദ്ദേഹം എന്റെ കയ്യിൽ താങ്ങിപ്പിടിച്ച് ആ പവലിയനിലെ ഓരോ സെന്ററും സന്ദർശിച്ച രംഗം എന്റെ മനസ്സിൽ കൂടി കടന്നുപോകുകയാണ്. ആ വ്യക്തിബന്ധം മനസ്സിലാക്കാൻ വേണ്ടി ഞാൻ ഇത് പറഞ്ഞെന്നുമാത്രമേയുള്ളൂ.

അദ്ദേഹം ഡൽഹിയിൽ അസുഖമായി കിടന്നപ്പോൾ മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം കേരളാ ഗവൺമെന്റിനെ പ്രതിനിധീകരിച്ച് അവിടെ ചെല്ലാനും അദ്ദേഹത്തെ സന്ദർശിക്കാനും അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം ഡൽഹിയിൽ സംസ്കരിച്ചതിനുശേഷം അവിടെനിന്ന് കേരളത്തിലേക്ക് കൊണ്ടുവരുന്നതിനും ജന്മനാട്ടിലേക്ക് കൊണ്ടുപോകുന്നതിനും എന്നെ നിയോഗിച്ചത് ദൈവനിയോഗമായി ഞാൻ കരുതുകയാണ്. എനിക്ക് കെ.ആർ. നാരായണനെക്കുറിച്ച് പറയുവാനുള്ളത് ഒരു സാമൂഹ്യ വ്യവസ്ഥിതിയുടെ സൃഷ്ടിയായിരുന്നു അദ്ദേഹം എന്നാണ്. ഈ സാമൂഹ്യ വ്യവസ്ഥിതിയെ തട്ടിത്തെറിപ്പിച്ചുകൊണ്ട് ജീവിതത്തിന്റെ എല്ലാ പടവുകളും ചവിട്ടിക്കയറി വിജയത്തിന്റെ ഔന്നത്യത്തിലെത്തിയ ഒരു വ്യക്തിയായിരുന്നു അദ്ദേഹം.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും അങ്ങും ഒക്കെ സൂചിപ്പിച്ച ഒരു സംഭവമുണ്ട്. അദ്ദേഹം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് ബി.എ. ഓണേഴ്സ് ഫസ്റ്റ് ക്ലാസ്, ഫസ്റ്റ് റാങ്കിൽ പാസ്സായതിനുശേഷം ആ സ്വർണ്ണപ്പതക്കവുമണിഞ്ഞാണ് സർ സി.പി. രാമസ്വാമി അയ്യരുടെ അടുത്ത് ചെന്നത്. വലിയ പ്രതീക്ഷയോടുകൂടിയാണ് പോയത്. തനിക്ക് യൂറോപ്പിലേക്ക് പഠിക്കാൻ പോകണമെന്നും അതിനുവേണ്ട സൗകര്യങ്ങൾ നൽകണമെന്നും പറഞ്ഞപ്പോൾ സർ സി.പി. രാമസ്വാമി അയ്യർ തടസ്സവാദങ്ങൾ പറഞ്ഞ് ഒഴിഞ്ഞുമാറി. അവസാനം തനിക്ക് ഒരു ലക്ചറർ പോസ്റ്റ് വേണമെന്ന് ആവശ്യപ്പെട്ടപ്പോൾ അദ്ദേഹം 'ഞാൻ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം കൊടുക്കാം ചീഫ് സെക്രട്ടറിയെപ്പോയി കാണുക' എന്നു പറഞ്ഞു. ചീഫ് സെക്രട്ടറിയുടെ അടുത്ത് കെ.ആർ. നാരായണൻ ചെന്നപ്പോൾ ചീഫ് സെക്രട്ടറി പറഞ്ഞത് 'നിങ്ങൾക്ക് ക്ലറിക്കൽ ജോലി തരാനായിട്ടാണ് ദിവാൻ എന്നോട് പറഞ്ഞിരിക്കുന്നത് ' എന്നാണ്. അദ്ദേഹം അയ്യോ അത് വേണ്ടെന്ന് ' പറഞ്ഞപ്പോൾ ചീഫ് സെക്രട്ടറി പറഞ്ഞു. 'മടയത്തരം പറയരുത്. പത്ത് വർഷത്തിനുശേഷം ഞാൻ ഇരിക്കുന്ന കസേരയിൽ നിങ്ങൾക്ക് ചീഫ് സെക്രട്ടറിയായി പ്രൊമോഷൻ കിട്ടി കടന്നുവരാമെന്ന്. താൻ താഴ്ന്ന ജാതിക്കാരനായിപ്പോയതുകൊണ്ടാണ് തനിക്ക് ലക്ചറർ പോസ്റ്റ് തരാതെ ക്ലറിക്കൽ പോസ്റ്റിലേക്ക് നിയോഗിക്കുന്നതെന്ന കാര്യം മനസ്സിലാക്കി, ആ വ്യവസ്ഥിതിയോടുള്ള പ്രതിഷേധം കൊണ്ടാണ് അദ്ദേഹം അന്ന് അത് വേണ്ടെന്നുവച്ചത്.

അദ്ദേഹം മഹാരാജാവിനും അന്നത്തെ ബ്രിട്ടീഷ് റസിഡന്റിനും കത്തെഴുതി. കോൺവൊക്കേഷൻ നടത്തിയപ്പോൾ ഫസ്റ്റ് റാങ്ക് വാങ്ങിയ ആൾ കോൺവൊക്കേഷന് പോയതായി കാണുന്നില്ല. അതിനെപ്പറ്റി റസിഡന്റ് തിരക്കിയപ്പോൾ അദ്ദേഹം പ്രതിഷേധിച്ച് അവിടെ ചെല്ലാതിരുന്നതാണെന്ന് അറിവുകിട്ടി. ഉടൻ തന്നെ കെ.ആർ. നാരായണൻ താൻ ഡൽഹിയിലേക്ക് ജോലി തേടിപോവുകയാണെന്ന് പറഞ്ഞ് റസിഡന്റിന് കത്തെഴുതി. അങ്ങനെ ഡൽഹിയിലേക്ക് നാടുവിട്ട് പോകുകയാണുണ്ടായത്.

അതിനുശേഷം എല്ലാ രംഗങ്ങളിലുമുള്ള അദ്ദേഹത്തിന്റെ ഉയർച്ചയുടെ പടവുകളെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. സ്കൂളിൽ പഠിക്കുമ്പോൾ ഫീസ് കൊടുക്കാൻ നിർവ്വാഹമില്ലാതെ ഉച്ചയ്ക്ക് ഭക്ഷണം പോലും കഴിയ്ക്കാതെ കുറിച്ചിത്താനത്തും ഉഴവൂരും കുറവിലങ്ങാടും വടകരയിലുമൊക്കെ പഠിച്ച അദ്ദേഹത്തിന് മൂന്ന് രൂപ ഫീസ് കൊടുക്കാൻ കഴിയാത്ത സാഹചര്യവുമുണ്ടായിരുന്നു. അന്നത്തെ വ്യവസ്ഥിതി എന്താണെന്നുവച്ചാൽ ഫീസ് കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ വടികൊണ്ടുള്ള അടിയല്ല പകരം പരിഹസിക്കുന്ന ശിക്ഷയാണ് ഉണ്ടായിരുന്നത്. ഫീസ് കൊടുക്കാത്തതിന്റെ പേരിൽ ബഞ്ചിൽ കയറ്റി നിർത്തി പരിഹാസപാത്രമാക്കി. പരീക്ഷാ ഫീസ് കൊടുക്കാത്തതിന്റെ പേരിൽ ഒരു പ്രാവശ്യം പരീക്ഷ എഴുതാൻ കഴിഞ്ഞില്ല. അതിനുശേഷം 12 രൂപ ഫീസ് കൊടുക്കാൻ ഒരു രൂപയുടെ കുറവുകൊണ്ട് ഒരുപാട് സ്ഥലത്തുപോയി ഇരന്നു, അങ്ങനെ 12 രൂപ ഒപ്പിച്ച് പരീക്ഷ എഴുതി. ഈ നിലയിലുള്ള വിഷമതകളിൽ നിന്നും അവഗണനയിൽനിന്നും പ്രയാസങ്ങളിൽ നിന്നുമൊക്കെ ആ വ്യവസ്ഥിതിയെ എതിർത്ത്, അതിനെ അതിജീവിച്ച്, അന്നത്തെ സാമൂഹ്യവ്യവസ്ഥിതിയെ തട്ടിത്തകർത്തുകൊണ്ട് വിജയിച്ചുവന്ന ഒരു വ്യക്തിത്വമാണ് കെ. ആർ. നാരായണന്റേത്.

ഒരു നയതന്ത്രജ്ഞൻ എന്നുള്ള നിലയിൽ അദ്ദേഹം വൻവിജയം കൈവരിച്ചിട്ടുണ്ട്. ഇൻഡോ-ചൈന യുദ്ധത്തിനുശേഷം ഒരു ദശാബ്ദക്കാലം ആ നയതന്ത്ര ബന്ധങ്ങൾ വിച്ഛേദിക്കപ്പെട്ടിരുന്നു. അതിനിടയിലാണ് കെ.ആർ. നാരായണനെ അംബാസിഡറായി നിയമിക്കുന്നുവെന്ന പ്രഖ്യാപനം പാർലമെന്റിൽ ഉണ്ടായത്. അപ്പോൾ കരഘോഷത്തോടുകൂടി ഇൻഡ്യൻ പാർലമെന്റിലെ മുഴുവൻ അംഗങ്ങളും ഡസ്കിൽ അടിച്ചുകൊണ്ട് കെ. ആർ. നാരായണന്റെ നിയമനത്തെ സ്വാഗതം ചെയ്തു. കെ.ആർ. നാരായണൻ സമാധാനദൂതുമായി ചൈനയിലേക്ക് പോയി. അങ്ങനെ ഇൻഡോ-ചൈന നയതന്ത്ര ബന്ധങ്ങൾ മെച്ചപ്പെടുകയുണ്ടായി. അദ്ദേഹം ഏതൊക്കെ രാജ്യത്ത് നയതന്ത്രജ്ഞനായിപ്പോയോ അവിടെയൊക്കെ ഇൻഡ്യയുമായുള്ള ബന്ധങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

രാഷ്ട്രപതി എന്നുള്ള നിലയിൽ ആർട്ടിക്കിൾ 356 അനുസരിച്ചുള്ള അവകാശം വളരെ വിവേകപൂർവ്വം വിനിയോഗിക്കണമെന്നും അത് രാഷ്ട്രീയ ആയുധമാക്കാൻ പാടില്ലെന്നും അദ്ദേഹത്തിന് നിഷ്ഠ ഉണ്ടായിരുന്നു. യു.പി.യിലെ കല്യാൺസിംഗ് ഗവൺമെന്റിനേയും ബീഹാറിലെ റാബ്റി ഗവൺമെന്റിനേയും പിരിച്ചുവിടാൻ കേന്ദ്ര മന്ത്രിസഭ പ്രസിഡന്റിനയച്ച ശുപാർശ ഭരണഘടനാവിരുദ്ധമാണെന്നുള്ള ഉറച്ച നിലപാടിൽ രാഷ്ട്രപതി നിൽക്കുകയായിരുന്നു. ആ നിലയ്ക്ക് വളരെ വ്യക്തിത്വവുമുള്ള, നിശ്ചയദാർഢ്യവുമുള്ള വിനയാന്വിതനാണ് അദ്ദേഹം. അദ്ദേഹം ലാളിത്യത്തിന്റേയും വിനയത്തിന്റേയും ആൾരൂപമാണ്. അത്ര നല്ല സിദ്ധികളുള്ള, അതേസമയത്ത് നിശ്ചയദാർഢ്യവും ലക്ഷ്യബോധവും വ്യക്തിത്വവുമുള്ള മഹാനായ ആ വ്യക്തി കേരളം ലോകത്തിന് പ്രദാനം ചെയ്ത ഒരു രത്നമായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ അങ്ങും സഭാനേതാവും പ്രതിപക്ഷവും മറ്റ് കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാനും യോജിക്കുന്നു, അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുന്നിൽ ഞാൻ ആദരാഞ്ജലി അർപ്പിക്കുന്നു. അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളോടുള്ള അനുശോചനം അറിയിക്കുന്നു.

(കേരള നിയമസഭ നടപടികൾ 21.11.2005)

നിയമസഭയിൽ കെ.എം.മാണി
നടത്തിയ അനുശോചന പ്രസംഗം

27.12.2010



# കെ. കരുണാകരൻ

സർ, പതിറ്റാണ്ടുകൾ ഈ നിയമസഭയെ കോരിത്തരിപ്പിക്കുകയും പിടിച്ചടക്കുകയും ചെയ്ത കരുണാകരന്റെ ശബ്ദം നിലച്ചു. ഇവിടെ സൂചിപ്പിച്ചതുപോലെ കരുണാകരയുഗത്തിന് തിരശ്ശീല വീഴ്ത്തിക്കൊണ്ടാണ് അദ്ദേഹം നമ്മോട് യാത്ര പറഞ്ഞത്. ഈ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുകയും എന്റെയും എന്റെ പാർട്ടിയുടേയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു. ഞങ്ങൾ തമ്മിൽ ഇണങ്ങിയും പിണങ്ങിയും നാല് പതിറ്റാണ്ടുകളിലേറെയായുള്ള ആത്മബന്ധമായിരുന്നു ഉണ്ടായിരുന്നത്. അച്യുതമേനോൻ മന്ത്രിസഭയിൽ ഞങ്ങൾ സഹമന്ത്രിമാരായിരുന്നു. അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന നാല് ക്യാബിനറ്റിൽ ഞാൻ മന്ത്രിയായിരുന്നു. ഞാൻ ഓർക്കുകയാണ്, 1967-ൽ 117 അംഗങ്ങളുടെ പിന്തുണയോടുകൂടി ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാട് മുഖ്യമന്ത്രിയായിരുന്നപ്പോൾ ഒമ്പത് അംഗങ്ങളുടെ പിന്തുണയോടുകൂടി കെ. എം. ജോർജ് നയിച്ച പ്രതിപക്ഷത്തിലെ ഒരംഗമായിരുന്നു ഞാനും. കരുണാകരന്റെ കൗശലതയും രാഷ്ട്രീയതന്ത്രജ്ഞതയും നേരിട്ടു മനസ്സിലാക്കാൻ കഴിഞ്ഞത് ആ കാലഘട്ടത്തിലാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ വളരെ ശോഷിച്ചുനിന്ന പ്രതിപക്ഷത്തിന്റെ ആ കാലഘട്ടത്തിൽ നിന്ന് കോൺഗ്രസ്സ് പാർട്ടിയേയും ഐക്യ ജനാധിപത്യമുന്നണിയേയും അധികാരത്തിലേക്ക് കൊണ്ടുവരാൻ കഴിഞ്ഞ ഏറ്റവും വലിയ യജ്ഞമാണ് അദ്ദേഹം നടത്തിക്കൊണ്ടിരുന്നത്. കേരളത്തിലെ ഐക്യജനാധിപത്യ മുന്നണി പ്രസ്ഥാനത്തിന്റെ ശില്പിയായിരുന്നു കരുണാകരൻ എന്നു ഞാൻ പറയട്ടെ. ഒരുപാട് കാലഘട്ടം മന്ത്രിസഭയിൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ചിരുന്ന ഞാൻ മന്ത്രിയായിരുന്ന മന്ത്രിസഭയിലെ ഒരു കാര്യം ഓർക്കുകയാണ്. പല മന്ത്രിമാരും മുഖ്യമന്ത്രിമാരുമൊക്കെ ഫയലുകൾ ആഴത്തിൽ പഠിച്ചുകൊണ്ടാണ് ക്യാബിനറ്റ് അജണ്ട തയ്യാറാക്കിക്കൊണ്ടുവരുന്നത് കണ്ടിട്ടുള്ളത്. പക്ഷേ കരുണാകരനെ സംബന്ധിച്ചിടത്തോളം ആഴത്തിൽ അജൻഡകളൊന്നും നോക്കാതെതന്നെ അദ്ദേഹം വന്നിരിക്കും, ചീഫ് സെക്രട്ടറി വിഷയം അവതരിപ്പിക്കും, വകുപ്പുമന്ത്രിമാർ വിശദീകരിക്കും ചർച്ചകൾ നടക്കും. അവസാനം കരുണാകരൻ ഓരോ അജൻഡയും ഉപസംഹരിക്കുന്നത് കാണുമ്പോൾ അസൂയ തോന്നിപോയിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രായോഗിക വിജ്ഞാനം, അസാമാന്യമായ കോമൺസെൻസ് അതാണ് അദ്ദേഹത്തെ നയിച്ചിരുന്നത്. കേരള രാഷ്ട്രീയത്തിൽ ആർക്കും തോൽപ്പിക്കാൻ കഴിയാത്ത ഒരു നേതാവായിരുന്നു അദ്ദേഹം. ഏത് സാഹചര്യത്തേയും അക്ഷോഭ്യനായി നിന്ന് പുഞ്ചിരിയോടുകൂടി ശുഭാപ്തിവിശ്വാസത്തോടുകൂടി നേരിടാൻ കഴിയുന്ന ഒരാളായിരുന്നു അദ്ദേഹം.

അദ്ദേഹത്തിന്റെ ചില പ്രയോഗങ്ങൾ ഉറക്കം കെടുത്തിയിരുന്ന നാളുകളുണ്ട്. എനിക്ക് വലിയ മനോവേദനയുണ്ടായ ഒരു സന്ദർഭമുണ്ടായിട്ടുണ്ട്. ഞാൻ അദ്ദേഹത്തിന്റെ മന്ത്രിസഭയിൽ ധനകാര്യമന്ത്രിയായിരുന്നുകൊണ്ട് 166 കോടി രൂപയുടെ മിച്ച ബഡ്ജറ്റ് അവതരിപ്പിച്ചു. കേന്ദ്രമന്ത്രി പൂജാരി അറിയാതെ ഒരു തെറ്റ് ബഡ്ജറ്റിനെ സംബന്ധിച്ചോളം പാർലമെന്റിൽ പ്രഖ്യാപിച്ചു. ഇതുകഴിഞ്ഞപ്പോൾ പത്രക്കാർ എറണാകുളം ഗസ്റ്റ്ഹൗസിൽ വച്ച് കരുണാകരനോട് ചോദിച്ചു. അങ്ങയുടെ ബഡ്ജറ്റ് കമ്മിയാണോ, മിച്ചമാണോ എന്ന്. ഒരു മുഖ്യമന്ത്രി, അദ്ദേഹത്തിന്റെ ബഡ്ജറ്റ്,- കമ്മിയുമാകാം മിച്ചവുമാകാം എന്നു പറഞ്ഞു. രണ്ടാഴ്ചക്കാലം എനിക്ക് സത്യം പറഞ്ഞാൽ







രാഷ്ട്രപതി ഗ്യാനി സെയിൽസിംഗിനോടൊപ്പം

ഉറക്കമില്ലായിരുന്നു. കേരളം മുഴുവൻ എനിക്കെതിരായി തിരിഞ്ഞു. അവസാനം ഞാൻ റിസർവ്വ് ബാങ്ക് ഗവർണ്ണറോട് ലെറ്റർ വാങ്ങി. 1985 മാർച്ച് മാസം 31-ാം തീയതി 166 കോടി രൂപയുടെ മിച്ചമുണ്ടെന്നുള്ള രേഖ കൊണ്ടുവന്ന് നിയമസഭയുടെ മേശപ്പുറത്ത് വച്ചപ്പോഴാണ് വിവാദം കെട്ടടങ്ങുന്നത്. ഞാൻ കരുണാകരനോട് "ലീഡറെ ഇതെന്താ ഇങ്ങനെ പറഞ്ഞത് " എന്ന് വീട്ടിൽ ചെന്ന് ചോദിച്ചു. അദ്ദേഹം ചിരിച്ചുകൊണ്ട് "മാണീ, ഞാനൊരു തമാശ പറഞ്ഞതല്ലേ " എന്നുപറഞ്ഞ് പൊട്ടിച്ചിരിക്കുകയും ഒന്ന് കണ്ണിറുക്കുകയും ചെയ്തു. ചിരിയോടുകൂടി ആരെയും കീഴ്പ്പെടുത്തുന്ന ഇത്ര മഹനീയമായ ഒരു വ്യക്തിത്വം ഞാൻ ഓർക്കുകയാണ്. ഞാൻ ഒരു സത്യം പറയട്ടെ, ഇൻഡ്യൻ രാഷ്ട്രീയത്തിൽ ഇന്ദിരാഗാന്ധിയുടെയും രാജീവ്ഗാന്ധിയുടെയും കാലഘട്ടത്തിൽ ഇൻഡ്യയിലെ നമ്പർ-2 എന്ന് പരിഗണിച്ചിരുന്ന ഒരു വ്യക്തിയായിരുന്നു കരുണാകരൻ. കരുണാകരൻ ഒരു കിംഗ് മേക്കറായിരുന്നു. ഇൻഡ്യയെ സംബന്ധിച്ചടത്തോളം ദേശീയ രാഷ്ട്രീയത്തിലേക്ക് ഉയരാൻ കഴിഞ്ഞ നേതാവായിരുന്നു കരുണാകരൻ. ഞാൻ രാഷ്ട്രീയ ജീവിതത്തിലേക്ക് കടന്നുവരുമ്പോൾ പാലായിൽ ആദ്യമായി ഒരു പൊതുവേദി സംഘടിപ്പിച്ചത് ഐ.എൻ.ടി.യു.സി.-യുടെ യോഗം സംഘടിപ്പിക്കാനായിരുന്നു. ഞാൻ നിയമബിരുദം കഴിഞ്ഞ് പാലായിലേക്ക് വരികയാണ്. കരുണാകരൻ ഐ.എൻ. ടി.യു.സി.-യുടെ ലീഡറാണ്. കരുണാകരനെ വിളിച്ചുകൊണ്ടുവന്ന് ഐ.എൻ.ടി.യു.സി.-യുടെ യോഗം ഉദ്ഘാടനം ചെയ്യിപ്പിച്ചതാണ് എന്റെ രാഷ്ട്രീയ ജീവിതത്തിലെ അരങ്ങേറ്റം എന്നു ഞാൻ പറയട്ടെ.

ആ നിലയിൽ 1956-മുതൽ ദീർഘകാലം പല രീതിയിൽ പ്രതിപക്ഷത്തിരുന്നും ഭരണത്തിരുന്നും കൂട്ടായിട്ടും പിണങ്ങിയും തിളങ്ങിയുമൊക്കെ ഒരുമിച്ച് പ്രവർത്തിച്ച് വ്യക്തിബന്ധത്തിന് യാതൊരു തടസ്സവുമില്ലാതെ, ഒരേനിലയിൽ പോയതാണ്. ഇത്ര അടിയുറച്ച ഈശ്വരവിശ്വാസമുള്ള കരുണാകരനെ കേരള രാഷ്ട്രീയത്തിൽ നിലനിർത്തിയത് അദ്ദേഹത്തിന്റെ ശുഭാപ്തി വിശ്വാസമാണ്. ഗുരുവായൂരപ്പൻ ഉള്ളിടത്തോളം കാലം എനിക്ക് യാതൊരു കുഴപ്പവുമില്ലെന്നുള്ള നിലയിൽ തേര് തെളിയിച്ച് മുന്നോട്ടുപോയ വ്യക്തിയാണ് അദ്ദേഹം. ഇത്രമാത്രം ഈശ്വരവിശ്വാസമുണ്ടായിരുന്നൊരു വ്യക്തി, ധാർമ്മികതയുണ്ടായിരുന്നൊരു വ്യക്തി കേരളരാഷ്ട്രീയത്തിലുണ്ടോയെന്നത് സംശയമാണ്. അങ്ങനെയുള്ള ഒരു മഹാചരിത്രപുരുഷന്റെ ഒരു യുഗപുരുഷന്റെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

(കേരള നിയമസഭാ നടപടികൾ 27.12.2010)

# ആലുവ സാമ്പത്തിക പ്രമേയം

**1973 ഡിസംബർ 29,30 തീയതികളിൽ ആലുവയിൽ ചേർന്ന കേരള കോൺഗ്രസ് സംസ്ഥാന പ്രതിനിധി സമ്മേളനത്തിൽ കെ. എം, മാണി അവതരിപ്പിച്ചതാണ് പ്രസിദ്ധമായ ആലുവാ സാമ്പത്തിക പ്രമേയം.**




കേരളത്തിന്റെ കാർഷിക, സാമൂഹിക, സാമ്പത്തിക മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തൊക്കെയെന്നും, ആ മേഖലകൾ ഏതുവിധം പുനഃസംഘടിപ്പിക്കുകയും പരിഷ്ക്കരിക്കുകയും ചെയ്യേണ്ടതുണ്ടെന്നും വ്യക്തവും ദൃഢവുമായ കാഴ്ചപ്പാടോടെ സംസാരിക്കുന്ന ദീർഘവീക്ഷണവും ഭാവനയുമുള്ള ഒരു രാഷ്ട്രീയചിന്തകന്റെ ശബ്ദമാണ് ഈ പ്രമേയത്തിൽ മുഴങ്ങുന്നത്. അദ്ദേഹത്തിന്റെ അധ്വാന വർഗ്ഗ സിദ്ധാന്തത്തിന്റെയും, പിൽക്കാല സൈദ്ധാന്തിക ചർച്ചകളുടെയും മൂലരേഖ എന്ന് ആ പ്രമേയത്തെ വിശേഷിപ്പിക്കാം. 1970 കളിലെ കേരളത്തിന്റെ രാഷ്ട്രീയ സാമ്പത്തിക സാഹചര്യങ്ങളുടെ പ്രത്യേക പശ്ചാത്തലത്തിലാണ് ഈ നയരേഖയിലെ നിർദ്ദേശങ്ങളെല്ലാം രൂപപ്പെട്ടിരിക്കുന്നത്. 1975 ൽ അക്കാലയളവിലെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി പ്രഖ്യാപിച്ച ഇരുപതിനപരിപാടിയിൽ പലതും 1973 ൽ പ്രഖ്യാപിച്ച ഈ സാമ്പത്തിക രേഖയിൽ ഉൾപ്പെട്ടിരുന്നു. അന്ന് മുഖ്യമന്ത്രിയായിരുന്ന സി. അച്യുതമേനോൻ, 'ഉത്തരവാദിത്വമുള്ള ഒരു രാഷ്ട്രീയ കക്ഷി പാസ്സാക്കിയ ഗൗരവമേറിയ പ്രമേയം ' എന്നാണ് ഈ നയരേഖയെ വിലയിരുത്തിയത്.'

സാമൂഹ്യനന്മയെ കരുതി സാമ്പത്തിക രംഗത്ത് ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടുവന്ന് ജനതയ്ക്ക് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തുന്ന ഒരു പ്രായോഗിക സോഷ്യലിസമാണ് നമുക്കാവശ്യം. ഇന്ത്യയിൽ കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലമായി പ്രമേയങ്ങളിലും പ്രസ്താവനകളിലും മുദ്രാവാക്യങ്ങളിലും മാത്രമായി ഒതുക്കി നിർത്തിയിരുന്ന സോഷ്യലിസം ഭരണവർഗത്തിന് അധികാരത്തിൽ കടിച്ചു തൂങ്ങുവാനുള്ള ഒരു പ്രചാരണോപാധി മാത്രമായിരുന്നു.. ഈ നിലയ്ക്കു മാറ്റം വരുത്തി സോഷ്യലിസം സാമാന്യ ജനതയ്ക്ക് അനുഭവവേദ്യമാക്കുന്ന ഒരു പരിവർത്തന പ്രക്രിയയ്ക്കുവേണ്ടി നാം നിലകൊള്ളണം.

ഈ പ്രക്രിയയുടെ വിജയകരമായ പ്രവർത്തനത്തിന് പൊതുമേഖലയോടൊപ്പം സ്വകാര്യമേഖലയ്ക്കും സഹകരണ മേഖലയ്ക്കും പ്രാധാന്യം കൽപ്പിക്കുന്നുണ്ടെന്നുള്ളതാണ് നമ്മുടെ സാമ്പത്തിക നയത്തിന്റെ കാതലായ തത്വം. അതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന സാമ്പത്തിക പരിപാടികൾ നടപ്പിലാക്കുവാൻ നിർദ്ദേശിക്കുന്നു..

1) കർഷകന് കൃഷിഭൂമിയുടെ വിനിയോഗത്തിൽ പൂർണസ്വാതന്ത്ര്യം നൽകുക. തുണി, പഞ്ചസാര, ഔഷധങ്ങൾ, വളം എന്നീ സാധനങ്ങളുടെ ഉൽപ്പാദന രംഗത്തേക്ക് സ്വകാര്യമേഖലയോടൊപ്പം ഗവൺമെന്റും സഹകരണ മേഖലയും കൂടി കടന്നുവരേണ്ടതാണ്.

2) അത്യാവശ്യ സാധനങ്ങളുടെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്, വിലക്കയറ്റം എന്നിവ തടഞ്ഞ് പ്രസ്തുത സാധനങ്ങൾ നിയന്ത്രിത വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി അവയുടെ വിതരണരംഗത്തേക്ക് സ്വകാര്യമേഖലയും കൂടി കടന്നുവരേണ്ടതാണ്.

3) എല്ലാ വിഭാഗങ്ങളിലും പ്രദേശങ്ങളിലും പെടുന്ന തൊഴിലാളികൾക്ക് ഒരു ദേശീയ മിനിമം കൂലി എത്രയും വേഗം നടപ്പിലാക്കുക.

4) തൊഴിലിനെ ഉദ്പാദനവുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഉത്പാദനോന്മുഖമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

5) ദേശീയ പ്രാധാന്യമുള്ള അടിസ്ഥാന വ്യവസായങ്ങൾ സ്റ്റേറ്റിന്റെ ഉടമസ്ഥതയിൽ കൊണ്ടു വരിക.

6) കേരളം പോലെ പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾക്ക് ആഡംബര വസ്തുക്കളേക്കാൾ അത്യാവശ്യ സാധനങ്ങളുടെ ഉത്പാദനത്തിന് മുൻഗണന നൽകത്തക്കവിധം വ്യവസായ ലൈസൻസിംഗ് സമ്പ്രദായത്തിൽ മാറ്റം വരുത്തുകയും ഡിഫൻസ് ആവശ്യങ്ങൾക്കായുള്ള വ്യവസായങ്ങൾ ഒഴിച്ച് മറ്റെല്ലാ വ്യവസായങ്ങൾക്കും ലൈസൻസ് നൽകുവാനുള്ള അധികാരം ഭരണഘടന ഭേദഗതി ചെയ്ത് സംസ്ഥാനങ്ങൾക്കു വിട്ടുകൊടുക്കുകയും ചെയ്യുക.

7) ദേശസാൽകൃത ബാങ്കുകളിൽ നിന്നും എൽ.ഐ.സി. തുടങ്ങിയ ധനസ്ഥാപനങ്ങളിൽ നിന്നും നൽകപ്പെടുന്ന ധനസഹായങ്ങളുടെ കാര്യത്തിൽ കേരളം പോലുള്ള പിന്നോക്ക സംസ്ഥാനങ്ങൾക്ക് മുൻഗണന നൽകുക.

8) സംസ്ഥാനങ്ങൾക്കു കൂടുതൽ അധികാരവും വരുമാനവും നൽകത്തക്കവിധം ഇൻഡ്യൻ ഭരണഘടന ഭേദഗതി ചെയ്ത് കേന്ദ്ര സംസ്ഥാനബന്ധങ്ങൾ പൊളിച്ചെഴുതുകയും സംസ്ഥാനങ്ങൾക്ക് ഉൾഭരണ സ്വാതന്ത്ര്യം ഉറപ്പു വരുത്തുകയും ചെയ്യുക.

9) കേന്ദ്രത്തിൽ നിന്നും സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുള്ള വായ്പയുടെ പലിശയിനത്തിൽ കൊടുത്തു തീർക്കേണ്ട ബാദ്ധ്യതകൾ വെട്ടിക്കുറയ്ക്കുക.

10) കേരളത്തെ മൊത്തം ഒരു പിന്നോക്ക സംസ്ഥാനമായി പ്രഖ്യാപിക്കുക.

11) കഴിഞ്ഞ പഞ്ചവൽസര പദ്ധതികളിൽ കേരളത്തോടു കേന്ദ്രം കാണിച്ചിട്ടുള്ള അവഗണനകൾ പരിഹരിക്കുന്നതിന് കേന്ദ്രമേഖലയിൽ കൂടുതൽ മുതൽമുടക്കുള്ളതും തൊഴിൽ സാധ്യതകൾ ഉള്ളതുമായ ഏതാനും വൻകിട വ്യവസായങ്ങൾ കേരളത്തിൽ ഉടൻ ആരംഭിക്കുക.

12) ആസൂത്രണത്തിന്റെ മുഴുവൻ ചുമതലയും വഹിക്കുന്ന പ്ലാനിംഗ് കമ്മീഷനെ ഭരണഘടനാധിഷ്ഠിത സമിതിയായി പുനഃസംഘടിപ്പിക്കുക.

13) ധനകാര്യ കമ്മീഷന്റെ അവാർഡുകളിൽ വരുന്ന അപാകതകളും യുക്തിഭംഗങ്ങളും അനീതികളും ഒഴിവാക്കുന്നതിനുവേണ്ടി അവയുടെ ടേംസ് ഓഫ് റഫറൻസ് (പരിശോധനാ വിഷയങ്ങൾ) സംസ്ഥാന മുഖ്യമന്ത്രിമാരുമായി ആലോചിച്ച് നിശ്ചയിക്കുകയും കേന്ദ്രമേഖലയുടെ വരവുചെലവ് ഇനങ്ങൾ കൂടി പരിശോധിക്കുന്നതിനുള്ള അധികാരങ്ങൾ ഇവർക്കു വിട്ടുകൊടുക്കുകയും ചെയ്യുക.

14) കാർഷിക പരിഷ്കരണ നിയമ വ്യവസ്ഥകൾ പൂർണ്ണമായി നടപ്പിലാക്കുകയും മിച്ചഭൂമി ഭൂരഹിതരായ യഥാർത്ഥ കൃഷിക്കാർക്ക് പതിച്ചു കൊടുക്കുകയും ചെയ്യുക.

15) കേരളത്തോടുള്ള കേന്ദ്രാവഗണന അവസാനിപ്പിക്കുക.

16) പരമ്പരാഗത വ്യവസായ മേഖല നേരിടുന്ന ഭീഷണി അവസാനിപ്പിക്കുകയും പ്രസ്തുത മേഖലയെ ബലപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

17) കർഷകരുടെ ഉത്പന്നങ്ങൾക്ക് ഉത്പാദനച്ചെലവിന് അനുസരണമായി ന്യായമായ വില ഉറപ്പു വരുത്തുക.

18) കാർഷിക വിഭവങ്ങളുടെ വിലയിടിവിൽ നിന്ന് കർഷകർക്ക് സംരക്ഷണം നൽകുന്നതിനായി ഒരു ക്രോപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുക.


19) കർഷക കർഷകത്തൊഴിലാളി മേഖലകൾ തമ്മിൽ കൂടുതൽ അടുപ്പവും യോജിപ്പും ഉറപ്പുവരുത്തി ഉത്പാദനമേഖലയിൽ ശാശ്വതമായ സമാധാനവും ഉത്തേജനവും പ്രദാനം ചെയ്യുന്നതിനും അതോടൊപ്പം കർഷകത്തൊഴിലാളികളുടെ തൊഴിൽപരവും വേതനപരവുമായ ക്ഷേമം കൈവരുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.

20) ഉത്പാദനമേഖലയ്ക്ക് ഉണർവു പകരാൻ നികുതി ഘടനയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുക.

[അധ്വാനവർഗ സിദ്ധാന്തവും രാഷ്ട്രീയ സാമ്പത്തിക പഠനങ്ങളും കെ.എം. മാണി: പ്രസാധനം: സെന്റർ ഫോർ റിഫോംസ് റിസർച്ച്, തിരുവനന്തപുരം 2003, P. 281-85]

# കാർഷിക രേഖ

## 2004 നവംബർ 27 ന് എറണാകുളത്ത് രാജേന്ദ്ര മൈതാനിയിൽ കേരള കോൺഗ്രസ് (എം) സംഘടിപ്പിച്ച കർഷക സംഗമത്തിൽ പാർട്ടി ലീഡർ ശ്രീ. കെ.എം. മാണി അവതരിപ്പിച്ചത്




**കേരളത്തിന്റെ മാത്രമല്ല ഇന്ത്യൻ സമ്പദ്ഘടനയുടെയും അടിസ്ഥാന ഘടകമാണ് കാർഷികമേഖല. വ്യാവസായിക പുരോഗതിയുടെ അടിസ്ഥാനം കാർഷിക മേഖലയാണ്. കേരളത്തിലെ കാർഷികരംഗം വേണ്ടവിധം അഭിവൃദ്ധി പ്രാപിച്ചിട്ടില്ലെന്ന് ചരിത്രം നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ കാർഷിക മേഖലയുടെ പുരോഗതിക്ക് വിഘാതമായ ഘടകങ്ങളെക്കുറിച്ച് വിശകലനം നടത്തുകയും അതിന് വിവിധ ദേശീയ, അന്തർദേശീയ മാതൃകകളുടെ അടിസ്ഥാനത്തിൽ പരിഹാരം നിർദ്ദേശിക്കുകയുമാണ് മുൻ മന്ത്രി കെ. എം.മാണി ഈ കാർഷിക പഠന രേഖയിൽ.**

### ആമുഖം

വിദ്യാഭ്യാസആരോഗ്യ രംഗങ്ങളിൽ വമ്പിച്ച പുരോഗതി കൈവരുത്തിയതിന്റെ ഫലമായി ജീവിത ഗുണമേന്മ ആർജ്ജിച്ച 'കേരളാ മോഡൽ വികസനം' ലോകമാകെ ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ്. പക്ഷേ, ഉന്നത നിലവാരം പുലർത്തുന്ന കേരള ജനത കാർഷികവ്യവസായിക പുരോഗതിയുടെ കാര്യത്തിൽ മറ്റ് പല രാജ്യങ്ങളുടെയും പിന്നിലാണെന്ന വസ്തുത നമ്മെ വേദനിപ്പിക്കുന്നു.

സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതിയാണ് നാം കാംക്ഷിക്കുന്നതെങ്കിൽ എല്ലാ വികസനത്തിന്റെയും അടിസ്ഥാനമായ കാർഷിക മേഖല വികസിക്കാതെ അത് യാഥാർത്ഥ്യമാവില്ല. കാർഷിക രംഗം പ്രശ്ന സങ്കീർണമാണ്. ഭൂമിയും, വിത്തും വെള്ളവും രോഗപ്രതിരോധവും വൈദ്യുതിയും വിപണിയും സാങ്കേതിക വിദ്യയും മൂലധനവുമെല്ലാം ഒത്തു ചേർന്നെങ്കിൽ മാത്രമേ കാർഷിക മേഖലയുടെ സമഗ്ര വികസനം ത്വരിതപ്പെടുത്താൻ കഴിയൂ. ഒരോ രംഗത്തുമുള്ള പ്രത്യേക പ്രശ്നങ്ങൾ പഠിക്കുകയും അതിന് പ്രതിവിധി ആരായുകയും ചെയ്യേണ്ടത് ഈ അവസരത്തിൽ ആവശ്യമാണെന്ന് കരുതുന്നു.

### കാർഷിക മേഖലയ്ക്കുള്ള വായ്പാനുപാതം ഉയർത്തുവാൻ നബാർഡ് നടപടികൾ സ്വീകരിക്കണം.

കാർഷിക മേഖലയ്ക്ക് ഫൈനാൻസ് ലഭ്യമാക്കുന്നതിന് വേണ്ടിയാണ് നബാർഡ് സ്ഥാപിതമായതെങ്കിലും പ്രസ്തുത മേഖലയ്ക്ക് ആവശ്യമായ മുഴുവൻ ഫൈനാൻസും നബാർഡ് എത്തിക്കുന്നില്ല എന്നതാണ് പരമാർത്ഥം. കാർഷിക മേഖലയെക്കാൾ കാർഷികേതര മേഖലയ്ക്ക് കൂടുതൽ വായ്പകൾ നൽകുന്ന അനാരോഗ്യകരമായ ഒരു പ്രവണത ഇന്ന് വളർന്ന് വന്നിട്ടുണ്ട്. ഇത് നിരുത്സാഹപ്പെടുത്തിയേ തീരൂ. സഹകരണ സ്ഥാപനങ്ങൾ വായ്പകൾ ആർജ്ജിക്കുന്നതിൽ കൂടുതൽ ശുഷ്കാന്തി കാണിക്കുന്നില്ല എന്നതാണ് നബാർഡിന്റെ വാദം. ഇത് പൂർണമായും ശരിയാണെന്ന് തോന്നുന്നില്ല. നബാർഡിന്റെ വാദങ്ങൾ എന്ത് തന്നെയാണെങ്കിലും കാർഷിക മേഖലയ്ക്ക് അർഹമായ പരിഗണന നൽകി കാർഷിക വായ്പാ ലഭ്യത വർദ്ധിപ്പിക്കുവാൻ അവർ അടിയന്തര നടപടികൾ കൈക്കൊള്ളണം.

### കാർഷിക വായ്പയുടെ പലിശ നിരക്ക് കുറയ്ക്കുകയും ക്യാഷ് ഏർപ്പെടുത്തുകയും ചെയ്യുക.

കാർഷിക മേഖലയ്ക്ക് പ്രധാനമായും വായ്പകൾ നൽകുന്ന സ്ഥാപനം നബാർഡാണ്. സഹകരണ ബാങ്കുകൾ വഴിയാണ് നബാർഡ് കർഷകർക്ക് വായ്പകൾ വിതരണം ചെയ്യുന്നത്. കാർഷിക വായ്പയിന്മേൽ നബാർഡ് ഈടാക്കുന്ന പലിശ 6.25% മാത്രമാണ്. സഹകരണ ബാങ്കുകൾ ഇന്ന് ഈടാക്കിക്കൊണ്ടിരിക്കുന്ന പലിശ നിരക്കിനേക്കാൾ തീരെ കുറഞ്ഞ നിരക്കിലാണ് നബാർഡ് കാർഷിക വായ്പകൾ നൽകുന്നത്. കുറഞ്ഞ നിരക്കിൽ കിട്ടുന്ന നബാർഡ് വായ്പകൾ കൂടുതൽ ആർജ്ജിക്കുവാൻ സഹകരണ സ്ഥാപനങ്ങൾ തയ്യാറാവണം.

എന്നാൽ ഇന്ന് സഹകരണ ബാങ്കുകളാകട്ടെ തങ്ങളുടെ ബാങ്കിലുള്ള ഡെപ്പോസിറ്റ് തുകയിൽ നിന്നും അമ്പതിനായിരം രൂപയിൽ കുറഞ്ഞ വായ്പകളാണെങ്കിൽ 9% ന് മുകളിലുള്ള വായ്പകളാണെങ്കിൽ 10 മുതൽ 12% വരെയും പലിശ ഈടാക്കിക്കൊണ്ടാണ് ഇന്ന് വായ്പകൾ കൊടുക്കുന്നത്. മുഴുവൻ വായ്പയും നബാർഡിൽ നിന്നെടുക്കുകയാണെങ്കിൽ ഭരണ ചെലവുകൾക്ക് 2 % കമ്മീഷൻ എടുത്താൽ പോലും 8.25 ശതമാനത്തിന് കർഷകർക്ക് വായ്പ കൊടുക്കുവാൻ സാധിക്കും. അതുകൊണ്ട് കാർഷിക വായ്പകളിന്മേൽ ഈടാക്കുന്ന പരമാവധി പലിശ 8.25 ശതമാനമായി പരിമിതപ്പെടുത്തുവാൻ ക്യാപ് ഏർപ്പെടുത്തുകയും കാർഷിക മേഖലയുടെ മുഴുവൻ ഫൈനാൻസ് ആവശ്യങ്ങൾ നിറവേറ്റുവാൻ നബാർഡിനെ സജ്ജമാക്കുകയും ചെയ്യണം.

### കൊമേർഷ്യൽ ബാങ്കുകളെ ഉദാര കാർഷിക വായ്പകൾക്ക് സന്നദ്ധമാക്കുക.

ദേശസാൽകൃത ബാങ്കുകളും കൊമേർഷ്യൽ ബാങ്കുകളും കാർഷിക വായ്പക്ക് മുന്തിയ പരിഗണന നൽകാതിരിക്കുന്നത് ഉത്കണ്ഠാജനകമാണ്. ഇത്തരം ബാങ്കുകൾ കാർഷികേതര വായ്പ നൽകുന്നത് 8.5% നും 9% നും ആണ്. എന്നാൽ ഇവർ കാർഷിക വായ്പകൾക്ക് 10 മുതൽ 12 ശതമാനം വരെ ഉയർന്ന പലിശ ഈടാക്കുന്നു. ഈ വിവേചനം അവസാനിപ്പിച്ചേ മതിയാകൂ.

അതുപോലെ തന്നെ പ്രയോറിറ്റി സെക്ടറായ കാർഷിക മേഖലയ്ക്ക് റിസർവ് ബാങ്ക് നിശ്ചയിച്ചിട്ടുള്ള ഗൈഡ് ലൈൻ അനുസരിച്ച് കാർഷിക വായ്പ ലഭ്യമാക്കണം. അവർ ആകെ നൽകുന്ന വായ്പയുടെ 14% മാത്രമാണ് ഇന്ന് കാർഷിക മേഖലയ്ക്ക് ലഭിക്കുന്നത്. അതിന്റെ ലഭ്യത 18% ആയി ഉയർത്തണം.

ദേശസാൽകൃത ബാങ്കുകൾ കോർപ്പറേറ്റ് മേഖലയ്ക്ക് തീരെ താണ നിരക്കിൽ വായ്പകൾ നൽകുമ്പോൾ കാർഷിക മേഖലയെ അവഗണിക്കുന്നതായാണ് കാണപ്പെടുന്നത്. ഈ സാഹചര്യത്തിൽ കാർഷിക മേഖലയ്ക്ക് ഉദാരമായ വ്യവസ്ഥയിൽ വായ്പകൾ ഉറപ്പുവരുത്തുവാൻ കേന്ദ്ര ഗവണ്മെന്റ് നടപടികൾ സ്വീകരിക്കണം.

### ഫാം ഇൻകം ഇൻഷ്വറൻസ് ഏർപ്പെടുത്തുക

ഇപ്പോൾ നെല്ല് തുടങ്ങി ചില കാർഷിക വിളകൾക്ക് മാത്രമാണ് ഇൻഷ്വറൻസ് അനുവദിച്ചിട്ടുള്ളത്. പ്ലാന്റേഷൻ മേഖലയ്ക്ക് ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കുന്നില്ല. പ്രസ്തുത മേഖലയെ കൂടി ഉൾപ്പെടുത്തി ഇൻഷ്വറൻസ് കവറേജ് വിപുലപ്പെടുത്തണമെന്ന് 2004 ൽ ഞാനും കൂടി ഉൾപ്പെട്ട സംസ്ഥാന ക്യാബിനറ്റ് സബ് കമ്മിറ്റി കേന്ദ്ര ഗവണ്മെന്റിന് സമർപ്പിച്ച കാർഷിക പാക്കേജിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

ഇൻഷ്വറൻസ് അനുവദിച്ചിട്ടുള്ള വിളകൾക്ക് പോലും പ്രകൃതിദുരന്തം ഉണ്ടാകുന്ന സന്ദർഭങ്ങളിൽ മാത്രമാണ് ഈ ആനുകൂല്യം ലഭിച്ചു വരുന്നത്. എന്നാൽ കാർഷിക വരുമാനത്തിന്മേലുള്ള ഇൻഷ്വറൻസ് ഇന്ന് നിലവിലില്ല എന്നത് ദുഖകരമാണ്. ബാങ്കുകൾ കാർഷിക വായ്പകൾ നൽകുന്നതിന് വിമുഖത പ്രകടിപ്പിക്കുന്നതിന്റെ ഒരു കാരണം അതിന്റെ തിരിച്ചടവ് മറ്റ് വായ്പകളേക്കാൾ കുറവാണ് എന്നുള്ളതാണ്. എന്നാൽ കാർഷിക വരുമാനത്തിന്മേൽ ഒരു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയാൽ ഉത്പന്നം വിലയിടിവ് ഉണ്ടായാൽ പോലും ആ നഷ്ടം നികത്തുവാനുള്ള സാധ്യതകൾ തെളിയും. അപ്പോൾ ബാങ്ക് വായ്പകൾ തിരിച്ചടക്കുന്നതിനുള്ള കഴിവ് കർഷകർക്ക് കൂടുതൽ ലഭിക്കും. അങ്ങനെ കൂടുതൽ കാർഷിക വായ്പകൾ നേടിയെടുക്കുന്നതിനും അതുവഴി ഉത്പാദന വർദ്ധനവും വരുമാന വർദ്ധനവും സാധ്യമാക്കുന്നതിനും സാധിക്കും. അതിനാൽ മുഴുവൻ കാർഷിക മേഖലയെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു 'ഫാം ഇൻകം ഇൻഷ്വറൻസ്' പദ്ധതിക്ക് രൂപം കൊടുക്കുവാൻ കേന്ദ്ര സർക്കാർ സന്നദ്ധമാകണം. ഇന്ന് കൃഷിക്കാർ അഭിമുഖീകരിക്കുന്ന ഉത്പന്ന വിലയിടിവിനെ ഫലപ്രദമായി നേരിടുവാൻ ഇത്തരം ഒരു ഇൻഷ്വറൻസ് പദ്ധതിക്ക് കഴിയും എന്നത് ശ്രദ്ധേയമാണ്.

### ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുക

ഉത്പാദന ക്ഷമതയുടെ കാര്യത്തിൽ റബ്ബർ ഒഴികെ മറ്റെല്ലാ വിളകളും ദേശീയ, ലോക നിലവാരത്തിന് താഴെയാണെന്ന കാര്യം ഉത്കണ്ഠാജനകമാണ്. ഇക്കാര്യത്തിൽ കേരളം വളരെ പിന്നിലാണ്.

ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്നതാവണം നമ്മുടെ ലക്ഷ്യം. അതിലേക്ക് താഴെ പറയുന്ന നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

### പോഷക മൂലകങ്ങൾ

ഉത്പാദന ക്ഷമത കൈവരുത്തുവാൻ ആവശ്യമായ വിവിധ ഘടകങ്ങളുണ്ട്. അത്യുത്പാദന ശേഷിയുള്ളതും

ഗുണമേന്മയുള്ളതുമായി സർട്ടിഫൈ ചെയ്തിട്ടുള്ള വിത്തിനങ്ങൾ പ്രചരിപ്പിക്കുന്നതിനും ഉറപ്പ് വരുത്തുന്നതിനുമായി സീഡ് ആക്ട് നിലവിലുണ്ട്. പക്ഷേ അതു പോലെ തന്നെയോ അതിൽ കൂടുതലോ പ്രാധാന്യമുള്ള പ്ലാന്റിംഗ് മെറ്റീരിയൽസിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഇന്ന് നിയമം ഇല്ലാത്തതിനാൽ അത്തരമൊരു നിയമത്തിന് രൂപം നൽകുവാൻ കേന്ദ്ര സർക്കാർ മുന്നോട്ട് വരണം.

വളത്തിന്റെ മേഖലയിൽ നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാസ്യം എന്നീ അംഗീകൃത പോഷക മൂലകങ്ങളാണ് ഇന്ന് പ്രചാരത്തിലുള്ളത്. എന്നാൽ ആകെ 13 ഇനം പോഷക മൂലകങ്ങൾ ഒരു പ്ലാന്റിന്റെ വളർച്ചക്ക് ആവശ്യമാണെന്ന് ശാസ്ത്രജ്ഞർ പറയുന്നു. തെന്നിന്ത്യയിലെ പ്രത്യേകിച്ച്, കേരളത്തിലെ മണ്ണ് അസിഡിക് സ്വഭാവമുള്ളതാകയാൽ ഇന്നുപയോഗിക്കുന്ന 3 ഇനങ്ങൾ ഒഴികെ മറ്റൊരു പോഷക മൂലകവും നമുക്കാവശ്യമില്ലെന്നും അനുയോജ്യമല്ലെന്നും ചില വിദഗ്ധർ വാദിക്കുന്നു. എന്നാൽ മണ്ണിന്റെ അമ്ളഗുണം മാറ്റിയെടുക്കുവാൻ നമുക്ക് കഴിഞ്ഞാൽ അവശേഷിക്കുന്ന പത്തിനം പോഷക മൂലകങ്ങൾ കൂടി മണ്ണിൽ ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയും. അങ്ങനെ ചെയ്താൽ ഉത്പാദനക്ഷമത പരമാവധി വർദ്ധിപ്പിക്കുവാൻ സാധിക്കുന്നതാണ്. ഓരോ പ്ലാന്റിനും ഓരോ വെറൈറ്റിക്കും എത്ര അളവിൽ ഇത്തരം പോഷക മൂലകങ്ങൾ കൊടുക്കണമെന്നു കൂടി പഠനം നടത്തേണ്ടതുണ്ട്. അപ്രകാരം ശാസ്ത്രീയ പഠനത്തോട് കൂടിയ പോഷണ രീതികൾ അവലംബിച്ചാൽ ഉത്പാദന രംഗത്ത് നമുക്ക് അത്ഭുതങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. ഇതിലേക്കുള്ള അടിയന്തര ഗവേഷണങ്ങൾ സംഘടിപ്പിക്കുവാനും നടപടികൾ സ്വീകരിക്കുവാനും നാം തയ്യാറാവണം.

### വെള്ളം

കൃത്യമായ അളവിൽ വെള്ളം ലഭിക്കുക എന്നത് ഉത്പാദന ക്ഷമത കൈവരുത്തുവാൻ ഏറ്റവും ആവശ്യമാണ്. കൂടുതൽ വെള്ളം പലപ്പോഴും ദൂഷ്യം ചെയ്യുകയേയുള്ളൂ. ഓരോ ഇനം കൃഷിക്കും എപ്പോൾ എത്ര അളവിൽ വെള്ളം വേണമെന്ന് ശാസ്ത്രീയമായി വിലയിരുത്തിയിട്ടുണ്ട്. അത്രയ്ക്കുള്ള വെള്ളം ഉറപ്പ് വരുത്തുകയാണ് വേണ്ടത്. ഇതിനാവശ്യമായുള്ള സംവിധാനം ഉണ്ടാവണം. ഈ രംഗത്ത് ശ്രദ്ധേയമായ പഠനങ്ങൾ ഉടൻ ആവശ്യമായിട്ടുണ്ട്.

### മെഡഗാസ്കർ മോഡൽ എസ് ആർ ഐ സാങ്കേതിക വിദ്യ

ഏറ്റവും കുറച്ച് വിത്തും വളവും വെള്ളവുമുപയോഗിച്ച് ഏറ്റവും കൂടുതൽ ഉത്പാദനം കൈവരുത്തുന്ന ഒരു സാങ്കേതിക വിദ്യ മെഡഗാസ്കറിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ആന്ധ്ര, കർണ്ണാടക, തമിഴ് നാട് എന്നീ സംസ്ഥാനങ്ങൾ അടുത്ത കാലത്ത് ഈ



സാങ്കേതിക വിദ്യ പകർത്തിയിട്ടുണ്ട്. കേരളത്തിൽ മിത്രാനികേതൻ എന്ന ഒരു സർക്കാരിതര സ്ഥാപനം ഈ സാങ്കേതിക വിദ്യ വികസിപ്പിച്ചെടുത്തിട്ടുണ്ടെന്ന് കേൾക്കുന്നു. വളരെ ഫലപ്രദമായിട്ടുള്ള ഇത്തരം സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തി ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുവാനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

### ഡീപ് ചിസലിംഗ് വിദ്യ

മണ്ണ് ആഴത്തിൽ ഉഴുത് മറിച്ച് നടത്തുന്ന കൃഷി ഉത്തമമാണെന്ന് കണ്ടെത്തിയിരിക്കുന്നു. ആഴത്തിൽ മണ്ണ് ഇളക്കുമ്പോൾ വേരുകൾക്ക് ആഴത്തിൽ വളരുവാൻ സാധിക്കും. കൂടാതെ ജലാംശം വറ്റിപ്പോകാതെ നിലനിർത്തുവാൻ കഴിയുന്നതു കൊണ്ടും കൂടുതൽ ഉൽപാദനം ലഭിക്കുന്നു. ശ്രീലങ്ക, തായ് ലന്റ്, മലേഷ്യ, ചൈന തുടങ്ങിയ രാജ്യങ്ങൾ ഈ സാങ്കേതിക വിദ്യ ഉപയോഗിച്ചിട്ടുണ്ട്. നാഗർകോവിലിൽ ഇതിന്റെ ഡെമോൺസ്ട്രേഷൻ നടത്തിയിട്ടുള്ളതായി മനസ്സിലാക്കുന്നു.





### ബയോടെക്നോളജി

ബയോടെക്നോളജി വഴി രോഗപ്രതിരോധ ശേഷിയുള്ള വിത്തുകളും പ്ലാന്റിംഗ് മെറ്റീരിയൽസും വികസിപ്പിച്ചെടുക്കാൻ സാധിക്കും. ഇന്ന് നമ്മുടെ കാർഷിക മേഖലയിൽ വ്യാപിച്ചുവരുന്ന കീടബാധക്കും വിവിധ തരം രോഗങ്ങൾക്കും ഇത് മാത്രമാണ് പ്രതിവിധി. അതുകൊണ്ട് ഇത്തരം അന്വേഷണങ്ങൾക്കും സാങ്കേതിക വിദ്യാ വ്യാപനത്തിനും മുന്തിയ പരിഗണന നൽകണം.

### വരൾച്ചാ പ്രതിരോധ വിത്തുകളും ചെടികളും

ബയോടെക്നോളജിയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തി ജനിതക മാറ്റങ്ങളിലൂടെ വരൾച്ചാപ്രതിരോധ ശക്തിയുള്ള വിത്തുകളും ചെടികളും വികസിപ്പിച്ചെടുക്കുവാൻ പല രാജ്യങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. വയനാട്, പാലക്കാട് തുടങ്ങിയ ജില്ലകളിൽ പ്രത്യേകിച്ച് അടുത്ത കാലത്തുണ്ടായ കഠിനമായ വരൾച്ചയുടെയുടെയും കൃഷി നാശത്തിന്റെയും പശ്ചാത്തലത്തിൽ വരൾച്ചയെ പ്രതിരോധിക്കുവാൻ ശേഷിയുള്ള പുതിയ തരം വിത്തുകളും നടീൽ വസ്തുക്കളും വികസിപ്പിച്ചെടുക്കേണ്ടത് അത്യാവശ്യമാണ്. ഇതിലേക്ക് അടിയന്തര നടപടികൾ സ്വീകരിക്കണം.

### വിപണനം

പുതിയ സാങ്കേതിക വിദ്യകളിലൂടെ ഉത്പാദന വർദ്ധനവ് കൈവരുത്തുന്നതോടൊപ്പം കാർഷികോത്പന്നങ്ങൾക്ക് നല്ല വിപണി കണ്ടെത്തുവാനുള്ള നടപടികൾ കൂടി ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

### മൂല്യവർദ്ധനവിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കുക

നാം ഉത്പാദിപ്പിക്കുന്ന കാർഷികോത്പന്നങ്ങൾക്ക് മൂല്യ വർദ്ധന കൈവരുത്തുന്നതിനും വൈവിദ്ധ്യവൽക്കരണത്തിലൂടെ അവയ്ക്ക് കൂടുതൽ ഡിമാന്റ് നേടിയെടുക്കുന്നതിനുമുള്ള പദ്ധതികളാണ് ഇന്നാവശ്യം. എങ്കിൽ മാത്രമേ കാർഷിക മേഖലയെ സ്വാശ്രയത്തിലേക്ക് നയിക്കുവാൻ കഴിയൂ. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ മൈക്രോ കാർഷിക യൂണിറ്റുകൾ ഗ്രാമങ്ങൾ തോറും വ്യാപകമാക്കണം. തേങ്ങയിൽ നിന്നും വൈവിദ്ധ്യവൽക്കരണത്തിലൂടെ 250 ൽപരം വ്യത്യസ്ത ഉൽപന്നങ്ങൾ ഫിലിപ്പൈൻസിൽ നിർമ്മിച്ച് വരുന്നത് നമുക്ക് മാതൃകയാക്കാം.

### ജൈവകൃഷി

ജൈവ വളങ്ങൾ ഉപയോഗിച്ച് ഉത്പാദിപ്പിക്കപ്പെടുന്ന കാർഷികോത്പന്നങ്ങൾക്കുള്ള ഡിമാന്റിന്റെ വളർച്ചാ നിരക്ക് ലോക വിപണിയിൽ 12 ശതമാനം വരെ ഉയർന്നിരിക്കുന്നു എന്ന രഹസ്യം നാം മനസ്സിലാക്കണം. ഇത്തരം ഉത്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നുണ്ടെന്ന വസ്തുത പരിഗണിക്കുമ്പോൾ ജൈവകൃഷിക്ക് കൂടുതൽ സഹായവും പ്രോത്സാഹനവും നൽകേണ്ടിയിരിക്കുന്നു.

### ലീസ് ലാന്റ് ഫാമിംഗ് ആന്റ് കോൺട്രാക്ട് ഫാമിംഗ്

സംസ്ഥാനത്തെ ഒരു കാർഷിക കുടുംബത്തിന്റെ കൈവശ വസ്തുവിന്റെ വിസ്തൃതി ശരാശി 0.18 ഹെക്ടർ മാത്രമാണ്. വസ്തു ഉള്ളവർക്ക് കൃഷി ചെയ്യുവാൻ താല്പര്യമില്ല. കൃഷി ചെയ്യാൻ താല്പര്യമുള്ളവർക്ക് വസ്തുവുമില്ല. അതുകൊണ്ട് ഭൂമി പാട്ടത്തിന് കൊടുത്ത് കൃഷി നടത്തുന്നതിനും കമ്പനികളുമായി ചേർന്ന് കരാർ കൃഷി നടത്തുന്നതിനുമുള്ള സൗകര്യങ്ങൾ ഉറപ്പ് വരുത്തേണ്ടത് ഇന്നത്തെ അടിയന്തിര ആവശ്യമാണ്. ഇതിലേക്ക് നിലവിലുള്ള നിയമങ്ങൾ പരിഷ്ക്കരിക്കണം.

### അഗ്രി എക്സ്പോർട്ട് സോൺ

ഉത്പാദന ഘട്ടം മുതൽ വിപണന ഘട്ടം വരെ കൃഷിയുടെ സമസ്ത രംഗങ്ങളും വികസിപ്പിക്കുന്നതിലേക്ക് ആരംഭിച്ചിട്ടുള്ള അഗ്രി എക്സ്പോർട്ട് സോൺ ഇന്ന് പച്ചക്കറിപഴവർഗ്ഗ മേഖലകളിൽ മാത്രമാണ് ശ്രദ്ധിക്കുന്നത്. ആയുർവേദ മരുന്നുകളുടെ ഉത്പാദന രംഗത്തേക്ക് കൂടി ഇത് വ്യാപിപ്പിക്കുവാൻ നടപടികൾ നടന്ന് വരുന്നു. തോട്ടവിളകളുടെയും നാണ്യവിളകളുടെയും മേഖലയിൽ കൂടി അഗ്രി എക്സ്പോർട്ട് സോൺ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്.

### കാർഷിക വ്യാപാര രംഗം വികസിപ്പിക്കുക

കാർഷിക വികസനത്തിന് ഏറ്റവും ആവശ്യമായിട്ടുള്ള മറ്റൊരു നടപടി വ്യാപാരവാണിജ്യ വികസനമാണ്. ലോക കമ്പോളത്തിന്റെ ചലനങ്ങൾ മനസ്സിലാക്കുന്നതിനും പുതിയ അറിവുകൾ പകർന്ന് കൊടുക്കുന്നതിനുമായി ഒരു വെർച്വൽ സർവ്വകലാശാല സ്ഥാപിക്കണം.

### കാർഷിക മേഖലയ്ക്ക് ദോഷകരമായ ഉഭയകക്ഷി ഉടമ്പടികൾ പരിഷ്കരിക്കുക

### ഡ്യൂട്ടി ഫ്രീ ഇമ്പോർട്ട്

സാർക്ക് രാജ്യങ്ങളുമായി ഇന്ത്യ നടപ്പിലാക്കിയ ബൈലാട്ടൽ എഗ്രിമെന്റ് കാർഷിക മേഖലയെ വളരെയേറെ ദോഷകരമായി ബാധിച്ചിരിക്കുന്നു. ഫ്രീ ട്രേഡ് എഗ്രിമെന്റിന്റെ ഭാഗമായി സാർക്ക് രാജ്യങ്ങളിൽ നിന്നും ഡ്യൂട്ടി ഫ്രീയായി സാധനങ്ങൾ ഇറക്കുമതി ചെയ്യാൻ സാധിക്കുന്നു എന്നതാണ് ഒരു ദോഷം. തേയില, കാപ്പി, ഏലം, കുരുമുളക് മുതലായവ ഇപ്രകാരം ഇറക്കുമതി ചെയ്യപ്പെടുന്നു. ഈ സാധനങ്ങളുടെ ഇറക്കുമതി മൂലം ആഭ്യന്തര വിപണിയിൽ ഉത്പന്നങ്ങൾ മിച്ചമാവുകയും അത് വിലയിടിച്ചിലിന് കാരണമാവുകയും ചെയ്യുന്നു. ഗുണമേന്മ കുറഞ്ഞ കാർഷികോത്പന്നങ്ങൾ ഇന്ത്യയിലെ ഉത്പന്നങ്ങളുമായി കൂട്ടിക്കലർത്തി കയറ്റുമതി ചെയ്യുന്നത് മൂലം വിദേശ രാജ്യങ്ങളിൽ നമ്മുടെ ഉത്പന്നങ്ങളുടെ ഡിമാന്റ് കുറയുന്നു. മാത്രവുമല്ല, വ്യവസായികൾ അമിത ലാഭം കൊയ്ത് കാർഷിക മേഖലയെ തളർത്തുകയും ചെയ്യുന്നു.

കയറ്റുമതിക്ക് വേണ്ടിയുള്ള ഇറക്കുമതിയും (Import for export), ഇതുപോലെ തന്നെ ദോഷകരമാണ്. ഇത് ആഭ്യന്തര സപ്ളെ വർദ്ധിക്കുകയും വിലയിടിവിന് കാരണമാവുകയും ചെയ്യുന്നു. ഇങ്ങനെ ഇറക്കുമതി ചെയ്യപ്പെടുന്ന ഉത്പന്നങ്ങൾ മൂല്യ വർദ്ധനവ് നടത്താതെ കയറ്റുമതി ചെയ്യപ്പെടുന്നതും നമ്മുടെ താല്പര്യങ്ങളെ ഹനിക്കുന്നു. ഈ സാഹചര്യത്തിൽ ഇന്ത്യാ ഗവണ്മെന്റ് സാർക്ക് രാജ്യങ്ങളുമായി ഉണ്ടാക്കിയിട്ടുള്ള ഉടമ്പടി പൊളിച്ചെഴുതണം.

### സബ്സിഡി

ഇന്ത്യയിലെ ഭൂരിപക്ഷം വ്യവസായങ്ങളും കാർഷികോല്പന്നങ്ങൾ അസംസ്കൃത സാധനങ്ങളായി ഉപയോഗിക്കുന്നവയാണ്. കമ്പനികൾ കോടിക്കണക്കിനു രൂപയുടെ ലാഭം കൊയ്തെടുക്കുമ്പോൾ സാധാരണക്കാരനായ കർഷകൻ ദ്രാരിദ്ര്യത്തിലേക്ക് എത്തുന്നു. കർഷകർക്കുള്ള സബ്സിഡി വർദ്ധിപ്പിക്കാനോ അവരെ താങ്ങി നിർത്താനോ കേന്ദ്ര സർക്കാർ

തുനിയുന്നില്ല. എക്കണോമിക് എഡിറ്റേഴ്സ് കോൺഫറൻസിൽ കേന്ദ്ര കൃഷി മന്ത്രി ശ്രീ. ശരദ് പവാർ നടത്തിയ പ്രസംഗത്തിൽ താൻ അമിതമായ സബ്സിഡിക്ക് എതിരാണെന്ന് പ്രസ്താവിക്കുകയുണ്ടായി. ഈ അഭിപ്രായത്തോട് ചേരുവാൻ നമുക്കു നിർവാഹമില്ല. കാരണം അമിതമായ സബ്സിഡി ഇന്ന് നാം നൽകുന്നില്ല.

ഒരു കർഷകന് അമേരിക്കയിൽ പ്രതിവർഷം 20000 യു.എസ്. ഡോളർ (9 ലക്ഷം രൂപാ) ഉത്പാദന സഹായമായി നൽകി വരുന്നു. യൂറോപ്യൻ യൂണിയൻ 400 യു.എസ്. ഡോളർ (180000 രൂപാ) നൽകി വരുന്നു. ഇതിൽ എത്രയോ കുറവാണ് നാം കർഷകർക്കു നൽകുന്ന സബ്സിഡി. അതിനാൽ കാർഷിക മേഖലയ്ക്കു കൂടുതൽ സാമ്പത്തിക സഹായം നൽകാൻ കേന്ദ്ര ഗവൺമെന്റ് മുന്നോട്ടു വരണം.

## സുരക്ഷാപദ്ധതി

കൃഷി ചെലവിന്റെ ഗണ്യമായ വർദ്ധനയും കാർഷികോത്പാദനത്തിലുണ്ടായ കുറവും കാർഷിക വ്യവസ്ഥിതിയുടെ താളം തെറ്റിച്ചിരിക്കുന്നു. ഇത് കർഷകരെ കടബാദ്ധ്യതയിലേക്ക് നയിക്കുന്നു. കടം പെരുകുമ്പോൾ ആത്മഹത്യകൾ സംഭവിക്കുന്നു. ഇതിന് അറുതിവരുത്താൻ സംസ്ഥാനത്തെ ദരിദ്രരായ കർഷകർക്ക് ജീവസന്ധാരണത്തിനാവശ്യമായ സുരക്ഷാ പദ്ധതിക്ക് സർക്കാർ രൂപം കൊടുക്കണം.

## സ്വാഭാവിക റബ്ബർ: WTO യുടെ കാർഷിക ഉടമ്പടിയിൽ ഉൾപ്പെടുത്തണം.

സ്വാഭാവിക റബ്ബർ WTO യുടെ കാർഷിക ഉടമ്പടിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പകരം വ്യവസായ ഉത്പന്നമായാണ് അത് പരിഗണിക്കപ്പെടുന്നത്. തന്മൂലം സ്വാഭാവിക റബ്ബറിന്മേലുള്ള ഇറക്കുമതി ചുങ്കം 40 ശതമാനത്തിൽ ബൗണ്ട് ചെയ്തിരിക്കുകയാണ്. യഥാർത്ഥത്തിൽ ഈടാക്കുന്ന അപ്ലൈഡ് നിരക്ക് വെറും 25 ശതമാനത്തിൽ നിലകൊള്ളുകയാണ് അതിനാൽ റബ്ബറിനെ കാർഷിക ഉടമ്പടിയിൽപെടുത്തി ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുവാൻ WTOയുടെ അനുരഞ്ജന ചർച്ചയിൽ കേന്ദ്ര സർക്കാർ മുന്നോട്ടു വരണം.

## സ്വാഭാവിക റബ്ബറിന്റെ കയറ്റുമതി സബ്സിഡി വർദ്ധിപ്പിക്കണം

സ്വാഭാവിക റബ്ബറിന്റെ കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ ഒരു കിലോഗ്രാമിന് 3.5 രൂപാ ക്രമത്തിൽ കയറ്റുമതി സബ്സിഡി ഇന്ത്യാ ഗവൺമെന്റ് മുമ്പ് അനുവദിച്ചിരുന്നു. ഇത് അടുത്തകാലത്ത് 1.75 രൂപയായി കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ചു. ഇതിന് യാതൊരു ന്യായീകരണവുമില്ല. കയറ്റുമതി സബ്സിഡി പഴയ നിലയിൽ 3.5 രൂപയായി നിലനിർത്തണം. ഇതിന് കാലതാമസമുണ്ടാകരുത്.

## റബ്ബറിന്റെ ഇറക്കുമതി രംഗത്തുണ്ടായിരുന്ന തുറമുഖ നിയന്ത്രണം പുന:സ്ഥാപിക്കണം

സ്വാഭാവിക റബ്ബറിന്റെ ഇറക്കുമതി നിയന്ത്രിക്കുവാൻ ഏർപ്പെടുത്തിയ ഒരു സുപ്രധാന സംവിധാനമായിരുന്നു തുറമുഖ നിയന്ത്രണം. ഇറക്കുമതി റബ്ബർ ഒരു തുറമുഖത്തിൽകൂടി മാത്രം ചാനലൈസ് ചെയ്യുക എന്നതായിരുന്നു ആ സംവിധാനം. ഇത് അടുത്ത കാലത്ത് എടുത്തുകളയുകയും ഏതു തുറമുഖത്തുകൂടിയും ഇറക്കുമതി ആകാമെന്ന് ഉദാരവൽക്കരിക്കുകയും ചെയ്തു. ഇത് കാർഷിക മേഖലയ്ക്ക് ദോഷകരമാകയാൽ ഇറക്കുമതി നിയന്ത്രണം പഴയ നിലയിലേക്ക് പുന:സ്ഥാപിക്കുവാൻ കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കണം.

## അഡ്വാൻസ് ലൈസൻസ് പ്രകാരമുള്ള ഇറക്കുമതി നിരോധിക്കണം

അഡ്വാൻസ് ലൈസൻസിലൂടെ വ്യവസായികൾക്കു നൽകിയിരിക്കുന്ന ഇറക്കുമതി അനുവാദം എടുത്തുകളയേണ്ടത് അത്യന്താപേക്ഷിതമാണ്. അതിനുള്ള പരിപൂർണ്ണ അവകാശം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണെന്ന് സുപ്രീംകോടതി വിധി പ്രഖ്യാപിച്ചിട്ടും അതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തത് ഉത്കണ്ഠാജനകമാണ്. ഇൻഡ്യയിൽ ആഭ്യന്തരാവശ്യത്തിനുള്ള സ്വാഭാവിക റബ്ബർ ഉണ്ടായിരിക്കുന്ന പശ്ചാത്തലത്തിൽ അഡ്വാൻസ് ലൈസൻസിംഗിലൂടെ പുറത്തുനിന്ന് റബ്ബർ ഇറക്കുമതി ചെയ്യുന്ന സമ്പ്രദായം കേന്ദ്രഗവൺമെന്റ് അവസാനിപ്പിക്കണം.

## കാപ്പിയ്ക്ക് താങ്ങുവില ഏർപ്പെടുത്തി സംഭരണം നടത്തുക

കേരളത്തിൽ ഏറ്റവും കൂടുതൽ വിലയിടിവു ഭീക്ഷണി നേരിടുന്ന ഒരു ഉത്പന്നമാണ് കാപ്പി. അതുകൊണ്ട് കാപ്പിക്ക് താങ്ങുവില ഏർപ്പെടുത്തുവാനും പ്രസ്തുത വില നൽകി കാപ്പി സംഭരിക്കുവാനും വേണ്ടി സംസ്ഥാന സർക്കാർ സമർപ്പിച്ചിട്ടുള്ള കാർഷിക പാക്കേജിന് കേന്ദ്ര സർക്കാർ ഉടനടി അംഗീകാരം നൽകണം.

അൻപതിനായിരം രൂപ വരെയുള്ള കാർഷിക കടങ്ങൾക്ക് മോറട്ടോറിയവും പലിശയിളവും സംസ്ഥാന ഗവൺമെന്റ് അനുവദിച്ചിട്ടുണ്ടെങ്കിലും കാപ്പി കർഷകരുടെ പ്രശ്നങ്ങൾ ഇതുവഴി പൂർണ്ണമായും പരിഹരിക്കാനാവില്ല. അൻപതിനായിരം രൂപവരെയുള്ള കാർഷിക കടങ്ങൾ എഴുതിതള്ളുവാൻ കേന്ദ്ര സർക്കാർ മുന്നോട്ടു വരണം.

## തേയില

കേരളത്തിന്റെ തേയില ഉത്പാദനക്ഷമത കഴിഞ്ഞ രണ്ടു ദശകങ്ങൾക്കുള്ളിൽ 26 ശതമാനം മാത്രം ഉയർന്നപ്പോൾ തമിഴ് നാടിന്റേത് 50 ശതമാനമായി ഉയർന്നു.

കേരളത്തിലെ തേയില ചെടികളുടെ കാര്യം നോക്കിയാൽ ഭൂരിഭാഗവും 50 വർഷത്തിനുമേൽ പ്രായമുള്ള ഉത്പാദനക്ഷമത കുറഞ്ഞവയാണ്. പ്രായം തേയിലയുടെ കാര്യത്തിൽ വളരെ നിർണ്ണായകമാണ്. നബാർഡ് 24 തേയിലത്തോട്ടങ്ങളെ സാമ്പിളാക്കി നടത്തിയ ഒരു പഠനത്തിൽ തെളിഞ്ഞത് 1973 മുതൽ 1983 വരെയുള്ള വർഷങ്ങളിൽ മൊത്തം മൂലധനച്ചെലവിന്റെ വെറും രണ്ടു ശതമാനം മാത്രമാണ് തേയിലയുടെ പുനർനടീലിന് ചെലവഴിച്ചിട്ടുള്ളത് എന്നാണ്. മൃതപ്രായമായ തേയിലച്ചെടികൾ മാറ്റി പുതിയവ നട്ടുപിടിപ്പിച്ചും ആവശ്യമായ പുന:രധിവാസ നടപടികൾ ഏർപ്പെടുത്തിയും തേയില തോട്ട വ്യവസായത്തെ സംരക്ഷിക്കുവാൻ കേന്ദ്ര സർക്കാർ മുമ്പോട്ടു വരണം.

## നാളികേരം

സംസ്ഥാനത്ത് ഉത്പാദിപ്പിക്കപ്പെടുന്ന നാളികേരത്തിന്റെ 60 ശതമാനവും വീട്ടാവശ്യത്തിന് ഉപയോഗിക്കുന്നു. ബാക്കിയുള്ള 40 ശതമാനമാണ് കൊപ്രയാക്കി ആട്ടി എടുക്കുന്നത്.

നാളികേരത്തിന്റെ ഉത്പാദനം വർദ്ധിപ്പിക്കലാണ് ഇക്കാര്യത്തിലുള്ള ഏക പോംവഴി. വെളിച്ചെണ്ണ വിപണിയിൽ സർക്കാർ ഇടപെടുകയും വേണം. പാം ഓയിലിന്റെയും സോയാബീനിന്റെയും അനിയന്ത്രിതമായ ഇറക്കുമതിയാണ് മറ്റൊരു പ്രധാന പ്രശ്നം. പാം ഓയിലിന്റെ ബൗണ്ട് റേറ്റ് 300 ശതമാനമാണ്. എന്നാൽ അപ്ലൈഡ് റേറ്റ് 65 ശതമാനവും. അപ്ലൈഡ് റേറ്റ് 150 ശതമാനമാക്കണമെന്ന് കേരളം വളരെക്കാലമായി ആവശ്യപ്പെടുന്നുണ്ട്. ഭക്ഷ്യം എണ്ണകളുടെ താരിഫുകൾ അടിയന്തരമായി പുന:ക്രമീകരിയ്ക്കണം.

വെളിച്ചെണ്ണയുടെ ഡിമാന്റ് വർദ്ധിപ്പിക്കണം. ഉത്പന്ന വൈവിധ്യവത്ക്കരണത്തിന്റെ സഹായത്തോടെ നാളികേരത്തിന്റെ ഡിമാന്റും വർദ്ധിപ്പിക്കണം. ഭക്ഷ്യ എണ്ണയുടെ ഉപയോഗം ടോയ്ലറ്റ് നിർമ്മാണ വസ്തുക്കളിലേയ്ക്കും വ്യാപിപ്പിക്കണം. വെളിച്ചെണ്ണ കൊളസ്ട്രോളിനെ വർദ്ധിപ്പിക്കുമെന്ന പ്രചാരണം അടിസ്ഥാന രഹിതമാണെന്ന് തെളിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ നാളികേരത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുവാൻ സർക്കാർ ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളേണ്ടിയിരിക്കുന്നു. തേങ്ങാപാൽ, തേങ്ങാവെള്ളം, നാളികേര ക്രീം, നാളികേര തേൻ, കള്ള്, കരിപ്പട്ടി, ലഘുപാനീയം, വിനാഗിരി, തുടങ്ങി നാളികേരം വൈവിധ്യവത്ക്കരിയ്ക്കാൻ കഴിയുന്ന എല്ലാ സംവിധാനങ്ങളും നാം പ്രചരിപ്പിക്കണം. ഉത്പാദനചിലവിന് ആനുപാതികമായ താങ്ങുവില നൽകി നാഫെഡിന്റെ ചുതമലയിൽ കർഷകരിൽ നിന്നും കൊപ്ര സംഭരിക്കുന്ന നയം തുടരണം.

## കുരുമുളക്

ഇന്ത്യ ഉത്പാദിപ്പിക്കുന്ന കുരുമുളകിന്റെ ഏതാണ്ട് മൂന്നിൽ രണ്ടു മുതൽ നാലിൽ മൂന്നു ഭാഗംവരെ കയറ്റുമതി ചെയ്യുന്നുണ്ട്. മറ്റു സുഗന്ധദ്രവ്യങ്ങളെപ്പോലെതന്നെ കുരുമുളകിന്റെ ഇറക്കുമതിയിൽ ഉണ്ടായിരുന്ന നിയന്ത്രണങ്ങൾ ലോകവ്യാപാര സംഘടന എടുത്തുകളഞ്ഞു. ഇന്ന് കുരുമുളകിന്റെ ബൗണ്ട് താരിഫ് 116 ശതമാനമാണ്. എന്നാൽ അപ്ലൈഡ് നിരക്കാകട്ടെ വളരെ താഴെയും. അപ്ലൈഡ് നിരക്ക് 100 ശതമാനത്തിലേക്ക് ഉയർത്തുവാൻ നടപടികൾ സ്വീകരിക്കണം. കുരുമുളകിന്റെ ലോക വിപണിയിൽ ഇന്ത്യയുമായി ഇന്ന് മത്സരിക്കുന്ന ഒരേയൊരു രാജ്യം വിയറ്റ്നാമാണ്. അതുകൊണ്ട് ലോക വിപണിയിൽ കുരുമുളകു കർഷകർ നേരിടുന്ന കടുത്ത മാത്സര്യത്തെ അതിജീവിക്കുവാൻ കഴിയും വിധം ഈ കൃഷിയ്ക്കാവശ്യമായ സംരക്ഷണം നൽകണം.

കുരുമുളകിനെ ബാധിച്ചിരിക്കുന്ന ദ്രുതവാട്ടമെന്ന രോഗത്തെ ഫലപ്രദമായി നേരിടാൻ നടപടികളുണ്ടാവണം. ദ്രുതവാട്ടം ബാധിച്ച തൈകൾ മാറ്റി പുതിയവ നടാൻ കർഷകർക്ക് സഹായം നൽകൽ. രോഗത്തെ കീഴ്പ്പെടുത്താൻ കഴിവുള്ള പുതിയതരം കുരുമുളക് തൈകൾ ഉത്പാദിപ്പിക്കേണ്ടിയിരിക്കുന്നു. ഈയൊരു ദിശയിലേക്ക് കാർഷിക ശാസ്ത്രജ്ഞരുടെ ശ്രദ്ധ തിരിയണം.

## ഏലം

കുരുമുളകിന്റെ കാര്യത്തിലെന്നപോലെ ഏലത്തിനും മൃതപ്രായമായ ചെടികൾ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. കാലംചെന്ന, കാര്യക്ഷമമല്ലാത്ത ഏലച്ചെടികൾ പിഴുതുമാറ്റി ഉൽപ്പാദനക്ഷമത കൂടിയ ഏലച്ചെടികൾ നടേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഏലം കർഷകർക്ക് വിനയായി തീർന്നിരിക്കുന്ന ഇൻഡോ-ശ്രീലങ്കൻ കരാർ ഭേദഗതി ചെയ്യുവാൻ കേന്ദ്രം മുൻകൈയെടുക്കണം.

## നെല്ല്

1990-95 കാലത്ത് കേരളത്തിൽ 8.75 ലക്ഷം ഹെക്ടറിൽ നെൽകൃഷി ഉണ്ടായിരുന്നു. ഇതിലൂടെ വർഷാവർഷം 30 ലക്ഷം ടൺ നെല്ലാണ് ഉത്പാദിപ്പിച്ചിരുന്നത്. തുടർന്ന് നെൽകൃഷി ലാഭകരമല്ലാതായി. തൊഴിൽത്തർക്കം രൂക്ഷമായി. അതോടെ 2003 ൽ നെൽകൃഷിയുടെ വിസ്തൃതി മൂന്നു ലക്ഷം ഹെക്ടറാവുകയും ഉല്പാദനം 12 ലക്ഷം ടണ്ണായി കുറയുകയും ചെയ്തു.

നെല്ല്, മീൻ, ടൂറിസം എന്നിവ ബന്ധിപ്പിച്ചുള്ള സംയോജിതമായ ഒരു മാസ്റ്റർപ്ലാൻ നെൽകൃഷി മേഖലയിലുണ്ടാവണം. നെൽകർഷക മേഖലയിൽ താങ്ങുവില നൽകി നടന്നു വരുന്ന സംഭരണ പദ്ധതി നിർവിഘ്നം തുടരണം.

## അടയ്ക്ക

അടയ്ക്കയുടെ വിലയിടിവ് പരിഗണിച്ച് പ്രസ്തുത ഉത്പന്നം താങ്ങുവില നൽകി സംഭരിക്കുവാൻ സംസ്ഥാന ഗവൺമെന്റ് എടുത്തിട്ടുള്ള നടപടി ശ്ലാഘനീയമാണ്. അടയ്ക്കാകർഷകരുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് അവർക്ക് വർദ്ധിച്ച ളുണാശ്വാസം നൽകുവാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ മുന്നോട്ടു വരണം.

## യുവ കർഷക പദ്ധതി

1994-95 ൽ കേരളത്തിലെ കൃഷിഭവനുകൾ വഴി 100 യുവ കർഷകരെ സംഘടിപ്പിച്ച് അവരിൽ നിന്നും 1050 രൂപ വീതം ഈടാക്കി രജിസ്റ്റർ ചെയ്ത് ഒരു യുവകർഷകസേനയ്ക്ക് രൂപം കൊടുത്തിരുന്നു. ഇത് സർക്കാർ വിഹിതവും ചേർത്ത് 20 കോടി രൂപയാക്കി ട്രഷറിയിൽ നിക്ഷേപിച്ചു. ഇതിലെ അംഗങ്ങൾക്ക് 60 വയസ്സാകുമ്പോൾ പെൻഷനും മറ്റും നൽകാൻ തീരുമാനമുണ്ടായിരുന്നു. എന്നാൽ ഈ പദ്ധതി നിർജ്ജീവമായി. പദ്ധതി പുന:രുജ്ജീവിപ്പിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കണം.


## WTO അനുരഞ്ജന ചർച്ചകൾ

സമ്പന്ന രാഷ്ട്രങ്ങൾ ലോക വ്യാപാരത്തെ അട്ടിമറിക്കുന്ന വിധത്തിൽ നല്കിപോരുന്ന സബ്സിഡികൾ നീക്കം ചെയ്യുന്നതിനും കാർഷികവൃത്തിയെ ആശ്രയിച്ചുകഴിയുന്ന വികസ്വര രാഷ്ട്രങ്ങൾക്ക് കൂടുതൽ വിപണി സൗകര്യങ്ങൾ ഉറപ്പു വരുത്തുന്നതിനും WTOയുടെ അനുരഞ്ജന ചർച്ചകളെ പ്രയോജനപ്പെടുത്തുവാൻ കേന്ദ്ര സർക്കാർ മുന്നോട്ടു വരണം. ദോഹാ (Doha) മിനിസ്റ്റീരിയൽ കോൺഫറൻസ് വികസ്വര രാജ്യങ്ങളിലെ കർഷകർ നേരിടുന്ന പ്രശ്നങ്ങളോട് അനുഭാവം പ്രകടിപ്പിക്കുകയുണ്ടായി. എന്നാൽ തുടർന്നു വന്ന കാൺകൺ (Cancun) കോൺഫറൻസ് ഈ വിഷയത്തിൽ പരാജയപ്പെടുകയാണ് ചെയ്തത്.

അനുരഞ്ജന ചർച്ചകൾക്ക് ആധാരമായ മോഡാലിറ്റീസ് നിർണ്ണയിക്കാൻ പോലും കഴിയാതെയാണ് കാൺകൺ മിനിസ്റ്റീരിയൽ കോൺഫറൻസ് പിരിഞ്ഞത്. പക്ഷേ 2004 ജൂലൈയിൽ ജനീവയിൽ ചേർന്ന മിനിസ്റ്റീരിയൽ കോൺഫറൻസിൽ മോഡാലിറ്റീസിനെ സംബന്ധിച്ച് ഒരു ധാരണ കൈവരുത്തുവാൻ കഴിഞ്ഞു എന്നത് ആശാവഹമാണ്. ജൂലൈ പാക്കേജ് എന്നറിയപ്പെടുന്ന ജനീവാ ധാരണകളുടെ അടിസ്ഥാനത്തിലായിരിക്കും അടുത്ത അനുരഞ്ജന ചർച്ചകൾ നടക്കുക. ഇൻഡ്യ അടക്കമുള്ള വികസ്വര രാജ്യങ്ങളിലെ കർഷകർ നേരിടുന്ന പ്രത്യേക പ്രശ്നങ്ങളിലേക്ക് ആഴത്തിലിറങ്ങി ചെല്ലാനും അവയ്ക്ക് പരിഹാരം കാണുവാനും തുടർന്നുള്ള ചർച്ചകൾ നമുക്ക് സഹായകരമായി ഭവിക്കും എന്ന് പ്രത്യാശിക്കാം. പ്രസ്തുത ചർച്ചകളിൽ നമ്മുടെ വാദഗതികൾ ശക്തമായി സ്ഥാപിച്ചെടുക്കുവാനുള്ള ഇച്ഛാശക്തി പ്രകടിപ്പിക്കുവാൻ കേന്ദ്ര സർക്കാരിനു കഴിയട്ടെ.

കേരള നിയമസഭ
കെ.എം.മാണി ധന്യസ്മൃതി

# കെ.എം മാണി രചിച്ച പുസ്തകങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ



## കേരളത്തിന്റെ സാമ്പത്തിക പ്രശ്നങ്ങൾ : കാരണങ്ങളും പരിഹാരനിർദ്ദേശങ്ങളും

പബ്ലിഷർ: സ്റ്റേറ്റ് കമ്മിറ്റി കേരള കോൺഗ്രസ്

കോട്ടയം 1984. 87 പേജ്.




ഇന്ത്യയിലെ മറ്റ സംസ്ഥാനങ്ങളെ അപേക്ഷിച്ച് സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന ഒരു സംസ്ഥാനമായ കേരളത്തിന്റെ അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങളെ സമഗ്രമായി പ്രതിപാദിക്കുയും അവയ്ക്കു പ്രതിവിധി നിർദ്ദേശിക്കുകയും ചെയ്യുന്ന ഒരു ഗ്രന്ഥമാണിത്.

1956 ൽ ഭാഷാപരമായി ഇന്ത്യൻ സംസ്ഥാനങ്ങളെ പുന:സംഘടിപ്പിച്ചപ്പോൾ , സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വയം പര്യാപ്തതയോ സ്വാശ്രയശേഷിയോ വേണ്ട വിധത്തിൽ പരിഗണിച്ചിരുന്നില്ല. റവന്യൂ മിച്ചമുണ്ടായിരുന്ന തിരുക്കൊച്ചിയും റവന്യൂ കമ്മിയുണ്ടായിരുന്ന മലബാർ പ്രദേശവും കൂടിച്ചേർന്നാണ് കേരള സംസ്ഥാനം ഉണ്ടായത്. അതുകൊണ്ട് തന്നെ ഒരു സന്തുലിത റവന്യൂ ബജറ്റ് കേരള സംസ്ഥാനത്തിനില്ലായിരുന്നു. 1969 വരെ വലിയ പ്രതിസന്ധികളില്ലാതെ കേരള വികസനം മുന്നോട്ട് പോയി. എന്നാൽ 70 കൾക്ക് ശേഷമുണ്ടായ പണപ്പെരുപ്പവും വിലക്കയറ്റവും വികസന പ്രവർത്തനങ്ങളെ വല്ലാതെ ബാധിച്ചു. ഇത്തരത്തിലുള്ള നിരവധിയായ സാമ്പത്തിക, സാമൂഹിക വിഷയങ്ങളെ സമഗ്രമായി വിലയിരുത്തുന്ന ഒരു ഗ്രന്ഥം കൂടിയാണിത്.

## ജനക്ഷേമം ജനങ്ങളുടെ അവകാശം

(അവകാശ പത്രിക) (Bibliographical details)

പ്രസാധനം: സ്റ്റേറ്റ് കമ്മിറ്റി, കേരള കോൺഗ്രസ്, കോട്ടയം

1988. 44 പേജ്




1988 ഒക്ടോബർ 8-ാം തീയതി എറണാകുളം ഡർബാർ ഗ്രൗണ്ട്സിൽ ചേർന്ന കേരള കോൺഗ്രസ് രജതജൂബിലി സമ്മേളനത്തിൽ ശ്രീ.കെ.എം.മാണി, സർക്കാരിന്റെ ശ്രദ്ധയിലേക്കായി സമർപ്പിച്ച ഒരു അവകാശ പത്രികയാണ് 'ജനക്ഷേമം ജനങ്ങളുടെ അവകാശം'.

ജനക്ഷേമമാണ് ഒരു ജനാധിപത്യ സർക്കാരിന്റെ ലക്ഷ്യം. അത് ഉറപ്പുവരുത്തുക എന്നത് ജനങ്ങളുടെ അവകാശമാണ്. അധ്വാനവർഗ സിദ്ധാന്തത്തിന്റെ പ്രസക്തിയും ഇപ്പോൾ ഭരിക്കുന്ന ഗവൺമെന്റിന്റെ തെറ്റായ കാർഷിക, സാമ്പത്തിക നയങ്ങൾ അതിവിശദമായി ചർച്ച ചെയ്യുന്ന ഒരു പുസ്തകം കൂടിയാണിത്.

ജനക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കിയില്ലെങ്കിൽ അത് നേടിയെടുക്കാൻ ജനങ്ങൾ ഏത് മാർഗ്ഗവും സ്വീകരിക്കുമെന്നുള്ള മുന്നറിയിപ്പ് കൂടിയാണ് ഈ അവകാശപത്രിക.

## മാർക്സിസ്റ്റ സാംസ്കാരിക തകർച്ചയും ജനാധിപത്യ പുന:സംഘടനയും

പബ്ലിഷർ: സ്റ്റേറ്റ് കമ്മിറ്റി, കേരള കോൺഗ്രസ് (എം), കോട്ടയം, 1989. 20 പേജ്.

(1989 ഒക്ടോബർ 1-ാം തീയതി കോട്ടയം തിരുനക്കര മൈതാനത്തുചേർന്ന കേരളാ കോൺഗ്രസ് രജതജൂബിലി സമാപന സമ്മേളനത്തിൽ ചെയ്ത അദ്ധ്യക്ഷ പ്രസംഗം)




മാർക്സിയൻ സാമ്പത്തിക സിദ്ധാന്തം പൂർണ്ണമായും പാലിച്ച് ഭരണം നടത്തിയിരുന്ന മിക്ക കമ്യൂണിസ്റ്റ രാജ്യങ്ങളും പുത്തൻ സാമ്പത്തിക പരിഷ്കരണത്തിന് തയ്യാറാകുകയാണ്. ഉത്പാദന, വിതരണ, വിനിമയ ഉപാധികളെല്ലാം സ്റ്റേറ്റിന്റെ ഉടമസ്ഥതയിൽ ആയിരിക്കുക എന്ന മാർക്സിയൻ സാമ്പത്തിക സിദ്ധാന്തത്തിൽ പ്രവർത്തിക്കുന്ന ഒരു രാഷ്ട്രത്തിനും സാമ്പത്തികമായി മുന്നേറാൻ സാധിക്കുകയില്ല. ഇത് മനസ്സിലാക്കിയ കമ്യൂണിസ്റ്റ് രാജ്യങ്ങൾ പുത്തൻ സാമ്പത്തിക പരീക്ഷണങ്ങൾക്ക് തയ്യാറെടുക്കുകയാണ്. ഇത് മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തിനേറ്റ സാംസ്കാരിക തിരിച്ചടിയായിട്ടാണ് ഗ്രന്ഥകാരൻ വിലയിരുത്തുന്നത്. മാർക്സിയൻ സാമ്പത്തിക സിദ്ധാന്തത്തിന്റെ പോരായ്മകൾ മനസ്സിലാക്കിയാണ് ലേഖകൻ അധ്വാനവർഗ സിദ്ധാന്തം ആവിഷ്കരിച്ചിരിക്കുന്നത്. കമ്യൂണിസ്റ്റ് രാജ്യങ്ങൾ തന്നെ മാർക്സിന്റെയും ലെനിന്റെയും സിദ്ധാന്തങ്ങൾ തിരസ്കരിക്കുന്നത് കാരണം ഇന്ത്യയിലെ കമ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളെല്ലാം ഒരു വമ്പിച്ച സാംസ്കാരിക തകർച്ചയെ അഭിമുഖീകരിക്കുകയാണെന്നാണ് ലേഖകൻ അഭിപ്രായപ്പെട്ടിരിക്കുന്നത്.

തങ്ങളുടെ സങ്കല്പങ്ങളെല്ലാം അയഥാർത്ഥമാവുകയും, ശരിയെന്നു വിശ്വസിച്ചതെല്ലാം തെറ്റാവുകയും ചെയ്യുന്ന അതിശക്തമായ മാറ്റത്തിൽ രാജ്യങ്ങൾ അസ്വസ്ഥരാണ്. ഈ അവസരത്തിൽ അധ്വാന വർഗ സിദ്ധാന്തത്തിന്റെ പ്രസക്തി വർദ്ധിച്ചു വരുന്നതായും ലേഖകൻ വിലയിരുത്തുന്നു.

## അധ്വാന വർഗ സിദ്ധാന്തവും രാഷ്ട്രീയ സാമ്പത്തിക പഠനങ്ങളും

**പബ്ലിഷർ: സെന്റർ ഫോർ റിഫോം & റിസർച്ച്;**

**തിരുവനന്തപുരം, 2003. 292പേജ്.**




ജനാധിപത്യത്തിന്റെ വികസനത്തിന് സാമൂഹിക നീതിയിലധിഷ്ഠിതമായ നയങ്ങളാണ് ആവശ്യം. ചൂഷണത്തിലധിഷ്ഠിതമായ, അസമത്വത്തിലധിഷ്ഠിതമായ മുതലാളിത്തത്തെ നിരാകരിക്കുകയും പകരം അധ്വാനിക്കുന്നവന്റെ ഭരണകൂടം ഉണ്ടാകുകയും വേണം. മാർക്സിയൻ സിദ്ധാന്തത്തിന്റെ പ്രതിസിദ്ധാന്തമായി ശ്രീ. കെ.എം. മാണി രൂപം നൽകിയ സിദ്ധാന്തമാണ് അധ്വാനവർഗ സിദ്ധാന്തം. അവസര സമത്വവും സാമൂഹിക നീതിയും ഉറപ്പാക്കുന്ന ഒരു ഭരണ സംവിധാനമാണ് അധ്വാനവർഗ സിദ്ധാന്തം വിഭാവനം ചെയ്യുന്നത്. രാഷ്ട്രീയം, സാമ്പത്തികം, ആഗോളവത്കരണം എന്നീ മൂന്ന് വിഷയങ്ങളിലധിഷ്ഠിതമായ ലേഖന സമാഹാരമാണ് ഈ പുസ്തകത്തിൽ. ഈ ഗ്രന്ഥം വിശകലനം ചെയ്ത് അവതാരിക എഴുതിയിരിക്കുന്നത് മുൻ രാഷ്ട്രപതി ശ്രീ. കെ. ആർ. നാരായണനാണ്. കേരളത്തിലെ കാർഷിക സമ്പദ്ഘടനയെ സംബന്ധിച്ച ഗവേഷണ പ്രബന്ധമായി ഈ സമാഹാരം നിലകൊള്ളുമെന്നും ഒരു സ്വതന്ത്രചിന്തകന്റെ കാഴ്ചപ്പാടോടുകൂടി കേരളവും രാജ്യവും നേരിടുന്ന പ്രശ്നങ്ങളെ വിലയിരുത്തുന്ന ഒരു ഗ്രന്ഥമാണ് ഈ പുസ്തകമെന്ന് അവതാരികയിൽ മുൻ രാഷ്ട്രപതി കെ.ആർ.നാരായണൻ സൂചിപ്പിച്ചിരിക്കുന്നു.

## കാർഷികരേഖ കർഷക സംഗമം

**2004 നവംബർ 27 ഏറണാകുളം.17 പേജ്**

ലോകത്താകമാനം കേരള മോഡൽ ചർച്ച ചെയ്യുമ്പോഴും, കാർഷിക-വ്യാവസായിക പുരോഗതിയുടെ കാര്യത്തിൽ നാം മറ്റ് പല രാജ്യങ്ങളെ അപേക്ഷിച്ചും പിന്നിലാണ്. സംസ്ഥാനത്തിന്റെ സമഗ്ര വികസനമാണ് നാം ലക്ഷ്യം വെയ്ക്കുന്നത് എങ്കിൽ അത് കാർഷിക മേഖലയിലൂടെ മാത്രമേ സാധ്യമാവൂ. കാർഷിക മേഖലയുടെ സമഗ്ര വികസനത്തിൽ എന്തെല്ലാം മുതൽ കൂട്ട് ആകുമെന്ന് വ്യക്തമാക്കുന്ന ഒരു ആധികാരിക കാർഷിക നയരേഖ റിപ്പോർട്ടാണിത്. കാർഷിക മേഖലയുടെ വികസനത്തിനുതകുന്ന തരത്തിലുള്ള വിഷയങ്ങൾ വളരെ ലളിതമായി വിവരിക്കുന്ന ഒരു റിപ്പോർട്ട് കൂടിയാണിത്. 2004 നവംബർ 27ന് എറണാകുളത്ത് രാജേന്ദ്ര മൈതാനിയിൽ കേരള കോൺഗ്രസ് (എം) സംഘടിപ്പിച്ച കർഷക സംഗമത്തിൽ പാർട്ടി ലീഡർ ശ്രീ. കെ. എം. മാണി ഈ കാർഷികരേഖ അവതരിപ്പിച്ചു.







## W.T.O ചർച്ചകൾ കർഷകർക്ക് അനുകൂലമാക്കുക:

**കേന്ദ്രഗവൺമെന്റിന്റെ ഇറക്കുമതി നയങ്ങൾ തിരുത്തുക.7 പേജ്**

(include bibliographical details also)

2003 സെപ്റ്റംബർ 2-ാം തീയതി കെ.പി.എസ് മേനോൻ ഹാളിൽ ചേർന്ന സംസ്ഥാനതല കർഷക സമ്മേളനത്തിൽ ശ്രീ. കെ. എം. മാണി അവതരിപ്പിച്ച ലഘു രേഖ. ലോകത്തെ ഒറ്റ കമ്പോളമായി കണ്ട് എവിടെ നിന്നും സാധനങ്ങൾ വാങ്ങുവാനും, വിൽക്കുവാനും ഉൽപാദിക്കാനുമുള്ള സാഹചര്യമൊരുക്കലാണ് വ്യാപാരക്കരാറുകൾ കൊണ്ട് സാധ്യമാകുന്നത്. സ്വാതന്ത്ര വ്യാപാരക്കരാറിൽ കാർഷിക മേഖലയെ ഉൾപ്പെടുത്തിയത്തിയത് ഇന്ത്യയെപ്പോലുള്ള കാർഷിക മേഖല പ്രധാന ഉപജീവന മാർഗ്ഗമാക്കിയ രാജ്യങ്ങൾക്ക് വമ്പൻ തിരിച്ചടിയാണ്. കാർഷിക ഉൽപ്പന്നങ്ങൾ ഉദാരമായി ഇറക്കുമതി ചെയ്യുന്നതിന്റെ ഫലമായി ഇന്ത്യയിലെയും, പ്രത്യേകിച്ച് കേരളത്തിലെ റബ്ബർ, നാളികേര കർഷകരുടെ നട്ടെല്ല് ഒടിക്കുന്ന സമീപനമാണ് കേന്ദ്രസർക്കാർ കൈക്കൊണ്ടത്. ഈ സാഹചര്യത്തിൽ കേന്ദ്ര സർക്കാർ നിർവഹിക്കേണ്ട ചില ഉത്തരവാദിത്വങ്ങൾ ഓർമ്മപ്പെടുത്തുകയാണ് ലേഖകൻ.





## ആഗോളവത്ക്കരണം:

### ഇന്ത്യൻ സമ്പദ് വ്യവസ്ഥയും നൂതന ഏഷ്യൻ സമൂഹവും

**പബ്ലിഷർ: സ്റ്റേറ്റ് കമ്മിറ്റി, കേരള കോൺഗ്രസ്, കോട്ടയം, 1994. 31 പേജ്**

ആഗോളവത്കരണത്തിന്റെയും ഉദാരവത്കരണത്തിന്റെയും പശ്ചാത്തലത്തിൽ ഗാട്ട് കരാർ ഇന്ത്യൻ സമ്പദ് വ്യവസ്ഥയെയും, കാർഷിക സേവന അനുബന്ധ മേഖലയെയും എപ്രകാരം സ്വാധീനിക്കും എന്ന് വിശദമാക്കുന്ന ഒരു ചെറു പുസ്തകമാണിത്.




രാജ്യാന്തര വ്യാപാരം സുഗമമാക്കുന്നതിനുള്ള മാർഗ്ഗങ്ങളും തത്വങ്ങളും ആവിഷ്കരിക്കുന്നതിന് വേണ്ടി ജനീവ കേന്ദ്രമാക്കി 1948 ജനുവരി ഒന്നിന് നിലവിൽ വന്ന ഉടമ്പടിയാണ് ഗാട്ട്. വിവേചനം കൂടാതെ സുസ്ഥിരമായ ഒരു വ്യാപാരശൃംഖല കെട്ടിപ്പൊക്കുന്നതിനും അതുവഴി വികസിത രാജ്യങ്ങൾക്കെന്നപോലെ വികസ്വര രാജ്യങ്ങൾക്കും വ്യാപാരം നടത്താമെന്ന ഒരു നല്ല വശം ഈ കരാറിനുണ്ട്. അന്താരാഷ്ട്ര നിയന്ത്രണത്തിന്റെ കീഴിൽ കാർഷികോത്പാദനം കൊണ്ടുവരുന്നത് വിദേശ കാർഷിക ഉത്പന്നങ്ങൾക്ക് നമ്മുടെ വിപണിയിലേക്ക് വളരെ സ്വതന്ത്രമായി കടന്നുവരാനുള്ള ഒരവസരം ഉണ്ടാക്കിക്കൊടുക്കുന്നു. ഇത് നമ്മുടെ കാർഷിക വ്യവസ്ഥയെ സാരമായി ബാധിക്കുമെന്ന് ലേഖകൻ ചൂണ്ടിക്കാണിക്കുന്നു.

ഗാട്ട് കരാർ ഇന്ന് ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ടുതന്നെ ആ കരാറിന്റെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ട്, വികസ്വര രാജ്യങ്ങളുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്നതും അവരുടെ വളർച്ചയ്ക്ക് തടസ്സമായി നിൽക്കുന്നതുമായ വ്യവസ്ഥകളെ മാറ്റാൻ സമാന താത്പര്യമുള്ള രാഷ്ട്രങ്ങളുമായി കൂട്ട് ചേർന്ന് അതിശക്തമായ ഒരു പ്രതിരോധ സേനയ്ക്ക് ആഹ്വാനം ചെയ്യുകയാണ് ലേഖകൻ. ഈ പുസ്തകം 9-10-1994ൽ കോട്ടയത്ത് നടന്ന കേരളാ കോൺഗ്രസ് (എം)ന്റെ 30-ാം കൺവൻഷനിൽ ശ്രീ. കെ. എം. മാണി അവതരിപ്പിച്ചു.

## മാണിസാർ സംസാരിക്കുന്നു (ലേഖനങ്ങൾ)

പ്രസാധനം : പ്രതിച്ഛായ ബുക്സ്, കോട്ടയം - 2019

നാടിന്റെ സർവതല സ്പർശിയായ എല്ലാ വിഷയങ്ങളിലും തന്റേതായ കാഴ്ചപ്പാടുകൾ വെച്ചുപുലർത്തുന്ന കെ.എം.മാണി വിവിധ വിഷയങ്ങളിൽ എഴുതിയ 48 ലേഖനങ്ങളുടെ സമാഹാരം. കേരള കോൺഗ്രസിന്റെ 'അധ്വാന വർഗ സിദ്ധാന്തം' മുതൽ ഇന്ന് ഇന്ത്യ മുഴുവൻ ചർച്ച ചെയ്യുന്ന കാർഷിക വിഷയങ്ങൾ ഉൾപ്പെടെ നിരവധിയായ ജീവൽ പ്രശ്നങ്ങളെ വളരെ സമഗ്രവും ലളിതവുമായി വിവരിക്കുന്ന ഒരു ഗ്രന്ഥം കൂടിയാണിത്.





# കെ.എം.മാണി

## നിയമസഭാംഗമായതിന്റെ അമ്പതാം വാർഷികം

### നിയമസഭയുടെ അനുമോദനം

15.03.2017

വീഡിയോ കാണാൻ
QRകോഡ് സ്കാൻ ചെയ്യുക

**ചെയറിൽ ശ്രീ. പി. ശ്രീരാമകൃഷ്ണൻ** സ്പീക്കർ

അടുത്ത നടപടിക്രമത്തിലേയ്ക്ക് കടക്കുന്നതിനുമുൻപ് സന്തോഷകരമായ ഒരു കാര്യം സഭയെ അറിയിക്കാനുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം ഇന്ന് വളരെ അഭിമാനകരവും സന്തോഷകരവുമായ ഒരു ദിവസമാണ്. ബഹുമാനപ്പെട്ട കെ. എം. മാണിയുടെ നിയമസഭാ  ജീവിതത്തിന്റെ 50 വർഷങ്ങൾ ഇന്ന് പിന്നിടുകയാണ്. സഭയിലെ എല്ലാ അംഗങ്ങൾക്കും വേണ്ടി അദ്ദേഹത്തെ അനുമോദിക്കാൻ ഈ അവസരം ചെയർ വിനിയോഗിക്കുന്നു. കേരളത്തിലെ പരിണിതപ്രജ്ഞനും സീനിയറുമായ ഏറ്റവും ശ്രദ്ധേയനായ സാമാജികനാണ് ശ്രീ. കെ. എം. മാണി.  അദ്ദേഹത്തിന്റെ പലതരത്തിലുള്ള സവിശേഷതകൾ കേരളീയ സമൂഹം ഈ ദീർഘ കാലയളവിനുള്ളിൽ മനസ്സിലാക്കിയിട്ടുണ്ട്. തന്റേതായ ഒരു ആശയ പരിസരം സൃഷ്ടിക്കുന്നതിൽ അതിവൈദഗ്ദ്ധ്യമാണ് അദ്ദേഹം സൃഷ്ടിച്ചത്. തത്വശാസ്ത്രങ്ങളെ പിന്തുടരുകയല്ല സ്വന്തമായൊരു തത്വശാസ്ത്രം സൃഷ്ടിച്ച് കേരള രാഷ്ട്രീയത്തിൽ ഒരു കസേര സൃഷ്ടിച്ച വ്യക്തിയാണ് അദ്ദേഹം. ഏറ്റവുമധികം ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയിലും അദ്ദേഹം കേരളത്തിൽ ശ്രദ്ധേയമായ സ്ഥാനമാണ് നേടിയിരിക്കുന്നത്. ഒരു സാമാജികൻ എന്ന നിലയിൽ എല്ലാ സാമാജികർക്കും  പ്രത്യേകിച്ച് പുതിയ സാമാജികർക്ക് അദ്ദേഹത്തിൽ നിന്നും പഠിക്കേണ്ട കുറേ കാര്യങ്ങളുണ്ട്. വിമർശിക്കുമ്പോഴും അസാധാരണമായ നർമ്മഭാവം തുടരുന്നതിൽ അദ്ദേഹം എന്നും വലിയ ശ്രദ്ധയാണ് കാണിച്ചിരുന്നത്. വിമർശനം അങ്ങോട്ട് ഉന്നയിക്കുമ്പോഴും അദ്ദേഹം നർമ്മം കലർത്തിയാണ് മറുപടി പറയുന്നത്.  ഈ സഭയിൽത്തന്നെ പലപ്പോഴും നമ്മൾ കേട്ടിട്ടുണ്ട് - 'ബഹുമാനപ്പെട്ട ഐസക് എന്നെ ഒന്ന് അഭിനന്ദിച്ചുകൂടേ' എന്നാണ് അദ്ദേഹം ചോദിക്കാറുള്ളത്. 'എന്നെ ഒന്ന് അഭിനന്ദിച്ചുകൂടേ' എന്ന് അദ്ദേഹം അങ്ങോട്ട് ചോദിക്കുന്ന രീതി സ്വീകരിക്കാറുണ്ട്.  സഭയുടെ നടപടിക്രമങ്ങൾ പാലിച്ചും ചിട്ടകളിൽ ഒതുങ്ങിനിന്നും തന്റെ നിലപാടുകൾ രാഷ്ട്രീയ എതിരാളികൾക്ക് മുകളിൽ സ്ഥാപിക്കുന്നതെങ്ങനെയെന്ന് ഏറ്റവും ഭംഗിയായി കേരള രാഷ്ട്രീയത്തിന് കാണിച്ചുകൊടുത്ത വ്യക്തിയാണ് ശ്രീ. കെ. എം. മാണി. അദ്ദേഹം പുതിയ സാമാജികരെ സംബന്ധിച്ചിടത്തോളം ഒരു പാഠശാലയാണ്, ഒരു അനുഭവമാണ്. അദ്ദേഹത്തിന്റെ ദീർഘകാലത്തെ പാർലമെന്ററി   ജീവിതാനുഭവങ്ങൾ കേരളത്തിന്റെ    സാമൂഹിക  ജീവിതത്തിന് വലിയ കരുത്തുപകരട്ടെയെന്ന് ചെയർ ആഗ്രഹിക്കുന്നു.  എല്ലാവർക്കും വേണ്ടി അദ്ദേഹത്തെ  അഭിനന്ദിക്കുന്നു.

## ശ്രീ. പിണറായി വിജയൻ മുഖ്യമന്ത്രി

വീഡിയോ കാണാൻ
QRകോഡ് സ്കാൻ ചെയ്യുക


സർ, അങ്ങയുടെ വാക്കുകളോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. ലോക പാർലമെന്ററി ചരിത്രത്തിൽ സ്ഥാനം നേടുന്ന അത്യപൂർവ്വം സാമാജികരുടെ നിലയിലേയ്ക്കാണ് ശ്രീ. കെ. എം. മാണി ഉയർന്നിരിക്കുന്നത്. ഈ സന്തോഷം സഭയുടെയാകെ സന്തോഷമാണ്. ഇതിൽ ആഹ്ലാദപൂർവ്വം അഭിമാനപൂർവ്വം പങ്കുകൊള്ളുകയാണ്. നിയമസഭാ സാമാജികൻ എന്ന നിലയ്ക്ക് 50 വർഷം പൂർത്തിയാക്കുകയെന്നത് നിസ്സാരകാര്യമല്ല. സാങ്കേതികമായി നോക്കിയാൽ 50 വർഷമല്ല 52 വർഷം പൂർത്തിയാക്കുകയാണെന്ന് പറയാം. കാരണം 1965-ലാണ് ശ്രീ. കെ.എം. മാണി ആദ്യമായി നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. അന്ന് സഭ ചേർന്നില്ലെന്ന സാങ്കേതികത്വം കൊണ്ടുമാത്രമാണ് 1967 അടിസ്ഥാന വർഷമായി കണക്കാക്കി അന്നുമുതൽ 2017 വരെയുള്ള 50 വർഷം ശ്രീ. കെ.എം. മാണിയുടെ നിയമസഭാ കാലയളവായി കണക്കാക്കപ്പെട്ടത്. അര നൂറ്റാണ്ട് തുടർച്ചയായി അദ്ദേഹം നിയമനിർമ്മാണ സഭയിൽ അംഗമായിരിക്കുകയാണ്. കേരള നിയമസഭയുടെ ചരിത്രത്തിൽ മറ്റൊരാൾക്കും അവകാശപ്പെടാനില്ലാത്ത റിക്കോർഡാണിത്. നിയമസഭയുടെ കാര്യമിരിക്കട്ടെ, ലോക്സഭയിൽപ്പോലും ഇതിന് സമാനമായ ഒരു റിക്കോർഡ് ഉണ്ടോയെന്ന് സംശയമാണ്. ലോക്സഭാംഗമായി ദീർഘകാലമിരുന്നവരുടെ ചരിത്രത്തിലേയ്ക്ക് കടന്നാൽ ശ്രീ. എ. ബി. വാജ്പേയ്, എൻ. ജി. രംഗ, ഇന്ദ്രജിത് ഗുപ്ത, സോമനാഥ് ചാറ്റർജി, പി. എം. സെയ്ദ് തുടങ്ങിയവരുടെ പേരുകളാണ് ആദ്യം മനസ്സിലേയ്ക്ക് കടന്നുവരുന്നത്. ഇവരിൽ ഒരാൾക്കും ഇങ്ങനെയൊരു റിക്കോർഡില്ല. ഇന്ദ്രജിത് ഗുപ്ത 2 മുതൽ 13 വരെയുള്ള സഭകളിൽ ഉണ്ടായിരുന്നു. എന്നാൽ 6-ാം ലോക്സഭയിൽ ഉണ്ടായിരുന്നില്ല. 41 വർഷമാണ് അദ്ദേഹത്തിന്റെ റിക്കോർഡ്. സോമനാഥ് ചാറ്റർജി 5 മുതൽ 14 വരെയുള്ള ലോക്സഭകളിൽ ഉണ്ടായിരുന്നു. 38 വർഷമാണ് മൊത്തം ദൈർഘ്യം. ഈ പശ്ചാത്തലത്തിൽ നോക്കുമ്പോൾ ശ്രീ. കെ.എം. മാണി കൈവരിച്ചത് സമാനതകളില്ലാത്ത നേട്ടമാണെന്ന് പറയാം. 50 വർഷം നിയമസഭയിൽ ഉണ്ടായിരുന്നുവെന്ന് മാത്രമല്ല ഇടതടവില്ലാതെ തുടർച്ചയായി ഉണ്ടായിയെന്നതാണ് പ്രത്യേകത. ഇതിനിടയിൽ നടന്ന എല്ലാ നിയമസഭാ തെരഞ്ഞെടുപ്പുകളിലും മത്സരിച്ചു, വിജയിച്ചു. പ്രത്യേകതകൾ ഇവിടെ അവസാനിക്കുന്നില്ല. ഒരേ മണ്ഡലത്തിൽ നിന്നുതന്നെ ജയിച്ചു. മുന്നണികൾ മാറി മത്സരിച്ചിട്ടും ജയിച്ചു. ഇങ്ങനെയൊരു റിക്കോർഡ് ലോകത്തെവിടെയെങ്കിലും ഉണ്ടാകുമോയെന്ന് നിശ്ചയമില്ല. അമേരിക്കയിലെ Wisconsin സെനറ്റിൽ 1962 മുതൽ തുടർച്ചയായി ജയിച്ചെത്തിയതും ഇപ്പോഴും ആ സെനറ്റിൽ തുടരുന്നതുമായ ഒരാളുണ്ട്. Fred A. Risser. 'കേരളത്തിന്റെ Fred A. Risser' ആരാണെന്ന് ചോദിച്ചാൽ ശ്രീ. കെ.എം. മാണിയാണെന്നാണ് ഉത്തരം. വെറുതെയല്ല മഹാകവി പാലാ നാരായണൻ നായർ ശ്രീ. കെ.എം. മാണിയെ 'മാണി പ്രമാണി' എന്ന് ഒരു കവിതയിൽ വിശേഷിപ്പിച്ചത്. രാഷ്ട്രീയത്തിൽ ആർക്കും നീക്കിനിർത്താനാകാത്ത ഒരു പ്രമാണിയായി അദ്ദേഹം മാറി. പല തലമുറകൾ മാറിവന്നു. അപ്പോഴും ശ്രീ. കെ.എം. മാണി നിയമസഭാംഗമായി തുടർന്നു. രാഷ്ട്രീയാഭിരുചി മാറിവന്നു, സഖ്യങ്ങൾ മാറിവന്നു, അപ്പോഴും മാറാത്ത സാന്നിദ്ധ്യമായി നിയമസഭയിൽ ഒരാളേ ഉണ്ടായിരുന്നുള്ളൂ. അത് ശ്രീ. കെ.എം. മാണിയാണ്. അര നൂറ്റാണ്ടുകാലത്തെ എല്ലാ തെരഞ്ഞെടുപ്പുകളിലും മത്സരിക്കുക, എല്ലാത്തിലും ജയിച്ച് നിയമസഭയിലെത്തുക അതും ഒരേ മണ്ഡലത്തിൽനിന്നുതന്നെ എത്തുക. പലതിലും ഇന്ത്യയ്ക്ക് മാതൃകയായിട്ടുള്ള കേരളവും കേരള നിയമസഭയും ശ്രീ. കെ.എം. മാണിയിലൂടെ പുതിയൊരു റിക്കോർഡ് ഇന്ത്യയ്ക്കും ലോകത്തിനും മുന്നിൽ വച്ചുവെന്നതാണ് സത്യം. ജയത്തിൽ മാത്രമല്ല ഈ റിക്കോർഡ്, ഏറ്റവും കൂടുതൽ കാലം മന്ത്രിയായിരുന്നയാൾ, ഏറ്റവും കൂടുതൽ ബഡ്ജറ്റ് അവതരിപ്പിച്ചയാൾ, ഒരേ മണ്ഡലത്തെ ഏറ്റവും കൂടുതൽ പ്രതിനിധാനം ചെയ്യുന്നയാൾ അങ്ങനെ പോകുന്നു ശ്രീ. കെ.എം. മാണിയുടെ റിക്കോർഡ് പരമ്പര. ഈ റിക്കോർഡുകൾ വരുംകാലത്ത് ഏതെങ്കിലുമൊരു ഘട്ടത്തിൽ ആർക്കെങ്കിലും തകർക്കാനാകുമോയെന്ന് സംശയമാണ്. അഭിഭാഷകനും നിയമപണ്ഡിതനുമാണ് ശ്രീ. കെ. എം. മാണി. നിയമനീതിന്യായ രംഗത്തിനുണ്ടായ നഷ്ടം കേരള നിയമസഭയ്ക്ക് നേട്ടമായി എന്ന് പറയാം. ധനം, നിയമം, റവന്യൂ തുടങ്ങി പല വകുപ്പുകളും ദീർഘകാലം അദ്ദേഹത്തിന്റെ ഭരണത്തിൻ കീഴിലായിരുന്നു. അങ്ങ് പറഞ്ഞ ഒരു കാര്യം പൂർണ്ണമായും ശരിയാണ്, ബഡ്ജറ്റ് അവതരണത്തിലെ വിരസത സരസതയിലേയ്ക്ക് മാറ്റിയെടുക്കാനുള്ള വിദ്യകൾ ശ്രീ. കെ. എം. മാണിയാണ് ഈ സഭയിൽ ആദ്യം പരീക്ഷിച്ചത്. ഒരിക്കൽ അദ്ദേഹം ബഡ്ജറ്റിനിടയിൽ സംസ്കൃത ശ്ലോകങ്ങൾ ഉദ്ധരിച്ചത് ഞാൻ ഓർക്കുന്നു. ഇത്തരത്തിൽ അദ്ദേഹം ബഡ്ജറ്റ് അവതരണത്തിൽ പുതുമയുണ്ടാക്കി, ആ പ്രവണത ഇന്നും തുടരുന്നു. ധനകാര്യം മുതൽ നിയമകാര്യത്തിൽ വരെ അദ്ദേഹം നേടിയ വൈദഗ്ദ്ധ്യം പലതരത്തിലുള്ള ഇടപെടലിലൂടെ ഈ സഭയെ സമ്പന്നമാക്കുന്നതിൽ വലിയ പങ്കുവഹിച്ചു. അങ്ങ് പറഞ്ഞ മറ്റൊരുകാര്യം പൂർണ്ണമായും ശരിയാണ്. നിയമസഭയിൽ അരനൂറ്റാണ്ട് പൂർത്തിയാക്കിയ ശ്രീ. കെ.എം. മാണിയിൽനിന്നും പുതിയ തലമുറ പഠിക്കേണ്ട വലിയ ഒരു കാര്യം, സഭയിൽ ഹാജരാകുന്നതിൽ അദ്ദേഹം കാട്ടുന്ന കൃത്യതയാണ്. തീർത്തും ഒഴിവാക്കാനാവാത്ത കാര്യങ്ങളുണ്ടായാൽ മാത്രമേ അദ്ദേഹം സഭ വിട്ടുനിൽക്കുകയുള്ളൂ. സഭയിൽ എത്തിയാൽ ഒപ്പിട്ടിട്ട് പോകുകയില്ല, മറിച്ച് കഴിയുന്നത്ര സമയം സഭയിൽ ഇരിക്കുകയും കഴിയാവുന്ന ഘട്ടങ്ങളിലൊക്കെ ഇടപെടുകയും ചെയ്യും. നിയമനിർമ്മാണവേളകളിൽ ഈ ഇടപെടൽ കൂടുതൽ ശ്രദ്ധേയമാകും. സഭയിലെ ഓരോ നിമിഷത്തിൽനിന്നും തനിക്ക് ഇനിയും എത്രയോ കാര്യങ്ങൾ പഠിക്കാനുണ്ടെന്ന ശ്രീ. കെ. എം. മാണിയുടെ മനോഭാവം പുതിയ നിയമസഭാ സാമാജികർ മാതൃകയാക്കേണ്ടതാണ്. ഭരണഘടനാ വ്യവസ്ഥകളും സഭാനടപടിച്ചട്ടങ്ങളും നിയമ വകുപ്പുകളുമെല്ലാം കൃത്യമായി മനസ്സിലാക്കാനും സമയോചിതമായി ഉപയോഗിക്കാനും അദ്ദേഹത്തിന് കഴിയുന്നത് സഭാസാന്നിദ്ധ്യത്തിൽ അദ്ദേഹം കാട്ടുന്ന നിഷ്കർഷത കൊണ്ടുകൂടിയാണെന്ന് പുതിയ തലമുറ മനസ്സിലാക്കണം. ശ്രീ. കെ. എം. മാണിക്ക് ആയുസ്സും ആരോഗ്യവും ഭാസുരമായ ജീവിതവും ആശംസിക്കുന്നു.

## ശ്രീ. രമേശ് ചെന്നിത്തല പ്രതിപക്ഷ നേതാവ്

വീഡിയോ കാണാൻ
QRകോഡ് സ്കാൻ ചെയ്യുക

സർ, ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. ഇത് കേരള നിയമസഭയുടെ ചരിത്രത്തിലെ അവിസ്മരണീയമായ നിമിഷമാണ്. അഭിമാനത്തിന്റെയും സന്തോഷത്തിന്റെയും മുഹൂർത്തമാണ്. മാണിസാർ നിയമസഭയിൽ വന്നതിനുശേഷമുള്ള അൻപത് വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയാൽ അപൂർവ്വങ്ങളിൽ അപൂർവ്വങ്ങളായ അദ്ദേഹത്തിന്റെ നിരവധി സംഭാവനകൾ നമ്മൾ ഓർത്തുപോകും. 1965-ൽ കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടെങ്കിലും അന്ന് നിയമസഭ ചേരാതെ പോയതുകൊണ്ട് അദ്ദേഹത്തിന് സഭാംഗമായി പ്രവർത്തിക്കാൻ കഴിഞ്ഞില്ല. പക്ഷേ അന്നുമുതൽ മത്സരിച്ച എല്ലാ തെരഞ്ഞെടുപ്പുകളിലും വിജയിക്കാൻ മാണിസാറിന് കഴിഞ്ഞു. ഈ നിയമസഭയിൽ ഇന്ന് അദ്ദേഹം അൻപത് വർഷം പൂർത്തിയാക്കുകയാണ്. ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പറഞ്ഞതുപോലെ, ഇന്ത്യയുടെ ജനാധിപത്യ ചരിത്രത്തിലെ അപൂർവ്വമായ ഒരു സംഭവമാണിത്. Constituent Assembly മുതൽ പാർലമെന്റിൽ ഉണ്ടായിരുന്ന നേതാക്കന്മാരാരും ഒരു നിയോജകമണ്ഡലത്തിൽനിന്നും നിരന്തരമായി ജയിച്ച് 50 വർഷം പൂർത്തിയാക്കിയിട്ടില്ലെന്ന് കാണാൻ കഴിയും. ആ റിക്കോർഡ് മാണിസാറിന് മാത്രം അവകാശപ്പെട്ടതാണ്. മാണിസാറിനെ ഹാർദ്ദമായി അഭിനന്ദിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. ഗവർണ്ണറുടെ നയപ്രഖ്യാപനത്തെ എതിർത്തുകൊണ്ട് 1967 മാർച്ച് 20-ന് അദ്ദേഹം നടത്തിയ പ്രസംഗമാണ് നിയമസഭയിലെ അദ്ദേഹത്തിന്റെ ആദ്യത്തെ പ്രസംഗം. 1967-ൽ തന്നെ സഭയിൽ തന്റെ സാന്നിദ്ധ്യം വ്യക്തമായി പ്രകടിപ്പിച്ച വ്യക്തിയായിരുന്നു അദ്ദേഹം. എന്നും ഗവൺമെന്റിനെ മുൾമുനയിൽ നിർത്തുന്ന പുതിയ വിഷയങ്ങളുമായിട്ടാണ് അദ്ദേഹം നിയമസഭയിൽ എത്തിയിരുന്നത്. ആദ്യമായി നിയമസഭയിൽ വന്ന ഒരു സാമാജികന്റെ പ്രകടനമായിരുന്നില്ല അദ്ദേഹത്തിൽ നിന്നുണ്ടായത്. നിയമ പുസ്തകങ്ങളും ഫയലുകളും തെളിവുകളുടെ ഫോട്ടോസ്റ്റാറ്റുകളുമായി അന്ന് നിയമസഭയിൽ എത്തിയിരുന്ന മാണിസാറിനെ അന്നത്തെ നിയമസഭാ സാമാജികർ അനുസ്മരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. 1976-77-ലെ ബഡ്ജറ്റായിരുന്നു മാണിസാർ ആദ്യമായി സഭയിൽ അവതരിപ്പിച്ചത്. 13 ബഡ്ജറ്റുകൾ അദ്ദേഹം അവതരിപ്പിച്ചു. കേരള നിയമസഭയിൽ ഏറ്റവും അപൂർവ്വമായ റിക്കോർഡാണിത്. ജമ്മു-കാശ്മീർ നിയമസഭയിൽ ഇന്നത്തെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീ. അരുൺ ജെയ്റ്റ്ലിയുടെ ഭാര്യാ പിതാവ് 20 ബഡ്ജറ്റുകൾ അവതരിപ്പിച്ചിട്ടുണ്ട്. അതുകഴിഞ്ഞാൽ ഇന്ത്യാ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ബഡ്ജറ്റുകൾ അവതരിപ്പിച്ചിട്ടുള്ളത് മാണിസാറാണ്. ഇന്ന് അൻപത് വർഷം പൂർത്തിയാക്കിയതിന് നമ്മൾ മാണിസാറിനെ അഭിനന്ദിക്കുകയാണ്. ഈ നിയമസഭയുടെ കാലത്തുതന്നെ, മൂന്നുവർഷംകൂടി കഴിഞ്ഞാൽ അൻപത് വർഷം പൂർത്തിയാക്കുന്ന മറ്റൊരു നിയമസഭാംഗം കൂടിയുണ്ട് - ശ്രീ. ഉമ്മൻ ചാണ്ടി. ഇത് കേരള നിയമസഭയ്ക്ക് അഭിമാനം നൽകുന്ന വസ്തുതകൾ തന്നെയാണ്. 1980-81-ൽ കർഷകത്തൊഴിലാളികൾക്ക് പെൻഷൻ കൊണ്ടുവന്നത് മാണിസാർ തന്റെ ബഡ്ജറ്റ് പ്രസംഗത്തിലൂടെയായിരുന്നുവെന്നത് അവിസ്മരണീയമായ കാര്യമാണ്. ഇന്ത്യയിൽ ആദ്യമായി ഒരു ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങളെല്ലാം ഒരുമിച്ച് കൊണ്ടുവരുന്ന ഫിനാൻസ് ബിൽ അവതരിപ്പിക്കുന്ന സമ്പ്രദായം 1985-ൽ കൊണ്ടുവന്നത് മാണിസാറായിരുന്നുവെന്നതും പ്രത്യേകം ഓർക്കേണ്ട കാര്യമാണ്. അദ്ദേഹത്തിന്റെ പദ്ധതിയായ വെളിച്ച വിപ്ലവത്തിന്റെ ഫലമായി ചെറ്റക്കുടിലുകളിൽ വൈദ്യുതി എത്തിയത് നാം കണ്ടതാണ്. മാണിസാറിനെ ഓർക്കുന്ന ആർക്കും കാരുണ്യ ബെനവലന്റ് ഫണ്ടിനെ മറക്കാൻ കഴിയില്ല. കേരള ചരിത്രത്തിൽ ഏറ്റവും കൂടുതൽ ജനങ്ങൾ ആഹ്ലാദത്തോടെ സ്വീകരിച്ച ഒരു പദ്ധതിയായിരുന്നു അത്. അത് അദ്ദേഹത്തിന് കേരളത്തിലെ ജനങ്ങൾ എന്നും ഓർക്കുന്ന ഒന്നായിരിക്കും. നിയമസഭ എന്നും ഒരു പാഠശാലയായിരുന്നു. 1982-ൽ ഏറ്റവും പ്രായം കുറഞ്ഞ അംഗമായി ഈ നിയമസഭയിൽ വന്ന അന്നുമുതൽ ഞാൻ മാണിസാറിനെ ശ്രദ്ധിക്കാറുണ്ട്. ഏത് പ്രസംഗവും ഏത് പത്രസമ്മേളനവും അദ്ദേഹം പ്രിപ്പെയർ ചെയ്യാറുണ്ട്. അന്ന് പുതിയ അംഗങ്ങളായിവന്ന ഞങ്ങൾക്ക് മാണിസാർ ഒരു മാതൃകയായിരുന്നു. നിയമസഭയിൽ പ്രസംഗിക്കുന്ന എല്ലാകാര്യങ്ങളും ഹോംവർക്ക് ചെയ്തുകൊണ്ടായിരുന്നു അദ്ദേഹം വന്നിരുന്നത്. പത്രസമ്മേളനങ്ങൾക്ക് പോയാലും ഹോംവർക്ക് ചെയ്തുകൊണ്ടായിരുന്നു അദ്ദേഹം പോയിരുന്നത്. മാണിസാറിന്റെ പ്രവർത്തനം പുതിയ നിയമസഭാ സാമാജികർക്ക് ഒരു മാതൃകയാണെന്ന് ഇവിടെ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം നിയമസഭയെ ഒരു പാഠശാലയായിട്ടാണ് കണ്ടിരുന്നത്. ഒരു നിയമസഭാ സാമാജികൻ എന്ന നിലയിൽ അപൂർവ്വതകളിൽ അപൂർവ്വതകൾ സൃഷ്ടിച്ച് ചരിത്രത്തിന്റെ ഭാഗമായി മാറുകയാണ് മാണിസാർ. ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞതുപോലെ അൻപതുവർഷം തന്മയത്വത്തോടുകൂടി വിവിധ വകുപ്പുകൾ, വിവിധ പ്രശ്നങ്ങൾ, വിവിധ നിയമനിർമ്മാണങ്ങൾ- അതിലൂടെ കേരളത്തിലെ സാമാന്യ ജനങ്ങൾക്കുവേണ്ടിയുള്ള നിരവധി ആശ്വാസ പദ്ധതികൾ ഇതെല്ലാം പ്രഖ്യാപിക്കാൻ കഴിഞ്ഞ മാണിസാർ, ഒരു ചരിത്രപുരുഷനായി മാറുകയാണ്. ഈ സന്ദർഭത്തിൽ അദ്ദേഹത്തിന് എല്ലാവിധ ആയുരാരോഗ്യ സൗഖ്യവും നേരുന്നു. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലൂടെ ഭാവികേരളത്തിന് കൂടുതൽ ശക്തിയുണ്ടാകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. ഭാവിതലമുറയ്ക്ക്



കേരള നിയമസഭ
കെ.എം.മാണി
ധന്യസ്മൃതി


അദ്ദേഹത്തിന്റെ ജീവിതം പഠനവിഷയമാകട്ടെ എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന് എല്ലാ മംഗളങ്ങളും നേരുന്നു.

### ശ്രീ. ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

സർ, ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ചൂണ്ടിക്കാണിച്ചതുപോലെ ആദരണീയനും ബഹുമാന്യനുമായ മാണിസാർ ഈ നിയമസഭയിൽ അൻപത് വർഷം തികയുന്ന ഈ സന്ദർഭത്തിൽ അദ്ദേഹത്തെ അഭിനന്ദിക്കുകയാണ്. മാണിസാർ നിയമസഭയിൽ വന്ന അത്രയും വർഷം, അത്രയും വയസ്സ് എത്താത്തവരാണ് ഭൂരിപക്ഷം പേരും. അത്രയേറെ വലിയ അനുഭവസമ്പത്താണ് മാണിസാറിൽനിന്നും സഭയ്ക്ക് ഉൾക്കൊള്ളാനുള്ളത്. പുതിയ കാര്യങ്ങൾ പഠിക്കാനും പഠിപ്പിക്കാനും സഭയെ തന്റെ നിയന്ത്രണത്തിൽ നിർത്താനും അസാധാരണമായ വൈഭവം മാണിസാർ പ്രകടിപ്പിച്ചിട്ടുള്ളത് വളരെ ചുരുങ്ങിയ സമയത്താണെങ്കിലും കാണാൻ കഴിഞ്ഞിട്ടുണ്ട്. മാണിസാറിനെപ്പോലെയുള്ള ആളുകൾ ഈ സഭയ്ക്ക് എക്കാലത്തും വലിയ മുതൽക്കൂട്ടായിരിക്കും. അദ്ദേഹം പിന്നിട്ട 50 വർഷത്തിലൂടെ ഈ സഭയെ പഠിപ്പിക്കാനും ഈ നാടിനെ പഠിപ്പിക്കാനും ജനങ്ങളെ പുതിയ ബോധത്തിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാനും നടത്തിയിട്ടുള്ള പരിശ്രമങ്ങളെയൊക്കെ ഈ സന്ദർഭത്തിൽ ഓർത്തുകൊണ്ട് മാണിസാറിന്റെ ഭാവിജീവിതത്തിന് എല്ലാവിധ ഭാവുകങ്ങളും ആശംസിച്ചുകൊണ്ട് നിർത്തുന്നു.

### ശ്രീ. ടി. എ. അഹമ്മദ് കബീർ

സർ, ഞാൻ ശ്രീ. കെ. എം. മാണി അവർകളെ അഭിവാദ്യം ചെയ്യുന്നു, അഭിനന്ദിക്കുന്നു. അറബിയിൽ ഒരു ചൊല്ലുണ്ട്. അതിന്റെ അർത്ഥം ഉറവ വറ്റാത്ത ശുദ്ധജല ലഭ്യതയുടെ നിറവ് എന്നാണ്. സ്ഥിരചിത്തതയും സമചിത്തതയുമുള്ള അനിതരസാധാരണമായ, പ്രഭാവപൂർണ്ണമായ ഒരു വ്യക്തിത്വത്തെ അനാവരണം ചെയ്യാനും സാധാരണ ഈ ചൊല്ല് അറബിയിൽ ഉപയോഗിക്കാറുണ്ട്. ഇദ്ദേഹത്തിന്റെ ഏറ്റവും വലിയ പ്രത്യേകത തന്റെ കാര്യക്ഷമതയാണ്. ജനായത്ത സംവിധാനം ലോകത്തിന് പ്രദാനം ചെയ്തത് ഒരു വ്യക്തിയിലോ ഒരു കുടുംബത്തിലോ ചുറ്റപാടുമുള്ളവരിലോ ഉള്ള കാര്യക്ഷമത മാത്രമല്ല ഒരു ജനതയ്ക്ക് പ്രാപ്യമാകേണ്ടത്, മറിച്ച് ജനായത്ത സംവിധാനം പ്രദാനം ചെയ്യുന്നത് കാര്യക്ഷമതയുള്ള ധാരാളം ആളുകളുടെ കൂട്ടായ്മയാണ്. കാര്യക്ഷമത വേണമെങ്കിൽ നവീനക്ഷമത അനുപേക്ഷണീയമാണ്. അദ്ദേഹത്തിന്റെ ബഡ്ജറ്റ് പ്രസംഗങ്ങളിലെ പുതുമ നല്ല ഉദാഹരണമാണ്. പുതുമകൊണ്ട് ശ്രദ്ധേയനായ ഒരാളായിരുന്നു ശ്രീ. കെ. എം. മാണി. നവീനക്ഷമത വേണമെങ്കിൽ സംവേദനക്ഷമത വേണം. സംവേദനക്ഷമതയുടെ ആൾരൂപമാണ് ശ്രീ. കെ. എം. മാണി. സഭയിലെ അദ്ദേഹത്തിന്റെ വിശദീകരണങ്ങളും മറുപടികളും അതിന്റെ സാക്ഷ്യപത്രമാണ്. അദ്ദേഹം 5 പതിറ്റാണ്ടുകാലം ഈ സഭയിലും പുറത്തും നിറഞ്ഞുനിന്ന് നിറകതിർ തൂകിയ അസാധാരണമായ ഒരു വ്യക്തിയായിരുന്നു. അദ്ദേഹത്തെ അഭിവാദ്യം ചെയ്യുന്നു, അഭിനന്ദിക്കുന്നു. ജീവിത വിജയങ്ങൾ വീണ്ടും ആശംസിക്കുന്നു.

### ശ്രീ. സി. കെ. നാണു

സർ, ഇന്ത്യയിലും ഇന്ന് ജനാധിപത്യം നിലനിൽക്കുന്ന മറ്റ് രാജ്യങ്ങളിലും പ്രാധാന്യമർഹിക്കുന്ന രൂപത്തിലേയ്ക്ക് കേരള നിയമസഭയെ ഉയർത്താൻ സഹായിച്ച മാണിസാറിന്റെ വ്യക്തിത്വത്തെ അഭിനന്ദിക്കുന്നു. അദ്ദേഹത്തിന് എല്ലാ ആശംസകളും നേരുന്നു.

### ശ്രീ. അനൂപ് ജേക്കബ്

സർ, മാണിസാറിനെ അനുമോദിച്ചുകൊണ്ട് ബഹുമാനപ്പെട്ട ചെയറും സഭയും പൊതുവായി പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് പൂർണ്ണമായും യോജിക്കുകയാണ്. അഞ്ച് പതിറ്റാണ്ട് തുടർച്ചയായി ഒരേ നിയോജകമണ്ഡലത്തിൽനിന്ന് വിജയിച്ചുവരികയെന്നത് ഏറ്റവും അത്യപൂർവ്വമായ റിക്കോർഡായി ഇന്ന് ഇന്ത്യയിൽ നിലനിൽക്കുകയാണ്. പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ തൊട്ടുപിന്നിൽ ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി സാറുമുണ്ട്. മാണിസാറിനെ സംബന്ധിച്ച് അദ്ദേഹം നിത്യയൗവ്വനമായി നിൽക്കുകയാണ്.

50 വർഷമെന്ന് പറയുമ്പോൾ 50 വർഷത്തിന്റെ പഴക്കം അദ്ദേഹത്തിനില്ല. ഇന്നിന്റെ ചെറുപ്പമാണ് കെ. എം. മാണിസാറിനെ വ്യത്യസ്തനാക്കുന്നത്. വിമർശനങ്ങൾക്ക് അതീതനായിട്ടല്ല അദ്ദേഹം നിന്നത് എന്നാണ് എനിക്ക് തോന്നുന്നത്. വിമർശനങ്ങളെ ഉൾക്കൊള്ളാനുള്ള വലിയ മനസ്സാണ് അദ്ദേഹത്തിന്റെ വിജയത്തിന്റെ അടിസ്ഥാനമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുകയാണ്. അദ്ദേഹത്തിന് എല്ലാ നന്മകളും നേരുന്നു. അദ്ദേഹം ഒട്ടനവധി ജനക്ഷേമ പ്രവർത്തനങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. ഏറ്റവുമൊടുവിൽ കാരുണ്യ പദ്ധതിയിൽ എത്തിനിൽക്കുന്നു. ഒട്ടനവധി പദ്ധതികളും പരിപാടികളും നടപ്പിലാക്കിയതിലൂടെ അദ്ദേഹത്തിന്റെ ശക്തമായ സാന്നിദ്ധ്യം കേരളത്തിൽ എന്നും കാണാൻ കഴിയും. പുതുതലമുറയ്ക്കും നിയമസഭാ സാമാജികർക്കുമൊക്കെ അദ്ദേഹം മാതൃകയായി നിലകൊള്ളുന്നു. അദ്ദേഹത്തിന് എല്ലാ നന്മകളും ഭാവുകങ്ങളും ഈ സന്ദർഭത്തിൽ ഞാൻ അർപ്പിക്കുകയാണ്.

### ശ്രീ. എ. കെ. ശശീന്ദ്രൻ ഗതാഗത വകുപ്പുമന്ത്രി

സർ, ശ്രീ. കെ. എം. മാണിയുടെ നിയമസഭാ ജീവിതത്തിന്റെ 50 വർഷം പൂർത്തിയാക്കുന്ന ഈ സുദിനത്തിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുകയാണ്. 1967-ൽ അദ്ദേഹം നിയമസഭാ സാമാജികനായി വന്നതിനുശേഷം നിയമസഭാ കമ്മിറ്റിയിൽ പങ്കെടുക്കാൻ കോഴിക്കോട് കളക്ടറേറ്റിൽ വന്നിരുന്നു. അന്ന് അവിടെ ഞങ്ങളുടെ ഒരു വിദ്യാർത്ഥി സമരമുണ്ടായിരുന്നു. സമരസ്ഥലത്ത് അദ്ദേഹം വന്നു. കെ.എസ്.യു.-വിന്റെ ഒരു സമരമായിരുന്നു അത്. അതെല്ലാം വസ്തുതകളാണ്. അതൊന്നും നമ്മൾ അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞിട്ട് കാര്യമില്ല. ശ്രീ. കെ. എം. മാണിയെ എനിക്കറിയില്ലായിരുന്നു. എം.എൽ.എ.-മാർ കൂട്ടമായി വന്ന് മക്കളേ, നിങ്ങൾ എന്തിനാണ് സമരം ചെയ്യുന്നത് എന്നുപറഞ്ഞ് ഞങ്ങളോട് സംസാരിച്ച കാര്യമാണ് ഞാൻ ഇപ്പോൾ ഓർക്കുന്നത്. അന്ന് മുതൽ ഞാൻ എന്നും ശ്രദ്ധിക്കുന്ന ഒരു നേതാവായിരുന്നു ശ്രീ. കെ. എം. മാണി. ശബ്ദ ഗാംഭീര്യം, ഹൃദ്യത, ഊർജ്ജസ്വലത, ആകാരസൗഷ്ഠവം എല്ലാംകൊണ്ടും ഇന്നും എല്ലാ അംഗങ്ങൾക്കും മാതൃകയായി നിൽക്കുന്ന മാണിസാർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ പുതിയ എം.എൽ.എ.-മാർക്ക് ഒരു പാഠശാലയാണ്. ഹോംവർക്ക് ചെയ്യാതെ അദ്ദേഹം ഒരു ദിവസംപോലും നിയമസഭയിൽ വന്നിട്ടില്ല. മാണിസാറിൽ നിന്നാണ് 1980-ൽ ശക്ധർ ആന്റ് കൗൾ ഞാൻ കേൾക്കുന്നത്. അദ്ദേഹം ഇവിടെ വന്ന് ശക്ധർ ആന്റ് കൗൾ ഉദ്ധരിച്ചപ്പോഴാണ് ഞങ്ങൾ ഇതൊക്കെ അന്വേഷിച്ച് തുടങ്ങിയത്. ഇങ്ങനെയൊക്കെയുണ്ടോ എന്നെനിക്ക് അറിയില്ലായിരുന്നു. അങ്ങനെ 1967 മുതൽ നേരിട്ടും അല്ലാതെയും യോജിച്ചും വിയോജിച്ചും പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുള്ളപ്പോഴൊക്കെ സഹോദരതുല്യമായ സ്നേഹമാണ് മാണിസാർ എനിക്ക് നൽകിയിട്ടുള്ളത്. ആ സ്നേഹത്തിനും അദ്ദേഹത്തിന്റെ വാത്സല്യത്തിനും ധാരാളം ആളുകൾ വിധേയരായിട്ടുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. അദ്ദേഹത്തിന് ശോഭനമായ ഭാവി ആശംസിച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

### ശ്രീ. പി. ജെ. ജോസഫ്

സർ, ശ്രീ. കെ. എം. മാണി നിയമസഭാ ജീവിതത്തിന്റെ 50 വർഷം പൂർത്തിയാക്കുമ്പോൾ, അദ്ദേഹം എന്നാണോ എം.എൽ.എ. ആയത് അന്ന് മുതൽ മാണിസാർ ആണ്. ഇന്ത്യയുടെ പ്രസിഡന്റ് കെ. ആർ. നാരായണൻ പ്രസിഡന്റായി പാലായിൽ വന്നപ്പോൾ അദ്ദേഹവും വേദിയിലിരുന്ന് മാണിസാർ എന്നാണ് അഡ്രസ് ചെയ്തതെന്ന് ഞാൻ ഓർക്കുന്നു. അദ്ദേഹം സംസ്ഥാനത്തെ മുഴുവൻ ആളുകളുടെയും മാണിസാറായി. അദ്ദേഹത്തിന് ഒട്ടേറെ റെക്കോർഡുകളാണുള്ളത്. 50 വർഷം പൂർത്തിയായി എന്നുമാത്രമല്ല, കർഷകത്തൊഴിലാളി പെൻഷൻ, കർഷക പെൻഷൻ ഇതെല്ലാം ബഡ്ജറ്റിലൂടെ അവതരിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. 13 ബഡ്ജറ്റുകൾ അദ്ദേഹം അവതരിപ്പിച്ചു. പാർട്ടിയിലും നിയമസഭാ സാമാജികൻ എന്ന നിലയിലും എന്നും കഠിനാദ്ധ്വാനം ചെയ്യുന്ന ഒരാളാണ് മാണിസാർ. അദ്ധ്വാനവർഗ്ഗ സിദ്ധാന്തം ഇവിടെ അവതരിപ്പിച്ചുവെന്ന് മാത്രമല്ല ലണ്ടനിലെ ഏറ്റവും വലിയ അംഗീകാരമുള്ള ഫോറത്തിലും അവതരിപ്പിക്കാൻ അദ്ദേഹത്തിന് അവസരമുണ്ടായി. കേരളത്തിലെ കർഷകരുടെ ശബ്ദമായി അദ്ദേഹം എന്നും നിലകൊണ്ടു. കർഷകർക്കുവേണ്ടി എന്നും പോരാടുന്ന മാണിസാറിനെ നാം എന്നും കാണുകയാണ്. കേരളത്തിന്റെ ഒട്ടേറെ പ്രശ്നങ്ങൾ, കേന്ദ്ര-സംസ്ഥാന സാമ്പത്തിക ബന്ധങ്ങൾ പൊളിച്ചെഴുതണമെന്നുള്ള പ്രമേയം ഈ നിയമസഭയിൽ ആദ്യം അവതരിപ്പിച്ചതും മാണിസാറാണ്. അതുപോലെ കേരള സംസ്ഥാനത്ത് ഇനിയും വരുത്തേണ്ട ഒട്ടേറെ മാറ്റങ്ങളെ സംബന്ധിച്ച് ഉറക്കെ ചിന്തിക്കുകയും അദ്ധ്വാനവർഗ്ഗ സിദ്ധാന്തത്തിലൂടെ പുതിയൊരു സംവിധാനം കേരളത്തിലുണ്ടാകുവാൻ അദ്ദേഹം കഠിനാദ്ധ്വാനം ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന് ആയുരാരോഗ്യങ്ങൾ നേരുന്നു. ഇനിയും വളരെക്കാലം കേരളത്തെയും സാധാരണ ജനങ്ങളെയും സേവിക്കാൻ അദ്ദേഹത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

### ശ്രീ. ഒ. രാജഗോപാൽ

സർ, ബഹുമാന്യരായ സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും പറഞ്ഞ ആശയങ്ങളോട് ഞാൻ പൂർണ്ണമായും യോജിക്കുന്നു. അദ്ദേഹത്തെപ്പറ്റി ഒരു കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടത് പറയാൻ ആഗ്രഹിക്കുകയാണ്. കേരള രാഷ്ട്രീയത്തിൽ ഏറെക്കാലം നിലനിന്നിരുന്ന രാഷ്ട്രീയ അയിത്താചരണം അവസാനിപ്പിക്കുന്നതിന് ആദ്യമായി മുൻകയ്യെടുത്തത് ശ്രീ. കെ. എം. മാണിയാണ് എന്ന കാര്യംകൂടി ഓർമ്മിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

### ശ്രീ. എൻ. വിജയൻ പിള്ള

സർ, ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റെല്ലാവരും പറഞ്ഞതുപോലെ മാണിസാറിന്റെ നിയമസഭാ ജീവിത്തിന്റെ 50 വർഷം പൂർത്തിയാക്കുന്ന ഇന്ന് എല്ലാവിധ അഭിനന്ദനങ്ങളും അദ്ദേഹത്തിന് നേരുന്നു. ഈ നേതാക്കന്മാരോടൊപ്പം ഈ നിരയിൽ ആദ്യമായി ഇരിക്കാനുള്ള ഭാഗ്യം ലഭിച്ചതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. തീർച്ചയായും മാണിസാറിനെപ്പോലെ പ്രഗത്ഭരായ വ്യക്തിത്വങ്ങളുടെ അഭിപ്രായങ്ങളും മറ്റും ഇവിടെ ഇരുന്ന് ശ്രവിക്കാൻ കഴിയുന്നതിൽ അതിയായ സന്തോഷമുണ്ട്. ഇനിയും കൂടുതൽ നാൾ അദ്ദേഹം ഈ സംസ്ഥാനത്തിനും നിയമസഭയ്ക്കും എല്ലാവിധ നിർദ്ദേശങ്ങളും നൽകുന്ന പ്രഗത്ഭനായ നേതാവായി മാറട്ടെ എന്ന് പറഞ്ഞുകൊണ്ട് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു.

### ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി)

സർ, ബഹുമാനപ്പെട്ട അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ പറഞ്ഞ കാര്യങ്ങളോട് ഞാൻ യോജിക്കുകയാണ്. നമ്മുടെയെല്ലാം സമാദരണീയനായ മാണിസാറിനെക്കുറിച്ചുള്ള അഭിനന്ദന ഹൃദയഭേരിയിൽ ഞാനും പങ്കുചേരുകയാണ്. നിയമസഭയുടെ ചരിത്രവിസ്മയമായി ഇന്നും നമ്മോടൊപ്പം പ്രവർത്തിക്കുന്ന ശ്രീ. കെ. എം. മാണിയുടെ ബഹുമുഖമായ രാഷ്ട്രീയ പ്രവർത്തനങ്ങൾക്കും കർമ്മങ്ങൾക്കും ഒരു പ്രത്യേക മുഖവുര ആവശ്യമില്ലെന്ന് എനിക്കറിയാം. അദ്ദേഹത്തിന്റേതായ വിലപ്പെട്ട സംഭാവനകൾ

കേരള രാഷ്ട്രീയത്തിലെ ചരിത്രത്തിന്റെ ഭാഗമാണ്. 50 വർഷം ഒരു മണ്ഡലത്തിൽനിന്നും പ്രതിനിധീകരിക്കുക എന്നത് ചരിത്രത്തിലെ അപൂർവ്വ ദൃശ്യസാക്ഷ്യമാണ്. ഒരുപക്ഷേ ഗിന്നസ് ബുക്കിൽപ്പോലും അദ്ദേഹത്തിന്റെ ഈ ചരിത്രം രേഖപ്പെടുത്താവുന്ന നിലയിൽ മറ്റനുഭവങ്ങളില്ല എന്നാണ് തോന്നുന്നത്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ വാക്കുകൾ ഞാൻ ഓർമ്മിക്കുകയാണ്. 'വളരുന്തോറും പിളരുകയും പിളരുന്തോറും വളരുകയും' ചെയ്യുന്ന ഒരു തത്വശാസ്ത്രം ആദ്യമായി കേരളീയ രാഷ്ട്രീയത്തിന് നൽകിയത് മാണിസാറാണ്. അങ്ങനെ പല നിലയിലും അദ്ദേഹത്തിന്റെ പ്രയോഗങ്ങൾ അപൂർവ്വമായ സംഭാവനയായി കേരള രാഷ്ട്രീയത്തിലുണ്ട് എന്നത് അദ്ദേഹത്തിനുമാത്രം അവകാശപ്പെട്ടതാണ്. ഇവിടെ വിലയിരുത്തിയ കാര്യങ്ങളെല്ലാംതന്നെ അമ്പത് വർഷം തികയ്ക്കുന്ന ഒരു നിയമസഭാ സാമാജികൻ എന്ന നിലയ്ക്ക് അദ്ദേഹത്തിന്റെ പ്രാഗത്ഭ്യം വ്യക്തമാക്കുന്നതാണ്. ആ ബഹുമുഖ വ്യക്തിത്വം ഒരപൂർവ്വ സാന്നിദ്ധ്യമായി, ഒരു സ്നേഹസുഗന്ധമായി നമ്മോടോപ്പം ഒഴുകിയെത്തുന്നു. അദ്ദേഹത്തിന് കേരള രാഷ്ട്രീയത്തിൽ ഇനിയും പ്രവർത്തിക്കാനുള്ള സൗഭാഗ്യവും കരുത്തും ഇപ്പോഴും നിലനിൽക്കുന്നു എന്നതാണ് വസ്തുത. അദ്ദേഹത്തിന്റെ യുവത്വം കേരള രാഷ്ട്രീയത്തിൽതന്നെ ഒരപൂർവ്വ സൗഭാഗ്യമായി തീരട്ടെ എന്നുകൂടി ആഗ്രഹിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

### ശ്രീ. ഉമ്മൻ ചാണ്ടി

സർ, ബഹുമാനപ്പെട്ട സ്പീക്കറും സഭയിലെ എല്ലാ നേതാക്കളും പ്രകടിപ്പിച്ച വികാരം പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട് മാണിസാറിന് എല്ലാവിധ ഭാവുകങ്ങളും നേരുകയാണ്. ഇന്ത്യൻ ജനാധിപത്യത്തിലെ ഒരത്ഭുത പ്രതിഭാസമാണ് അദ്ദേഹം. ഇന്ത്യയിലെ ഒരു നിയമസഭയ്ക്കും കിട്ടാത്ത സൗഭാഗ്യമാണ് മാണിസാർ ഇന്ന് നമുക്ക് ഉണ്ടാക്കിത്തന്നിട്ടുള്ളത്. അസംബ്ലിയിലെ സീറ്റിന്റെ കാര്യത്തിൽ മാത്രമല്ല ഞങ്ങളുടെ സാമീപ്യം, ഞങ്ങളുടെ നിയോജകമണ്ഡലങ്ങളായ പാലായും പുതുപ്പള്ളിയും അടുത്തടുത്താണ്. ഞാൻ മാണിസാറിനെ ആദ്യം കാണുന്നത് കോട്ടയം ഡി.സി.സി. ഓഫീസിൽ വച്ചാണ്. മാത്തച്ചൻ കുരുവിനാക്കുന്നേൽ ഡി.സി.സി. പ്രസിഡന്റായിരുന്ന കാലത്ത് ഡി.സി.സി. സെക്രട്ടറിയായിരുന്ന മാണിസാറിനെ ഒരു വിദ്യാർത്ഥിയായിരുന്ന എനിക്ക് അവിടെപ്പോയി കാണാൻ സാധിച്ചു. അന്നുമുതലുള്ള സൗഹൃദമാണ് ഞങ്ങളുടേത്. മാണിസാർ 13 ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചുവെന്ന് പറഞ്ഞു. ആ 13 ബഡ്ജറ്റുകളുടേയും അടിസ്ഥാനം കാർഷിക മേഖല, കർഷകർ, കർഷകത്തൊഴിലാളികൾ എന്നിവയാണെന്ന് പരിശോധിച്ചാൽ വ്യക്തമാണ്. അത് അദ്ദേഹത്തിന്റെ വലിയ നേട്ടമാണ്. ഇന്നലത്തെ അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ ശ്രദ്ധിച്ചു. അദ്ദേഹം റബ്ബറിന് കിട്ടുന്ന വില പോരെന്നും കൂടിയ വില കിട്ടണമെന്നുമാണ് പറഞ്ഞത്. ഇന്നത്തെ പത്രത്തിൽ ഞാൻ വായിച്ചു, അദ്ദേഹം ആദ്യം നിയമസഭാംഗമായ 1967-ലെ സഭയിൽ ആദ്യ പ്രസംഗത്തിലും ശബ്ദിച്ചത് കർഷകർക്കുവേണ്ടിയാണ്. അന്ന് റബ്ബറിന് 10 രൂപയ്ക്കുവേണ്ടിയാണ് അദ്ദേഹം സമരം ചെയ്തതെങ്കിൽ ഇന്ന് പോരാടുന്നത് ഒരു കിലോഗ്രാമിന് 200 രൂപയ്ക്കുവേണ്ടിയാണ്. ഏതായാലും അന്നും ഇന്നും ഒരേ രീതിയിലുള്ള പ്രവർത്തനങ്ങളാണ് അദ്ദേഹത്തിന്റേത്. അദ്ധ്വാനവർഗ്ഗ സിദ്ധാന്തം കേരളത്തിലൊട്ടാകെ എല്ലാവരും ചർച്ചചെയ്യുന്ന സാഹചര്യമായിവന്നു. നിയമസഭയിലെ അദ്ദേഹത്തിന്റെ പ്രവർത്തനത്തിനുവേണ്ടി ഇംഗ്ലീഷ് നിഘണ്ടുവിൽ ഒരു പുതിയ പദംതന്നെ സംഭാവന ചെയ്തു. 'Additionality', അദ്ദേഹത്തിന്റെ സംഭാവനയാണ്. ആറര വർഷം മുഖ്യമന്ത്രിയായി പ്രവർത്തിച്ച അവസരത്തിലെല്ലാം എന്റെ ഏറ്റവും വലിയ സഹായി, ഏറ്റവും വലിയ സപ്പോർട്ട് അദ്ദേഹത്തിൽനിന്ന് കിട്ടിയിട്ടുള്ളത് ഞാൻ പ്രത്യേകം കൃതജ്ഞതയോടുകൂടി സ്മരിക്കുന്നു. മാണിസാർ കേരളത്തിന് നൽകിയിട്ടുള്ള സംഭാവനകൾ ഇനിയും നൽകുന്നതിന് എല്ലാ അവസരങ്ങളും ഉണ്ടാകട്ടെയെന്ന് ആശംസിക്കുന്നു.

### ശ്രീ. പി. സി. ജോർജ്

സർ, 50 വർഷം പൂർത്തീകരിച്ച ബഹുമാനപ്പെട്ട മാണിസാറിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റ് കക്ഷിനേതാക്കളും പറഞ്ഞ അഭിപ്രായത്തോട് ഞാൻ യോജിക്കുകയാണ്. അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത അയൽവാസി ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയാണെന്ന് പറഞ്ഞാലും ദൂരംവച്ച് നോക്കുമ്പോൾ ഞാനാണ് അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത അയൽവാസി. 11 കിലോമീറ്റർ അകലം മാത്രമേയുള്ളൂ. അത്രമാത്രം അടുപ്പം ഞങ്ങൾ തമ്മിലുണ്ട്. അദ്ദേഹത്തെ ഞാൻ അഭിനന്ദിക്കുമ്പോഴും ഞാൻ ഒളിച്ചുവയ്ക്കാതെ പറയുകയാണ്, അദ്ദേഹത്തെ ഏറ്റവുമധികം വിമർശിച്ചിട്ടുള്ള പൊതുപ്രവർത്തകനും ഞാൻ തന്നെയാണ്. അത് ഒളിച്ചുവച്ചിട്ട് കാര്യമില്ല. സാഹചര്യങ്ങളുടെ അടിസ്ഥാനത്തിലൊക്കെ ചെയ്തതാണ്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. പക്ഷെ ഇന്ന് ഇന്ത്യയിൽ ഒരു വ്യക്തിക്കും നേടാൻ കഴിയാത്ത വലിയൊരു നേട്ടമാണ് പ്രിയങ്കരനായ എന്റെ അയൽവാസി നേടിയിട്ടുള്ളതെന്നതിൽ ഒരു തർക്കവുമില്ല. തനിക്ക് രണ്ട് ഭാര്യമാരാണെന്ന് അദ്ദേഹം പറയാറുണ്ട്. ഒന്ന്, കുട്ടിയമ്മ ചേട്ടത്തിയും രണ്ടാമത്തേത്, പാലായുമാണെന്ന് അദ്ദേഹം എപ്പോഴും പറയും. ഇതിൽ ആരോടാണ് കൂടുതൽ സ്നേഹമെന്ന് ഞാൻ ചോദിക്കുമ്പോൾ രണ്ടുപേരോടും തുല്യസ്നേഹമാണെന്ന് അദ്ദേഹം ചിരിച്ചുകൊണ്ട് പറയാറുണ്ട്. അതുപോലെതന്നെ പാലാ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും കുടുംബത്തിൽ എന്ത് ബുദ്ധിമുട്ടുണ്ടായാലും വേദനിക്കുന്ന അനുഭവങ്ങളുണ്ടായാലും സന്തോഷകരമായ അനുഭവങ്ങളുണ്ടായാലും അവിടെയെല്ലാം ഒരു മടിയുംകൂടാതെ ഓടിയെത്തുന്ന മാണിസാറിനെ സ്ഥിരമായി കാണാറുണ്ട്. എന്റെ നിയോജകമണ്ഡലത്തിന്റെ ഭാഗമായിരുന്ന ആറ് പഞ്ചായത്തുകൾ ഇപ്പോൾ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിലാണ്. അവിടെ ശവസംസ്കാര ചടങ്ങുകളിലൊക്കെ പങ്കെടുക്കാൻ ഞാൻ പോകുമ്പോൾ മാണിസാർ വന്നിട്ടുപോയി എന്ന് പല വീടുകളിലും പറയുന്നത് കേൾക്കാൻ ഇടയായിട്ടുണ്ട്. പല ദിവസങ്ങളിലും അദ്ദേഹം രോഗബാധിതനായി ആശുപത്രിയിൽ പോയ കാര്യമൊക്കെ എനിക്കറിയാം. അതിനിടയ്ക്കും എന്തെങ്കിലും പ്രശ്നങ്ങളുണ്ടായാൽ ആശുപത്രിയിൽനിന്ന് വന്നാൽ നേരെ ആ കുടുംബങ്ങളിൽ ചെന്ന് നല്ല വാക്ക് പറയുക, ആ സ്നേഹത്തിൽ പങ്കെടുക്കും, അല്ലെങ്കിൽ ദുഃഖത്തിൽ പങ്കുചേരും. കേരളത്തിൽ മറ്റ് രാഷ്ട്രീക്കാരാരും ചെയ്യാത്ത മഹത്തായ കർമ്മമാണ് അദ്ദേഹം ചെയ്തുകൊണ്ടിരിക്കുന്നത്. അദ്ദേഹത്തെ അഭിനന്ദിക്കാതിരിക്കാൻ ആർക്കും കഴിയില്ല. ശത്രുവിനുപോലും കഴിയില്ല. ഞാൻ ഒളിച്ചുവയ്ക്കുന്നില്ല. ശത്രുവിനുപോലും കഴിയില്ലെന്ന് പറയുമ്പോൾ ബോദ്ധ്യമാണ്. പക്ഷെ ആ വാക്ക് പറയുമ്പോൾ ഒരു കാര്യം നിങ്ങൾ അറിയണം, അകലെ കിടക്കുന്ന മിത്രത്തേക്കാൾ അടുത്ത് കിടക്കുന്ന ശത്രുവാണ് മെച്ചമെന്ന്. അതുകൊണ്ട് മാണിസാറിന് മെച്ചം ഞാൻ തന്നെയായിരിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അദ്ദേഹത്തിന് എല്ലാ ഭാവുകങ്ങളും ആശംസിക്കുകയാണ്. നന്മകൾ നേരുകയാണ്. അദ്ദേഹം കൊണ്ടുവന്ന 'additionality', ഞാൻ ഇവിടെ എന്റെ സുഹൃത്തുക്കളോട് പറഞ്ഞു, അദ്ദേഹം 'additionality' എന്ന പുതിയ വാക്ക് കൊണ്ടുവന്നിട്ടുണ്ടെന്ന്. ഞാൻ അതാണ് ആദ്യം പറയാനിരുന്നത്. പക്ഷെ ശ്രീ. ഉമ്മൻ ചാണ്ടി അതും പിടിച്ചുപറിച്ചോണ്ടുപോയി. എല്ലാ കാര്യങ്ങളിലും ആർക്കും താരതമ്യപ്പെടുത്താൻ കഴിയാത്ത വ്യക്തിത്വമാണ് ശ്രീമാൻ കെ. എം. മാണിയെന്ന ഞങ്ങളുടെ പ്രിയങ്കരനായ മാണിസാർ എന്ന് ഉറപ്പിച്ചുപറയുന്നു. കാർഷിക മേഖലയുടെ പ്രതിനിധിയാണ് അദ്ദേഹം. കർഷക വർഗ്ഗത്തിനുവേണ്ടിയും കർഷകത്തൊഴിലാളിക്കുവേണ്ടിയും പോരാടിയ അദ്ദേഹത്തിന് ദീർഘായുസ് കൊടുക്കാൻ ദൈവത്തോട് പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു. നന്ദി. നമസ്കാരം.



മറുപടി പ്രസംഗം

വീഡിയോ കാണാൻ
QRകോഡ് സ്കാൻ ചെയ്യുക

### ശ്രീ. കെ. എം. മാണി

സർ, ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാന്യനായ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളും എന്നെപ്പറ്റി പറഞ്ഞ നല്ല വാക്കുകൾക്ക് എന്റെ ഹൃദയംഗമമായ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു. ബഹുമാന്യനായ മുഖ്യമന്ത്രി കലവറയില്ലാതെ എന്നെ അഭിനന്ദിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ വിശാല മനസ്കതയ്ക്കുമുമ്പിൽ ഞാൻ നമോവാകം ചെയ്യുന്നു. ഇപ്പോഴാണ് എനിക്ക് മനസ്സിലായത്, നമ്മൾ ശത്രുക്കളെന്ന് കരുതുന്ന പലയാളുകളും നമ്മുടെ മിത്രങ്ങളാണെന്ന്. ശ്രീ. പി. സി. ജോർജ് ഒരിക്കലും എന്റെ ശത്രുവല്ല. ഞാൻ എപ്പോഴും ജോർജിനെ എന്റെ അനുജനായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. എനിക്ക് ആരോടും ഒരു വിരോധവുമില്ല. ഞാൻ അങ്ങനെ ചിന്തിച്ചിട്ടുമില്ല. ആരെയും എന്റെ വിരോധികളായി ഞാൻ കരുതുന്നില്ല. എല്ലാവരോടും സ്നേഹം പങ്കിടുന്നു. ജോർജിനോടും അതുപോലെതന്നെയാണ്. കഴിഞ്ഞ 13 തെരഞ്ഞെടുപ്പുകളിൽ തുടരെത്തുടരെ എന്നെ ഒരേ നിയോജകമണ്ഡലത്തിൽനിന്നും വിജയിപ്പിച്ച പാലായിലെ എന്റെ പ്രിയപ്പെട്ട സമ്മതിദായകരെ സ്മരിക്കാതെ പോകുന്നത് ശരിയാണെന്ന് തോന്നുന്നില്ല. അവരോടുള്ള എന്റെ നിസ്സീമമായ കടപ്പാടും നന്ദിയും ഞാൻ ഈ നിയമസഭാതലത്തിൽ പ്രകടിപ്പിക്കുകയാണ്. പ്രഗത്ഭരായ ഇ.എം. എസ്.-നോടും സി. എച്ച്. മുഹമ്മദ്കോയയോടുമൊപ്പം ഈ നിയമസഭയിൽ പ്രവർത്തിക്കാൻ കഴിഞ്ഞുവെന്നത് വലിയൊരു കാര്യമാണ്. സി. അച്ചുതമേനോൻ, ഇ. കെ. നായനാർ, കെ. കരുണാകരൻ, പി. കെ. വാസുദേവൻ നായർ, എ. കെ. ആന്റണി, ഉമ്മൻ ചാണ്ടി എന്നീ പ്രഗത്ഭരായ ഭരണകർത്താക്കളുടെ മന്ത്രിസഭയിൽ ഒരുമിച്ച് പ്രവർത്തിക്കാൻ കഴിഞ്ഞത് വലിയൊരനുഭവമായി ഞാൻ കരുതുകയാണ്. അവർ എനിക്ക് പകർന്നുനൽകിയ പ്രോത്സാഹനം വളരെ നന്ദിയോടുകൂടി ഞാൻ സ്മരിക്കുകയാണ്. ഞാൻ ഈ 50 വർഷവും ഒരു രാഷ്ട്രീയ വിദ്യാർത്ഥിയെപ്പോലെ വായിച്ചും പഠിച്ചും നിയമസഭാ നടപടികൾ കണ്ടും കേട്ടും വളർന്നുവരികയാണുണ്ടായത്. ഒരു നിയമസഭാ സാമാജികന്റെ കൃത്യനിർവ്വഹണത്തിനപ്പുറം എനിക്ക് ചാരിതാർത്ഥ്യമുള്ളത്, ഞാൻ ഒരു വ്യക്തിയെപ്പോലും നൊമ്പരപ്പെടുത്തിയിട്ടില്ല, തൊട്ടുനോവിച്ചിട്ടില്ല എന്നതാണ്. ഒരാളെപ്പോലും വ്യക്തിപരമായി ആക്ഷേപിക്കുവാൻ ഞാൻ ഈ സഭാതലം ഒരിക്കലും ഉപയോഗിച്ചിട്ടില്ലെന്നുള്ളതിൽ എനിക്ക് വലിയ ചാരിതാർത്ഥ്യമാണ്. ബഹുമാനപ്പെട്ട സ്പീക്കർക്കും മുഖ്യമന്ത്രിക്കും പ്രതിപക്ഷ നേതാവിനും കക്ഷിനേതാക്കൾക്കുമെല്ലാമുള്ള നന്ദി ഞാൻ ഒരിക്കൽക്കൂടി പ്രകാശിപ്പിച്ചുകൊള്ളുന്നു. നിങ്ങളുടെ എല്ലാവരുടെയും അനുഗ്രഹം എനിക്കുണ്ടാകണമെന്ന് വീണ്ടും ഞാൻ പ്രാർത്ഥിക്കുന്നു. നമസ്കാരം.

(കേരള നിയമസഭാ നടപടികൾ 15.03.2017)



# ഒരു രാഷ്ട്രീയകാലം കടന്നു പോകുന്നു

## കെ.എം. മാണിക്ക് ആദരാഞ്ജലി

**(മലയാള മനോരമ 10.4.2019)**

കേരളം കണ്ട ഏറ്റവും കരുത്തുള്ള നായകരിലൊരാൾ യാത്രയാവുകയാണ്. വേറിട്ട ഒരു രാഷ്ട്രീയ കാലത്തിനു കെ.എം. മാണിയുടെ വിയോഗത്തോടെ തിരശ്ശീല വീഴുന്നു.

മുഖ്യമായും മധ്യതിരുവിതാംകൂറിൽ ഒതുങ്ങിപ്പോകുമായിരുന്ന ഒരു കക്ഷിയെ ശ്രദ്ധയും തന്ത്രവും ബുദ്ധിയും കൊണ്ടുള്ള കരുനീക്കങ്ങളിലൂടെ അദ്ദേഹം സംസ്ഥാന രാഷ്ട്രീയത്തിലെ അവിഭാജ്യ ഘടകമാക്കി. കാറ്റിലും കോളിലും കരുത്തുള്ള കപ്പിത്താനായി തന്റെ പാർട്ടിയെ നയിച്ചു. കരയ്ക്കടുപ്പിച്ചു; മിക്കപ്പോഴും വിജയം കൊയ്തു.

ജനമനസ്സായിരുന്നു അദ്ദേഹത്തിന്റെ നിക്ഷേപം. സ്നേഹംകൊണ്ടും കരുതൽ കൊണ്ടും കെ.എം. മാണി തനിക്കൊപ്പമുള്ളവരുടെ മനസ്സു കവർന്നു. ഇതിനു കണ്ടെത്തിയ വഴിയാകട്ടെ അദ്ദേഹത്തിന്റേതു മാത്രമായിരുന്നു. പൂർവ മാതൃകകളില്ലാതെ അദ്ദേഹം കേരള രാഷ്ട്രീയത്തിന്റെ സങ്കീർണമായ അരങ്ങിൽ ആടിത്തിമർത്തു. കൃത്യമായ ലക്ഷ്യബോധവും ഇച്ഛാശക്തിയും അദ്ദേഹത്തെ, കെ. കരുണാകരനെപ്പോലെ കേരള രാഷ്ട്രീയത്തിലെ ഭീഷ്മാചാര്യർ എന്ന വിശേഷണത്തിന് ഒരളവോളം അർഹനാക്കി. തന്നെയും തന്റെ പാർട്ടിയെയും അവഗണിക്കാനാവാത്ത ശക്തിയാക്കി മാറ്റിയടുത്തതിനു പിന്നിൽ മാണി അനുഭവിച്ച ക്ലേശം ചെറുതായിരുന്നില്ലതാനും.

പാലായിലിരുന്നാണ് അദ്ദേഹം കേരള രാഷ്ട്രീയത്തിലെ ജയവഴികളൊരുക്കിയത്. മറ്റു ജനപ്രതിനിധികൾക്ക് അപ്രാപ്യമായ ചരിത്രം മാണി പാലായിൽ എഴുതിച്ചേർത്തു. ഒരു മണ്ഡലം രൂപീകരിച്ച നാൾമുതൽ വിജയിക്കുക! കേരളമാകെ 'ഇടതുകാറ്റ്' ആഞ്ഞുവീശിയപ്പോഴും കുലുങ്ങാതെ മാണി പറഞ്ഞു "പാലാക്കാർ എന്നെ കൈവിടില്ല. ആരൊക്കെ എന്തൊക്കെപ്പറഞ്ഞാലും എക്സിറ്റ് പോൾ ഫലം എതിരായി വന്നാലും എനിക്കതൊരു പ്രശ്നമല്ല....!" പാലാ ഓരോ തവണയും തന്നോടു കൂറു പുലർത്തുമെന്ന് അദ്ദേഹത്തിന് ഉറപ്പായിരുന്നു.

സംസ്ഥാന സർക്കാരിൽ കെ.എം. മാണി കൈകാര്യം ചെയ്യാത്ത വകുപ്പുകൾ അധികമൊന്നുമുണ്ടാവില്ല. ധനകാര്യം, ആഭ്യന്തരം, റവന്യൂ, ജലസേചനം, നിയമം, ഭവനം, വൈദ്യുതി തുടങ്ങി വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യുമ്പോഴൊക്കെ വ്യക്തമായി പഠിച്ചും ജനഹിതം നോക്കിയും അദ്ദേഹം നവപദ്ധതികൾ ആസൂത്രണം ചെയ്തു. എങ്ങനെ മികച്ച നിയമസഭാംഗമാകാമെന്നു പുതുമുറക്കാരെ പഠിപ്പിച്ചു. കർഷകരെ മനസ്സിൽ കണ്ടു രൂപം നൽകിയ അധ്വാനവർഗ സിദ്ധാന്തത്തിനു പൊതുസ്വീകാര്യത നേടിയെടുത്തു.

എത്രയോ റെക്കോർഡുകൾ സ്വന്തം പേരിലെഴുതിച്ചേർത്താണ് ഈ അതികായൻ യാത്ര പറയുന്നത്. ആദ്യവിജയത്തിനു ശേഷം തുടർ വിജയങ്ങളിലൂടെ 50 വർഷം തികച്ച കേരളത്തിലെ ആദ്യ നിയമസഭാംഗമാണ് അദ്ദേഹം. കേരളത്തിൽ ഏറ്റവും കൂടുതൽ കാലം മന്ത്രിസ്ഥാനം വഹിച്ചതും (24 വർഷം) ഏറ്റവും കൂടുതൽ മന്ത്രിസഭകളിൽ(12) അംഗമായതും മാണിതന്നെ. ഏറ്റവും കൂടുതൽ നിയമസഭകളിൽ മന്ത്രി (ഏഴ്), കൂടുതൽ ബജറ്റ് (13) അവതരിപ്പിച്ച ധനമന്ത്രി, ഏറ്റവും കൂടുതൽ കാലം ധനവകുപ്പും (12 വർഷം) നിയമവകുപ്പും (21 വർഷം)കൈകാര്യം ചെയ്ത മന്ത്രി, ഒരേമണ്ഡലത്തിൽ നിന്ന് (പാലാ), ഏറ്റവും കൂടുതൽ തവണ ജയിച്ച എം.എൽ.എ. തുടങ്ങിയ റെക്കോഡുകളും മാണിക്കു സ്വന്തം. ഇന്ത്യയിലെ ധനമന്ത്രിമാരുടെ ഉന്നതാധികാര സമിതി അധ്യക്ഷ സ്ഥാനവും അദ്ദേഹത്തെ തേടിയെത്തി.

വാക്കിലും നോക്കിലും നടപ്പിലും ഉടുപ്പിലും എപ്പോഴും തനതു ശൈലി സൂക്ഷിച്ചു. അഭിഭാഷകനായി തുടരാനായിരുന്നു മോഹമെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്; ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യാൻ കഴിയാതിരുന്നതിൽ വലിയ ദുഃഖമുണ്ടെന്നും. അഭിമുഖങ്ങളിൽ എപ്പോഴും അജയ്യനായിരുന്നു. എത്രയോ രാഷ്ട്രീയ റെക്കോർഡുകളിട്ടയാൾക്ക് മുഖ്യമന്ത്രിയാകാൻ സാധിക്കാതിരുന്നതിൽ സങ്കടമുണ്ടോ എന്ന ചോദ്യത്തിന് മറുപടി തന്നെ അതിന്റെ ലക്ഷണമൊത്ത ഉദാഹരണം "മുഖ്യമന്ത്രിയാകണമെന്നു മോഹമൊന്നുമില്ല. ആകരുതെന്നുമില്ല." വിവാദങ്ങളും ആരോപണങ്ങളും ഉണ്ടായപ്പോഴും അക്ഷോഭ്യമായി നിൽക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ രീതി.

കെ.എം. മാണിയുടെ രാഷ്ട്രീയ വഴികളോടു വിയോജിക്കുന്നവർക്കുപോലും കേരളത്തിന്റെ വികസന ചരിത്രത്തിൽ അദ്ദേഹം പതിച്ച കൈയ്യൊപ്പുകൾ വിസ്മരിക്കാനാവില്ല. സ്വന്തം രാഷ്ട്രീയ ജീവിതത്തെയും കാലത്തെയും അർത്ഥഭരിതമാക്കിയ ആ വലിയ നേതാവിന് ഞങ്ങളുടെ ഹൃദയാഞ്ജലി.

# ജനപ്രിയ ജനനായകൻ

(മാതൃഭൂമി 10.04.2019)

കേരള രാഷ്ട്രീയത്തിന്റെ പൂമുഖത്ത് ആ കട്ടിമീശയും നിറഞ്ഞ ചിരിയും ഇനിയില്ല. എന്തിലും ഏതിലും അപൂർവതകളുടെ കിരീടം ചാർത്തി ആൽമരംപോലെ പടർന്നു പന്തലിച്ച കെ.എം.മാണിയെന്ന രാഷ്ട്രീയ ജീവിതത്തിന് തിരശ്ശീല. സമാനതകളില്ലാത്ത നേട്ടങ്ങളുടെ തൂവൽകൊണ്ട് അലങ്കരിക്കപ്പെട്ട ധന്യമായ 86 വർഷത്തിന്റെ ഒരു യുഗം കഴിഞ്ഞിരിക്കുന്നു.

'അധ്വാനവർഗസിദ്ധാന്തം' എന്ന സ്വന്തം പ്രത്യയശാസ്ത്രം രചിച്ച് അതിനെ പ്രാദേശികപാർട്ടികളുടെ മാഗ്നാകാർട്ടയാക്കി മാറ്റിയ വൈഭവം. വളരുന്തോറും പിളരുകയും പിളരുന്തോറും വളരുകയും ചെയ്യുന്ന പാർട്ടിയെന്ന് കേരള കോൺഗ്രസ് രാഷ്ട്രീയത്തെ നർമത്തോടെ വരച്ചിട്ട് വിമർശനത്തെ നേരിട്ട പ്രഭാവം. കൃഷിക്കാരന്റെ കണ്ണീരുറഞ്ഞ ഫയലുകളിൽ നിന്ന് പരിഹാരങ്ങളെ നിർധാരണം ചെയ്ത ഗണിതപാടവം. പതിമൂന്ന് ബജറ്റുകളിലൂടെയും എണ്ണം പറഞ്ഞ പദ്ധതികളിലൂടെയും കർഷകന്റെ ജീവിതപ്രശ്നങ്ങൾക്ക് ആശ്വാസം പകർന്നതാണ് മാണിയുടെ വിജയത്തിന്റെ കൈവളം. ദേശീയകക്ഷികൾ എന്നും രണ്ടാം പട്ടികയിൽ വെച്ച കുടിയേറ്റകാരന്റെയും കൃഷിക്കാരന്റെയും പ്രതിനിധിയായി സ്വയം അവതരിച്ച് അദ്ദേഹം കെ.എം.ജോർജിന്റെ പിൻഗാമിയായി. ആ രാഷ്ട്രീയത്തിൽ പി.ടി.ചാക്കോയുടെ വീക്ഷണവും എ.കെ.ജി.യുടെ കാരുണ്യഭാവവും ചാലിച്ചുചേർത്തു. റബ്ബറിന്റെ രാഷ്ട്രീയമെന്ന് പരിഹസിച്ചവർ പോലും അസാധാരണമായ ഈ പ്രായോഗിക കൂട്ടറിയാൻ വിഷമിച്ചു. ആ ജൈത്രയാത്രയെ തളർത്താൻ ആരോപണങ്ങളുടെ കൂരമ്പുകൾക്കും കഴിഞ്ഞില്ല. പാർട്ടിക്കുള്ളിലും കൂട്ടുകക്ഷികളിലും ഇണങ്ങിയും പിണങ്ങിയും തീർത്ത രാഷ്ട്രീയ ബാന്ധവങ്ങൾ മനസ്സിലാക്കാൻ എതിരാളികൾ പണിപ്പെട്ടു. പിണങ്ങി നിന്നവരോടും ഒരു സുപ്രഭാതത്തിൽ ഇഷ്ടം കൂടി അദ്ദേഹം അവരെ അമ്പരപ്പിച്ചു.

1965-ൽ പാലാ നിയോജകമണ്ഡലം രൂപവത്ക്കരിച്ചപ്പോൾ മുതൽ അവിടെ മറ്റൊരു ജനപ്രതിനിധിയില്ല. ഒരു മണ്ഡലത്തെ ഇത്രയേറെ നാൾ പ്രതിനിധാനം ചെയ്തത് അപൂർവതയാണ്. പാലായെന്നാൽ മാണിയും മാണിയെന്നാൽ പാലായുമെന്ന പാരസ്പര്യം നിയമസഭയിൽ നിറഞ്ഞത് 54 വർഷം. സംസ്ഥാനത്ത് കൂടുതൽ കാലം മന്ത്രിയായിരുന്നതിന്റെ റെക്കോഡും മാണിക്കു സ്വന്തം. പല തവണയായി 24 വർഷം വിവിധ വകുപ്പുകൾ കൈകാര്യം ചെയ്തു.

1933 ജനുവരി 30-ന് മരങ്ങാട്ടുപിള്ളി കരിങ്ങോഴയ്ക്കൽ തോമസ് മാണിയുടെയും ഏലിയാമ്മയുടെയും മകനായി ജനിച്ച മാണി അഭിഭാഷകനായിരിക്കേയാണ് കോൺഗ്രസ് രാഷ്ട്രീയത്തിൽ പ്രവേശിക്കുന്നത്. പാലായിലെ സ്വകാര്യ ബസുകളിൽ സഞ്ചരിച്ചിരുന്ന അദ്ദേഹം ജനകീയ പ്രശ്നങ്ങൾ കൂടുതൽ അടുത്തറിയുന്നത് അക്കാലത്താണ്. കോൺഗ്രസിന്റെ വാർഡുതല പ്രവർത്തകനായി തുടങ്ങിയ മാണി പിന്നീട് ഡി.സി.സി. സെക്രട്ടറിയായി. കേരള കോൺഗ്രസ് പിറന്നപ്പോൾ തന്റെ രാഷ്ട്രീയ ആദർശങ്ങളുമായി ചേരുന്ന കെ.എം. ജോർജിന്റെ പ്രിയ സഹചാരിയായി. ഇ.എം.എസും കെ. കരുണാകരനും എ.കെ. ആന്റണിയും ഇ.കെ.നായനാരുമൊക്കെ കേരളരാഷ്ട്രീയത്തിന്റെ വിധി നിർണയിച്ച കാലങ്ങളിൽ അവരുടെ നിരയിലേക്ക് മാണിയും കടന്നിരുന്നു. നിയമസഭയിൽ നിരന്തരം ചോദ്യങ്ങളെറിഞ്ഞ് ശ്രദ്ധ നേടി. നിയമങ്ങളുടെ തലനാരിഴകീറി വ്യാഖ്യാനിക്കുന്ന പണ്ഡിതനായി. ധനമന്ത്രിയായിരിക്കേ ബജറ്റുകളുടെ മാന്ത്രിക പ്രഭാവം കൊണ്ടും ശ്രദ്ധനേടി. പട്ടയം ജന്മാവകാശം എന്നു പറഞ്ഞ മാണി കാരുണ്യ ലോട്ടറികൊണ്ട് രോഗികൾക്ക് സാന്ത്വനവും പകർന്നു. ആർ.ബാലകൃഷ്ണപിള്ളയും പി.ജെ.ജോസഫും ടി.എം. ജേക്കബുമൊക്കെച്ചേർന്ന് കേരള കോൺഗ്രസ് രാഷ്ട്രീയത്തിന്റെ ബലാബലങ്ങളിൽ കക്ഷിയായപ്പോഴും കെ.എം.മാണി അവർക്കെല്ലാം പ്രിയപ്പെട്ടവനായിരുന്നു. ഇടത്, വലത് മുന്നണികളിലായി മന്ത്രിസ്ഥാനം വഹിക്കുമ്പോഴും കൃഷിക്കാരുടെ പ്രിയപ്പെട്ടവനായി. ഒരിക്കൽ പരിചയപ്പെട്ട മനുഷ്യനെ പിന്നീടൊരിക്കൽ കാണുമ്പോൾ പേരെടുത്തു വിളിച്ചിരുന്ന സ്നേഹം അധികാരത്തിന്റെ അകമ്പടിക്കാലത്തും അദ്ദേഹം തുടർന്നു. മാണിസാർ എന്ന പാർട്ടി ചെയർമാൻ ജനമനസ്സുകളിലെ കസേരയിൽ നിന്ന് ഒരിക്കലും ഒഴിയുന്നില്ല. നിത്യം ധരിച്ചിരുന്ന ഖദർ ജുബ്ബയുടെ വെണ്മ ജീവിതത്തിലും നിലനിർത്തിയ കെ.എം. മാണിക്ക് സമാനമായി അദ്ദേഹം മാത്രം.



കെ.എം. മാണിയുടെ നിര്യാണം: മുഖപ്രസംഗങ്ങൾ



# ഒരു യുഗാന്ത്യം

(കേരളകൗമുദി 10.04.2019)

കേരള രാഷ്ട്രീയത്തിലെ അതികായനും കേരള കോൺഗ്രസ് പാർട്ടി ചെയർമാനുമായ കെ.എം. മാണിയുടെ വിയോഗത്തിലൂടെ ജനാധിപത്യ കേരളത്തിലെ സംഭവബഹുലമായ ഒരു യുഗത്തിനാണ് അന്ത്യമാകുന്നത്. മന്ത്രിയെന്ന നിലയിലും എം.എൽ.എ.യെന്ന നിലയിലും ഭേദിക്കാനാകാത്ത റെക്കാഡുകൾ സൃഷ്ടിച്ച കരിങ്ങോഴയ്ക്കൽ മാണി മാണി എന്ന കെ.എം. മാണി യാത്രയാകുമ്പോൾ പ്രായോഗിക രാഷ്ട്രീയത്തിൽ മായാത്ത വ്യക്തിമുദ്രപതിപ്പിച്ച ഒരു നേതാവിനെയാണ് കേരളത്തിന് നഷ്ടമാകുന്നത്.





പ്രതിസന്ധികളും വിവാദങ്ങളും എന്നും ഒപ്പമുണ്ടായിരുന്നെങ്കിലും ഇതിഹാസ സമാനമായ പൊതുപ്രവർത്തനത്തിലൂടെയാണ് കേരള രാഷ്ട്രീയത്തിലെ വൻമരങ്ങളിലൊന്നായി കെ.എം. മാണി പടർന്നു പന്തലിച്ചത്. കേരള കോൺഗ്രസ് എന്ന താരതമ്യേന ചെറിയ രാഷ്ട്രീയ പാർട്ടിയെ കേരളത്തിലെ മുന്നണി രാഷ്ട്രീയത്തിന് ഒരുപോലെ സ്വീകാര്യമാക്കി നിലനിറുത്തുന്നതിൽ കെ.എം. മാണിയെന്ന രാഷ്ട്രീയ നേതാവിന്റെ പങ്ക് ചെറുതൊന്നുമല്ല. കഴിഞ്ഞ യു.ഡി.എഫ്. മന്ത്രിസഭയുടെ കാലത്ത് ബാർകോഴ വിവാദത്തെ തുടർന്ന് മന്ത്രിസ്ഥാനം രാജിവച്ച് മാണി യു.ഡി.എഫ്. വിട്ടപ്പോൾ അദ്ദേഹത്തേയും പാർട്ടിയേയും ഒപ്പം നിറുത്താൻ ആരൊക്കെ ശ്രമിച്ചുവെന്നത് കേരള രാഷ്ട്രീയത്തിലെ പരസ്യമായ രഹസ്യമാണ്. തുടർന്ന് അതേ മുന്നണിയിൽ ഇടവേളയ്ക്കുശേഷം മാണി തിരിച്ചെത്തിയത് ലോക് സഭാംഗമായ മകന് രാജ്യസഭാംഗത്വം നേടിക്കൊടുത്തുകൊണ്ടായിരുന്നു. മാണിയെന്ന തന്ത്രശാലിയായ രാഷ്ട്രീയ നേതാവിനെ തിരിച്ചറിയാൻ ഈ ചെറിയ ഉദാഹരണം മാത്രം മതിയാകും.

വമ്പൻമാർ കേരള രാഷ്ട്രീയം അടക്കിവാണ കാലഘട്ടത്തിലാണ് കെ.എം. മാണി അവർക്കിടയിൽ സ്വന്തം പാത വെട്ടിത്തെളിച്ച് ഒരു പ്രസ്ഥാനമായി വളർന്നത്. നിയമസഭയിലെ അംഗസംഖ്യ എന്തുതന്നെയായാലും ആർക്കും അവഗണിക്കാനാവാത്ത നേതാവായി മാണിയും അദ്ദേഹത്തിന്റെ പാർട്ടിയും മാറി. സ്വന്തം പാർട്ടി പലതവണ പിളർന്നപ്പോൾ വളരുന്തോറും പിളരുകയും പിളരുന്തോറും വളരുകയും ചെയ്യുന്ന പാർട്ടിയാണ് കേരള കോൺഗ്രസ് എന്ന് മാണി നടത്തിയ പരാമർശം പിന്നീട് കേരളകോൺഗ്രസ് രാഷ്ട്രീയത്തിലെ തന്നെ ഒരു ചൊല്ലായി മാറി. പാർട്ടി എപ്പോൾ പിളർന്നാലും ആ പ്രസ്ഥാനത്തിലെ ഏറ്റവും വ്യക്തി പ്രഭാവമുള്ള നേതാവ് എന്നും കെ.എം. മാണി തന്നെയായിരുന്നു. ആജ്ഞാശക്തിയുള്ള രാഷ്ട്രീയ സ്വരമായിരുന്നു മാണിയുടേത്. പ്രതിപക്ഷത്തായാലും ഭരണപക്ഷത്തായാലും ആ ശബ്ദം എന്നും ഉയർന്നു നിന്നു. മലയോര കർഷകരുടെ അനിഷേധ്യ നേതാവായ മാണി മദ്ധ്യ കേരളത്തിലെ രാഷ്ട്രീയത്തെ തന്റെ വരുതിയിൽ നിർത്താൻ പ്രായോഗിക രാഷ്ട്രീയത്തിന്റെ അടവുകൾ ഒന്നൊന്നായി പ്രയോഗിച്ചു.

അഭിഭാഷകനായിട്ടാണ് മാണി പൊതുജീവിതം ആരംഭിച്ചത്. തുടർന്ന് കോൺഗ്രസിൽ സജീവമായി. കെ.എം. ജോർജിന്റെ നേതൃത്വത്തിൽ കോൺഗ്രസ് വിട്ട് പുതുതായി രൂപീകരിച്ച കേരളകോൺഗ്രസിലേക്ക് അധികം വൈകാതെ മാണിയുമെത്തി. ആർക്കും ഭൂരിപക്ഷമില്ലാതിരുന്ന 1965 ലെ തിരഞ്ഞെടുപ്പിലാണ് മാണി പാലായിൽ നിന്ന് നിയമസഭയിലേക്ക് ആദ്യമായി തിരഞ്ഞെടുക്കപ്പെടുന്നത്. ലോക പാർലമെന്ററി ചരിത്രത്തിൽത്തന്നെ ഇടം നേടുംവിധം പിന്നീട് തുടർച്ചയായി മാണി പാലാ മണ്ഡലത്തെ പ്രതിനിധീകരിച്ചു. 54 വർഷമായി റെക്കാഡോടെ നിയമസഭാംഗമായിതുടർന്ന മാണി ഈ കാലയളവിൽ ഇടതു വലത് ചേരികൾ മാറുകയും ഇരു പക്ഷത്തും മന്ത്രിയായി പ്രവർത്തിക്കുകയും ചെയ്തു. കേരളത്തിൽ ഏറ്റവും കൂടുതൽ കാലം മന്ത്രിയായി മാണി ആഭ്യന്തരം, ധനകാര്യം, റവന്യൂ, നിയമം, നഗരവികസനം, ഭവനനിർമ്മാണം, ജലസേചനം, ഇൻഫർമേഷൻ എന്നീ വകുപ്പുകൾ വിവിധഘട്ടങ്ങളിലായി കൈകാര്യം ചെയ്തു. മന്ത്രിയെന്ന നിലയിൽ മാണിയുടെ സംഭാവനകൾ വിപുലമാണ്. കർഷകക്ഷേമത്തിലൂന്നിയ പലപദ്ധതികൾക്കും പ്രാരംഭം കുറിച്ച മാണിക്ക് കർഷകത്തൊഴിലാളി പെൻഷൻ നടപ്പിലാക്കാനും അവസരം ലഭിച്ചു. നിർദ്ധനരായ രോഗികൾക്ക് വലിയ ആശ്വാസമായി മാറിയ കാരുണ്യ ലോട്ടറി മാണിയുടെ എന്നെന്നും ഓർമ്മിക്കുന്ന സംഭാവനയാണ്.

സംസ്ഥാനത്ത് ഏറ്റവുമധികം തവണ ബഡ്ജറ്റ് അവതരിപ്പിച്ച ധനകാര്യ മന്ത്രിയെന്ന കീർത്തിയും മാണിക്കവകാശപ്പെട്ടതാണ്. 13 തവണ. ഇതിൽ തുടർച്ചയായി ഏഴ് ബഡ്ജറ്റ് അവതരിപ്പിച്ചുവെന്ന ഖ്യാതിയും നേടി. തന്റെ പതിമൂന്നാമത്തെ ബഡ്ജറ്റ് മാണി അവതരിപ്പിച്ചത് കേരള നിയമസഭ കണ്ട ഏറ്റവും നിർഭാഗ്യകരമായ പ്രതിഷേധങ്ങൾക്കു നടുവിലായിരുന്നു.

ബുദ്ധിജീവി നാട്യങ്ങളോ കൃത്രിമശൈലികളോ പുലർത്താതെ നിത്യജീവിതത്തിലെ സംഭവവികാസങ്ങളെ സന്ദർഭോചിതമായി നേരിടുന്നതിൽ മാണിക്ക് അസാധാരണമായ പാടവമുണ്ടായിരുന്നു. കമ്മ്യൂണിസ്റ്റ് സൈദ്ധാന്തികർക്കു മുന്നിൽ സ്വന്തം തത്വശാസ്ത്രമെന്നോണം മാണി അവതരിപ്പിച്ച അദ്ധ്വാനവർഗ സിദ്ധാന്തം വലിയ ചർച്ചയായി മാറ്റാനും, ആഗോളവേദിയിൽപ്പോലും അവതരിപ്പിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു.

പാല കെ.എം. മാണിയുടെ ഹൃദയമായിരുന്നു. എന്നും വികാരവായ്പോടെ മാത്രമേ മാണി സ്വന്തം മണ്ഡലത്തെക്കുറിച്ച് സംസാരിച്ചിട്ടുള്ളൂ. പാലാക്കാർ എല്ലാ പ്രതിസന്ധികളിലും മാണിക്കൊപ്പം നിന്നു. മാണിസാർ എന്ന് സ്നേഹത്തോടെ വിളിച്ചു. ഭാര്യ കുട്ടിയമ്മയുമൊത്തുള്ള മാണിയുടെ സ്നേഹപൂർണമായ ദാമ്പത്യജീവിതം ആറുപതിറ്റാണ്ട് പിന്നിട്ടു. എന്നും അദ്ദേഹത്തിന്റെ നിഴലായി കുട്ടിയമ്മ നിലകൊണ്ടു.

കക്ഷിരാഷ്ട്രീയത്തിന്റെ ഇടുങ്ങിയ ചിന്താഗതികൾക്കതീതമായി ഉയർന്ന് കേരളീയ ജീവിതത്തെ ആഴത്തിൽ അറിയുകയും എല്ലാ വിഭാഗം ജനങ്ങളുടെയും ആദരവും സ്നേഹവും ആർജ്ജിച്ചെടുക്കുകയും ചെയ്ത മാണി സദാ കർമ്മനിരതനായിരുന്നു. എല്ലാ വെല്ലുവിളികളെയും പുഞ്ചിരിയോടെ നേരിടുകയും, പ്രതിസന്ധികളിൽ തളരാതെ തല ഉയർത്തി നിൽക്കുകയും ചെയ്ത വലിയ നേതാവായിരുന്നു അദ്ദേഹം. കേരളകൗമുദിയെ സംബന്ധിച്ചിടത്തോളം ഞങ്ങളുടെ ആത്മമിത്രത്തെയും അഭ്യുദയകാംക്ഷിയെയുമാണ് നഷ്ടമായിരിക്കുന്നത്. അദ്ദേഹത്തിന്റെ കുടുംബാഗംങ്ങളുടെയും, സഹപ്രവർത്തകരുടെയും, അനുയായികളുടെയും തീരാദുഖത്തിൽ ഞങ്ങളും പങ്കുചേരുന്നു.

കേരള നിയമസഭ
കെ.എം.മാണി
ധന്യസ്മൃതി



മാത്യു ടി. തോമസ്, വി.ശശി, ഡോ.കെ.ടി. ജലീൽ, കെ.എം. മാണി



കെ.സി. ജോസഫ്, കെ.എം. മാണി






കെ.എം. മാണിയുടെ പൂർണ്ണകായ പ്രതിമ പാലായിൽ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ അനാച്ഛാദനം നിർവ്വഹിച്ചപ്പോൾ (24.02.21)



കേരള നിയമസഭ
കെ.എം.മാണി ധന്യസ്മൃതി



കെ.എം. മാണി അനുസ്മരണത്തിൽ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ, ജോസ് കെ മാണി



# കെ. എം. മാണിയുടെ നിര്യാണം

## നിയമസഭയുടെ ചരമോപചാരം

(27.05.2019)

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**
സ്പീക്കർ, കേരള നിയമസഭ

കേരള കോൺഗ്രസ് (എം) ചെയർമാനും പാലാ നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന എം.എൽ.എ.-യുമായ കെ. എം. മാണി 09-04-2019-ന് അന്തരിച്ചു. ഏറെ നാളായി ചികിത്സയിലായിരുന്നെങ്കിലും ഇക്കഴിഞ്ഞ പതിനാലാം സമ്മേളനത്തിലും മാണിസാർ നിയമസഭാ പ്രവർത്തനങ്ങളിൽ സജീവമായിരുന്നു.

1933 ജനുവരി 30-ന് കോട്ടയം മരങ്ങാട്ടുപിള്ളി കരിങ്ങോഴക്കൽ തോമസ് മാണിയുടെയും ഏലിയാമ്മയുടെയും മകനായി കെ. എം. മാണി ജനിച്ചു. സ്വന്തം നാട്ടിലെ സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം തൃശിനാപള്ളി സെന്റ് ജോസഫ്, തേവര സേക്രഡ് ഹാർട്ട് എന്നീ കോളേജുകളിലായി സർവ്വകലാശാല വിദ്യാഭ്യാസം പൂർത്തിയാക്കി. മദ്രാസ് ലോ കോളേജിൽ നിന്ന് 1955-ൽ നിയമബിരുദം നേടി. മദ്രാസ് ഹൈക്കോടതിയിൽ അഭിഭാഷകനായി 1956-ൽ എൻറോൾ ചെയ്തു. തുടർന്ന് കോഴിക്കോട് ജില്ലാ കോടതി, കോട്ടയം ജില്ലാ കോടതി, പാലാ സബ് കോടതി എന്നിവിടങ്ങളിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്തു. 1958-ൽ കോൺഗ്രസ് മരങ്ങാട്ടുപിള്ളി വാർഡ് കമ്മിറ്റി പ്രസിഡന്റായി രാഷ്ട്രീയ ജീവിതം ആരംഭിച്ച അദ്ദേഹം കോട്ടയം ഡി.സി.സി. ജനറൽ സെക്രട്ടറി, കെ.പി.സി.സി. അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. 1964-ൽ കെ. എം. ജോർജിന്റെ നേതൃത്വത്തിൽ ഒരു വിഭാഗം കോൺഗ്രസ് വിട്ട് കേരള കോൺഗ്രസ് രൂപീകരിച്ചപ്പോൾ അതിൽ അംഗമായി. പിന്നീട് കേരള കോൺഗ്രസിന്റെ നേതൃനിരയിലേയ്ക്കുയർന്ന കെ.എം. മാണി 1979-ൽ പാർട്ടിയിലുണ്ടായ ചേരിതിരിവിനെത്തുടർന്ന് കേരള കോൺഗ്രസ് (എം) രൂപീകരിക്കുകയും അന്നുമുതൽ പാർട്ടിയുടെ ചെയർമാനായി പ്രവർത്തിച്ചു വരികയുമായിരുന്നു. 1965-ൽ പാലാ നിയോജകമണ്ഡലം രൂപീകരിച്ചതിനെത്തുടർന്ന് ആദ്യമായി പാലായിൽനിന്നും നിയമസഭാംഗമായി. തുടർന്നിങ്ങോട്ട് 13 തവണ പാലായിൽനിന്നും നിയമസഭാംഗമായി തെരഞ്ഞെടുക്കപ്പെട്ടു. മാണിസാറിന്റെ നിയമസഭയിലെ കന്നി പ്രസംഗം 1967-ലായിരുന്നു. 1975-ൽ സി. അച്യുതമേനോൻ



മന്ത്രിസഭയിൽ ധനകാര്യ വകുപ്പിന്റെ ചുമതലയുള്ള മന്ത്രിയായി. 1976-ൽ ആദ്യമായി ബജറ്റ് അവതരിപ്പിച്ചു. കേരള നിയമസഭയിൽ ഏറ്റവും കൂടുതൽ കാലം സാമാജികനായിരുന്ന വ്യക്തി, സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കാലം (25 വർഷം) മന്ത്രിയായിരുന്ന വ്യക്തി, ഏറ്റവുമധികം ബജറ്റുകൾ അവതരിപ്പിച്ച ധനകാര്യ വകുപ്പുമന്ത്രി (13 തവണ), ഒരു മണ്ഡലത്തെ ഏറ്റവുമധികം കാലം പ്രതിനിധാനം ചെയ്ത ജനപ്രതിനിധി (പാലായിൽനിന്ന് 13 തവണ) എന്നിങ്ങനെ അദ്ദേഹം സൃഷ്ടിച്ച റിക്കോർഡുകൾ തിരുത്തപ്പെടാൻ സാദ്ധ്യത കുറവാണ്. 2015-ൽ ഉമ്മൻ ചാണ്ടി മന്ത്രിസഭയിൽ ധനകാര്യ വകുപ്പുമന്ത്രിയായിരിക്കെ അവസാന ബജറ്റ് അവതരിപ്പിച്ചു. ധനവകുപ്പിനുപുറമെ ആഭ്യന്തരം, റവന്യൂ, വൈദ്യുതി, നിയമം, ജലസേചനം തുടങ്ങി അദ്ദേഹം കൈകാര്യം ചെയ്തിട്ടില്ലാത്ത വകുപ്പുകൾ കുറവാണ്.

സഭാസമ്മേളന ദിവസങ്ങളിൽ കൃത്യമായി ഹാജരാകുന്ന കാര്യത്തിൽ നിഷ്കർഷ പുലർത്തിയിരുന്ന അദ്ദേഹം ഏതു വിഷയവും ആഴത്തിൽ പഠിച്ചുമാത്രമേ നിയമസഭയിൽ സംസാരിക്കുമായിരുന്നുള്ളൂ. പറയാനുള്ള കാര്യങ്ങൾ സമയനിഷ്ഠയോടെ കാച്ചിക്കുറുക്കി അവതരിപ്പിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ ശേഷി സാമാജികർക്ക് ഒരു പാഠവും മാതൃകയുമാണ്. പാർലമെന്ററി നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടുതന്നെ ശക്തമായ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതിൽ അദ്ദേഹം വിജയിച്ചു. ഏറ്റവും മുതിർന്ന സാമാജികനായിരുന്നിട്ടും ഒരു വിദ്യാർത്ഥിയുടെ കൗതുകത്തോടെ സഭാ പ്രവർത്തനങ്ങളിൽ ഇടപെട്ടിരുന്ന അദ്ദേഹത്തിന്റെ പ്രവർത്തന രീതി പുതിയ സാമാജികർ മാതൃകയാക്കേണ്ടതാണ്. ഭരണഘടനാ വ്യവസ്ഥകളിലും സഭാ നടപടി ചട്ടങ്ങളിലും നിയമവശങ്ങളിലുമെല്ലാമുള്ള അവഗാഹം സഭയിൽ സമയോചിത ഇടപെടലുകൾ നടത്താൻ അദ്ദേഹത്തെ പ്രാപ്തനാക്കിയിരുന്നു. കുടിയേറ്റ കർഷകരുടെ പ്രശ്നങ്ങൾ വസ്തുതാപരമായി മനസ്സിലാക്കി അതിനനുസരിച്ചുള്ള പരിഹാരങ്ങളുണ്ടാക്കാൻ ശ്രമിച്ചതാണ് ആ മേഖലയിൽ അദ്ദേഹം ആർജ്ജിച്ച ജനപ്രീതിക്കടിസ്ഥാനമായത്. കർഷകത്തൊഴിലാളി ക്ഷേമപെൻഷനും കാരുണ്യ ലോട്ടറിയും റബ്ബർ കർഷകർക്ക് വില സ്ഥിരതാ പാക്കേജുമൊക്കെ അവതരിപ്പിക്കാൻ കഴിഞ്ഞത് അദ്ദേഹത്തിന്റെ ശ്രദ്ധേയമായ ഭരണനേട്ടങ്ങളാണ്. പൊതുപ്രവർത്തകനുള്ള വി.പി. മേനോൻ അവാർഡ്, ഇന്റർനാഷണൽ ഫ്രണ്ട്ഷിപ്പ് സൊസൈറ്റി ഓഫ് ഇൻഡ്യ അവാർഡ്, ജർമൻ മലയാളി







അസോസിയേഷൻ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. ജനക്ഷേമം ജനങ്ങളുടെ അവകാശം, കാർഷിക സമ്പദ്ഘടനയും കേരളവും, വികസനവും വിഭവശേഷിയും എന്നിങ്ങനെ ഒരു പിടി പുസ്തകങ്ങളും അദ്ദേഹം രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവിതകഥയായ 'കെ. എം. മാണി എ സ്റ്റഡി ഇൻ റീജ്യണലിസം' 2015-ൽ പ്രസിദ്ധീകരിച്ചു. മാർക്സിന്റെ തൊഴിലാളി വർഗ്ഗ സിദ്ധാന്തത്തിന്റെ ചുവടുപിടിച്ച് മാണി അവതരിപ്പിച്ച അദ്ധ്വാന വർഗ്ഗ സിദ്ധാന്തം ഒട്ടേറെ ചർച്ചകൾക്കും വിമർശനങ്ങൾക്കും വിധേയമായി. നിയമസഭയിലെ ഓരോ ദിവസവും തനിക്ക് പുതിയ ദിവസമാണെന്നും സഭ തന്റെ പാഠശാലയാണെന്നും അനുസ്മരിച്ചിട്ടുള്ള കെ. എം. മാണിയുടെ നിര്യാണത്തോടെ പകരംവയ്ക്കാനില്ലാത്ത ഒരു സാമാജികനെയാണ് നമുക്ക് നഷ്ടമായത്. ഒരു ജിജ്ഞാസുവിന്റെ യൗവ്വനതീക്ഷ്ണമായ മനസ്സ് കാത്തുസൂക്ഷിച്ചിരുന്ന അദ്ദേഹം കേരളത്തിലെ മുന്നണി രാഷ്ട്രീയത്തിന്റെ ഗതിവിഗതികൾ നിർണ്ണയിക്കാൻ കെൽപ്പുണ്ടായിരുന്ന നേതാവായിരുന്നു. രാഷ്ട്രീയ പ്രവർത്തകർക്ക് എന്നും മാർഗ്ഗദർശിയായ ആ മഹാമേരുവിന്റെ സ്മരണയ്ക്കുമുന്നിൽ നമുക്ക് അഞ്ജലീബദ്ധരാകാം.

## ശ്രീ. പിണറായി വിജയൻ

മുഖ്യമന്ത്രി

സർ, ആദരണീയനായ കെ. എം. മാണിയെക്കുറിച്ച് അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളോടും യോജിക്കുന്നു. കേരളത്തിന് പൊതുവിലും കേരള നിയമസഭയ്ക്ക് വിശേഷിച്ചും അപരിഹാര്യമായ നഷ്ടമാണ് കെ. എം. മാണിയുടെ നിര്യാണംമൂലം ഉണ്ടായിട്ടുള്ളത്. സഭയിലും പുറത്തും എല്ലാ വിഭാഗം ആളുകളുടെയും സ്നേഹാദരങ്ങൾ ആർജ്ജിക്കുന്ന വിധത്തിലുള്ള പ്രാഗത്ഭ്യംചേർന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. കേരളത്തിന്റെ താൽപര്യങ്ങൾക്കുവേണ്ടി അദ്ദേഹം ഉറച്ചുനിന്നു. മലയോര പ്രദേശങ്ങളുടെയും കർഷക ജനസമൂഹത്തിന്റെയും പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിലും അത് സഭയിൽ ഉയർത്തുന്നതിലും അദ്ദേഹം ശ്രദ്ധേയമായ പങ്കാണ് വഹിച്ചത്. ഭരണപക്ഷത്താകുമ്പോഴും പ്രതിപക്ഷത്താകുമ്പോഴും ഒരുപോലെ ശ്രദ്ധിക്കപ്പെട്ട ശബ്ദമായിരുന്നു മാണി സാറെന്ന് എല്ലാവരും ആദരവോടെ വിളിച്ചിരുന്ന കെ. എം. മാണിയുടേത്. ലോക പാർലമെന്ററി ചരിത്രത്തിൽത്തന്നെ സ്ഥാനം നേടുന്ന അത്യപൂർവ്വം സാമാജികന്മാരുടെ നിരയിലാണ് കെ. എം.

മാണിയുടെ സ്ഥാനം. നിയമസഭാ സാമാജികനെന്ന നിലയ്ക്ക് 54 വർഷം പൂർത്തിയാക്കുകയെന്നത് നിസ്സാര കാര്യമല്ല. അരനൂറ്റാണ്ടിലേറെ തുടർച്ചയായി നിയമനിർമ്മാണസഭയിൽ അംഗമായിരിക്കുക എന്നത് കേരള നിയമസഭയുടെ ചരിത്രത്തിൽ മറ്റൊരാൾക്കും അവകാശപ്പെടാനില്ലാത്ത റിക്കാർഡാണ്. ലോക് സഭയിൽപ്പോലും ഇതിന് സമാനമായ ഒരു റിക്കാർഡില്ല. 54 വർഷത്തിലേറെ നിയമസഭയിലുണ്ടായി എന്നതുമാത്രമല്ല, ഇടതടവില്ലാതെ തുടർച്ചയായി ഉണ്ടായി എന്നുള്ളതാണ് ശ്രദ്ധിക്കേണ്ടത്. ഇതിനിടയിൽ നടന്ന എല്ലാ നിയമസഭാ തെരഞ്ഞെടുപ്പുകളിലും മത്സരിച്ചു, എല്ലാത്തിലും ജയിച്ചു. പ്രത്യേകതകൾ തീരുന്നില്ല, ഒരേ മണ്ഡലത്തിൽനിന്നുതന്നെ ജയിച്ചു, മുന്നണികൾ മാറി മത്സരിച്ചിട്ടും ജയിച്ചു. ഇങ്ങനെയൊരു റിക്കാർഡ് ലോകത്തെവിടെയെങ്കിലും ഉണ്ടാകുമോയെന്ന് നിശ്ചയമില്ല. പല തലമുറകൾ മാറിവന്നു. അപ്പോഴും കെ. എം. മാണി നിയമസഭാംഗമായി തുടർന്നു. രാഷ്ട്രീയാഭിരുചിയും സഖ്യങ്ങളും മാറിവന്നു. അപ്പോഴും മാറാത്ത സാന്നിദ്ധ്യമായി നിയമസഭയിൽ ഒരാളേ ഉണ്ടായിരുന്നുള്ളൂ, അത് കെ. എം. മാണിയായിരുന്നു. അരനൂറ്റാണ്ടുകാലത്തെ എല്ലാ തെരഞ്ഞെടുപ്പുകളിലും മത്സരിക്കുക, എല്ലാത്തിലും ജയിച്ച് നിയമസഭയിലെത്തുക, അതും ഒരേ മണ്ഡലത്തിൽനിന്നുതന്നെ എത്തുക തുടങ്ങി പലതിനും ഇന്ത്യയ്ക്ക് മാതൃകയായിട്ടുള്ള കേരളവും കേരള നിയമസഭയും കെ. എം. മാണിയിലൂടെ പുതിയൊരു റിക്കാർഡ് ഇൻഡ്യയ്ക്കും ലോകത്തിനും മുന്നിൽവച്ചുവെന്നതാണ് സത്യം. ജയത്തിൽ മാത്രമല്ല ഈ റിക്കാർഡുള്ളത്. ഏറ്റവും കൂടുതൽ കാലം മന്ത്രിയായിരുന്ന ആൾ, അങ്ങ് പറഞ്ഞതുപോലെ ഏറ്റവും കൂടുതൽ ബജറ്റ് അവതരിപ്പിച്ച ആൾ, അങ്ങനെ പോകുന്നു കെ. എം. മാണിയുടെ റിക്കാർഡ് പരമ്പര. ഈ റിക്കാർഡുകൾ വരുംകാലത്ത് ഏതെങ്കിലും ഘട്ടത്തിൽ ആർക്കെങ്കിലും തകർക്കാനാകുമെന്ന് കരുതാൻ പറ്റില്ല. അഭിഭാഷകനും നിയമപണ്ഡിതനുമായിരുന്ന കെ. എം. മാണി. നിയമ, നീതിന്യായ രംഗത്തിനുണ്ടായ നഷ്ടം കേരള നിയമസഭയ്ക്ക് നേട്ടമായി എന്നുപറയാം. ധനം, നിയമം, റവന്യൂ തുടങ്ങി പല വകുപ്പുകളും ദീർഘകാലം അദ്ദേഹത്തിന്റെ ഭരണത്തിൻകീഴിലായിരുന്നു. ധനകാര്യം മുതൽ നിയമകാര്യത്തിൽവരെ അദ്ദേഹം വൈദഗ്ദ്ധ്യം നേടി. ആ വൈദഗ്ദ്ധ്യം പലതരത്തിലുള്ള ഇടപെടലുകളിലൂടെ സഭയെ സമ്പന്നമാക്കുന്നതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട്. നിയമസഭയിൽ അരനൂറ്റാണ്ടിലേറെ കാലം തുടർന്ന കെ. എം. മാണിയിൽനിന്ന് പുതിയ തലമുറയിലെ സാമാജികർ പഠിക്കേണ്ട വലിയൊരു കാര്യമുണ്ട്. അത് സഭയിൽ ഹാജരാകുന്നതിൽ അദ്ദേഹം കാട്ടിയ കൃത്യതയാണ്. നേതാക്കന്മാർക്കും അദ്ദേഹം മാതൃകയായിരുന്നു. അദ്ദേഹം ഇറങ്ങിപ്പോക്ക് പ്രസംഗം നടത്തുന്നത് എല്ലാവർക്കും മാതൃകയായ രീതിയിലായിരുന്നു. തീർത്തും ഒഴിവാക്കാനാകാത്ത കാര്യങ്ങളുണ്ടായാലേ അദ്ദേഹം സഭ വിട്ടുനിൽക്കുകയുള്ളൂ. സഭയിലെത്തിയാൽ ഒപ്പിട്ടിട്ട് പോകുകയില്ല. മറിച്ച്, കഴിയുന്നത്ര സമയം സഭയിൽ ഇരിക്കുകയും കഴിയാവുന്ന ഘട്ടങ്ങളിലൊക്കെ ഇടപെടുകയും ചെയ്യും. നിയമനിർമ്മാണ വേളകളിൽ ഈ ഇടപെടൽ കൂടുതൽ ശ്രദ്ധേയമാകും. സഭയിലെ ഓരോ നിമിഷത്തിൽനിന്നും തനിക്കിനിയും എത്രയോ കാര്യങ്ങൾ പഠിക്കേണ്ടതുണ്ട് എന്നതായിരുന്നു കെ. എം. മാണിയുടെ മനോഭാവം. ഇത് പുതിയ സാമാജികർ മാതൃകയാക്കേണ്ടതാണ്. ഭരണഘടനാ വ്യവസ്ഥകളും സഭാ നടപടിചട്ടങ്ങളും നിയമ വകുപ്പുകളുമെല്ലാം കൃത്യമായി മനസ്സിലാക്കാനും സമയോചിതമായി ഉപയോഗിക്കാനും അദ്ദേഹത്തിന് കഴിഞ്ഞത് സഭയിലെ സാന്നിദ്ധ്യത്തിൽ അദ്ദേഹം കാട്ടിയ നിഷ്കർഷ കൊണ്ടുകൂടിയാണ്. ഇങ്ങനെ നോക്കിയാൽ പലതരത്തിലും സമാനതകളില്ലാത്ത ഒരുപാട് വശങ്ങളുള്ള വ്യക്തിത്വമാണ് അദ്ദേഹത്തിന്റേത്. ആ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## ശ്രീ. രമേശ് ചെന്നിത്തല

പ്രതിപക്ഷ നേതാവ്


ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളോട് പൂർണ്ണമായും ഞാൻ യോജിക്കുകയാണ്. കഴിഞ്ഞ നിയമസഭയിലും വളരെ സജീവമായി നിന്ന മാണിസാർ ഇന്ന് നമ്മളോടൊപ്പമില്ല എന്നുള്ളത് എല്ലാവരെയും ദുഃഖിപ്പിക്കുന്ന ഒരു കാര്യമാണ്. സ്വാതന്ത്ര്യാനന്തര കേരളത്തിലെ നെടുംതൂണുകളിലൊന്നായിരുന്ന അപ്രതീക്ഷിതമായി നമ്മെ വിട്ടുപിരിഞ്ഞ മാണിസാർ. രാഷ്ട്രീയ സംഭവ വികാസങ്ങളുടെ ഒഴുക്കനുസരിച്ച് നീങ്ങുന്നവരാണ് പല രാഷ്ട്രീയ നേതാക്കളെങ്കിലും ആ ഒഴുക്കിനെ തങ്ങളുടെ ഇച്ഛയ്ക്കനുസരിച്ച് തിരിച്ചുവിടുകയും അങ്ങനെ ചരിത്രം നിർമ്മിക്കുകയും ചെയ്ത അപൂർവ്വമായ പ്രതിഭകളെ നമ്മൾ കണ്ടിട്ടുണ്ട്. അത്തരത്തിലൊരു നേതാവാണ് മാണിസാർ. കേരള രാഷ്ട്രീയത്തെ അദ്ദേഹം പലപ്പോഴും തന്റെ വഴികളിലൂടെ തിരിച്ചുവിട്ടത് നമുക്ക് കാണാൻ കഴിയുന്ന ഒരു കാര്യമാണ്. കേരളത്തിലെ മുന്നണി രാഷ്ട്രീയത്തിലെ നെടുനായകന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. ഐക്യജനാധിപത്യ മുന്നണിക്ക് ഏറ്റവും കൂടുതൽ കരുത്ത് പകർന്ന കരുത്തനും പ്രഗത്ഭനുമായ ഒരു നേതാവായിരുന്നു മാണിസാർ. ദൂരക്കാഴ്ചയുള്ള ഭരണാധികാരി, പ്രഗത്ഭനായ പാർലമെന്റേറിയൻ, ലക്ഷക്കണക്കിനാളുകൾ നെഞ്ചിലേറ്റിയ പ്രിയങ്കരനായ രാഷ്ട്രീയ നേതാവ്, രാഷ്ട്രീയ നീക്കങ്ങളുടെ മർമ്മം തൊട്ടറിഞ്ഞ തന്ത്രശാലി, നിയമങ്ങളെ തലനാരിഴകീറി വ്യാഖ്യാനിക്കാൻ കഴിയുന്ന നിയമജ്ഞൻ, അദ്ധ്വാന വർഗ്ഗത്തിന്റെ സംരക്ഷകൻ, തികഞ്ഞ മനുഷ്യസ്നേഹി... മാണിസാറിനെപ്പറ്റിയുള്ള വിശേഷണങ്ങൾ ഇങ്ങനെ നീളുകയാണ്. കഴിഞ്ഞ 54 വർഷക്കാലം അദ്ദേഹം ഈ നിയമസഭയിലുണ്ടായിരുന്നു. 13 തവണ മന്ത്രിയായിരുന്നു, 13 ബഡ്ജറ്റുകൾ അവതരിപ്പിച്ചു, ഏറ്റവും കൂടുതൽ വകുപ്പുകൾ കൈകാര്യം ചെയ്തു,





ഇങ്ങനെയൊരു നേതാവ് ഇനി കേരളത്തിലുണ്ടാകുമോയെന്ന് നമുക്ക് പറയാൻ കഴിയില്ല. ഏത് കൊടുങ്കാറ്റിന്റെ നടുവിലും ഒരു മഹാമേരുവിനെപ്പോലെ അക്ഷോഭ്യനായി നിൽക്കാൻ കഴിയുന്ന അപാരമായ മനഃശക്തി അദ്ദേഹത്തിന്റെ കൈമുതലായിരുന്നു. മാണിസാറിനോടൊപ്പം രണ്ട് മന്ത്രിസഭകളിൽ അംഗമായിരിക്കാനുള്ള അവസരം എനിക്ക് ലഭിച്ചു. 1986-ലെ കരുണാകരൻ മന്ത്രിസഭയിലും 2014-ലെ ഉമ്മൻചാണ്ടി മന്ത്രിസഭയിലും. 1982-ൽ ആദ്യമായി എം.എൽ.എ.ആയി നിയമസഭയിലെത്തിയ നാൾ മുതൽ രോഗാതുരനായി ആശുപത്രിയിൽ പ്രവേശിക്കുന്ന നാൾവരെ അദ്ദേഹവുമായി വളരെ അടുത്തിടപഴകാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. നാല് തവണ കോട്ടയത്തുനിന്ന് പാർലമെന്റിലേയ്ക്ക് ഞാൻ മത്സരിച്ചപ്പോൾ എന്റെ വിജയത്തിനുവേണ്ടി ഏറ്റവും കൂടുതൽ മുന്നിൽനിന്ന് പ്രവർത്തിക്കുകയും നേതൃത്വം കൊടുക്കുകയും ചെയ്ത മാണിസാറിനെ എനിക്ക് ഒരിക്കലും മറക്കാൻ കഴിയില്ല. പ്രതിസന്ധികളെ സമചിത്തതയോടെ മറികടക്കാൻ അദ്ദേഹത്തിനുള്ള അനുപമമായ കഴിവ് അത്ഭുതത്തോടെ മാത്രമേ പുതിയ തലമുറയ്ക്ക് വീക്ഷിക്കാൻ കഴിയുകയുള്ളൂ. രാഷ്ട്രീയ രംഗത്തേയ്ക്ക് യുവാക്കളെ ഏറ്റവും കൂടുതൽ പ്രോത്സാഹിപ്പിച്ച ഒരു വ്യക്തിയാണ് അദ്ദേഹം. കേരളാ കോൺഗ്രസ്സിന്റെ എം.എൽ.എ.-മാരിൽ ബഹുഭൂരിപക്ഷവും എന്നും യുവാക്കളായിരുന്നു. ചെറുപ്പക്കാർക്ക് രാഷ്ട്രീയത്തിൽ മുന്നോട്ടുവരാനുള്ള എല്ലാ പ്രോത്സാഹനവും കാലാകാലങ്ങളിൽ നൽകിവന്നിട്ടുള്ള നേതാവായി വേണം നമുക്ക് അദ്ദേഹത്തെ കാണാൻ. മാണിസാറിന് നിയമസഭ എന്നുമൊരു പാഠശാലയായിരുന്നു. 1967 മാർച്ച് 20-ലെ അദ്ദേഹത്തിന്റെ ആദ്യത്തെ നിയമസഭാ പ്രസംഗം മുതൽ ഈ നിയമസഭയിൽ അദ്ദേഹത്തിന്റെ അവസാന പ്രസംഗം വരെ വായിച്ചാൽ നമുക്കത് മനസ്സിലാകും. നന്നായി ഗൃഹപാഠം ചെയ്ത് മാത്രമേ അദ്ദേഹം 54 വർഷവും നിയമസഭയിൽ പ്രസംഗിച്ചിട്ടുള്ളൂ. ഒരു പത്രസമ്മേളനം നടത്തിയാലും അതിനുമുമ്പ് മാണിസാർ ഗൃഹപാഠം ചെയ്യുമായിരുന്നു; തനിക്ക് പറയാനുള്ള കാര്യങ്ങൾ എഴുതുമായിരുന്നു; ആ കാര്യങ്ങൾക്ക് വ്യക്തത വരുത്തുമായിരുന്നു. നിയമസഭാ ലൈബ്രറി ഏറ്റവും കൂടുതൽ ഉപയോഗിച്ച ഒരു സാമാജികൻ ആരാണെന്ന് ചോദിച്ചാൽ മാണിസാറാണെന്ന് നിസ്സംശയം നമുക്ക് പറയാൻ കഴിയും. ആദ്യകാലത്തെല്ലാം നിയമസഭയിൽ ഇല്ലെങ്കിൽപ്പിന്നെ മാണിസാറിനെ ലൈബ്രറിയിൽ കാണാമെന്നാണ് പഴയ ആളുകൾ പറഞ്ഞിട്ടുള്ളത്. മുമ്പ് നിയമസഭാ സമ്മേളനകാലത്തെല്ലാം നിയമസഭാ ലൈബ്രറിയിൽ നിന്ന് നിരന്തരം രേഖകളുടെ ഫോട്ടോകോപ്പി എടുത്തുകൊണ്ട് പോകുന്ന മാണിസാറിനെപ്പറ്റി റിട്ടയർ ചെയ്ത നിയമസഭാ ഉദ്യോഗസ്ഥന്മാർ എന്നോട് പറഞ്ഞത് ഞാൻ ഈ അവസരത്തിൽ ഓർക്കുകയാണ്. കോൺഗ്രസ്സിലൂടെ രാഷ്ട്രീയ പ്രവർത്തനം ആരംഭിച്ച് കേരളാ കോൺഗ്രസ് എന്ന പ്രസ്ഥാനത്തെ ഒരു മഹാജനകീയ പ്രസ്ഥാനമാക്കി വളർത്തിയെടുത്ത കാര്യത്തിൽ അദ്ദേഹത്തിന്റെ പങ്ക് ചെറുതല്ല. കേരളാ കോൺഗ്രസ്സിന് ആശയപരമായ അടിത്തറയുണ്ടാക്കാനും കർഷകരുടെയും സാധാരണക്കാരുടെയും പാർട്ടിയാക്കി മാറ്റാനും കഴിഞ്ഞത് മാണിസാറിന്റെ കഠിനമായ പരിശ്രമത്തിന്റെ ഫലമായിരുന്നുവെന്നുള്ളത് വസ്തുതയാണ്. ഏറ്റവും കൂടുതൽ ബഡ്ജറ്റ് അവതരിപ്പിച്ച മാണിസാർ വിലമതിച്ചത് താൻമൂലം സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ള അവശത അനുഭവിക്കുന്നവർക്ക് എന്തെങ്കിലും പ്രയോജനമുണ്ടാകുമോ എന്നതായിരുന്നു. അതിന്റെ മികച്ച ഉദാഹരണമായിരുന്നു കാരുണ്യ ബെനവലന്റ് സ്കീം. കാരുണ്യ ലോട്ടറിയിലൂടെ സമാഹരിക്കുന്ന പണം സമൂഹത്തിലെ രോഗികളായ പാവപ്പെട്ടവരുടെ ചികിത്സയ്ക്കായി സർക്കാർ തലത്തിൽ വിതരണം ചെയ്യുക എന്ന പദ്ധതി ലോകത്തുതന്നെ ആദ്യത്തേതായിരുന്നു. അതിലൂടെ അനേക ലക്ഷം പാവപ്പെട്ട രോഗികളുടെ കണ്ണീരൊപ്പാൻ അദ്ദേഹത്തിന് കഴിഞ്ഞു. അതിന് ഇടനിലക്കാരില്ലായിരുന്നു; ഇൻഷ്വറൻസ് കമ്പനികളുടെ ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നില്ല; എം.എൽ.എ.-മാരുടെ ശിപാർശ വേണമായിരുന്നില്ല; ആര് അപേക്ഷിച്ചാലും വസ്തുതാപരമായി ശരിയാണെങ്കിൽ അവർക്ക് സഹായം കിട്ടിയിരുന്നു. മാണിസാറിന് നൽകാൻ കഴിയുന്ന ഏറ്റവും വലിയ ട്രിബ്യൂട്ട് കാരുണ്യ ബെനവലന്റ് സ്കീം പുനഃസ്ഥാപിക്കുക എന്നുള്ളതാണെന്ന് ഗവൺമെന്റിനോട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് നമ്മൾ മാണിസാറിനെ ഓർക്കുമ്പോൾ, കേരളത്തിലെ കർഷകർക്കുവേണ്ടി അതിശക്തമായി നിലകൊണ്ട രാഷ്ട്രീയ നേതാവായി മാണിസാറിനെ വിലയിരുത്താം. മണ്ണിൽ അദ്ധ്വാനിക്കുന്നവർക്ക് മാണിസാറിന്റെ മനസ്സിൽ എന്നും ഒരിടമുണ്ടായിരുന്നു. ഭരണകർത്താവെന്ന നിലയിൽ എന്ത് ചെയ്യുമ്പോഴും അത് കർഷകർക്ക് ഗുണമാകുമോ എന്നാണ് അദ്ദേഹം നോക്കിയത്. അതോടൊപ്പംതന്നെ കർഷകത്തൊഴിലാളി പെൻഷൻ, കർഷക പെൻഷൻ തുടങ്ങിയവ അദ്ദേഹത്തിന്റെ ബുദ്ധിയിലുദിച്ച ആശയങ്ങളായിരുന്നു. മാണിസാറിന്റെ പ്രശസ്തമായ അദ്ധ്വാന വർഗ്ഗ സിദ്ധാന്തത്തിന്റെ അടിസ്ഥാനംപോലും കർഷക ക്ഷേമമായിരുന്നു. പാർലമെന്റേറിയൻ എന്ന നിലയിൽ അദ്ദേഹത്തിന് പകരം വയ്ക്കാൻ സ്വതന്ത്ര ഭാരതത്തിൽ അപൂർവ്വം ചിലരേ ഉണ്ടായിട്ടുള്ളൂ. നല്ലൊരു നിയമപണ്ഡിതനായ മാണിസാർ നിയമത്തിന്റെ തലനാരിഴ കീറി ഈ നിയമസഭയിൽ തന്റെ വാദമുഖങ്ങൾ ഉന്നയിക്കുന്നത് നമ്മൾ സാകൂതം കണ്ടിട്ടുണ്ട്. കേരള രാഷ്ട്രീയത്തിലെ ഒരു യുഗമാണ് മാണിസാറിന്റെ ദേഹവിയോഗത്തിലൂടെ അസ്തമിക്കുന്നത്. മാണിസാറിന്റെ ദീപ്തമായ ഓർമ്മകൾക്ക് മുന്നിൽ ഞാൻ തലകുനിക്കുകയും ആദരാഞ്ജലികൾ അർപ്പിക്കുകയും ചെയ്യുന്നു.

(കേരള നിയമസഭാ നടപടികൾ 27.05.2019)





# ഓർമ്മകളിൽ മാണിസാർ



**ജി. ഹരിലാൽ**
ലൈബ്രേറിയൻ, നിയമസഭാ സെക്രട്ടേറിയറ്റ്

അമ്പതിലേറെ വർഷങ്ങൾ നിയമസഭാംഗവും, അതിൽ ഇരുപത്തിഅഞ്ച് വർഷത്തോളം മന്ത്രിയുമായിരുന്ന കെ.എം. മാണി, ഗവൺമെന്റ് സെക്രട്ടേറിയറ്റിലെയും നിയമസഭയിലേയും ഉദ്യോഗസ്ഥൻമാർക്ക് അവരുടെ പ്രിയപ്പെട്ട മാണിസാർ ആയിരുന്നു. കെ.എം. മാണിയുമായി അടുത്ത് ഇടപെടുവാനും ഒന്നിച്ച് പ്രവർത്തിക്കുവാനും അവസരം ലഭിച്ച ഒട്ടനവധി ഉദ്യോഗസ്ഥന്മാരുണ്ടായിരുന്നു. അതിൽ ഔദ്യോഗിക മേഖലയിലുള്ളവരും രാഷ്ട്രീയരംഗത്ത് നിന്നും മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ നിയമിതരായവരും ഉണ്ടായിരുന്നു. അവരുടെ മനസ്സിൽ മാണിസാർ ഒരു സ്നേഹസ്പർശമായി നിറഞ്ഞുനിൽക്കുന്നു.

1967 ൽ നിയമസഭാംഗമായി എത്തിയ കാലം മുതൽ ഉദ്യോഗസ്ഥന്മാരുമായി ഊഷ്മളമായ ബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. 2019 ൽ വിട വാങ്ങുന്ന കാലം വരെ ആ ബന്ധം നിലനിന്നു. മന്ത്രിയായി ഉന്നത ശ്രേണിയിൽ ഇരിക്കുമ്പോഴും ഉദ്യോഗസ്ഥൻമാരോട് അധികാര മനോഭാവത്തോടെ പെരുമാറിയിട്ടില്ല. അവരുടെ കഴിവുകൾ ജനങ്ങളുടെ ക്ഷേമത്തിനായി, ഉപയോഗപ്പെടുത്തുന്നതിൽ അദ്ദേഹം വിജയിച്ചു. തിരിച്ച് ഉദ്യോഗസ്ഥന്മാരുടെ വലുതും ചെറുതുമായ പ്രശ്നങ്ങൾ, നിയമവിധേയമായി തനിക്ക് ആകാവുന്ന രീതിയിൽ പരിഹരിക്കുവാനും അദ്ദേഹം എപ്പോഴും ശ്രദ്ധിച്ചിരുന്നു. സദാ ഊർജ്ജസ്വലനും, കർമ്മനിരതനുമായിരിക്കുന്ന ജനനായകന്റെയും, ജനകീയ വിഷയങ്ങളിൽ, അർപ്പണമനസ്സോടെയും, സഹാനുഭൂതിയോടെയും ഇടപെടുന്ന ജനപ്രതിനിധിയുടേയും, കാര്യക്ഷമത പുലർത്തിയ ഭരണാധികാരിയുടെയും ചിത്രമാണ് ഒപ്പം പ്രവർത്തിച്ച ഉദ്യോഗസ്ഥന്മാരുടെ ഓർമ്മകളിൽ തെളിയുന്നത്.

**ശ്രീ. പി.സി. ജയിംസ്:** 1982 മുതൽ കെ.എം. മാണി മന്ത്രിയായിരുന്ന കാലഘട്ടങ്ങളിലെല്ലാം അഡീഷണൽ/അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുള്ള ശ്രീ. പി.സി. ജയിംസ് ബാങ്ക് മാനേജരായിരിക്കെയാണ് പേഴ്സണൽ സ്റ്റാഫിൽ ചേർന്നത്. മാണിസാറിനോടൊപ്പം



പ്രവർത്തിക്കുവാൻ കഴിഞ്ഞത് ജീവിതത്തിലെ ഏറ്റവും ധന്യമായ അവസരമായാണ് അദ്ദേഹം കരുതുന്നത്.



കക്ഷി-രാഷ്ട്രീയ, ജാതി-മതഭേദമെന്യേ വ്യക്തിബന്ധങ്ങൾ കാത്തുസൂക്ഷിക്കുകയും തന്നെ എതിർത്തിരുന്നവരോട് പോലും യാതൊരു വിരോധവുമില്ലാതെ സൗമ്യമായി പെരുമാറുകയും, അവരുടെ ആവശ്യഘട്ടങ്ങളിൽ സഹായിക്കുകയും ചെയ്യുമായിരുന്ന മാണിസാർ. ആ മഹാമനസ്കത അദ്ദേഹത്തിന്റെ ഏറ്റവും വലിയ സവിശേഷതയായിരുന്നു എന്ന് ശ്രീ. ജെയിംസ് വിലയിരുത്തുന്നു. മറ്റുള്ളവരുടെ വേദന തന്റെ വേദനയായി ഹൃദയത്തിൽ ഏറ്റുവാങ്ങുമായിരുന്ന അദ്ദേഹം, താൻ നടപ്പിലാക്കിയ കാരുണ്യ ചികിൽസാപദ്ധതിയിൽ നിന്നും സഹായത്തിനുള്ള അപേക്ഷകൾ വായിച്ച് മാണിസാറിന്റെ കണ്ണുകൾ ഈറനാകുന്നത് നേരിൽ കണ്ടിട്ടുള്ളതും ഓർമ്മയുണ്ട്. കർഷകനും കർഷക തൊഴിലാളിയും യോജിച്ച് ഒത്തൊരുമിച്ചുള്ള പ്രവർത്തനം കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിന് അത്യന്താപേക്ഷിതമാണെന്ന് "അധ്വാനവർഗ്ഗ സിദ്ധാന്ത" ത്തിലൂടെ അദ്ദേഹം സമർത്ഥിച്ചു. നിലവിലുള്ള കേന്ദ്ര – സംസ്ഥാന ബന്ധങ്ങളിൽ പൊളിച്ചെഴുത്ത് ആവശ്യമാണെന്നും സംസ്ഥാനങ്ങൾക്ക് കൂടുതൽ അധികാരങ്ങളും, സാമ്പത്തിക സ്വാതന്ത്ര്യവും ലഭിക്കണമെന്നും അദ്ദേഹം പറയുമായിരുന്നു. നിയമ വിഷയങ്ങളിലും, ഭരണഘടനാ വിഷയങ്ങളിലും ഉള്ള കെ.എം. മാണിയുടെ പാണ്ഡിത്യവും, പ്രസംഗപാടവവും അത്ഭുതാദരവുകളോടെ അദ്ദേഹം ഓർക്കുന്നു.

**ശ്രീ. ഡി. ശരത്ചന്ദ്രൻ :** നിയമവകുപ്പിൽ സ്പെഷ്യൽ സെക്രട്ടറിയായി വിരമിച്ച ശ്രീ. ഡി. ശരത്ചന്ദ്രൻ 2001-06, 2011-2016 കാലയളവിൽ കെ.എം. മാണിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയായി പ്രവർത്തിച്ചിരുന്നു.



നിയമ നിർമ്മാണങ്ങൾക്ക് നേതൃത്വം നൽകുമ്പോൾ, ശ്രീ. കെ.എം.മാണി പുലർത്തിയിരുന്ന ശ്രദ്ധയും കാര്യക്ഷമതയും അദ്ദേഹം ചൂണ്ടിക്കാട്ടി. സാമാജികർ നൽകുന്ന ഓരോ ഭേദഗതിയും സൂക്ഷ്മമായി പഠിച്ച് ഓരോന്നിനും പ്രത്യേകം മറുപടി സ്വന്തം കൈപ്പടയിൽ എഴുതി തയ്യാറാക്കിയായിരുന്നു അദ്ദേഹം നിയമസഭയിലെ ചർച്ചയിൽ പങ്കെടുത്തിരുന്നത്. മന്ത്രി എന്ന നിലയിലും അദ്ദേഹം മികച്ച പ്രവർത്തനമാണ് നടത്തിയതെന്ന് ശ്രീ. ശരത്ചന്ദ്രൻ അനുസ്മരിച്ചു. കാരുണ്യാ ചികിൽസാപദ്ധതിയും, പാവപ്പെട്ടവർക്ക് സൗജന്യ വൈദ്യുതി കണക്ഷൻ നൽകുന്ന പദ്ധതിയും (വെളിച്ച വിപ്ലവം) ആവിഷ്ക്കരിച്ചത് വലിയ ജനകീയ അംഗീകാരം കിട്ടിയ നടപടികളായിരുന്നു. കെ.എം.മാണി ചെയർമാനായിരുന്ന നിയമപരിഷ്ക്കാര കമ്മിറ്റിയുടെ ശുപാർശ പ്രകാരം, 600 ലധികം കാലഹരണപ്പെട്ട നിയമങ്ങൾ റദ്ദ് ചെയ്യുകയുണ്ടായി. കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കാൻ ഊർജ്ജിത നടപടികൾ സ്വീകരിച്ചു. താൽക്കാലികമായി സ്ഥാപിച്ചിരുന്ന 39 ഫാസ്റ്റ് ട്രാക്ക് കോടതികൾ അഡീഷണൽ ജില്ലാ കോടതികളാക്കി സ്ഥിരം സംവിധാനമാക്കിയതും, വാടക കെട്ടിടത്തിൽ പ്രവർത്തിച്ച സർക്കാർ ഓഫീസുകൾക്ക് താലൂക്കുകളിൽ ആസ്ഥാനമന്ദിരത്തിനായി റവന്യൂ ടവറുകൾ നിർമ്മിച്ചതും അദ്ദേഹത്തിന്റെ ശ്രദ്ധേയമായ നടപടികളായി. അദ്ദേഹം നടപ്പിലാക്കിയ റവന്യൂ അദാലത്തുകളും വില്ലേജ് സഭകളും സാധാരണക്കാർക്ക് ഏറെ ആശ്വാസം നൽകിയതായി ശ്രീ. ശരത്ചന്ദ്രൻ വിലയിരുത്തി.

**ശ്രീ. ജോസഫ് തോമസ്:** 2001 മുതൽ 2019 ൽ കെ.എം. മാണി മരിക്കുന്നതുവരെ സന്തതസഹ ചാരിയായിരുന്ന ഔസേപ്പച്ചൻ എന്ന് മാണിസാർ വിളിച്ചിരുന്ന ശ്രീ. ജോസഫ് തോമസ്. പാലായിൽ കേരള കോൺഗ്രസ് പ്രവർത്തകനായിരുന്ന



ഔസേപ്പച്ചനെ മാണിസാർ 2001 ൽ മന്ത്രിയായപ്പോൾ പേഴ്സണൽ സ്റ്റാഫിൽ നിയമിച്ചു. കേരളത്തിന്റെ ഒട്ടാകെയുള്ള വികസനം സ്വപ്നം കാണുമ്പോഴും








പാലാ എന്നും മാണിസാറിന്റെ വികാരമായിരുന്നതായും, തന്റെ മണ്ഡലമായ പാലായിലെ ജനങ്ങൾക്കുവേണ്ടി എന്തെല്ലാം കാര്യങ്ങൾ കൂടുതലായി ചെയ്യാം എന്ന് എപ്പോഴും മാണിസാർ ചിന്തിച്ചിരുന്നതായും അദ്ദേഹം ഓർമ്മിച്ചു. മുതിർന്ന പാർട്ടി പ്രവർത്തകരേയും അസുഖബാധിതരായവരേയും വീട്ടിൽ പോയി കാണുവാനും, സഹായിക്കുവാനും മാണിസാർ ശ്രദ്ധിച്ചിരുന്നു. പൊതുപ്രവർത്തനത്തിന്റെ വലിയ തിരക്കുകൾക്കിടയിലും ഒരു നല്ല കുടുംബനാഥനായിരിക്കുവാൻ അദ്ദേഹത്തിന് സാധിച്ചിരുന്നു. സെക്രട്ടേറിയറ്റിനു മുന്നിലെ പെട്ടിക്കടയിൽ നിന്നും ഉണ്ണിയപ്പവും ഡൽഹിയിലെ തുണിക്കടയിൽ നിന്നും കുട്ടിയമ്മ ചേച്ചിക്കായി സാരിയും വാങ്ങുന്ന സ്നേഹനിധിയായ കുടുംബനാഥനായ മാണിസാറും ഔസേപ്പച്ചന്റെ മനസ്സിലുണ്ട്.

മന്ത്രിയായിരുന്നപ്പോൾ തനിക്കു കിട്ടുന്ന അപേക്ഷകളിൽ ഒട്ടുമിക്കവയിലും ഉടനടി ഉത്തരവിട്ടു നൽകിയിരുന്ന മാണിസാർ, ഭരണപരമായ കാലതാമസം ഒഴിവാക്കാൻ ശ്രദ്ധിച്ചിരുന്നു. കോടതി ഉത്തരവുകളുൾപ്പെടെയുള്ളവയും കൂടുതൽ വ്യക്തത ആവശ്യമുള്ളവയുമായ ഫയലുകൾക്ക് മാത്രമേ തീരുമാനമെടുക്കുവാൻ കാലതാമസം ഉണ്ടായിട്ടുള്ളൂ. റബ്ബർ കർഷകർക്ക് കുറഞ്ഞ വില ഉറപ്പാക്കാനായി ധന-കൃഷി വകുപ്പ്, റബ്ബർ ബോർഡ്, കർഷക സൊസൈറ്റികൾ എന്നിവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചതും ബഡ്ജറ്റിൽ റബ്ബറിന് വിലസ്ഥിരതാഫണ്ടിനായി തുക വകയിരുത്തിയതും അക്കാര്യം നടപ്പിൽ വരുത്തുവാൻ അഹോരാത്രം പരിശ്രമിച്ചതും മാണിസാറിന്റെ കർഷകരോടുള്ള ആഭിമുഖ്യം വെളിവാക്കുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടി. അഭിഭാഷകർക്ക് ക്ഷേമനിധി ഏർപ്പെടുത്തുവാൻ നിയമനിർമ്മാണം നടത്തിയതും ശ്രദ്ധേയമായി.

**ശ്രീ എസ്. വേലായുധൻ നായർ:** നിയമസഭാ സെക്രട്ടേറിയറ്റിൽ സ്പെഷ്യൽ സെക്രട്ടറിയായിരുന്ന ശ്രീ എസ്. വേലായുധൻ



നായർക്ക് കെ.എം. മാണിയോടൊപ്പം പേഴ്സണൽ സ്റ്റാഫായി ഏറെക്കാലം പ്രവർത്തിക്കുവാൻ അവസരം ലഭിച്ചിട്ടുണ്ട്. പ്രസംഗങ്ങൾക്കും



നിയമസഭാ പ്രവർത്തനങ്ങൾക്കും ആവശ്യമായ വിവരങ്ങളും ആധികാരിക രേഖകളും ശേഖരിച്ച് മാണിസാറിന് നൽകുന്ന ജോലി മിക്കപ്പോഴും നിർവ്വഹിച്ചിരുന്നത് ശ്രീ. വേലായുധൻ നായർ ആയിരുന്നു. രേഖകളുടെ ആധികാരികത ഉറപ്പാക്കിയ ശേഷം മാത്രമേ നിയമസഭയിലോ, മറ്റ് വേദികളിലെ പ്രസംഗങ്ങളിലോ അവ പരാമർശിക്കുമായിരുന്നുള്ളൂ. ഏറെ സമയമെടുത്ത് നന്നായി പഠിച്ച് സ്വയം കുറിപ്പുകൾ തയ്യാറാക്കിയായിരുന്നു മാണിസാർ നിയമസഭയിലും മറ്റ് ചടങ്ങുകളിലും പ്രസംഗങ്ങൾക്ക് തയ്യാറെടുത്തിരുന്നതെന്ന് ശ്രീ. വേലായുധൻ നായർ അനുസ്മരിച്ചു. നിയമസഭാ പ്രസംഗങ്ങൾ സമാഹരിക്കുന്നതിലും, അധ്വാന വർഗ്ഗ സിദ്ധാന്തം അടിസ്ഥാനമാക്കി പുസ്തക രചന നടത്തുന്നതിനും മാണിസാറിന് നിയമസഭാ ലൈബ്രറിയിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് നൽകിയത് വേലായുധൻ നായരായിരുന്നു. കർഷകരുടെ പ്രശ്നങ്ങൾ എപ്പോഴും ഉയർത്തിക്കാട്ടുവാനും പരിഹാരം കാണുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. മലയോര കർഷകർക്ക് പട്ടയം നൽകുന്നതിനുള്ള തടസ്സങ്ങൾ പരിഹരിക്കുവാൻ ഡൽഹിയിൽ കേന്ദ്രമന്ത്രി കമൽനാഥിനെ കാണുവാൻ നടത്തിയ യാത്രയിലും മറ്റ് പല പ്രധാന ഔദ്യോഗിക യാത്രകളിലും മാണിസാറിന് സഹായിയായി പ്രവർത്തിക്കുവാൻ കഴിഞ്ഞത് ചാരിതാർത്ഥ്യത്തോടെ അദ്ദേഹം ഓർമ്മിക്കുന്നു.

**ശ്രീ കെ. മോഹനകുമാർ:** : നിയമസഭാ സെക്രട്ടേറിയറ്റിൽ അഡീഷണൽ സെക്രട്ടറിയായിരുന്ന ശ്രീ കെ. മോഹനകുമാർ, സ്പീക്കറായിരുന്ന ജി. കാർത്തികേയന്റെയും പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയുടേയും സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിയായും പ്രവർത്തിച്ച



അവസരങ്ങളിൽ നിയമസഭയിൽ, കെ.എം. മാണിയുടെ ക്രിയാത്മകമായ ഇടപെടലുകൾ അടുത്തറിഞ്ഞിട്ടുണ്ട്. നിയമസഭയിൽ പ്രതിപക്ഷ ബഹുമാനത്തോടെ ഏറ്റവും മാന്യമായി പെരുമാറുന്ന സാമാജികനായും, വിഷയങ്ങൾ നന്നായി പഠിച്ച് സഭയിൽ അവതരിപ്പിക്കുന്ന ജനപ്രതിനിധിയായും മികച്ച ഭരണാധികാരിയായും ശ്രീ. മോഹനകുമാർ കെ.എം.മാണിയെ ആദരപൂർവ്വം അനുസ്മരിക്കുന്നു. പരീക്ഷയ്ക്ക് പഠിച്ച് തയ്യാറായി വരുന്നതുപോലെയായിരുന്നു നിയമസഭയിൽ മാണിസാർ എത്തിയിരുന്നതെന്നും നിയമസഭാ നടപടിക്രമങ്ങളും പാർലമെന്ററി നടപടി ക്രമങ്ങളുടെ ആധികാരിക ഗ്രന്ഥമായ "ശക്തർ ആന്റ് കൗൾ" ഉം നിയമസഭയിലെത്തുമ്പോൾ കയ്യിൽ കരുതുമായിരുന്നതായും ശ്രീ. മോഹനകുമാർ പറഞ്ഞു. നടപടിക്രമങ്ങൾ പാലിച്ചുമാത്രമാണ് അദ്ദേഹം നിയമസഭയിൽ ഇടപെട്ടിരുന്നത്. സഭാനടപടികളുടെ അജണ്ട നിശ്ചയിക്കുന്ന BAC മീറ്റിംഗുകളിൽ നടപടികൾ ക്രമപ്പെടുത്തുവാനും ഓരോ നിയമനിർമ്മാണത്തിനും അതിന്റെ വ്യാപ്തിക്കനുസരിച്ച് ആവശ്യമായ സമയം നിശ്ചയിക്കുവാനും അദ്ദേഹം ജാഗ്രതയോടെ ഇടപെട്ടിരുന്നു. ഇതൊക്കെയാണ് ഏറ്റവും മികച്ച സാമാജികനായി മാണിസാറിനെ മാറ്റുന്നതെന്ന് ശ്രീ. മോഹനകുമാർ അഭിപ്രായപ്പെട്ടു.





**ശ്രീ. പി.പി. ഷാനവാസ്:** നിയമസഭാ സെക്രട്ടേറിയറ്റിൽ ജോയിന്റ് സെക്രട്ടറിയായ ശ്രീ. പി.പി. ഷാനവാസ്, കെ.എം. മാണി, എം.എൽ.എ. ആയിരുന്ന കാലയളവിൽ കുറച്ച് കാലം PA ആയി പ്രവർത്തിച്ചിട്ടുണ്ട്. നിയമസഭാ പ്രസംഗത്തിനായി, വിശദമായി റഫർ ചെയ്ത്




ഏകാന്തമായിരുന്ന് സശ്രദ്ധം കുറിപ്പുകൾ തയ്യാറാക്കുന്നതും, അതിനുശേഷം അത് അദ്ദേഹം പതുക്കെ പ്രസംഗിച്ചു നോക്കുന്നതും ശ്രീ. ഷാനവാസ് കൗതുകത്തോടെ നോക്കി നിന്നിട്ടുണ്ട്.

**ശ്രീ. ആർ. കിഷോർകുമാർ:** നിയമസഭയിലെ സ്പെഷ്യൽ സെക്രട്ടറിയായ ശ്രീ. ആർ. കിഷോർകുമാറിന്, സബ്ജക്ട് കമ്മിറ്റികളിൽ മാണിസാറിന്റെ നേതൃത്വപാടവവും, ക്രിയാത്മക ഇടപെടലുകളും അടുത്തറിയുവാൻ അവസരം ലഭിച്ചിട്ടുണ്ട്. 2019 ജനുവരി 31 ന് സാമാജികർ



സഭാസമ്മേളനത്തിന് തൊട്ടുമുമ്പ്, നിയമസഭാഹാളിൽ കെ.എം.മാണിക്ക് പിറന്നാൾ ആശംസകൾ അർപ്പിക്കുന്ന അവസരത്തിൽ അതിന് സാക്ഷിയായിരുന്നു. പിറന്നാൾ ദിനത്തിന് പിറ്റേന്ന് സഭയിലെത്തുമ്പോൾ, ബഹു. മുഖ്യമന്ത്രിയും മന്ത്രിമാരായ ശ്രീ. ഇ.പി. ജയരാജനും, ശ്രീ. ജി. സുധാകരനും, ബഹു. പ്രതിപക്ഷനേതാവുമൊക്കെ ആശംസകൾ നേർന്നു. സഭാംഗങ്ങൾക്ക് ഊഷ്മളമായ ഒരു അനുഭവമായിരുന്നു അത്. തദവസരത്തിൽ മാണിസാർ തന്റെയും കരം ഗ്രഹിച്ച് നന്ദി രേഖപ്പെടുത്തിയത് ശ്രീ. കിഷോർകുമാർ ഹൃദയത്തിൽ സൂക്ഷിക്കുന്നു. നിയമസഭയിൽ കാര്യഗൗരവത്തോടെ മാത്രം കണ്ടിട്ടിള്ള മാണിസാർ ചലച്ചിത്ര ഗാനങ്ങളോടുള്ള തന്റെ താൽപര്യവും ആസ്വാദനത്തിന് സമയം കണ്ടെത്തുന്ന കാര്യവും ഒരു ചാനൽ ഇന്റർവ്യൂവിൽ പറഞ്ഞതും അദ്ദേഹം ഓർക്കുന്നു.

**ശ്രീ. സി. എസ്. സതികുമാർ** : ഓരോ വിഷയത്തിലും മറ്റുള്ള സാമാജികർ പറയുന്നതിൽ നിന്ന് വ്യത്യസ്തവും ക്രിയാത്മകവുമായ ഒരു നിർദ്ദേശം മുന്നോട്ടു വയ്ക്കുവാൻ കെ.എം.മാണി ശ്രമിക്കുമായിരുന്നു എന്ന് നിയമസഭാ സെക്രട്ടേറിയറ്റിൽ ചീഫ് ലൈബ്രേറിയ നായിരുന്ന സി.എസ്. സതികുമാർ ഓർമ്മിക്കുന്നു. ലൈബ്രറിയിൽ നിന്ന് നൽകുന്ന



റഫറൻസ് രേഖകൾ ഓരോന്നും വളരെ സൂക്ഷ്മമായി അപഗ്രഥിച്ച് സംശയമുണ്ടെങ്കിൽ കൂടുതൽ പഠനങ്ങൾ നടത്തുമായിരുന്നു. എപ്പോഴും രേഖകളുടെ ആധികാരികത ഉറപ്പുവരുത്തുമായിരുന്നു. അദ്ദേഹത്തിന് തൃപ്തികരമായി റഫറൻസ് നൽകുന്നത് ലൈബ്രേറിയന്മാർക്ക് ഏറെ ശ്രമകരവും അഭിമാനകരവുമായിരുന്നു. പ്രതിപക്ഷ നിരയിലെ മാണിസാറായിരുന്നു ട്രഷറി ബെഞ്ചിലെ മാണിസാറിനേക്കാൾ ശക്തനെന്ന് തോന്നിയിട്ടുള്ളതായി സതികുമാർ പറഞ്ഞു.

നിയമസഭാ ലൈബ്രറി ജീവനക്കാർ പൊതുവിൽ മാണിസാറിനെ ഓർക്കുന്നത് ഏറ്റവും കൂടുതൽ പുസ്തകങ്ങൾ റഫറൻസിനായി എടുക്കുന്ന സാമാജികനായിട്ടാണ്. നിയമസഭാ ലൈബ്രറി സംവിധാനം ഏറെ പ്രയോജനപ്പെടുത്തിയ സാമാജികനായിരുന്നു അദ്ദേഹം. പ്രസംഗങ്ങൾക്കും, നിയമസഭാ പ്രവർത്തനങ്ങൾക്കും ആവശ്യമായ ആധികാരിക രേഖകൾ നിയമസഭാ ലൈബ്രറിയിൽ നിന്ന് അദ്ദേഹം ശേഖരിക്കുമായിരുന്നു. ആദ്യകാലങ്ങളിൽ നിയമസഭാ ലൈബ്രറിയിലെ സ്ഥിരം സന്ദർശകനായിരുന്ന മാണിസാർ, പിൽക്കാലത്ത് മന്ത്രിയായി തിരക്കുകൾ കൂടിയപ്പോൾ പേഴ്സണൽ സ്റ്റാഫിന്റെ സഹായത്തോടെ വിവരങ്ങൾ ശേഖരിക്കുകയായിരുന്നു പതിവ്. റഫറൻസ് ആവശ്യത്തിനായി അദ്ദേഹത്തിന്റെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി വേലായുധൻ നായരും, PRO ബിനുകുമാറും PA ആയിരുന്ന സി.ജെ. മാത്യുവും, അഗസ്റ്റിനും നിയമസഭാ ലൈബ്രറിയിൽ നിന്നും പുസ്തകങ്ങളും പ്രസ് ക്ലിപ്പിംഗുകളും, പഠനറിപ്പോർട്ടുകളും മാണിസാറിന് ലഭ്യമാക്കി. സമയം കിട്ടുന്ന അവസരങ്ങളിലൊക്കെ ലൈബ്രറിയിൽ എത്തി ഏകാഗ്രതയോടെ പഠിച്ച് കുറിപ്പുകൾ തയ്യാറാക്കുന്ന മാണിസാറിന്റെ ചിത്രം ലൈബ്രറി ജീവനക്കാരുടെ മനസ്സിൽ മായാതെ നിൽപ്പുണ്ട്.

നീണ്ട കാലയളവായി മന്ത്രിയായും MLA യായും നിയമസഭാ മന്ദിരത്തിൽ നിറഞ്ഞു നിന്നിരുന്ന മാണിസാറിന്റെ സാന്നിദ്ധ്യമാണ് നിയമസഭാ ജീവനക്കാർക്കും അദ്ദേഹത്തിന്റെ വേർപാടിലൂടെ നഷ്ടപ്പെട്ടത്. നിയമസഭയിലെ ഓരോ ദിവസവും തനിക്ക് ഒരു പുതിയ ദിവസമായിരുന്നു എന്നും കേരള നിയമസഭയിലെത്തുന്ന ഓരോ നിമിഷവും സന്തോഷകരമായ അനുഭൂതിയായിരുന്നുവെന്നും മാണിസാർ രേഖപ്പെടുത്തിയിട്ടുണ്ട്. തന്റെ ഊർജ്ജസ്വലതയും ജനങ്ങളോടുള്ള പ്രതിബദ്ധതയും തന്നോടൊപ്പം പ്രവർത്തിച്ച ഉദ്യോഗസ്ഥൻമാരിലേക്ക് സന്നിവേശിപ്പിക്കുവാനും അവരെ എപ്പോഴും ജനസേവനത്തിന് വേണ്ടി കർമ്മനിരതരാക്കുവാനും അദ്ദേഹത്തിന് സാധിച്ചു. മാണിസാറും ഉദ്യോഗസ്ഥരുമായുണ്ടായിരുന്ന പാരസ്പര്യം, ഔദ്യോഗികം എന്നും വ്യക്തിപരം എന്നും വേർതിരിക്കാൻ പറ്റാത്തവിധം ഇഴചേർന്നതായിരുന്നു.

കേരള നിയമസഭ
കെ.എം.മാണി ധന്യസ്മൃതി

## കാർട്ടൂണുകളിലെ കെ.എം മാണി




ഗോപീകൃഷ്ണൻ
മാതൃഭൂമി











മലയാള മനോരമ
5.03.2016











ടി.കെ സുജിത്, കേരളകൗമുദി







സനൽ കമാർ
ദേശാഭിമാനി



ജുനൈസ്
നിയമസഭാ സെക്രട്ടേറിയറ്റ്



മുൻ രാഷ്ട്രപതി കെ.ആർ. നാരായണനും കെ.എം. മാണിയും








കെ.എം മാണി, മുൻ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാം



ഇന്ദിരാഗാന്ധിയെ സന്ദർശിച്ചപ്പോൾ








പ്രധാനമന്ത്രി രാജീവ് ഗാന്ധിയോടൊപ്പം



അരുൺ ജെയ്റ്റ്ലിക്കൊപ്പം



രമേശ് ചെന്നിത്തലയോടൊപ്പം



ഇ.എം.എസിനോടൊപ്പം








കെ.എം. മാണി, മൊറാർജി ദേശായി, പി. രാമചന്ദ്രൻ, എം.ജി.ആർ



പ്രധാനമന്ത്രി എ.ബി. വാജ്പേയിയുമായി കൂടിക്കാഴ്ച



മൻമോഹൻ സിംഗും കെ.എം. മാണിയും



എം.ജി.ആറിനൊപ്പം








നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിന്റെയും, ജി.കാർത്തികേയൻ മ്യൂസിയത്തിന്റെയും നാമകരണം, കുട്ടികളുടെ ലൈബ്രറി ഉൽഘാടനം, 25/2/2016





വി. ഡി. സതീശൻ എം.എൽ.എ, ഡെ.സ്പീക്കർ പാലോട് രവി, സ്പീക്കർ എൻ.ശക്തൻ, കെ. എം. മാണി, ചീഫ് വിപ്പ് തോമസ് ഉണ്ണിയാടൻ 25/2/2016

കേരള നിയമസഭ
കെ.എം.മാണി
ധന്യസ്മൃതി









ജോൺപോൾ II മാർപാപ്പയുടെ കേരള സന്ദർശനം



നിയമസഭാ മന്ദിരത്തിൽ മുൻ രാഷ്ട്രപതി കെ ആർ നാരായണന്റെ പ്രതിമ അനാച്ഛാദനം
കോടിയേരി ബാലകൃഷ്ണൻ എം.എൽ.എ,, മുഖ്യ മന്ത്രി ഉമ്മൻ ചാണ്ടി, മന്ത്രി കെഎം മാണി, സ്പീക്കർ തേറമ്പിൽ രാമകൃഷ്ണൻ (15/3/2006)








at campidoglivo- The Mayors Palace






at the collossium,Rome





രാഷ്ട്രപതി ശങ്കർദയാൽ ശർമയെ സന്ദർശിച്ചപ്പോൾ




കാരുണ്യ പദ്ധതി നടപ്പാക്കിയതു മാനിച്ച് ഷെവലിയർ വി.സി. ആന്റണി സെന്റർ പ്രഥമ കർമ്മശ്രേഷ്ഠ പുരസ്കാരം 2013 മേയ് 11 ന് ധനകാര്യമന്ത്രി ശ്രീ.കെ.എം.മാണിക്ക് ശ്രീ.ജി സുധാകരൻ എം.എൽ.എ. ആലപ്പുഴ ബസന്റ് ഹാളിൽ സമർപ്പിക്കുന്നു











പി.കെ.കുഞ്ഞാലിക്കുട്ടി, വി.എം.സുധീരൻ എന്നിവർക്കൊപ്പം



പ്രഥമ വി പി മേനോൻ പുരസ്കാര ജേതാവ് കെ. എം മാണിയെ എ. കെ. ആന്റണി അനുമോദിക്കുന്നു



ലോക്സഭാ സ്പീക്കർ ബൽറാം ഝാക്കറിനെ സ്വീകരിച്ചപ്പോൾ







ഉമ്മൻചാണ്ടിയോടൊപ്പം



സാമാജികരുടെ കായികമേളയിൽ നിന്നൊരു ദൃശ്യം



രാഷ്ട്രപതി ഗ്യാനി സെയിൽസിംഗിന് സ്വാഗതം



എം.വി.ആർ, കെ.ബി.ഗണേഷ്കുമാർ,കെ.ആർ. ഗൗരിയമ്മ, പി.കെ. കുഞ്ഞാലിക്കുട്ടി, എ. കെ. ആന്റണി, ടി.എം.ജേക്കബ് എന്നിവർക്കൊപ്പം



എ. കെ. ആന്റണിക്കൊപ്പം



കേരള നിയമസഭ
കെ.എം.മാണി
ധന്യസ്മൃതി



രാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാമുമായി സൗഹൃദം





യേശുദാസിനോടൊപ്പം



കെ.എം. മാണി, സച്ചിൻ ടെണ്ടുൽക്കർ



പ്രധാനമന്ത്രി മൻമോഹൻ സിംഗിനൊപ്പം








ഇ.കെ. നായനാർ, ഗ്യാനി സെയിൽ സിംഗ്, കെ.എം. മാണി



മോഹൻലാൽ, മമ്മൂട്ടി ,കെ.എം. മാണി





ജനങ്ങളോടൊപ്പം











ജനങ്ങളോടൊപ്പം







മോഹൻലാലിനൊപ്പം





പി.കെ. കുഞ്ഞാലിക്കുട്ടി, കെ.എം. മാണി




വി.എസിനോടൊപ്പം






## കെ. എം. മാണിയുടെ കൈയ്യക്ഷരം



6-3-2018

KER- ന്റെ GDP

"We also disagree with the Government in causing hardship to the farmers in the plantation sector who are in great distress due to the fall in prices of Rubber & other Commercial crops



2014-ലെ Taxation Law Amendment Bill

Bill ന്റെ Subject Committee Report-ൽ Dr. Issac

Dissenting note

Panchayat — Municipality — Corporation

80 — 160 — 320

200 — 400 — 800



കെ.എം. മാണി ധന്യ സ്മൃതി - എഡിറ്റോറിയൽ ബോർഡ്



എഡിറ്റോറിയൽ ബോർഡും വിഭവ സമാഹരണം നടത്തിയ ജീവനക്കാരും







## കടപ്പാട്

ഫോട്ടോ

ശ്രീ. ജോസ് കെ. മാണി, മുൻ എം.പി
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ്,
കേരള സർക്കാർ

ശ്രീ. ബി. ജയചന്ദ്രൻ
ശ്രീ. ശ്രീകുമാർ ആലപ്ര, കേരള കൗമുദി
ശ്രീ. അശോകൻ കരകുളം, കലാകൗമുദി
ശ്രീ. പി.എം. ബിനുകുമാർ

മലയാള മനോരമ
മാതൃഭൂമി
കേരളകൗമുദി
ദേശാഭിമാനി
ദീപിക

കാർട്ടൂൺ

ശ്രീ. ഗോപീകൃഷ്ണൻ, മാതൃഭൂമി
ശ്രീ. ടി.കെ. സുജിത്, കേരള കൗമുദി
ശ്രീ. സനൽകുമാർ, ദേശാഭിമാനി

മലയാള മനോരമ
ദീപിക



കേരള നിയമസഭാ
സെക്രട്ടേറിയറ്റ്

കേരള നിയമസഭാ സെക്രട്ടേറിയറ്റിനു വേണ്ടി
നിയമസഭാ സെക്രട്ടറി പ്രസിദ്ധീകരിക്കുന്നത്.
**ഈമെയിൽ**: library@niyamasabha.nic.in
വെബ്സൈറ്റ് : www.niyamasabha.org

